# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 13, ചൊവ്വ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 190 - നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 13, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. അടിയന്തരപ്രമേയം**

കാർഷികോല്പന്നങ്ങളുടെ വിലയിടിവ്
- ശ്രീ. മോൻസ് ജോസഫ്

(അവതരണാനുമതി നിഷേധിച്ചു.)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) കണ്ണൂർ വിമാനത്താവള വികസനത്തിന് ഭൂമിയേറ്റെടുക്കൽ
- ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

(2) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവിതരണവും യാത്രാക്ലേശവും
- ശ്രീ. എം. വിൻസെന്റ്

**IV. സബ്മിഷൻ**

(1) കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിലെ പുനരധിവാസ നടപടികൾ
- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ
- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(3) ഇലഞ്ഞിക്കോട് ഗാന്ധിപ്രതിമ തകർക്കപ്പെട്ട സംഭവം
- ശ്രീ. പി. സി. വിഷ്ണുനാഥ്

(4) ഓൺലൈൻ നികുതി അടയ്ക്കൽ
- ശ്രീമതി ശാന്തകുമാരി കെ.

(5) വാമനപുരം മണ്ഡലത്തിലെ റീ സർവ്വേ നടപടികൾ

- ശ്രീ. ഡി. കെ. മുരളി

(6) ആയിരവല്ലി പാറ ഖനനം

- ശ്രീ. പി. എസ്. സുപാൽ

(7) നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനം

- ശ്രീ. ജി. സ്റ്റീഫൻ

(8) നിരാക്ഷേപപത്രം

- ശ്രീ. എ. രാജ

(9) സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം

- ശ്രീ. കെ. ബാബു (നെന്മാറ)

(10) വന്യജീവി ആക്രമണം

- ശ്രീ. എ. പ്രഭാകരൻ

(11) മണ്ണാർക്കാട് മണ്ഡലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം

- ശ്രീ. എൻ. ഷംസുദ്ദീൻ

(12) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

(13) നടുവിൽ ഗവണ്മെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം

- ശ്രീ. സജീവ് ജോസഫ്

(14) റീബിൽഡ് കേരള പദ്ധതി പ്രവർത്തനങ്ങൾ

- ശ്രീമതി കെ. കെ. രമ

(15) ശ്രീചട്ടമ്പിസ്വാമി സ്മാരക നിർമ്മാണം

- ശ്രീ. ഐ. ബി. സതീഷ്

(16) വടക്കാഞ്ചേരിയിൽ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

(17) മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

- ശ്രീ. സജി ചെറിയാൻ

(18) ആശ്വാസ കിരണം പദ്ധതി

- ശ്രീ. പി. ഉബൈദുള്ള

(19) ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ

- ശ്രീ. എം. രാജഗോപാലൻ

(20) സ്കൂൾ കലോൽസവങ്ങൾ

- ഡോ. മാത്യു കുഴൽനാടൻ

(21) സ്കൂൾ മൈതാനങ്ങൾ കായിക പരിശീലനത്തിനും വിനോദത്തിനും അനുവദിക്കൽ

- ശ്രീ. വി. കെ. പ്രശാന്ത്

(22) ആസ്ട്രോ ടൂറിസം പദ്ധതി

- ശ്രീ. ടി. ഐ. മധുസൂദനൻ

(23) ഏരൂർ-വൈറ്റില, പെരുമ്പടപ്പ്-കുമ്പളങ്ങി റോഡ് വീതി കൂട്ടൽ

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(24) കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-കണ്ണൂർ എയർപോർട്ട് റോഡ്

- ശ്രീ. ഇ. കെ. വിജയൻ

(25) സുൽത്താൻബത്തേരി സർക്കാർ ഗസ്റ്റ് ഹൗസ്

- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(26) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

(27) കുരീപ്പുഴ-മങ്ങാട് വെഹിക്കുലർ അണ്ടർപാസ്സ് നിർമ്മാണം

- ശ്രീ. എം. മുകേഷ്

(28) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയ പെപ്പ് ലൈൻ സ്ഥാപിക്കൽ

- ഡോ. സുജിത് വിജയൻപിള്ള

(29) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം

- ശ്രീ. കെ. ആൻസലൻ

(30) ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം

- ശ്രീ. നജീബ് കാന്തപുരം

(31) മുൻഗണനാ പട്ടികയിലെ അപാകത

- ശ്രീ. കുറുക്കോളി മൊയ്തീൻ

(32) ചേലാട് സ്റ്റേഡിയം നിർമ്മാണം

- ശ്രീ. ആന്റണി ജോൺ

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ഇനം 3, ലിസ്റ്റ് 1, ലിസ്റ്റ് 2 (ചട്ടം 47(2)) പ്രകാരമുള്ള കടലാസ്സുകൾ

## VI. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

(iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

(iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

(v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

## VII. അവകാശലംഘന പ്രശ്നങ്ങൾ

(1) പരിഗണനയിലിരിക്കുന്നവ

(2) അനുമതി നിഷേധിച്ചവ

(3) പെരുമാറ്റച്ചട്ടലംഘന പ്രശ്നങ്ങൾ

## VIII. പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

## IX. അവലോകനം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 13, ചൊവ്വ

---

വാല്യം 190}　　　　ഔദ്യോഗിക റിപ്പോർട്ട്　　　　{നമ്പർ 7

---

നിയമസഭ 2022 ഡിസംബർ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *181

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

1 (* 181) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമവും മത്സരക്ഷമവുമാക്കി അവയെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനഫലമായി വ്യവസായ വകുപ്പിന് കീഴിലുള്ള ഇരുപത്തിയഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഓരോ സ്ഥാപനത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാനിന്റെയടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭത്തിലെത്തിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ;

(സി) സ്ഥാപനങ്ങളുടെ പ്രവർത്തനവും സാധ്യതയും കണക്കിലെടുത്ത് പ്രവർത്തനത്തിൽ സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ളതും നഷ്ടത്തിലുള്ളതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണം, സ്വയംപര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടുകൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനമേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന

സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്രതല വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ആവിഷ്കരിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് (DPR) വിലയിരുത്തിയതിനുശേഷം സർക്കാർ അംഗീകാരത്തോടെയായിരിക്കും സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നു.

മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നു.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി റിയാബിന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി

ഉയർന്ന തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം (2021-22 വർഷത്തിൽ) കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭനഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(സി) അന്താരാഷ്ട്ര തലത്തിൽ ശാസ്ത്ര സാങ്കേതികവിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നതിനായി മാനേജ്മെന്റ് തലത്തിൽ ഉത്തരവാദിത്വവും കർത്തവ്യബോധവും കടമ നിർവഹണവും ഉറപ്പുവരുത്തി കൂടുതൽ അധികാരങ്ങളും അവകാശങ്ങളും നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം

സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. ചെയർമാനായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ. ഹരികുമാർ, ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. പ്രസാദ് കെ. പണിക്കർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും നിലവിലുള്ള അവസ്ഥയും അവയുടെ ഭാവി വികസനത്തിനുള്ള സാധ്യതകളും മുൻനിർത്തി ഓരോ തലത്തിലുള്ള ഉത്തരവാദിത്വവും കർത്തവ്യബോധവും ഉറപ്പുവരുത്തികൊണ്ടും MOU സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾക്ക് സ്വയം ഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റി നൽകിയിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം റിയാബ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ മാസത്തെയും അവരുടെ ഉൽപ്പാദനശേഷിയും വിനിയോഗവും വരവുചെലവ് കണക്കുകളും ലാഭനഷ്ട കണക്കുകളും സംബന്ധിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കുകയും ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം റിയാബ് തലത്തിലും സർക്കാർ തലത്തിലും നടത്തിവരുന്നുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതുസംബന്ധിച്ച പുരോഗതി സർക്കാർ നിശ്ചിത ഇടവേളകളിൽ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് യഥാസമയം നൽകിവരികയും ചെയ്യുന്നുണ്ട്.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, 2015-16 സാമ്പത്തിക വർഷത്തിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ എൽ.ഡി.എഫ്. സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: അക്കാര്യം ഉത്തരത്തിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുകയെന്ന കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിനുള്ളത്. കേവലം ഒരു സർക്കാർ ഡിപ്പാർട്ടുമെന്റിനെപോലെ പൊതുമേഖല പ്രവർത്തിക്കേണ്ടതില്ല. എന്നാൽ പൊതുമേഖല ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് മാസ്റ്റർ പ്ലാനുകൾ ആവിഷ്കരിച്ചിട്ടുള്ളത്. മാസ്റ്റർ പ്ലാനിനെ അടിസ്ഥാനപ്പെടുത്തി ഷോർട്ട് ടേം, മിഡ് ടേം, ലോങ് ടേം

ഗോളുകൾ നിശ്ചയിച്ച് അത് നേടുന്നതിനുവേണ്ടി പി.എം.യു. (പ്രോജക്ട് മനേജ്മെന്റ് യൂണിറ്റ്) ഏഴ് സെക്ടറുകൾക്കുവേണ്ടി പ്രത്യേകം രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ടീം പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തും ശക്തിപ്പെടുത്തിയും മുന്നോട്ടുകൊണ്ടുപോകുന്ന നയം സർക്കാർ സ്വീകരിക്കുന്നുണ്ട്. പ്രൊഫഷണലായി ഡയറക്ടർ ബോർഡുകൾ ഉൾപ്പെടെ സംഘടിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധിക ഭൂമിയിൽ നടപ്പിലാക്കുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ എം.എസ്.എം.ഇ.-കൾക്ക് ഏത് വിധത്തിൽ സഹായകമാകുമെന്ന് വിലയിരുത്താമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയെ സംബന്ധിച്ച് സർവ്വേ നടത്തുകയും ടി ഭൂമി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് കിൻഫ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ബഡ്ജറ്റിൽ അതിന്റെ പൈലറ്റ് പദ്ധതി ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളിൽ വരുന്ന ബൈ പ്രോഡക്ടുകൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ കഴിയുന്ന സ്ഥാപനങ്ങളും ഒപ്പംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തു നൽകാൻ കഴിയുന്ന എം.എസ്.എം.ഇ.-കൾ ഉൾപ്പെടെയുള്ള പാർക്കുകൾ ആരംഭിക്കണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. കെ. രാമചന്ദ്രൻ): സർ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സമയാസമയങ്ങളിൽ സർക്കാരിന് നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സാധാരണ ഒരു സ്വകാര്യ കമ്പനിയാണെങ്കിൽ, എല്ലാ വർഷവും നടക്കുന്ന എ.ജി.എം.-ന് (ആന്വൽ ജനറൽ മീറ്റിംഗ്) മുമ്പായി ഓഡിറ്റ് റിപ്പോർട്ടും വർക്ക് റിപ്പോർട്ടും സമർപ്പിക്കേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥർ ജനങ്ങളാണ്. അവരുടെ മുന്നിൽ സമർപ്പിക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾ അടങ്ങുന്ന നിയമസഭയുടെ മുന്നിലാണ് ഈ റിപ്പോർട്ടുകൾ

സമർപ്പിക്കുന്നതിൽ വലിയ വീഴ്ചയാണ് കഴിഞ്ഞ കുറെ കാലമായി നിലനിന്നിരുന്നത്. 2014-15-ൽ ഒരു കമ്പനിയും ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിരുന്നില്ല. 2015-16-ൽ 3 കമ്പനികളും 2018-19-ൽ 2 കമ്പനികളും 2019-20-ൽ 5 കമ്പനികളും ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ചതിന്റെ ഫലമായി 14 സ്ഥാപനങ്ങൾ കൃത്യസമയത്ത് ഓഡിറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. 2021-22 ആയപ്പോൾ അത് 17-ആയി വർദ്ധിച്ചിട്ടുണ്ട്. 2010-മുതൽ പെൻഡിംഗുള്ളത് പരമാവധി അവസാനിപ്പിക്കാനും 17 എണ്ണം അപ്ഡേറ്റ് ചെയ്യാനും 14 എണ്ണം ഒരു വർഷത്തെ മാത്രം ഡിലേയുള്ളതാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ റിയാബും വ്യവസായ വകുപ്പും നല്ല രീതിയിൽ ഏകോപിപ്പിക്കുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, പ്രതീക്ഷയുടെ സൈറൻ മുഴങ്ങുകയാണ്. വികസനം അട്ടിമറിക്കാൻ ലക്ഷ്യമിട്ടുള്ള വിവാദങ്ങളിലും അടിസ്ഥാനരഹിതമായ ആരോപണങ്ങളിലും പതറാതെ കേരളത്തിനനുയോജ്യമായ വ്യവസായം എന്ന നയം ഉയർത്തിപ്പിടിച്ച് പൊതുമേഖലയെ കൂടുതൽ പ്രോത്സാഹിപ്പിച്ച് നാം മുന്നേറുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധിക ഭൂമിയിൽ നടപ്പിലാക്കിവരുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ എം.എസ്.എം.ഇ.-കൾക്ക് ഏത് വിധത്തിൽ സഹായകമാകും; ദീർഘകാലമായി പൂട്ടിക്കിടക്കുന്ന സംസ്ഥാനത്തെ ചില മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എം.എസ്.എം.ഇ.-കൾക്കായി ഉദാരമായി അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധിക ഭൂമി വിനിയോഗം സംബന്ധിച്ച മറുപടി കഴിഞ്ഞ ചോദ്യത്തിന് നൽകിയിട്ടുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സർക്കാരിന്റെ ഭൂമി മിക്കതും ലിറ്റിഗേഷനിലാണ്. കേരളത്തിലെ ഡി.ഐ.സി., കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നീ നാല് സംവിധാനങ്ങളുടെ കീഴിലുള്ള എസ്റ്റേറ്റുകളിലെ ഭൂമി എത്രമാത്രം കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതുസംബന്ധിച്ച സ്റ്റാറ്റസ് എടുത്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇൻഡസ്ട്രിക്കുവേണ്ടി ഗവൺമെന്റ് സ്പെഷ്യൽ പ്ലീഡറെ നിയോഗിച്ച് ആ കേസുകൾ സമയബന്ധിതമായി തീർക്കാൻ ശ്രമിക്കുന്നുണ്ട്. അതിനോടൊപ്പം പഞ്ചായത്തുകളുടെയും ബ്ലോക്ക്

പഞ്ചായത്തുകളുടെയും കൈവശമുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ സർവ്വേ നടത്തുകയും ടി ഭൂമി എം.എസ്.എം.ഇ.-കൾക്ക്/വ്യവസായങ്ങൾക്ക് എങ്ങനെ വിനിയോഗിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച കർമ്മ പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം ജില്ലയിലെ പ്രമുഖ സഹകരണ വ്യവസായ സ്ഥാപനമായ കിറ്റ്കോസ് (Qetcos Ltd) പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അവിടെനിന്നും വിരമിച്ചവർക്ക് വർഷങ്ങളായി ഗ്രാറ്റുവിറ്റിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; കിറ്റ്കോസിന് പുതിയ ഡയറക്ടർ ബോർഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കുറെക്കാലമായി പ്രവർത്തനരഹിതമായി കിടക്കുന്ന സ്ഥാപനമാണ് കിറ്റ്കോസ്. അതിന്റെ ഘടനയും ഒരു സവിശേഷ സ്വഭാവത്തിലുള്ളതാണ്. ആ സ്ഥലവും സൗകര്യങ്ങളും സർക്കാർ ഉപയോഗപ്പെടുത്തുകയാണെങ്കിൽ കുറെക്കൂടി വിപണന സാധ്യതയുണ്ടെന്ന്

പരാമർശിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്താൻ ശ്രമിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വ്യവസായ രംഗത്ത് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയങ്ങൾ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വലിയ പ്രതീക്ഷ നൽകുന്ന ഒന്നാണ്. ഇലക്ട്രോണിക്സ് മേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നത് പൊതുവെ ശുഭോതർക്കമായ അന്തരീക്ഷം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ആയിരം കോടി രൂപയുടെ ടേണോവറുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി, സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമായി കെൽട്രോണിനെ ഉയർത്തിക്കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചത് വളരെ പ്രതീക്ഷയോടുകൂടിയാണ് കെൽട്രോണിലെ തൊഴിലാളികളും നാട്ടും കാണുന്നത്. മാനേജിംഗ് ഡയറക്ടർ മുതൽ ഉന്നത-മിഡിൽ മാനേജ്മെന്റ് സംവിധാനത്തിലെ കുറവ് കെൽട്രോൺ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. കെൽട്രോൺ ചെയർമാൻ തന്നെയാണ് എം.ഡി.-യുടെയും മിഡിൽ മാനേജ്മെന്റിന്റെയും ചുമതല നിർവ്വഹിക്കുന്നത്. കെൽട്രോണിൽ എം.ഡി.-

യെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; മൂടാടിയിൽ കെൽട്രോണിന്റെ ഒരു യൂണിറ്റ് (ലൈറ്റിംഗ് ഡിവിഷൻ) -ന്റെ 37 ഏക്കർ സ്ഥലം ഒരാൾ സൗജന്യമായി നൽകിയതാണ്. അതിൽ 2 ഏക്കർ സ്ഥലത്താണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഉപയോഗിക്കാതെ കിടക്കുന്ന ബാക്കിയുള്ള 35 ഏക്കർ സ്ഥലം ഇലക്ട്രോണിക്സ് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് അനുയോജ്യമാണ്. അതുസംബന്ധിച്ച് എന്തെങ്കിലും നടപടി ആലോചിക്കുമോ; അവിടത്തെ ജീവനക്കാരുടെ മൂന്ന് പ്രാവശ്യത്തെ ശമ്പള പരിഷ്കരണം നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ശമ്പള പരിഷ്കരണത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ അങ്ങയുടെ മുന്നിൽ വന്നത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം ആറ് ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പൊതുവായ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാം. അദ്ദേഹം അവിടത്തെ യൂണിയൻ നേതാവായതുകൊണ്ട് പലഘട്ടത്തിലും നിവേദന രൂപത്തിലും നിവേദനസംഘത്തെ നയിച്ചുകൊണ്ടും ഇതേ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുറെക്കാലമായി അവിടത്തെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തിയിട്ടില്ലെന്ന് അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്.

ഇപ്പോൾ ധാരണയായിട്ടുണ്ട്. അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് എത്ര സമയമെടുക്കും, ഏതെല്ലാം കാര്യങ്ങളിലാണ് ധനകാര്യ വകുപ്പിൽനിന്നും മാർഗ്ഗനിർദ്ദേശം വരേണ്ടത്; എച്ച്.ആർ.എ., ഡി.എ. എന്നീ കാര്യങ്ങളിലൊക്കെ തീരുമാനമെടുക്കേണ്ടതിന് ധനകാര്യ വകുപ്പുമന്ത്രിയും ഞാനും കൂടി ഒരു യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കും. 3,000/- രൂപ ഇടക്കാലാശ്വാസമായി (Interim Relief) നൽകിയിട്ടുണ്ട്. അതിവേഗത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കാം. കെൽട്രോൺ എം.ഡി.-യെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും കോംപീറ്റന്റായ വ്യക്തിയെ ലഭിച്ചില്ല. ഇപ്പോൾ ചെയർമാൻ നന്നായി പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ ഡയറക്ടറായി Naval Physical and Oceanograhic Laboratory (NPOL),-യിൽനിന്നും റിട്ടയർ ചെയ്ത സയന്റിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. നല്ല രീതിയിലുള്ള മുന്നേറ്റം കെൽട്രോണിന് ഉണ്ടാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയോടൊപ്പം വ്യവസായ മേഖലയും അതേ അവസ്ഥയിലാണ്. ബഹുമാനപ്പെട്ട മന്ത്രി KEL (Kerala Electrical & Allied Engineering Co. Ltd.)-ന്റെയും BEL (Bharat Electronics Limited)-ന്റെയും കാര്യത്തിലിടപെട്ട് മികച്ച രീതിയിലേയ്ക്കുയർത്താൻ നടത്തിയ ശ്രമത്തെ ഈ സന്ദർഭത്തിൽ നന്ദിയോടുകൂടി ഓർക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായിരുന്ന സന്ദർഭത്തിലാണ് കാസർഗോഡിന് വളരെ പ്രതീക്ഷ പകരുന്ന HAL (Hindustan Aeronautics Limited) എന്ന പൊതുമേഖലാ സ്ഥാപനം ആ ജില്ലയുടെ മുഖച്ഛായതന്നെ മാറുമെന്ന പ്രതീക്ഷയോടുകൂടി സമർപ്പിക്കപ്പെട്ടത്. അതിന് കിൻഫ്രയിൽനിന്ന് നൽകിയ ഭൂമിയിൽ 25 ശതമാനം മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ആ സ്ഥാപനം പ്രതീക്ഷിച്ച രീതിയിലേയ്ക്കുയർത്താൻ കേന്ദ്രസർക്കാർ തയ്യാറല്ല. അവശേഷിക്കുന്ന ഭൂമി ഏറ്റെടുത്ത് ഏതെങ്കിലും മികച്ച പൊതുമേഖലാ സ്ഥാപനം അവിടെ കൊണ്ടുവരാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

<u>ശ്രീ. പി. രാജീവ്:</u> സർ, ഭൂമിയുടെ കാര്യത്തിൽ പ്രശ്നമുണ്ട്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ കെൽട്രോണിന്റെ ഭൂമി സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരം ഭൂമികളെല്ലാം വിനിയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള, സർക്കാർ സൗജന്യമായോ പാട്ടത്തിനോ കൊടുത്ത ഭൂമിപോലും തിരിച്ച് നൽകുന്ന സമീപനമല്ല കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പാലക്കാട് Instrumentation Ltd-ന്റെ കാര്യത്തിൽ ഭൂമി തിരിച്ചുനൽകാമെന്ന് ആദ്യം പറഞ്ഞെങ്കിലും പിന്നീട് ഭൂമിയുടെ പോക്കുവരവ് നടത്തിയിരിക്കുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ പേരിലാണെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത സ്ഥലത്തിന് പൂർണ്ണമായ വില നൽകണമെന്നാണ് അവരിപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. അതോടൊപ്പം സീപോർട്ട് - എയർപോർട്ട് റോഡ് പൂർത്തീകരിക്കാൻ ശ്രമിക്കുമ്പോൾ അതിൽ ഉൾപ്പെട്ട എച്ച്.എം.ടി.-യുടെ 500 മീറ്റർ സ്ഥലത്തിനുപോലും മാർക്കറ്റ് വില നൽകണമെന്നാണ് ആവശ്യപ്പെടുന്നത്. ഹൈക്കോടതി നമുക്ക് അനുകൂലമായി വിധിച്ചിട്ടും അവർ സുപ്രീംകോടതിയിൽ അപ്പീലിന്

പോയിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ സമീപനമിതാണ്, അതിനെതിരെ നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായിനിന്ന് സമ്മർദ്ദം ചെലുത്താം.

ശ്രീ. എ. പ്രഭാകരൻ: സർ, വ്യവസായരംഗത്തെ വൻകുതിപ്പിന് പശ്ചാത്തല സൗകര്യമൊരുക്കുന്ന ബഹുമാന്യനായ മന്ത്രിയുടെ പ്രവർത്തനത്തെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വാളയാറിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; അതുപോലെ പൂട്ടിക്കിടക്കുന്ന മലബാർ ഡിസ്റ്റിലറിയുടെ വെറുതെ കിടക്കുന്ന 120 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സിമന്റ് ഉൽപാദനത്തിന്റെ ഏകദേശം 6 ശതമാനം മാത്രമാണ് കേരളത്തിൽ പ്രൊഡക്ഷനുള്ളത്. അതുകൊണ്ടുതന്നെ സിമന്റ് വിലയിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ട്, പ്രത്യേകിച്ചും ജി.എസ്.ടി. വന്നതിനുശേഷം മറ്റുതരത്തിലുള്ള

ഇടപെടലിനുള്ള സാധ്യതകളെല്ലാം ഇല്ലാതായിട്ടുണ്ട്. സിമന്റ് ഉൽപാദനം വർദ്ധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മലബാർ സിമന്റ്സിലും മാസ്റ്റർപ്ലാനിന്റെ ഭാഗമായി അത് വരുന്നുണ്ട്. മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട് സ്റ്റേക്ക്ഹോൾഡേഴ്സിന്റെ യോഗം വിളിച്ചിരുന്നു. സിമന്റിനോടൊപ്പം സിമന്റും മണലും മിക്സ് ചെയ്തുകിട്ടുന്ന പുതിയ മൂല്യവർദ്ധിത ഉൽപ്പന്നം ജനുവരി 1 മുതൽ വിപണിയിലിറക്കാൻ യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. അടുത്ത വർഷം ആദ്യം പുതിയ രൂപത്തിലുള്ള സിമന്റ് വിപണിയിലിറക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. റോജി. എം. ജോൺ: സർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ Transformers and Electricals Kerala Limited (TELK) സാമ്പത്തിക പ്രതിസന്ധിയിലൂടെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കമ്പനിക്ക് നിരവധി ഓർഡറുകളുണ്ടെങ്കിലും പ്രവർത്തന മൂലധനത്തിന്റെ കുറവുകാരണം അസംസ്കൃത വസ്തുക്കൾ വാങ്ങാൻ സാധിക്കുന്നില്ല. തൊഴിലാളികൾക്ക് ഈ മാസത്തെ ശമ്പളം 5-ാം തീയതിയാണ് നൽകിയത്. TELK-ന്റെ നിലവിലെ

ഓർഡർ മീറ്റ് ചെയ്യുന്നതിനുവേണ്ട പ്രവർത്തന മൂലധനം ആവശ്യമായിട്ടുണ്ട്. സർക്കാർ 2016-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ ഏതാണ്ട് 5 കോടിരൂപയോളം കൊടുക്കാൻ ധാരണയായിട്ടുണ്ടെന്നറിയുന്നു. 10 കോടി രൂപ പൂർണ്ണമായും കമ്പനിക്ക് പ്രവർത്തനമൂലധനമായി കൊടുക്കാൻ തയ്യാറാകുമോ; അതുപോലെ ഇപ്പോഴത്തെ സാഹചര്യത്തിൽ മുന്നോട്ടുപോകാൻ ഏകദേശം 40 കോടിരൂപയോളം പ്രവർത്തനമൂലധനമായി ആവശ്യമായി വരുന്നു എന്നാണ് കമ്പനിതന്നെ മുന്നോട്ടുവച്ചിരിക്കുന്ന പ്രൊപ്പോസൽ. സർക്കാർ ഗ്യാരന്റിയോടുകൂടി ലോണെടുക്കുന്നതിനുള്ള അനുമതി ലഭിച്ചാൽ കമ്പനിക്ക് നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും. അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽനിന്നും വായ്പയായി TELK-ന് കൊടുക്കാൻ സാധിക്കുമോ; കാരണം Traco Cable Company Limited (TRACO)-ന് Kerala Minerals and Metals Ltd (KMML)-ൽനിന്നും തുക വായ്പയായി കൊടുത്തിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതേരീതിയിൽ കമ്പനിക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കി ഇപ്പോഴത്തെ സാഹചര്യം മറികടക്കുന്നതിനുവേണ്ട ഇടപെടലുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം അവിടത്തെ ട്രേഡ് യൂണിയൻ നേതാവാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവും ഞാനും കുറച്ചുകാലം അവിടത്തെ യൂണിയന് നേതൃത്വം നൽകിയിരുന്നു. TELK-നെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി 2006-11-ൽ അന്നത്തെ സർക്കാർ പുതിയൊരു സമീപനം സ്വീകരിച്ചു. അന്ന് കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണി സംസ്ഥാന-കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചു. എന്നാൽ അതിനുശേഷം കേന്ദ്രസർക്കാരിന്റെ സമീപനം മാറിയതിനെത്തുടർന്ന് ആ പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലായി. കേന്ദ്ര സർക്കാർ നിയോഗിച്ച വ്യക്തിയായതിനാൽ TELK-ലെ എം.ഡി.-യുടെ മേൽ നമുക്ക് പരിമിതമായ നിയന്ത്രണമേയുള്ളുവെങ്കിലും സംസ്ഥാന സർക്കാർതന്നെയാണ് ശമ്പളം നൽകേണ്ടത്. കേന്ദ്ര സർക്കാർ TELK-ൽനിന്നും പിന്മാറുന്നതിനുള്ള പ്രൊപ്പോസൽ വച്ചിട്ടുണ്ട്. അതുസംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്, ഓർഡറിനനുസരിച്ച് പ്രൊഡക്ഷൻ നടത്താനുള്ള സംവിധാനമവിടെയില്ല. ഇത്തരം സ്ഥാപനങ്ങളിലെ മാർക്കറ്റിംഗ് കൈകാര്യം ചെയ്യുന്നവർ ആ മേഖലയിൽ പ്രത്യേക

വൈദഗ്ദ്ധ്യമുള്ളവരല്ല. എഞ്ചിനീയർ കേഡർ പോസ്റ്റിൽ നിയമിതരാകുന്നവർ പ്രൊമോഷനിലൂടെ എച്ച്.ആർ. മാനേജരും ഫിനാൻസ് മാനേജരും ടെക്നിക്കൽ മാനേജരുമൊക്കെയാകുന്ന സ്ഥിതിയാണുള്ളത്. അത്തരം പോസ്റ്റിലേയ്ക്ക് ഇന്റേണൽ സെലക്ഷനിലൂടെ വരുന്നവർക്കാണെങ്കിലും കൃത്യമായ യോഗ്യതയുണ്ടായിരിക്കണം. മാർക്കറ്റിംഗ് ഹെഡ്ഡിന് കുറഞ്ഞത് മാർക്കറ്റിംഗിൽ മാനേജ്മെന്റ് ബിരുദമെങ്കിലും വേണമെന്ന ധാരണ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. 10 കോടി രൂപയിൽ പകുതി ഇപ്പോൾത്തന്നെ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 40 കോടി രൂപ മൂലധനം നൽകുന്നതിനെപ്പറ്റിയാണ് അദ്ദേഹം സൂചിപ്പിച്ചത്, അതിന് ഗവണ്മെന്റ് ഗ്യാരന്റി നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനത്തിൽനിന്നും മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന് കടം കൊടുക്കുന്ന കീഴ്വഴക്കമുണ്ടെങ്കിലും അത് അവസാനിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

<u>ശ്രീ സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കോട്ടയം ജില്ലയിലെ വെള്ളൂരിൽ Hindustan Newsprint Limited (HNL)-ന്റെ കൈവശമുള്ള സ്ഥലമേറ്റെടുത്ത്

കേരള റബ്ബർ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം ആരംഭിച്ചത് റബ്ബർ കർഷകർ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. അതിന് നേതൃത്വം നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. അതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും; കർഷകർക്ക് ഏതെല്ലാം വിധത്തിൽ ഇത് പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, HNL ഏറ്റെടുത്തതിനുശേഷം Kerala Paper Products Limited (KPPL)-ന്റെ കൊമേഴ്സ്യൽ പ്രൊഡക്ഷനിലേയ്ക്ക് വന്നു. അതിന്റെ ഭാഗമായാണ് കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചത്. റബ്ബർ ബോർഡിന്റെ ഇവിടത്തെ ചെയർമാനും മലേഷ്യ ആസ്ഥാനമാക്കിയുള്ള അവരുടെ ഇന്റർനാഷണൽ സംവിധാനത്തിനൊക്കെ നേതൃത്വം നൽകിയ മുൻ ചീഫ് സെക്രട്ടറി ശ്രീമതി ഷീല തോമസിനെ സി.എം.ഡി.-യായി നിയോഗിച്ചു. റബ്ബർ ബോർഡിന്റെ ചെയർമാനായ ശ്രീ. രാഘവന്റെ നേതൃത്വത്തിൽ ഒരു ടീം അവരെ സഹായിക്കുന്നുണ്ട്, ഡി.പി.ആർ. അംഗീകരിച്ചു. അതിന്റെ തുടർച്ചയായി ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി അവിടെ തറക്കല്ലിട്ടുകഴിഞ്ഞിട്ടുണ്ട്. കർഷകരുമായും ഈ മേഖലയിലെ ചെറുകിട സംരംഭകരുമായും വിശദമായൊരു യോഗം

ചേർന്നു. അവരുടെയെല്ലാം അഭിപ്രായങ്ങൾ സ്വീകരിച്ച് പൊതുവായ കാഴ്ചപ്പാടിന് രൂപം നൽകിയിട്ടുണ്ട്. 2023 പകുതിയോടുകൂടി ആദ്യഘട്ടം ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നും സിയാൽ മോഡലിലുള്ള സംവിധാനമാക്കി മാറ്റാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, കേരളത്തിലെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ തിരിച്ചുവരാൻ സാധിക്കാത്ത രീതിയിലുള്ള പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. TELK, Traco Cable, ALIND, Travancore Cements Ltd, സർക്കാർ ഏറ്റെടുത്ത HNL-ന്റെ പ്രശ്നങ്ങൾ, Traco Cable -ലെ ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ട് മാസങ്ങളായി. നേരത്തെ Kerala State Electricity Board Limited-ന് ആവശ്യമായ മെറ്റീരിയൽസിന്റെ 50 ശതമാനം അവിടെനിന്നാണ് വാങ്ങിയിരുന്നത്. കെ.എസ്.ഇ.ബി.എൽ. അഡ്വാൻസ് കൊടുത്ത് അതെല്ലാം വാങ്ങിയിരുന്നു. കെ.എസ്.ഇ.ബി.എൽ.-നെയല്ല കുറ്റപ്പെടുത്തുന്നത്. പല കാരണങ്ങൾകൊണ്ടാണ് ഈ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നത്. കൂടാതെ, പ്രോഡക്ടിന്റെ അപ്ഗ്രഡേഷൻ കൃത്യമായി നടക്കാത്തതുകൊണ്ട് കോമ്പറ്റീഷൻ വരുമ്പോൾ നമ്മുടെ

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. നല്ല പ്രോഡക്ട് ഉല്പാദിപ്പിക്കുന്ന സ്ഥലത്ത് മാർക്കറ്റിംഗിൽ പരാജയപ്പെടുന്നതുകൊണ്ട് പിന്നാക്കം പോകുകയാണ്. പല പൊതുമേഖലാ സ്ഥാപനങ്ങളെയും പരിശോധിച്ചാൽ അവിടെയെല്ലാം വ്യത്യസ്തമായ പ്രശ്നങ്ങളാണെങ്കിൽപ്പോലും സർക്കാർ ഡിപ്പാർട്ടുമെന്റുകളും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാം ഒരുമിച്ചുചേർന്ന് പരിഹരിച്ച് ഈ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങളെല്ലാം വളരെ പ്രസക്തമാണ്. അതിൽത്തന്നെയാണ് ഗവണ്മെന്റും കേന്ദ്രീകരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ തുക നൽകി ഡിപ്പാർട്ട്മെന്റുപോലെ പ്രവർത്തിപ്പിക്കേണ്ടതല്ല. ചില സ്ഥാപനങ്ങൾ, Autokast Ltd തുടങ്ങിയതിനുശേഷം ഒരു രൂപപോലും ലാഭം ഉണ്ടാക്കിയിട്ടില്ല. ഈ വർഷം ഗവണ്മെന്റ് എത്ര തുക പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയെന്നും വിവിധ ടാക്സുകളും മറ്റുരൂപത്തിൽ ഗവണ്മെന്റ് എക്സ്ചെക്കറിലേയ്ക്ക് എത്ര തിരിച്ചുവന്നുവെന്നുമുള്ള കണക്കെടുത്തു. 240 കോടിയോളം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം കൊടുത്തപ്പോൾ 360

കോടിയോളം രൂപ പലതരത്തിൽ തിരിച്ചുകിട്ടിയിട്ടുണ്ട്. പക്ഷേ അതു പോരാ. നമുക്ക് കുറെക്കൂടി കൊണ്ടുവരാവുന്നതാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നീക്കിയ പ്രവർത്തനങ്ങളിൽ ഇരുപത്തിനാല് സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് TELK (Transformers And Electricals Kerala Limited), KEL (Kerala Electrical & Allied Engineering Co.Ltd.) തുടങ്ങിയ സ്ഥാപനങ്ങൾ. കെ.എസ്.ഇ.ബി.എൽ.-ന്റെ പൊതുനയത്തിന്റെ ഭാഗമായി കേന്ദ്ര സമീപനത്തിന്റെ അടിസ്ഥാനത്തിൽ പർച്ചേസിംഗ് പോളിസിയിൽ വന്ന മാറ്റങ്ങളെത്തുടർന്ന് നേരത്തെ കിട്ടിക്കൊണ്ടിരുന്ന മേൽക്കൈ ഇപ്പോൾ കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഡൽഹിയിൽ ബന്ധപ്പെട്ടതിനെതുടർന്ന് അടുത്ത കരാറിൽ മുപ്പതുശതമാനം നമ്മുടെ സ്ഥാപനങ്ങൾക്ക് ലഭിക്കാവുന്ന വ്യവസ്ഥ വന്നിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണവും ബാക്കി എല്ലാ സൗകര്യങ്ങളും കൊടുക്കുന്നുണ്ട്. എന്നാൽ ഇത്തരം സൗകര്യങ്ങളൊന്നും ഇല്ലാത്ത എം.എസ്.എം.ഇ.-കൾ നമ്മളെക്കാൾ കുറഞ്ഞ വിലയ്ക്ക് പ്രോഡക്ട്സ് കൊടുക്കുന്നുണ്ട്. അത് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും

പരിശോധിക്കേണ്ടതാണ്. Traco Cable Limited-ന്റെ പ്രശ്നം കെ.എസ്.ഇ.ബി.എൽ.-മായി ചർച്ച ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-യുമായി ബന്ധപ്പെട്ട് നിൽക്കുന്ന സ്ഥാപനങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. അതിന്റെ ഫയൽ വ്യവസായ/ധനകാര്യ വകുപ്പിലും ധനകാര്യ വകുപ്പുകളിൽ കയറിയിറങ്ങി വരുമ്പോഴേയ്ക്കും തുക കൊടുക്കേണ്ട സമയമാകും. അപ്പോൾ കെ.എസ്.ഇ.ബി.എൽ. (KSEB Ltd) കാലതാമസം വരുത്തിയതിന് പ്രത്യേകം പെനാൽറ്റി അടയ്ക്കേണ്ടതായും വരും. അതുകൊണ്ട് വർക്കിംഗ് ക്യാപിറ്റൽ നൽകുന്നതിന് പോൾ ആന്റണി കമ്മിറ്റി ശിപാർശ പ്രകാരം ഒരു ബ്രിഡ്ജ് സംവിധാനം KSIDC-യുമായി ബന്ധപ്പെട്ട് കഴിയുമോയെന്ന കാര്യത്തിൽ സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കേന്ദ്രസർക്കാരിന്റെ വ്യവസായ നയം രാജ്യത്തിന് ദ്രോഹകരമാണ്, പ്രത്യേകിച്ച് കേരളത്തിന്റെ സമഗ്ര വ്യാവസായിക പുരോഗതിക്ക് തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വിദേശ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി സംരംഭങ്ങൾ ലഭ്യമായിട്ടുണ്ട്.

അതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ സമീപനമെന്താണ്; ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് കേന്ദ്രഗവണ്മെന്റിൽനിന്ന് എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളൊന്നും വേണ്ട എന്നതാണ് കേന്ദ്രസർക്കാരിന്റെ പൊതുവായ കാഴ്ചപ്പാട്. ആസ്തികളുടെ പണവത്കരണം (Monetization of asset) എന്ന കേന്ദ്രസർക്കാരിന്റെ നയത്തിൽനിന്നും വ്യത്യസ്തമായി പൊതുമേഖലയെ സംരക്ഷിക്കുകയും കേന്ദ്രസർക്കാർ കയ്യൊഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലേലത്തിൽ പിടിക്കുകയുമാണ് ചെയ്യുന്നത്. HNL (Hindustan Newsprint Ltd.) അങ്ങനെ ലേലത്തിൽ പിടിച്ചതാണ്. എന്നാൽ വളരെ പ്രധാനപ്പെട്ട സ്ഥാപനമായ HLL-ന്റെ ലേലത്തിൽ പങ്കെടുക്കാൻ ശ്രമിച്ചപ്പോൾ സംസ്ഥാന ഗവണ്മെന്റുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലേലത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്നുപറഞ്ഞ് അതിനുള്ള അവകാശംപോലും നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് ആരംഭിച്ച സ്ഥാപനങ്ങളിൽനിന്നെല്ലാം ഇപ്പോൾ പിൻവാങ്ങിക്കഴിഞ്ഞു. BHEL (Bharat Heavy Electricals Limited) -മായി ബന്ധപ്പെട്ടാണ്

BHEL-EML (BHEL Electrical Machines Limited) കാസർഗോഡ് വന്നത്. അത് നമ്മൾ ഏറ്റെടുത്തു. കേന്ദ്രത്തിന്റേത് വേറൊരു സമീപനമാണ്. ഈ പരിമിതികൾക്കകത്തുനിന്ന് വ്യത്യസ്തമായ ബദൽ പ്രയോഗത്തിനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം സ്വകാര്യ കമ്പനികളുമായി മത്സരിച്ചുനിൽക്കാൻ കഴിയാത്തതാണ്. ഉദാഹരണമായി മലബാർ സിമന്റ്സ് ലിമിറ്റഡ് - സ്വകാര്യ കമ്പനികൾ സിമന്റിന്റെ വില ക്രമാതീതമായി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിനനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. Competition is the order of the day, മത്സരബുദ്ധിയുള്ള മാർക്കറ്റിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മത്സരിക്കാൻ പറ്റുന്ന നിലയിലുള്ള കാര്യശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാനം. അതിന്മേൽ ഗവണ്മെന്റ് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല നേരത്തെയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വളരെ

താൽപ്പര്യത്തോടുകൂടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ അദ്ദേഹം ഇടപെടുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ മത്സരക്ഷമവും ലാഭകരവുമായിരിക്കണം. നേരത്തെയുള്ള കാഴ്ചപ്പാട് സർക്കാർ വകുപ്പുകൾ പോലെ എന്തുവന്നാലും സർക്കാർ തുക കൊടുത്തുകൊണ്ടേയിരിക്കും എന്നുള്ളതായിരുന്നു. അതിൽനിന്നെല്ലാം വ്യത്യസ്തമായി സാങ്കേതിക വിദ്യ നിരന്തരം നവീകരിച്ചുകൊണ്ട് മാർക്കറ്റിനനുസരിച്ച് ഇടപെടാൻ നമ്മുടെ സംവിധാനത്തെ പ്രൊഫഷണലൈസ് ചെയ്യേണ്ടതുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ കാര്യത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അവിടത്തെ ഒരു യൂണിറ്റ് അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ബോർഡുകളും പ്രൊഫഷണലൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഒരു തരത്തിലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി ആക്റ്റിവിറ്റി മാറ്റാം. ഉദാഹരണത്തിന് മാർക്കറ്റിൽ ഡിമാന്റില്ലാത്ത ഉൽപ്പന്നം ഒഴിവാക്കി മറ്റേതെങ്കിലും ഉത്പന്നത്തിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്നതുൾപ്പെടെ പരിശോധിക്കാം. ചില സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ സംയുക്ത സംരംഭങ്ങൾക്കുള്ള സാധ്യതകളും ചർച്ചചെയ്യാവുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഒരു യൂണിറ്റ് കൊച്ചിയിൽ ആരംഭിക്കാൻ വർഷങ്ങൾക്കുമുൻപ് വെല്ലിംഗ്ടൺ ഐലൻഡിൽ സ്ഥലം ലീസിനെടുത്തിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തനങ്ങളൊന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അത് എത്രയും പെട്ടെന്ന് ആരംഭിക്കുമോ; എന്താണ് അതിന്റെ കാര്യങ്ങളെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കൊച്ചി പോർട്ടിന്റെ സ്ഥലം ലീസിനെടുത്തിട്ട് വർഷങ്ങളായി. ഈ സ്ഥലം വ്യവസായ ആവശ്യത്തിനേറ്റവും അനുയോജ്യമാണെങ്കിലും അവർ വളരെ ഉയർന്ന ലീസ് ഈടാക്കുന്നതുകൊണ്ട് ആ ഭൂമി ഉപയോഗിക്കാൻ സാധിക്കുന്നില്ല. അതോടൊപ്പം klinker കൊണ്ടുവന്ന് പൊടിക്കാനുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. വിദേശത്തുനിന്ന് സിമന്റ് കൊണ്ടുവന്ന് മിക്സ് ചെയ്യുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ വിവിധ വകുപ്പുകളുമായി നിലനിന്നിരുന്ന പ്രശ്നങ്ങൾ ഏകദേശം പരിഹരിച്ചിട്ടുണ്ട്. അധികം വൈകാതെ

ഐലൻഡിലുള്ള സംവിധാനം ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Instrumentation Ltd-ന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് 1964-ൽ സർക്കാർ 565 ഏക്കർ സ്ഥലം സൗജന്യമായി ഏറ്റെടുത്ത് നൽകിയതാണ്. തുടർന്ന് ആ സ്ഥലത്തിന്റെ വിവിധ ഭാഗങ്ങൾ കേന്ദ്രീയ വിദ്യാലയത്തിനും FCRI (Fluid Control Research Institute)-യ്ക്കും കോച്ച് ഫാക്ടറിക്കുമെല്ലാമായി നൽകി. ഇപ്പോൾ 122 ഏക്കറാണുള്ളത്. ആ യൂണിറ്റ് വിൽപ്പനയ്ക്ക് തീരുമാനിച്ചപ്പോൾ സംസ്ഥാനം ഇടപെടുകയും അത് ഏറ്റെടുക്കാൻ സന്നദ്ധത അറിയിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഒപ്പുവെച്ച MOU ഇപ്പോഴും നടപ്പാക്കപ്പെട്ടിട്ടില്ല. 565 ഏക്കറിനും വില വേണം എന്നൊരു ഡിമാന്റ് അവർ വയ്ക്കുന്നുണ്ടോ എന്നൊരു സംശയമാണ് പത്രങ്ങളിലൂടെ അറിയുന്നത്. തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് കൊടുത്തതും അത്തരത്തിലുള്ളൊരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഈ പ്രശ്നം നേരത്തെയുള്ള ചോദ്യത്തിന് മറുപടിയായി പറഞ്ഞതാണ്. നമ്മൾ സൗജന്യമായി കൊടുത്ത സ്ഥലത്തിനും ഇപ്പോൾ മാർക്കറ്റ് വില വേണമെന്ന ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതുസംബന്ധിച്ച നമ്മുടെ നിലപാട് പലതവണ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

2 (*182) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വ്യവസായം തകർന്നത് കാരണം സംസ്ഥാനത്ത് നിരവധി വ്യവസായികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) കശുവണ്ടി തൊഴിലാളികളുടെ കൂലി വർദ്ധന അവസാനമായി നടപ്പിലാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; കശുവണ്ടി തൊഴിലാളികളുടെ കൂലി വർദ്ധനയ്ക്കായി ഈ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് അടിയന്തര ആശ്വാസമായി ഇൻകം സപ്പോർട്ടിംഗ് സ്കീം നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): (എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാണെന്നത് വസ്തുതയാണ്. സ്വകാര്യമേഖല ഉൾപ്പെടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം 2015 മുതൽ പ്രതിസന്ധി നേരിടുന്നു. ഉയർന്ന ഉൽപ്പാദന ചെലവും അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവും കശുവണ്ടി വ്യവസായ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ ദൗർലഭ്യവും വിലക്കൂടുതലും കശുവണ്ടി ഉൽപ്പാദനത്തിലും വിപണനത്തിലും വിയറ്റ്നാമിന്റെ വളർച്ചയും ഈ

വ്യവസായത്തിലെ ഇന്ത്യയുടെ കുത്തകയെ സാരമായി ബാധിച്ചു. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾ പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുകയും അതുവഴി സംസ്കരണത്തിന് വലിയ അളവിൽ തോട്ടണ്ടി അവർക്ക് ആവശ്യമായി വരികയും അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തോട്ടണ്ടി പരമാവധി വില നൽകി സംഭരിക്കാനും തുടങ്ങിയതിന്റെ ഫലമായി തോട്ടണ്ടിയുടെ ദൗർലഭ്യം ഉണ്ടാവുകയും തോട്ടണ്ടിക്ക് ഡിമാന്റ് വർദ്ധിക്കുകയും തന്മൂലം വില വർദ്ധിക്കുകയും ചെയ്തു. യന്ത്രവത്ക്കരണം നടപ്പിലാക്കിയതുവഴി വിയറ്റ്നാമിലെ ഉൽപ്പാദന ചെലവ് കേരളത്തിലേതിനേക്കാൾ കുറവായത് കാരണം വലിയ വിലയിൽ തോട്ടണ്ടി സംഭരിച്ചാലും അവർക്ക് നഷ്ടം ഉണ്ടാകുന്നില്ല. എന്നാൽ ഈ വിലയ്ക്ക് അന്താരാഷ്ട്ര വിപണിയിൽനിന്നും തോട്ടണ്ടി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാകുന്നു. കശുവണ്ടി പരിപ്പിന്റെ വില അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടി വിലയ്ക്ക് ആനുപാതികമായി വർദ്ധിച്ചിട്ടില്ല. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഉൽപ്പാദന ചെലവ് കുറവായതിനാൽ നിലവിലെ അന്താരാഷ്ട്ര വിലയ്ക്ക് വിറ്റാലും അവർക്ക് നഷ്ടം ഉണ്ടാകുന്നില്ല. മറ്റ് രാജ്യങ്ങളേയും

സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കേരളത്തിലെ താരതമ്യേന മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉൽപ്പാദന ചെലവ് വർദ്ധിപ്പിക്കുകയും അതുവഴി സംസ്കരിച്ച പരിപ്പിന്റെ വില ഉയരുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അന്താരാഷ്ട്ര വിപണിയിൽ സംസ്കരിച്ച പരിപ്പിന്റെ വിലനിർണ്ണയത്തിൽ കടുത്ത മത്സരം നേരിടേണ്ടി വരുന്നു. വിയറ്റ്നാം, വിവിധ ആഫ്രിക്കൻ രാജ്യങ്ങൾ, ഇന്തോനേഷ്യ, മുതലായ രാജ്യങ്ങളിൽ ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതിനാൽ അവർക്ക് ആവശ്യമുള്ള തോട്ടണ്ടി എടുത്തതിനുശേഷമുള്ളത് മാത്രമാണ് വിപണിയിൽ വിൽപ്പനയ്ക്ക് വരുന്നത്.

കൂടാതെ 2016-ൽ തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് കാരണമായി. 2020-ൽ കശുവണ്ടിപ്പരിപ്പിന്റെ Exporting Incentive നിർത്തലാക്കിയത് പരിപ്പ് കയറ്റുമതി ചെയ്യുന്ന വ്യവസായികളെയും ദോഷകരമായി ബാധിച്ചു. കൂടാതെ 2016-ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനം, 2018, 2019 വർഷങ്ങളിൽ സംസ്ഥാനം അഭിമുഖീകരിച്ച വെള്ളപ്പൊക്കം, 2020 ആരംഭം മുതൽ ലോകത്താകമാനം പടർന്നുപിടിച്ച കോവിഡ് മഹാമാരി സാമ്പത്തിക

മേഖലയിൽ സൃഷ്ടിച്ച കനത്ത ആഘാതം എന്നിവ കശുവണ്ടി മേഖലയിലെ പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിച്ചു. ഇതുമൂലം ഫാക്ടറികൾ അടച്ചിടേണ്ടി വരികയും തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധികൾ നിരവധി വ്യവസായികളെ പ്രതികൂലമായി ബാധിച്ചതായി സർക്കാർ മനസ്സിലാക്കുന്നു. വിവിധ കാരണങ്ങളാൽ ടി മേഖലയിലുണ്ടായ പ്രതിസന്ധിമൂലം വ്യവസായികളുടെ ബാങ്കുകളിലെ കുടിശ്ശിക വർദ്ധിക്കുകയും തിരിച്ചടവ് മുടങ്ങുകയും ജപ്തി നടപടികൾ നേരിടുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഈ പ്രശ്നങ്ങൾ ഗൗരവത്തോടെ കണ്ടിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി സർക്കാർതലത്തിൽ ബാങ്കുകളുമായി ചർച്ചകൾ നടത്തുകയും ബാങ്കുകൾ മൊറട്ടോറിയം നൽകുകയും ചെയ്തിരുന്നു. സ്വകാര്യമേഖലയിൽ പ്രതിസന്ധിയിലായിരുന്ന കശുവണ്ടി ഫാക്ടറികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകുകയും ബാങ്കുകൾ അധിക വായ്പ നൽകുകയും ചെയ്തു. പ്രസ്തുത ലോണിന്റെ

2019-20-ലെ പലിശ 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകി. തകർച്ചയിലായ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി മുൻസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ബാങ്കുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിയമാവലിക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റേയും തുടർച്ചയായ ചർച്ചകളുടേയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തിക രംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി

കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

16-08-2022-ന് വൈകുന്നേരം 4.00 മണിക്ക് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൊല്ലത്തുവച്ച് കശുവണ്ടി വ്യവസായികളുടെ ഒരു യോഗം ചേരുകയും ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും വിലയിരുത്തുകയും ചെയ്തു. അന്നേദിവസം വൈകുന്നേരം 6.00 മണിക്ക് കശുവണ്ടി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തുകയും തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെ തുടർച്ചയായി, സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി അഞ്ചംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി നവംബർ 7, 8 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് നവംബർ 25, 26 തീയതികളിൽ കൊല്ലത്ത് സിറ്റിംഗ് നടത്തുകയും ഈ

മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇൻസെന്റീവ് സ്കീമിനായി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതി നവംബർ 25, 26 തീയതികളിൽ കൊല്ലത്തുവച്ച് വിവിധ സംഘടനകളുമായും വ്യക്തികളുമായും ചർച്ച നടത്തി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) കശുവണ്ടി തൊഴിലാളികളുടെ കൂലി വർദ്ധന അവസാനമായി നടപ്പിലാക്കിയത് 2015 മാർച്ച് മാസത്തിലാണ്.

കശുവണ്ടി വ്യവസായ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി, മിനിമം വേതന ഉപദേശക സമിതിക്ക് കീഴിൽ രൂപീകരിച്ച രണ്ടാമത്തെ ഉപസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് 04-10-2021-ലെ സ.ഉ. (പി) നം.78/2022-തൊഴിൽ, എസ്.ആർ.ഒ.നമ്പർ 735/2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളിൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യപ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്നറിയില്ല. സാമൂഹ്യപ്രശ്നമെന്ന് ഞാൻ പറഞ്ഞത് അവിടെ പണി എടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ ജീവിത സാഹചര്യത്തെക്കുറിച്ചാണ്. അതോടൊപ്പം കാഷ്യു ഫാക്ടറികൾ ടേക്ക് ഓവർ ചെയ്യുന്നതിന് നടപടി

സ്വീകരിച്ചെങ്കിലും പൂർത്തിയാക്കാൻ സാധിച്ചില്ല. കെ.എഫ്.സി., കെ.എസ്.എഫ്.ഇ., കേരള ബാങ്ക് എന്നിവ വഴി ഈ ടേക്ക്ഓവർ പൂർത്തിയാക്കുന്നതിന് സാധിക്കും. അന്നത്തെ പ്രോസസ്സിനകത്ത് ബന്ധപ്പെടാത്ത ചില ആളുകൾ കൂടിയുണ്ട്. അവർക്കുകൂടി അവസരം കൊടുത്ത് തൊഴിലാളികളുടെ വിഷമം മാറ്റുന്നതിനുവേണ്ടി കൊല്ലം ജില്ലയെ ഏറ്റവും രൂക്ഷമായി ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ക്രിയാത്മകമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് ഇവിടെ പറഞ്ഞ പ്രശ്നം വളരെ വിശദമായി ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ ഉന്നയിക്കുകയും മറുപടി പറയുകയും ചെയ്തതാണ്. കശുവണ്ടി വ്യവസായ മേഖലയിലെ അടിസ്ഥാനപ്രശ്നത്തെപ്പറ്റി ഞാൻ നേരത്തേ പറഞ്ഞു. ഒരു കിലോ തോട്ടണ്ടി വാങ്ങുന്നതിന് 110-120 രൂപ വിലവരികയാണ്. അത് പ്രോസസ്സ് ചെയ്തെടുക്കുന്നതിന് 55 രൂപ ചെലവ് വരും. അങ്ങനെ 110-ഉം 55-ഉംകൂടി 165 രൂപ തോട്ടണ്ടി വാങ്ങി പ്രോസസ്സ് ചെയ്ത് പരിപ്പാക്കി മാറ്റുന്നതിന് ചെലവ് വരുന്നുണ്ട്. എന്നാൽ ഇത് പരമാവധി 125 രൂപയ്ക്ക് വിൽക്കാനേ സാധിക്കുകയുള്ളൂ. ഒരു കിലോ വിൽക്കുമ്പോൾ 40 രൂപ

നഷ്ടമുണ്ടാകുന്നു, ഇതാണ് ഈ വ്യവസായത്തിന്റെ നിലവിലെ അവസ്ഥ. തൽക്കാലം ഒരാശ്വാസം നൽകാൻ കഴിയുമെങ്കിലും അടിസ്ഥാനപ്രശ്നം അഭിമുഖീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനായി ഇപ്പോൾ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. ആ സമിതി എല്ലാ സ്ഥലങ്ങളും സന്ദർശിക്കുന്നുണ്ട്. ഉല്പാദനച്ചെലവ് കുറയ്ക്കണം. കേരളത്തിലെ മറ്റ് പല മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിൽ കൂലി കുറവാണ്. മറ്റ് സംസ്ഥാനങ്ങളിലെ സമാന വ്യവസായവുമായി താരതമ്യം ചെയ്യുമ്പോൾ കൂലി കൂടുതലാണെങ്കിലും വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന വിഭാഗമായിട്ടാണ് കശുവണ്ടിത്തൊഴിലാളികൾ നിൽക്കുന്നത്. അവർക്ക് അഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെങ്കിൽ യന്ത്രവൽക്കരണം ആവശ്യമായിവരുന്നു. ഏതെല്ലാം മേഖലകളിൽ എത്രമാത്രം കഴിയും എങ്ങനെയാണ് മാർക്കറ്റിംഗ് ശക്തിപ്പെടുത്തുക എന്നതാണ് ഐ.ഐ.ടി./ഐ.ഐ.എം. ഉൾപ്പെടെയുള്ള വിദഗ്ദ്ധ സമിതി പരിശോധിക്കുന്നത്. ആ റിപ്പോർട്ട് എല്ലാ വിഭാഗവുമായി ചർച്ച ചെയ്യാം. കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ഏറ്റെടുക്കേണ്ട അടിസ്ഥാനപ്രശ്നമായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതുസംബന്ധിച്ച് കുറെ ചർച്ചകൾ നടന്നിട്ടുണ്ടെന്ന് എനിക്കറിയാം. ഇപ്പോൾ വച്ചിരിക്കുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ടവരുമായും തൊഴിലാളി നേതൃത്വവുമായും സംസാരിച്ച് ഒരു പ്രായോഗിക സംവിധാനം കണ്ടെത്തുമോ; നിലവിലുള്ള ജോലികൾ സംരക്ഷിച്ചുകൊണ്ടുള്ള മെക്കനൈസേഷനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകളുമായും അവിടത്തെ സംരംഭകരുമായും കയറ്റുമതിക്കാരുമായും ഇറക്കുമതിക്കുള്ള സപ്ലയേഴ്സുമായും ചർച്ച ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ ദീർഘകാലമായി കടത്തിൽപ്പെട്ടവർക്കുവേണ്ടി ബാങ്കുകളുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 11 തവണ ചർച്ചചെയ്തിരുന്നു. ഇത്തവണ തുടർച്ചയായി ചർച്ചചെയ്ത് സ്കീമുണ്ടാക്കി. ഇക്കാര്യം കഴിഞ്ഞതവണ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്പോഴുള്ള സമരങ്ങളൊന്നും ട്രേഡ് യൂണിയനുകളുമായി ബന്ധമുള്ളതല്ല. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.റ്റി.യു.സി., യു.ടി.യു.സി. എന്നിവയാണ് അവിടത്തെ പ്രധാനപ്പെട്ട നാല് ട്രേഡ് യൂണിയനുകൾ. അവരെല്ലാം സർക്കാരിന്റെ

സമീപനത്തോടൊപ്പംനിന്ന് ഈ പ്രശ്നത്തിന് അടിസ്ഥാന പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് വന്നതിനുശേഷം ഒരു സമഗ്ര മാറ്റത്തിന് തയ്യാറായാൽ തീർച്ചയായും ഈ വിഷയം പരിഹരിക്കാൻ കഴിയും.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കശുവണ്ടി വ്യവസായം ഇരട്ടപ്രതിസന്ധി നേരിടുകയാണ്. ഒന്ന്, വ്യവസായികൾ വലിയ പ്രതിസന്ധിയിലാണെന്ന് മാത്രമല്ല, അവർ ആത്മഹത്യയിലേയ്ക്ക് പോവുകയാണ്. കശുവണ്ടി വ്യവസായികളാരും ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ആ മറുപടി തികച്ചും ദൗർഭാഗ്യകരമാണ്. രാധാകൃഷ്ണപിള്ള (ചോതി കാഷ്യൂ), സൈമൺ (നിർമ്മലമാതാ), സത്യൻ (തങ്കം കാഷ്യൂ), ബിനുരാജ് എന്നിവർ ആത്മഹത്യ ചെയ്തവരാണ്. അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥർ എന്തുമറുപടിയാണ് അങ്ങേയ്ക്ക് നൽകിയിരിക്കുന്നത്? ആ വ്യവസായത്തിൽ ആത്മഹത്യ ചെയ്തവരുടെ പേരുപോലും മറുപടി പറയുന്ന സമയത്ത് മന്ത്രിക്ക് കൊടുക്കാൻ കഴിയാത്ത തരത്തിലുള്ള കെടുകാര്യസ്ഥതയല്ലേ ഇവിടെ നടക്കുന്നത്?

<u>മി. സ്പീക്കർ</u> : ചോദ്യത്തിലേക്ക് വരൂ...

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: എന്റെ നിയോജകമണ്ഡലത്തിലെ ഒരു കശുവണ്ടി വ്യവസായി ആത്മഹത്യ ചെയ്തതാണ്. ബാങ്കുകളുടെ നിസ്സഹകരണംമൂലം സർക്കാർ പ്രഖ്യാപിച്ച ഒ.റ്റി.എസ്. (One time Settlement) സ്കീംപോലും പരാജയത്തിലേയ്ക്ക് പോകുകയാണ്. 2015-ൽ ഉമ്മൻചാണ്ടി സർക്കാരാണ് അവസാനമായി കശുവണ്ടി വ്യവസായ മേഖലയിൽ കൂലി വർദ്ധന നടപ്പിലാക്കിയത്. രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷവും 7 വർഷമായി പഴയ കൂലിയിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്. പി.എഫ്.- ഇ.എസ്.ഐ. ആനുകൂല്യങ്ങളില്ല. കശുവണ്ടി വ്യവസായത്തിന്റെ അവസാന റീൽ ആണ്. അടിയന്തരമായി ഗവണ്മെന്റ് ഇടപെട്ടില്ലെങ്കിൽ രണ്ടരലക്ഷം തൊഴിലാളികൾക്ക് തൊഴിലില്ലാതാവുകയും ഈ വ്യവസായംതന്നെ ഇല്ലാതാവുകയും ചെയ്യും. കയർ മേഖലയിൽ നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം കശുവണ്ടി വ്യവസായ മേഖലയിലും നടപ്പിലാക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൃത്യമായിട്ടുള്ള ഉത്തരം തന്നെയാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് നൽകിയിട്ടുള്ളത്. ഈ

സംരംഭകരുമായി ഒറ്റയ്ക്കും കൂട്ടായും പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരാൾ ആത്മഹത്യ ചെയ്തുവെന്ന വിവരം ഇതുവരെ അവർ എന്നോട് പറഞ്ഞിട്ടില്ല. കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നം എപ്പോഴും ഉന്നയിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ., ക്രിയാത്മക നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കാറുണ്ട്. ഇന്നാണ് അദ്ദേഹം കശുവണ്ടിത്തൊഴിലാളികളുടെ ആത്മഹത്യയെക്കുറിച്ച് പറയുന്നത്. നാളിതുവരെ ഒരു ആത്മഹത്യയും അദ്ദേഹവും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ഈ മേഖലയിലെ മറ്റ് പ്രശ്നങ്ങളെപ്പറ്റിയൊക്കെ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ പ്രശ്നമുണ്ടെന്നത് വസ്തുതയാണ്. അത് പരിഹരിക്കാനാണ് ശ്രമിക്കേണ്ടത്. 2015 മാർച്ചിൽ ഉമ്മൻചാണ്ടി ഗവണ്മെന്റിന്റെ കാലത്താണ് കൂലി വർദ്ധിപ്പിച്ചത്. നല്ലൊരു ശതമാനം കമ്പനികളും അതിനുശേഷം പ്രവർത്തിച്ചിട്ടില്ല. കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് ചോദിച്ചാൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച കൂലി കൊടുക്കേണ്ടിവന്നിട്ടുണ്ടോയെന്ന് ചോദിച്ചാൽ കൊടുക്കേണ്ടിവന്നിട്ടില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ കൂലി വർദ്ധനയെക്കുറിച്ച് പെട്ടെന്ന് ചർച്ച ചെയ്യാവുന്നതാണോയെന്ന് ബഹുമാനപ്പെട്ട അംഗംതന്നെ

ആലോചിക്കേണ്ടതാണ്. നമ്മളെല്ലാവരും ആ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. കയ്യടി കിട്ടാൻവേണ്ടി പറയാം. ഈ പ്രശ്നങ്ങളിൽനിന്നും പിടിച്ചുകയറിയിട്ടുവേണം ഇത്തരം കാര്യങ്ങളെപ്പറ്റിചർച്ച ചെയ്യേണ്ടത്. വർദ്ധിക്കുന്ന ജീവിതച്ചെലവിനൊപ്പം ഒരു സ്ഥാപനത്തിന്റെ കൊടുക്കലിനുള്ള ശേഷികൂടി പരിഗണിച്ചതിനുശേഷമാണ് വേതന വർദ്ധന നടത്തേണ്ടത്. താൽക്കാലികമായ കയ്യടികൾക്കുവേണ്ടി നടത്തുന്ന പ്രഖ്യാപനങ്ങൾ നേരത്തേ പറഞ്ഞതുപോലെ അവസാന റീലിലും നിൽക്കില്ലെന്ന് മാത്രമല്ല, ഇപ്പോൾത്തന്നെ അടയ്ക്കേണ്ടിവരികയും ചെയ്യും. One Time Settlement-ന്റെ കാര്യത്തിൽ ഇവിടെ കണക്കുൾപ്പെടെ പറഞ്ഞു. 345 കോടി രൂപയോളം ബാങ്കുകൾ എഴുതിത്തള്ളാൻ തയ്യാറായി. പകുതി എഴുതിത്തള്ളി, പകുതി സെറ്റിൽചെയ്തു. സർക്കാരിന് ബാങ്കുകൾക്കുമേൽ യാതൊരു നിയന്ത്രണവുമില്ല. പക്ഷേ, ചർച്ചകളുടെ അടിസ്ഥാനത്തിൽ ആ ധാരണയിലേയ്ക്കെത്തി. 2 കോടി രൂപവരെ വായ്പയെടുത്തൊരാളാണെങ്കിൽ അതിന്റെ 50 ശതമാനം മാത്രം അടച്ചാൽ മതി. രണ്ടുകോടി രൂപ വായ്പയെടുത്തൊരാൾക്ക് നാളിതുവരെ പലിശയുൾപ്പെടെ 6 കോടി രൂപയായെങ്കിൽ അതിൽ 4 കോടി രൂപയും

ബാങ്ക് എഴുതിത്തള്ളി. 2 കോടി രൂപയുടെ 50 ശതമാനം അതായത് 1 കോടി രൂപ അടയ്ക്കണം. 4 കോടി രൂപ എടുത്തിട്ടുണ്ടെങ്കിൽ 60 ശതമാനം, 2 കോടി 40 ലക്ഷം രൂപ അടയ്ക്കണം. പലിശ മുഴുവൻ എഴുതിത്തള്ളി. 10 ശതമാനം കൂടി വച്ചിട്ടുവേണം റെസല്യൂഷൻ പ്ലാൻ കൊടുക്കേണ്ടത്. പലരും അതിന് തയ്യാറല്ല. അവർ വൺ ടൈം സെറ്റിൽമെന്റ് നടപടികളിലൂടെ തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുകയാണ്. ഈ നിലയ്ക്ക് സർക്കാരിന് ബാങ്കുകളോട് എങ്ങനെ പറയാൻ കഴിയും? ബഹുമാന്യനായ എം.എൽ.എ. ഉൾപ്പെടെ മറ്റ് എം.എൽ.എ.-മാർ, അവിടത്തെ സംഘടനകൾ, ഐ.എൻ.ടി.യു.സി. പ്രസിഡന്റ് ശ്രീ. ചന്ദ്രശേഖരൻ, സി.ഐ.ടി.യു. പ്രസിഡന്റ് ശ്രീ. എളമരം കരീം എന്നിങ്ങനെ എല്ലാവരും ഈ പ്രശ്നം ഉന്നയിക്കുന്നതാണ്. അതിന് പരിഹാരം കാണാൻ നമ്മൾ ഒന്നിച്ചുതന്നെയാണ് ശ്രമിക്കേണ്ടത്. ഇതിനായി നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് കിട്ടുമ്പോൾ ഇക്കാര്യം കൂട്ടായി ചർച്ചചെയ്ത് നല്ല രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കാം.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വളരെ കുറച്ച് ഫാക്ടറികൾ മാത്രമാണ് ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുന്ന

ഫാക്ടറികളിലെ തൊഴിലാളികളും കൂലിവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് സമരത്തിലാണ്. പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാരിന്റെ നിയമവ്യവസ്ഥപ്രകാരം 6 മാസത്തിനുള്ളിൽ 78 ജോലി ദിവസങ്ങളുണ്ടായാൽ മാത്രമെ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. എന്നാൽ 95 ശതമാനവും സ്ത്രീകൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ അവർക്ക് ജോലി ദിവസങ്ങൾ ലഭ്യമാകുന്നില്ലെന്ന കാരണത്താൽ ഇ.എസ്.ഐ. ചികിത്സ നിഷേധിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് ഇ.എസ്.ഐ.-യുടെ ഈ സമീപനത്തിൽ മാറ്റംവരുത്തേണ്ടതുണ്ട്. കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കുന്നുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് ചുമതലയേൽക്കുമ്പോൾ അതിന് 5 വർഷംമുമ്പ് കാഷ്യൂ കോർപ്പറേഷനിൽനിന്നും വിരമിച്ച തൊഴിലാളികളിൽ ഒരാളുടെപോലും ഗ്രാറ്റുവിറ്റി കൊടുത്തിരുന്നില്ല. എന്നാൽ ഒന്നാം പിണറായി സർക്കാർ കൃത്യമായി 5 വർഷത്തെ ഗ്രാറ്റുവിറ്റി കൊടുത്തുതീർത്തു. ഇപ്പോൾ

വിരമിക്കുന്ന അന്നുതന്നെ ഗ്രാറ്റുവിറ്റി കൊടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽദിനങ്ങളുടെ കാര്യത്തിൽ 20 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ലിയർ ചെയ്തിട്ടുണ്ട്. തോട്ടണ്ടി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് അനുകൂലമായ തീരുമാനംകൂടി വന്നിട്ടുണ്ട്. പരമാവധി തൊഴിൽദിനങ്ങൾ ഉണ്ടാക്കാനാവശ്യമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കശുവണ്ടി മേഖല നിർജ്ജീവാവസ്ഥയിലാണ്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കേണ്ട അവസ്ഥയിലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉല്പാദനച്ചെലവ് ഇരട്ടിയിലധികമാണ്. ആധുനികവൽക്കരണം നടപ്പിലാക്കാത്തതാണ് ഇതിന് പ്രധാന കാരണം. തൊഴിൽ സംരക്ഷണം ഉറപ്പുനൽകി കശുവണ്ടി വ്യവസായം ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഉല്പാദനച്ചെലവ് കുറച്ച് ആധുനികവൽക്കരിച്ച് വൈവിധ്യവൽക്കരിക്കുന്നതിനാവശ്യമായ മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതികൂടി പരിശോധിച്ചശേഷം ആയത് നടപ്പിലാക്കാൻ കഴിയും.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കശുവണ്ടി വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അടഞ്ഞുകിടക്കുന്ന നിലയിലായിരുന്നു. എന്നാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽവന്നതിനുശേഷം അവയെല്ലാം തുറന്നുപ്രവർത്തിക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ പ്രശ്നം, സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഭൂരിഭാഗവും അടഞ്ഞുകിടക്കുകയാണ്. ഈ മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികളാണ് പണിയെടുക്കുന്നത്. അതിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ്. ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇതിനെ നിലനിർത്തുന്നതോടൊപ്പം അവിടത്തെ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുള്ള സംവിധാനവുമുണ്ടാക്കുകയും അതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനെപ്പറ്റി ഗവൺമെന്റ്

ആലോചിക്കുകയും ചെയ്യണം. ഈ മേഖലയിലെ വ്യവസായികളും തൊഴിലാളികളും കടുത്ത പ്രതിസന്ധി നേരിടുകയാണ്. സർക്കാർ വളരെ ഗൗരവമായി എടുക്കേണ്ടൊരു വിഷയമാണിത്. ഇ.എസ്.ഐ. ആനുകൂല്യങ്ങളെപ്പറ്റി നേരത്തെ ഇവിടെ പറഞ്ഞു. ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകണമെങ്കിൽ ആറ് മാസത്തേയ്ക്ക് 78 ദിവസത്തെ ഹാജർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അതായത്, ഒരു വർഷം ഏതാണ്ട് 156 ദിവസം ജോലി ചെയ്താൽ മാത്രമെ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. കശുവണ്ടി തൊഴിലാളികൾ വളരെ ഗുരുതരമായ രോഗത്തിനടിമകളാണ്. മതിയായ ഹാജരില്ലാത്ത കാരണത്താൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലെ ചികിത്സ ഇപ്പോൾ ലഭിക്കുന്നില്ല. കേന്ദ്ര സർക്കാർ നിലപാടിന്റെ ഭാഗമായിട്ടാണ് ഈയൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ച് കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുള്ള നടപടികളെപ്പറ്റി ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ, കൊല്ലം ജില്ലയിലെ ഈ പ്രശ്നം എപ്പോഴും ഉന്നയിക്കുകയും പ്രായോഗികമായ ചില നിർദ്ദേശങ്ങൾ അദ്ദേഹം ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്. പ്രതിസന്ധിയുടെ പൊതുസ്വഭാവം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് സംസാരിച്ചപ്പോഴും ഒരു ഇൻകം സപ്പോർട്ട് സ്കീമിനെപ്പറ്റി പറഞ്ഞിരുന്നു. ഇതെല്ലാം സ്വകാര്യ സ്ഥാപനങ്ങളായതുകൊണ്ട് ചില പരിമിതികളുണ്ട്. എങ്കിൽപ്പോലും ഇക്കാര്യങ്ങൾ പരിശോധിക്കുന്ന വിദഗ്ദ്ധ സമിതിയോട് അങ്ങനെയൊരു പാക്കേജുകൂടി കൊണ്ടുവരാൻ സാധിക്കുമോയെന്ന കാര്യം പരിശോധനാവിധേയമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച 30 കോടി രൂപയും അധികമായി അനുവദിച്ച ഏഴ് കോടി രൂപയും ചേർത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ളൊരു പാക്കേജ് ഈ മാസംതന്നെ പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ ഉപയോഗിക്കുന്ന കശുവണ്ടിയുടെ 60 ശതമാനവും കേരളത്തിനുപുറത്തുനിന്നാണ് വരുന്നത്. ആഭ്യന്തര കശുവണ്ടിയുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാഷ്യൂ ഡെലവപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്, സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ; എത്രത്തോളം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; അതുപോലെ കശുമാങ്ങ സംഭരണത്തിൽ എത്രത്തോളം പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ പലപ്പോഴും പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. അതിന് പ്രധാനമായും ആഫ്രിക്കയെയാണ് ആശ്രയിക്കുന്നത്. എന്നാൽ, ആഫ്രിക്ക ഇപ്പോൾ നേരിട്ട് ഉല്പാദനത്തിലേയ്ക്ക് പോവുകയാണ്. ഇനിമുതൽ അസംസ്കൃത കശുവണ്ടിക്കായി ആഫ്രിക്കയെ ആശ്രയിക്കാൻ കഴിഞ്ഞെന്ന് വരില്ല, അതിനാൽ ആഭ്യന്തര കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. കശുവണ്ടി മേഖലയിൽ കൾട്ടിവേഷന് പ്രത്യേകമായൊരു സംവിധാനമുണ്ട്.

അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം റിവ്യൂ നടത്തിയപ്പോൾ ഈ വർഷം 43,000 മെട്രിക് ടൺ കശുവണ്ടി ലഭിക്കുമെന്നാണ് അവരുടെ കണക്ക്. ഇപ്പോൾ വളരെ ചെറിയൊരു ശതമാനം കശുവണ്ടി മാത്രമെ ഇവിടെനിന്നും ലഭിക്കുന്നുള്ളൂ. അതുസംബന്ധിച്ച് ഓഡിറ്റിംഗും നടത്തുന്നുണ്ട്. ശാസ്ത്രീയമായി കശുവണ്ടി കൃഷി മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കും. പുതിയ നയങ്ങൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിശോധിക്കുന്നതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികളെല്ലാം 2016-ലെ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽവന്നതിനുശേഷമാണ് തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചതെന്ന കാര്യം ഓർക്കുകയാണ്. കെ.എസ്.സി.ഡി.സി.-യുടെ മുപ്പതിലധികം ഫാക്ടറികളും കാപ്പെക്സിന്റെ പൂട്ടിക്കിടന്ന ഫാക്ടറികളും തുറക്കാൻ സാധിച്ചു. പിന്നീടുള്ള കാലഘട്ടത്തിൽ ചില പ്രതിസന്ധികളുണ്ടായി. എന്റെ ചോദ്യം, സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്ന കശുവണ്ടി മേഖലയിൽ നേരത്തെ പറഞ്ഞതുപോലെയുള്ള

ആശുപത്രി സേവനങ്ങൾ ലഭിക്കുന്നതിൽ ചില പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. സ്ത്രീ തൊഴിലാളികൾ അധികനേരം കുനിഞ്ഞിരുന്ന് ജോലി ചെയ്യുന്നതുകൊണ്ട് അവരുടെ കൈകളെല്ലാം വളരെ മോശപ്പെട്ട അവസ്ഥയിലേയ്ക്ക് പോകുന്നുണ്ട്. അതിനാൽ അവർക്കുവേണ്ടി ആറ് മാസത്തിലെരിക്കലെങ്കിലും ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ആരോഗ്യ പരിരക്ഷ പഞ്ചായത്തുകളിലെ ആയുർവ്വേദ ആശുപത്രികളുമായി ചേർന്ന് നൽകാനുള്ള ഒരു പദ്ധതി ഏറ്റെടുക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സർക്കാർ സംവിധാനങ്ങളെല്ലാം ഇത്തരം ആളുകൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. പ്രത്യേക സ്കീമില്ലാതെതന്നെ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികളിൽ ഇവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാരാണ് കൈകാര്യം ചെയ്യുന്നത്. അതിലുള്ള നിലപാട് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇതുകൂടാതെ എല്ലാ എം.എൽ.എ. മാരുടെയും അഭിപ്രായം പരിഗണിച്ച് ഇവർക്ക് വരുമാനമുറപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തവണത്തെ ഓണക്കിറ്റിൽ കശുവണ്ടികൂടി നിർബന്ധമായും

ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീരുമാനിക്കുകയുണ്ടായി. ഇതിലൂടെ 32 കോടി രൂപയുടെ വിപണി ഉറപ്പാക്കാൻ കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം

3 (*183) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ . ഷംസുദ്ദീൻ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ട് സ്വയംഭരണാവകാശം നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർക്കും മാനേജ്മെന്റിനും സാമ്പത്തികവും പ്രവർത്തനപരവുമായ അധികാരങ്ങൾ കൈമാറാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെയും സ്വതന്ത്ര ഡയറക്ടർമാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, (എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്, ഉല്പാദനം, വിപണനം, അക്കൗണ്ട്സ് & ആഡിറ്റ് എന്നീ മേഖലകൾ ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനുമാവശ്യമായ മൂലധന സ്വരൂപണം, സ്വയം പര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടുകൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്ര വിപണന സാധ്യതകളുള്ള നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള വൈവിദ്ധ്യവൽക്കരണ പദ്ധതികളാണ് മാസ്റ്റർപ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ലക്ഷ്യമിടുന്നത്.

ആഗോളതലത്തിൽ ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളുൾക്കൊണ്ട്, മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ കാലുറപ്പിച്ച് നിലകൊള്ളാൻ കഴിയുന്ന തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നതിനായി മാനേജ്മെന്റുതലത്തിൽ ഉത്തരവാദിത്വവും കർത്തവ്യബോധവും കടമ നിർവ്വഹണവും ഉറപ്പുവരുത്തി കൂടുതൽ അധികാരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയോടൊപ്പം ആധുനികവൽക്കരണത്തിനുള്ള നിർദ്ദേശങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗികമായ ഉപദേശങ്ങളും നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. ചെയർമാനായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ. ഹരികുമാർ, ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. പ്രസാദ് കെ. പണിക്കർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ദ്ധ കമ്മിറ്റി

സർക്കാർ രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും നിലവിലുള്ള അവസ്ഥയും അവയുടെ വികസനത്തിനുള്ള ഭാവിസാധ്യതകളും മുൻനിർത്തി, മാനേജ്മെന്റ് തലത്തിൽ ഉത്തരവാദിത്വം ഉറപ്പുവരുത്തികൊണ്ട് പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാനേജ്മെന്റ്/ധനകാര്യം/വിവിധ സാങ്കേതിക ഉല്പാദനമേഖലകൾ എന്നിവയിൽ പ്രാവീണ്യം നേടിയവരുടെ ഒരു പാനൽ തയ്യാറാക്കി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇൻഡിപെൻഡന്റ് ഡയറക്ടർമാരെയും വിഷയ വിദഗ്ദ്ധരേയും നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതിനോടകം 16 പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക/ മാനേജ്മെന്റ്/ധനകാര്യ വിഷയങ്ങളിൽ വിദഗ്ദ്ധരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വർഷങ്ങളായി വേതന വർദ്ധനയുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് ഒപ്പ് വയ്ക്കാതെയിരിക്കുന്ന മൂന്ന്

സ്പിന്നിംഗ് മില്ലുകൾ കേരളത്തിൽ അവശേഷിക്കുന്നുണ്ട്. അതിലൊന്ന് എന്റെ മണ്ഡലത്തിലെ Malcotex (The Malabar Co-operative Textiles Ltd)-ഉം ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി അവിടെ വേതന വർദ്ധന നടപ്പാക്കിയിട്ടില്ല. അടിയന്തരമായി സെറ്റിൽമെന്റ് പൂർത്തിയാക്കി ശമ്പള വർദ്ധന നൽകാൻ സന്നദ്ധമാകുമോയെന്നാണ് അറിയേണ്ടത്.

ശ്രീ. പി. രാജീവ്: സർ, ടെക്സ്റ്റൈൽ മേഖലയിൽ കയറ്റിറക്കങ്ങളാണുള്ളത്. പ്രത്യേകിച്ച് cotton-ന്റെ വിലയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ചിലപ്പോൾ പ്രതിസന്ധിയും മറ്റുചിലപ്പോൾ ലാഭകരമാവുകയും ചെയ്യുന്നുണ്ട്. എന്തായാലും ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ എൽ.ടി.എസ്.-കളെല്ലാം പരമാവധി വേഗത്തിൽ പൂർത്തീകരിക്കാനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ചിലയിടങ്ങളിൽ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങളെ ഒഴിവാക്കി ബാക്കിയുള്ള സ്ഥലങ്ങളിലെല്ലാം ന്യായമായ രൂപത്തിലുള്ള മാറ്റങ്ങൾ വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സമിതിയാണ് മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ്

(Malcotex)-ൽ ഉണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ ഏഴ് വർഷമായി അഡ്മിനിസ്ട്രേറ്ററാണ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ധാരാളം ആശങ്കകളുമുണ്ട്. അതിനാൽ മുൻകാലങ്ങളിലുണ്ടായിരുന്നതുപോലെ തെരഞ്ഞെടുക്കപ്പെട്ടൊരു ഭരണസമിതിയിലേയ്ക്ക് ഭരണം മാറ്റുന്നതിനുള്ള സംവിധാനമൊരുക്കാമോ?

ശ്രീ. പി. രാജീവ്: സർ, ആ പ്രശ്നം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരളാ ഓട്ടോമൊബൈൽ ലിമിറ്റഡ് ഏറെ കൊട്ടിഘോഷിച്ചുകൊണ്ട് ഇലക്ട്രിക് ഓട്ടോറിക്ഷകൾ മാർക്കറ്റിലിറക്കിയിരുന്നു. എന്നാൽ ബാറ്ററിയുടെ മാനുഫാക്ചറിംഗ് ഡിഫക്ടുകൊണ്ട് നഷ്ടത്തിലാവുകയും വേണ്ടരീതിയിൽ മാർക്കറ്റ് പിടിക്കാൻ കഴിയാതെ വരികയും ചെയ്തു. ഇപ്പോൾ കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ചുകൊണ്ട് പഴയ ബസ്സുകളെ ഇലക്ട്രിക് ബസ്സുകളാക്കി കൺവെർട്ട് ചെയ്യാൻ പോകുന്നുവെന്ന് പത്രമാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞു. ഇതിനുവേണ്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; കെ.എ.എൽ.-ന് ഇതിനുള്ള മാനേജ്മെന്റ് സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: അദ്ദേഹം പറഞ്ഞതുപോലെ കെ.എ.എൽ. പ്രതിസന്ധികളെ നേരിട്ടിരുന്നു. എന്നാൽ വലിയൊരു മാറ്റത്തിന്റെ ഭാഗമായാണ് ഡീസൽ ഓട്ടോറിക്ഷകളുടെ ഉല്പാദനത്തിൽനിന്നും ഇലക്ട്രിക് ഓട്ടോറിക്ഷകളിലേയ്ക്ക് മാറിയത്. ചില യൂണിറ്റുകൾക്ക് ബാറ്ററിയുടെ കാര്യത്തിൽ പരിമിതികളുണ്ടായെങ്കിലും നല്ല രീതിയിൽ റിസൾട്ടുണ്ടാക്കാൻ കഴിഞ്ഞു. അതിനെത്തുടർന്ന് ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെടുകയും അവിടെയുള്ള പുതിയ മാനേജിംഗ് ഡയറക്ടർക്ക് ചുമതല നൽകിക്കൊണ്ട് അതിനെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. സ്കൂട്ടർ നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെയുള്ള ജോയിന്റ് വെഞ്ചറിന്റെ ഭാഗമായി സ്കൂട്ടറുകളുടെ നിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ട്. ബസ്സിന്റെ കാര്യത്തിലും ബാറ്ററി മാറ്റിവയ്ക്കുന്നതുസംബന്ധിച്ചുള്ള റിപ്പോർട്ട് വന്നിട്ടുണ്ട്. സാങ്കേതികമായ കാര്യങ്ങൾ ഉറപ്പുവരുത്തിയതിനുശേഷമേ അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് സർക്കാർ കടക്കുകയുള്ളൂ. അതോടൊപ്പം ജോയിന്റ് വെഞ്ചറിന്റെ സാധ്യതകൂടി കെ.എ.എൽ. പരിശോധിച്ചുവരികയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്ത് ചില വ്യവസായ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള പദ്ധതി

സർക്കാരിനുണ്ടോ; ഇതൊരു പുതിയ ആശയമാണ്. നല്ല ടീമിനെ ഏൽപ്പിച്ചാൽ സംസ്ഥാനത്തെ പല വ്യവസായ സ്ഥാപനങ്ങളെയും രക്ഷപ്പെടുത്താൻ സാധിക്കും. മലബാർ സിമന്റ്സ് ലിമിറ്റഡിന് സ്ഥിരമായൊരു എം.ഡി. ഇല്ലാത്തതിനാലും പുതിയ സംരംഭങ്ങൾ വരാത്തതിനാലും ടി സ്ഥാപനം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സ്ഥിതിയുണ്ട്. മാനേജിംഗ് ഡയറക്ടറുടെ അഭാവം എല്ലാ പ്രശ്നങ്ങളുടേയും ഒരു പ്രധാനപ്പെട്ട കാരണമാണ്. അക്കാര്യം പലതവണ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിനൊരു പരിഹാരമുണ്ടാക്കുമോ; അതുപോലെ ട്രാക്കോ കേബിളിന്റെ കാര്യം പ്രതിപക്ഷ നേതാവ് ഉൾപ്പെടെ സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ഇ.ബി.എൽ. അവർക്ക് ഓർഡർ കൊടുക്കാത്തതാണ് പ്രശ്നം. രണ്ടുമാസമായി ട്രാക്കോ കേബിളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല. ആ സ്ഥാപനം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി സമീപഭാവിയിൽ ഇല്ലാതാകുന്ന സ്ഥിതിയാണുള്ളത്. ഈ രണ്ട് സ്ഥാപനങ്ങളേയും രക്ഷപ്പെടുത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം, അവിടത്തെ ട്രേഡ് യൂണിയൻ നേതാവെന്ന നിലയിൽ പല ഘട്ടത്തിലും ഇക്കാര്യം ഉന്നയിച്ചിട്ടുള്ളതാണ്. എം.ഡി.-യുടെ കാര്യത്തിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമം പാസ്സാക്കി, അധികം വൈകാതെ രൂപീകരിക്കാൻ കഴിയും. സെലക്ഷൻ ബോർഡ് മാത്രം നിയമനം നടത്തിയാൽ മതിയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എം.ഡി. നിയമനം വൈകുന്നത്. എത്രയും പെട്ടെന്നുതന്നെ നിയമന നടപടികൾ പൂർത്തിയാക്കുന്നതാണ്. ട്രാക്കോ കേബിളിനെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ പറഞ്ഞതുപോലെ ഒരു സ്ഥാപനം തുടങ്ങി പിറ്റേ ദിവസം യൂണിയനുകളെല്ലാം ചേർന്ന് ആ സ്ഥാപനത്തിൽനിന്ന് 20 ശതമാനം ബോണസ്സും ഗ്രാറ്റുവിറ്റിയും വേണമെന്ന് തീരുമാനിക്കുകയാണ്. അങ്ങനെയുള്ള സമീപനംകൂടി ഇക്കാര്യത്തിലുണ്ടായെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. നമ്മളെല്ലാവരുംകൂടി ഒന്നിച്ചുനിന്നുകൊണ്ടാണ് ഈ സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻ ശ്രമിക്കേണ്ടത്.

ശ്രീ. സജി ചെറിയാൻ: സർ, വ്യവസായ രംഗത്ത് വൻ കുതിച്ചുചാട്ടമാണ് കേരളത്തിൽ നടക്കുന്നത്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. വ്യവസായ സഹകരണ സംഘങ്ങൾ, പട്ടികജാതി വ്യവസായ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് എം.എൽ.എ. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, സർക്കാർ ഫണ്ട് എന്നിവയിലൂടെ മെഷീനറിക്കും ദൈനംദിന നടത്തിപ്പിനുമാവശ്യമുള്ള സാമ്പത്തിക സഹായം ലഭ്യമായിരുന്നത് നിർത്തലാക്കുകയുണ്ടായി. ഞാനൊരു വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റാണ്. പതിനാല് വർഷമായി ഈ സഹകരണ സംഘം നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ അവിടേയ്ക്ക് യാതൊരുവിധ അസിസ്റ്റൻസും അതായത്, ഗവണ്മെന്റ് ഫണ്ടോ എം.എൽ.എ. ഫണ്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടോ നൽകുന്നില്ല. ടി ഫണ്ടുകൾ നൽകിയാൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ളതിനെ അപ്ഡേറ്റ് ചെയ്യാനും കഴിയുന്നതാണ്. അതുസംബന്ധിച്ചുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതാണ്. അങ്ങനെയൊരു അവസരമുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കുതന്നെ ഒരു മാതൃകയായി അങ്ങയുടെ ഫണ്ടിൽനിന്നുള്ള സഹായം നൽകി തുടക്കം കുറിക്കാനും കഴിയുന്നതായിരിക്കും.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, അലോപ്പതി മരുന്ന് ഉല്പാദിപ്പിക്കുന്ന കേരള സർക്കാരിന്റെ ഏക പൊതുമേഖലാ സ്ഥാപനമാണ് ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്. ഞാൻ അതിന്റെ ചെയർമാനായിരുന്നു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കേരളത്തിലെ മുഴുവൻ ഗവൺമെന്റ് ആശുപത്രികൾക്കും ആവശ്യമായ മരുന്ന് ഉല്പാദിപ്പിക്കാൻ കെ.എസ്.ഡി.പി.-ക്കോ, എത്തിക്കാൻ കെ.എം.എസ്. സി.എൽ.-നോ സാധിക്കുന്നില്ല. അതുകൊണ്ട് ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയവയ്ക്ക് കുറഞ്ഞ വിലയിൽ മരുന്ന് നിർമ്മിക്കാൻ, മലപ്പുറം ജില്ലയിൽ കെ.എസ്.ഡി.പി.-യുടെ ഭാഗമായി ഒരു യൂണിറ്റ് ആരംഭിക്കാൻ ശ്രമിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ഇപ്പോൾ അതിനായൊരു പദ്ധതിയുണ്ട്. അവിടെത്തന്നെ ആവശ്യമായ സ്ഥലമേറ്റെടുത്ത് ഓങ്കോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. അതിനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് ജോയിന്റ് വെഞ്ചറായി പദ്ധതി ആരംഭിക്കാനും കുറഞ്ഞ വിലയ്ക്ക് ഓങ്കോളജി മെഡിസിൻ ലഭ്യമാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ അങ്ങ് പറഞ്ഞ കാര്യവും പരിഗണിക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

4 (*184) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഉല്പന്ന വൈവിധ്യവൽക്കരണം, സാങ്കേതികവിദ്യയുടെ ആധുനികവൽക്കരണം എന്നിവയിലൂടെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാങ്കേതികവിദ്യ, വിപണനം എന്നീ കാര്യങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കാമോ;

(ഡി) കെൽട്രോൺ ഉൾപ്പെടെയുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ&ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രസർക്കാർ നയത്തിന് ബദലായി

പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ലാഭകരമായി ഉല്പാദനം നടത്താനുള്ള സാങ്കേതികവിദ്യയും ഉല്പന്നത്തിന്റെ വിപണന സാധ്യതയും കണ്ടെത്തി, സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കി ആ സ്ഥാപനത്തെ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇത്തരത്തിൽ കേന്ദ്ര സർക്കാർ വില്പനയിലൂടെ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി കേരള സർക്കാർ ഏറ്റെടുത്ത് കെൽ-ഇ.എം.എൽ എന്ന പേരിൽ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിശദമായി വിലയിരുത്തുകയും ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണം അടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് മാസ്റ്റർപ്ലാൻ പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ

പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവൽക്കരണ പദ്ധതികളുമാണ് കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർപ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് Detailed Project Report (DPR) വിലയിരുത്തിയതിനുശേഷം സർക്കാർ അംഗീകാരത്തോടെയായിരിക്കും സ്ഥാപനങ്ങളുടെ നവീകരണ-വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്. നടപ്പുസാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി

ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നു. മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നു.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി, ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനുമായി ഉയർന്ന

തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

(സി&ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശാസ്ത്ര-സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളുമുൾക്കൊണ്ട് ശക്തിപ്പെടുത്തുന്നതിനായി ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആയ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (KELTRON), സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (SIFL) എന്നീ സ്ഥാപനങ്ങൾ ഇന്ത്യൻ പ്രതിരോധ വകുപ്പിനും പ്രതിരോധ ഗവേഷണ സ്ഥാപനമായ DRDO-യ്ക്കുമാവശ്യമായ ഉന്നത സാങ്കേതികവും തന്ത്രപ്രധാനവുമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും

നിർമ്മിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

കെൽട്രോണിന് ദേശീയതലത്തിൽ വിപണിയുണ്ട്. പ്രതിരോധ മേഖലയിൽ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ആഗോളതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന വാണിജ്യ പ്രദർശനങ്ങളിൽ പങ്കെടുത്തുവരുന്നു. ഇന്ത്യൻ നേവിക്കുവേണ്ടി റഷ്യയിൽ നിർമ്മിക്കുന്ന കപ്പലിൽ എക്കോ സൗണ്ടർ എന്ന ഉപകരണം നിർമ്മിച്ച് റഷ്യയിലെത്തി കപ്പലിൽ ഘടിപ്പിച്ച് നൽകുന്ന ഉത്തരവാദിത്വം കെൽട്രോൺ ഏറ്റെടുത്തിട്ടുണ്ട്.

ഇതുകൂടാതെ കെൽട്രോൺ, SIFL, SIDCO, KAL എന്നിവ ISRO/VSSC-യ്ക്ക് ആവശ്യമായ ഉല്പന്നങ്ങളും യന്ത്രഭാഗങ്ങളും മറ്റ് സാങ്കേതിക സംവിധാനങ്ങളും നിർമ്മിച്ച് നൽകിവരുന്നുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്, കൊച്ചിൻ ഷിപ്പ്‌യാർഡ് എന്നീ സ്ഥാപനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ കെൽട്രോൺ നിർമ്മിച്ച് നൽകിവരുന്നുണ്ട്.

കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിയായ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് പ്രതിരോധ വകുപ്പിനുകീഴിലുള്ള Naval Physical & Oceanographic Laboratory (NPOL) എന്ന സ്ഥാപനത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള സഹായം നൽകിവരുന്നുണ്ട്. കെൽട്രോണിന്റെ മറ്റൊരു സബ്സിഡിയറി കമ്പനിയായ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. വളരെയധികം കൃത്യത ആവശ്യമുള്ളതും സങ്കീർണ്ണവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും അനുയോജ്യമായ രീതിയിൽ ഉല്പാദന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള സാമ്പത്തികസഹായം അപ്രകാരം പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ

ഭാഗമായി കെൽട്രോണിന്റെ സഹായത്തോടുകൂടി ഇന്ത്യ പോസ്റ്റിന്റെ സഹകരണത്തോടെ റിയാബിന്റെ മേൽനോട്ടത്തിൽ ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. വി. ശശി: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത സമിതികളുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് എല്ലാവരുമായി ചർച്ച ചെയ്ത് ആവശ്യമായ കർമ്മ പദ്ധതി മുന്നോട്ടുവയ്ക്കാൻ സാധിക്കും.

ശ്രീ. വി. ശശി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് ലൈഫ് സയൻസ് പാർക്ക്. അവിടെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ്

ടെക്നോളജിയും കെ.എസ്.ഐ.ഡി.സി.-യുമായും ബന്ധപ്പെട്ട മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും അതിപ്പോൾ പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപ്പെട്ട് ആ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. അവിടെ വൈറോളജി ലാബ് ആരംഭിച്ചുകഴിഞ്ഞു. ഇതുകൂടാതെയുള്ള യൂണിറ്റുകളെല്ലാം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ കാര്യത്തിൽ സർക്കാർ പ്രത്യേക താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇപ്പോൾ അതിനായി സ്വകാര്യ സംരംഭകരും അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷൻസും വ്യവസായ വകുപ്പും യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. അവരുമായി ആവശ്യമായ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ ഡിവൈസസ് പാർക്കുകൾ എന്നത് വ്യവസായ നയത്തിൽ ഏറ്റവും കൂടുതൽ പ്രയോറിറ്റി കൊടുക്കുന്ന മേഖലകളിലൊന്നാണ്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വ്യവസായ രംഗത്ത് സ്വകാര്യമേഖലയിലെ ഉല്പാദകരിൽനിന്ന് വിപണി നേരിടുന്ന കടുത്ത മത്സരം അതിജീവിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഉല്പാദന-സേവന സംവിധാനങ്ങളെ സ്വകാര്യ മേഖലയോട് കിടപിടിക്കത്തക്ക രീതിയിലുള്ള എന്തെല്ലാം സംവിധാനങ്ങളൊരുക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, അതിനുള്ള മറുപടി മുൻ ചോദ്യങ്ങളുടെ ഉത്തരങ്ങളിൽ വ്യക്തമാക്കിയതാണ്. സേവനമേഖലയിലല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരശ്രമം ലാഭകരമാക്കി മാറ്റുക, ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുക എന്നിവയ്ക്കനുസൃതമായി തൊഴിലാളികൾക്കും മെച്ചപ്പെട്ട വേതനം ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. മാസ്റ്റർപ്ലാനുകളെല്ലാം അതാണ് കൈകാര്യം ചെയ്യുന്നത്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കം നിയോജകമണ്ഡലത്തിൽ കെ.പി.പി.എൽ. (Kerala Paper Product Ltd) നവംബർ 1 -ാം തീയതി മുതൽ ഉല്പാദനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ തുടർന്നും കമ്പനി

ലാഭകരമാക്കി സംരക്ഷിക്കുന്നതിനുവേണ്ടി ആധുനികവൽക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഡി.പി. ആർ അംഗീകരിച്ചതിനുശേഷമാണ് കെ.പി.പി.എൽ.-നുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആരംഭിച്ചത്. പ്രസ്തുത സ്ഥാപനത്തെ അഞ്ച് ലക്ഷം മെട്രിക്ക് ടൺ ഉല്പാദനമുള്ള ഒരു സ്ഥാപനമാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം. ഇപ്പോൾ ന്യൂസ് പ്രിന്റാണ് പ്രധാനമായും അവിടെ ഉൽപ്പാദിപ്പിക്കുന്നത്. ന്യൂസ് പ്രിന്റിന്റെ വളർച്ചാനിരക്ക് ഒരു ശതമാനമാണ്. അടുത്തഘട്ടത്തിൽ മറ്റ് ഉല്പന്നങ്ങളിലേയ്ക്കും അതായത്, ഇപ്പോൾ ശക്തിപ്പെട്ടുവരുന്ന മേഖലയായ പാക്കേജിംഗ് ഇൻഡസ്ട്രിയിലേയ്ക്ക് മാറാനും 5 ലക്ഷം മെട്രിക് ടണ്ണുള്ള, മൂവായിരം കോടി രൂപയുടെ ടേൺ ഓവറുള്ള ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പേപ്പർ ഉല്പാദന സ്ഥാപനമാക്കി കെ.പി.പി.എൽ.-നെ മാറ്റാനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏകീകൃത പർച്ചേസ്/സെയിൽസ് മാന്വലുകളാണുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യങ്ങൾക്കും പ്രത്യേകതകൾക്കുമനുസരിച്ച് പർച്ചേസ്/സെയിൽസ് മാന്വലുകൾ നിലവിൽ വരാൻ ബുദ്ധിമുട്ടുണ്ട്. KAMCO (Kerala Agro Machinery Corporation Ltd) ഇത്തരത്തിൽ പ്രതിസന്ധി നേരിട്ട ഘട്ടത്തിൽ പ്രസ്തുത സ്ഥാപനത്തിന് തനതായൊരു പർച്ചേസ്/സെയിൽസ് മാന്വൽ ഉണ്ടാക്കി. സ്റ്റോർസ് ആന്റ് പർച്ചേസ് ഡിപ്പാർട്ട്മെന്റിനുകീഴിലാണ് ഇതെല്ലാം ഇൻവെസ്റ്റിഗേറ്റ് ചെയ്തുകൊണ്ടിരിക്കുന്നത്. റൂളിൽനിന്നും വ്യതിചലിച്ച് എന്തെങ്കിലും വാങ്ങുകയോ വിൽക്കുകയോ ചെയ്താൽ സി.&എ.ജി.യുടെ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാവുമെന്നതുകൊണ്ട് വൈവിധ്യങ്ങൾക്കനുസരിച്ച് അതത് കമ്പനികൾക്ക്/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പർച്ചേസ്/സെയിൽസ് മാന്വൽ ഉണ്ടാക്കാനുള്ള അധികാരം നൽകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും തനതായിട്ടുള്ള പർച്ചേസ് മാന്വൽ വേണമെന്നതാണ് പോൾ ആന്റണി കമ്മിറ്റി ശിപാർശകളിൽ പ്രധാനപ്പെട്ടത്. ആ ശിപാർശ നടപ്പാക്കുന്ന ഘട്ടത്തിൽ ഈ കാര്യംകൂടി അതിൽ ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബി.പി.സി.എൽ. (Bharat Petroleum Corporation Limited) ഉൾപ്പെടെയുള്ള കമ്പനികളുടെ സ്ഥലം സംസ്ഥാന സർക്കാർ അക്വയർ ചെയ്ത് കൊടുത്തിട്ടുള്ളതാണ്. ബി.പി.സി.എൽ.-ന്റെ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. എച്ച്.എൻ.എൽ-ന്റെ കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റ് എടുത്ത നിലപാട് ഇവിടെ വിശദീകരിച്ചു. സംസ്ഥാന ഗവണ്മെന്റ് ഏറ്റെടുത്ത് കൊടുത്ത സ്ഥലം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനെതിരെ സംസ്ഥാന ഗവണ്മെന്റിന് നിലപാടെടുക്കാൻ സാധിക്കില്ലേ; എന്ത് നിലപാടാണ് ബി.പി.സി.എൽ.-ന്റെ കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ.പി.രാജീവ്: ബി.പി.സി.എൽ. സ്വകാര്യവൽക്കരണത്തിനെതിരെ കഴിഞ്ഞ നിയമസഭയിൽ പ്രത്യേക ചർച്ച നടത്തി നിലപാട് സ്വീകരിച്ചിട്ടുള്ളതാണ്. ഗവണ്മെന്റ് പല ഘട്ടത്തിലും സ്വകാര്യവൽക്കരണം പാടില്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സ്ഥലത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ നിലപാട് അതുതന്നെയാണ്. പക്ഷെ, വിഴിഞ്ഞം

പദ്ധതിയുമായി ബന്ധപ്പെട്ട അനുഭവം സർക്കാരിന്റെ മുന്നിലുണ്ട്. ബഹുമാനപ്പെട്ട കോടതിയും അതിനെ ശരിവയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എച്ച്.എൻ.എൽ.-ന്റെ അനുഭവവും സർക്കാരിനുമുന്നിലുണ്ട്. ഏതായാലും വ്യവസായ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ അക്വയർ ചെയ്ത് സൗജന്യ നിരക്കിൽ നൽകിയിട്ടുള്ള ഭൂമി വ്യവസായാവശ്യത്തിനുതന്നെ വിനിയോഗിക്കണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഐ. ബി. സതീഷ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് അനുബന്ധമായി പുതിയ സംരംഭങ്ങൾ ആരംഭിക്കാനാവുമോ; പുതിയ സംരംഭങ്ങൾ തുടങ്ങുന്ന സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ തടയാനും പുതിയ സംരംഭങ്ങൾ സുഗമമാക്കാനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ശ്രീ. പി. രാജീവ്: സർ, എല്ലാവർക്കും അറിയാവുന്നതുപോലെ സംരംഭക വർഷം എന്നതിൽ വൻവിജയം നേടാൻ കഴിഞ്ഞു. ഇതിലൂടെ സംരംഭക രംഗത്ത് നല്ല രീതിയിലുള്ള മാറ്റംവരുത്താൻ കഴിഞ്ഞു. പക്ഷെ ഒരു

പുതിയ ചർച്ച വരുന്നത് ഇതാണോ സംരംഭം; ഹോട്ടൽ സംരംഭമാണോ; തുണിക്കട സംരംഭമാണോ; തയ്യൽ യൂണിറ്റ് സംരംഭമാണോയെന്ന രീതിയിലാണ്. ഇതേ ആളുകൾതന്നെയാണ് നേരത്തെ മാളുകൾ തുടങ്ങാൻ അനുവദിക്കുന്നില്ലെന്നും സംരംഭം തുടങ്ങാൻ ഇവിടെ യാതൊരു രക്ഷയുമില്ലെന്നും കട തുടങ്ങാൻ സമ്മതിക്കുന്നില്ലെന്നും പറഞ്ഞിരുന്നത്. ഇപ്പോൾ പുതിയൊരു പ്രശ്നം വന്നത് കള്ള് ഷാപ്പിനോട് ചേർന്ന് ഒരു സ്ഥലത്ത് ഒരു പ്രശ്നമുണ്ടാവുകയും അതേ ദിവസംതന്നെ ഒരു വാർത്ത അദ്ദേഹം ഫെയ്സ് ബുക്കിൽ കൊടുക്കുകയും ചെയ്തിരുന്നു. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ അവിടെ പ്രാദേശികമായൊരു തർക്കം വന്നുവെന്നത് യാഥാർത്ഥ്യമാണെങ്കിലും അതേപ്പറ്റി പോലീസ് സ്റ്റേഷനിൽപോലും പരാതി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ പോലീസ് ഇടപെടുകയും പരാതിയില്ലെങ്കിൽപ്പോലും കേസ് ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ചെറിയ പ്രശ്നങ്ങൾ വരുമ്പോൾ സമൂഹമാധ്യമങ്ങളിലൂടെയടക്കം പ്രചാരണം നടക്കുന്നുണ്ട്. നമ്മളെല്ലാവരും ഒരുമിച്ചുനിന്നതുകൊണ്ടാണ് സംരംഭകവർഷത്തിൽ ഈ രീതിയിലുള്ളൊരു വിജയം നേടാൻ സാധിച്ചത്. ആദ്യവർഷംതന്നെ 30 ശതമാനം

സംരംഭങ്ങൾ പൂട്ടുമെന്നുള്ളതാണ് അഖിലേന്ത്യാ കണക്ക്. സംരംഭങ്ങൾ ശക്തിപ്പെട്ട് വരുന്നതിനെക്കുറിച്ചുള്ള വാർത്തകൾ സമൂഹത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശ്രമവും പിന്തുണയും എല്ലാ മാധ്യമങ്ങളുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, സ്വകാര്യ വ്യവസായ പാർക്കുകളുൾപ്പെടെ സ്ഥാപിച്ച് വ്യവസായ മേഖലയെ മുന്നോട്ടുനയിക്കുന്നതിനുള്ള വലിയ ശ്രമമാണ് വ്യവസായ വകുപ്പും ബഹുമാനപ്പെട്ട മന്ത്രിയും നടത്തുന്നത്. അതിന്റെ തുടർച്ചയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുമായി പരസ്പരം സഹകരിച്ച് സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കാൻ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സർക്കാർ അക്കാര്യത്തിൽ ചില ചുവടുവയ്പുകൾ നടത്തിയിട്ടുണ്ട്. അടുത്ത ദിവസം കൊച്ചിയിൽ വച്ച് പതിനാല് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും അതുമായി ചേർന്നുനിൽക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ വകുപ്പുമായി ചേർന്ന് B2B Meet

സംഘടിപ്പിച്ചിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡിന് ആയിരം കോടി രൂപയുടെ ഓർഡർ ലഭിച്ചപ്പോൾ കേരളത്തിൽ എത്ര ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചുള്ളൊരു ലിസ്റ്റ് കിട്ടിയിട്ടുണ്ട്. സംയുക്തമായി പ്രവർത്തിച്ചാൽ കുറെക്കൂടി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ കഴിയും. അതിനുള്ള ശ്രമവുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചു

(ചോദ്യോത്തരസമയം കഴിഞ്ഞു.)

( രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം I*ആയി ചേർത്തിരിക്കുന്നു)

## 10.00 AM]

## II.അടിയന്തരപ്രമേയം

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലമുണ്ടായ പ്രതിസന്ധി സംബന്ധിച്ചാണ്. ഇതേ വിഷയം ഈ സമ്മേളനത്തിൽ മൂന്ന് ദിവസം തുടർച്ചയായി ശ്രദ്ധക്ഷണിക്കലായി സഭയിൽ വന്നിട്ടുള്ളതും

* അനുബന്ധം I

വിശദമായി മറുപടി പറഞ്ഞിട്ടുള്ളതുമാണ്. കൂടാതെ ഇതുസംബന്ധിച്ച ചോദ്യങ്ങളും ഈ സമ്മേളനത്തിൽ വന്നിട്ടുണ്ട്. അതിനുപരിയായി ഇക്കാര്യത്തിൽ ഏതെങ്കിലും കാര്യം അടിയന്തരപ്രമേയമായി ഉന്നയിക്കേണ്ടതായി കാണുന്നില്ല. എന്നിരുന്നാലും ഇന്നത്തെ നോട്ടീസ് ഒരു പ്രത്യേക കേസ്സായി അനുവദിക്കുകയാണ്. ഇന്ന് 33 സബ്മിഷനുകളും 5 ബില്ലുകളും സഭ മുൻപാകെ വരുന്നുണ്ട്. 5 ബില്ലുകളിലായി വിയോജനക്കുറിപ്പുൾപ്പെടെ 25 അംഗങ്ങൾ സംസാരിക്കേണ്ടതും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തരപ്രമേയത്തിന്റെ അവതരണവും മറുപടിയും മറ്റു നടപടികളും പരമാവധി അരമണിക്കൂറിൽ പൂർത്തീകരിക്കത്തക്കവിധത്തിൽ ക്രമീകരിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ പരാമർശിച്ചതുപോലെ ഇന്ന് വളരെ ഹെക്ടിക്കായ ഷെഡ്യൂളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാൻ നടപടി സ്വീകരിക്കാത്തതുമൂലം കർഷകസമൂഹം അതീവപ്രതിസന്ധിയിലാണെന്ന്

പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മോൻസ് ജോസഫ്, അൻവർ സാദത്ത്, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ബഹുമാന്യനായ മോൻസ് ജോസഫ് ഉൾപ്പെടെയുള്ള പ്രതിപക്ഷ എം.എൽ.എ.-മാർ നൽകിയിരിക്കുന്ന അടിയന്തര പ്രമേയത്തിന്റെ വിഷയം മൂന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളിലൂടെ ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട സാഹചര്യമില്ല. കാർഷികമേഖലയിലെ പ്രതിസന്ധി കേരളത്തിലെ കർഷകർക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്; എന്നാൽ സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം ഇവയെല്ലാം ഫലപ്രദമായി പരിഹരിക്കാൻ സാധ്യമാകുന്നുണ്ട്; പരിഹരിക്കുന്നതിനുള്ള വലിയ ഇടപെടൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. വിശദീകരണക്കുറിപ്പിൽ ബഹുമാന്യരായ എം.എൽ.എ.-മാർ

സൂചിപ്പിച്ചതുപോലെ റബ്ബർ, കാപ്പി, ഏലം, കുരുമുളക്, നാളികേരം തുടങ്ങിയവയുടെ വിലയിടിവിന് കാരണമായിരിക്കുന്നത് പ്രധാനമായും കേന്ദ്ര സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളാണ്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗശല്യവും കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ രാസവളത്തിന്റെ സബ്സിഡി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതും പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചതും കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റബ്ബറിന്റെ കാര്യം പ്രത്യേകമായി പരിഗണിക്കുമ്പോൾ; നേരത്തെ മൂന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾക്ക് ഈ സഭയിൽ രണ്ടുതവണ ഞാനും ഒരു തവണ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞതുപോലെ; തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. അക്കാര്യം ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണെന്ന് എല്ലാവർക്കുമറിയാം. എല്ലാ തരത്തിലുമുള്ള ഉണക്ക റബ്ബറിന്റെയും ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇന്ത്യാ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കാൻ നിർദ്ദേശം

നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായിട്ടില്ല. 1947-ലെ റബ്ബർ ആക്ടിലെ പുതിയ ഭേദഗതിപ്രകാരം റബ്ബർ കൃഷി എന്നത് കൃഷി അനുബന്ധ മേഖലയിൽനിന്നും മാറി വ്യവസായ മേഖലയിൽ ഉൾപ്പെടുത്തുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിലൂടെ കർഷകനെന്ന വ്യാഖ്യാനം തന്നെ ഇല്ലാതാകുന്ന തലത്തിലേയ്ക്കെത്തുന്നതാണ്. അത് കർഷകർക്ക് താങ്ങാവുന്ന ഒന്നായിരിക്കില്ല എന്നതുകൊണ്ട് പരിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ബോർഡ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിലൂടെ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം പകരുന്നത് കേരള സർക്കാരിന്റെ കർഷകസൗഹൃദമായ സമീപനംകൊണ്ടുമാത്രമാണ്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനാണ് 2015 മുതൽ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' കേരളത്തിൽ നടപ്പിലാക്കിവരുന്നത്. ഈ

പദ്ധതി നടപ്പിലാക്കിയതുവഴി റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ ഒന്നുമുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 12-12-2022 വരെ 1788.99 കോടി രൂപ ഏകദേശം നാലര ലക്ഷം കർഷകർക്കായി അനുവദിച്ചിട്ടുണ്ടെന്ന കാര്യംകൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. ശരാശരി നോക്കിയാൽ 40,000 രൂപയെങ്കിലും ഒരു കർഷകന് സഹായമായി ലഭിക്കുന്നുണ്ട്. മൊത്തമുള്ള എണ്ണവും ഈ തുകയുംകൂടി കണക്കുകൂട്ടുമ്പോൾ ഒരുപ്രാവശ്യം മാത്രമായിട്ടല്ല ഒരു കർഷകന് ഈ സഹായം ലഭിക്കുന്നത്, എന്നിരുന്നാലും കണക്കുകൂട്ടുമ്പോൾ കർഷകന് 40,000 രൂപയോളം സംസ്ഥാന സർക്കാരിന്റെ സഹായമായി ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ഒക്ടോബർ മാസം വരെയുള്ള ബില്ലുകൾക്കുള്ള പണം നൽകാനും കഴിഞ്ഞിട്ടുണ്ട്. ഈ തുക 170 രൂപയിൽനിന്നും വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 170 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെകൂടി സഹായമുണ്ടാകണമെന്നാണ്

നമ്മൾ ആവശ്യപ്പെട്ടിരിക്കുന്നത്. റബ്ബർ ഉൽപ്പാദനത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കേണ്ട ഉത്തരവാദിത്വവും ബാധ്യതയുമുള്ള കേന്ദ്ര സർക്കാർ അക്കാര്യത്തിൽ കാണിക്കുന്ന നിഷേധാത്മകമായ സമീപനത്തിൽ തിരുത്തൽ അത്യാവശ്യമായതുകൊണ്ടുതന്നെ ശക്തമായ ബഹുജനപ്രക്ഷോഭം ഉയർന്നുവരേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ കാണിക്കുന്ന നിലപാട് തിരുത്താനാവശ്യമായ യോജിച്ച മുന്നേറ്റം അത്യന്താപേക്ഷിതമാണ്. സാധാരണഗതിയിൽനിന്നും ഇപ്പോൾ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുകയെന്നത് സ്വാഭാവികമായും പ്രതിപക്ഷമെന്ന നിലയ്ക്ക് ചെയ്യുന്നതാണ്. കേന്ദ്ര സർക്കാരിന്റെ കാര്യം വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളും അതിനോടനുബന്ധിച്ചുള്ള നടപടികളെയുംകുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഇതുതന്നെയാണ് റബ്ബർ, നാളികേരം, ഏലം, കുരുമുളക്, തേയില എന്നിവയുടെ കാര്യത്തിലെല്ലാം ഉണ്ടായിരിക്കുന്നത്. കുരുമുളകിന്റെ കാര്യത്തിൽ അതിനൊരു അടിസ്ഥാനവില ഉൾപ്പെടുത്തണമെന്ന് സംസ്ഥാന

സർക്കാർ ആവശ്യപ്പെട്ടിട്ടും നിഷേധാത്മകമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. 25 വിളകൾക്ക് കേന്ദ്ര സർക്കാരിന്റെ എം.എസ്.പി. (മിനിമം സപ്പോർട്ട് പ്രൈസ്) ഉണ്ട്; അതിൽ കൊപ്രയും നെല്ലും മാത്രമാണ് ഉൾപ്പെടുന്നത്. പച്ചത്തേങ്ങയുടെ സംഭരണത്തിന് ഒരു രൂപപോലും നൽകാത്ത സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കുരുമുളകിന്റേയും പൈനാപ്പിളിന്റേയും കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഒരു തരത്തിലുമുള്ള അനുകൂല മറുപടിയും ഉണ്ടായില്ലെന്നുമാത്രമല്ല, അത് സാധിക്കില്ലെന്നാണ് അറിഞ്ഞിരിക്കുന്നത്. ഏലത്തിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. തേയില ഉൾപ്പെടെയുള്ള കാര്യത്തിൽ വന്നിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടലാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. സംസ്ഥാന സർക്കാർ കഴിവിന്റെ പരമാവധി എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ കർഷകരെ സഹായിക്കുന്ന നിലപാട് തന്നെയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും അതിനോടൊപ്പം സമ്മർദ്ദവും പ്രക്ഷോഭവുമെല്ലാം

ഉയർത്തിക്കൊണ്ടുവന്ന് ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള യോജിപ്പാണ് നമുക്കുണ്ടാകേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പിഴവുകൾകൊണ്ടാണ് ഇത്തരത്തിൽ സംഭവിച്ചിരിക്കുന്നതെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഈ സഭയിൽത്തന്നെ കാർഷിക വിഷയങ്ങൾ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടെങ്കിലും ഇതിനെല്ലാം ഒറ്റ മറുപടി മാത്രമാണ് സംസ്ഥാന ഗവണ്മെന്റിന് പറയാനുള്ളത്. 'ഇതെല്ലാം കേന്ദ്ര സർക്കാർ ചെയ്യാനുള്ളതാണ്, കേന്ദ്ര സർക്കാരിനോട് നമുക്ക് പറയാം, കേന്ദ്രത്തിലേയ്ക്ക് പോകാം' എന്നാണ്. ഈ മറുപടിയല്ലാതെ സംസ്ഥാന ഗവണ്മെന്റ് എന്തെങ്കിലും ചെയ്യുന്നുവെന്ന് പറയാൻ ഇതുവരെ കഴിയാത്തതുകൊണ്ടാണ് ഞങ്ങൾ ഈ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. കേരളത്തിലെ കൃഷിക്കാരന്റെ ഇന്നത്തെ അവസ്ഥ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത് രാഷ്ട്രീയപ്രേരിതമായിട്ടല്ല. കേരളത്തിലെ കർഷകൻ ഇന്ന് ജീവിക്കാൻ കഴിയാത്ത പ്രതിസന്ധിയിലൂടെ

കടന്നുപോകുകയാണ്; അതിലൊരു രാഷ്ട്രീയവുമില്ല. ജീവിക്കാൻ കഴിയാതെ കൃഷിക്കാരൻ കഷ്ടപ്പെടുന്നു എന്ന ഒറ്റ രാഷ്ട്രീയം മാത്രമേയുള്ളൂ. ഇത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒന്നിച്ച് അംഗീകരിക്കുന്ന കാര്യമാണ്. കൃഷിക്കാരെ സഹായിക്കാൻ കേന്ദ്ര സർക്കാരുമില്ല, കേരള സർക്കാരുമില്ല എന്ന സ്ഥിതിയാണ് വന്നിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരെ ഒന്നിച്ച് പ്രമേയം പാസ്സാക്കി സമരം ചെയ്യാൻ തയ്യാറായി നിൽക്കുന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങളാണ് കേരളത്തിന്റെ കാർഷിക മേഖലയെ തകർക്കുന്നതിന് മുഖ്യകാരണമാകുന്നത് എന്നതിൽ സംശയമില്ല. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളുണ്ടായാൽ, കേന്ദ്രം കർഷകരെ വഞ്ചിച്ചാൽ, സംസ്ഥാന സർക്കാരും അത് ചെയ്തേക്കാം എന്നാണോ നിലപാട്? സംസ്ഥാന ഗവണ്മെന്റ് അത് തിരുത്താൻ മുന്നോട്ട് വരേണ്ടതാണ്. കേന്ദ്ര ഗവണ്മെന്റിന്റെ ഈ നയങ്ങൾകൊണ്ട് ബുദ്ധിമുട്ടുണ്ടാകുമ്പോൾ കൃഷിക്കാരെ സഹായിക്കാൻ കേരള ഗവണ്മെന്റ് ആത്മാർത്ഥത കാണിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. കേരള ഗവണ്മെന്റ് കേന്ദ്ര സർക്കാരിനെ കുറ്റംപറഞ്ഞ് രക്ഷപ്പെടുന്നതല്ലാതെ ഒന്നുംചെയ്യുന്നില്ലെന്ന് പറയേണ്ടിവരുന്നതിൽ

സങ്കടമുണ്ട്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങൾമൂലം കേരളത്തിലെ റബ്ബർ കൃഷിക്കാരന് ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി; അതിരൂക്ഷമായ വിലത്തകർച്ചയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് കേന്ദ്ര സർക്കാരിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുകയല്ല ചെയ്തത്. ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ് ഇന്ത്യയുടെയും കേരളത്തിന്റെയും ചരിത്രത്തിലാദ്യമായി, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഏർപ്പെടുത്തിയത്. റബ്ബർ വിലസ്ഥിരതാ ഫണ്ട് കേരളത്തിൽ ഏർപ്പെടുത്തുന്നതിനായി റബ്ബറിന് താങ്ങുവിലയായി 150 രൂപ പ്രഖ്യാപിക്കുകയും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ റബ്ബർ കർഷകർക്കും പണം ലഭ്യമാക്കുകയും ചെയ്തു. പിന്നീട് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. 250 രൂപ താങ്ങുവില കൊടുക്കുമെന്നായിരുന്നു ഞങ്ങളെ മാറ്റി നിങ്ങളെ കൊണ്ടുവരുമ്പോൾ ജനങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ആ പ്രതീക്ഷയിൽ ആളുകൾ വോട്ടുചെയ്തു. നിങ്ങളുടെ പ്രകടനപത്രികയിൽ റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തിക്കൊടുക്കുമെന്ന് പറഞ്ഞതാണ് കുഴപ്പമായത്. നിങ്ങൾ ജനങ്ങളെ പറഞ്ഞുപറ്റിക്കുകയായിരുന്നു, ആറുവർഷമായില്ലേ? 2021-ൽ താങ്ങുവില 20

രൂപ വർദ്ധിപ്പിച്ചുവെന്ന് അങ്ങ് പറഞ്ഞു. യു.ഡി.എഫ്. സർക്കാർ 150 രൂപ കൊടുത്തു, എൽ.ഡി.എഫ്. സർക്കാർ 20 രൂപ കൊടുത്തു എന്നതല്ലേ സത്യം? നിങ്ങൾ കേന്ദ്ര സർക്കാരിനെ കുറ്റം പറഞ്ഞോളൂ, നമുക്കൊരുമിച്ച് കേന്ദ്ര സർക്കാരിനെ കുറ്റം പറയാം. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ 'കേന്ദ്ര സർക്കാർ തെറ്റ് തിരുത്തുന്നില്ല; സഹായിക്കുന്നുമില്ല, അതുകൊണ്ട് ഞങ്ങളിതാ സഹായിക്കാൻ വരുന്നു' എന്ന് പറഞ്ഞുകൊണ്ട് റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കാൻ നടപടിയെടുക്കണം. കൃഷി വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്, അങ്ങയോട് സ്നേഹമുണ്ട്. പക്ഷേ കർഷകൻ കരയുകയാണ്, വിഷമിക്കുകയാണ്. അങ്ങേയ്ക്ക് ഒന്നും ചെയ്യാനും പറ്റുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി സഹായിക്കാത്തതാണോ; ഗവൺമെന്റ് തീരുമാനിക്കാത്തതാണോ? അങ്ങ് ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. ഇപ്പോൾ റബ്ബറിന് 170 രൂപയാണുള്ളത്, റബ്ബർ കൃഷിക്കാരൻ ചോദിക്കുന്നത് 250 രൂപയാണ്.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ്, ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. പറയുന്നത് ഭരണപക്ഷത്തേയ്ക്കായിപ്പോകുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് സ്വീകരിച്ചിരിക്കുന്നു. വളരെ ഗൗരവമായി ചൂണ്ടിക്കാണിക്കുകയാണ്, ഇപ്പോൾ കൊടുക്കുന്നത് 170 രൂപയാണ്, മൂന്നുനാല് മാസമായി നമ്മളെല്ലാവരും ശക്തമായി ഇടപെടാനും ബഹളമുണ്ടാക്കാനും തുടങ്ങിയപ്പോഴാണ് ഇതിന് അപേക്ഷ നൽകാനുള്ള സൈറ്റ് ഓപ്പൺ ചെയ്തത്. ഇപ്പോൾ സൈറ്റ് ഓപ്പൺ ചെയ്യുകയും സഭയിൽ ഈ വിഷയം വന്നപ്പോൾ കുറച്ച് കുടിശ്ശിക തീർക്കുകയും ചെയ്തു. 170 രൂപയെങ്കിലും കൃത്യമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. റബ്ബർ കർഷകർ ഇത്രയും വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, എൽ.ഡി.എഫ്. ഭരണത്തിൽ വന്നാൽ കൊടുക്കുമെന്ന് പറഞ്ഞ 250 രൂപ വിലസ്ഥിരതാ ഫണ്ട് കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇതുപോലെ എല്ലാ രംഗത്തും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. നാളികേര സംഭരണം പരാജയപ്പെട്ടിരിക്കുന്നു, നെൽകൃഷിക്കാർ പ്രതിസന്ധിയിലായിരിക്കുന്നു, തേയില കൃഷിയുമായി ബന്ധപ്പെട്ട് വിലത്തകർച്ചയുണ്ടായിരിക്കുന്നു, കാപ്പികൃഷിക്കാർ ബുദ്ധിമുട്ടിലായിരിക്കുന്നു എന്നെല്ലാം അങ്ങിവിടെ ചൂണ്ടിക്കാണിച്ചു. എല്ലാ

രംഗത്തും ഇതുപോലെയുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ ഇതിന് പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റ് മുന്നോട്ടുവരേണ്ടതാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രശ്നപരിഹാരത്തിനായി ഓരോ രംഗത്തും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി ചെയർമാനായി ആർ. ഹേലി ഉൾപ്പെടെയുള്ള കേരളത്തിലെ കർഷക പ്രതിഭകളെ ഉൾപ്പെടുത്തി രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ടോ? അങ്ങ് ആ റിപ്പോർട്ട് ഗൗരവമായി വായിച്ചാൽ ഈ നാട്ടിലെ കൃഷിക്കാർക്കുവേണ്ടി എന്തെല്ലാം ചെയ്യാനുണ്ടെന്ന് മനസ്സിലാകും. കേരള കോൺഗ്രസിന്റെ നേതാവും ഗാന്ധിജി സ്റ്റഡി സെന്ററിന്റെ ചെയർമാനുമെന്ന നിലയിൽ ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ എല്ലാവർഷവുവം തൊടുപുഴയിൽ സംസ്ഥാന കാർഷിക മേള നടക്കാറുണ്ട്. ആ മേളയിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും പങ്കെടുത്തുകൊണ്ട് ചർച്ച നടത്തുകയും അതിലെ തീരുമാനങ്ങളും നിർദ്ദേശങ്ങളുമെല്ലാം എല്ലാവർഷവും ഗവണ്മെന്റിലേയ്ക്ക് സമർപ്പിക്കാറുമുണ്ട്. അതിലെ ഒരുകാര്യം നടപ്പാക്കാനുള്ള ആത്മാർത്ഥത കാണിക്കുമോ? കേന്ദ്ര സർക്കാർ

ചെയ്യുന്നതുപോലെ കാർഷിക മേഖലയെ അവഗണിച്ച സാഹചര്യം സംസ്ഥാന ഗവണ്മെന്റും ഇവിടെ ഉണ്ടാക്കുന്നത് കടുത്ത അനീതിയാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് കേരളത്തിന്റെ അനിവാര്യതയാണ്. കർഷകൻ ഇന്ന് കടത്തിൽ ജനിക്കുന്നു, കടത്തിൽ മരിക്കുന്നു. അവന് ഒരു രക്ഷയുമില്ലാത്ത അവസ്ഥയിലാണുള്ളത്. കേരളം നിലനിൽക്കുന്നത് കൃഷിയിൽ അധിഷ്ഠിതമായാണ്. അതുകൊണ്ട് കാർഷിക മേഖലയ്ക്കായി സംസ്ഥാന ഗവണ്മെന്റ് ഒരു പാക്കേജ് പ്രഖ്യാപിക്കണം. ഈ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കാനായി ഗവണ്മെന്റ് സഭാനടപടികൾ നിർത്തിവച്ച് കാര്യങ്ങൾ ചർച്ച ചെയ്യണം, രാഷ്ട്രീയത്തിനതീതമായി വിഷയങ്ങൾ കാണണം. കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ ഒന്നിച്ച് എതിർക്കാമെന്ന് തുറന്ന മനസ്സോടെ ഗവണ്മെന്റിനോട് ഞങ്ങൾ പറയുകയാണ്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്തശേഷം മാത്രമെ സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര സർക്കാരിനെ കുറ്റം പറഞ്ഞ് രക്ഷപ്പെടാൻ പാടുള്ളൂ. കേരളത്തിലെ കർഷക ജനത അനുഭവിക്കുന്ന ദുരന്തപൂർണ്ണമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്

സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ശ്രീ. മോൻസ് ജോസഫ്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ഒന്നും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. നാളിതുവരെ ചെയ്ത ഒരു കാര്യത്തെക്കുറിച്ചും അങ്ങ് പരാമർശിച്ചിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ സമയത്തിന്റെ പരിമിതി ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകാതിരുന്നത്. 1,788.99 കോടി രൂപ കേരളത്തിലെ റബ്ബർ കർഷകർക്ക് ഗവണ്മെന്റ് നൽകിയത് കാണാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. 2022 ഒക്ടോബർ മാസം വരെയുള്ള ബില്ലുകളുടെ പണം നൽകിയത് എന്തിനാണ് മറച്ചുവയ്ക്കുന്നത്? ഇവിടെ കർഷകർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം അദ്ദേഹം ഉന്നയിക്കുമെന്നാണ് ഞാൻ കരുതിയത്. സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്താനായി ഒരുപാട് സമയം ഉപയോഗിച്ചപ്പോൾ അക്കാര്യം പറയാൻ വിട്ടുപോയതായിരിക്കാം. ശ്രീ. മോൻസ് ജോസഫ് ഇൻകം സപ്പോർട്ട് സ്കീമിൽ രജിസ്ട്രേഷൻ നടത്തേണ്ട സമയത്തിന്റെ പ്രശ്നത്തെപ്പറ്റി

സൂചിപ്പിച്ചു. ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാന സർക്കാരിനുമാത്രമായി ഇക്കാര്യങ്ങളെല്ലാം ചെയ്ത് റബ്ബർ കർഷകരെ സഹായിക്കുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ കേന്ദ്രത്തിന്റെ സഹായം അത്യന്താപേക്ഷിതമാണ്.

ശ്രീ. എം. വിൻസെന്റ്: സർ, നിങ്ങൾ പറയുന്ന കേരള ബദൽ എന്താണ്?

ശ്രീ. പി. പ്രസാദ്: സർ, ആ കേരള ബദലിന്റെ ഭാഗമായാണ് 1,788.99 കോടി രൂപ കാർഷിക മേഖലയ്ക്ക് നൽകിയിരിക്കുന്നത്. ഒരു രൂപ പോലും കേന്ദ്ര സഹായമില്ലാതെയാണ് നാളിതുവരെയും ഇത്രയും തുക നമ്മൾ നൽകിയിട്ടുള്ളത്. മറ്റൊരു കാര്യം, രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയം നവംബർ 30-ന് അവസാനിച്ചിരുന്നുവെന്ന പ്രശ്നമുണ്ടായിരുന്നു, കൂടുതൽ കർഷകർക്ക് രജിസ്ട്രേഷനുള്ള അവസരം ഒരുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അനുകൂലമായ നിലപാടെടുക്കുമെന്ന് അറിയിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ ഇതിനെക്കുറിച്ച് കൃത്യമായി പറഞ്ഞിരുന്നില്ലേയെന്ന് ചോദിച്ചു. പ്രകടനപത്രികയിൽ പറഞ്ഞിരുന്നുവെന്നത് ശരിയാണ്. റബ്ബറിന്റെ

റീ-പ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്നായിരുന്നു അതിൽ പറഞ്ഞിരുന്നത്. റബ്ബറിന്റെ സംഭരണ വില ഉയർത്തുന്നതിനാവശ്യമായ തുകയുടെ ഒരു ഭാഗം കേന്ദ്രഗവണ്മെന്റ് വഹിക്കണമെന്ന് ആവശ്യപ്പെടുക എന്നുള്ളതാണ് ആ പ്രകടനപത്രികയിൽത്തന്നെ പറഞ്ഞിരുന്നത്. അതിനായി ജനകീയ പ്രക്ഷോഭം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, ചെയറിനെ അഭിസംബോധന ചെയ്യൂ.....

ശ്രീ. പി. പ്രസാദ്: സർ, റബ്ബറിന്റെ താങ്ങുവില ഘട്ടംഘട്ടമായി 250 രൂപയായി ഉയർത്തുന്നതാണ്. അതിന് കേന്ദ്ര സർക്കാരിന്റെ സഹായം അത്യന്താപേക്ഷിതമാണ്. അത് നേടിയെടുക്കാൻ എം.പി.-മാർ ഉൾപ്പെടെയുള്ളവർ പാർലമെന്റിലും പാർലമെന്റിന് പുറത്ത് നമ്മളും ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. 2020-21-ൽ 4.1 ലക്ഷം ടണ്ണും 2021-22 വർഷത്തിൽ 5.46 ലക്ഷം ടണ്ണും റബ്ബറാണ് ഇറക്കുമതി ചെയ്തത്. റബ്ബർ കർഷകരെ സഹായിക്കുന്ന കാര്യം ചർച്ചചെയ്യുമ്പോൾ ഈ പ്രശ്നത്തെ കാണാതിരിക്കരുത്. ആസിയാൻ കരാറിനെക്കുറിച്ച് നേരത്തേ പറഞ്ഞു.

നമ്മൾ കേരള റബ്ബർ ലിമിറ്റഡ് രൂപീകരിച്ചു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ് (Hindustan Newsprint Limited)-ന്റെ ഭൂമി ഏറ്റെടുത്ത് 'സിയാൽ' മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നത്, കേരളത്തിലെ റബ്ബർ കർഷകർക്ക് പ്രയോജനപ്പെടുമെന്നതുകൊണ്ടാണ്. റബ്ബറിന്റെ മൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ വരുന്നതിന്റെ തുടക്കമാണിത്. റോഡ് നിർമ്മാണത്തിന് മുൻകാലങ്ങളിലും റബ്ബർ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ പ്രചരണത്തിനും പ്രോത്സാഹനത്തിനുംവേണ്ടി ബഡ്ജറ്റിൽ 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. താങ്ങുവില വർദ്ധിപ്പിക്കുന്നതോടൊപ്പം റബ്ബർ ഇവിടെത്തന്നെ കൂടുതലായി ഉപയോഗിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നത് റബ്ബർ കർഷകരെ സഹായിക്കാനായി സ്വീകരിച്ച പ്രാരംഭ നടപടികളാണെന്ന കാര്യം വിസ്മരിക്കരുത്. ഇവിടെ കഴിഞ്ഞ ദിവസം ആദരണീയനായ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഇൻഡോ-പസഫിക് കരാറിനെക്കുറിച്ച് പറഞ്ഞിരുന്നു. 2022 മേയ് മാസത്തിൽ ഒപ്പുവച്ച 13 രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഇൻഡോ-പസഫിക് എക്കണോമിക് ഫ്രെയിംവർക്ക് ഫോർ പ്രോസ്പെരിറ്റി കരാർ പ്രകാരം ഇറക്കുമതി വീണ്ടും വർദ്ധിക്കാൻ പോകുകയാണ്. വളരെ വലിയ

പ്രതിസന്ധിയിലേയ്ക്ക് പോകുമ്പോൾ അതിന്റെ രാഷ്ട്രീയത്തെ ഗൗരവമായി കാണേണ്ടത് അത്യന്താപേക്ഷിതമാണ്. ഞാൻ നേരത്തെ തേയില ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കൃഷി വകുപ്പ് തേയില, ഏലം ഇതിന്റെയെല്ലാം കാര്യത്തിൽ ഇടപെടുന്നുണ്ട്. എന്നാൽ കൃഷി വകുപ്പ് ദേവികുളത്ത് തേയിലയെടുക്കുന്ന തൊഴിലാളികളെ സഹായിക്കാൻ SMAM (Sub-Mission on Agricultural Mechanisation) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തൊഴിലാളികൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനുമായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാന സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് പറയരുത്. തേയിലയുടെ കാര്യവുമായി ബന്ധപ്പെട്ട് ആദരണീയനായ പീരുമേട് എം.എൽ.എ. ശ്രീ. വാഴൂർ സോമനും അന്തരിച്ച സി. എ. കുര്യനുംകൂടി കേന്ദ്രമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ കണ്ടപ്പോൾ ഇതിനായി ആയിരംകോടി രൂപ കേരളത്തിനും തമിഴ്നാട്ടിനും പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. പക്ഷെ, കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ തുക അനുവദിച്ചത് ആസ്സാമിനും ബംഗാളിനുമായി മാറി. ആസിയാൻ കരാറിന്റെ പ്രശ്നംകൂടി വരുമ്പോൾ വീണ്ടും ഈ മേഖല കുറച്ചുകൂടി ബുദ്ധിമുട്ടിലേയ്ക്ക് മാറുകയാണ്.

നാളികേരത്തിന്റെ കാര്യത്തിൽ വലിയ പ്രതിസന്ധിയുണ്ടാകുന്ന അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാനത്തിന് അത്യന്താപേക്ഷിതമാണ്. ഞാൻ കഴിഞ്ഞ ദിവസം സർവ്വശ്രീ കുറുക്കോളി മൊയ്തീനും സി. എച്ച്. കുഞ്ഞമ്പുവിനും മറുപടി പറയുമ്പോൾ നാളികേരത്തിനുവേണ്ടിയുള്ള 82 കേന്ദ്രങ്ങളുണ്ടെങ്കിലും എല്ലായിടത്തും കേന്ദ്രങ്ങളായി എന്നല്ല പറയുന്നത്. അത് വീണ്ടും വർദ്ധിപ്പിക്കുന്നതാണ്. അതിൽ VFPCK-യുടെയും കേരഫെഡിന്റെയും 22 കേന്ദ്രങ്ങൾ മൊബൈൽ പ്രൊക്യൂർമെന്റ് സെന്ററായി പ്രവർത്തിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 19.78 കോടി രൂപയാണ് കേന്ദ്രസർക്കാരിൽനിന്ന് ഒരു രൂപയുടെ പോലും സഹായവുമില്ലാതെ കേരളത്തിലെ നാളികേര കർഷകർക്ക് ഈ സംഭരണകാലത്ത് നൽകിയിരിക്കുന്നത്. കേരളം ഒന്നും ചെയ്യുന്നില്ലെന്ന് പറയുന്നത് ശരിയല്ല, അങ്ങനെ പറയരുത്. കർഷകർക്ക് ന്യായമായ വില ലഭ്യമാക്കേണ്ടതും കൃഷിക്കാരൻ കൃഷിയിടങ്ങളിൽ ഉറച്ചുനിൽക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടൽ നടത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വിളയിടങ്ങളെ അടിസ്ഥാനപ്പെടുത്തി ഉത്പന്നങ്ങളുടെ അളവനുസരിച്ച് അവ

സംഭരിക്കുന്നതിനും സംവിധാനമുണ്ടാകണം. കർഷകരുടെ ഉല്പന്നങ്ങളിൽ പെട്ടെന്ന് കേടാകുന്നവ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കോൾഡ് സ്റ്റോറേജുകൾ, റെഫ്രിജറേറ്റർ, വാഹനങ്ങൾ എന്നിവയെല്ലാം അത്യന്താപേക്ഷിതമാണ്. അതിനായി 19 റീഫർ വാനുകൾ കേരളം പുറത്തിറക്കിക്കഴിഞ്ഞിരിക്കുന്നു. 7 വാഹനങ്ങൾകൂടി ഇപ്രാവശ്യം ഇറക്കുന്നതാണ്. നേരത്തെ പറഞ്ഞതുപോലെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക ബാങ്കുകളെല്ലാം സഹായിക്കുമ്പോൾ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയും. കോൾഡ് സ്റ്റോറേജുകളിൽ കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിലയുള്ള അവസരങ്ങളിൽ വില്പന നടത്തുന്ന രീതിയിലുള്ള ആസൂത്രണം ആവശ്യമാണ്. അതിലേയ്ക്ക് കേരളം ചുവടുവച്ചുകഴിഞ്ഞു. വിള അടിസ്ഥാനപ്പെടുത്തിയുള്ള ആസൂത്രണത്തിൽ മാറ്റംവരുത്തി, കൃഷിയിടത്തെ അടിസ്ഥാനമാക്കി വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്ന നിലയിലാക്കി. 10076 ഫാം പ്ലാനുകൾ കേരളത്തിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാരന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാകുമ്പോൾ മാത്രമെ അവരെ ശരിയായ വിധത്തിൽ

സഹായിക്കാൻ കഴിയുകയുള്ളൂ. കേരഗ്രാമത്തിലേയ്ക്ക് എത്തുന്നത് അതിന്റെ ഭാഗമായാണ്. ഓരോ കേരഗ്രാമങ്ങളും അവിടത്തെ കേര സമിതികളും നാളികേര കർഷകരുടെ നാളികേരം സംഭരിച്ച് അവിടങ്ങളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി നാട്ടിലും മറുനാട്ടിലുമായി വിപണനം നടത്തുന്ന തരത്തിലാണ് ഇപ്പോൾ നീങ്ങുന്നത്. ഇവിടെയിരിക്കുന്ന ആദരണീയരായ ഭരണ-പ്രതിപക്ഷത്തുള്ള നിരവധി നിയമസഭാ സാമാജികന്മാർ മുൻകയ്യെടുത്ത് ആ കാര്യങ്ങൾ ചെയ്യുന്നുണ്ട്. കേരഗ്രാമങ്ങളിൽനിന്ന് അത്തരം ഉല്പന്നങ്ങളുണ്ടാക്കുന്നത് നാളികേര കർഷകർക്ക് സഹായകമായിട്ടുണ്ട്. അവരെയെല്ലാം ഹൃദയം നിറഞ്ഞ് അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. എങ്ങനെയാണ് കർഷകരെ സഹായിക്കാൻ കഴിയുന്നത്; മൂല്യവർദ്ധിത ഉൽപന്നങ്ങളെന്ന് വെറുതെ പറഞ്ഞതുകൊണ്ടായില്ല. 1076 കൃഷിഭവനുകളിൽനിന്ന് ഒരു കൃഷിഭവൻ ഏറ്റവും കുറഞ്ഞത് ഒരു മൂല്യവർദ്ധിത ഉല്പന്നമെന്നതാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ഇതിനുവേണ്ടിമാത്രമായി ഒരു പ്രത്യേക മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് വാല്യു ആഡഡ് അഗ്രികൾച്ചറൽ മിഷൻ രൂപീകരിച്ചത്. കർഷകനെ സഹായിക്കാൻ വേണ്ടി

11 വകുപ്പുകൾ എന്നത് ഇന്ത്യയിൽ വേറെ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, മൂല്യവർദ്ധിത ഉല്പന്നങ്ങളെക്കുറിച്ചാണ് പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നീര പാനീയം ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ നീരയുടെ ഉൽപ്പാദനം എവിടെ എത്തിനിൽക്കുന്നു?

ശ്രീ. പി. പ്രസാദ്: സർ, നീരയുടേത് നമ്മൾ പ്രത്യേകമായി പരിഗണിക്കേണ്ട കാര്യമാണ്. എൽ.ഡി.എഫ്. സർക്കാർ ഭരണത്തിൽ വരുമ്പോൾ ഒരു സ്ഥലത്ത് മാത്രമാണുണ്ടായിരുന്നത്. ഷെൽഫ് ലൈഫിന്റെ പ്രശ്നം ഉൾപ്പെടെയുള്ള വിഷയങ്ങളുണ്ട്. അതിന്റെ സംഭരണം, സംസ്കരണം പായ്ക്കിംഗ് തുടങ്ങിയ വിഷയങ്ങളുണ്ട്. അത് പ്രത്യേകമായി പരിഗണിക്കാനാണ് ആലോചിച്ചിരിക്കുന്നത്. അവരെല്ലാം വലിയ പ്രതിസന്ധിയിലാണ് നിൽക്കുന്നതെന്ന് പറഞ്ഞത് ശരിയാണ്. അതുകൊണ്ട് അത് റിവൈവ് ചെയ്ത് മുമ്പോട്ടുകൊണ്ടുപോയില്ലെങ്കിൽ വളരെയേറെ ആളുകൾ പ്രതിസന്ധിയിലാകും. അതിൽ എന്റെയും അങ്ങയുടെയും നാട്ടിലുള്ളവരുണ്ടെന്നറിയാം. വാല്യൂ ആഡഡ് അഗ്രികൾച്ചറൽ

മിഷൻ എങ്ങനെയാണ് നടപ്പാക്കുന്നത്? ലഭ്യമാകുന്ന ഇടങ്ങളിൽ നിന്നെല്ലാം വായ്പ എടുത്തുകൊണ്ടുള്ള പദ്ധതിയിലേയ്ക്കാണ് നീങ്ങിയത്. രണ്ടായിരത്തി ഒരുനൂറ്റി ഒൻപത് കോടി രൂപയുടെ സഹായം വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷന്റെ ഭാഗമായി കേര പ്രോജക്ടിലൂടെ കേരളത്തിൽ വരുംവർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഇത് കേരളത്തിലെ കർഷകർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും വിനിയോഗിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് എത്തും. ഏറെക്കുറെ പ്രതിസന്ധികൾ പരിഹരിക്കാനും കർഷകരെ സഹായിക്കാനും ഇത്തരത്തിലുള്ള പദ്ധതികളിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. KABCO (Kerala Agro-Business Company) ജനുവരിയിൽ യാഥാർത്ഥ്യമാകുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. കർഷകരെ സഹായിക്കുന്നതിനായി എവിടെയെല്ലാമാണ് കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതെന്നും ഓരോ മേഖലകളെടുത്ത് പ്രത്യേകം ചർച്ചചെയ്യുന്നതിനും സംസ്ഥാന സർക്കാർ സന്നദ്ധമാണ്. കേരളത്തിലെ കർഷകർക്ക് കൃഷികൊണ്ട് അന്തസ്സായ ജീവിതം നയിക്കാൻ കഴിയുന്ന തരത്തിലുള്ള

ഇടപെടലുകളുടെ ഭാഗമായാണ് കാബ്കോ രൂപീകരിക്കുന്നത്. ഇക്കാര്യത്തിൽ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിനെതിരെ ശക്തമായ സമ്മർദ്ദത്തിന്റെയും സമരത്തിന്റെയും പാതകൂടി സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനുള്ള യോജിപ്പുകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതാരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൃഷിക്കാർക്ക് കൃഷികൊണ്ട് ഉപജീവനം നടത്താൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്നാണ് സർക്കാരിന്റെ ആഗ്രഹം എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. കേരളത്തിലെ ഏതെങ്കിലും മേഖലയിലുള്ള ഒരു കർഷകന് കൃഷികൊണ്ട് ഉപജീവനം നടത്താൻ പറ്റുന്ന സാഹചര്യമാണോ നിലവിലുള്ളത്? മഹാപ്രളയമുണ്ടായി,

മഹാമാരിയുണ്ടായി, കാലാവസ്ഥാ വ്യതിയാനത്തിലും കേന്ദ്ര നടപടികളിലും പ്രശ്നമുണ്ടായി, വ്യാപകമായ കടബാധ്യതകൾ, വന്യജീവി ശല്യം, അതിനെ തുടർന്നുണ്ടാകുന്ന കർഷക ആത്മഹത്യകൾ തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ട്. കർഷകൻ എക്കാലത്തേയും ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന കാലത്തുകൂടിയാണ് പോകുന്നത് എന്നതാണ് യാഥാർത്ഥ്യം. റബ്ബർ കൃഷിയെക്കുറിച്ച് പറയുമ്പോൾ നമുക്കറിയാം, റബ്ബർ ഒരു കൃഷിമാത്രമല്ല അത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലുകൂടിയായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിച്ചിരുന്ന സംസ്ഥാനമാണിത്. കേന്ദ്രത്തിന്റെ നടപടികൾ വ്യാപകമായി റബ്ബറിനെ ബാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നേരത്തെ 25 ശതമാനം ഇറക്കുമതി ചുങ്കമുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ റബ്ബർ കോമ്പൗണ്ടിന് 10 ശതമാനമാക്കി കുറച്ചു. ടയർ കമ്പനികളെല്ലാംകൂടി ഇടപെട്ട് കഴിഞ്ഞപ്പോൾ റബ്ബർ കോമ്പൗണ്ടിന് 10 ശതമാനം നികുതി നിരക്കിൽ ഇറക്കുമതി ചെയ്യാവുന്ന സാഹചര്യം സൃഷ്ടിച്ചതാണ് ഏറ്റവും വലിയ പ്രശ്നമായി നിൽക്കുന്നത്. ഇറക്കുമതി എന്നുപറയുന്നത് വ്യാപകമായി നടക്കുകയാണ്. മാത്രമല്ല നാല് പ്രധാനപ്പെട്ട ടയർ കമ്പനികൾ 'ആത്മ' എന്നപേരിൽ സംഘടന രൂപീകരിച്ച്

ആയിരം കോടി രൂപ മുടക്കി രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ കൃഷി ആരംഭിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. റീ-പ്ലാന്റിംഗ് സബ്സിഡിക്കായി കേന്ദ്ര സർക്കാർ കേരളത്തിന് മുപ്പതിനായിരം രൂപ കൊടുക്കുമ്പോൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കൊടുക്കുന്നത് ഒന്നര ലക്ഷം രൂപയാണ്. വലിയ വിവേചനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ട്. ആ സമയത്താണ് റബ്ബറിന്റെ വില വ്യാപകമായി താഴേയ്ക്ക് പോയത്. നൂറ് രൂപ റബ്ബറിനുണ്ടായിരുന്ന സമയത്താണ് 150 രൂപ താങ്ങുവില പ്രഖ്യാപിച്ചത്. ഇപ്പോൾ 170 രൂപയായി. 170 രൂപകൊണ്ട് പിടിച്ചുനിൽക്കാൻ ഈ സമയത്ത് കഴിയുന്നില്ല. അതുകൊണ്ട് റബ്ബർ കൃഷി ലാഭകരമല്ലാതായി മാറിയതുകൊണ്ട് ടി കൃഷിയിൽനിന്ന് ആളുകൾ ഒഴിഞ്ഞുപോകുന്ന കാലഘട്ടമാണ്. സബ്സിഡി അല്ലെങ്കിൽ ഇതിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ ഈ മേഖല തകർച്ചയിലേയ്ക്കുതന്നെ പോകുമെന്ന കാര്യത്തിന് യാതൊരു സംശയവുമില്ല. റബ്ബറിന്റെ കാര്യത്തിൽ കേരളം തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിക്കും. അതുകൊണ്ടാണ് റബ്ബറിന്റെ

താങ്ങുവില വർദ്ധിപ്പിക്കാൻവേണ്ട നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കണമെന്ന് ഞങ്ങൾ ആവർത്തിച്ച് പറഞ്ഞത്. കാർഷിക മേഖലയ്ക്ക് എല്ലാ കാലത്തും താങ്ങുവില കൊടുക്കേണ്ടി വരില്ല. കാരണം റബ്ബറിന്റെ വില 170/- രൂപയുടെ മുകളിലായിരുന്ന സമയത്തൊന്നും താങ്ങുവില കൊടുക്കേണ്ടി വന്നിട്ടില്ല. വളരെ കുറച്ചുകാലം മാത്രമാണ് താങ്ങുവില കൊടുക്കേണ്ടിവന്നത്. താങ്ങുവില വർദ്ധിപ്പിച്ച് തകരുന്ന ഈ മേഖലയെ പിടിച്ചുനിർത്തിയില്ലെങ്കിൽ പിന്നീട് നമുക്കാർക്കും ഒന്നും ചെയ്യേണ്ടി വരില്ല. അതുകൊണ്ടാണ് താങ്ങുവില വർദ്ധിപ്പിക്കണമെന്നുള്ള നിലപാട് ഞങ്ങൾ സ്വീകരിച്ചത്.

നാളികേര സംഭരണം ശരിയായി നടക്കുന്നുണ്ടോയെന്ന് നെഞ്ചിൽ കൈവച്ച് പറയണം. സംഭരണം പരാജയമാണ് കാരണം സംഭരണകേന്ദ്രങ്ങൾ കുറയുകയാണ്. ഒരു വാഹനമെടുത്ത് അമ്പത് കിലോമീറ്റർ ദൂരമൊക്കെ സഞ്ചരിച്ച് നാളികേരം സംഭരണ കേന്ദ്രത്തിലെത്തിക്കാൻ സാധാരണക്കാർക്ക് കഴിയില്ല. അതുകൊണ്ട് കൃഷിഭവൻ വഴി നാളികേരം സംഭരിക്കാൻവേണ്ട സംവിധാനം ഏർപ്പെടുത്തണം. 32/- രൂപ സംഭരണം പ്രഖ്യാപിച്ചത് നല്ല

ത്തുകതന്നെയാണ്. പൊതുവിപണിയിൽ 25/- രൂപ വിലയുള്ളപ്പോൾ നാളികേര കർഷകന് ഒരു നാളികേരത്തിന് കിട്ടുന്നത് 12/- രൂപയാണ്. ഒരു തെങ്ങിൽ കയറുന്നതിന് 50-60 രൂപവരെ കൊടുക്കണം. ഒരു തെങ്ങിൽ കയറി നാളികേരമിട്ടുകഴിഞ്ഞാൽ കയറ്റക്കൂലി കൊടുക്കാൻപോലുമുണ്ടാകില്ല. പല സ്ഥലങ്ങളിലും തെങ്ങിൽ കയറാതെ തേങ്ങ വീണുപോകുകയാണ്. ഇത് കേരളം കണ്ട ഏറ്റവും വലിയ പ്രതിസന്ധിയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിക്കുന്ന വടകര, കുറ്റ്യാടി മേഖലകളിൽ സംഭരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ എവിടെ സംഭരണമുണ്ടെന്നാണ് കർഷകർ ചോദിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, അങ്ങ് പറഞ്ഞ ഈ പ്രശ്നം പ്രത്യേകിച്ചും മലബാറിലാണ് ഉള്ളത്. എല്ലാ കൃഷിഭവനുകളും കേന്ദ്രീകരിച്ച് സംഭരിക്കാൻ ബുദ്ധിമുട്ടായതിനാൽ 22 വാഹനങ്ങളെടുത്ത് അതത് ഇടങ്ങളിൽ വാഹനങ്ങളിൽ പോയി സംഭരിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് അടിയന്തരമായി നടപ്പിലാക്കുന്നതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് കഴിഞ്ഞതവണ പറഞ്ഞപ്പോൾ കേരഫെഡിനോട് 27 സംഭരണകേന്ദ്രവും വി.എഫ്.പി.സി.കെ.-യോട് 28 സംഭരണകേന്ദ്രവും നാളികേര വികസന കോർപ്പറേഷനോട് 30 സംഭരണ കേന്ദ്രവും അധികമായി ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ എല്ലാ ജില്ലകളിൽ പോകുമ്പോഴും നാളികേരവുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ പരാതികൾ വരുന്നത്. നാളികേര സംഭരണത്തിൽ ഇതുവരെ സർക്കാരിന്റെ ഭാഗത്തുനിന്ന് പരാജയമാണുണ്ടായിട്ടുള്ളത്. കർഷകന് പ്രയോജനകരമായ രീതിയിലുള്ള സംഭരണം നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഏലത്തിന്റെ വില 5,000/- രൂപയിൽനിന്ന് 1,100/- രൂപയായി, പിന്നീട് 850/- രൂപയായി. ഉൽപ്പാദനച്ചെലവ് 1,100/- രൂപയാണ്. വളത്തിന്റെയും കീടനാശിനികളുടെയും വില ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. വൈദ്യുതി വകുപ്പുമന്ത്രി നല്ല കർഷകനാണ്. ഒരു കർഷകൻ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടറിയാവുന്ന ആളാണ് അദ്ദേഹം. വളത്തിന്റെ വില വർദ്ധന, ഫാക്ടംഫോസിന് പത്തുമാസത്തിനിടയിൽ 500/- രൂപയാണ് കൂടിയത്. അമോണിയം

സൾഫേറ്റിന് 75/- രൂപ കൂടി. പൊട്ടാഷിന് 899/- രൂപയുണ്ടായിരുന്നത് 1,200/- രൂപയാണ്. കർഷകൻ എങ്ങനെ ജീവിക്കും; എങ്ങനെയാണ് കൃഷി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത്? തേയിലയുടെ കാര്യം, പച്ചക്കൊളുന്തിന്റെ വില ആറുമാസത്തിന് മുമ്പ് 24/- രൂപയായിരുന്നത് ഇപ്പോൾ 13/- രൂപയാണ്. ഇടനിലക്കാർ യഥാർത്ഥ വില കൊടുക്കുന്നില്ല. ഇടനിലക്കാർ ഗുണനിലവാരം കുറവാണെന്നുപറഞ്ഞ് തേയില സംഭരിക്കുന്നില്ല. കേരളത്തിൽ കുരുമുളകിന്റെ സ്ഥിതിയെന്താണ്? കേരളത്തിൽ വാസ്കോഡഗാമ ഉൾപ്പെടെയുള്ള വിദേശീയർ വന്നത് കറുത്ത സ്വർണ്ണം തേടിയാണ്. ഇവിടെ ഇപ്പോൾ കറുത്ത സ്വർണ്ണമുണ്ടോ? കേരളത്തിൽ കുരുമുളകിന്റെ ഉൽപ്പാദനം അഞ്ചിലൊന്നായി കുറഞ്ഞിരിക്കുകയാണ്. മാത്രമല്ല, ഒന്നുരണ്ട് വർഷം തുടർച്ചയായുണ്ടാകുന്ന അതിവർഷവും കുരുമുളക് ചെടിക്കുണ്ടാകുന്ന രോഗങ്ങൾമൂലവും കിളുന്ത് വരുമ്പോൾത്തന്നെ നശിച്ചുപോകുകയാണ്. കേരളത്തിൽ കുരുമുളക് കണികാണാൻ കിട്ടാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. വളരെ കുറച്ച് ഉൽപ്പാദനം മാത്രമേയുള്ളൂ. കേരളത്തിലെ മാളുകളിലും സൂപ്പർമാർക്കറ്റുകളിലുമൊക്കെ ലഭിക്കുന്നത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന

കുരുമുളകല്ല. അങ്ങനെ മൊത്തത്തിലുണ്ടായ മാറ്റങ്ങൾ വളരെയേറെയാണ്. പഴം-പച്ചക്കറി മേഖലയിൽ താങ്ങുവില കൊടുത്ത് സംഭരിക്കുന്നുണ്ടെന്ന് കഴിഞ്ഞ ദിവസം പറഞ്ഞു. വി.എഫ്.പി.സി.കെ.-യുടെ സംഭരണം എത്രയാണ്? 6 മാസം മുതൽ 9 മാസംവരെ വൈകിയാണ് പണം കൊടുക്കുന്നത്. 9 മാസം കഴിഞ്ഞ് പണം ലഭിച്ചിട്ട് എന്തുകാര്യമാണുള്ളത്? പണം ലഭിക്കാൻ വൈകുന്നതുകൊണ്ട് പലിശയ്ക്ക് പണമെടുത്താണ് അവർ കൃഷി ചെയ്യുന്നത്. ഇങ്ങനെ സംഭരിക്കുന്നതിന് എന്തർത്ഥമാണുള്ളത്; സാധാരണക്കാരായ ആളുകളല്ലേ പഴം-പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിനാൽ വൻകിട തോട്ടങ്ങളെല്ലാം നിശ്ചലമായിക്കിടക്കുകയാണ്. ചെറുകിട കർഷകരാണ് എല്ലാ രംഗത്തുമുള്ളത്. കേരളത്തിലെ ലക്ഷക്കണക്കിന് കർഷകർ കൃഷിയിലൂടെ ഉപജീവനം നടത്തുന്നവരാണ്. ഏതെങ്കിലുമൊരു കർഷകന് ഇന്നത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ വിലകൊണ്ട് ജീവിക്കാൻ കഴിയുന്നുണ്ടോ; കർഷക കടാശ്വാസ കമ്മീഷൻ എന്തായി? കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത്. കർഷകർക്ക് ഇനി 150 കോടി രൂപയുടെ

അവാർഡ് നൽകാനുണ്ട്. അത് എന്ന് കൊടുക്കാനാണ്? ഒരു ലക്ഷത്തോളം അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷന്റെ മുമ്പിൽ പെൻഡിംഗിലാണ്. വയനാട്, ഇടുക്കി ജില്ലകളിൽ 2018 മാർച്ച് 31 വരെയാണ് അപേക്ഷ സ്വീകരിച്ചത്. പിന്നീടുള്ള നാല് വർഷവും അപേക്ഷ സ്വീകരിച്ചിട്ടില്ല. മറ്റ് ജില്ലകളിൽ 2016-വരെയുള്ള അപേക്ഷകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. അതിന്റെ അർത്ഥം നിങ്ങളുടെ കാലത്ത് കർഷക കടാശ്വാസ കമ്മീഷൻ അടച്ചുപൂട്ടിയെന്നാണ്. കർഷകർ ദുരിതപൂർണ്ണമായ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ജപ്തി നടപടികൾ നിർത്തിവയ്ക്കാനെങ്കിലും സർക്കാർ തയ്യാറാകണം. അതിനുള്ള നടപടി സ്വീകരിക്കേണ്ടേ? കേരളത്തിൽ ഒരു ബാങ്കിൽനിന്ന് നോട്ടീസ് വരാത്ത, ജപ്തി നടപടികൾ നേരിടാത്ത ഏതെങ്കിലുമൊരു കർഷകനെ കാണാൻ സാധിക്കുമോ? നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ മില്ലുടമകളുമായി ചർച്ചയിൽ തീരുമാനമെടുക്കാൻ വൈകിയതുകൊണ്ട് നെല്ല് സംഭരണം വൈകി. പാലക്കാട്ടും കുട്ടനാട്ടും തുലാവർഷക്കാലത്ത് ധാരാളം നെല്ല് നനഞ്ഞുപോയി. ഇപ്പോഴും മില്ലുകാരുമായി ശരിയായ ധാരണയിലെത്തിയിട്ടില്ല. നെല്ല്, നാളികേരം, റബ്ബർ, ഏലം, കുരുമുളക്, പഴം-പച്ചക്കറി തുടങ്ങിയ എല്ലാ

മേഖലകളിലുമുള്ള കർഷകർ കണ്ണീരും ദുരിതവുമായാണ് കഴിയുന്നത്. ആത്മഹത്യകളുടെ പരമ്പര ഉണ്ടാകുന്നതിനുമുമ്പ് ഗൗരവമായി ചർച്ചചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. അതുകൊണ്ടാണ് ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ശ്രദ്ധക്ഷണിക്കലിലോ സബ്മിഷനിലോ തീരുന്ന വിഷയമാണോ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ? ഏത് കാലത്താണ് ഇതുപോലെ ദുരിതമുണ്ടായിട്ടുള്ളത്? പണ്ട് ആത്മഹത്യകളുണ്ടായ കാലമുണ്ടായിരുന്നു. അതിനെക്കാൾ വലിയൊരു പ്രതിസന്ധിയിലേയ്ക്ക് കാർഷിക മേഖല കൂപ്പുകുത്തുമ്പോൾ ചില കാര്യങ്ങൾ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. തമിഴ്നാട് സർക്കാർ അവിടത്തെ കർഷകർക്ക് നൽകുന്ന പിന്തുണ, എല്ലാ പ്രതിസന്ധിയിലും അവരെ ചേർത്തുപിടിച്ചുകൊണ്ട് നടത്തുന്ന പ്രോജക്ടുകൾ അതൊക്കെ പരിശോധിക്കണം. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ഇതുപോലെ നടക്കുന്നതെന്ന് ചോദിച്ചു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കർഷകരെ ചേർത്തുനിർത്തിക്കൊണ്ട് ആ സർക്കാർ നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അന്വേഷിക്കണം. അങ്ങ് പാലക്കാടല്ലേ താമസിക്കുന്നത്; തൊട്ടടുത്ത് തമിഴ്നാട് അതിർത്തിയില്ലേ? തമിഴ്നാട്ടിലെ

അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ചെയ്യുന്ന ബഹുമുഖ പദ്ധതികളെക്കുറിച്ച് അന്വേഷിക്കണം. ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധമുണ്ട്. കേന്ദ്രസർക്കാരിന് ഇതിൽ വലിയ പങ്കാളിത്തമുണ്ട്. കേന്ദ്രസർക്കാരിന്റെ നടപടികൾക്കെതിരായി സമരം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടെ എം.പി.-മാർ പാർലമെന്റിൽ അത്തരം കാര്യങ്ങൾ അവതരിപ്പിക്കുന്നുമുണ്ട്. സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമില്ലാത്ത മേഖലയായി ഇത് മാറി. ഈ സർക്കാരിന്റെ ഫോക്കസിൽ കേരളത്തിലെ കർഷകരുണ്ടോ? കാർഷികമേഖലയോട് ചിറ്റമ്മ നയമാണ് സർക്കാർ പുലർത്തുന്നത്. ആവശ്യമായ കാര്യങ്ങൾ ചെയ്യാതെ കർഷക കടാശ്വാസ കമ്മീഷൻ വരെ അടച്ചുപൂട്ടി, ജപ്തി ഭീഷണിയുടെ നിഴലിൽ നിൽക്കുന്ന കർഷകരെ സഹായിക്കാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കൃഷിക്കാരുടെ പ്രശ്നങ്ങൾ അടിയന്തരമായി ചർച്ച ചെയ്യേണ്ടത് ആവശ്യമാണെന്ന്

അടിയന്തരപ്രമേയാവതരണത്തിലും പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലും ഉന്നയിച്ചിരുന്നു. വാക്കുകൾകൊണ്ട് തലോടിയിട്ട് മാത്രം കാര്യമില്ല. പരുക്കായാലും വയറിളക്കമായാലും എല്ലാ അസുഖത്തിനും ഒരേ കഷായം എന്ന പോലെയാണ് കേന്ദ്രവിരുദ്ധ സമരത്തിന്റെ കാര്യം. അതുകൊണ്ട് കാര്യമില്ല. ഈ മേഖലയിൽ വരുന്ന ടാക്സ്, ഇറക്കുമതി തീരുവ എന്നീ നയപരമായ കാര്യങ്ങളിലൊക്കെ നമുക്ക് കേന്ദ്രത്തോട് പ്രക്ഷോഭം നടത്താം. എന്നാൽ ഇവിടത്തെ പ്രശ്നം അതല്ല. ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് സീനിയറായ മന്ത്രിമാരും കക്ഷിനേതാക്കളും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ ചേർന്ന് കാർഷിക മേഖലയിലുള്ള പ്രശ്നങ്ങൾ ഇടയ്ക്കിടെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ ചെയ്യുമായിരുന്നു, അത് വേണം. നമ്മളെല്ലാം കൃഷി ചെയ്യുന്നവരാണ്. മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് അതറിയാം. റബ്ബറിന് വിലയില്ലാതിരുന്നപ്പോൾ അതിന് എന്താണ് പരിഹാരമാർഗ്ഗമെന്ന് റിവ്യൂ ചെയ്യുന്നതിനായി ഒരിക്കൽ കെ. എം. മാണിയും വ്യവസായ വകുപ്പുമന്ത്രിയുമൊക്കെ ചേർന്ന് ടയർ കമ്പനിക്കാരുമായി യോഗം വിളിച്ചുചേർത്തു. അതിന്റെ ഫലമായി വലിയ റിസൾട്ടുണ്ടായി. ആ സമയത്താണ് റബ്ബറിന് 150/- രൂപ വില നൽകാൻ

തീരുമാനിച്ചത്. അതുപോലെ ഓരോന്നിനും ഇടയ്ക്കിടെ റിവ്യൂ മീറ്റിംഗുകൾ നടത്തണം. ഒരു മന്ത്രിമാത്രം നോക്കേണ്ട കാര്യമായിരിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, കൃഷിക്കാരെ സംരക്ഷിക്കുന്നതിനുള്ള നടപടികളിൽ ഗവണ്മെന്റിന്റെ ഫോക്കസ് വരുന്നില്ലെന്നുള്ളതാണ് പ്രശ്നം. ഇപ്പോൾ മാറിമാറി കൃഷി പരീക്ഷിക്കുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾക്കൊന്നിനും വില ലഭിക്കുന്നില്ല. കൃഷിക്കാർക്ക് പിടിച്ചുനിൽക്കാനും സാധിക്കുന്നില്ല. നെല്ല് സംഭരണവും നാളികേര സംഭരണവും പരാജയപ്പെടുന്നു. റബ്ബറാണെങ്കിൽ കൃഷിക്കാർക്ക് മുതലാകുന്നുമില്ല. അതുമാത്രമല്ല ഒരു കൃഷിയും മുതലാകാത്ത സ്ഥിതിയാണ്. ഇടവിളകളുടെയും മൾട്ടികൃഷിയുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും കാര്യങ്ങളൊക്കെ പറയുന്നുണ്ടെന്നല്ലാതെ അവ കേരളത്തിൽ ഫലപ്രദമാകുന്നില്ല. തമിഴ്നാട്ടിൽ കൃഷിക്കാർ വളരെ സന്തുഷ്ടരാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട കാര്യമാണ്. അവിടെ എപ്പോഴും മഴയില്ല, വെള്ളം കുറവാണ്, കൃഷിക്കാർ കുഴൽക്കിണറിനെയോ ഡാമുകളിൽനിന്നും കൊണ്ടുവരുന്ന വെള്ളത്തിനെയോ ആണ് ആശ്രയിക്കുന്നത്. എങ്കിലും അവിടത്തെ കൃഷിക്കാർക്ക് കൃഷി ലാഭകരമാണ്.

തമിഴ്നാട്ടിലെ ഗവണ്മെന്റിന്റെ സംരക്ഷണയിൽ സാധാരണ കൃഷിക്കാർ വളരെ സന്തുഷ്ടരാണെന്ന് അവരോട് സംസാരിച്ചാൽ മനസ്സിലാകും. അവിടെ കൃഷിക്കാർക്ക് വലിയ പിന്തുണയാണ് ലഭിക്കുന്നത്. അത്തരത്തിലുള്ള ഫോക്കസും പിന്തുണയും കേരളത്തിൽ വരണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ മന്ത്രിമാർ റിവ്യൂ ചെയ്ത് കൃഷിക്ക് ഊന്നൽ നൽകണം. എന്നാലത് ഈ സർക്കാരിന്റെ കാലത്ത് വരുന്നില്ലെന്ന് വിമർശനമുണ്ട്. അതുകൊണ്ട് കാർഷിക മേഖലയിൽ വലിയ ബുദ്ധിമുട്ടും കഷ്ടപ്പാടുമാണ് ആളുകൾ നേരിടുന്നത്. കേരളത്തിൽ കൃഷിയെ ആശ്രയിച്ച് കഴിയുന്നവർക്ക് വരുമാനം കുറവായതിനാൽ കൃഷി ചെയ്യാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് അടിയന്തര സ്വഭാവമുള്ള ഈ വിഷയം ചർച്ചചെയ്യണമെന്ന് പറഞ്ഞത്. ഈ വിഷയം ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കാർഷിക മേഖലയുടെ ഗുരുതരമായ പ്രശ്നങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്യുമെന്നാണ് പ്രതീക്ഷിച്ചത്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഏറ്റവും കുറഞ്ഞ വിലയാണ് റബ്ബർ കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ റബ്ബറിന് സബ്സിഡി ഇനത്തിൽ വലിയ തുക ചെലവഴിക്കേണ്ടി വന്നില്ല. കാരണം 170, 180 എന്ന നിരക്കിലായിരുന്നു റബ്ബറിന്റെ വില വന്നിരുന്നത്. ഇപ്പോൾ ഏറ്റവും കുറഞ്ഞ നിരക്കിലേയ്ക്ക് റബ്ബറിന്റെ വില എത്തിയിരിക്കുന്നതിനാൽ കർഷകർ വലിയ പ്രതിസന്ധി നേരിടുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് റബ്ബറിന്റെ വില 250/- രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. ഗവൺമെന്റ് അത് അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. താങ്ങുവില 250/- രൂപയായി വർദ്ധിപ്പിച്ചാൽ മാത്രമേ കർഷകന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. സ്വാഭാവികമായും ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്നതിന്റെ

അടിസ്ഥാനത്തിൽ പലരും കൃഷി ചെയ്യുന്നതിൽനിന്നും മാറുന്നുവെന്ന യാഥാർത്ഥ്യം ഗവണ്മെന്റ് തിരിച്ചറിയണം. ബഹുമാനപ്പെട്ട മന്ത്രി വാഹനങ്ങൾ ക്രമീകരിച്ച് നാളികേര സംഭരണത്തിലേയ്ക്ക് നീങ്ങുന്നുവെന്ന് പറഞ്ഞത് നല്ലൊരു ആശയമായി തോന്നുന്നു. എന്നാൽ അത് പ്രായോഗികതലത്തിൽ എത്രമാത്രം വിജയിക്കുമെന്ന് കണ്ടറിയണം. എന്തായാലും സംഭരണം താളംതെറ്റി നിൽക്കുന്ന സാഹചര്യത്തിലേയ്ക്ക് പോയിരിക്കുകയാണ്. കർഷകർക്ക് നേരെയുള്ള ബാങ്ക് നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഗവണ്മെന്റിനോട് ആവശ്യപ്പെടാനുള്ളത്. അതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, എല്ലാവിഭാഗം കർഷകരും ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ള വടകര, കുറ്റ്യാടി മേഖലകളിൽ പച്ചത്തേങ്ങ

സംഭരിക്കുന്നതിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങളില്ലാത്തത് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. നാളികേരം മുളച്ച് നശിക്കുന്ന സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് കൂടുതൽ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാനും കർഷകർ നേരിടുന്ന ബാങ്ക് ജപ്തി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശക്തമായ ഇടപെടലുണ്ടാക്കി ഇത് നിർത്തിവയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായ ഇടപെലുണ്ടാകണം. ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുശേഷം തിരികെ സഭയിൽ ഹാജരായി.)

മി. സ്പീക്കർ: ഇന്നത്തെ നിയമനിർമ്മാണകാര്യത്തിൽ 25 പേർ ചർച്ചയ്ക്കുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും ചെയറുമായി പരമാവധി സഹകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**10.46 AM]**

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) കണ്ണൂർ വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനും വ്യവസായ വികസനത്തിനുള്ള ലാൻഡ് ബാങ്ക് രൂപീകരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വിമാനത്താവളത്തിന്റെ റൺവേ 400 മീറ്ററായി ദീർഘിപ്പിക്കാനാണ് രണ്ട് മേഖലകളിലായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത്. ഒന്നാം ഭാഗമായ കൊതേരി മേഖലയിൽ 200 കോടിയോളം രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അനുവദിക്കുകയും നേരത്തെയുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ രണ്ടാം ഭാഗമായ കാനാട് മേഖലയിലെ 162 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ, 99.32 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് 2020-ൽ 11(1) വിജ്ഞാപനം നടത്തിയത്. ഈ ഭൂവുടമകളുടെ ഭൂമി

സംബന്ധമായ എല്ലാ രേഖകളും ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ ഏജൻസി എന്ന നിലയിൽ കിൻഫ്രയുടെ കൈവശമാണുള്ളത്. ഭൂമിയുടെ നോട്ടിഫിക്കേഷൻ നടന്നതിനാൽ ഭൂവുടമകൾക്ക് അവിടെ യാതൊരുതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ നടത്താൻ സാധിക്കുന്നില്ല. 162 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടത്. ഈ മേഖലയിലെ 12 വീടുകൾ പൂർണ്ണമായും തകർന്നതിനാൽ വീടിന്റെ അറ്റകുറ്റപ്പണികളും മറ്റും നടത്താൻ സാധിക്കാത്ത അവസ്ഥയിലാണ്. ഈ വീടുകളിൽ താമസിച്ചിരുന്നവരെ വാടകവീട്ടിലേയ്ക്ക് പുനരധിവസിപ്പിക്കാനും സർക്കാർ വാടക നൽകാനും തീരുമാനമെടുത്തെങ്കിലും അഞ്ചെട്ട് മാസമായി അവർക്ക് വാടക ലഭ്യമാകുന്നില്ല. മറ്റ് വരുമാനമാർഗ്ഗമില്ലാത്ത, കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം ഒരു രക്ഷിതാവ് മകളുടെ കല്യാണവുമായി ബന്ധപ്പെട്ട് ഭൂമി വിൽക്കാനോ പണയം വയ്ക്കാനോ സാധിക്കുന്നില്ലെന്നുപറഞ്ഞു. സ്ട്രോക്ക് പോലുള്ള ഗുരുതരമായ രോഗം ബാധിച്ച് തളർന്നുപോയവരും ഇക്കൂട്ടത്തിലുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട ഈ പ്രശ്നം എത്രയും വേഗം പരിഹരിച്ചില്ലെങ്കിൽ അവരുടെ ജീവിതം ദുസ്സഹമായി മാറും. 1,273 കോടി

രൂപ ഗവണ്മെന്റ് അനുവദിച്ചാൽ മാത്രമേ 99.32 ഏക്കർ ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ പുനരധിവാസത്തിനുവേണ്ടി 36 ഏക്കർ ഭൂമി തൊട്ടടുത്ത് 11(1) നോട്ടിഫിക്കേഷൻ കഴിഞ്ഞ് നിൽക്കുകയാണ്. അതിനുള്ള ഫണ്ട് ലഭ്യമാകാത്തതിനാൽ 19(1) പ്രഖ്യാപനം നടത്താൻ സാധിക്കുന്നില്ലെന്നാണ് റവന്യൂ അധികൃതർ പറയുന്നത്. വിമാനത്താവളത്തിന്റെ ലൈറ്റിംഗ് ഏരിയയ്ക്കുവേണ്ടി ഭൂമി ഏറ്റെടുത്ത സമയത്ത് അതിന്റെ അതിർത്തിയിൽ വരുന്ന 5 കുടുംബങ്ങളുടെ വീടുകൾ വാസയോഗ്യമല്ലാതായി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം നേരത്തെ അനുവദിച്ച 200 കോടി രൂപയിൽ ഉണ്ടെന്നാണ് അധികൃതർ പറയുന്നത്. ഓരോ കുടുംബത്തിനും ഏഴും പത്തും സെന്റുകളൊക്കെയാണുള്ളത്. അതായത് ഒരേക്കറിൽ താഴെ ഭൂമി മാത്രമേ അഞ്ച് കുടുംബങ്ങളിൽനിന്നായി ഏറ്റെടുക്കാനുള്ളൂ. ഇതുസംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലുള്ളത് പരിഗണിക്കാമെന്ന് പറഞ്ഞതായാണ് അറിയാൻ കഴിഞ്ഞത്. നടപടിക്രമങ്ങൾ വേഗത്തിലാക്കിയാൽ അഞ്ച് കുടുംബങ്ങളുടെയും പ്രശ്നം വളരെ വേഗത്തിൽ പരിഹരിക്കാൻ സാധിക്കും. ഇതുപോലെ ലാൻഡ് ബാങ്കിന് 5000 ഏക്കറിനടുത്താണ് ഭൂമിയെടുക്കുന്നത്.

4900 ഏക്കറിലധികം ഭൂമിയാണ് ലാൻഡ് ബാങ്കിനുവേണ്ടി കീഴല്ലൂർ, പട്ടാന്നൂർ, പട്ടുവിലായി, പടിയൂർ, കല്ല്യാട്, കൂടാളി, ചെറുവാഞ്ചേരി, മൊകേരി, ചാവശ്ശേരി തുടങ്ങിയ മേഖലകളിൽ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ കീഴല്ലൂർ, പട്ടാന്നൂർ എന്നിവിടങ്ങളിൽ 11(1) വിജ്ഞാപനം ആയിക്കഴിഞ്ഞു. 500 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിനുള്ള പണം ലഭ്യമായാൽ ഉടൻതന്നെ വെള്ളപ്പറമ്പ് എന്ന പ്രദേശത്ത് ഭൂമിയേറ്റെടുക്കൽ പ്രക്രിയ നടത്താം. പനയത്താമ്പറമ്പ് ഭാഗത്തെ 497 ഏക്കർ ഭൂമിയുടെ നോട്ടിഫിക്കേഷൻ കഴിഞ്ഞ് നടപടിക്രമങ്ങൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. പടിയൂർ-കല്ല്യാട് 700 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിനായി 19(1) വിജ്ഞാപനം ആയിക്കഴിഞ്ഞു. കൂടാളി മേഖലയിൽ 313 ഏക്കറാണ് ഏറ്റെടുക്കേണ്ടത്. ചെറുവാഞ്ചേരി മേഖലയിലെ 506 ഏക്കർ ഭൂമിയുടെ സാമൂഹ്യാഘാതപഠനം നടത്തി നടപടിക്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയാണെങ്കിൽ ആ ഭൂമിയും ഏറ്റെടുക്കാൻ സാധിക്കും. പട്ടാന്നൂർ, കീഴല്ലൂർ മേഖലയിൽ 46 ഏക്കറും പിണറായി വില്ലേജിൽ 13 ഏക്കറും ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.

കിൻഫ്ര പാർക്കിനും 150 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. അവിടെ വ്യവസായ വികസനം എത്രയും വേഗം നടപ്പിലാക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഒന്നാം ഘട്ടമായി 1113.33 ഏക്കർ ഭൂമി ഏറ്റെടുത്ത് Kannur International Airport Limited (KIAL)-ന് കൈമാറുകയും രണ്ടാംഘട്ടമായി 804.37 ഏക്കർ ഭൂമി ഏറ്റെടുത്ത് KIAL-ന് കൈമാറാൻ നടപടി സ്വീകരിച്ചുവരികയുമാണ്. വിമാനത്താവള വികസനത്തിന്റെ ഭാഗമായി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 1970.05 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൽ കോളാരി, കീഴല്ലൂർ വില്ലേജുകളിൽപ്പെട്ട 21.81 ഹെക്ടർ ഭൂമി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് കിൻഫ്രയ്ക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. കീഴൂർ, പട്ടാനൂർ വില്ലേജുകളിൽപ്പെട്ട 202.34 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും ഭൂമിയേറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കേണ്ട മറ്റ് വില്ലേജുകളിൽപ്പെട്ട ഭൂമിയുടെ സർവ്വേ, സബ് ഡിവിഷൻ നടപടികളിൽ

ഭൂമിയേറ്റെടുക്കേണ്ട പദ്ധതികളുടെ സാമൂഹ്യാഘാത പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. വിമാനത്താവളത്തിന്റെ റൺവേ 3050 മീറ്ററിൽനിന്നും 4050 മീറ്ററായി ദീർഘിപ്പിക്കുന്നതിനായി 99.3235 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഏകദേശം 162 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ പുനരധിവാസത്തിനായി 14.6501 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും പ്രസ്തുത ഭൂമിയേറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. റൺവേ ദീർഘിപ്പിക്കുന്നതിനായി 99.3235 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിന് ഏതാണ്ട് 942,93,77,123/- (തൊള്ളായിരത്തി നാൽപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഒരുനൂറ്റി ഇരുപത്തിമൂന്ന്) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതിൽ അടിയന്തരശ്രദ്ധ പതിയേണ്ട വിഷയമായി ഞാൻ പറഞ്ഞത്, താമസിക്കാൻ വീടില്ലാത്ത പന്ത്രണ്ട് കുടുംബങ്ങളുടെയും വിമാനത്താവളത്തിന്റെ ലൈറ്റിംഗ് ഏരിയയുടെ

വികസനത്തിനുവേണ്ടി ഭൂമിയെടുത്തതിന്റെ ഭാഗമായി പ്രയാസമനുഭവിക്കുന്ന അഞ്ച് കുടുംബങ്ങളുടെയും പുനരധിവാസമാണ്. അതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നടപടി സ്വീകരിക്കും.

(2) കെ.എസ്. ആർ.ടി.സി.യിലെ ശമ്പളവിതരണവും യാത്രാക്ലേശവും

ശ്രീ. എം. വിൻസെന്റ്: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് 2752 പുതിയ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.-ക്കായി വാങ്ങിയത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽവന്ന് ഏകദേശം ഏഴ് വർഷമാകുമ്പോൾ, വെറും 110 ബസ്സുകൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. ബസ്സുകൾ വാങ്ങി നൽകാത്തതിന്റെ പേരിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ പോയി നിയമപോരാട്ടത്തിലൂടെ നേടിയെടുത്ത 248 ദേശസാത്കൃത സൂപ്പർ ക്ലാസ് റൂട്ടുകൾ ഇപ്പോൾ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ദൗർഭാഗ്യവശാൽ അതിന് ഉത്തരവിട്ട ഗതാഗത വകുപ്പ് സെക്രട്ടറി കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) കൂടിയാണെന്ന കാര്യം

അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 5500 ഷെഡ്യൂളുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 3200 ഷെഡ്യൂളുകളാണുള്ളത്. ഇത് സംസ്ഥാനത്ത് യാത്രാക്ലേശം അതിരൂക്ഷമാക്കിയിരിക്കുകയാണ്. സൂപ്പർ ക്ലാസ് ബസ്സുകളുടെ പെർമിറ്റ് കാലാവധി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് വർഷമായിരുന്നു. ഏഴ് വർഷമായിട്ടും ബസ്സുകൾ വാങ്ങാത്തതിനാൽ പെർമിറ്റ് കാലാവധി ഒൻപത് വർഷമാക്കുകയും അത് കഴിഞ്ഞ മാസം പത്ത് വർഷമാക്കി നീട്ടിക്കൊടുക്കുകയുമുണ്ടായി. പെർമിറ്റ് കാലാവധി നീട്ടിനൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി. ഗതാഗത വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകി. ചീഫ് ഓഫീസിൽവച്ച് അദ്ദേഹംതന്നെ അദ്ദേഹത്തിന് കത്തെഴുതിയശേഷം സെക്രട്ടേറിയറ്റിൽ പോയി അതിൽ ഒപ്പിട്ട് ഉത്തരവിറക്കുകയാണ് ചെയ്തത്. ദൗർഭാഗ്യകരമായ സാഹചര്യമാണിത്. ശബരിമല സീസണിൽ ഒരു പുതിയ ബസുപോലും ഓടിച്ചിട്ടില്ല. 2024-25 ആകുമ്പോൾ ഏകദേശം 2000 സൂപ്പർ ക്ലാസ് ബസ്സുകളുടെ പെർമിറ്റ് കാലാവധി തീരും. 248 സൂപ്പർ ക്ലാസ് റൂട്ടുകൾ സ്വകാര്യ വ്യക്തികൾക്ക് കൊടുത്തതുപോലെ ഇതിൽ 90 ശതമാനം റൂട്ടുകളും സ്വകാര്യ വ്യക്തികൾക്ക് കൊടുക്കും. കെ.എസ്.ആർ.ടി.സി.-യുടെ പ്ലാൻ

ഫണ്ട് ഉപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങി നൽകുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനാണ്. സ്വിഫ്റ്റിനോട് പെറ്റമ്മ നയവും കെ.എസ്.ആർ.ടി.സി.-യോട് ചിറ്റമ്മ നയവുമാണ് പുലർത്തുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് 20225 ജീവനക്കാരെ നിയമിച്ചപ്പോൾ ഈ സർക്കാർ കേവലം 1445 ജീവനക്കാരെയാണ് നിയമിച്ചത്. ബസ്സുകൾ വാങ്ങാതെയും ജീവനക്കാരെ നിയമിക്കാതെയുമിരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. തന്നെ അപ്രത്യക്ഷമാകും. അങ്ങനെ ഒരു വാനിഷിംഗ് മാജിക്കാണ് കെ.എസ്.ആർ.ടി.സി.-യിൽ ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വരുന്ന മൂന്ന് വർഷത്തേയ്ക്ക് ഓരോ വർഷവും ആയിരം ബസ്സുകൾ വീതം വാങ്ങിയില്ലെങ്കിൽ കെ.എസ്.ആർ.ടി.സി. ഇല്ലാതാകുന്ന സാഹചര്യമുണ്ടാകും. നിലവിലെ ഗതാഗത വകുപ്പുമന്ത്രി അധികാരമേറ്റിട്ട് ഒന്നര വർഷമാകുന്നതേയുള്ളൂ. ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാർ. കെ.എസ്.ആർ.ടി.സി.-യിൽ കൃത്യമായി ശമ്പളം കൊടുക്കുന്നില്ല. 78 മാസങ്ങളെടുത്താൽ ആകെ ഒരു മാസമാണ് കൃത്യമായി ശമ്പളം കൊടുത്തത്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ പ്രഥമ മുൻഗണന ശമ്പളത്തിനാണെന്ന് ബഹുമാനപ്പെട്ട

ഹൈക്കോടതി ആവർത്തിച്ച് പറഞ്ഞിട്ടും അക്കാര്യം പാലിക്കുന്നില്ല. എല്ലാ മാസവും അഞ്ചാം തീയതി ശമ്പളം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ട്രേഡ് യൂണിയനുകളുടെ മീറ്റിംഗിൽ ഉറപ്പ് നൽകിയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പുപോലും കാറ്റിൽപ്പറത്തുന്ന ഒരു മാനേജ്മെന്റാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നുള്ളത്. ജീവനക്കാർക്ക് നാളെ ശമ്പളം കൊടുക്കാമെന്ന് പറഞ്ഞപ്പോൾ, ഇന്നുതന്നെ കൊടുക്കണമെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതി കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം കൊടുത്തത്. ഓണത്തിന് ബോണസോ ഫെസ്റ്റിവൽ അലവൻസോ അഡ്വാൻസോ കൊടുക്കാത്ത ഏതെങ്കിലുമൊരു സ്ഥാപനം കേരളത്തിലുണ്ടെങ്കിൽ അത് കെ.എസ്.ആർ.ടി.സി.-യാണ്. തുടർച്ചയായി രണ്ട് മാസംവരെ ശമ്പളം മുടങ്ങിക്കിടന്നിട്ടും ഒരു ദിവസംപോലും പണിമുടക്കാത്ത ഈ തൊഴിലാളികൾക്ക് ഓണത്തിന് യാതൊരു അലവൻസും ലഭിച്ചില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... പല പോയിന്റുകളും പറഞ്ഞുകഴിഞ്ഞതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. എല്ലാ മാസവും കൃത്യമായി അഞ്ചാം തീയതി ശമ്പളം കൊടുക്കാനുള്ള നടപടികളുണ്ടാകണം. വരുന്ന മൂന്ന് വർഷത്തേയ്ക്ക് തുടർച്ചയായി ആയിരം ബസ്സുകൾ വീതം വാങ്ങണം. കെ.എസ്.ആർ.ടി.സി. സ്വകാര്യവത്കരിക്കുന്നതിനാണ് സർക്കാർ ഈ നയം സ്വീകരിക്കുന്നത്. അല്ലെങ്കിൽ അത് തെളിയിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, ഇന്ധന വിലയിലുണ്ടായ അമിതമായ വർദ്ധനയും ബൾക്ക് പർച്ചേസർ എന്ന നിലയ്ക്ക് കഴിഞ്ഞ ഡിസംബർ വരെ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായിരുന്ന ഇന്ധനവിലക്കുറവ് എടുത്തുകളഞ്ഞതും ടയർ, സ്പെയർ പാർട്സ് എന്നിവയിലുണ്ടായ അമിതമായ വിലവർദ്ധനയും കോവിഡ് ഏൽപ്പിച്ച ആഘാതമുൾപ്പെടെയുള്ള പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചാണ് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നതെന്നുള്ള യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് 2017-ൽ പ്രൊഫ. സുശീൽഖന്ന നൽകിയ ഇടക്കാല റിപ്പോർട്ട് പല കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല.

അതിനുള്ള അന്തരീക്ഷം സംജാതമായതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി സുശീൽഖന്ന റിപ്പോർട്ട് നടപ്പിലാക്കാൻ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഭരണ നിർവ്വഹണ ഓഫീസുകളുടെ എണ്ണം 98-ൽനിന്ന് 15 ആയി കുറച്ചു. വർക്ക്ഷോപ്പുകളുടെ എണ്ണം 98-ൽനിന്ന് 22 ആയി കുറയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് 5265 ബസ്സുകളുണ്ടെങ്കിലും നിലവിൽ അശാസ്ത്രീയമായ ഡ്യൂട്ടി പാറ്റേൺ കാരണം നാലായിരത്തിൽപ്പരം ബസ്സുകൾ മാത്രമേ ഓടിക്കാൻ കഴിയുന്നുള്ളൂ. 'മൂവായിരം ബസ്സുകൾ' എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. നിലവിലുള്ള ബസ്സുകളെയും ജീവനക്കാരെയും ശാസ്ത്രീയമായി വിന്യസിച്ച് പരമാവധി ഷെഡ്യൂളുകളും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരമുള്ള ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കാൻ കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ തീരുമാനിക്കുകയുണ്ടായി. പരീക്ഷണാടിസ്ഥാനത്തിൽ പാറശ്ശാല ഡിപ്പോയിൽ ഇത് നടപ്പിലാക്കിക്കഴിഞ്ഞു. തുടക്കത്തിൽ ഇതിനെ പരാജയപ്പെടുത്താനുള്ള ശ്രമം പല കേന്ദ്രങ്ങളിൽനിന്നും ഉണ്ടായെങ്കിലും അതിനെയൊക്കെ

അതിജീവിച്ചാണ് മുന്നോട്ടുപോകുന്നത്. ഈ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതുമൂലം സെപ്റ്റംബറിലും നവംബറിലുമുണ്ടായ വ്യത്യാസം, ഡ്യൂട്ടി പാറ്റേൺ നടപ്പാക്കുന്നതിനുമുമ്പ് ഓപ്പറേറ്റഡ് ബസുകൾ 30 ആയിരുന്നത് ഇപ്പോൾ 47-ഉം ഓപ്പറേറ്റഡ് ഷെഡ്യൂളുകൾ 881 ആയിരുന്നത് 1760-ഉം ഓപ്പറേറ്റഡ് കിലോമീറ്റർ 230209 ആയിരുന്നത് 297651-ഉം പാസഞ്ചേഴ്സിന്റെ എണ്ണം 685700 ആയിരുന്നത് ഇപ്പോൾ 843117-ഉം ആയി. കളക്ഷൻ 131.84 ലക്ഷം രൂപയായിരുന്നത് 158.14 ലക്ഷമായി വർദ്ധിച്ചു. പാറശ്ശാല ഡിപ്പോയിൽ പ്രോഫിറ്റ് 5.58 ലക്ഷം രൂപയായിരുന്നത് 6.1 ലക്ഷമായി ഉയർന്നു. ഇത് തെളിയിക്കുന്നത് പുതിയ ഡ്യൂട്ടി പാറ്റേൺ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എല്ലാവരും സഹകരിച്ചാൽ എണ്ണൂറ് ബസ്സുകളെങ്കിലും കൂടുതലായി ഓടിക്കാൻ കഴിയുമെന്നും ഷെഡ്യൂളുകൾ കൂട്ടാൻ കഴിയുമെന്നും വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നുമാണ്. മാത്രമല്ല, ക്രൂ കോസ്റ്റ് പെർ കിലോമീറ്റർ 24.19-ൽനിന്നും 21.41 ആയി കുറയ്ക്കാനും കഴിഞ്ഞു. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കിയതിനെത്തുടർന്നുള്ള മാറ്റം പ്രകടമായിത്തുടങ്ങി. 2016-ൽ ബസ് സ്റ്റാഫ് റേഷ്യോ 8.3 ആയിരുന്നത് 2022-ൽ 6.48 ആയി കുറയ്ക്കാൻ കഴിഞ്ഞു. Average collection per day

5.37 ആയിരുന്നത് 6.30 ആയും Average earning per Bus 11,600 ആയിരുന്നത് 17,100 ആയും വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

2011-16 കാലഘട്ടത്തിൽ യു.ഡി.എഫ്. സർക്കാർ ഹഡ്കോ, കെ.റ്റി.ഡി.എഫ്.സി., എൽ.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 16 ശതമാനം വരെ ഭീമമായ പലിശനിരക്കിൽ വായ്പയെടുത്താണ് ബസ്സുകൾ വാങ്ങിയിരുന്നത്. ഇതുണ്ടാക്കിയ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാൻ കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഇതേത്തുടർന്നാണ് കുറഞ്ഞ പലിശ നിരക്കിൽ പണം ലഭ്യമാക്കി ബസ്സുകൾ വാങ്ങുന്നതിന് എൽ.ഡി.എഫ്. സർക്കാർ പദ്ധതി തയ്യാറാക്കിയത്. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ ബസ്സുകൾ വാങ്ങാൻ 814 കോടി രൂപയാണ് കിഫ്ബി ഇപ്പോൾ വകയിരുത്തിയിരിക്കുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ 1783 ബസുകളാണ് വാങ്ങുന്നത്. 771 ഡീസൽ ബസുകളും 690 ഇലക്ട്രിക് ബസുകളും ഉൾപ്പെടെ 1461 ബസുകൾ പുറത്തിറങ്ങും. കിഫ്ബിയുടെ സഹായത്തോടുകൂടി തിരുവനന്തപുരം സിറ്റി സർക്കുലറിൽ 50 ബസുകൾ വാങ്ങി; 40 എണ്ണം നിരത്തിലിറക്കി; അടുത്തമാസം

10 ബസുകൾകൂടി വരികയാണ്. ഇതിനുപുറമേ 2022-23 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 132 ഡീസൽ ബസുകൾ വാങ്ങുന്നതിന് അശോക് ലൈലന്റിന് പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു. തിരുവനന്തപുരത്തെ സ്മാർട്ട് സിറ്റി പദ്ധതിയിൽ 125 ഇലക്ട്രിക് ബസ്സുകൾ വാങ്ങാൻ ഇ-ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. 140 കി.മീറ്റർ ദൂരപരിധിയിൽ ഓപ്പറേറ്റ് ചെയ്യുന്ന സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ഇത്തരം റൂട്ടുകളിൽ ശബരിമല സീസൺ കഴിയുമ്പോൾ ലഭ്യമാകുന്ന ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്. ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനാണ് ഗവണ്മെന്റ് മുൻതൂക്കം കൊടുക്കുന്നത്. യു.ഡി.എഫ്. എം.എൽ.എ.-മാർ ഉൾപ്പെടെ ഇക്കാര്യത്തിൽ തന്ന നിവേദനം അങ്ങേയ്ക്ക് അയച്ചുതരാം. നിലവിൽ ശമ്പളകുടിശ്ശിക ഒന്നുംതന്നെ ഇല്ല. നവംബർ മാസത്തെ ശമ്പളമാണ് ഡിസംബർ മാസം വിതരണം ചെയ്യേണ്ടത്. മുഴുവൻ ജീവനക്കാർക്കും നവംബർ മാസത്തെ ശമ്പളം വിതരണം ചെയ്തുകഴിഞ്ഞു. വരുമാനത്തിൽനിന്നും മിച്ചംപിടിക്കുന്ന തുകയ്ക്ക് പുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശാനുസരണം

സർക്കാർ നൽകുന്ന 50 കോടി രൂപയും 9 ശതമാനം പലിശയ്ക്ക് കെ.എസ്.ആർ.ടി.സി. ഓവർഡ്രാഫ്റ്റ് എടുക്കുന്നതും വിനിയോഗിച്ചാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. നവംബർ മാസത്തെ വരുമാനം 215.246 കോടി രൂപയാണ്. ചെലവ് 293.3 കോടി രൂപയാണ്. സർക്കാർ സഹായമായി നൽകുന്ന 50 കോടി രൂപ ട്രഷറി, ബാങ്ക് തുടങ്ങിയവയുടെ സിസ്റ്റത്തിലെ തകരാറുകാരണം നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം കാരണമാണ് ശമ്പളവിതരണം താമസിക്കുന്നത്. നിലവിൽ ശമ്പളകുടിശ്ശികയില്ല. തുടർന്നുള്ള മാസങ്ങളിൽ ഗവണ്മെന്റ് നൽകുന്ന 50 കോടി രൂപയുടെ സഹായം ട്രഷറി, ബാങ്ക് എന്നിവയിൽനിന്നും റിലീസ് ചെയ്യുന്ന നടപടി എത്രയും വേഗം പൂർത്തീകരിച്ച് സമയബന്ധിതമായി ശമ്പളം വിതരണം ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഓരോ ദിവസത്തെയും വരുമാനത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് അംഗീകൃത യൂണിയനുകൾക്ക് ലഭ്യമാകും. പക്ഷേ കഴിഞ്ഞ കുറെ മാസങ്ങളായി അത് മൂടിവച്ചിരിക്കുകയാണ്. ഓരോ മാസത്തെയും വരവ്-ചെലവ് ഉൾപ്പെടുന്ന എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

നൽകിയിട്ടില്ല. ശമ്പളകുടിശ്ശിക ഇല്ല എന്നത് നേട്ടമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, എല്ലാമാസവും 5-ാം തീയതി ശമ്പളം കൊടുക്കാൻ കഴിയുമോ? സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷമാണ് ഇത്രയും പ്രതിസന്ധികൾ ഉണ്ടായിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, ശമ്പളം കൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞല്ലോ.

ശ്രീ. എം. വിൻസെന്റ്: സർ, ആ പ്രതിസന്ധി പരിഹരിക്കാനാണ് നടപടിയില്ലാത്തത്. കഴിഞ്ഞ മാസം സർക്കാരിന്റെ സഹായമില്ലാതെ 211 കോടി രൂപയാണ്..... ഓപ്പറേറ്റിംഗ് റവന്യൂ 196 കോടി രൂപയും... (മൈക്ക് ഓഫ്)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം കൺക്ലൂഡ് ചെയ്യണം. ചെയറുമായി സഹകരിക്കണം. പ്ലീസ്...

ശ്രീ. ആന്റണി രാജു: സർ, ഒരു ദിവസത്തെ ശമ്പളംപോലും കുടിശ്ശികയില്ല. മുഴുവൻ ശമ്പളവും കൊടുത്തുതീർത്തിട്ടുണ്ട്. നവംബർ മാസത്തെ ശമ്പളം ഡിസംബറിൽ നൽകിയിട്ടുണ്ട്. ഡിസംബർ മാസത്തെ

ശമ്പളം ജനുവരി മാസത്തിലേ നൽകുകയുള്ളൂ. ജനുവരി മാസത്തെ ശമ്പളം കൃത്യമായി നൽകും. സ്റ്റേറ്റ്മെന്റ് കൊടുക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. കഴിഞ്ഞയാഴ്ച നിയമസഭയിൽ നൽകിയ ഉത്തരത്തോടൊപ്പം, യൂണിയനുകൾക്കുമാത്രമല്ല, ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം വായിച്ചുനോക്കിയാൽ മതിയാകും.

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ഇന്ന് 33 സബ്മിഷനുകൾ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ചെയറുമായി സഹകരിക്കുക.

**11.06 AM]**

## IV. സബ്മിഷൻ

### (1) കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിലെ പുനരധിവാസ നടപടികൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവുംമൂലം ദുരന്തമുണ്ടായ കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിൽ പുനരധിവാസ നടപടികൾ വൈകുകയാണ്. ഇടുക്കി ജില്ലയിൽനിന്നുള്ള ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെയുള്ള അംഗങ്ങൾക്ക്

അറിയാം. ഇപ്പോഴും ഉരുൾപൊട്ടൽ സാധ്യതയുള്ള അപകടകരമായ സ്ഥലങ്ങളിൽ ആളുകൾ താമസിക്കുകയാണ്. ഉരുൾപൊട്ടലിനെത്തുടർന്ന് സർക്കാർ ആരംഭിച്ച താൽക്കാലിക ക്യാമ്പുകൾ ഒന്നരമാസം കഴിഞ്ഞപ്പോൾ അടച്ചുപൂട്ടി. ഇവർക്ക് താമസിക്കാൻ സൗകര്യങ്ങളില്ലാത്ത പരിതാപകരമായ അവസ്ഥയാണ് ഇപ്പോഴുള്ളത്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ദുരന്തഭീഷണി നേരിടുന്ന എല്ലാ കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കാൻ പര്യാപ്തമായൊരു പുനരധിവാസ പാക്കേജ് അവിടെ ഉണ്ടാകണം. ഒരു വർഷമായിട്ടും കൂട്ടിക്കൽ-ഏന്തയാർ ഈസ്റ്റ് പാലം പുനർനിർമ്മിക്കാനോ ഒലിച്ചുപോയ റോഡിന് സംരക്ഷണഭിത്തി കെട്ടാനോ കഴിഞ്ഞിട്ടില്ല. നിലമ്പൂരിലേത് 2019-ൽ നടന്ന ദുരന്തമാണ്, 3 കൊല്ലമായി. മഴപെയ്യുമ്പോൾ വന്യമൃഗശല്യമുള്ള സ്ഥലത്ത് ആദിവാസികൾ മരത്തിന് മുകളിൽ താമസിക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒരു അടിയന്തരപ്രമേയമായി ഈ വിഷയം കൊണ്ടുവന്ന് സഭയിൽ ചർച്ച ചെയ്യേണ്ടതായിരുന്നു. കുറച്ചുദിവസം മാത്രം സഭ കൂടിയതുകൊണ്ട് മാത്രമാണ് ഈ വിഷയം സബ്മിഷനായി ഉന്നയിക്കുന്നത്. ബഹു. റവന്യൂ

വകുപ്പുമന്ത്രിയും ഗവണ്മെന്റും മുൻകയ്യെടുത്ത് അടിയന്തരമായി മൂന്ന് സ്ഥലങ്ങളിലും പുനരധിവാസ നടപടികൾ വേഗത്തിലാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് സൂചിപ്പിച്ചത്. അങ്ങ് പറഞ്ഞതുപോലെ വിശദമായ ചർച്ചയ്ക്ക് വിധേയമാകേണ്ട പ്രശ്നമാണ്. പക്ഷേ ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശപ്രകാരം പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഞാൻ ഇപ്പോൾ ഇവിടെ സൂചിപ്പിക്കുന്നത്. ബാക്കി കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് രേഖാമൂലം നൽകാവുന്നതാണ്. കേരള ഗവണ്മെന്റ് ഈ പ്രശ്നങ്ങളിൽ ഗൗരവമില്ലാത്ത തരത്തിൽ ഇടപെടുകയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. കാരണം കേരള ഗവണ്മെന്റ് ദേശീയ ദുരന്ത നിവാരണ നിധിയിൽനിന്നുള്ള സഹായം മാത്രമല്ല ചെലവഴിക്കുന്നത്. എസ്.ഡി.ആർ.എഫ്. പ്രകാരം ഒരു വീട് പൂർണ്ണമായും നഷ്ടപ്പെട്ടാൽ സമതലത്തിലാണെങ്കിൽ 95,100/-രൂപയും കുന്നുംപ്രദേശത്താണെങ്കിൽ 1,01,900/-രൂപയും മാത്രമേ കൊടുക്കാനാവൂ. കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂരുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇത്തരം വിഷയങ്ങൾ ഉണ്ടായപ്പോൾ

ദേശീയ ദുരന്ത നിവാരണനിധിക്കുപുറമേ കേരള ഗവണ്മെന്റ് മുഖ്യമന്ത്രിയുടെ പ്രത്യേക നിധിയിൽനിന്നുള്ള പണംകൂടി ചെലവഴിച്ചുകൊണ്ടാണ് ഈ നിലവാരത്തിൽ ആളുകളെ സഹായിക്കാൻ തീരുമാനിച്ചത്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്തതുപോലെ പുറമ്പോക്കിൽപ്പെട്ടവരുടെ ഭൂമിയും വീടും നഷ്ടപ്പെട്ടാൽപ്പോലും അവർക്ക് 6 ലക്ഷം രൂപ ഭൂമി വാങ്ങാനും 4 ലക്ഷം രൂപ വീട് വയ്ക്കാനും ഘട്ടംഘട്ടമായി അനുവദിക്കാവുന്ന വിധത്തിൽ തീരുമാനം എടുത്ത ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതനുസരിച്ച് നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. പക്ഷേ പലപ്പോഴുമുണ്ടാകുന്ന പ്രശ്നം ഭൂമി വാങ്ങാനും വീട് വയ്ക്കാനും വകുപ്പിന് നേരിട്ട് തുക കൊടുക്കാൻ ആകില്ല. ഘട്ടംഘട്ടമായി പരിശോധന നടത്തിയേ കൊടുക്കാവൂ. ഉദാഹരണത്തിന് ഒരു വീട് നഷ്ടപ്പെട്ടാൽ, ഹാജരാക്കേണ്ട രേഖകൾ സമർപ്പിച്ചാൽ ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷന് 10,000/-രൂപയും ആധാരം ഉറപ്പിക്കുമ്പോൾ ബാക്കി പണമായിട്ടുള്ള 5,50,000/-രൂപയും ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ട് വഴി കൊടുക്കുന്നുണ്ട്. വീട് വയ്ക്കുന്നതിന് നാലുഘട്ടമായി നാല് ലക്ഷം രൂപ കൊടുക്കാൻവേണ്ടിയുള്ള സഹായവും ഉണ്ടാകും. മലപ്പുറം ജില്ലയിൽ 23 കോടി 20 ലക്ഷം രൂപയും ഇടുക്കി

ജില്ലയിൽ 14 കോടി 10 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ 14 കോടി 50 ലക്ഷം രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പുനരധിവാസം വേണ്ട മുഴുവൻ ആളുകളെയും ആ പ്രവർത്തനത്തിലേയ്ക്ക് ഘട്ടംഘട്ടമായി കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ നാം എത്ര ചെയ്താലും ഒരു നഷ്ടമുണ്ടായാൽ ഊഹിക്കാവുന്ന വിധത്തിൽ അത് നികത്താനാകില്ല. കൂട്ടിക്കലിൽ പതിമൂന്ന് പേർ ഒരുമിച്ച് മരണപ്പെട്ടപ്പോൾ ഞാനും ബഹുമാന്യരായ പ്രതിപക്ഷനേതാവും ജലവിഭവ വകുപ്പുമന്ത്രിയും സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രിയും പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പോയിരുന്നു. 13 പേർക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം കൊടുക്കാനുള്ളതിൽ 7 പേർക്ക് കൊടുത്തു. പക്ഷെ ഈ സഭ ദു:ഖത്തോടെ മനസ്സിലാക്കേണ്ട ഒരു കാര്യം 6 പേർക്ക് ഇനിയും കൊടുക്കാനാകില്ല എന്നതാണ്. മാർട്ടിൻ, മാർട്ടിന്റെ അമ്മ, ഭാര്യ, മൂന്ന് കുട്ടികൾ എന്നിവരടങ്ങുന്ന ഒരു കുടുംബം എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു. അതിന് അവകാശികൾ വരാതെ അവർക്ക് കൊടുക്കാനാകില്ല.

ചിലയിടങ്ങളിൽ ഒരിക്കലും നിർമ്മിക്കാൻ കഴിയാത്ത വിധം പാലങ്ങളും മറ്റും നഷ്ടമുണ്ടായി. കേന്ദ്ര ഗവണ്മെന്റ് അതിനനുസരിച്ചുള്ള തുക നൽകുന്നില്ല. നമ്മുടെ സംഖ്യ്യുക്കത്തുനിന്ന് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം പരിശോധിച്ച് എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് തീർച്ചയായും പരിഹരിക്കാം. ദേശീയ ദുരന്ത നിവാരണ നിധിയുടെ ഒരു പ്രധാനപ്പെട്ട പ്രശ്നം അങ്ങേയ്ക്കറിയാം. അങ്ങയുടെ ഗവണ്മെന്റുള്ളപ്പോഴും ഈ ഗവണ്മെന്റുള്ളപ്പോഴും നമ്മൾ തുടർച്ചയായി കേന്ദ്ര ഗവണ്മെന്റിനോട് State Disaster Response Fund (SDRF)-ന്റെ സംവിധാനങ്ങൾ പുതുക്കണമെന്ന് ആവശ്യപ്പെടുകയാണ്. അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡ് പുതുക്കി പണിയാനും സംരക്ഷണ ഭിത്തി കെട്ടാനുമുള്ള പണം കൊടുക്കുന്നില്ല. വീട് നഷ്ടപ്പെട്ടാൽ പണം കൊടുക്കാമെന്നല്ലാതെ നഷ്ടപ്പെടുന്നതിനുമുമ്പ് സൈഡ് കെട്ടുന്നതിനുള്ള പണം കൊടുക്കുന്നില്ല. പാലങ്ങളുടെ കാര്യവും ഇതുപോലെ കൂട്ടായി പരിശോധിക്കേണ്ടതാണ്, സർക്കാരിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും

ചെയ്തിട്ടുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അത് പരിശോധിക്കാം.

## (2) പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസികൾക്ക് നോർക്കയുടെ ഇപ്പോഴുള്ള ആനുകൂല്യങ്ങൾ പലതും പല കാരണങ്ങളാൽ കിട്ടുന്നില്ല. ഉദാഹരണത്തിന്, ആദ്യകാലത്ത് തിരിച്ചുവന്ന പ്രവാസികൾക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് പോലുള്ള ആനുകൂല്യങ്ങൾ ചില വ്യവസ്ഥകൾ കാരണം ശരിയായി ലഭിക്കുന്നില്ല. കാലോചിതമായി അത് പരിഷ്ക്കരിക്കണം. പഞ്ചായത്തിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. ആദ്യകാലത്ത് വിദേശത്തുപോയി തിരിച്ചുവന്നവരുടെ ജീവിതനിലവാരം താഴ്ന്ന് വരുമാനമില്ലാതെ അവർ കഷ്ടപ്പെടുകയാണ്. പല വ്യവസ്ഥകളുംകൊണ്ട് അവർക്ക് നോർക്കയുടെ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. അതുകൊണ്ട് അത് റിവ്യൂ ചെയ്ത് ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചും സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമനിധി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് പ്രവാസി ക്ഷേമനിധിയിൽ അംഗത്വം അനുവദിക്കുന്നത്. മുമ്പ് 18 മുതൽ 55 വയസ്സുവരെ പ്രായമുള്ള പ്രവാസി കേരളീയർക്കാണ് ക്ഷേമനിധി അംഗത്വം അനുവദിച്ചിരുന്നത്. എന്നാൽ പിന്നീട് പ്രായപരിധി 60 വയസ്സാക്കി ഉയർത്തി കൂടുതൽ പ്രവാസികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നു. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ചിരിക്കുന്ന NDPREM, പ്രവാസി ഭദ്രത എന്നീ പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷം ആകെ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിദേശത്ത് രണ്ട് വർഷം തൊഴിൽ ചെയ്ത് തിരിച്ചെത്തിയ എല്ലാ പ്രവാസികൾക്കും വരുമാനപരിധി കണക്കാക്കാതെ ഇതിന്റെ ഗുണഭോക്താക്കളാകാവുന്നതാണ്. സാന്ത്വന സമാശ്വാസ പദ്ധതിക്ക് മാത്രമേ പ്രവാസി കാലയളവ് സംബന്ധിച്ച നിബന്ധന നിലവിലുള്ളൂ. അർഹതാമാനദണ്ഡം ഭേദഗതി ചെയ്ത് വാർഷിക വരുമാനപരിധി ഒന്നര

ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകളിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മി. സ്പീക്കർ: ബഹു. പ്രതിപക്ഷനേതാവിനും ബഹു. ഉപനേതാവിനും ചില പ്രിവിലേജ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ ഇനി ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതി.

(3) ഇലഞ്ഞിക്കോട് ഗാന്ധിപ്രതിമ തകർക്കപ്പെട്ട സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 11-11-2022-ൽ എന്റെ മണ്ഡലത്തിലെ എഴുകോൺ ഇരുമ്പനങ്ങാട് ഇലഞ്ഞിക്കോട് സ്ഥാപിച്ച ഗാന്ധിപ്രതിമയുടെ തലയറുത്തെടുത്ത സംഭവത്തിൽ ഉൾപ്പെട്ട പ്രതികളുടെ പേരുവച്ച് പരാതി കൊടുത്തുവെങ്കിലും യാതൊരു നടപടിയുമെടുത്തിട്ടില്ല. പ്രതിമനിർമ്മാണത്തിന്റെ ഘട്ടത്തിൽത്തന്നെ അവിടത്തെ പ്രാദേശിക സി.പി.ഐ.(എം) നേതാക്കൾ ഇതിനെതിരായിരുന്നു. അവിടെ മാലിന്യ വീപ്പ സ്ഥാപിച്ചപ്പോഴും പിന്നീട് ആ പ്രതിമയ്ക്ക് കേടുപാട് വരുത്തിയപ്പോഴും പോലീസിൽ പരാതി കൊടുത്തെങ്കിലും യാതൊരു അന്വേഷണവും നടത്തിയില്ല. ഇത് വളരെ വേദനാജനകമായ ഒരു അനുഭവമാണ്. മഹാത്മാഗാന്ധിയുടെ പ്രതിമയായതുകൊണ്ട് അതിന്റെ പേരിൽ

കലാപമൊന്നുമുണ്ടാക്കാൻ ഞങ്ങളില്ല. പക്ഷെ ഗവൺമെന്റ് ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ചെറിയ മറുപടിയേയുള്ളൂ. കൊല്ലം എഴുകോൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഇലഞ്ഞിക്കോട് റോഡരികിൽ സ്ഥാപിച്ചിരുന്ന ഗാന്ധിപ്രതിമ 11-11-2022 രാത്രിയിൽ അജ്ഞാതർ തകർത്ത സംഭവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എഴുകോൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1772/2022 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ച രണ്ട് പേരെ പോലീസ് വിശദമായി ചോദ്യം ചെയ്യുകയും മൊബൈൽ ലൊക്കേഷൻ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ത്വരിതഗതിയിൽ നടക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ ]

(4) ഓൺലൈൻ നികുതി അടയ്ക്കൽ

ശ്രീമതി ശാന്തകുമാരി കെ.: സർ, എന്റെ മണ്ഡലത്തിലുള്ള പാലക്കയം വില്ലേജിൽ 2021, 2268, 2052 തുടങ്ങിയ സർവ്വേ നമ്പരിലുള്ള ഭൂമിക്ക്

ഓൺലൈനായി കരമടയ്ക്കാൻ കഴിയാത്ത വലിയ പ്രശ്നം നേരിടുകയാണ്. അതിന്റെ ഭാഗമായി നിരവധി കുടുംബങ്ങൾ ലോണെടുത്തതുപോലും പുതുക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇതുസംബന്ധിച്ച് അന്വേഷിക്കുമ്പോൾ വേണ്ടപ്പെട്ട രേഖകൾ/ഡാറ്റ റവന്യൂ വകുപ്പ് അപ്‌ലോഡ് ചെയ്തിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിന്റെ ഭാഗമായി ആളുകൾക്ക് ലോണെടുത്തത് പുതുക്കാനോ ഭൂമി പണയപ്പെടുത്താനോ മറ്റ് ഇടപാടുകൾ നടത്താനോ കഴിയാത്ത അവസ്ഥയാണ്. അടിയന്തരമായി അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ വിഷയമാണ്. മണ്ണാർക്കാട് താലൂക്കിലെ പാലക്കയം വില്ലേജ് unsurveyed വില്ലേജാണ്. അവിടെ BTR-ന് പകരം A&B രജിസ്റ്ററാണുള്ളത്. പട്ടയം അനുവദിച്ചിട്ടുള്ള എല്ലാ കേസ്സുകളും അടിയന്തരമായി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തി പുതിയ സബ് ഡിവിഷൻ നൽകി ReLIS-ൽ ഉൾപ്പെടുത്തി കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുവരെ കരം വാങ്ങിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് ഓഫ്‌ലൈനായി വാങ്ങാനുള്ള

പ്രത്യേക അനുമതിയും കൊടുക്കാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ ഒരു പ്രത്യേക യോഗം ചേരുന്നതാണ്.

(5) വാമനപുരം മണ്ഡലത്തിലെ റീ സർവ്വേ നടപടികൾ

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ റീസർവ്വേ ഇംപ്ലിമെന്റ് ചെയ്ത കല്ലറ, പാങ്ങോട്, വാമനപുരം വില്ലേജുകളിലായി 20000 പരാതികൾ ലഭിച്ചതിൽ 13147 അപേക്ഷകൾ ഇപ്പോഴും പെൻഡിംഗാണ്. അതുപോലെ 2021 ബഡ്ജറ്റിൽ കരാറായ ചില റോഡുകളുടെ പുറമ്പോക്ക് ഭൂമി തിട്ടപ്പെടുത്തുന്നതിൽ കാലതാമസമുണ്ടാകുന്നതുകൊണ്ട് കരാറുകാർ പിന്മാറുന്ന അവസ്ഥയാണുള്ളത്. നെടുമങ്ങാട് താലൂക്കിൽ ആകെ 13 സർവ്വേയർമാരെയാണ് ഈ ജോലിക്ക് നിയോഗിച്ചിട്ടുള്ളത്. അതിൽ 6 പേരാണ് റീസർവ്വേ ജോലി ചെയ്യുന്നത്. ഇക്കാര്യം ഡി.ഡി.സി.-യിലും സർവ്വേ അദാലത്തിലും ഉന്നയിച്ചെങ്കിലും ഇതിലൊന്നും പരിഹാരം കാണാൻ സാധിച്ചില്ല. അടിയന്തരമായി അപേക്ഷകരുടെ എണ്ണമനുസരിച്ച് സർവ്വേയർമാരെ നിയോഗിച്ച് പരിഹാരം കാണുകയും അദാലത്തുകൾ

നടത്തി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള മുൻകയ്യെടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. തീർച്ചയായും അത് പരിഹരിക്കാം. തൽക്കാലം ഇപ്പോൾ ആ സർവ്വേ ടീമിൽ സർവ്വേയറുടെ എണ്ണം കൂട്ടിക്കൊണ്ട് വിപുലപ്പെടുത്താനും പുറമ്പോക്ക് ഭൂമി അളന്ന് തിരിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പാങ്ങോട്, വാമനപുരം വില്ലേജുകളിൽ നിലവിലുള്ള റീസർവ്വേ പരാതികൾ പരിഹരിക്കാൻ ഒരു അദാലത്ത് നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കും.

## (6) ആയിരവല്ലി പാറ ഖനനം

ശ്രീ. പി. എസ്. സുപാൽ: സർ, കൊല്ലം ജില്ലയിലെ ആയിരവല്ലി പാറയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള എൻ.ഒ.സി. റദ്ദാക്കണമെന്നുള്ളത് ഗൗരവമുള്ള വിഷയമാണ്. നിരവധി സാഹചര്യങ്ങളാൽ ആയിരവല്ലി പാറയുമായി ബന്ധപ്പെട്ട ഖനനം ഒരുതരത്തിലും അനുവദിക്കാവുന്നതല്ല. ആയിരവല്ലി പാറയിലെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ഗ്രോത്രവർഗ്ഗ

സംസ്കാര കാലഘട്ടത്തോളം പഴക്കമുള്ളതാണ്. സമുദ്രനിരപ്പിൽനിന്ന് ഉദ്ദേശം 800 അടി ഉയരത്തിലാണ് പ്രകൃതിമനോഹരമായ പാറ സ്ഥിതിചെയ്യുന്നത്. ഈ പാറയുടെ മുകളിലുള്ള ഒരിക്കലും വറ്റാത്ത ജലസ്രോതസ്സിൽനിന്നുമാണ് ചെറിയവെളിനല്ലൂരും പരിസരപ്രദേശങ്ങളിലുമൊക്കെ ജലം ലഭിക്കുന്നത്. ഗ്രാമങ്ങളിലെ കിണറുകളുടെയും കുളങ്ങളുടെയും പ്രധാന സ്രോതസ്സെന്ന് പറയുന്നത് ആയിരവല്ലി പാറയാണ്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് വലിയ ആചാരങ്ങളും ഇതിനോടനുബന്ധിച്ചുണ്ട്. ആയിരവല്ലി പാറയിൽ സ്ഥിതിചെയ്യുന്ന അതിപുരാതനമായ ക്ഷേത്രമാണ് ശ്രീആയിരവല്ലി ക്ഷേത്രം. പട്ടികജാതി കോളനി ഉൾപ്പെടെ ഒരുപാട് ആളുകൾ താമസിക്കുന്ന മേഖലയാണ്. കഴിഞ്ഞ 152 ദിവസങ്ങളായി അവിടെ എല്ലാവരും ചേർന്ന് സമരം നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു മീറ്റിംഗ് വിളിക്കുകയും അടിയന്തരമായി വിഷയങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. അടിയന്തരമായി എൻ.ഒ.സി. റദ്ദാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ

ക്ലിയറൻസ് ബോർഡിന്റെ യോഗ നിർദ്ദേശപ്രകാരമാണ് ഖനനത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ അവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള വിഷയങ്ങളെല്ലാം യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട അംഗവും കേരളത്തിന്റെ ബഹുമാന്യനായ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ മണ്ഡലവുമെന്ന നിലയിൽ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഞങ്ങളെല്ലാവരും പങ്കെടുത്ത് ഒരു യോഗം നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമ്പോൾ മൈനിംഗ് ആൻഡ് ജിയോളജി, വ്യവസായം, റവന്യൂ വകുപ്പുകൾ തമ്മിൽ കൂടിയാലോചന നടത്തി എൻ.ഒ.സി. ഹോൾഡർക്ക് ഹിയറിംഗ് നൽകാനുള്ള അവസരം കൊടുക്കണം. എന്തായാലും ആയിരവല്ലി പാറ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ആ പാറയുടെ മതപരവും പാരിസ്ഥിതികപരവുമായിട്ടുള്ള പ്രാധാന്യം, പാറപൊട്ടിക്കുന്നതിനെതിരെയുള്ള പൊതുജനവികാരം എന്നിവ കണക്കിലെടുത്തുകൊണ്ട് ആ യോഗത്തിന്റെ തീരുമാനപ്രകാരം കളക്ടർ റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് എൻ.ഒ.സി. ഹോൾഡറെ നിയമപരമായ

ഹിയറിംഗ് ഉൾപ്പെടെ നടത്തി ആവശ്യമായ നടപടി സർക്കാർ കൈക്കൊള്ളുന്നതാണ്.

(7) നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനം

ശ്രീ. ജി. സ്റ്റീഫൻ: സർ, കെട്ടിട നിർമ്മാണമേഖലയിലെ തനത് സാങ്കേതികവിദ്യയുപയോഗിച്ചും അല്ലാതെയും ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സർക്കാർ അക്രെഡിറ്റഡ് ഏജൻസിയാണ് നിർമ്മിതികേന്ദ്ര. 1989-ൽ സ്ഥാപിതമായ നിർമ്മിതികേന്ദ്ര ഇന്ന് സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ പ്രത്യേക സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നത് ഇവയുടെ ഏകോപിച്ച പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം പൊതുവിൽ ലഭ്യമല്ലാതെതന്നെ പ്രവർത്തിക്കാൻ കഴിയുന്ന നിർമ്മിതികേന്ദ്രങ്ങൾ ലാഭകരമായിട്ടാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. അഞ്ഞൂറിലധികം ജീവനക്കാർ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഒരു കുടക്കീഴിൽ അതായത് ഒരു നിയമത്തിന്റെയും വകുപ്പിന്റെയും കീഴിൽ വരികയെന്നുള്ളത് ഏറ്റവും സൗകര്യപ്രദമായിരിക്കും. ദേശീയ-അന്തർദേശീയ തലത്തിൽ ധാരാളം അംഗീകാരങ്ങൾ നേടിയ ഒരു

സ്ഥാപനമാണ് നിർമ്മിതികേന്ദ്രം എന്നതിനാൽ ഇതിനെ ഒരു നിയമത്തിന്റെയും വകുപ്പിന്റെയും കീഴിൽ ഏകോപിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം വളരെ പ്രസക്തമാണ്. ഇവയുടെ രണ്ടിന്റെയും ഘടന വ്യത്യസ്തമാണ്. സംസ്ഥാന നിർമ്മിതികേന്ദ്രത്തിന് മന്ത്രി ചെയർമാനായിട്ടുള്ള ഒരു ഗവേണിംഗ് ബോഡിയും ജില്ലാതലത്തിലുള്ള നിർമ്മിതികേന്ദ്രത്തിന് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ബോഡിയുമാണുള്ളത്. രണ്ടിന്റെയും സ്വഭാവത്തിലും ഇടപെടലിലും അതിന്റെ സഹായങ്ങളിലും വ്യത്യാസമുണ്ട്. സംസ്ഥാന നിർമ്മിതികേന്ദ്രത്തെ ഇപ്പോഴത്തെ നിലയിൽ നിലനിർത്തിക്കൊണ്ട്, 14 ജില്ലാ നിർമ്മിതികേന്ദ്രങ്ങളെ ഏകോപിപ്പിച്ച് ഒരു പൊതുനിയമവ്യവസ്ഥയിൽ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റുകയോ സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ കീഴിലുള്ള ഒരു സ്ഥാപനമാക്കി മാറ്റുകയോ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട അംഗം

പറഞ്ഞത്. ഇതിനായി ആവശ്യമായിട്ടുള്ള വിലയിരുത്തലുകളും നയപരമായ തീരുമാനങ്ങളും ശാസ്ത്രീയമായ പഠനങ്ങളും ആവശ്യമാണ്. അതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(8) <u>നിരാക്ഷേപ പത്രം</u>

<u>ശ്രീ. എ. രാജ</u>: സർ, ഇടുക്കി ജില്ലയിൽ ഹൈക്കോടതിയുടെ W.P.(C)1801/2010-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽനിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് അടിസ്ഥാനപ്പെടുത്തി 8 വില്ലേജുകളിൽ പഞ്ചായത്ത് കാര്യാലയങ്ങൾ, കെ.എസ്.ഇ.ബി.എൽ. തുടങ്ങിയവയ്ക്ക് ജില്ലാകളക്ടർ മതിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഹൈക്കോടതിയുടെ ഉത്തരവിൽ 8 വില്ലേജുകളിൽ താൽക്കാലികമായോ സ്ഥിരമായോ വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ഇല്ലാത്ത ഉത്തരവ് നടപ്പിൽ വരുത്തുന്നതിലൂടെ ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിലെ ജനങ്ങൾ വലിയ

രീതിയിലുള്ള ബുദ്ധിമുട്ടുകളനുഭവിക്കുകയും ഇവിടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് വലിയ തടസ്സം സൃഷ്ടിക്കുകയുമാണ്. സർക്കാരിന്റെ സ്വപ്നപദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെട്ട വീടുകൾക്കുപോലും ഈ ഉത്തരവ് ഇറക്കിയതിനുശേഷം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള ജില്ലയാണ് ഇടുക്കി. കാർഷിക ജില്ലയായ ഇടുക്കിയിൽ കൂടുതലും ഏലം കൃഷി ചെയ്യുന്ന ആളുകളാണുള്ളത്. അവർക്ക് ഏലം ഉണക്കുന്നതിനുള്ള ഡ്രയർ സ്ഥാപിക്കുന്നതിന് കറന്റ് കണക്ഷന് എൻ.ഒ.സി. നൽകുന്നില്ല. അതുപോലെ പുതിയ സംരംഭങ്ങൾക്കും പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്കുപോലും എൻ.ഒ.സി. നൽകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഈ ബുദ്ധിമുട്ട് മനസ്സിലാക്കി ഈ ഉത്തരവ് പിൻവലിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇന്നലെ വളരെ വിശദമായി ചർച്ച ചെയ്ത ചില പ്രശ്നങ്ങൾ കൂടി ഇതിന്റെ ഭാഗമാണ്. W.P.(C)1801/2010 & W.P.(C)34095/2007 തുടങ്ങിയ ചില

കേസ്സുകളുടെ അടിസ്ഥാനത്തിൽ സർക്കാർ സമ്മർദ്ദത്തിലാകുന്ന ചില പ്രശ്നങ്ങളുണ്ടാവുകയാണ്. റവന്യൂ വകുപ്പ് ബോധപൂർവ്വമായ ഏതെങ്കിലും വിധത്തിലുള്ള ഉത്തരവ് നൽകുന്നതല്ല. സർക്കാർ നാട്ടിലെ സാധാരണക്കാരോടും കർഷകരോടുമൊപ്പമായതിനാൽ ഏതെങ്കിലും വിധത്തിൽ കർഷകരെ ദ്രോഹിക്കാനുള്ള നടപടിക്ക് കൂട്ടുനിൽക്കില്ല. ഇപ്പോൾ ഇതൊരു സാമൂഹ്യപ്രശ്നമായി മാറിയിട്ടുള്ള ഘട്ടത്തിൽ ചട്ടം ഭേദഗതി ചെയ്യാനാണ് സർക്കാർ ആലോചിക്കുന്നത്. ഇക്കാര്യത്തിൽ പ്രശ്നപരിഹാരത്തിനായി നിയമത്തിലും ചട്ടത്തിലും മാറ്റം വരുത്താനാവശ്യമായ ഭേദഗതികൾ കൊണ്ടുവരികയും ബഹുമാനപ്പെട്ട അംഗത്തെക്കൂടി ഉൾപ്പെടുത്തി ആവശ്യമായ ചർച്ചകൾ സർക്കാരിന്റെ നേതൃത്വത്തിൽ കാലതാമസമില്ലാതെ നടത്തുന്നതുമാണ്.

(9) സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം

ശ്രീ. കെ. ബാബു (നെന്മാറ): സർ, നെന്മാറ നിയോജകമണ്ഡലത്തിലെ കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനുമാവശ്യമായ സീതാർകുണ്ട് ഡൈവേർഷൻ നടപ്പിലാക്കണമെന്നതാണ് എന്റെ സബ്മിഷൻ. 1977-ൽ കമ്മീഷൻ ചെയ്ത ചുള്ളിയാർ ഡാം കഴിഞ്ഞ 35 വർഷത്തിനിടയിൽ

അതികഠിനമായ മഴയും വെള്ളപ്പൊക്കവുമുണ്ടായ കാലഘട്ടത്തിൽ കേവലം 9 തവണ മാത്രമാണ് നിറഞ്ഞത്. സീതാർകുണ്ടിൽനിന്നും ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളം ഗായത്രിയിലെത്തി ഭാരതപ്പുഴയിലൂടെ അറബിക്കടലിലെത്തി പാഴായിപ്പോകുകയാണ്. അത് പെൻസ്റ്റോക്ക് പൈപ്പ് വഴി നിലവിലുള്ള പലകപ്പാണ്ടിയുടെ കനാലിൽ കൊണ്ടെത്തിച്ച് ചുള്ളിയാറിൽ നിറച്ചാൽ കാർഷികമേഖലയ്ക്കും കുടിവെള്ളത്തിനുമാവശ്യമായ ജലം ലഭ്യമാകുകയും ഇന്ന് നിലനിൽക്കുന്ന ജലക്ഷാമം പരിഹരിക്കപ്പെടാൻ കഴിയുകയും ചെയ്യും. അതിനാൽ 2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സീതാർകുണ്ട് ഡൈവേർഷൻ പദ്ധതി നടപ്പിലാക്കാനാവശ്യമായ അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ സൂചിപ്പിച്ചത് അതീവ പ്രാധാന്യമുള്ള ഒരു സംഭവമാണ്. സീതാർകുണ്ടിൽനിന്നും ഒഴുകിപ്പോകുന്ന വെള്ളം ചുള്ളിയാർ ഡാമിൽ എത്തിക്കുന്നതിനുള്ള പദ്ധതിയാണ് സീതാർകുണ്ട് മിനി ഡൈവെർഷൻ സ്കീം. ഇതിന്റെ പ്രയോജനം ഇറിഗേഷനും കുടിവെള്ളത്തിനും ഏറെ പ്രയോജനകരമാണ്. ചുള്ളിയാർ ഡാമിൽ വെള്ളം ശേഖരിക്കാൻ

കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിശോധനകൾ നടത്തിവരികയാണ്. ആയതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ എൻ.ഒ.സി. വേണ്ടിവരും. ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ തന്നെയാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

(10) വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: സർ, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ മൂന്ന് വിലപ്പെട്ട ജീവനുകളാണ് PT7 എന്ന കാട്ടാന നഷ്ടപ്പെടുത്തിയത്. ആനയെ തളയ്ക്കാനുള്ള കുങ്കിയാനകൾക്ക് വയനാട് കൂടൊരുങ്ങുന്നുവെന്ന് പറഞ്ഞതിൽ ബഹു. മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 6 പഞ്ചായത്തുകളിലെ ജനവാസ കേന്ദ്രങ്ങളിലും വന്യമൃഗശല്യം നാൾക്കുനാൾ പെരുകിവരികയാണ്. ജനങ്ങളാകെ പരിഭ്രാന്തിയിലാണ്. അകത്തേത്തറ പഞ്ചായത്തിലെ ചീക്കുഴി-ധോണി പ്രദേശങ്ങളിൽ ആനകൾക്കും പുലികൾക്കും പുറമേ ഇപ്പോൾ കരടികളും കാണുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. ജനങ്ങളാകെ ഭയന്നുവിറച്ചാണ് ഓരോ ദിവസവും തള്ളിനീക്കുന്നത്. ഇതിനൊരു ശാശ്വതപരിഹാരം കണ്ടെത്തിയേ പറ്റൂ. വാളയാർ മുതൽ കല്ലടിക്കോട് വരെ

നീണ്ടുകിടക്കുന്ന ഏകദേശം മുപ്പത്തിയഞ്ച് കിലോമീറ്ററിലെ ജനവാസകേന്ദ്രത്തോടടുത്താണിത്. രണ്ട് റേഞ്ചിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത് എന്നതിനാൽ ജനങ്ങളെയും കൃഷിയെയും സംരക്ഷിക്കാനാവശ്യമായ ഒരു ഫോറസ്റ്റ് സ്റ്റേഷൻ ഉടൻ ആരംഭിക്കാൻ കഴിയുമോ ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, മലമ്പുഴ എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ അവിടത്തെ ജനങ്ങളനുഭവിക്കുന്ന ദുരിതമാണ് ഇവിടെ വിശദീകരിച്ചത്. ഏറെക്കുറെ ശരിയായ കാര്യമാണദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഉദ്യോഗസ്ഥർ വളരെ ജാഗ്രതയോടെയുമാണ് അവിടെ പ്രവർത്തനം നടത്തുന്നത്. ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് അംഗത്തിന്റെ ആവശ്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## (11) മണ്ണാർക്കാട് മണ്ഡലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് മണ്ഡലത്തിലുടനീളം കാട്ടാനശല്യം വളരെ രൂക്ഷമാണ്. പട്ടാപ്പകൽ കോട്ടോപ്പാടം പഞ്ചായത്തിൽ കച്ചേരിപ്പറമ്പ് പ്രദേശത്ത് കാളപൂട്ട് മത്സരം നടക്കുമ്പോൾ ആയിരക്കണക്കിനാളുകൾ ഒന്നിച്ചുകൂടിയ സ്ഥലത്തേയ്ക്കാണ് മൂന്നുനാല് ആനകൾ ചീറിപ്പാഞ്ഞ് വന്നത്. ഭാഗ്യംകൊണ്ടാണ് വലിയ അപകടം ഒഴിവായത്. ഇതുപോലെയുള്ള ആക്രമണങ്ങൾ വളരെ രൂക്ഷമാണ്. എം.എൽ.എ. ഫണ്ടിൽനിന്ന് ആർ.ആർ.ടി.-ക്ക് ഞാനൊരു വാഹനം അനുവദിച്ചിട്ടുപോലും ധനകാര്യ വകുപ്പ് അതിന് നോംസില്ലെന്ന് പറഞ്ഞ് നിർത്തിവച്ചിരിക്കുകയാണ്. പഞ്ചായത്തുകൾ വേലികെട്ടാൻ പണം വകയിരുത്താൻ തയ്യാറാണെങ്കിലും ആയത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് വനം വകുപ്പ് ഒരു കോ-ഓർഡിനേഷൻ നടത്തേണ്ടതുണ്ട്. ഇന്നലെ രാത്രി ആർ.ആർ.ടി.-ക്കെതിരെ ഒരു ഒറ്റയാൻ അട്ടപ്പാടിയിൽ ചീറിപ്പാഞ്ഞുവന്നു; രണ്ടു ദിവസം മുമ്പ് ഒരാളെ അടിച്ചുകൊന്നു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഏഴോളം ആളുകൾ അട്ടപ്പാടിയിൽ ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്ന സ്ഥിതിയുണ്ടായതിനാൽ ഇത് വളരെ

ഗൗരവമായെടുക്കണമെന്നും വേലി നിർമ്മാണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും ഒരു പ്രത്യേക ആർ.ആർ.ടി. ടീമിനെക്കൂടി അവിടെ അനുവദിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞ കാര്യങ്ങളെല്ലാം നേരിട്ട് ബോധ്യമുള്ളതാണ്. സൗരോർജ്ജ വേലികളുടെ നിർമ്മാണം പെട്ടെന്ന് പൂർത്തിയാക്കാനും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ആവശ്യമെങ്കിൽ അതിന്റെ പരിപാലനത്തിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അവിടെ ആർ.ആർ.ടി. അനുവദിക്കണമെന്നത് സംബന്ധിച്ച് നേരത്തെ മലമ്പുഴ എം.എൽ.എ.-യും ആവശ്യപ്പെട്ടിരുന്നു. ആർ.ആർ.ടി. അനുവദിക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. എത്രയുംവേഗം അതിന് അംഗീകാരം കിട്ടുമെന്നാണ് കരുതുന്നത്.

## (12) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോരുത്തോട്, മുണ്ടക്കയം, എരുമേലി എന്നീ പഞ്ചായത്തുകളിലായി ഏകദേശം 30 കിലോമീറ്ററിലധികം ദൂരമാണ് വനമേഖലയും കാർഷിക മേഖലയുമായി അതിർത്തി പങ്കിടുന്നത്. ഈ പ്രദേശങ്ങളിൽ വളരെയേറെ വന്യജീവി ആക്രമണങ്ങളാണുണ്ടാകുന്നത്. കഴിഞ്ഞ ഒരുവർഷത്തിനിടയിൽ മാത്രം 270 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിൽ അമ്പതോളം എണ്ണത്തിൽ മനുഷ്യർക്ക് പരിക്കുപറ്റാനിടയായി. രണ്ടുദിവസം മുമ്പ് മുണ്ടക്കയം പഞ്ചായത്തിലെ ഒന്നാം വാർഡ് മെമ്പർ ജോമി തോമസിനെ വീട്ടിൽക്കയറി കുറുക്കൻ ആക്രമിച്ച സംഭവമുണ്ടായി. അദ്ദേഹം ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. വന്യമൃഗാക്രമണം തടയുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ഈ മൂന്ന് പഞ്ചായത്തുകളിലെ മൈനാക്കുളം, കാളകെട്ടി, കോയിക്കക്കാവ്, കണ്ണിമല, വണ്ടംപതാൽ, കണ്ടങ്കയം തുടങ്ങിയ പ്രദേശങ്ങളിലെ 1500-ഓളം കുടുംബങ്ങൾ വന്യമൃഗാക്രമണത്തിന്റെ ഭീഷണിയിലാണ്. അവരുടെ ജീവനും കൃഷിക്കും ഭീഷണിയാണ്. രണ്ട്

പരിഹാരമാണ് അടിയന്തരമായി ഉണ്ടാകേണ്ടത്. കോട്ടയം ജില്ലയ്ക്ക് ആർ.ആർ.ടി. ഇല്ല. കോട്ടയം ഡിവിഷനും പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗവുമാണ് ഇതിൽ വരുന്നത്. കോട്ടയം ജില്ലയ്ക്ക് അടിയന്തരമായി ഒരു ആർ.ആർ.ടി. അനുവദിക്കണം. അതുപോലെ 30 കിലോമീറ്റർ ദൂരത്തിൽ 6 കിലോമീറ്റർ മാത്രമാണ് സോളാർ ഫെൻസിംഗുള്ളത്. ബാക്കി ഭാഗത്തേയ്ക്കുകൂടി അടിയന്തരമായി ഹാംഗിംഗ് സോളാർ ഫെൻസിംഗ് സംവിധാനം ഒരുക്കുന്നതിനും ആർ.ആർ.ടി. അനുവദിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പൂഞ്ഞാർ എം.എൽ.എ. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞതുപോലെ ഇതൊരു പൊതുവിഷയമാണ്. അവിടെ വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷനുകളും ആർ.ആർ.ടി.-കളും പുതുതായി രൂപീകരിക്കേണ്ടതുണ്ട്. നിലവിലുള്ള സ്റ്റാഫ് ജീവൻ പണയംവച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവരെ ശ്ലാഘിക്കുന്നതോടൊപ്പം അവർക്ക് കൂടുതൽ സൗകര്യങ്ങൾ

ഏർപ്പെടുത്താനുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് താമസിയാതെ ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടുമെന്നാണ് കരുതുന്നത്. ഇവിടെ പരാമർശിച്ച പ്രദേശങ്ങളെല്ലാം ജാഗ്രത പാലിക്കേണ്ട ഹോട്ട്സ്പോട്ടിലുള്ള പ്രദേശങ്ങളാണ്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(13) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. സജീവ് ജോസഫ്: സർ, ഏഴുവർഷം മുമ്പ് അനുവദിക്കപ്പെട്ട നടുവിൽ ഗവണ്മെന്റ് പോളിടെക്നിക് കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ തസ്തികകൾ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. 5 ഏക്കർ സ്ഥലത്ത് 6.5 കോടി രൂപ ചെലവഴിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും 50 ലക്ഷം രൂപ ചെലവഴിച്ച് ഫർണിച്ചർ ലഭ്യമാക്കുകയും ചെയ്തു. എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഏഴുവർഷമായി ക്ലാസുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇക്കൊല്ലം എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭിച്ചെങ്കിലും തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല. 2015-ൽ ഇതിനോടൊപ്പം ആരംഭിച്ച മറ്റ് പോളിടെക്നിക് കോളേജുകൾക്ക് വാടകക്കെട്ടിടത്തിൽ

പ്രവർത്തിക്കുമ്പോൾത്തന്നെ തസ്തികകൾ അനുവദിച്ചിരുന്നു. ഏകദേശം 7 കോടി രൂപ മുടക്കി സ്വന്തമായി കെട്ടിടമുണ്ടാക്കാൻ സാധിച്ചിട്ടും ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ജില്ലയിൽ 6276 അപേക്ഷകൾ ഈ പോളിടെക്നിക്കിലെ അഡ്മിഷനുവേണ്ടിയുണ്ടായിരുന്നു. അതിൽ 1133 പേർക്ക് മാത്രമാണ് അഡ്മിഷൻ ലഭിച്ചത്. ഈ പോളിടെക്നിക് കണ്ണൂർ ജില്ലയിലെ വിദ്യാർത്ഥികൾക്ക് വലിയ അനുഗ്രഹമാകും. ഈ വിഷയത്തിൽ മുമ്പ് സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഈ വർഷംതന്നെ ക്ലാസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു.  പക്ഷേ ക്ലാസുകൾ ആരംഭിക്കാൻ സാധിക്കുന്നില്ല. ഈ പ്രദേശത്ത് സർക്കാർ മേഖലയിലുള്ള വേറെ  ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമില്ല. അതുകൊണ്ട് ഈ സ്ഥാപനം പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കാനുള്ള അനുകൂലതീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തദ്ദേശസ്വയംഭരണം, എക്സൈസ്  വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കണ്ണൂർ ജില്ലയിലെ നടുവിൽ പുതുതായി പോളിടെക്നിക് കോളേജ്

ആരംഭിക്കുന്നതിന് 03-06-2015-ലെ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. 2016-ൽ നിലവിലുള്ള സൗകര്യങ്ങൾ അനുസരിച്ച് എ.ഐ.സി.ടി.ഇ. ഇൻസ്പെക്ഷൻ നടത്തിയെങ്കിലും സ്വന്തമായ കെട്ടിടവും ഉപകരണങ്ങളുമില്ലാത്തതിനാൽ അംഗീകാരം ലഭിച്ചില്ല. ഒന്നാംവർഷ ക്ലാസുകൾക്കായി പോളിടെക്നിക് കോളേജിന് മാറ്റിവച്ച സ്ഥലത്ത് എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാലും ഉപകരണങ്ങളും മറ്റും പൂർണ്ണമായി സജ്ജമല്ലാത്തതിനാലും പ്രാരംഭഘട്ടത്തിൽ പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ 33 തസ്തികകൾ അനുവദിക്കുകയുണ്ടായില്ല.

(14) റീബിൽഡ് കേരള പദ്ധതി പ്രവർത്തനങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, വടകര മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട പല പ്രവൃത്തികളും എ.എസ്. ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാനോ പല പദ്ധതികളും ആരംഭിക്കാനോ സാധിച്ചിട്ടില്ല. നാരായണ നഗർ ബസ് സ്റ്റാൻഡ്, മടപ്പള്ളി കോളേജ് ഗസ്റ്റ് ഹൗസ്, മടപ്പള്ളി പ്രൈമറി ഹെൽത്ത് സെന്റർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വർക്കുകളുണ്ട്. ഇതിൽ മറ്റു ഫണ്ടുകളൊന്നും നീക്കിവയ്ക്കാൻ സാധിക്കുന്നില്ല.

ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം പല പദ്ധതികൾക്കും ആർക്കിടെക്ചർ ഡ്രോയിംഗ് ആവശ്യമാണെന്നുള്ളതാണ്. ആർക്കിടെക്ചർ ഡ്രോയിംഗിന് പ്രത്യേക ഫണ്ട് മുൻകൂട്ടി നൽകാൻ കഴിയാത്തത് പ്രധാന പ്രശ്നമാണ്. അതിനായി പാർട്ട് ടി.എസ്. നൽകുകയോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള നിർദ്ദേശം നൽകാത്തതുകാരണം ഫണ്ട് നീക്കിവയ്ക്കാൻ സാധിക്കുന്നില്ല. അതിനാൽ ഇത്തരം പ്രവൃത്തികൾക്ക് കാലതാമസമുണ്ടാവുകയാണ്. ഈ പദ്ധതികളുടെ മേൽനോട്ടം വഹിക്കാനായി എം.എൽ.എ.-യും എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉൾപ്പെടെയുള്ള മേൽനോട്ട സമിതിയുണ്ടാകുകയാണെങ്കിൽ പദ്ധതികൾ കുറച്ചുകൂടി വേഗത്തിലാക്കാൻ സാധിക്കും. അതുകൊണ്ട് ഈ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാനാവശ്യമായ നിർദ്ദേശം നൽകാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, വടകര നഗരസഭയുടെ പുതിയ ബസ് സ്റ്റാൻഡ് നവീകരണ പ്രവൃത്തിക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി രണ്ടരക്കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഹൈവേ

വികസനത്തിന്റെ അന്തിമരൂപം ലഭിച്ചാൽ മാത്രമേ ബസ് സ്റ്റാൻഡ് വികസനത്തിന്റെ രൂപരേഖ തയ്യാറാക്കാൻ കഴിയുമായിരുന്നുള്ളൂ. ബസ് സ്റ്റാൻഡ് വികസനത്തിന്റെ രൂപരേഖ തയ്യാറാക്കാനായി GITPAC എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രൂപരേഖ ലഭ്യമായാൽ മാത്രമേ മേൽത്തുക ഉപയോഗിച്ച് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ കഴിയുക എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. രൂപരേഖ, സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച ആശയക്കുഴപ്പവും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. ദീർഘമായ മറുപടി ആയതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.+ പ്രാഥമിക പ്രവൃത്തികളിൽ പണച്ചെലവുള്ളവയ്ക്ക് പാർട്ട് ടി.എസ്. നൽകി പണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ആവശ്യമായ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (15) <u>ശ്രീചട്ടമ്പിസ്വാമി സ്മാരക നിർമ്മാണം</u>

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരളത്തിലെ നവോത്ഥാന നായകരിൽ പ്രധാനിയായ ശ്രീചട്ടമ്പിസ്വാമികളുടെ മാതൃഗൃഹമായ മച്ചേൽ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രദേശത്ത് സ്മാരകം സ്ഥാപിക്കണമെന്നതാണ് എന്റെ സബ്മിഷൻ. പൂണൂൽ ധരിച്ചവർക്ക് മാത്രമല്ല വേദവും വ്യാകരണവും പഠിക്കാൻ കഴിയുന്നതെന്ന് ഓർമ്മിപ്പിച്ചത് ചട്ടമ്പിസ്വാമികളാണ്. സ്ത്രീസമത്വത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും തന്റെ സമൂഹത്തെ പഠിപ്പിച്ച ഗുരുനാഥൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മാതാവായ നങ്ങാദേവിയുടെ ജന്മഗൃഹം കാട്ടാക്കട മണ്ഡലത്തിലെ മച്ചേൽ പ്രദേശത്താണ്. മച്ചേൽ പ്രദേശത്ത് വിദ്യാർത്ഥികൾക്ക് അദ്ദേഹത്തിന്റെ ജീവിതത്തെയും പരിസ്ഥിതിയെയും സ്ത്രീസമത്വത്തെയും കുറിച്ച് പഠിക്കാനുതകുന്ന തരത്തിലുള്ള ഒരു സ്മാരകം നിർമ്മിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ദീർഘമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.+ മറുപടി ചുരുക്കിപ്പറയാം. ഇപ്പോൾ 33,09,349/- രൂപ പൊന്നുംവില കിട്ടുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി തുകകൂടി കിട്ടിക്കഴിഞ്ഞാൽ ഇത് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(16) വടക്കാഞ്ചേരിയിൽ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, എന്റെ നിയോജകമണ്ഡലത്തിൽ മുണ്ടത്തിക്കോട് പ്രദേശത്ത് 5 ഏക്കർ 40 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന് കൈമാറിയിരുന്നു. അഡ്മിഷനിലുള്ള ഇടിവ് കാരണം ടി സ്ഥലത്ത് എഞ്ചിനീയറിംഗ് കോളേജ് എന്ന പദ്ധതി ഉപേക്ഷിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 11 കോടി രൂപ ചെലവഴിച്ച് 20939 സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയയിൽ നാലുനിലകളിൽ ഒരു കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഈ കെട്ടിടവും ഭൂമിയും വർഷങ്ങളായി വെറുതെ കിടക്കുകയാണ്. ഇതുപയോഗപ്പെടുത്തി വ്യവസായം, നൈപുണ്യം, ഉന്നതവിദ്യാഭ്യാസം മുതലായ മറ്റുവകുപ്പുകൾക്ക് കൈമാറുന്നതിന് സഹകരണ വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിദ്യാർത്ഥികളുടെ അഭാവംകൊണ്ടും

പണിതീർത്ത കെട്ടിടത്തിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡില്ലാത്തതുകൊണ്ടും കോളേജ് പെട്ടെന്ന് തുടങ്ങുകയെന്നത് അപ്രായോഗികമാണ്. മതിയായ റോഡ് കണക്ടിവിറ്റി ലഭ്യമാകുന്നമുറയ്ക്ക് നൈപുണ്യ വികസന വകുപ്പുമായി ചേർന്ന് പദ്ധതികൾ പുതുതായി ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്.

## (17) മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ടൊരു പ്രശ്നം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. മിക്കവാറും എല്ലാ രോഗങ്ങൾക്കും സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സയും പരിഹാരവും ലഭിക്കുമെങ്കിലും ഗുരുതരമായ Fanconi anemia രോഗത്തിനുള്ള ചികിത്സയുടെ ഭാഗമായി മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജിൽ നടത്തപ്പെടുന്നില്ല എന്നത് പ്രധാനപ്പെട്ട കാര്യമായി ഉന്നയിക്കുകയാണ്. രോഗം പിടിപെട്ട് ഇപ്പോൾ ചികിത്സ ആവശ്യമുള്ളവരുടെ ബന്ധുക്കൾ പറയുന്നത് സ്വകാര്യ ആശുപത്രികളിൽ ഈ ചികിത്സയ്ക്ക് 35 ലക്ഷം രൂപ വേണ്ടിവരുമെന്നാണ്. എന്റെ മണ്ഡലത്തിൽ മാന്നാർ സ്വദേശിനിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതുമായ ശ്രീമതി സരസ്വതിയുടെ രണ്ട്

പെൺമക്കൾക്ക് Fanconi anemia എന്ന രോഗം പിടിപെട്ടിട്ട് വർഷങ്ങളായി. പണമില്ലാത്തതിനാൽ ശസ്ത്രക്രിയ നടക്കുന്നില്ല. സമാനമായ കേസുകൾ ബുധനൂർ, ചെറിയനാട് പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലുണ്ട്. പണമില്ലാത്തതിനാൽ ഇത്തരം രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യാൻ കഴിയാതെ വിഷമിക്കുന്നു. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജിൽ ചെയ്തോ സ്വകാര്യ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ ചെയ്യുന്നതിനുള്ള ചെലവ് സർക്കാർ വഹിച്ചോ പാവപ്പെട്ട രോഗികളെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. Fanconi anemia എന്ന രോഗം വ്യാപകമായി ഇന്ന് പല സ്ഥലങ്ങളിലും കാണുന്നു. എന്തുനടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, Fanconi anemia അപൂർവ്വമായി കണ്ടുവരുന്ന ജനിതക രോഗമാണ്. ഇത് പ്രധാനമായി മജ്ജയെ ആണ് ബാധിക്കുന്നത്. ആയതിനാൽ രക്തകോശ ഉല്പാദനം കുറയുന്ന അവസ്ഥയുണ്ടാകുന്നു. മജ്ജ മാറ്റിവയ്ക്കൽ അനിവാര്യമായ സാഹചര്യവുമുണ്ടാകുന്നുണ്ട്. കേരളത്തിൽ സർക്കാർ മേഖലയിൽ മലബാർ കാൻസർ സെന്ററിൽ എല്ലാ

പ്രായക്കാർക്കുമുള്ള മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മുതിർന്നവർക്കുള്ള മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇപ്പോൾ നടത്തിവരുന്നുണ്ട്. ആർ.സി.സി.-യിൽ കുട്ടികൾക്കുള്ള മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മലബാർ കാൻസർ സെന്ററിൽ ഇതുവരെ 180 മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി നടത്തിയതിൽ 17 എണ്ണവും കുട്ടികളുടെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ്. ആരോഗ്യകിരണം പദ്ധതിപ്രകാരം 18 വയസ്സിന് താഴെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഈ സേവനം പൂർണ്ണമായും സൗജന്യമായി ലഭിക്കുന്നതാണ്. ധാരാളം അപേക്ഷകൾ കിട്ടുന്നതുകൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പരമാവധി കുഞ്ഞുങ്ങളുടെ ശസ്ത്രക്രിയ എം.സി.സി.-യിൽ തന്നെ നടത്തുന്നതാണ്. ആർ.സി.സി.-യിൽ മുതിർന്നവർക്ക് നടത്തുന്നുണ്ട്. അവിടെ പെട്ടെന്ന് ശസ്ത്രക്രിയ നടത്താൻ സാധിക്കാതെ വന്നാൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും.

## (18) ആശ്വാസ കിരണം പദ്ധതി

ശ്രീ. പി. ഉബൈദുള്ള: സർ, കിടപ്പിലായ രോഗികളെ പരിചരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിയ ആശ്വാസകിരണം പദ്ധതിയിൽ 2018 ഏപ്രിൽ മുതലുള്ള അപേക്ഷകൾ തീർപ്പ് കല്പിക്കേണ്ടതിന്റെയും രണ്ട് വർഷമായി ലഭിക്കാത്ത കുടിശ്ശിക തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതിന്റെയും ആവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആശ്വാസകിരണം പദ്ധതിപ്രകാരം 600 രൂപയാണ് ഇപ്പോൾ ധനസഹായമായി നൽകിവരുന്നത്. പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്തിട്ട് 19 മാസങ്ങൾ പിന്നിട്ടിരിക്കുകയാണ്. 2018 ഏപ്രിൽ മാസത്തിനുശേഷം പുതിയതായി അപേക്ഷ സമർപ്പിച്ച ആർക്കും ഇതുവരെ തുക നൽകിയിട്ടില്ല. പദ്ധതിക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 42.5 കോടി രൂപയിൽ ആദ്യഗഡുവായി 10 കോടിരൂപ മാത്രമാണ് ഇപ്പോഴും വിതരണം ചെയ്തതെന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി കഴിഞ്ഞ സഭാ സമ്മേളനത്തിൽ അറിയിച്ചിട്ടുള്ളതാണ്. നാല് മാസം പിന്നിട്ടിട്ടും മുഴുവൻ

ഗുണഭോക്താക്കൾക്കും തുക ഇതുവരെയും വിതരണം ചെയ്തിട്ടില്ല. കുടിശ്ശിക തുക കൊടുത്തുതീർക്കാൻ അധിക ധനവിനിയോഗം ആവശ്യമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കണം. ഗുണഭോക്താക്കൾക്ക് ചികിത്സയ്ക്ക് ഈ തുക അപര്യാപ്തമാണ്. തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ആശ്വാസ കിരണം പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം 40 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെയും ധനസഹായം 34965 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയായ 32.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കളിൽ

ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കൾക്കാണ് ഇപ്പോൾ ഈ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും കൂടിവരുന്നതിനാൽ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഉത്തരം ദീർഘമായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു+

## (19) ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിഷയങ്ങളാണ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ അംഗമായി ചേർന്ന തൊഴിലാളികൾക്ക് അവരുടെ ക്ഷേമനിധി കാർഡ് തൊഴിലുടമകൾ നൽകുന്നില്ല. അതുമൂലം സർക്കാർ പ്രഖ്യാപിച്ച വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷ നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. തൊഴിലുടമകൾ അവരുടെ അംശദായം അടയ്ക്കാത്തത് വലിയ പ്രതിസന്ധിയാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ ഒരു ബദൽ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മാർഗ്ഗം കണ്ടെത്തണം. 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018-ൽ ഭേദഗതി ചെയ്ത് കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇരിപ്പിടാവകാശം ലഭ്യമാക്കിയെങ്കിലും അത് സ്ഥാപന ഉടമകൾ അട്ടിമറിക്കുന്ന സ്ഥിതിയാണുള്ളത്. ഇപ്പോഴും പല കടകളിലും തൊഴിലാളികൾക്ക് പ്രത്യേകിച്ച്, സ്ത്രീ തൊഴിലാളികൾക്ക് ഇരിപ്പിടം ലഭ്യമാക്കാത്ത സ്ഥിതിയാണുള്ളത്. അവരുടെ തൊഴിൽത്തിരക്ക് ഒഴിവാകുമ്പോൾപോലും ഇരിക്കാൻ സാധിക്കാത്ത അവസ്ഥ ഗുരുതരമായ ശാരീരിക പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ഇരിപ്പിടം ഉടമയുടെ ഔദാര്യമല്ല, സർക്കാർ നടപ്പാക്കിയ നിയമം അനുശാസിക്കുന്ന അവകാശം നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. തൊഴിലുടമകളുടെ നിസ്സഹകരണംമൂലം ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. സർക്കാർ മുൻകയ്യെടുത്ത് ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, 2018-ൽ ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് ഷോപ്പ്സ് & കൊമേഴ്സ്യൽ

എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം കൊണ്ടുവന്ന് തൊഴിലാളികൾ കടകളിൽ നിൽക്കുന്ന സാഹചര്യം ഒഴിവാക്കി അവർക്ക് ഇരിക്കുന്നതിനുള്ള അവസരമൊരുക്കിയത്. ഈ നിയമം ഏതെങ്കിലും സ്ഥാപനങ്ങളിൽ ലംഘിക്കുന്നുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാം. തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിന് തൊഴിലുടമകളുടെ നിസ്സഹകരണം ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(20) സ്കൂൾ കലോത്സവങ്ങൾ

ഡോ. മാത്യു കുഴൽനാടൻ: സർ, സ്കൂൾ കലാമേളകളിലെ അഴിമതി കാലങ്ങളായി കേൾക്കുന്ന പരാതിയാണ്. കുട്ടികൾ അവരുടെ പ്രതിഭ തെളിയിക്കാൻവേണ്ടി നടത്തുന്ന മത്സരങ്ങളിലെ വിധികർത്താക്കൾ സാമ്പത്തികവും മറ്റുതാൽപ്പര്യങ്ങൾക്കുമായി വിധിയെ അട്ടിമറിക്കുകയും കുട്ടികൾ അപ്പീലുമായി കോടതിയിൽ പോകുകയുമാണ്. സംസ്ഥാന സ്കൂൾ കലോത്സവം കഴിഞ്ഞാൽ ഹൈക്കോടതിയിൽ പെറ്റീഷനുകളുടെ ഘോഷയാത്രയാണ്. അപ്പീൽ ഫയൽ ചെയ്യാൻ 2,000 മുതൽ 5,000 രൂപ വരെ കെട്ടിവയ്ക്കണം. കുട്ടികൾക്ക് സമ്മാനം കൊടുത്തോ കൊടുത്തില്ലേ എന്നുള്ളതല്ല. ഇതിലെ പ്രധാനപ്പെട്ട കാര്യം, പങ്കെടുക്കുന്ന കുട്ടികളുടെ

മാനസികാവസ്ഥ, സർക്കാർ സിസ്റ്റത്തെക്കുറിച്ച് അവർക്കുള്ള ധാരണയാണ്. അതായത് മിമിക്രിക്ക് മാർക്കിടാൻ വന്നവർതന്നെയാണ് മോഹിനിയാട്ടത്തിനും മാർക്കിടുന്നത്. മോഹിനിയാട്ടവും കുച്ചിപ്പുടിയും എന്താണെന്നറിയാത്ത, ചെണ്ടയ്ക്ക് മാർക്കിടാൻ വന്ന ആളാണ് അടുത്തതിന് മാർക്കിടുന്നത്. ഇതുപോലെ എത്ര പരാതികളാണ് കോടതികളിൽ വരുന്നത്. കലോത്സവങ്ങളിൽ സുതാര്യതയും സത്യസന്ധതയും ഇല്ലാത്തതുകാരണം കുട്ടികൾക്കുണ്ടാകുന്ന മാനസികാവസ്ഥ പരിശോധിക്കേണ്ടതാണ്. കഠിനാധ്വാനം ചെയ്ത് മത്സരം നടത്തി തനിക്ക് അർഹതപ്പെട്ട വിജയത്തിന് 2,000 രൂപയോ 5,000 രൂപയോ കെട്ടിവച്ച് അപ്പീൽ ഫയൽ ചെയ്ത് സമ്മാനം വാങ്ങേണ്ട അവസ്ഥയിലൂടെ കടന്നുപോകുമ്പോൾ സർക്കാരിനോടും ഈ സിസ്റ്റത്തോടും കുട്ടികൾക്കുണ്ടാകുന്ന മാനസികാവസ്ഥ പരിഗണിച്ച് ഇത് പരിഹരിക്കാൻ കഴിയുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരള സ്കൂൾ കലോത്സവ മാന്വൽ പ്രകാരമാണ് കലോത്സവം നടക്കുന്നത്. അതിന് കൃത്യമായ ചട്ടക്കൂടുണ്ട്. ക്വസ്റ്റ്യൻ പേപ്പർ പ്രിന്റ് ചെയ്യുന്നതുപോലെ വളരെ രഹസ്യമായാണ് സംസ്ഥാനാടിസ്ഥാനത്തിൽ നടക്കുന്ന

കലോത്സവത്തിൽ ജഡ്ജസിനെ തെരഞ്ഞെടുക്കുന്നത്. പരാജയപ്പെടുമ്പോൾ എല്ലാവർക്കും പരാതിയും വിഷമവുമുണ്ടാകും. ഏറ്റവും കുറ്റമറ്റരീതിയിൽ കലോത്സവം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (21) സ്കൂൾ മൈതാനങ്ങൾ കായിക പരിശീലനത്തിനും വിനോദത്തിനും അനുവദിക്കൽ

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തെ യുവജനങ്ങളുടെയും പൊതുജനങ്ങളുടെയും പൊതുവായ ആവശ്യമാണ് ഞാൻ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. സ്കൂൾ മൈതാനങ്ങൾ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ കൊടുക്കരുതെന്ന് ഉത്തരവുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പി.ടി.എ.-കളും സ്കൂൾ അധികാരികളും മൈതാനങ്ങൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ജീവിതശൈലീ രോഗങ്ങളും മറ്റ് പല പ്രശ്നങ്ങളും നമ്മുടെ സമൂഹത്തിലുണ്ട്. രാവിലെ നടക്കാൻപോലും സ്ഥലമില്ലാത്ത അവസ്ഥയാണ്. സ്കൂളുകൾക്ക് വരുമാനമുണ്ടാകുന്ന വിധത്തിൽ രജിസ്ട്രേഷനോ, മെമ്പർഷിപ്പോ ഏർപ്പെടുത്തി ചെറുപ്പക്കാർക്ക് സ്കൂൾ ഗ്രൗണ്ട് തുറന്നുനൽകുന്നതിനാവശ്യമായ ശ്രമം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ഗ്രൗണ്ടും പരിസരവും സെക്യൂരിറ്റി ഏരിയയാണ്. അതുകൊണ്ട് അവിടെ സംരക്ഷണം ആവശ്യമാണ്. സ്കൂൾ സമയം കഴിഞ്ഞ് ഗ്രൗണ്ട് തുറന്ന് നൽകുന്നതിനെ സംബന്ധിച്ച നടപടി ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല. ഇതിനെ സംബന്ധിച്ച് കൂടുതൽ പഠിച്ചശേഷം തീരുമാനമെടുക്കാം.

## (22) ആസ്ട്രോ ടൂറിസം പദ്ധതി

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിൽ ഏച്ചിലാംവയൽ പ്രദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് പയ്യന്നൂർ വാനനിരീക്ഷണ കേന്ദ്രം. മലബാറിൽ ഈ രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണിത്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി അവിടെ ഒരു മിനി പ്ലാനറ്റോറിയം ഉദ്ഘാടനം ചെയ്തതാണ്. ഏച്ചിലാംവയൽ വാനനിരീക്ഷണ കേന്ദ്രം ആസ്ട്രോ ടൂറിസം പദ്ധതിക്കായി ഫണ്ട് അനുവദിച്ച് വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ പദ്ധതിക്ക് 9,98,00,000 രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാപ്കോസ് മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പയ്യന്നൂർ നഗരസഭ പരിധിയിൽ വെള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 350/32, 350/27-ൽ ഉൾപ്പെട്ട 90 സെന്റ് വസ്തു ടൂറിസം വകുപ്പിന് വിട്ടുനൽകാൻ പയ്യന്നൂർ നഗരസഭയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരികയാണ്.

(23) ഏരൂർ-വൈറ്റില, പെരുമ്പടപ്പ്-കുമ്പളങ്ങി റോഡ് വീതി കൂട്ടൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏരൂർ-വൈറ്റില, പെരുമ്പടപ്പ്-കുമ്പളങ്ങി റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ തുടർനടപടികൾ അനിശ്ചിതമായി നീണ്ടുപോകുകയാണ്. വാഹനപ്പെരുപ്പംമൂലം ഈ റോഡുകൾ ഏതുസമയവും ഗതാഗത കുരുക്കിലാണ്. തീരദേശവാസികൾ ഉൾപ്പെടെയുള്ളവർ യാത്രചെയ്യുന്ന

റോഡാണ് പെരുമ്പടപ്പ് റോഡ്. കൊച്ചി ഇൻഫോ പാർക്കിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് വൈറ്റില മൊബിലിറ്റി ഹബ്ബിലേയ്ക്ക് എത്തുന്നതിന് ഏറ്റവും എളുപ്പമുള്ള റോഡാണ് കണിയാമ്പുഴ റോഡ്. ഈ രണ്ട് റോഡും വീതികൂട്ടി വികസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതിൽ ആദ്യത്തേതിന് പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകുകയും നവീകരിക്കുന്ന റോഡിന്റെ അലൈൻമെന്റിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. അലൈൻമെന്റ് പ്രകാരം നിലവിൽ ഡിസൈൻ വിംഗ് മുഖേന ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. അത് വേഗത്തിലാക്കാൻ ഇടപെടുന്നതാണ്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സർവ്വേ നമ്പറുകൾ വില്ലേജിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. സർവ്വേ നമ്പറുകൾ പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസനത്തിനായി എട്ട് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തി

രണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനും പ്രവൃത്തിക്കുമാവശ്യമായ തുകയുൾപ്പെടെയാണ് ഭരണാനുമതി നൽകിയത്. റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഈ റോഡിന്റെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അലൈൻമെന്റിന് അംഗീകാരം നൽകിയതിനുശേഷം സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ ഇടപെടുന്നതാണ്.

## (24)കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-കണ്ണൂർ എയർപോർട്ട് റോഡ്

ശ്രീ. ഇ. കെ. വിജയൻ: സർ, കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-കണ്ണൂർ എയർപോർട്ട് റോഡിന്റെ നിർമ്മാണപ്രവർത്തനത്തിനുള്ള സംവിധാനങ്ങളെല്ലാം ഒരുങ്ങിയിട്ടുണ്ട്. ഇതിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് ഔദ്യോഗിക യോഗം അവിടെ ചേർന്നിരുന്നെങ്കിലും നിയമസഭ നടക്കുന്ന സമയമായതിനാൽ എനിക്ക് അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. കൂത്തുപറമ്പ്-നാദാപുരം-കുറ്റ്യാടി മണ്ഡലങ്ങളിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. അലൈൻമെന്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ വിശദമായ ചർച്ച നടത്തി ഈ വിഷയത്തിൽ

അന്തിമ തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കുറ്റ്യാടി മുതൽ മട്ടന്നൂർ വരെയുള്ള 51.5 കിലോമീറ്റർ കണ്ണൂർ അന്താരാഷ്ട്ര എയർപോർട്ട് കണക്ടിവിറ്റി റോഡിനെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രയോറിറ്റി പദ്ധതിയിൽപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട ഇ. കെ. വിജയൻ സബ്മിഷനിലൂടെ ഉന്നയിച്ചത്. എല്ലാവരുമായി ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം.

(25) സുൽത്താൻ ബത്തേരി സർക്കാർ ഗസ്റ്റ് ഹൗസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ ഉന്നയിക്കുന്നത്. 28-05-2010-ൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി ഒന്നാം ഫേസിൽ രണ്ട് കോടി ഇരുപത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. രണ്ടാം ഫേസിൽ രണ്ട് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം

രൂപയുടെ ഭരണാനുമതി 06-03-2012-ൽ ലഭിച്ചിരുന്നു. മൂന്നാം ഘട്ടത്തിനായി പതിനൊന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തിയൊന്നായിരം രൂപയുടെ ഭരണാനുമതി 03-07-2014-ൽ ലഭിക്കുകയും 19-07-2021-ൽ ഭരണാനുമതി പുതുക്കുകയും ചെയ്തിരുന്നു. പുതുക്കിയ ഭരണാനുമതി തുക പതിനഞ്ച് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തിയേഴായിരം രൂപയാണ്. പന്ത്രണ്ട് വർഷമായിട്ടും ഇന്നും നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കിറ്റ്കോ ലിമിറ്റഡാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി സുൽത്താൻ ബത്തേരിയിൽ വന്നപ്പോൾ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതാണ്. മാത്രമല്ല, ടൂറിസ്റ്റ് മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ജില്ല എന്ന നിലയ്ക്ക് വയനാട് വരുന്ന വി.ഐ.പി.-കൾക്ക് താമസിക്കാൻ കഴിയാത്ത സാഹചര്യമാണ്. മാത്രമല്ല 48 എക്സിക്യൂട്ടീവ് റൂമുകളും 4 സ്യൂട്ട് റൂമുകളുമുൾപ്പെടെ 52 റൂമുകളോടുകൂടിയുള്ള ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം ആരംഭിച്ചത് 2010-ലാണ്. അത് എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല. പ്രസ്തുത പ്രവൃത്തിയുടെ മൂന്നാം ഘട്ടത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. സാങ്കേതികാനുമതി നൽകി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കർശന നിർദ്ദേശം നൽകുന്നതാണ്.

(26)കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസുമായി ബന്ധപ്പെട്ട് ഇനിയുമിത് പറയാനിടവരുത്തരുതേ എന്നുള്ള പ്രാർത്ഥനയോടുകൂടിയാണ് ഞാനിത് അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിന്റെ പ്രാധാന്യവും പ്രയാസവും അറിയാവുന്നതാണ്. കഴിഞ്ഞ ദിവസം മഴപെയ്തതുകൊണ്ട് ആ റോഡിൽ ഇറങ്ങി നടക്കാൻ കഴിയാത്തവിധം ബുദ്ധിമുട്ടിലായിരിക്കുകയാണ്. അവിടെ ഒരുമാസം മുമ്പ് മണ്ഡലത്തിലെ ജനപ്രതിനിധികളുൾപ്പെടെ വലിയൊരു ഉപവാസം നടത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും പ്രതിപക്ഷ

ഉപനേതാവുമെല്ലാം അതിൽ പങ്കെടുത്തതാണ്. 10-08-2022-ന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ യൂട്ടിലിറ്റി മാറ്റുന്നതിനുവേണ്ടി തുക അനുവദിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. അതിന്റെ എസ്റ്റിമേറ്റ് രണ്ട് ആഴ്ചയോളമായി പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ പക്കലാണ്. അടിയന്തരമായി ഇക്കാര്യത്തിലിടപെട്ട് യൂട്ടിലിറ്റി മാറ്റുന്നതിനും റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയത്തിൽ ഞാൻ നേരിട്ട് ഇടപെടുകയും അവിടെ പോകുകയും ചെയ്തിരുന്നു. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ കാര്യത്തിൽ സർക്കാർ താൽപ്പര്യമെടുത്തതാണ്. സംരക്ഷണ ഭിത്തി, ഡ്രെയിനേജ്, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരണ ഘട്ടത്തിലാണ്. ഈ ഭാഗത്ത് ധാരാളം കട്ടിംഗ്, ഫില്ലിംഗ് എന്നീ പ്രവൃത്തികൾ വരുന്നതിനാൽ നിലവിലുള്ള വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ റോഡ് ഫോർമേഷൻ പ്രവൃത്തിക്ക് തടസ്സമായി

നിൽക്കുന്നുണ്ട്. പൈപ്പുകൾ മാറ്റുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി ആറായിരം രൂപ ആവശ്യമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി നൽകിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. റോഡ് പ്രവൃത്തിക്ക് അധിക ഫണ്ട് ആവശ്യമാണ്. പുതുക്കിയ ഭരണാനുമതിക്കായി നൽകിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 49,20,200 (നാൽപ്പത്തിയൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്) രൂപ കെ.എസ്.ഇ.ബി.എൽ.-ന് അടച്ചിട്ടുണ്ട്. റോഡ് സൈഡിൽ നിലവിലുള്ള മരങ്ങൾ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് തടസ്സമായി നിൽക്കുന്നുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കുകയും ഇതുസംബന്ധിച്ച സർവ്വേ റിപ്പോർട്ട് അംഗീകരിച്ചിട്ടുമുണ്ട്. ഇതിൽ അമ്പലപ്പറമ്പ് മുതൽ കഞ്ഞിപ്പുര വരെയുള്ള ഭാഗത്ത് ജി.എസ്.എം., ഡബ്ല്യൂ.എം. പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചതാണ്. ഈ ഭാഗത്ത് സി.ജി.പി.എസ്. (Close-graded Premix Surfacing) ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(27) കുരീപ്പുഴ-മങ്ങാട് വെഹിക്കുലർ അണ്ടർപാസ്സ് നിർമ്മാണം

ശ്രീ. എം. മുകേഷ്: സർ, ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ രണ്ട് റീച്ചുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ആദ്യ റീച്ചിലുൾപ്പെട്ട കൊല്ലം ബൈപ്പാസിലെ കുരീപ്പുഴ-മങ്ങാട് പ്രദേശങ്ങൾ ദേശീയപാത വികസന പദ്ധതിയുടെ അപാകതമൂലം ഭൂമിശാസ്ത്രപരമായി വേർതിരിക്കപ്പെട്ട് ജനജീവിതം ദു:സ്സഹമാകുന്ന സാഹചര്യമാണ്. 45 മീറ്റർ വീതിയിൽ 6 വരിയായി വികസിപ്പിക്കുന്ന ഇവിടെ ക്രോസിംഗിനായി അടിപ്പാതയോ ട്രാഫിക് സിഗ്നൽ സംവിധാനമോ നിലവിലെ പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളിലേക്കും ആശുപത്രികളിലേക്കും ആരാധനാലയങ്ങളിലേക്കും ചന്തകളിലേക്കും മറ്റ് വ്യാപാര മേഖലകളിലേക്കും എത്തിപ്പെടുന്നതിന് മൂന്ന് കിലോമീറ്ററിലധികം ചുറ്റിത്തിരിയേണ്ട സ്ഥിതിയാണുള്ളത്. ജനങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് വേഗത്തിൽ സേവനം നൽകേണ്ട പോലീസ്, ഫയർ ഫോഴ്സ്, ആംബുലൻസ് എന്നിവയൊക്കെ മൂന്ന് കിലോമീറ്ററിലധികം ചുറ്റിത്തിരിയേണ്ടിവരുന്നത് ഗുരുതരമായ സാഹചര്യമാണുണ്ടാക്കുന്നത്.

സമാനമായ സാഹചര്യമാണ് മങ്ങാട് പ്രദേശത്തും നിലനിൽക്കുന്നത്. കുരീപ്പുഴ സി.കെ.ടി. റോഡിൽ കൊച്ചാലുംമൂട് തീക്കൊല്ലിമുക്ക് ഭാഗത്തോ നദിയാ ജംഗ്ഷനിലോ മങ്ങാട് ചന്ത ഭാഗത്തോ വെഹിക്കുലർ അണ്ടർ പാസേജുകൾ നിർമ്മിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ കഴിയുകയുള്ളൂ. പ്രദേശത്തെ ഗുരുതരമായ ഈ സാഹചര്യം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പ്രശ്നപരിഹാരത്തിന് സഹായകരമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ഈ വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അണ്ടർ പാസ്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ദേശീയ പാത അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വെഹിക്കുലർ അണ്ടർപാസസ്, പ്രധാന പാലങ്ങൾ എന്നിവയുടെ

സ്ഥാനംകൂടി കണക്കിലെടുത്ത് പഠനം നടത്തുമെന്നാണ് അവർ അറിയിച്ചത്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം സാങ്കേതികമായ പ്രായോഗികതകൂടി കണക്കിലെടുത്തുകൊണ്ട് അണ്ടർ പാസ്സുകളുടെ നിർമ്മാണം പരിഗണിക്കുന്നതാണെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

## (28) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കൽ

ഡോ. സുജിത് വിജയൻപിള്ള: സർ, ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചവറ നിയോജക മണ്ഡലത്തിലെ കന്നേറ്റ് മുതൽ കാവനാട് വരെ ദേശീയ പാതയുടെ ഇരുവശവുമുള്ള വാട്ടർ അതോറിറ്റിയുടെ പ്രധാന പൈപ്പ്ലൈനും ഡിസ്ട്രിബ്യൂഷൻ പൈപ്പ്ലൈനും മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. വാട്ടർ അതോറിറ്റി ഇതിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും സ്കെച്ചും പ്ലാനും പി.ഡബ്ല്യൂ.ഡി.-ക്ക് നൽകിയതാണ്. എന്നാൽ പ്രവൃത്തിയുടെ ഷെഡ്യൂളിൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകളും അതുപോലെ വാൽവുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. ശാസ്താംകോട്ടയിൽനിന്നും കൊല്ലത്തേയ്ക്ക് പോകുന്ന പ്രധാന പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള ഇരുപത്തിരണ്ട് കോടിയോളം രൂപയുടെ

പൈപ്പ്ലൈൻ മാത്രമാണ് മാറ്റിസ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഇത് മാറ്റിസ്ഥാപിക്കാതെതന്നെ റോഡ് റോളറും വൈബ്രേറ്ററും ഹിറ്റാച്ചിയും ഉപയോഗിച്ചുകൊണ്ട് റോഡ് ലെയിംഗ് തുടങ്ങിയപ്പോൾ പഴയ പൈപ്പ്ലൈനുകൾ എല്ലാം പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുന്ന സ്ഥിതിയാണ്. ഏതാണ്ട് മൂന്ന് മാസത്തിനിടയിൽ രണ്ട് മാസത്തോളം കുടിവെള്ളം ലഭിക്കാതെ കന്നേറ്റ് വാർഡ് അടക്കം പന്മന പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വെള്ളം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ഇതിനെതിരെ ജനരോഷം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. അതുപോലെയാണ് ഡ്രെയിനേജിന്റെ പ്രശ്നവും. ഇത് ചവറ മണ്ഡലത്തിലെ മാത്രം കാര്യമല്ല സംസ്ഥാനമൊട്ടാകെ ദേശീയ പാതയുടെ ഇരുവശവുമുള്ള ഡ്രെയിനേജ് റോഡിലെ വെള്ളം മാത്രം ഉൾക്കൊള്ളുന്ന രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. പരിസരത്തുള്ള വെള്ളം ഉൾക്കൊള്ളുന്നില്ല. ഇത് വലിയ പ്രശ്നമാണ് സൃഷ്ടിക്കുന്നത്. ചവറ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലും പന്മന പഞ്ചായത്ത് വാർഡുകളിലും ഇതിനോടകം വെള്ളക്കെട്ടുണ്ടായിട്ടുണ്ട്. ഇതിനെല്ലാം ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതിന്റെ ഭാഗമായി എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൊറ്റൻകുളങ്ങര മുതൽ കൊല്ലം ബൈപ്പാസ് വരെ ആറ് വരിയാക്കുന്ന പ്രവൃത്തിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റുന്ന പ്രവൃത്തി അവരുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നതെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതിന്റെ മറ്റ് വിഷയങ്ങൾ ഞാൻ പറയുന്നില്ല. അതിൽ പരമാവധി ശ്രദ്ധ ചെലുത്തി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതാണെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിച്ച് അറിയിക്കാം.

(29) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രി താലൂക്കാശുപത്രിയായിരുന്ന സമയത്ത് നിശ്ചിതയെണ്ണം ഡോക്ടർമാരും മറ്റുപാരാമെഡിക്കൽ സ്റ്റാഫുമാണ് ഉണ്ടായിരുന്നത്. ആ ഘട്ടത്തിൽ അഞ്ഞൂറോളം ഒ.പി.യും ഇരുന്നൂറിൽ താഴെ ഐ.പി.-യും ഉണ്ടായിരുന്ന

സ്ഥാനത്ത് ഇന്ന് 2500-ലധികം ഒ.പി.യും ഏകദേശം 500-ലധികം വരുന്ന ഐ.പി.യും ഉണ്ട്. എന്നാൽ ഡോക്ടർമാരുടെ ദൗർലഭ്യം ആശുപത്രിയുടെ പ്രവർത്തനത്തെ വലിയ തോതിൽ ബാധിക്കുന്നുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ, ഏകദേശം 50-ൽപരം ആളുകൾക്ക് ഒരു ദിവസം ഡയാലിസിസ് ചികിത്സ നല്കുന്ന ആശുപത്രിയാണിത്. നെഫ്രോളജി, കാർഡിയോളജി ഡോക്ടർമാരുടെ കുറവുമുണ്ട്. പോലീസ് സർജന്റെ കുറവുമൂലം പലപ്പോഴും പോസ്റ്റുമോർട്ടം നടപടികൾ നടത്താൻ കഴിയുന്നില്ല. പലപ്പോഴും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റഫർ ചെയ്ത് എത്തപ്പെടുന്ന രോഗികളിൽ വലിയൊരു ഭാഗവും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽനിന്നാണ് എത്തുന്നതെന്ന പ്രത്യേകതയുമുണ്ട്. നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്ക് മാത്രമല്ല, കടലോരപ്രദേശത്തെയും കന്യാകുമാരി ജില്ലയിലേയും വലിയൊരുവിഭാഗം ആളുകളും ആശ്രയിക്കുന്ന ആശുപത്രി എന്ന തലത്തിലേയ്ക്ക് ഇത് എത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സാധാരണ നൽകിവരുന്ന മറുപടി അവിടെ ആവശ്യത്തിന് ഡോക്ടർമാരുണ്ട് എന്നതാണ്. പഴയ താലൂക്കാശുപത്രി എന്നതിന്റെ

അടിസ്ഥാനത്തിലാണ് ഇത്തരം മറുപടികൾ നല്കുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രത്യേക ശ്രദ്ധയിലൂടെ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഒ.പി. സേവനം തേടുന്നവരുടേയും ഐ.പി. അഡ്മിഷൻ എടുക്കുന്നവരുടേയും എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ സ്ഥിതിയും വിഭിന്നമല്ല. അവിടെ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്നവരുടെ എണ്ണം 1700-നും 2000-നും ഇടയ്ക്കാണ്. അതുപോലെ ശരാശരി ഐ.പി. 240 ആണ്. ആർദ്രം സ്റ്റാന്റേർഡൈസേഷൻ അനുസരിച്ച് ആയിരക്കണക്കിന് രോഗികൾ എത്തുന്ന ജില്ലയിലെ പ്രധാന ആശുപത്രിയെന്ന നിലയിൽ കൂടുതൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. പ്രസ്തുത വിഷയം നിശ്ചയമായും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(30) ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. നജീബ് കാന്തപുരം: സർ, അർഹരായ ആയിരക്കണക്കിന് കുടുംബങ്ങൾ അന്ത്യോദയ മുൻഗണനാ റേഷൻ കാർഡുകൾ കിട്ടാതെ ദുരിതം അനുഭവിക്കുകയാണ്. നമ്മുടെ നാട്ടിൽ ബി.പി.എൽ. നിശ്ചയിക്കാൻ അശാസ്ത്രീയമായ മാനദണ്ഡമാണ് ഇപ്പോഴും നിലനില്ക്കുന്നത്. ആളുകൾക്ക് ബി.പി.എൽ. കാർഡിന്റെ ആനുകൂല്യങ്ങൾ എങ്ങനെ ലഭ്യമല്ലാതാക്കാമെന്ന് ഗവേഷണം നടത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. മാത്രമല്ല കാർഡുകൾ സറണ്ടർ ചെയ്യേണ്ടിവരുന്ന പാവപ്പെട്ട ജനങ്ങളിൽനിന്ന് ഭീമമായ തുകയാണ് ഫൈൻ ഈടാക്കുന്നത്. യഥാർത്ഥത്തിൽ അവർ അർഹരാണ്. പക്ഷെ ചില മാനദണ്ഡങ്ങളുടെ പേരിൽ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമാണ്. ദാരിദ്ര്യം എന്നത് സ്ഥായിയായി നില്ക്കുന്നൊരു കാര്യമല്ല. നാളുകൾക്കുശേഷം ദരിദ്രരായ ആളുകൾക്ക് സാമ്പത്തിക മെച്ചം വന്നേക്കാം. ആ അവസരത്തിൽ ആനുകൂല്യത്തിൽ മാറ്റംവരുത്താവുന്നതാണ്. അതേസമയം അർഹരായിട്ടുള്ള എത്രയോ ആളുകൾ ഇപ്പോഴും ആനുകൂല്യം ലഭിക്കാതെ പരിധിക്ക് പുറത്തുനില്ക്കുകയാണ്. വളരെ ഗൗരവമായ വിഷയമാണിത്. കാർഡുകൾ സബ്മിറ്റ് ചെയ്യുമ്പോൾ ഈടാക്കുന്ന ഫൈൻ എങ്കിലും താല്ക്കാലികമായി ഒഴിവാക്കണം. 2009-ലാണ് അവസാനത്തെ സർവ്വേ നടന്നത്. അടുത്ത സർവ്വേ

നടക്കുന്നതുവരെ ബി.പി.എൽ. പട്ടികയിൽ ഇപ്പോഴുള്ള ആളുകളെ നിലനിർത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, വളരെ ഗൗരവമേറിയ വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ജനസംഖ്യാടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. 43 ശതമാനം ആളുകൾക്കുമാത്രമാണ് മുൻഗണനാ കാർഡ് കൊടുക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട അംഗം "Antyodaya Anna Yojana" (AAY) കുടുംബങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. 93 ലക്ഷം കാർഡുടമകൾ കേരളത്തിലുണ്ട്. അതിൽ 595800 കുടുംബങ്ങൾക്കുമാത്രമേ മുൻഗണനാ കാർഡ് കൊടുക്കാൻ സാധിക്കുകയുള്ളൂ. ദയവായി ഈ പരിമിതി മനസ്സിലാക്കണം. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള വിഷയങ്ങളുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(31) മുൻഗണനാ പട്ടികയിലെ അപാകത

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, റേഷൻ കാർഡുമായി ബന്ധപ്പെട്ട മൂന്ന് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റേഷൻ കാർഡിന്റെ

മുൻഗണനാ പട്ടികയിലുൾപ്പെടാൻ മൂന്ന് മാനദണ്ഡങ്ങളാണ് നിലവിലുള്ളത്. ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന ആളുകൾക്ക് കാർഡുകൾ സറണ്ടർ ചെയ്യാൻ കഴിഞ്ഞ വർഷം ജൂലൈ 18 വരെ തീയതി അനുവദിച്ചുകൊടുത്തിരുന്നു. നിശ്ചിത തീയതിക്കകം സറണ്ടർ ചെയ്ത ആളുകളുടെ അപേക്ഷകളിൽ, അക്ഷയ സെന്ററുകളിലെ തിരക്കുകാരണവും ഓൺലൈൻ വിജയകരമായി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടും ഇത് വിജയകരമായിട്ടില്ല. സറണ്ടർ ചെയ്തിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ലെന്നതിന്റെ പേരിൽ മേൽസൂചിപ്പിച്ച കാർഡുടമകളുടെ പക്കൽനിന്നും വലിയ ഫൈൻ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഒഴിവാക്കിക്കൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു. രണ്ടാമത്തെ കാര്യം, 1000 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള വീട് എന്നതാണ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം. ഈ പരിഗണനയിൽ ഇളവ് ചെയ്തുകൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. രോഗികൾ, നിത്യരോഗികൾ എന്നിവരുൾപ്പെടുന്ന വീടുകളിൽ നിരാലംബരായി കഴിയുന്ന ആളുകളെ പരിഗണനയിൽനിന്ന് ഒഴിവാക്കിക്കൊടുക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഏകദേശം കഴിഞ്ഞ ഒരു വർഷത്തോളം കാർഡ് സറണ്ടർ ചെയ്യാനുള്ള അവസരം നല്കിയിരുന്നു. നിശ്ചിത കാലയളവിൽ സ്വമേധയാ സറണ്ടർ ചെയ്ത ഒരാളിൽ നിന്നുപോലും പിഴ ഈടാക്കിയിട്ടില്ലെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച തരത്തിലും അവസ്ഥയിലുമുള്ള വിഷയം ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ പരിഗണന നല്കുന്നതാണ്. മുൻഗണനാ വിഭാഗത്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പ്രവാസികൾ ഉൾപ്പെടെയുള്ള അർഹരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്താനാവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്.

(32) ചേലാട് സ്റ്റേഡിയം നിർമ്മാണം

ശ്രീ. ആന്റണി ജോൺ: എന്റെ നിയോജകമണ്ഡലത്തിലെ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കണമെന്നതാണ് ആവശ്യം. കായിക കേരളത്തിന്റെ തലസ്ഥാനം എന്നറിയപ്പെടുന്ന നിരവധി ദേശീയ-അന്തർദേശീയ താരങ്ങളെ വളർത്തിയെടുത്ത പ്രദേശമാണ് കോതമംഗലം. കോതമംഗലം മാർ ബേസിൽ സ്കൂൾ, സെന്റ് ജോർജ് സ്കൂൾ, മാതിരപ്പിള്ളി സർക്കാർ സ്കൂൾ, കോതമംഗലം എം.എ. കോളേജ് ഉൾപ്പെടെ നിരവധി

സ്ഥാപനങ്ങൾ കായികമേഖലയിൽ വളരെ മെച്ചപ്പെട്ട നിലയിൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സിന്തറ്റിക് ട്രാക് ഉൾപ്പെടെയുള്ള സൗകര്യത്തോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയം കോതമംഗലത്തുവേണമെന്നത് നാടിന്റെ ഒരുവലിയ ആവശ്യമായിരുന്നു. അത് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ്, ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയായി ചേലാട് സ്റ്റേഡിയം പ്രഖ്യാപിച്ചത്. ഭൂമി ഏറ്റെടുക്കലുമായും പോളിടെക്നിക്കിന്റെ സ്ഥലം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ടുമൊക്കെ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. സർക്കാർ തലത്തിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായി പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകഴിഞ്ഞു. എന്നാൽ 6 വർഷം പിന്നിടുമ്പോഴും അതിന്റെ നിർമ്മാണ ഘട്ടത്തിലേയ്ക്ക് കാര്യങ്ങൾ എത്തിക്കാൻ സാധിച്ചിട്ടില്ല. ഒട്ടേറെ കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയുന്ന നാടും അതിനെ പ്രോത്സാഹിപ്പിക്കുന്ന ജനങ്ങളുമാണവിടെയുള്ളത്. അതുകൊണ്ട് തടസ്സങ്ങൾ നീക്കി ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ ചുമതലപ്പെടുത്തിയപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനായി 17,14,00,000 രൂപയ്ക്കാണ് ആദ്യം സാങ്കേതികാനുമതി ലഭിച്ചത്. പക്ഷെ അനുവദനീയമായ നിരക്കിൽ കരാർ ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഫലപ്രദമായി ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. 2021 ആഗസ്റ്റിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ഡി.പി.ആർ. പുതുക്കി. 2018-ലെ ഡി.എസ്.ആർ. പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കി വീണ്ടും ടെണ്ടർ ചെയ്തു. പക്ഷെ അവിടെയും അനുവദനീയമായ നിരക്കിൽനിന്ന് വളരെ ഉയർന്ന രീതിയിലാണ് ആളുകൾ പങ്കെടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നിലവിൽ KITCO-യെയാണ് എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളത്. എസ്.പി.വി.-ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ആവശ്യമെങ്കിൽ അവരെ മാറ്റുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. സ്റ്റേഡിയം യാഥാർത്ഥ്യമാകണം എന്നതുതന്നെയാണ്

സർക്കാരിന്റെ നിലപാട്. അതനുസരിച്ച് എസ്.പി.വി.-യോട് ഇതുസംബന്ധിച്ച് ചർച്ച നടത്തി ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

**12.10PM]**

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ . ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 247/2021 | ജി.ഒ.(ആർ.ടി.) നം.581/2021/ഹോം | 22.02.2021 | അതെ |
| 2 | 1130/2022 | ജി.ഒ.(എം.എസ്.) നം.238/2022/ഹോം | 24.11.2022 | അല്ല |
| 3 | 1135/2022 | ജി.ഒ.(ആർ.ടി.) നം.3319/2022/ഹോം | 24.11.2022 | അല്ല |
| 4 | 1136/2022 | ജി.ഒ.(ആർ.ടി.)നം. 3330/2022/ഹോം | 25.11.2022 | അല്ല |
| 5 | 1143/2022 | ജി.ഒ.(എം.എസ്.) നം.246/2022/ഹോം | 28.11.2022 | അല്ല |
| 6 | 1148/2022 | ജി.ഒ.(എം.എസ്.) നം.250/2022/ഹോം | 29.11.2022 | അല്ല |
| 7 | 1151/2022 | ജി.ഒ.(എം.എസ്.) നം.248/2022/ഹോം | 29.11.2022 | അല്ല |

| | | | | |
|---|---|---|---|---|
| 8 | 1156/2022 | ജി.ഒ.(ആർ.ടി.) നം.3397/2022/ഹോം | 01.12.2022 | അല്ല |
| 9 | 1162/2022 | ജി.ഒ.(ആർ.ടി.) നം.255/2022/ഹോം | 02.12.2022 | അല്ല |
| 10 | 1170/2022 | ജി.ഒ.(ആർ.ടി.) നം.3325/2022/ഹോം | 24.11.2022 | അല്ല |

ii. <u>ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ</u>

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | നോർക്ക റൂട്ട്സ് | 2014 -2015 മുതൽ 2020 -2021 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (സമുന്നതി) | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

II. ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

<u>ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ</u>

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2017-18 | വാർഷിക കണക്കുകൾ | അതെ |

III. വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2021-2022 | വാർഷിക റിപ്പോർട്ട് | അല്ല |

IV. ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1155/2022 | ജി.ഒ. (പി.)നം./2022/ടാക്സസ് | 01.12.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ | സ്ഥാപനം | റിപ്പോർട്ടിന്റെ | കാലതാമസപത്രിക |
|---|---|---|---|

| നം. | | വർഷം | സ്വഭാവം | സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2021-2022 | ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജനയ്ക്ക് മുൻപും ശേഷവുമുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രകടനം സംബന്ധിച്ച പ്രവർത്തനക്ഷമതാ ആഡിറ്റ് റിപ്പോർട്ട് | ബാധകമല്ല |

V. കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്) | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

VI. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നം. | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1131/2022 | ജി.ഒ. (പി)നം.214/2022/കോ-ഓപ്പ് | 23.11.2022 | അല്ല |
| 2 | 1158/2022 | ജി.ഒ.(പി)നം.223/ 2022/കോ-ഓപ്പ് | 30.11.2022 | അല്ല |
| 3 | 1160/2022 | ജി.ഒ.(പി)നം.222/ 2022/കോ-ഓപ്പ് | 30.11.2022 | അല്ല |
| 4 | 1161/2022 | ജി.ഒ.(പി)നം.224/ 2022/കോ-ഓപ്പ് | 30.11.2022 | അല്ല |
| 5 | 1163/2022 | 2022/കോ-ഓപ്പ് | 25.11.2022 | അല്ല |
| 6 | 1164/2022 | ജി.ഒ.(പി)നം.220/ 2022/കോ-ഓപ്പ് | 29.11.2022 | അല്ല |
| 7 | 1165/2022 | ജി.ഒ.(പി)നം.225/ 2022/കോ-ഓപ്പ് | 02.12.2022 | അല്ല |

VII. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ | എസ്.ആർ.ഒ. | വിജ്ഞാപനത്തിന്റെ | കാലതാമസപത്രിക |
|---|---|---|---|

| നം. | നമ്പർ | നമ്പർ | തീയതി | സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 1127/2022 | ജി.ഒ.(പി)നം.109/ 2022/എൽ.ബി.ആർ. | 18.11.2022 | അല്ല |
| 2 | 1152/2022 | ജി.ഒ.(പി)നം.111/ 2022/എൽ.ബി.ആർ | 29.11.2022 | അല്ല |

VIII. പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

IX. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 988/2022 | ജി.ഒ.(പി)നം.52/2022/ | 27.09.2022 | അല്ല |

| | | | | |
|---|---|---|---|---|
| | | എച്ച്&എഫ്.ഡബ്ല്യു.ഡി | | |

**ലിസ്റ്റ്-2 പ്രകാരം [ചട്ടം 47(2) പ്രകാരമുള്ളത്]**

1. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3637, പതിനെട്ടാം സമ്മേളനത്തിലെ 2001 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 63 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 926, അഞ്ചാം സമ്മേളനത്തിലെ 4916 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി.ആർ.അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 124 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

**12.11PM]**

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

**VI. നിയമനിർമ്മാണകാര്യം**

മി. സ്പീക്കർ: ഇന്ന് അഞ്ച് ബില്ലുകൾ പാസ്സാക്കേണ്ടതുണ്ട്. ഭരണ-പ്രതിപക്ഷ അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും ചെയറുമായി പൂർണ്ണമായും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ
(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിന്റെ അവതരണഘട്ടത്തിൽ ഉയർന്നുവന്ന തടസ്സവാദങ്ങൾ സംബന്ധിച്ച ചർച്ചയിൽ ഇടപെട്ട് ഞാൻ മറുപടി പറഞ്ഞിട്ടുള്ളതാണ്. ഈ ബിൽ ഫ്രെയിം ചെയ്യുന്ന ഘട്ടത്തിൽ ഹൈക്കോടതി വിധിയെക്കൂടി ആധാരമാക്കിക്കൊണ്ടാണ് വി.സി.-യുടെ ചുമതല കൊടുക്കുന്നത് സംബന്ധിച്ചുള്ള വകുപ്പ് കൂട്ടിച്ചേർത്തിട്ടുള്ളത്. അന്നത്തെ വിധിയിൽ പ്രതിപാദിക്കുന്ന co-terminus-നെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പടെയുള്ളവർ തർക്കങ്ങൾ ഉന്നയിച്ചത്. അന്നത്തെ ഹൈക്കോടതി വിധി വന്നത് വി.സി. രാജിവച്ചതിനെത്തുടർന്നാണ്. രാജി വച്ചാൽ co-terminous ആണോ എന്നുള്ളതാണ് അന്ന് ഹൈക്കോടതി പരിശോധിച്ചത്. രാജിവച്ചാൽ co-terminus അല്ലെന്നാണ് അന്നത്തെ വ്യാഖ്യാനം. കാലാവധി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് co-terminus എന്ന അന്നത്തെ വിധിയെക്കൂടി അടിസ്ഥാനപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയത്. പുതിയ ഹൈക്കോടതി വിധി വന്നിട്ടുണ്ടെങ്കിലും വിധിപ്പകർപ്പ് ലഭിച്ചിട്ടില്ലെന്ന് ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ ഞാൻ പറഞ്ഞിരുന്നു. ആ വിധിപ്പകർപ്പ് അതിനുശേഷമാണ് ലഭ്യമായത്. അതിലും

ഈ ഭാഗം പരാമർശിച്ചിച്ചിട്ടില്ല. മറ്റൊരു സാഹചര്യത്തിലാണ് അതിൽ പറയുന്നത്, "...... Abdul Rahiman (supra) was delivered in a totally different factual and legal matrix. That was a case wherein the Pro-Vice Chancellor was appointed under the provisions of the earlier Regulations of the UGC, namely UGC Regulations 2010, which in Regulation 7.2.0 thereof, allowed the Vice Chancellor to recommend a new Pro-Vice Chancellor even during his tenure. The Vice Chancellor in the said case resigned before his term was over and the learned Judge was called upon to answer whether the action of the Chancellor, in having issued a notice to the Pro-Vice Chancellor to vacate his office, was valid or otherwise co-terminus." ഈ വിധിയിൽ ഇപ്പോഴും പരാമർശിച്ചിട്ടില്ല. ഇതിൽ മറ്റ് ചില ഇന്റർപ്രെട്ടേഷനുണ്ട്. അത് ഡിവിഷൻ ബഞ്ചിന്റെ അപ്പീലിൽ നിൽക്കുന്ന കാര്യങ്ങളാണ്. എങ്കിൽപ്പോലും അതിനനുസരിച്ചാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇന്റർപ്രെട്ടേഷൻ എന്തെന്നാൽ ഒരു ദിവസത്തേയ്ക്കാണെങ്കിൽപ്പോലും ഏത് പോസ്റ്റിലേയ്ക്കാണോ ചാർജ് കൊടുക്കുന്നത് ആ പോസ്റ്റിന്റെ

യോഗ്യതയെന്താണോ, ആ യോഗ്യത നേടിയ ആൾക്കുമാത്രമേ ചാർജ് കൊടുക്കാൻ കഴിയൂവെന്നാണ് ഈ വിധിയിൽ പറയുന്നത്. അതനുസരിച്ച് കളക്ടർ ഒരു ദിവസം ലീവെടുത്താൽ എ.ഡി.എം.-ന് ചാർജ് കൊടുക്കാൻ കഴിയില്ല. കളക്ടറുടെ അതേ യോഗ്യതയുള്ള ആൾക്ക് മാത്രമേ ചാർജ് കൊടുക്കാൻ സാധിക്കുകയുള്ളൂ. വൈസ്-ചാൻസലർ ഡോക്ടറെ കാണാൻ പോയപ്പോൾ ഹോസ്പിറ്റലിൽ അഡ്മിറ്റാകാൻ പറഞ്ഞതിനാൽ ഒരു ലീവെടുക്കേണ്ടി വന്നാൽ  ഇതേ യോഗ്യതയുള്ള ആളെ കണ്ടെത്തിയാലേ ചാർജ് കൊടുക്കാൻ സാധിക്കുകയുള്ളൂ. ഒരു ദിവസത്തേയ്ക്കാണെങ്കിൽപ്പോലും ഇങ്ങനെ ചാർജ് കൊടുക്കണമെന്നാണ് ഈ വിധിയിൽ പറയുന്നത്. ഇതാണ് ഇപ്പോഴത്തെ വിധി. ഇപ്പോഴത്തെ സ്ഥിതികൂടി പരിഗണിച്ചുള്ള ഭേദഗതിയാണ് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. വൈസ്-ചാൻസലറുടെ അഭാവത്തിൽ ചാൻസലറും പ്രോ-ചാൻസലറുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണം വരുത്തുമെന്നുള്ളതാണ്. ഏതാണോ അന്നത്തെ വിധിക്കനുസരിച്ചുള്ള ഇന്റർപ്രെട്ടേഷൻ വരുന്നത്, അതിനനുസരിച്ചുള്ള ക്രമീകരണങ്ങളാണ്  വരുത്താൻ കഴിയുക. ചാർജിനെ സംബന്ധിച്ച് യു.ജി.സി. റെഗുലേഷനിൽ സൂചിപ്പിച്ചിട്ടില്ല. അതിനാൽ

സ്റ്റേറ്റിന്റെ ആക്ടാണ് prevail ചെയ്യുന്നത്. ആ ഭേദഗതിയാണ് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. ആ ഭേദഗതിയോടുകൂടിയ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവയിന്മേൽ 10 അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. ചെയറുമായി നല്ല രീതിയിലുള്ള സഹകരണമാണ് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും ഇതുവരെയുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിലും ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങയുടെ നിർദ്ദേശം സ്വീകാര്യമാണ്, വളരെ വേഗത്തിൽ ഞാൻ സംസാരിച്ച് തീർക്കാം. ബില്ലിന്റെ അവതരണവേളയിൽ ലീഗൽ ഒബ്ജക്ഷൻ അവതരിപ്പിച്ചത് ഞാനാണ്. Co-terminus എന്ന വിഷയം സംബന്ധിച്ച് അന്ന് ഒന്നര മണിക്കൂർ തർക്കിച്ചതാണ്. അദ്ദേഹം പറഞ്ഞത് ഹൈക്കോടതി വിധി സംബന്ധിച്ചാണ്. ഹൈക്കോടതി വിധിയല്ലാതെ സുപ്രീംകോടതി വിധിയുണ്ട്. സ്റ്റേറ്റ് ആക്ടും സെൻട്രൽ ആക്ടും തമ്മിലൊരു

conflict വന്നാൽ സെൻട്രൽ ആക്ടാണ് നിലനിൽക്കുന്നതെന്ന് സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ആർട്ടിക്കിൾ 254-ലെ repugnancy ബാധകമാണ്. യു.ജി.സി. നോട്ടിഫിക്കേഷൻ, നിയമത്തിന്റെ ഭാഗമാകുമോയെന്നതാണ് പിന്നീട് വന്ന ചോദ്യം. കേരള നിയമസഭ പാസ്സാക്കിയ ആക്ടിനെ സെൻട്രൽ ആക്ട് prevail ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, സബോർഡിനേറ്റ് ലെജിസ്ലേഷനായ യു.ജി.സി. നോട്ടിഫിക്കേഷൻ prevail ചെയ്യുകയെന്നതാണ് പ്രശ്നം. സുപ്രീംകോടതി വിധിയിൽ subordinate notification is also part of the law എന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. യു.ജി.സി. ആക്ടിൽ കൊടുത്തിരിക്കുന്ന അധികാരം ഉപയോഗിച്ചുകൊണ്ടാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ നടത്തിയിരിക്കുന്നത്. നമ്മൾ റൂൾ തയ്യാറാക്കുന്നത് എങ്ങനെയാണ്; ബിൽ പാസ്സാക്കുമ്പോൾ, സബോർഡിനേറ്റ് ലെജിസ്ലേഷന് അധികാരം നൽകുന്നതിനുള്ള പ്രൊവിഷൻ ബില്ലിലുണ്ടാകും. നിയമസഭ നൽകിയ ആ അധികാരം ഉപയോഗിച്ചുകൊണ്ടാണ് സബോർഡിനേറ്റ് ലെജിസ്ലേഷനും റൂളുമുണ്ടാകുന്നത്. ആ റൂളിലെ പ്രധാനപ്പെട്ട ഒരു കാര്യം, ആക്ടിൽ inconsistent ആയ ഒന്നും റൂളിൽ ഉണ്ടാകാൻ പാടില്ല എന്നാണ്. അങ്ങനെ

വന്നാൽ റൂൾ നിലനിൽക്കില്ല. റൂളിനെ ചോദ്യം ചെയ്യാൻ കഴിയും. അതുപോലെയാണ് യു.ജി.സി. ആക്ടിന് വിരുദ്ധമായി ഒരു സബോർഡിനേറ്റ് ലെജിസ്ലേഷൻ യു.ജി.സി. നോട്ടിഫിക്കേഷനിലൂടെ വന്നാൽ അത് നിലനിൽക്കില്ല. സഭ പാസ്സാക്കുന്ന നിയമത്തിന് വിരുദ്ധമായൊരു കാര്യം റൂളിലോ നോട്ടിഫിക്കേഷനിലോ വരാൻ പാടില്ല. മന്ത്രിയുടെ സംശയം നാളെ നമ്മൾ ഏതെങ്കിലും ആക്ട് പാസ്സാക്കിയാൽ, അവർ യു.ജി.സി.-യുടെ നോട്ടിഫിക്കേഷൻ കൊണ്ടുവന്ന് ഇത് തകർത്ത് കളയുമോയെന്നതാണ്, അത്തരം പ്രശ്നമില്ല; നിലവിലുള്ള ആക്ടിന് വിരുദ്ധമായി യു.ജി.സി. നോട്ടിഫിക്കേഷനിലൂടെ ഇറക്കിയാൽ നമുക്കതിനെ ചലഞ്ച് ചെയ്യാൻ കഴിയും. ഗവണ്മെന്റ് ലീഗൽ ഒബ്ജക്ഷൻസ് സ്വീകരിക്കില്ല. അതുകൊണ്ട് മന്ത്രിയുടെ വിശദീകരണപ്രകാരം അങ്ങത് ഡിസ്പോസ് ചെയ്തു. പക്ഷേ ഉച്ചയ്ക്ക് സഭയിലുണ്ടായിരുന്നതിൽനിന്ന് ഒരു മാറ്റവും വൈകുന്നേരത്തെ സബ്ജക്ട് കമ്മിറ്റിയിലുമുണ്ടായില്ല. ലീഗൽ ഒബ്ജക്ഷനിൽ പറഞ്ഞ കാര്യം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഇതുസംബന്ധിച്ച് ദീർഘമായ പ്രസംഗത്തിനൊന്നും ഞാൻ മുതിരുന്നില്ല. യൂണിവേഴ്സിറ്റികളിലെ നിയമനങ്ങളെല്ലാം നടക്കുന്ന അന്നുമുതൽ ഞങ്ങൾ ഉയർത്തിയ പ്രധാനപ്പെട്ട

ആക്ഷേപം ഗവണ്മെന്റും ഗവർണറും ഒരുമിച്ച് തെറ്റുകൾ ചെയ്യുന്നുവെന്നാണ്. ഇവർ ഒരുമിച്ചാണ് യു.ജി.സി. നോട്ടിഫിക്കേഷന് വിരുദ്ധമായി വൈസ്-ചാൻസലർമാരുടെ നിയമനങ്ങൾ നടത്തിയത്. അത് സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. അപ്പോൾ സുപ്രീംകോടതി വളരെ വ്യക്തമായി വൈസ്-ചാൻസലറുടെ നിയമനങ്ങളെല്ലാം void ab initio എന്ന നിലപാട് സ്വീകരിച്ചു. സുപ്രീംകോടതിയിൽ ഗവർണറും ഗവണ്മെന്റുമാണ് തോറ്റത്. ഗവണ്മെന്റ് അല്ലെങ്കിൽ സർവ്വകലാശാല കൈക്കൊണ്ട അതേ നിലപാടാണ് ഗവർണർക്കുവേണ്ടി നൽകിയിരിക്കുന്ന അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത്. എല്ലാ നിയമനങ്ങളും റെഗുലറും നിയമപരവുമാണെന്ന നിലപാടാണ് ഗവർണറും സ്വീകരിച്ചത്. അതുകൊണ്ട് ഗവർണറും ഗവണ്മെന്റും ഒരുമിച്ച് സുപ്രീംകോടതിയിൽ പരാജയപ്പെട്ടു. പ്രതിപക്ഷം ഉയർത്തിയ ആക്ഷേപം ശരിയാണെന്ന് സുപ്രീംകോടതി പറഞ്ഞു. ഇതാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ നിലപാട്. അതിനുശേഷം സുപ്രീംകോടതി വിധിപ്രകാരം എല്ലാ വൈസ് ചാൻസലർമാരും സ്ഥാനം ഒഴിയണമെന്ന നിലപാടാണ് ഗവർണർ സ്വീകരിച്ചത്. യു.ജി.സി. റെഗുലേഷന് വിരുദ്ധമായി നടത്തിയ നിയമനങ്ങളെല്ലാം void ab initio ആണെന്നുപറഞ്ഞാൽ വൈസ്

ചാൻസലർമാർ രാജിവയ്ക്കേണ്ടി വരില്ലേ; വൈസ് ചാൻസലർമാർ രാജിവയ്ക്കണമെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. അതിൽ അക്കാദമിക്കായി ബ്രില്ല്യന്റായ കുറച്ച് വ്യക്തികളുണ്ട്. അവർക്ക് രണ്ടാമതൊരു പ്രോസസ്സ് നടത്തി തിരിച്ചുവരാം. വൈസ് ചാൻസലർമാരുടെ അക്കാദമിക യോഗ്യതയെയല്ല പ്രതിപക്ഷം ചോദ്യം ചെയ്തത്. നിയമനത്തിന്റെ നടപടിക്രമങ്ങൾ തെറ്റായിരുന്നുവെന്നാണ് പറഞ്ഞത്. യോഗ്യരായവരെ രണ്ടാമതൊരു പ്രോസസ്സ് നടത്തി തിരിച്ചുകൊണ്ടുവരുന്നതിൽ പ്രതിപക്ഷത്തിന് എതിർപ്പില്ലെന്ന് അന്നും പറഞ്ഞിരുന്നതാണ്. ഗവർണറോടും ഗവൺമെന്റിനോടും ഒരേ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഗവർണർ വൈസ്-ചാൻസലർമാരുടെ വിഷയത്തിലാണ് രൂക്ഷമായ ആക്രമണം നടത്തിയത്. ഗവൺമെന്റിനെയോ ബഹുമാനപ്പെട്ട മന്ത്രിമാരെയോ വിമർശിക്കുന്നതിനേക്കാൾ മോശമായ വാക്കുകളിലൂടെയാണ് പ്രതിപക്ഷ നേതാവിനെക്കുറിച്ച് പരാമർശം നടത്തിയത്. എന്നെക്കുറിച്ച് പറഞ്ഞതിന് അദ്ദേഹത്തിന് ഞാൻ മറുപടി നൽകിയിരുന്നു. അദ്ദേഹം ചെയ്യുന്ന കാര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ് രൂക്ഷമായ വിമർശനം പ്രതിപക്ഷത്തിനും പ്രതിപക്ഷനേതാവിനുമെതിരെ

നടത്തിയത്. ഭരണഘടനാപരമായ അദ്ദേഹത്തിന്റെ അധികാരങ്ങളിൽ, മന്ത്രിയെ പിൻവലിക്കണമെന്ന നിലപാട് ഗവർണർ കൈക്കൊണ്ടപ്പോൾ പ്രതിപക്ഷം അതിനെ ശക്തിയായി എതിർക്കുകയാണ് ചെയ്തത്. പ്രതിപക്ഷം ഗവർണറെയല്ല അനുകൂലിച്ചത്, സുപ്രീംകോടതി വിധിയെയാണ് അനുകൂലിച്ചത്. അന്നും ഇന്നും പ്രതിപക്ഷത്തിന് ആ നിലപാടുതന്നെയാണ്. അതുകൊണ്ട് ഗവർണറോടുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റുവൽക്കരണം നടത്തിക്കളയാമെന്ന് കരുതി സർവ്വകലാശാലകളിൽ മുഴുവൻ ചാൻസലർമാരായി ഇഷ്ടക്കാരെ നിയമിക്കാൻവേണ്ടി പാകപ്പെടുത്തിയെടുത്ത ഒരു നിയമമാണിത്. ഈ നിയമത്തോട് ഇപ്പോഴത്തെ രീതിയിൽ പ്രതിപക്ഷത്തിന് ഒരുതരത്തിലും യോജിക്കാൻ സാധിക്കില്ല. എന്താണ് നിങ്ങളുടെ ആൾട്ടർനേറ്റീവെന്ന് അങ്ങ് ചോദിച്ചല്ലോ; പ്രതിപക്ഷനേതാവിന് off hand ആയി ഒന്നും പറയാൻ സാധിക്കില്ല, കാരണം, ഞാൻ ഒരു മുന്നണിയെ പ്രതിനിധാനം ചെയ്യുന്നയാളാണ്. അതുകൊണ്ട് ഞങ്ങളുടെ പാർട്ടിയിലും മുന്നണിയിലും ചർച്ചചെയ്ത യു.ഡി.എഫ്.-ന്റെ നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അത് ഒരു അമെന്റ്മെന്റായി ശ്രീ. റോജി എം. ജോൺ മൂവ് ചെയ്തിട്ടുണ്ട്. 14

യൂണിവേഴ്സിറ്റികളിലേയ്ക്കും എന്തിനാണ് 14 ചാൻസലർമാർ? NUALS-ൽ കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസാണ് ചാൻസലർ. അതിൽ മാറ്റം ആവശ്യമില്ല. ബാക്കിയുള്ള സർവ്വകലാശാലകളിൽ ഗവർണറായിരുന്നു ചാൻസലർ. ആ ഗവർണറെ മാറ്റി, ഗവർണർ ചാൻസലറായുള്ള സ്ഥലങ്ങളിൽ 14 ചാൻസലർമാരെ നിയമിച്ച് ശമ്പളംപോലും നൽകാൻ നിവൃത്തിയില്ലാത്ത ഈ സ്ഥിതിയിൽ ഇത്രയും വലിയ ഭാരമുണ്ടാക്കിവയ്ക്കുന്നത് ശരിയാണോ? 14 വ്യക്തികൾക്കും കാറും വീടും ഓഫീസും പേഴ്സണൽ സ്റ്റാഫിനെയുമൊക്കെ ഇപ്പോൾ നൽകിയില്ലെങ്കിലും ഭാവിയിൽ ഇത് ആവശ്യപ്പെടും. 14 ചാൻസലർമാർക്കും ആവശ്യമായ സൗകര്യങ്ങളൊരുക്കാനുള്ള പണം ഗവൺമെന്റിന്റെ പക്കലുണ്ടോ; അങ്ങനെ നിയമിക്കേണ്ടതിന്റെ എന്താവശ്യമാണുള്ളത്? NUALS ഒഴികെയുള്ള 14 സർവ്വകലാശാലകളിലും ഒരു ചാൻസലർ മതിയെന്നതാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഒരു നിർദ്ദേശം. ഈ ബില്ലിൽ ചാൻസലർ ആരായിരിക്കണം, എന്തായിരിക്കണം എന്നതുസംബന്ധിച്ചോ പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ചോ ഒന്നും വ്യക്തമാക്കിയിട്ടില്ല. ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന രണ്ടാമത്തെ നിർദ്ദേശം, സുപ്രീംകോടതിയിൽനിന്ന് റിട്ടയർ ചെയ്ത

ജഡ്ജിയോ കേരള ഹൈക്കോടതിയിൽനിന്ന് റിട്ടയർ ചെയ്ത ഒരു ചീഫ് ജസ്റ്റിസോ ആയിരിക്കണം ചാൻസലർ എന്നതാണ്. ചാൻസലറെ തെരഞ്ഞെടുക്കുന്നതിനൊരു സംവിധാനം ആവശ്യമാണ്. ഈ നിയമത്തിൽ അതിനുള്ള നടപടിക്രമങ്ങളില്ല. ആ പ്രൊസീജിയർ ഞങ്ങൾ വയ്ക്കുകയാണ്. ചീഫ് ജസ്റ്റീസ് ഓഫ് കേരള ഹൈക്കോർട്ട്, ചീഫ് മിനിസ്റ്റർ ഓഫ് കേരള, ലീഡർ ഓഫ് ഒപ്പോസിഷൻ എന്നീ മൂന്ന് പേരടങ്ങുന്ന ഒരു സമിതിയെയാണ് നിർദ്ദേശിക്കുന്നത്. പല കാര്യങ്ങളിലും ഇത്തരം സമിതികളുണ്ട്. മനുഷ്യാവകാശ കമ്മീഷനുൾപ്പെടെയുള്ള പല കാര്യങ്ങളിലും ഇങ്ങനെയുള്ള സമിതിയെ നിയോഗിക്കാറുണ്ട്. സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കൂടിയാണ് മനുഷ്യാവകാശ കമ്മീഷനിലെ ഒരംഗത്തെ തെരഞ്ഞെടുത്തത്. പ്രധാനപ്പെട്ട പ്രശ്നമെന്തെന്നാൽ, മുഖ്യമന്ത്രിയടങ്ങുന്ന മന്ത്രിസഭ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചാൻസലറെ നിയമിക്കുന്നു. മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ സർവ്വകലാശാലകളിലെ പ്രോ-ചാൻസലർമാരാണ്. ഇവർ നിയമിക്കുന്ന വ്യക്തി ഇവർക്ക് മുകളിൽ വരികയാണ്. അതിൽ പ്രോട്ടോക്കോളിന്റെ പ്രശ്നമുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങൾ തെരഞ്ഞെടുത്ത്, ഭരണഘടനാപരമായി അധികാരത്തിൽവന്ന

വ്യക്തികളാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രോ-ചാൻസലർ കൃഷി വകുപ്പുമന്ത്രിയാണ്, ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ പ്രോ-ചാൻസലർ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ മുകളിൽ വരുന്ന ചാൻസലർ ചിലപ്പോൾ ടെക്നിക്കൽ എക്സ്പെർട്ടാകാം. എന്നാലും മുഖ്യമന്ത്രിയുടെ മുകളിൽ ഒരു ചാൻസലർ വേണ്ട. സുപ്രീംകോടതിയിൽനിന്ന് വിരമിച്ച ഒരു ജഡ്ജിയോ കേരള ഹൈക്കോടതിയിൽനിന്ന് വിരമിച്ച ഒരു ചീഫ് ജസ്റ്റിസോ ആകുന്നതല്ലേ നല്ലത്. അതിൽ വളരെ മാന്യതയുണ്ടാകും, പ്രോട്ടോക്കോളിന്റെ പ്രശ്നവുമില്ല. നമ്മൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനും സാധിക്കും. അനാവശ്യ രാഷ്ട്രീയവൽക്കരണമെന്ന ചീത്തപ്പേര് മാറുകയും ചെയ്യും. ഇതിന്റെ ഭാരം മുഴുവൻ ചുമക്കുന്നത് സംസ്ഥാനത്തിന്റെ എക്സ്ചെക്കറിൽനിന്നാണ്. സാധാരണക്കാരൻ നൽകുന്ന നികുതിയിൽനിന്നാണ് ഇത് നൽകേണ്ടത്. ആവശ്യമില്ലാതെ 14 ചാൻസലർമാരെ നിയമക്കേണ്ടതില്ല. അങ്ങനെയുള്ള പ്രതിസന്ധികളെല്ലാം പരിഹരിക്കാൻ സാധിക്കും. അങ്ങ് ചോദിച്ചതുകൊണ്ടാണ് പ്രതിപക്ഷ കക്ഷികൾ ഈ ബില്ലിന്റെ വിവിധ വശങ്ങൾ ചർച്ചചെയ്ത് നിയമസഭയുടെയും ജനങ്ങളുടെ മുമ്പാകെയും ഈ ആൾട്ടർനേറ്റീവ് സമർപ്പിക്കുന്നത്. വളരെ

വിശാലമായ കാഴ്ചപ്പാടോടുകൂടി ഗവണ്മെന്റ് ഇത് സ്വീകരിച്ച് ശ്രീ. റോജി എം. ജോൺ മുന്നോട്ടുവച്ചിരിക്കുന്ന അമെന്റ്മെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അത് സ്വീകരിക്കാത്ത പശ്ചാത്തലത്തിലാണ് ഡിസന്റ് രേഖപ്പെടുത്തുന്നത്. ആ അമെന്റ്മെന്റ് സ്വീകരിക്കുകയാണെങ്കിൽ എല്ലാ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. ഈ നിർദ്ദേശം മുന്നോട്ടുവച്ചുകൊണ്ട് ഞാൻ എന്റെ ഡിസന്റ് മൂവ് ചെയ്യുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗവർണറുടെ ചാൻസലർ പദവിയും പ്രവർത്തനങ്ങളും കേരളത്തിൽ അടുത്തകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട പൊതുപ്രശ്നമായി മാറിയിരിക്കുകയാണ്. സ്വാഭാവികമായി പ്രതിപക്ഷവും ഇത് ചർച്ചചെയ്തു, രാഷ്ട്രീയ പാർട്ടികളെല്ലാം ജനാധിപത്യത്തിന്റെ എല്ലാ വശങ്ങളും ചർച്ചചെയ്യാൻ ബാധ്യസ്ഥരായതുകൊണ്ട് മുസ്ലീംലീഗും ചർച്ചചെയ്തു. ഇവിടെ കണ്ടത് ബഹുമാനപ്പെട്ട ഗവർണർ ഭരിക്കുന്നതാണ്, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും പത്രസമ്മേളനങ്ങളും പ്രസ്താവനകളും ആ നിലയ്ക്കായിരുന്നു. ഭരണം ഗവർണർ ഏറ്റെടുത്ത പ്രതീതിയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ അനുകൂലിക്കാൻ സാധിക്കുമോയെന്ന

വലിയ ചോദ്യം ഉയരുകയാണ്. യൂണിവേഴ്സിറ്റി ഭരണത്തിൽ പ്രതിപക്ഷത്തിന് ഗവണ്മെന്റിനോട് ശക്തമായി വിയോജിക്കുകയും അതിനെ നന്നായി വിമർശിക്കുകയും ചെയ്യും. ഗവണ്മെന്റ് ഇല്ലെങ്കിൽ പിന്നെ പ്രതിപക്ഷവുമില്ലല്ലോ; ഒരിടത്തുമില്ലാത്തതുപോലെ എല്ലാ കാര്യങ്ങളിലും ഗവർണർ ഭരണം ഏറ്റെടുക്കുന്നതാണ് കാണുന്നത്. പൊതുവിൽ ജനങ്ങളെ ബാധിക്കുന്ന പല വിഷയങ്ങളിലും മുമ്പെങ്ങുമില്ലാത്ത വിധം ബഹുമാനപ്പെട്ട ഗവർണർ പത്രസമ്മേളനങ്ങളും പ്രസ്താവനകളും നടത്തുന്നതാണ് കാണുന്നത്. അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ അനുകൂലിക്കാൻ യാതൊരു നിർവ്വാഹവുമില്ല. യൂണിവേഴ്സിറ്റി ഭരണത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ആദ്യമൊക്കെ ഗവണ്മെന്റും ഗവർണറും യോജിച്ച് കാര്യങ്ങൾ ചെയ്തു. ബഹുമാനപ്പെട്ട ഗവർണർക്ക് ഏതോ കാര്യത്തിൽ അഭിപ്രായ വ്യത്യാസം വന്നതിനുശേഷം അദ്ദേഹം പറയുന്നതും പ്രവർത്തിക്കുന്നതുമൊക്കെ അനിതരസാധാരണമായ രീതിയിലേയ്ക്ക് മാറി. അങ്ങനെ വന്നപ്പോൾ ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കംചെയ്യുണമെന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. പ്രതിപക്ഷം എടുത്തിരിക്കുന്ന നിലപാടെന്താണെന്നുള്ളത്

പ്രതിപക്ഷനേതാവ് പറഞ്ഞുകഴിഞ്ഞു. എന്റെ പാർട്ടിയും വളരെ ശക്തമായി അതിലൊരു നിലപാടെടുത്തിട്ടുണ്ട്. ഗവർണറെ നീക്കം ചെയ്യേണ്ടതാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ഒരു നിലയ്ക്കും അനുകൂലിക്കാൻ കഴിയില്ല. ഗവർണർ സർക്കാരിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കണമെന്നുള്ളതാണ് ജനാധിപത്യത്തിന്റെ സിസ്റ്റം. അല്ലാതെ ഗവണ്മെന്റിനുമുകളിൽ മറ്റൊരു ഗവണ്മെന്റ് എന്നനിലയിൽ ഫെഡറൽ സിസ്റ്റത്തെ പരിഹസിക്കുന്ന ഗവർണറുടെ നിലപാടിനെ ഞങ്ങൾ ശക്തിയുക്തം എതിർക്കുന്നു. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെയും പ്രത്യേകിച്ച് എന്റെ പാർട്ടിയുടെയും രാഷ്ട്രീയ നിലപാട് വളരെ വ്യക്തമാണ്. എന്നാൽ യൂണിവേഴ്സിറ്റി ഭരണത്തിൽ പല അഭിപ്രായവ്യത്യാസങ്ങളും ഞങ്ങൾക്കുണ്ട്. ആ സാഹചര്യത്തിലാണ് ഇപ്പോൾ ചാൻസലറുടെ നിയമനം വരുന്നത്. ഒന്ന് പോയിട്ട് മറ്റൊന്ന് വരികയാണ്. വറചട്ടിയിൽനിന്ന് എരിതീയിലേയ്ക്ക് വീഴുന്ന സ്ഥിതി വരരുതല്ലോ; ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഞാൻ ഒരു ദിവസം ഫോണിൽ വിളിച്ച് ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. യൂണിവേഴ്സിറ്റി ഭരണത്തിൽ

പ്രതിപക്ഷത്തെ പരിഗണിക്കുന്നതേയില്ല; കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കാര്യം ഉദാഹരണമായി എടുത്താൽ, ശ്രീ. പി. അബ്ദുൽ ഹമീദിന് ഒരു എം.എൽ.എ. എന്ന പരിഗണനപോലും കൊടുക്കുന്നില്ലെന്ന് അദ്ദേഹം കഴിഞ്ഞ ദിവസം ഇവിടെ പ്രസംഗിച്ചു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ചോദ്യങ്ങൾ പോലും എടുക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതെ, ചോദ്യങ്ങൾപോലും എടുക്കില്ല. അങ്ങനെ ഏകപക്ഷീയമായ നിലയിൽ രാഷ്ട്രീയവൽക്കരിച്ചും യൂണിയൻവൽക്കരിച്ചുമാണ് യൂണിവേഴ്സിറ്റി ഭരണം നടത്തുന്നത്; അത് ശരിയല്ല. കേരളത്തിലെ യൂണിവേഴ്സിറ്റികൾ അല്പം സ്വതന്ത്രമാകണ്ടേ? ഗവർണറുടെ ജനാധിപത്യ ബോധമില്ലായ്മയെക്കുറിച്ച് നാം പറയുമ്പോൾ ജനാധിപത്യബോധം വേണ്ടേ; പ്രതിപക്ഷത്തെക്കൂടി പരിഗണിക്കണ്ടേ; ഉന്നതവിദ്യാഭ്യാസ നിലവാരം ഉയർത്തണമെന്ന് ഞങ്ങൾ പറയുന്നു. അതിനെ യൂണിയൻവൽക്കരിച്ചും രാഷ്ട്രീയവൽക്കരിച്ചും ഉന്നതനിലയിൽനിന്ന് താഴോട്ട് കൊണ്ടുപോയാൽ അത് ആരെയാണ് ബാധിക്കുക? കേവലം രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഹെഡ് ഓഫീസായി സർവ്വകലാശാലകൾ മാറുകയാണ്. എന്നിട്ട് ഞങ്ങളുടെ വിദ്യാർത്ഥി സംഘടനകളും

യൂണിയനുകളുമൊക്കെ ദിവസേന മാർച്ച് നടത്തുകയാണ്. ഇപ്പോൾ അതുവഴി നടക്കാൻ സാധിക്കില്ല; എന്നും സമരമാണ്. മാത്രമല്ല, അതൊരു കലാപകേന്ദ്രമായി മാറുകയാണ്. ഇങ്ങനെയുള്ള സ്ഥിതിയിൽനിന്ന് സർവ്വകലാശാലകളെ മോചിപ്പിക്കണ്ടേ; നിഷ്പക്ഷമായി അതിന്റെ ഭരണം കൊണ്ടുപോകണ്ടേ? എല്ലാ സർക്കാരിന്റെ കാലത്തും കുറച്ച് രാഷ്ട്രീയമൊക്കെയുണ്ടാകും എന്നാലും ഇങ്ങനെയൊരു പോക്ക് ശരിയല്ല. സർക്കാരിന്റെ യൂണിവേഴ്സിറ്റി ഭരണത്തോട് വളരെ ശക്തമായ വിയോജിപ്പാണ് ഞങ്ങൾക്കുള്ളത്. ഇപ്പോൾ അവിടെ നടത്തിയ നിയമനങ്ങളിൽ, നിലവിലുണ്ടായിരുന്ന ആളുകളെ പിരിച്ചുവിട്ട് ആ സ്ഥാനത്തുപോലും രാഷ്ട്രീയ നിയമനങ്ങൾ നടത്തിയതിനെ ഞങ്ങൾക്ക് വിമർശിക്കാതിരിക്കാൻ കഴിയില്ല. അതേസമയം ഗവണ്മെന്റിന്റെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കേണ്ട ഗവർണർ, ഭരണം ഏറ്റെടുത്താൽ അതിനെ നഖശിഖാന്തം എതിർക്കുമെന്നുള്ളത് ഞങ്ങളുടെ വ്യക്തമായ നിലപാടാണ്. അതുകൊണ്ട് ഗവർണറെ മാറ്റണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇങ്ങനെ പ്രവർത്തിക്കുന്ന ഒരു ഗവർണർ വരുമെന്ന് ഭരണഘടനാ നിർമ്മാതാക്കൾപോലും വിഭാവന ചെയ്തിട്ടുണ്ടാവില്ലെന്നാണ്

എനിക്ക് തോന്നുന്നത്. അത്രയും ലിമിറ്റില്ലാത്ത പ്രവർത്തനമാണ് നടത്തുന്നത്. അതുകൊണ്ട് അദ്ദേഹത്തെ മാറ്റിയേ മതിയാകൂ. അതാണ് പ്രതിപക്ഷനേതാവും പറഞ്ഞത്. പകരം സംവിധാനത്തെക്കുറിച്ച് ഞങ്ങൾ ആലോചിച്ചപ്പോൾ, ലോകായുക്ത, വിവരാവകാശ കമ്മീഷൻ എന്നിവയിലൊക്കെ നിയമിക്കുന്നതുപോലെ നിഷ്പക്ഷ നിലപാടെടുക്കുന്ന ഒരാളെ നിയമിച്ചാൽ 14 ആളുകളെ നിയമിക്കുന്നതിന് പകരമാകും എന്നുള്ളതാണ് ഇവിടെ ഭേദഗതി രൂപത്തിൽ പറഞ്ഞത്. അധികച്ചെലവിനെക്കുറിച്ചുപറയുന്ന കാലത്താണ്, തൃശ്ശൂർ പൂരത്തിനൊക്കെ നിൽക്കുന്നതുപോലെ പത്തുപതിനാല് ആളുകൾ നിരന്നുനിൽക്കുന്നത്; അതിന്റെയൊക്കെ ആവശ്യമുണ്ടോ? ഒരാൾ പോരെയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണം. ചാൻസലർ നല്ലൊരു ആളാകണമെന്നേയുള്ളൂ. അദ്ദേഹത്തിന് അത്രമാത്രമെ ജോലി കാണുകയുള്ളൂ. ബാക്കി കാര്യങ്ങളൊക്കെ വൈസ് ചാൻസലർ നോക്കിക്കൊള്ളും. ഗവർണർക്ക് എല്ലാത്തിന്റെയും ചാൻസലർ ആകാമെങ്കിൽ അതുപോലെ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരാളെ പകരമാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ഭേദഗതി. ഞങ്ങളുടെ നിലപാട്

വളരെ വ്യക്തമാണ്. അതിനെക്കുറിച്ച് യാതൊരു സംശയവും വേണ്ട. സമയമില്ലാത്തതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. അതുതന്നെയാണ് അവരുടെ നിലപാടെന്നും അവർ വ്യക്തമാക്കി. ഇങ്ങനെയൊരു സാഹചര്യമുണ്ടാകാനിടയായ കാരണങ്ങളെക്കുറിച്ച് വളരെ ചുരുക്കിയാണെങ്കിലും അവർ സൂചിപ്പിച്ചു. ആർ.എസ്.എസ്.-ന്റെ താല്പര്യത്തോടെ ഒരു ബി.ജെ.പി. ഗവർണറെ കേരളത്തിൽ നിയമിച്ചപ്പോൾ സ്വാഭാവികമായും അദ്ദേഹത്തിന്റെ നിലപാടും അതിനനുസൃതമായിരിക്കുമെന്ന് നമുക്കൊക്കെ അറിയാമായിരുന്നു. ആ ഒരു നിലപാടാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ അദ്ദേഹം എടുത്തിട്ടുള്ളത്. ഈ സഭയിൽവച്ചും പുറത്തുവച്ചുമൊക്കെ പല കാര്യങ്ങളിലും അദ്ദേഹം അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പൗരത്വ നിയമ ഭേദഗതി ബിൽ വന്നപ്പോഴുണ്ടായ അദ്ദേഹത്തിന്റെ പ്രതികരണം നമ്മൾ കണ്ടതാണ്. ആർ.എസ്.എസ്.-നോടും ബി.ജെ.പി.-യോടും മമത കാണിച്ചുകൊണ്ട് കേരളത്തിന്റെ രാഷ്ട്രീയ-മതനിരപേക്ഷ-സാമൂഹികാന്തരീക്ഷങ്ങളെ

തകർക്കാവുന്ന തരത്തിലൂടെയുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ ഗവർണർ നടത്തിയതെന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് ഗവർണറുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യു.ഡി.എഫ്. ഇങ്ങനെയൊരു നിലപാടെടുത്തതും അദ്ദേഹത്തെ അംഗീകരിക്കാൻ കഴിയില്ലെന്ന് വളരെ വ്യക്തമായി പറയുന്നതും. അങ്ങനെയൊരു സാഹചര്യത്തിലേയ്ക്കെത്തിക്കാനിടയായ കാര്യങ്ങളെക്കുറിച്ചുകൂടി അലോചിക്കേണ്ടതുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുണ്ടായ രാഷ്ട്രീയാതിപ്രസരങ്ങളുടെ ഭാഗമായാണ് ആ ചാൻസലർക്ക് ഇങ്ങനെ ഇടപെടേണ്ടിവന്നത്. അവിടെ ചാൻസലർ ആരാണെന്നുള്ളതല്ല പ്രശ്നം. യു.ജി.സി. നിയമവും നിലപാടുകളും അനുസരിച്ച് മുന്നോട്ട് പോകുമ്പോൾ അവിടെ ഗവർണർ ഇടപെട്ടുവെന്നുള്ളതാണ്. ഭരണഘടനാ സ്ഥാപനത്തിന്റെ അധിപനെന്ന നിലയ്ക്ക് ഗവർണറും പൊളിറ്റിക്കൽ എക്സിക്യൂട്ടീവിന്റെ ചീഫ് എന്നനിലയ്ക്ക് മുഖ്യമന്ത്രിയും തമ്മിലുള്ള പോരിന്റെ ഭാഗമായാണ് ഇത്തരമൊരു സന്ദർഭത്തിലേയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ എത്തിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ടാണ് ഈയൊരു തരത്തിലുള്ള

ഇടപെടൽ ഗവർണറുടെ ഭാഗത്തുനിന്നുമുണ്ടായതെന്ന് നമുക്കൊക്കെ അറിയാവുന്നതാണ്. യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചാൻസലറുമായി ബന്ധപ്പെട്ട ഈയൊരു പ്രശ്നമുണ്ടാകാൻ കാരണം. കണ്ണൂർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് തുടങ്ങിവച്ച കേസും ബഹളവും നിയമനവും തുടർനിയമനവും സംബന്ധിച്ച പ്രശ്നങ്ങളാണ് ഇത്തരത്തിലുള്ള ചർച്ചയിലേയ്ക്കും ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതിലേയ്ക്കും ഗവർണറും മുഖ്യമന്ത്രിയും തമ്മിലുള്ള പോരിലേയ്ക്കെത്തിച്ചതും അത് വ്യാപകമായി കേരളത്തിൽ ചർച്ച ചെയ്യപ്പെടാനിടയായതും. യൂണിവേഴ്സിറ്റികളിൽ നടക്കുന്ന അങ്ങേയറ്റം അപലപനീയമായ നടപടികളാണ് ഇത്തരം വിവാദങ്ങൾക്ക് ആധാരമാകുന്നതെന്ന് നമുക്കറിയാം. രാഷ്ട്രീയാതിപ്രസരം, ക്രമവിരുദ്ധമായ നിയമനങ്ങൾ, ചാൻസലർ-സർക്കാർ അധികാര തർക്കങ്ങൾ എന്നിവമൂലം അക്കാദമിക യശസ്സാണ് നഷ്ടപ്പെടുന്നത്. പല യൂണിവേഴ്സിറ്റികളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും അതൊക്കെ പുറത്ത് അറിയപ്പെടാനോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കാനോ കഴിയുന്നില്ല. ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ Connect Career to

Campus എന്നൊരു പ്രവർത്തനം നടത്തുന്നുണ്ട്. പക്ഷെ, സമൂഹത്തിനുമുമ്പിൽ അത് ഭംഗിയായി അവതരിപ്പിക്കാനോ നടപ്പിലാക്കാനോ കഴിയാത്തവിധം അതിന്റെ യശസ്സ് നഷ്ടപ്പെട്ടുപോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിലെ മിക്ക യൂണിവേഴ്സിറ്റികളിലും നടക്കുന്ന നിയമനങ്ങളൊക്കെ സ്വജനപക്ഷപാതത്തിലും മറ്റു തലങ്ങളിലുമൊക്കെയായി പോകുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഏകദേശം മൂവായിരത്തിലധികം താൽക്കാലിക നിയമനങ്ങൾ നടത്തി അതിലൊക്കെ ആളുകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരൊക്കെ ഇന്റർവ്യൂ നടത്തി വന്നവരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരോ അല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഏകദേശം ഒന്നര ലക്ഷം ആളുകളുണ്ടായിരുന്നിട്ടും അവരിൽനിന്ന് ആരെയും എടുക്കാതെയാണ് താൽക്കാലികമായി ഇത്തരം ആളുകളെ യൂണിവേഴ്സിറ്റികളിൽ നിയമിക്കുന്നത്. കേരളത്തിലെ പതിനാല് യൂണിവേഴ്സിറ്റികളെടുത്ത് പരിശോധിച്ചാൽ സാമൂഹിക സന്തുലിതാവസ്ഥ പാലിക്കുന്നില്ലെന്ന് വ്യക്തമാകും. സാമൂഹിക സന്തുലിതാവസ്ഥയിൽ മാത്രമല്ല നിയമനങ്ങളിലും

യാതൊരുവിധ സംവരണവും പാലിക്കുന്നില്ല. താൽക്കാലിക നിയമനങ്ങളിലൊന്നും ആ ഇടപാടുകളില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 190-ഓളം അദ്ധ്യാപകരെ നിയമിച്ച കാര്യം നമുക്കറിയാം. നോട്ടിഫിക്കേഷൻ വരുമ്പോൾത്തന്നെ സംവരണത്തിന്റെ കാര്യങ്ങൾ പറയണമെന്നുള്ള നിബന്ധനപോലും പാലിക്കാതെയാണ് ഇന്റർവ്യൂകളും നിയമനങ്ങളും നടത്തുന്നത്. സാമൂഹിക സന്തുലിതാവസ്ഥയിൽ വൈസ് ചാൻസലർമാരുടെ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയാണ് നോക്കേണ്ടത്. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയവരുടെയൊക്കെ കാര്യത്തിലും സാമൂഹിക സന്തുലിതാവസ്ഥ പരിഗണിക്കാതെയാണ് യൂണിവേഴ്സിറ്റികളുടെ നിയമനങ്ങൾ മുന്നോട്ടുപോകുന്നത്. ഗവർണറും ചാൻസലറും ഗവണ്മെന്റും തമ്മിൽ പോരടിക്കുന്ന ഈ സന്ദർഭത്തിലും കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബായി ഉന്നതവിദ്യാഭ്യാസരംഗം കൊണ്ടുപോകുമെന്ന് പറയുമ്പോഴും ഇവിടെ രാഷ്ട്രീയമായ അതിപ്രസരത്തിന്റെ ഭാഗമായി യൂണിവേഴ്സിറ്റികളുടെ അക്കാദമിക അന്തരീക്ഷത്തെ തകർക്കുന്ന തരത്തിലുള്ള നിലപാടുകൾ (അദ്ധ്യാപക നിയമനങ്ങളിലാണെങ്കിലും താൽക്കാലിക

നിയമനങ്ങളിലാണെങ്കിലും യൂണിയന്റെ പ്രവർത്തനങ്ങളിലാണെങ്കിലും) സ്വീകരിക്കുന്നിടത്താണ് ഈ പ്രശ്നങ്ങളും പ്രയാസങ്ങളുമൊക്കെ ഉണ്ടായത്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടിയുടെ ഭാഗമായി ചാൻസലർക്ക് മുഴുവൻ അധികാരവും കൊടുക്കുകയെന്ന് പറയുന്നിടത്താണ് പ്രതിപക്ഷ ബഞ്ചിൽനിന്നും വന്ന നിർദ്ദേശം അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കി, കേരളം ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബായി മാറണമെന്ന് ആഗ്രഹിക്കുന്ന ഗവണ്മെന്റിന്റെ താൽപ്പര്യം സംരക്ഷിക്കാൻ സാമൂഹിക സന്തുലിതാവസ്ഥകൂടി പരിഗണിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്തെ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ ശ്രമം നടത്തണമെന്ന് ഇതിന്റെ ഭാഗമായി പറയുകയാണ്. ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ തടസ്സവാദം ഉന്നയിച്ചുകൊണ്ട് പറഞ്ഞകാര്യങ്ങൾ തന്നെയാണ് ഇപ്പോഴും പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും സംസാരിച്ചു. ഗവർണറെ മാറ്റുന്നതിന് പ്രതിപക്ഷം എതിരല്ല; മാത്രമല്ല ആ നടപടി സ്വാഗതം ചെയ്യുന്ന ഒരു ഘട്ടംകൂടിയുണ്ട്. പക്ഷെ പകരം ആര് എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതിന് മറുപടിയായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. റോജി. എം. ജോണിന്റെ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് ഇവിടെ സംസാരിക്കുകയുണ്ടായി. വിദ്യാഭ്യാസ വിദഗ്ദ്ധനാകും ചാൻസലർ എന്നാണ് പറയുന്നത്. കേരളത്തിൽ പത്ത്-പതിനെട്ട് യൂണിവേഴ്സിറ്റികളുണ്ട്. അവയ്ക്കെല്ലാം പ്രത്യേകം ചാൻസലർമാരെ നിയോഗിച്ചാൽ ചാൻസലർമാരെ തട്ടിമുട്ടി സംസ്ഥാനത്ത് നടക്കാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങും. ധനകാര്യ മെമ്മോറാണ്ടത്തിൽ ചാൻസലർമാരെ നിയമിക്കുന്നതിലൂടെ കൂടുതൽ സാമ്പത്തിക ബാധ്യതയുണ്ടാകില്ലെന്ന് പറയുന്നുണ്ടെങ്കിലും ബാക്കിയെല്ലാം അതിന്റെ വഴിയേ വന്നുചേരും. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് സംസാരിച്ചതുപോലെ വലിയ സാമ്പത്തിക ബാധ്യത നമ്മുടെ സംസ്ഥാനവും യൂണിവേഴ്സിറ്റികളും ഏറ്റെടുക്കാൻ പോകുകയാണ്. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വി.സി.-യെ നിയമിക്കുന്നതിന് സെർച്ച് കമ്മിറ്റി എടുത്ത

തീരുമാനവും നിയമന രീതിയും യു.ജി.സി. പ്രകാരം അൺക്വാളിഫൈഡാണെന്ന് സുപ്രീംകോടതി പറഞ്ഞതിനെത്തുടർന്ന് 9 വി.സി.മാരും രാജിവയ്ക്കണമെന്ന് കോടതിയും പറഞ്ഞതുകൊണ്ടാണ് ഗവർണറും ഗവണ്മെന്റും തമ്മിലുള്ള ഏറ്റുമുട്ടലുണ്ടായതും ഇങ്ങനെയുള്ള ബിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചതും. ഗവർണർ-ഗവണ്മെന്റ് പോരിൽ പുറപ്പെടുവിച്ച നാല് കോടതി വിധികളും സർക്കാരിന് തിരിച്ചടിയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം ഈ പ്രശ്നത്തെ സമീപിക്കാൻ എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ജനങ്ങളൊട്ടാകെ പിൻവാതിൽ നിയമനത്തെയും ഇപ്പോഴുള്ള നിയമന രീതിയെക്കുറിച്ചും അപലപിക്കുന്നവരാണ്. ഇപ്പോൾ യൂണിവേഴ്സിറ്റികൾ നടത്തിക്കൊണ്ടുപോകുന്നവരാണ് അതിനുകാരണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ യൂണിവേഴ്സിറ്റികളിൽ നടന്നുകൊണ്ടിരിക്കുന്നത് എന്താണെന്ന് എല്ലാവർക്കുമറിയാം. യൂണിവേഴ്സിറ്റികളിൽ പിൻവാതിൽ നിയമനം നടക്കുകയാണ്. ഡിസംബർ 10-ന് പുറത്തിറങ്ങിയ മലയാള മനോരമയുടെ തൊഴിൽ വാർത്തയുടെ ടൈറ്റിൽ കൊടുത്തിരിക്കുന്നത് '9 സർവ്വകലാശാല,

3000 താൽക്കാലികക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്തും പിൻവാതിൽ നിയമനം തന്നെ' എന്നാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് കാത്തുനിൽക്കുകയാണ്. ഉദാഹരണത്തിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്നവരായതുകൊണ്ട് അത് പ്രത്യേകം പറയാം. 800 താൽക്കാലിക ജീവനക്കാരെയാണ് ഈയിടയ്ക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമിച്ചത്. അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നല്ല XXXXXXX+ മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. സർവ്വകലാശാലയ്ക്ക് ചുറ്റുമുള്ള 35 സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് കമ്മിറ്റിയിൽനിന്നും ബ്രാഞ്ച് സെക്രട്ടറിമാർ കൊടുത്തിട്ടുള്ള ലിസ്റ്റ് പ്രകാരം, അവർക്കൊക്കെ വേണ്ടപ്പെട്ടയാളുകളെയും കുടുംബക്കാരെയുമാണ് നിയമിച്ചിട്ടുള്ളതെന്ന് നിയമിക്കപ്പെട്ട ആളുകളുടെ ലിസ്റ്റ് എടുത്ത് പരിശോധിച്ചാൽ നമുക്ക് അറിയാവുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കുപകരം XXXXXX, പബ്ലിക് സർവ്വീസ് കമ്മീഷനുപകരം XXXXX സർവ്വീസ് കമ്മീഷനാക്കി മാറ്റുന്നൊരു രീതി കേരളത്തിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ളതുകൊണ്ടാണ് നിങ്ങളുടെ ഈ കാര്യത്തിന് വലിയ സപ്പോർട്ട് കിട്ടാത്തത്. അതൊക്കെ കാലിക്കറ്റ്

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 22571/ഇ.ബി/2022/നി.സെ തീയതി 14-12-2022) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

യൂണിവേഴ്സിറ്റിയിൽ നടക്കുന്ന കാര്യങ്ങളാണ്. താൽക്കാലിക നിയമനങ്ങളുൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി നിയമിക്കണമെന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: യെസ്, പോയിന്റ് ഓഫ് ഓർഡർ

ശ്രീ. കെ. വി. സുമേഷ്: സർ, നമ്മുടെ ചട്ടങ്ങളനുസരിച്ച് 'xxxxx' എന്ന പ്രയോഗം പാടില്ലാത്തതാണ്. അത് സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: പരിശോധിക്കാം. +

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ 26-10-2021-ന് ഞാൻ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. സംസ്ഥാനത്ത് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനാധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിക്ഷിപ്തമാക്കിക്കൊണ്ടുള്ള അനദ്ധ്യാപക നിയമനം ആക്ട് 18 of 2015 എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി 2015 സെപ്റ്റംബർ 29-ാം തീയതി മുതൽ

+xxx ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 22571/ഇ.ബി/2022/നി.സെ തീയതി 14-12-2022) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു..

പ്രാബല്യത്തിൽ വന്നുവെന്നാണ്. 31-08-2022-ലും ഞാൻ ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. അതിനിടയിൽ രണ്ട് കാര്യങ്ങൾകൂടി പറയേണ്ടതുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ 2016-ലേയും 2019-ലേയും ഓർഡറുകൾ പ്രകാരം സർക്കാരിന്റെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും അനുമതിയോടുകൂടി മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഒരു നിയമനവും നടത്തിയില്ലെന്ന് മാത്രമല്ല ആ നിയമനങ്ങളൊക്കെ ഈ രീതിയിലാണ് നടന്നിട്ടുള്ളത്. താൽക്കാലികക്കാരെ യാതൊരു വ്യവസ്ഥയുമില്ലാതെയാണ് നിയമിച്ചിട്ടുള്ളത്.

<u>മി.സ്പീക്കർ</u>: ശ്രീ. ടി. വി. ഇബ്രാഹിം, സമയത്തിന്റെ കാര്യത്തിൽ understanding ഉണ്ട്. സമയം exceed ചെയ്തു. ചെയറുമായി സഹകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, രണ്ട് മിനിറ്റ് കൊണ്ട് അവസാനിപ്പിക്കാം. എന്റെ മുൻഗാമികളും എനിക്കുമുമ്പ് സംസാരിച്ചവരും പറഞ്ഞ കാര്യങ്ങളൊന്നുമല്ല ഞാൻ പറയുന്നത്.

മി.സ്പീക്കർ: പ്രതിപക്ഷനേതാവും ഉപനേതാവും ഒഴികെയുള്ളവർ സമയം റെസ്ട്രിക്ട് ചെയ്യണമെന്ന് പറഞ്ഞിരുന്നു. പ്ലീസ്, പ്ലീസ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി അങ്ങനെ നിയമനം നടന്നിട്ടുണ്ടെന്നാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുപോലെ ഇപ്പോൾ നിയമനങ്ങളുടെ കാര്യം പറഞ്ഞു; അസിസ്റ്റന്റുമാരെയും അസിസ്റ്റന്റ് പ്രൊഫസർമാരെയും നിയമിക്കുന്ന കാര്യത്തിൽ കൃത്യമായ സംവരണ വ്യവസ്ഥയുണ്ട്. അതുകൊണ്ട് കേരളത്തിലെ സാമുദായിക സംവരണത്തിന് അർഹരായിട്ടുള്ളവർക്ക് ആ നിയമനങ്ങളിൽ പരിഗണന കിട്ടുന്നുണ്ട്. പക്ഷെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ കുഞ്ചിക സ്ഥാനങ്ങളിൽ, വി.സി., പി.വി.സി., രജിസ്ട്രാർ, എഫ്.ഒ. തുടങ്ങിയ തസ്തികകളിൽ സാമുദായിക സന്തുലിതാവസ്ഥ നിലവിലുണ്ടോ ഇല്ലയോയെന്ന് സർക്കാർ പരിശോധിക്കണം. അഭ്യസ്തവിദ്യരായ സാമുദായിക പരിഗണന ലഭിക്കേണ്ടവർക്ക് പ്രത്യേകിച്ച് പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള എത്രപേർ ഉന്നതവിദ്യാഭ്യാസ മേഖലയിൽ

വി.സി.-മാരായും പി.വി.സി.-മാരായും രജിസ്ട്രാർമാരായുമുണ്ട് എന്നുള്ളതുകൂടി കണക്കിലെടുക്കണം. സാമുദായികമായ സന്തുലിതാവസ്ഥപോലും പരിഗണിക്കാതെ ഇതുപോലുള്ള നിയമനങ്ങൾകൂടി നടക്കുന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനോട് എതിർപ്പ് കാണിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ആത്മാർത്ഥത എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇന്നത്തെ മറുപടിയോടെ കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ഗവർണറുടെ ഫാസിസ്റ്റ് നടപടികൾക്കെതിരെയുള്ള വിരോധം കൊണ്ടാണെങ്കിൽ അതിനോട് ഒരു കാരണവശാലും യോജിക്കാത്ത പ്രതിപക്ഷം ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റുന്നതിന് പരിപൂർണ്ണ പിന്തുണ കൊടുക്കുമ്പോൾ അതിന് ബദലായ ക്രിയാത്മക നിർദ്ദേശവും മുന്നോട്ടുവയ്ക്കുന്നുണ്ട്. ഫാസിസ്റ്റ് വിരുദ്ധപോരാട്ടം മാത്രമാണ് ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ അജണ്ടയെങ്കിൽ പ്രതിപക്ഷം മുന്നോട്ടുവച്ച ഈ നിർദ്ദേശത്തെ സർക്കാർ പൂർണ്ണമനസ്സോടെ അംഗീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഫാസിസത്തെയും ഫെഡറൽ സംവിധാനത്തെയും ചൂണ്ടിക്കാണിച്ച് ഇതിന്റെ മറവിൽ ഒരു ചെറിയ

ക്യാബിനറ്റിനെ ചാൻസലർമാരുടെ പേരിൽ കൊണ്ടുനടക്കാനുള്ള ഉദ്ദേശ്യമാണെങ്കിൽ ഇക്കാര്യങ്ങളിൽ സർക്കാരിന്റെ നയം ഒട്ടും ആത്മാർത്ഥമല്ലെന്ന് കാണാൻ സാധിക്കും. പ്രതിപക്ഷത്തിന് ഇത് പറയാനുള്ള അവകാശമുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെമേൽ ഗവർണറുടെ പ്ലഷർ നഷ്ടപ്പെട്ടുവെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ സന്തോഷിച്ച് കയ്യടിക്കുകയല്ല ചെയ്തത്; സ്വന്തം ഇഷ്ടപ്രകാരം നഷ്ടപ്പെടാനുള്ളതല്ല ഗവർണറുടെ പ്ലഷർ എന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. സി.എ.എ.-യ്ക്ക് അനുകൂല നിലപാട് സ്വീകരിച്ച ഗവർണറെ നടവഴിയിൽവച്ച് തടഞ്ഞപ്പോൾ മറുവശത്തെ വഴിയിലൂടെ അദ്ദേഹത്തെ ചേംബറിൽ കൊണ്ടുവരാതെ വാച്ച് & വാർഡിനെ ഉപയോഗിച്ച് ഞങ്ങളെ തള്ളിമാറ്റി ആ വഴിയിലൂടെതന്നെ കൊണ്ടുവരണമെന്ന വാശി കാണിച്ചത് ഞങ്ങളായിരുന്നില്ല. സവർക്കറെയടക്കം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പഠിക്കണമെന്ന് പറഞ്ഞ ആളെ കണ്ണൂർ വി.സി.-യായി നിയമിക്കണമെന്ന് പറഞ്ഞപ്പോൾ അത് പറ്റില്ലെന്ന നിലപാടാണ് പ്രതിപക്ഷം എടുത്തത്. കെ.ടി.യു.-വിലെ വി.സി. നിയമനത്തിലും ലോക്ആയുക്ത ഉൾപ്പെടെയുള്ള കാര്യങ്ങളിലും സുപ്രീംകോടതി വിധിയാണ് ഞങ്ങൾ ഉയർത്തിക്കാണിച്ചത്.

ഞങ്ങളാരും ഗവർണറുടെ ആരാധകവൃന്ദത്തിൽപ്പെട്ടതല്ല. ഗവർണറെ കാലാകാലങ്ങളിൽ തലോടിയതും കൊണ്ടുനടന്നതും പ്രോത്സാഹിപ്പിച്ചതും ഉപയോഗിച്ചതും ക്ലിഫ് ഹൗസിന്റെയും രാജ്ഭവന്റെയും ഇടയിൽ അഴിമതിയുടെ ഇടനാഴി തീർത്തതിലും പ്രതിപക്ഷത്തിന് പങ്കില്ലെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഇതേസമയം ഞങ്ങൾ സർക്കാരിന്റെ നയങ്ങളിൽ ചില എതിർപ്പുകൾ ഉന്നയിച്ചിട്ടുണ്ട്. ശ്രീമതി പ്രിയാ വർഗ്ഗീസിന്റെ നിയമനം സംബന്ധിച്ച് നിയമപോരാട്ടം നടന്നതുകൊണ്ടാണല്ലോ അത് നിയമവിരുദ്ധമാണെന്ന വിധി കോടതി പുറപ്പെടുവിച്ചത്. സ്വന്തം ഭാര്യമാരെയും കുടുംബക്കാരെയും പാർട്ടിക്കാരെയും തിരുകിക്കയറ്റാനുള്ള കേന്ദ്രങ്ങളാക്കി സർവ്വകലാശാലകളെ മാറ്റുമ്പോൾ അതിനോട് പ്രതികരിക്കാനും കേരളത്തിലെ പ്രതിപക്ഷത്തിന് കഴിയുമെന്ന കാര്യത്തിൽ സംശയംവേണ്ട. ഇഷ്യൂ ബെയ്സ്ഡായിട്ടാണ് ഞങ്ങൾ ഇക്കാര്യങ്ങളെ കണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇത് ഗവണ്മെന്റിന് ഒരു സുവർണ്ണാവസരമാണ്. സാമ്പത്തികമായി ഗവണ്മെന്റിന്റെ ലയബിലിറ്റിയും നടപടിക്രമങ്ങളും കുറയ്ക്കുന്ന, വിശ്വാസ്യത നിലനിർത്താൻ കഴിയാവുന്ന, പ്രോട്ടോകോൾ ഇഷ്യൂസ് വരാത്ത ഒരു നല്ല നിർദ്ദേശം പ്രതിപക്ഷം ഈ

സഭയിൽ, ഈ ചർച്ചാവേളയിൽ ഒരു ഭേദഗതിയായി മൂവ് ചെയ്തിരിക്കുകയാണ്. അതിന് അനുകൂലമായ തീരുമാനമുണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പ്രധാനപ്പെട്ടൊരു വിവരം ഇന്ന് അവതരിപ്പിക്കാനുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ 14 അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട ഒരു പരാതി സി.&എ.ജി.യുടെ റിപ്പോർട്ടിൽ വന്നിരിക്കുകയാണ്. 2010-ലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് 14 അദ്ധ്യാപകരെയും നിയമിച്ചിട്ടുള്ളതെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ 2018-ൽ യു.ജി.സി. ആ മാനദണ്ഡങ്ങൾ മാറ്റിയിട്ടുണ്ട്. അത് ആറ് മാസത്തിനുള്ളിൽ നടപ്പിൽ വരുത്തണമെന്ന നിർദ്ദേശം നിലനിൽക്കുമ്പോൾ 2010-ലെ മാനദണ്ഡങ്ങളനുസരിച്ച് നടത്തിയ 14 അദ്ധ്യാപകരുടെ നിയമനം null and void ആണെന്ന സി. & എ.ജി.-യുടെ റിപ്പോർട്ട് എന്തിനാണ് ഗവണ്മെന്റ് മറച്ചുവയ്ക്കുന്നതെന്ന് ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു. ഈ വിവാദങ്ങൾ ഇവിടെ ഉണ്ടായതല്ല; ഇതുണ്ടാക്കാനുള്ള കാരണം കേരളത്തിലെ ഭരണകൂടവും അതിലെ രാഷ്ട്രീയ ഇടപെടലുമാണ്. കാലിക്കറ്റ് സർവ്വകലാശാലയ്ക്കുപുറമെ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ മൂന്ന് അദ്ധ്യാപക തസ്തികകളിലേയ്ക്ക് നടന്ന

നിയമനം നോട്ടിഫിക്കേഷൻ ഇല്ലാതെയാണ് നടത്തിയതെന്ന് സി. & എ.ജി.യുടെ ആഡിറ്റിലാണ് പറയുന്നത്.

മി. സ്പീക്കർ: യെസ്.....യെസ്.. പ്ലീസ്..

ശ്രീ. ഷാഫി പറമ്പിൽ: സർ, എനിക്ക് സമയം തരണം. ഈ നാടിന്റെ അഭിമാനപുത്രനായ കെ. ആർ. നാരായണന്റെ പേരിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ ദളിത് വിദ്യാർത്ഥികൾ വിവേചനം നേരിടേണ്ടിവരുന്നുവെന്ന വാർത്ത ഇന്ന് പത്രങ്ങളിൽ വന്നിരിക്കുകയാണ്. "ദി ഹിന്ദു" ദിനപത്രത്തിന്റെ തലക്കെട്ട്; "K.R. Narayanan institute on the boil as students allege caste discrimination, launch indefinite stir" എന്നാണ്. കെ. ആർ. നാരായണന്റെ പേരിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽപോലും ജാതിവിവേചനം നടക്കുന്നുവെന്ന വാർത്ത സംസ്ഥാനത്തിന് നാണക്കേടാണ്. എന്ത് ഇടപെടലുകളാണ് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ നടത്തിയത്? ഗുരുതരമായ ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നാല് സീറ്റ് എഡിറ്റിംഗ് ഡിപ്പാർട്ട്മെന്റിൽ ഒഴിഞ്ഞുകിടക്കുമ്പോഴാണ്

അവിടെ അഡ്മിഷൻ ചോദിച്ചുവന്ന ഒരു ദളിത് വിദ്യാർത്ഥിക്ക് അഡ്മിഷൻ നിഷേധിച്ചെന്ന വാർത്ത വരുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, യൂണിവേഴ്സിറ്റികളെക്കുറിച്ച് സംസാരിക്കണമെന്നതാണ് കീഴ്വഴക്കം. ഈ പറഞ്ഞ കാര്യങ്ങളൊന്നും ഈ ബില്ലിന്റെ പരിധിയിൽ വരുന്നതല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി എന്തുകൊണ്ടാണ് ഈ വിഷയത്തെ അങ്ങനെ കണ്ടത്? ഇന്ത്യയിലെ ആദ്യത്തെ ദളിത് രാഷ്ട്രപതിയായിരുന്ന കെ. ആർ. നാരായണന്റെ പേരിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ടിൽ ജാതിവിവേചനം നടക്കുന്നുവെന്ന് പറഞ്ഞപ്പോൾ അതിനെ അങ്ങ് ഇത്രയും ലാഘവത്തോടെ കണ്ടതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. കേരളം പോലെയുള്ള ഒരു സംസ്ഥാനത്താണോ ഇത് നടക്കേണ്ടത്? ഈ സംഭവത്തെ അപലപിക്കുകയാണ് വേണ്ടത്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ വികാരത്തോട് ഞാൻ യോജിക്കുന്നു. അത്രയും വികാരമുണ്ടായിരുന്നെങ്കിൽ

ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കലോ അടിയന്തരപ്രമേയമോ കൊണ്ടുവരാമായിരുന്നല്ലോ? ഈ വിയോജനക്കുറിപ്പിന്റെ മറവിലാണോ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം നിയമസഭയിൽ എനിക്ക് ഇടപെടാൻ കഴിയാവുന്ന ആദ്യത്തെ അവസരമാണിത്. അതിനെ ബഹുമാനപ്പെട്ട മന്ത്രി ഗൗരവത്തോടെ എടുക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. ഇത് കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അവിടെയുള്ള ഡയറക്ടറുടെ വീട്ടുജോലി ചെയ്യാൻ സ്ഥാപനത്തിലെ ജീവനക്കാരെ ഉപയോഗിക്കുന്നുവെന്ന വാർത്തകളാണ് വന്നിട്ടുള്ളത്. വീട്ടുജോലിക്ക് പോകുമ്പോൾ ഡയറക്ടറുടെ വീടിനുപുറത്തുള്ള ബാത്ത്റൂമിൽ കയറി കുളിച്ച് ഡ്രസ് മാറ്റിപോകണമെന്ന രീതിയിലുള്ള വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ഇടപെടൽ നടത്തേണ്ടവർ, അത് ചെയ്യാതെ ഞങ്ങളൊരു വിഷയം അവതരിപ്പിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്ന നിലപാടല്ല സ്വീകരിക്കേണ്ടത്. ഉന്നത വിദ്യാഭ്യാസമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഇക്കാര്യം പറഞ്ഞത്. ഇത്

സംസ്ഥാനത്തിനുതന്നെ അപമാനകരമായ സാഹചര്യമാണ്. അടിയന്തരമായി അന്വേഷിച്ച് കൃത്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. പിൻവാതിൽ നിയമനങ്ങൾക്കുവേണ്ടി ലോകകപ്പ് മത്സരം നടത്തുകയാണെങ്കിൽ മൊറോക്കോയും ക്രൊയേഷ്യയും അർജന്റീനയും ഫ്രാൻസും ആകില്ല പിണറായി വിജയൻ സർക്കാരായിരിക്കും കപ്പടിക്കാൻ പോകുന്നതെന്ന കാര്യത്തിൽ സംശയമില്ല. അതിന് കൂട്ടുനിൽക്കുന്നതരത്തിലുള്ള മുഴുവൻ ഇടപെടലുകളും സർവ്വകലാശാലകളിലും അല്ലാത്തയിടങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്ന ഈ സർക്കാരിന്റെ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ചുപിടിക്കാനുള്ള ഒരു പ്രധാനപ്പെട്ട നിർദ്ദേശം പ്രതിപക്ഷം മുന്നോട്ടുവച്ചിരിക്കുകയാണ്. ഇത് ഭരണകൂടത്തിന്റെ ആത്മാർത്ഥതയുടെ ലിറ്റ്മസ് ടെസ്റ്റാണ്. നിങ്ങൾ ഇതിൽ ഒരു തീരുമാനം പറയണം. സർവ്വകലാശാലകളുടെ വിശ്വാസ്യത വീണ്ടെടുക്കാൻ, അതേസമയം ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിർദ്ദേശങ്ങൾക്കെതിരെ ഫൈറ്റ് ചെയ്യാൻ ഭരണ-പ്രതിപക്ഷവും ജനങ്ങളും ഒരുമിച്ച് നടത്തുന്ന പോരാട്ടമെന്ന നിലയ്ക്കാണ് ശ്രീ. റോജി എം. ജോൺ ഈ ഭേദഗതി മുന്നോട്ടുവച്ചിരിക്കുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളെ സംബന്ധിച്ച് വലിയ ആശങ്കയാണ് ഞങ്ങളിവിടെ പ്രകടിപ്പിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗം ഇന്ന് വലിയ രീതിയിലുള്ള പ്രതിസന്ധി നേരിടുകയാണ്. ഗവർണറും ഗവണ്മെന്റും തമ്മിലുള്ള പോര് സർവ്വകലാശാലകളുടെ ക്രെഡിബിലിറ്റിയെ ബാധിക്കുന്ന നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റി പുതിയ ചാൻസലറെ കൊണ്ടുവരുമ്പോഴുണ്ടാകുന്ന അവ്യക്തതകളാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചാൻസലറുടെ കുറഞ്ഞ വിദ്യാഭ്യാസയോഗ്യത എന്താണ്; അദ്ദേഹത്തിന്റെ പ്രായപരിധിയെന്താണ്; അദ്ദേഹത്തിന് ഭാവിയിൽ ആവശ്യമായി വരുന്ന ഓഫീസുകൾ, മറ്റ് കാര്യങ്ങൾ അതിനോടനുബന്ധിച്ച് വരാൻപോകുന്ന ചെലവുകൾ തുടങ്ങിയവ മീറ്റ് ചെയ്യുന്നത് സംബന്ധിച്ചൊന്നും ഈ ബില്ലിൽ പ്രതിപാദിക്കുന്നില്ല. ചാൻസലറെ മാറ്റേണ്ട സാഹചര്യം വന്നാൽ അത് എങ്ങനെ പ്രാവർത്തികമാക്കും; അതിന് ഒരു കമ്മീഷനെ വയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ കമ്മീഷനെ നിയോഗിച്ച്, കമ്മീഷന്റെ റിപ്പോർട്ട് കിട്ടി ചാൻസലറെ മാറ്റേണ്ടതുണ്ടെങ്കിൽ മാറ്റുന്ന സാഹചര്യത്തിലേയ്ക്ക്

എത്തും. ഇതിനകത്ത് വലിയ രീതിയിലുള്ള ഭരണപ്രതിസന്ധി ഉടലെടുക്കാനുള്ള സാധ്യതയാണ് കാണുന്നത്. ഗവണ്മെന്റുകൾ മാറിവരുമ്പോൾ നേരത്തെയുള്ള ചാൻസലർമാരുമായി അഭിപ്രായവ്യത്യാസങ്ങൾ വരാം. അങ്ങനെയുള്ള വിഷയങ്ങൾ വരുമ്പോൾ അന്വേഷണ കമ്മീഷനുകൾ യഥേഷ്ടം വരാനിടയാകുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വാഭാവികമായും ധാരാളം പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്. കാർഷിക സർവ്വകലാശാല ഏകദേശം 100 കോടി രൂപവരെ കടക്കെണിയിലാണെന്നാണ് വാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെയുള്ള സന്ദർഭത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ, ഓരോ സർവ്വകലാശാലയ്ക്കും ഓരോ ചാൻസലർമാരെ വച്ച് മുന്നോട്ട് പോകുമ്പോൾ അതുണ്ടാക്കാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധി വളരെ വലുതാണെന്നതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉചിതമായ, പ്രായോഗികമായ ഒരു നിർദ്ദേശമാണ് ഇവിടെ പ്രതിപക്ഷം മുന്നോട്ടുവച്ചിരിക്കുന്നത്. ശ്രീ. റോജി എം. ജോൺ ഇവിടെ ഭേദഗതിയായി ഉന്നയിക്കാൻ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. ആ രീതിയിൽ ഒരൊറ്റ ചാൻസലറെ കൊണ്ടുവന്നാൽ ഇതിനകത്തുണ്ടായിരിക്കുന്ന പല പ്രശ്നങ്ങളും

പരിഹരിച്ചുപോകാൻ കഴിയുന്ന സാഹചര്യം വരും. കാർഷിക സർവ്വകലാശാല 100 കോടി രൂപവരെ കടക്കെണിയിലാണെന്ന വിഷയം ഞാനിവിടെ സൂചിപ്പിച്ചു. വെറ്ററിനറി സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതാനും വിഷയങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അവർ നേരിടുന്ന പ്രതിസന്ധി ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. ഓരോ സർവ്വകലാശാലയുടെയും കാര്യങ്ങൾ പരിശോധിച്ചാൽ നമ്മുടെ വിദൂരവിദ്യാഭ്യാസ സംവിധാനങ്ങൾ ഇന്ന് മറ്റൊരു രീതിയിലുള്ള പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് കാണാൻ സാധിക്കും. വിദൂരവിദ്യാഭ്യാസം താൽപ്പര്യപ്പെട്ടുവരുന്ന വിദ്യാർത്ഥികൾക്ക് അതിനുള്ള സാഹചര്യം ഇവിടെ ഒരുക്കപ്പെടുന്നില്ലെന്ന വിഷയങ്ങളും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങൾ വി.സി.-യുടെ താൽക്കാലിക ഒഴിവിലേയ്ക്ക് പി.വി.സി.-ക്ക് ചുമതല നൽകാമെന്ന ഒരു ഭേദഗതി കൊണ്ടുവരികയാണ്. വി.സി.-ക്കൊപ്പം നിയമിക്കപ്പെടുന്ന പി.വി.സി., അദ്ദേഹത്തിന്റെ കാലാവധി അദ്ദേഹത്തോടൊപ്പം അവസാനിക്കുന്ന സാഹചര്യം വരുന്നുയെന്നുള്ളതാണ്. വി.സി. ഇല്ലാത്ത സമയത്ത് താൽക്കാലിക ചുമതല എങ്ങനെ ഈ പി.വി.സി.-ക്ക് നൽകാൻ

കഴിയും? മാത്രമല്ല നാല് സർവ്വകലാശാലകളിൽ പി.വി.സി. തസ്തികയില്ല. ഫിഷറീസ്, വെറ്ററിനറി, കാർഷിക, ഡിജിറ്റൽ സർവ്വകലാശാല ആക്ടുകളിൽ നിലവിൽ പി.വി.സി. തസ്തികകളില്ല. ഈ ബില്ലിലെ വ്യവസ്ഥകൾ എത്രമാത്രം അബദ്ധമാണെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. യാതൊരു അവധാനതയുമില്ലാതെയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇല്ലാത്ത തസ്തികകളിലേയ്ക്ക് നിയമനം നടത്തേണ്ട സാഹചര്യം വരുന്നു. ബിൽ എത്രയും പെട്ടെന്ന് നിയമമാക്കി കൊണ്ടുവരാനുള്ള വ്യഗ്രത കാണിച്ചതുകൊണ്ടാണ് ഇത്തരത്തിലുള്ള ഗുരുതരമായ പിഴവുകൾ സംഭവിച്ചത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല വരുന്നതോടെ മറ്റ് സർവ്വകലാശാലകളിൽ വിദൂര പ്രൈവറ്റ് രജിസ്ട്രേഷൻ അവസാനിപ്പിക്കണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതും ഇതാണ്. ഇതുകൊണ്ടുതന്നെ വിദൂര വിദ്യാഭ്യാസ രംഗത്തും മറ്റ് പ്രശ്നങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ സംവിധാനത്തെ കാലോചിതമായി പരിഷ്കരിച്ച് മുന്നോട്ടുകൊണ്ടുപോകണം. സർക്കാർ കോളേജുകളിലെ അദ്ധ്യാപകർ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ളവരാണോ, അല്ലയോയെന്ന ചോദ്യത്തിന് വിവരം

ശേഖരിച്ചുവരുന്നുയെന്നാണ് ഗവണ്മെന്റിൽനിന്നും ലഭിച്ച മറുപടി. നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. വിവരം ശേഖരിച്ചുവരുന്നു എന്നാൽ അദ്ധ്യാപകരെ സംബന്ധിച്ചുള്ള കാര്യങ്ങൾ ശേഖരിക്കപ്പെടേണ്ട വിവരമാണോയെന്നുള്ളതാണ് നാം ചിന്തിക്കേണ്ടത്. വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനപരമായ വിവരങ്ങൾപോലും ഗവണ്മെന്റിന്റെ ഭാഗത്തില്ലെന്നാണോ മനസ്സിലാക്കേണ്ടത്. ദീർഘമായ പ്രസംഗത്തിലേയ്ക്ക് കടക്കുന്നില്ല. ഈ ബിൽ ഇതുപോലെ പാസ്സാക്കിയാൽ വിദ്യാഭ്യാസ രംഗത്ത് പല രീതിയിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുമെന്നുള്ളതുകൊണ്ട് ഇവിടെ ഞങ്ങൾ നിർദ്ദേശിച്ച ഭേദഗതി അംഗീകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗിക സമീപനം സ്വീകരിക്കണമെന്നും വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുള്ള ഇടപെടലുകൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ എന്തിനാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് എല്ലാവർക്കുമറിയാം. ഈ സഭയിൽ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് പല ബില്ലുകളും

പാസ്സാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അക്കാദമികമായ കരുത്ത്, സർവ്വകലാശാലയുടെ വൈജ്ഞാനികതലം, പെരുമ എന്നിവ വർദ്ധിപ്പിക്കാനുതകുന്ന ഒന്നുമല്ല ഈ ബില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. സംസ്ഥാന താൽപര്യമാണോ ഗവൺമെന്റ് ഈ വിഷയത്തിൽ ഉയർത്തിപ്പിടിക്കുന്നത്? 'ഗവർണർക്കൊരു കൊട്ട് ' എന്നതിനപ്പുറം ഈ ബില്ലിന്റെ താൽപര്യമെന്താണ്? സർക്കാരിന്റെ സ്വാർത്ഥ താൽപര്യങ്ങൾക്കും സ്വജനപക്ഷപാതപരമായ പ്രവർത്തനങ്ങൾക്കും ഒരുവേള ഗവർണർ എതിരായപ്പോൾ അദ്ദേഹത്തെ ഒന്നുകുത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ വി.സി. നിയമനം കോടതി തന്നെ ഇടപെട്ട് റദ്ദാക്കിയ സാഹചര്യം മുന്നിലുണ്ട്. ഗവർണറുടെ നയങ്ങളോട് യോജിക്കാനാകില്ല. ഞങ്ങളുടെ പാർട്ടി ലീഡറും പ്രതിപക്ഷനേതാവും വളരെ വിശദമായി ചുരുക്കം വാക്കുകളിലാണെങ്കിലും ഇവിടെ അത് പ്രകടിപ്പിക്കുകയുണ്ടായി. 'ചക്കിക്കൊത്ത ചങ്കരൻ' എന്നൊരു ചൊല്ലുണ്ട്. അതിന് സമാനമാണ് നമ്മുടെ സർക്കാരും ഗവർണറും എന്നുള്ളതാണ് ഇപ്പോഴത്തെ സാഹചര്യം. നിങ്ങൾ ഈ ഗവർണറെ താലോലിച്ചവരും സംരക്ഷിച്ചവരുമാണ്. കഴിഞ്ഞ സഭയിൽ

ആദരണീയനായ ശ്രീ. രമേശ് ചെന്നിത്തല പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് ഗവർണറുടെ നീക്കങ്ങളെ എതിർത്തുകൊണ്ട് പ്രമേയം കൊണ്ടുവന്നപ്പോൾ അതിന് അനുമതി നൽകാതെ ഗവർണറെ നെഞ്ചോട് ചേർത്തുപിടിക്കാൻ സന്നദ്ധരായവരാണ് നിങ്ങൾ. നിങ്ങളുടെ രാഷ്ട്രീയ താൽപര്യമാണോ രാജ്യത്തിന്റെ പൗരത്വ പ്രശ്നമാണോ വലുതെന്നുകൂടി ജനങ്ങൾക്ക് ചിന്തിക്കാനുള്ള സന്ദർഭമാണിത്. അന്ന് ഗവർണറെ നിങ്ങൾ വലിയ മതിൽകെട്ടി സംരക്ഷിച്ചു. എന്നാൽ ഇന്ന് എന്താണ് സ്ഥിതി; ഗവർണർ നിങ്ങളുടെ താൽപര്യം സംരക്ഷിക്കാതെ വന്നപ്പോൾ അദ്ദേഹത്തിനിട്ട് ഒരു കുത്ത് കൊടുക്കാനായി, അദ്ദേഹത്തിനെതിരെ നിങ്ങൾ കളിക്കുകയാണ്. എന്റെ കുട്ടിക്കാലത്ത് ഒരു കളിയുണ്ട്, 'അക്കുത്തിക്കുത്താന വരമ്പേ കയ്യേ കുത്ച് കരിങ്കുത്ത്....' എന്നുപറഞ്ഞതുപോലെ ഒരു കാലത്ത് നിങ്ങൾ ഇവിടെ കുത്തി, ഇപ്പോൾ അപ്പുറത്ത് ഗവർണർക്കെതിരെ കുത്തുകയാണ്. പക്ഷേ അതെന്തിനാണ് വിദ്യാഭ്യാസംകൊണ്ട് കളിക്കുന്നത്; ഈ രീതിയിലേയ്ക്ക് ഒരു ഗവൺമെന്റ് തരംതാഴാമോ? ഈ ഗവർണറെത്തന്നെയാണ് നിങ്ങൾ മുമ്പും വളരെ ആദരവോടുകൂടി തോളിൽ കൊണ്ടുനടന്നിട്ടുള്ളത്. ഇവിടെ എന്റെ പ്രിയങ്കരനായ സുഹൃത്ത് പൊന്നാനി

എം.എൽ.എ. ഇന്നലെ സംസാരത്തിനിടയിൽ പാർലമെന്റിൽ ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന സ്വകാര്യ ബില്ലിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് കോൺഗ്രസ്സിനെ വിമർശിക്കാനാണ് നിങ്ങൾ ശ്രമിച്ചത്. ഞാൻ ചോദിക്കട്ടെ, 1986-ൽ ഷാ ബാനോ ബീഗം കേസുമായി ബന്ധപ്പെട്ട കാലയളവിൽ ഏകീകൃത സിവിൽ കോഡിനുവേണ്ടി വാദിച്ചപ്പോൾ ഇപ്പോഴത്തെ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ എന്ന വ്യക്തിയാണ് അന്ന് നിങ്ങളുടെ നേതാവായിരുന്നത്. നിങ്ങൾ അത് മറന്നോ; ബി.ജെ.പി.-യെയും ഇടതുപക്ഷത്തെയും സി.പി.ഐ.(എം)-നെയും കൂട്ടിച്ചേർത്ത് രാജീവ് ഗാന്ധിക്കെതിരായി നിങ്ങൾ രാജ്യത്ത് നടത്തിയ ജനകീയ പ്രക്ഷോഭങ്ങളിലും സമരങ്ങളിലും സമ്മേളനങ്ങളിലും ഈ ഗവർണറെ നിങ്ങൾ മുന്നിൽ നിർത്തിയിരുന്നുവെന്നത് വിസ്മരിക്കേണ്ട. ഇന്ന് നിങ്ങൾ ആ ഗവർണറെയും തള്ളിപ്പറഞ്ഞതിനാൽ ഏകീകൃത സിവിൽ കോഡിന്റെ കാര്യത്തിൽ നിങ്ങൾ പിറകോട്ടുവന്നോയെന്ന് സംശയമുണ്ട്. അതുകൊണ്ട് സർവ്വകലാശാലയുടെ സ്വയംഭരണ സങ്കൽപ്പത്തെ അട്ടിമറിക്കുന്നതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി. വിശദമായ പഠനം

നടത്താതെ സർവ്വകലാശാലകളെ സർക്കാരിന്റെ നിയന്ത്രണത്തിലാക്കി അതുവഴി പാർട്ടിക്കുതന്നെ നിയന്ത്രിക്കാവുന്ന സാഹചര്യമുണ്ടാക്കുക എന്നതാണ് ഇതിനുപിന്നിലെ താൽപര്യം. പ്രോട്ടോക്കോൾ ഒരു പ്രശ്നമാണ്. വി.സി.-ക്ക് ഉണ്ടായിരുന്ന അധികാരം പി.വി.സി.-ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം നടത്തിയ ഒരു പരാമർശം നിങ്ങൾ അംഗീകരിച്ചത് നന്നായി. അതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇവിടെ പ്രോട്ടോക്കോൾ സംബന്ധിച്ച വിഷയം ഇനിയും വരികയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ ചാൻസലർ എന്ന നിലയ്ക്ക് ചാൻസലറിന് വിധേയമായി പോകേണ്ടതായിവരും. അതൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രതിപക്ഷം ഇവിടെ സംസാരിക്കുന്നത്. ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ അന്തസ്സുയർത്തി സഭയിൽ നിൽക്കുകയാണ്. നിങ്ങളതിനെ അംഗീകരിക്കുമോയെന്നറിയാൻ കേരള ജനതയും കാത്തിരിക്കുകയാണ്. ഈ വിഷയത്തിലുണ്ടായ ഞങ്ങളുടെ ഇടപെടൽ ഉൾക്കൊള്ളാൻ നിങ്ങൾ സന്നദ്ധമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് സർവ്വകലാശാലകളിൽ ഗവർണറെ മാറ്റി മറ്റൊരു അധികാരിയെ കൊണ്ടുവന്ന് സ്ഥാപിച്ചാൽ ഇന്നുള്ളതുപോലെ അഴിമതിയും

സ്വജനപക്ഷപാതപരവുമായ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിനെതിരെ പൊതുജനങ്ങൾക്ക് ഇടപെടാനുള്ള അവസരംപോലും ഇല്ലാതെയാകാൻ സാധ്യതയുണ്ടെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ ഭൂപടത്തിൽ നാം ഏറെ പിന്നിലാണ്. ദേശീയ-അന്തർദേശീയ റാങ്കിംഗിൽ നാം ഇല്ലേയില്ല. അങ്ങനെയൊരു കാലഘട്ടത്തിലാണ് ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുന്നതെന്ന് നമുക്കറിയാം. 145 എഞ്ചിനീയറിംഗ് കോളേജുകളുള്ളതിൽ പകുതിയിൽപോലും കുട്ടികളില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. പത്തുവർഷം കൊണ്ട് വിദേശത്തേയ്ക്കുപോകുന്ന കേരളത്തിലെയും ഇന്ത്യയിലെയും വിദ്യാർത്ഥികളുടെയും വിദേശത്തുനിന്ന് ഇന്ത്യയിലേയ്ക്ക് വരുന്നവരുടെയും എണ്ണം കൂടി. എന്നാൽ കേരളത്തിലേയ്ക്ക് വരുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിയോ? ഇന്ന് കേരളത്തിൽ പഠിക്കുന്നത് 89 വിദേശ വിദ്യാർത്ഥികൾ മാത്രമാണ്. സിക്കിം, ബീഹാർ എന്നീ സംസ്ഥാനത്തുള്ള വിദേശ വിദ്യാർത്ഥികളുടെ അത്രപോലും കേരളത്തിലില്ല. നമ്മുടെ നിലവാരത്തകർച്ചയെയാണ് അന്തർദേശീയ തലത്തിൽ കാണിക്കുന്നത്. അതുകൊണ്ട് ഇവിടെ പ്രതിപക്ഷനേതാവ് ഉന്നയിച്ച

രീതിയിലുള്ള സമിതിയുടെ കീഴിൽ ചാൻസലറിനെ കൊണ്ടുവരാനുള്ള സാഹചര്യമൊരുക്കാൻ സ്വമേധയാ നിങ്ങൾ തയ്യാറാകുമെന്ന വിശ്വാസത്തോടുകൂടി നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ സർവ്വകലാശാല ബിൽ വരുന്ന സമയത്ത് ഭരണപക്ഷം പറഞ്ഞിരുന്നത് പ്രതിപക്ഷം മുഴുവനും അവ്യക്തതയിലാണെന്നാണ്. ഗവർണറോടും സർവ്വകലാശാല ബില്ലിനോടും പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് ചോദിച്ചു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം നിയമമാകുന്ന ഈ സമയത്ത് വളരെ ക്ലാരിറ്റിയോടുകൂടി യു.ഡി.എഫ്.-ന്റെ നിലപാടുകൾ ഓരോന്നോരോന്നായി സഭയിൽ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇന്ന് അവ്യക്തതയിൽ നിൽക്കുന്നത് ഗവണ്മെന്റല്ലേ? പതിനാല് സർവ്വകലാശാലകൾക്കും ഓരോ ചാൻസലർമാർ എന്നത് ആർക്കെങ്കിലും അംഗീകരിക്കാൻ കഴിയുമോ? ഇന്ത്യയിൽ എവിടെയെങ്കിലും അങ്ങനെ ഒന്നുണ്ടോ? പ്രതിപക്ഷനേതാവ് ഈ നിർദ്ദേശം വച്ചുകഴിഞ്ഞപ്പോൾ ഇതല്ലേ ശരിയെന്ന് തോന്നുന്ന രീതിയിലാണ് ഭരണകക്ഷി അംഗങ്ങളുടെ മുഖത്തുനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. എത്ര

മനോഹരമായ നിർദ്ദേശമാണ് പ്രതിപക്ഷനേതാവ് വച്ചതെന്നുള്ള രീതിയിലുള്ളൊരു പ്രകടനമാണ് ഡോ. കെ. ടി. ജലീലിന്റെ മുഖത്ത് കണ്ടത്. സുപ്രീംകോടതി വിധി വന്നപ്പോൾ ഗവർണർ ധൃതിപിടിച്ച്, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കാര്യങ്ങൾ ചെയ്തത്, അതേ ധൃതി ഇവിടെയും കാണിച്ചു. സർവ്വകലാശാല (ഭേദഗതി) ബിൽ കൊണ്ടുവരികയും അതിന്റെ ക്രെഡിറ്റ് ഗവണ്മെന്റിനുമാത്രം മതിയെന്നുള്ളതുകൊണ്ട് പ്രതിപക്ഷത്തോട് ചർച്ച ചെയ്യാൻപോലും തയ്യാറായില്ല. അതുകൊണ്ടാണ് ജനങ്ങൾ അംഗീകരിക്കാത്ത അല്ലെങ്കിൽ വരുംനാളുകളിൽ കോടതി അംഗീകരിക്കുമോയെന്ന് സംശയിക്കുന്ന ഒരു ബില്ലായി ഇത് മാറിയത്. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ച് മറുപടി പറയുന്ന വേളയിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സെർച്ച് കമ്മിറ്റിയിൽ ശ്രീ. ഹൈബി ഈഡൻ എം.പി.-യെയും ശ്രീ. കെ. ശിവദാസൻ നായരേയും വച്ചില്ലേയെന്ന് ചോദിച്ചു. യു.ഡി.എഫ്.-ന്റേത് എം.എൽ.എ.-മാരെയും ചീഫ് സെക്രട്ടറിയെയും വച്ചുകൊണ്ടുള്ള കമ്മിറ്റിയാണെന്നും യു.ഡി.എഫ്.-ന്റെ നിലപാടല്ല എൽ.ഡി.എഫ്.-ന്റേത്

എന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്, " 2014-ൽ കൊച്ചി ശാസ്ത്ര സങ്കേതിക സർവ്വകലാശാല സെർച്ച് കമ്മിറ്റി പ്രതിനിധികളായിരുന്നത് അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷണും എം.എൽ.എ. ശ്രീ. ഹൈബി ഈഡനുമായിരുന്നു. ശ്രീ. എം. വിജിൻ, ശ്രീ. കെ. എം. സച്ചിൻദേവ് തുടങ്ങിയ എം.എൽ.എ-മാരും ഇപ്പോൾ സിൻഡിക്കേറ്റ് അംഗങ്ങളാണ്. ഞങ്ങൾ ആരെയും സെർച്ച് കമ്മിറ്റിയിൽ വച്ചില്ല. ഞങ്ങളുടെ നിലപാട് യു.ഡി.എഫ്-ന്റെ നിലപാടിൽനിന്നും വ്യത്യസ്തമാണ്." മുൻകാലങ്ങളിൽ എറണാകുളത്ത് നിന്നുള്ള ശ്രീ. ദിനേശ് മണി, എം.എൽ.എ.-യും കുട്ടനാട് എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. ജോസഫും വി.സി. സെർച്ച് കമ്മിറ്റിയിൽ ഉണ്ടായിരുന്നു. ഇക്കാര്യം മന്ത്രിക്ക് അറിയാത്തതോ അറിഞ്ഞുകൊണ്ട് പറയാതിരിക്കുന്നതോ എന്നെനിക്കറിയില്ല. ഞങ്ങൾ എം.പി.-മാരെയും എം.എൽ.എ.-മാരെയും വയ്ക്കുന്നുവെന്ന് വലിയ ആക്ഷേപം പറയുമ്പോൾ നിങ്ങളും മുമ്പ് ഇക്കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ടെന്ന് ഓർമ്മിപ്പിക്കുന്നുവെന്നുമാത്രം. കാരണം അന്നത്തെ നിയമം അതായിരുന്നു. അന്ന് 2010-ലെ റെഗുലേഷനുണ്ട്. 2010-ലെ യു.ജി.സി. റെഗുലേഷൻസ് ഗവൺമെന്റ് 2016-ൽ അഡോപ്റ്റ്

ചെയ്തതിനുശേഷം നിങ്ങൾ ആരെയും നിയമിച്ചില്ല. പക്ഷേ ഞങ്ങൾ അത് ഫോളോ ചെയ്യാത്തതുകൊണ്ട് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അങ്ങനെ നിയമിച്ചിട്ടുണ്ട്. അതാണ് ഞങ്ങൾ സൂചിപ്പിച്ചത്. ഇത്തരം കാര്യങ്ങൾ പറയുന്നതിൽ മന്ത്രിയുടെ സാമർത്ഥ്യം അഭിനന്ദനീയമാണെന്നുകൂടി സൂചിപ്പിക്കുകയാണ്. വൈസ് ചാൻസലർ രാജിവച്ചാൽ പി.വി.സി.-ക്ക് ചുമതല കൊടുക്കുന്ന കാര്യം ശ്രീ. അനൂപ് ജേക്കബ് പറഞ്ഞു. ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അതിനെ ന്യായീകരിക്കുകയും സബ്ജക്റ്റ് കമ്മിറ്റിയിൽ വന്നപ്പോൾ അത് മാറ്റാമെന്നും നിലനിൽക്കുന്നതല്ലെന്നും പറഞ്ഞു. ഞങ്ങൾ പറയുന്നുവെന്ന ഒറ്റ കാരണംകൊണ്ട് അതിനെ എതിർക്കുന്നൊരു സാഹചര്യമുണ്ടാകരുത്. ഞങ്ങൾ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യം അങ്ങേയറ്റം ഖേദകരമാണെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പം പത്രമാധ്യമങ്ങളിൽ 2019 മുതൽ 2021 വരെയുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണ അട്ടിമറി നടന്നുവെന്നുള്ള വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആക്ഷേപങ്ങൾ ഉയർത്തിയിട്ടും അതുസംബന്ധിച്ച് ഒരന്വേഷണവും

നടക്കുന്നില്ല. വിവരാവകാശ നിയമപ്രകാരം ചോദിച്ചാലും മറുപടി കൊടുക്കുന്നില്ല. എന്താണ് നടന്നതെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയോട് കോടതി ചോദിച്ചിട്ടുപോലും മറുപടി കൊടുത്തിട്ടില്ല. അതുകൊണ്ട് നിർബന്ധമായും ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് സംവരണ അട്ടിമറി നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ സഭയിൽ സാധാരണ അങ്ങയെ നോക്കിയാണ് സംസാരിക്കാറുള്ളത്. അങ്ങ് സ്പീക്കർ ആയതിലും അങ്ങ് സ്പീക്കറായിട്ടുള്ള സഭയിൽ സംസാരിക്കുന്നതിലും എനിക്ക് സന്തോഷമുണ്ട്. രണ്ടാമത്തെ സന്തോഷമെന്ന് പറയുന്നത്, 53 കൊല്ലത്തിനുശേഷമാണ് കമ്മ്യൂണിസ്റ്റുകാർക്ക് ഒരു നല്ല ബുദ്ധി വന്ന് മുസ്ലീംലീഗ് ഒരു മതേതര പാർട്ടിയാണെന്ന് പറഞ്ഞത്. ആ ഒരു സന്തോഷം കൂടി ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. ഗവർണറുടെ പോക്ക് ശരിയല്ലെന്ന് കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞു. നിശിതമായി അന്ന് ഞാൻ വിമർശിച്ചപ്പോൾ സി.പി.ഐ.-യുടെ തൃശ്ശൂർ മെമ്പർ എന്റെ പേരിൽ നടപടിയെടുക്കണം, സംസ്ഥാന ഗവർണർ ഭരണഘടനാ സ്ഥാപനമാണെന്ന്

പറഞ്ഞു. ഇപ്പോൾ അതൊക്കെ എവിടെയാണ്? അല്ലെങ്കിൽത്തന്നെ കമ്മ്യൂണിസ്റ്റുകാർക്ക് ബുദ്ധി പിന്നീട് മാത്രമെ വരികയുള്ളൂ. അന്ന് ഞാനിത് പറഞ്ഞപ്പോൾ ഇവർ കേട്ടില്ല. മീഡിയക്കാരെ കണ്ടാൽ പദവിക്ക് യോജിക്കാത്ത സംസാരങ്ങളാണ് ഗവർണർ നടത്തുന്നത്. സാധാരണ ഗവർണർമാർ 10-20 മിനിട്ടാണ് ഒരു പരിപാടിക്ക് ചെന്നാൽ സംസാരിക്കുന്നത്. എന്നാൽ ഇവിടെ ഒരു സബ്ജക്റ്റുമില്ലാതെ ഗവർണർ ഒന്നേകാൽ മണിക്കൂറാണ് സംസാരിക്കുന്നത്. അതുകൊണ്ട് ഗവർണറെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞതുപോലെ, 1986-ൽ രാജീവ് ഗാന്ധി മന്ത്രിസഭയിൽനിന്നും രാജിവച്ചപ്പോൾ ഇദ്ദേഹത്തെ പൊന്നാടയണിയിച്ചത് ഇ.എം.എസ്.-ന്റെ കാലത്താണ്. ഞങ്ങളല്ല; അന്ന് അയാളും നിങ്ങളും ചക്കരയും തേങ്ങയുമായിരുന്നു. പിന്നെ നിങ്ങൾ നന്നാവില്ലെന്ന് എനിക്ക് പറയാനാകില്ല, ഒരു സൽക്കാരത്തിന് ഗവർണർ 25-ാം തീയതി വിളിച്ചിട്ടുണ്ടല്ലോ; അതിന് നിങ്ങൾ പോകുമോ ഇല്ലയോയെന്ന് മന്ത്രി ഒന്നുപറയൂ. അതുസംബന്ധിച്ച ചർച്ച നടക്കുന്നുണ്ടല്ലോ.

സർവ്വകലാശാലകളിൽ ചാൻസലറെ നിയമിക്കുന്ന കാര്യം പറഞ്ഞു. ആരെയാണ് ചാൻസലറായി നിയമിക്കുന്നത്? ബഹുമാനപ്പെട്ട നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് രാജ്യസഭയിലൊക്കെ ഒരുപാട് ബില്ലിന്റെ ചർച്ചകളിൽ പങ്കെടുത്ത് ഭേദഗതികൾ അവതരിപ്പിച്ച ഒരു വ്യക്തിയാണ്. പ്രതിപക്ഷനേതാവ് ഉന്നയിച്ചപ്പോൾ രണ്ടുകൈയും നീട്ടി സ്വീകരിച്ചിരുന്നെങ്കിൽ നമുക്ക് ആ ചർച്ച ഇവിടെ അവസാനിപ്പിക്കാമായിരുന്നല്ലോ; ശ്രീ. റോജി എം. ജോണിന്റെ ഭേദഗതി നിങ്ങൾ അംഗീകരിച്ചോ, ഇല്ല. നിങ്ങൾ ഏത് നിലയ്ക്കാണ് പോകുന്നത്? യൂണിവേഴ്സിറ്റി നിയമനങ്ങൾ സംബന്ധിച്ച് 9 സർവ്വകലാശാലകളിലായി 3000 ആൾക്കാരെ താൽക്കാലികമായി നിയമിച്ചുവെന്ന് 2021-ൽ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആരെയാണ് നിയമിച്ചത്; അതുപോലെ ആ ഒഴിവുകൾ പി.എസ്.സി.-ക്ക് ശിപാർശ ചെയ്തിട്ടുണ്ടോ? പണ്ട് ചൈനയിൽ മാവോ സേതുങ്-ന്റെ കാലത്ത് നിയമനങ്ങൾ നടത്തിയിരുന്നത് എങ്ങനെയായിരുന്നു? 'Better red than expert' - യോഗ്യതയ്ക്കപ്പുറത്ത് ആള് ചുവപ്പാണെന്ന് മാത്രം നോക്കിയായിരുന്നു നിയമിച്ചിരുന്നത്. ഇവിടെ എങ്ങനെയാണെന്ന് വച്ചാൽ 'better Pinarayi than expert' എന്നാണ് നോക്കുക, അത്രയേയുള്ളൂ. നിങ്ങൾ വേറെ ഒരു ക്വാളിഫിക്കേഷനും പറയുകയില്ല. അതുപോലെ കേന്ദ്രത്തിൽ 'better saffron than expert'

എന്നാണ്. ഇത് രണ്ടും ഒരുപോലെതന്നെയാണ്. നിങ്ങൾ ഏത് യൂണിവേഴ്സിറ്റിയിൽ എന്ത് നിയമനമാണ് നടത്തുന്നത്? കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റിൽ ഒരു എം.എൽ.എ.-യുണ്ടായിരുന്നു. അദ്ദേഹം ഒരു ചോദ്യം ചോദിച്ചപ്പോൾ അത് നിങ്ങൾ അനുവദിച്ചില്ല; ഒരു വിയോജനക്കുറിപ്പ് നൽകാൻ സിൻഡിക്കേറ്റ് മെമ്പറെ അനുവദിച്ചില്ല. നിങ്ങൾക്ക് എന്ത് ജനാധിപത്യമാണുള്ളത്. ഇനി ആരെയാണ് നിങ്ങൾ നിയമിക്കാൻ പോകുന്നത്? ഞാൻ ചോദിക്കട്ടെ, നിങ്ങൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വി.സി.-യായി ആരെയാണ് വയ്ക്കുന്നത്; XXXXXX+; കേരള യൂണിവേഴ്സിറ്റിയുടെ വി.സി.-യായി ആരെയാണ് വയ്ക്കുന്നത്; XXXXXX+

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കുസാറ്റിലെ ചാൻസലറായി ആരെയാണ് വയ്ക്കുന്നത്; XXXXXX+, എം.ജി. യൂണിവേഴ്സിറ്റിയിൽ നിയമിക്കുന്നത് XXXXXX+; കണ്ണൂർ യൂണിവേഴ്സിറ്റി ചാൻസലറായി നിയമിക്കുന്നത് XXXXXX+?

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 22572/ഇ.ബി./2022/നി.സെ. തീയതി 14-12-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്... പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... സഭയിൽ അംഗമല്ലാത്ത ഒരാളെ സംബന്ധിച്ചുള്ള പരാമർശമാണ് ഇവിടെ നടത്തിയിട്ടുള്ളത്. XXXXXX+ അതുകൊണ്ട് അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: അത് പരിശോധിക്കാം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ പറഞ്ഞത്, നിങ്ങൾ ചാൻസലറെ നിയമിക്കുന്നതിന്റെ മാനദണ്ഡം പറഞ്ഞിട്ടുണ്ടോ; യോഗ്യത പറഞ്ഞിട്ടുണ്ടോ; നിങ്ങൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; വിദ്യാഭ്യാസ വിദഗ്ധനുള്ള ക്വാളിഫിക്കേഷൻ പറഞ്ഞിട്ടുണ്ടോ; എന്താണ് നിങ്ങൾ പറഞ്ഞത്; ഈ ബില്ലിൽ എവിടെയാണ് പറഞ്ഞത്? വെറുതെ ആളെ പറ്റിക്കല്ലേ. ഞാൻ ചോദിച്ചത്, നിങ്ങളുടെ പാർട്ടിയുടെ തലപ്പത്തിരുന്ന നേതാവ് XXXXXX+ കണ്ണൂർ യൂണിവേഴ്സിറ്റി ചാൻസലറാക്കി നിയമിച്ചാലോ എന്നാണ്. നിങ്ങൾ അതുസംബന്ധിച്ചൊന്നും ബില്ലിൽ പറഞ്ഞിട്ടില്ല. ചാൻസലറുടെ കുറഞ്ഞ

\+ XXX ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 22572/ഇ.ബി./2022/നി.സെ. തീയതി 14-12-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

\+ XXX ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 22572/ഇ.ബി./2022/നി.സെ. തീയതി 14-12-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

വിദ്യാഭ്യാസ യോഗ്യത നിങ്ങൾ പറഞ്ഞിട്ടുണ്ടോ; വിദ്യാഭ്യാസ വിദഗ്ദ്ധനെ നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്ന് നിങ്ങൾ പറഞ്ഞിട്ടുണ്ടോ; മന്ത്രി പറയണം. മന്ത്രിസഭ, ചാൻസലറെ നിയമിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ നിങ്ങൾ ഗൗരവമായി എടുത്തിട്ടുണ്ടോ; എവിടെയാണ് എടുത്തിട്ടുള്ളത്? പൊളിറ്റ് ബ്യൂറോ അംഗമുള്ളപ്പോൾ ലോക്കൽ കമ്മിറ്റി സെക്രട്ടറിക്ക് നിങ്ങളുടെ പാർട്ടിയിൽ ഉദ്ഘാടനം ചെയ്യാൻ പറ്റുമോ? പി.ബി.-യിൽ ബ്രാഞ്ച് സെക്രട്ടറി വന്നാൽ എങ്ങനെയാണ്; അതുപോലെയല്ലേ നിങ്ങൾ ചാൻസലറുടെ കാര്യത്തിലും എടുത്തിരിക്കുന്നത്. കോമൺസെൻസ് ഉപയോഗിക്കണമെന്നല്ലാതെ വേറെന്ത് പറയാനാണ്. ഇതിൽ ഗവർണറെ നീക്കുന്നത് ശരി. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ് എന്നിവരുമായി സംസാരിച്ച് നിയമനങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കണം.

മി. സ്പീക്കർ: ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കു.

ശ്രീ. പി. കെ. ബഷീർ: സർ, ഒരു കാര്യം കൂടി പറഞ്ഞവസാനിപ്പിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങ് എല്ലാ വിഷയത്തെ സംബന്ധിച്ചും ശരിയായ ധാരണയോടുകൂടി സംസാരിക്കുന്നയാളാണെന്ന്

നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹം എല്ലാ ധാരണയും ഉള്ളയാളാണ്. സി.പി.ഐ.-യെക്കുറിച്ച് ഒരു കാര്യം പറഞ്ഞപ്പോൾ, ഗവർണർ സ്ഥാനമേ വേണ്ട എന്നുപറഞ്ഞ പാർട്ടിയാണ് സി.പി.ഐ. എന്നതും ഇതിനെ മുൻകൂട്ടി കണ്ട പാർട്ടിയാണ് സി.പി.ഐ. എന്നതും അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഗവർണറെ ഈ സഭയിൽ നിശിതമായി വിമർശിച്ചപ്പോൾ അന്ന് എന്റെ പേരിൽ ഭരണഘടനാപരമായ നടപടിയെടുക്കണമെന്നാണ് തൃശ്ശൂർ ജില്ലാ സെക്രട്ടറിയായിരുന്ന, ഇപ്പോൾ തൃശ്ശൂരിനെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. പറഞ്ഞത്. അവിടെയാണ് പ്രശ്നം. ഗവർണറുടെ പദവി മാറ്റണമെന്നുപറയുന്ന നിങ്ങൾ എന്റെ പേരിൽ നടപടിയെടുക്കണമെന്ന് പറയുന്നതെന്തുകൊണ്ടാണ്; ഞാനൊരു ജനപ്രതിനിധിയാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണ്ടേ? ഈ ഗവർണറുടെ നടപടിയോട് ഞങ്ങൾ യോജിക്കുന്നില്ല. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റി പകരം സംവിധാനം എന്നുപറയുമ്പോൾ ചാൻസലർക്കുള്ള നിർവ്വചനം എന്താണെന്നുള്ളത് വ്യക്തമാക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. അവ്യക്തവും ആശങ്കകൾ സൃഷ്ടിക്കുന്നതുമായ ഒരു ബില്ലാണിത്. സർവ്വകലാശാലകളുടെ ഭരണം കൈപ്പിടിയിലൊതുക്കാനും പിൻവാതിലിലൂടെ പാർട്ടിക്കാരെ റിക്രൂട്ട് ചെയ്യാനുംവേണ്ടി കാലങ്ങളായി ഇടതുസർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തിന്റെ ഭാഗംകൂടിയാണിത്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഹൈക്കോടതിയിൽ നിന്നേറ്റ കനത്ത തിരിച്ചടിയുടെ ജാള്യത മറച്ചുവയ്ക്കാൻ യാതൊരു മുന്നൊരുക്കങ്ങളും നടത്താതെയാണ് സർക്കാർ ഈയൊരു ബില്ലുമായി മുന്നോട്ടുവന്നത്. കൃഷി, ജന്തുശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള വ്യക്തികളെ ഏതൊരു സർവ്വകലാശാലയിലും ചാൻസലറാക്കാമെന്നാണ് ബില്ലിൽ ഭേദഗതി വരുത്തിയിരിക്കുന്നത്. സാങ്കേതിക സർവ്വകലാശാലയിൽ ജന്തുശാസ്ത്രവും കാർഷിക മേഖലയുംപോലുള്ള വിഷയങ്ങളിൽ പ്രാവീണ്യം നേടിയ വിദഗ്ദ്ധന് എത്രമാത്രം സംഭാവനകൾ ചെയ്യാൻ കഴിയുമെന്നത് ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. അതത് സർവ്വകലാശാലകളുമായി ബന്ധമുള്ള വിഷയങ്ങളിൽ പ്രാവീണ്യം നേടിയവർക്കുമാത്രമേ അവിടത്തെ അക്കാദമിക-ഭൗതിക വികസനകാര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ

സമീപിക്കാൻ കഴിയുകയുള്ളൂ. വൈസ്ചാൻസലറുടെ താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ചാൻസലർ പ്രോ-ചാൻസലറുമായി ആലോചിച്ച് വൈസ് ചാൻസലറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന വ്യവസ്ഥ വളരെ വിചിത്രമാണ്. ഓരോ കാര്യത്തിലും പ്രോ-ചാൻസലറുടെ അനുമതി വാങ്ങണമെന്നും സർവ്വകലാശാലകളുടെ മേധാവി എന്ന സ്ഥാനത്ത് സ്വന്തം നിലയ്ക്ക് തീരുമാനമൊന്നും എടുക്കേണ്ടെന്നും നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനാണ് ഇത്രയും തിടുക്കത്തിൽ ഈ ബിൽ തട്ടിക്കൂട്ടിയിരിക്കുന്നത്. രാജ്യത്തെ ഉന്നതവിദ്യാഭ്യാസരംഗം സ്വതന്ത്രവും സുതാര്യവുമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് സർവ്വകലാശാലകളുടെ ചാൻസലറായി ഗവർണർ സ്ഥാനത്തെ കൽപ്പിച്ച് കൊടുത്തിരിക്കുന്നത്. മുൻസർക്കാരുകൾ ഇതൊരു കീഴ്വഴക്കമായി തുടർന്നുപോരുകയും ചെയ്തിരുന്നു. എന്നാൽ സമസ്ത മേഖലകളിലും രാഷ്ട്രീയ അതിപ്രസരം കടന്നുവന്നതോടെ വി.സി. നിയമനങ്ങളിലും തുടർന്ന് മറ്റ് നിയമനങ്ങളിലും സർക്കാർ കൈകടത്തൽ തുടങ്ങിയിരിക്കുകയാണ്. സർവ്വകലാശാലകളുടെ

ഉന്നതസ്ഥാനങ്ങളിൽ നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത കഴിവിനും അറിവിനുമപ്പുറം രാഷ്ട്രീയബന്ധങ്ങളും രക്തബന്ധങ്ങളുമായി മാറിയിരിക്കുകയാണ്. സ്വന്തക്കാരെയും ബന്ധുക്കളെയും രാഷ്ട്രീയ സഹയാത്രികരെയുമൊക്കെ വി.സി.-മാരായി നിയമിക്കുന്ന പ്രവണത കുറച്ചുകാലമായുണ്ട്. യു.ജി.സി. റെഗുലേഷൻസ് ലംഘിച്ചുകൊണ്ട് സർക്കാർ നടത്തിയ നിയമനങ്ങൾ ഗവർണർ റദ്ദ് ചെയ്യുകയും പിന്നീട് ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തു. കേരളത്തിലെ സർവ്വകലാശാലകളിലെ ബന്ധുനിയമനങ്ങളിലും വഴിവിട്ട നിയമനങ്ങളിലും ഗവർണർ പ്രതിഷേധമറിയിച്ചതാണ് പ്രശ്നങ്ങളുടെ തുടക്കം. ഫയലുകൾ ഒപ്പിടാതിരിക്കാൻ ഇങ്ങനെ നിഷ്ക്രിയനാക്കുന്നതിനുപകരം ചാൻസലർ പദവി നീക്കിത്തരണമെന്ന് ഗവർണർ ആവശ്യപ്പെട്ടിരുന്നു. സർക്കാരിന്റെ കൊള്ളരുതായ്മകൾകൊണ്ട് ഗവർണർ ചാൻസലർ പദവിയൊഴിഞ്ഞുവെന്ന നില വരുമെന്ന് കണ്ടാണ് അന്ന് ആ നിർദ്ദേശം സ്വീകരിക്കാതിരുന്നത്. ഗവർണറെ സാന്ത്വനിപ്പിച്ച് തൽസ്ഥാനത്ത് തുടരാനാണ് സർക്കാർ തയ്യാറായത്. വി.സി. നിയമനം സുപ്രീംകോടതി റദ്ദാക്കിയ സന്ദർഭത്തിൽ കേരളത്തിലെ സർവ്വകലാശാലകളിലുണ്ടാകുന്ന ഭരണസ്തംഭനമൊഴിവാക്കാൻ

ഗവർണറുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ബാധ്യതയുണ്ടായിരുന്നു. അന്നത് ചെയ്യാതെ ഗവർണറെ വരുതിയിലാക്കാനാണ് സർക്കാർ ശ്രമിച്ചത്. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കുന്നതിനുള്ള പൊതുസമ്മതി നേടിയെടുക്കുന്നതിനുള്ള കപടതന്ത്രങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. വി.സി. പോലുള്ള ഉന്നത സ്ഥാനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ രാഷ്ട്രീയവൽക്കരിക്കുന്നത് സ്വാതന്ത്ര്യബോധമുള്ള ഒരു ഭൗതിക സമൂഹത്തിന് ഒട്ടും ചേർന്നതല്ല. വി.സി. നിയമനങ്ങൾ നടത്തുന്നതിനായി രാഷ്ട്രീയം മാറ്റിനിർത്തി, യോഗ്യത അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനമാണ് പ്രതിപക്ഷം മുന്നോട്ടുവച്ചത്. ഈ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് സർക്കാർ ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം

ഡോ. കെ. ടി. ജലീൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി അവതരിപ്പിക്കുന്നു. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഈ ബിൽ

അവതരിപ്പിച്ച ഘട്ടത്തിലെടുത്ത തീരുമാനത്തിൽനിന്ന് തീർത്തും ഭിന്നമായ, ക്രിയേറ്റീവായ നിലപാടിലേയ്ക്ക് പ്രതിപക്ഷം വന്നുവെന്നുള്ളതിൽ സന്തോഷം പ്രകടിപ്പിക്കുകയാണ്. ഗവർണർ ചാൻസലറാകാൻ ഇനി യോഗ്യനല്ലെന്ന് ഈ ഗവണ്മെന്റ് അദ്ദേഹത്തിന്റെ പല നിലപാടുകളുടെയും അടിസ്ഥാനത്തിൽ വ്യക്തമാക്കി. നമ്മുടെ സർവ്വകലാശാലകളെ ആർ.എസ്.എസ്.-വൽക്കരിക്കാനുള്ള വലിയ കുതന്ത്രമാണ് ഗവർണറുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് ചില ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കി. അതിനൊരു പരിഹാരമായിട്ടാണ് ഇത്തരത്തിലുള്ള ഒരു ബിൽ നിയമസഭയിൽ ഗവണ്മെന്റ് അവതരിപ്പിച്ചത്. ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും ചർച്ചകളുണ്ടാകും. പ്രതിപക്ഷത്തിന്റെ നിലപാടുകൾ അവർ വ്യക്തമാക്കും. നിങ്ങൾക്ക് എന്തെങ്കിലും ആൾട്ടർനേറ്റീവ് ഉണ്ടോയെന്ന് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പ്രതിപക്ഷത്തോട് ചോദിച്ചപ്പോൾ അത് ഇന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിൽ ചില കാര്യങ്ങളോടുള്ള എന്റെ അഭിപ്രായം ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്. ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 9 യൂണിവേഴ്സിറ്റികളുണ്ട്.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് കീഴിൽ ഒരു യൂണിവേഴ്സിറ്റി, ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് കീഴിൽ മറ്റൊരു യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഐ.ടി. ഡിപ്പാർട്ടുമെന്റിനുകീഴിലാണ്, കലാമണ്ഡലം ഡീംഡ് സർവ്വകലാശാല സാംസ്കാരിക വകുപ്പിന് കീഴിലാണ്, ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിന് കീഴിലാണ് വെറ്ററിനറി യൂണിവേഴ്സിറ്റി. NUALS പ്രത്യേക ഡിപ്പാർട്ടുമെന്റിനുകീഴിൽ അല്ലെങ്കിലും ചാൻസലർ ഹൈക്കോടതി ചീഫ് ജസ്റ്റിസാണ്. ഒരു ചാൻസലർ പോരേ എന്നുള്ള നിർദ്ദേശം ഇവിടെ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകൾക്കും ഒരു ചാൻസലർ, മറ്റ് സർവ്വകലാശാലകൾക്ക് മറ്റൊരു ചാൻസലർ എന്നുള്ള രീതിയിൽ ചിന്തിക്കുന്നതിൽ എന്താണ് അപാകതയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ചാൻസലറെ ആരാണ് സെലക്ട് ചെയ്യുന്നത് എന്നതാണ് രണ്ടാമതായി അദ്ദേഹം ഇവിടെ ചോദിച്ചത്. സെർച്ച് കമ്മിറ്റിയെ സംബന്ധിച്ച് അദ്ദേഹമൊരു നിർദ്ദേശം മുന്നോട്ടുവച്ചു. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, ചീഫ് ജസ്റ്റിസ് ഓഫ് കേരള, എന്തിനാണ് നമ്മൾ പുതിയൊരു കീഴ്വഴക്കം കൊണ്ടുവരുന്നത്;

മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ പദവിയിലേയ്ക്ക് എങ്ങനെയാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്; ലോക്ആയുക്തയെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; അങ്ങനെയാണെങ്കിൽ ആ രീതി അവലംബിച്ചാൽ പോരേ? മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട സ്പീക്കർ എന്നീ മൂന്നുപേരാണ് സാധാരണ ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഒരുമിച്ചിരുന്ന് തീരുമാനമെടുക്കുന്നത്. നമ്മൾ വളരെ സൂക്ഷിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യണം. കാരണം വേറെ ആരെയെങ്കിലും പുറത്തുനിന്ന് വച്ചാൽ അവസാനം യു.ജി.സി.-യുടെ പ്രതിനിധികളെപ്പോലെ ആയിപ്പോകും. നമ്മുടെ നിയന്ത്രണത്തിലല്ലാതെ വരും. ചാൻസലർ എന്ന പദവി പ്രചാരത്തിലുള്ളത് പ്രധാനമായും ബ്രിട്ടനിലും കോമൺവെൽത്ത് രാജ്യങ്ങളിലുമാണ്. ബ്രിട്ടനിൽ ചാൻസലർ നാമമാത്ര അധികാരമുള്ള ആലങ്കാരിക പദവിയാണ്. രാഷ്ട്രീയരംഗത്തെ പ്രഗത്ഭരോ അക്കാദമികരംഗത്തെ പ്രമുഖരോ ആയവരെയാണ് ഈ സ്ഥാനത്തേയ്ക്ക് സാധാരണയായി പരിഗണിക്കാറുള്ളത്. ഇന്ത്യയിൽ പ്രചാരത്തിലുള്ളത് ഗവർണർമാർ ചാൻസലർമാരാകുന്ന പതിവാണ്. സർവ്വകലാശാലയുടെ ദൈനംദിന കാര്യങ്ങളിൽ ചാൻസലർ ഇടപെടാറില്ല. കേന്ദ്ര

സർവ്വകലാശാലകളിൽ വ്യത്യസ്ത ഘടനയാണ് നിലനിൽക്കുന്നത്. അവിടെ ചാൻസലർമാർ പ്രഗത്ഭരായ അക്കാഡമീഷ്യൻസോ ശാസ്ത്രജ്ഞരോ വ്യവസായ പ്രമുഖരോ ആണ്. കേന്ദ്ര സർവ്വകലാശാലകളുടെ വിസിറ്ററാണ് രാഷ്ട്രപതി. എന്നാൽ വിശ്വഭാരതി കേന്ദ്ര സർവ്വകലാശാലയുടെ വിസിറ്റർ ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. ലോകത്തിലെ പ്രശസ്ത സർവ്വകലാശാലകളിൽ ആരൊക്കെയാണ് ചാൻസലർമാരെന്ന് പരിശോധിക്കുന്നത് ഈ സമയത്ത് ഉചിതമാകുമെന്നാണ് എനിക്ക് തോന്നുന്നത്. ലോകപ്രശസ്തമായിട്ടുള്ള ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ 1960 മുതൽ 1986 വരെ ചാൻസലർ സ്ഥാനം അലങ്കരിച്ചത് ഹരോൾഡ് മാക്മില്ലൻ ആണ്. അദ്ദേഹം ബ്രിട്ടന്റെ മുൻ പ്രധാനമന്ത്രിയാണ്. Roy Harris Jenkins 1987 മുതൽ 2003 വരെ ബ്രിട്ടനിലെ സീനിയർ മിനിസ്റ്റർ ആയിരുന്നു. 2003 മുതൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ചാൻസലർ Christopher Francis Patten ആയിരുന്നു. കൺസർവേറ്റീവ് പാർട്ടിയുടെ നേതാവും ബ്രിട്ടന്റെ മുൻവിദേശകാര്യ മന്ത്രിയുമായിരുന്നു അദ്ദേഹം. അമേരിക്കൻ സർവ്വകലാശാലകളിൽ ചാൻസലറല്ല, പ്രസിഡന്റാണ്. Harvard University-യുടെ പ്രസിഡന്റ് Lawrence Seldon Bacow ആണ്.

അദ്ദേഹം അമേരിക്കയിലെ പ്രസിദ്ധനായ നിയമജ്ഞനും ഇക്കണോമിസ്റ്റും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. Stanford University-യുടെ പ്രസിഡന്റ് അമേരിക്കയിലെ ന്യൂറോ സയന്റിസ്റ്റായിട്ടുള്ള Marc Tessier-Lavigne ആണ്. Princeton University-യുടെ പ്രസിഡന്റ് Christopher Ludwig Eisgruber ആണ്. അദ്ദേഹം അമേരിക്കയിലെ അറിയപ്പെടുന്ന നിയമ പണ്ഡിതനാണ്. Massachusetts Institute of Technology (MIT)-യുടെ പ്രസിഡന്റ് Leo Rafael Reif ആണ്. അദ്ദേഹം എമിനന്റ് ഇലക്ട്രിക്കൽ എഞ്ചിനീയറും പ്രശസ്തനായ അക്കാഡമീഷ്യനുമാണ്. ചാൻസലർ പദവിയിൽ വേണ്ടപ്പെട്ടവരെ കൊണ്ടുവന്ന് നിയമനം കമ്മ്യൂണിസ്റ്റുവൽക്കരിക്കാൻ ശ്രമിക്കുന്നുവെന്നാണ് ഈ ഭേദഗതിക്കെതിരായി പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാനപ്പെട്ട മറുവാദം. എന്നാൽ വസ്തുതയെന്താണെന്ന് നമുക്ക് പരിശോധിക്കാം. അത് പരിശോധിച്ചാൽ പ്രതിപക്ഷ ആരോപണത്തിന്റെ നിരർത്ഥകത ബോധ്യമാകും. എൽ.ഡി.എഫ്. ഭരണകാലത്ത് വൈസ് ചാൻസലർമാരായി നിയമിതരായിട്ടുള്ളവർ ആരൊക്കെയാണെന്ന് നോക്കാം. കേരള സർവ്വകലാശാലയുടെ പ്രഥമ വൈസ് ചാൻസലറായി 1957-ൽ

അധികാരത്തിൽവന്ന ഇ.എം.എസ്. സർക്കാർ നിയമിച്ചത് ഡോ. ജോൺ മത്തായിയെ ആയിരുന്നു. ആദ്ദേഹം നെഹ്റുവിന്റെ മന്ത്രിസഭയിലെ റെയിൽവേ മന്ത്രി, ഫിനാൻസ് മന്ത്രി, ഇന്ത്യയിലെ അറിയപ്പെടുന്ന ഇക്കോണമിസ്റ്റ്, പത്മശ്രീ, പത്മവിഭൂഷൻ എന്നീ പദവികൾ നൽകി രാജ്യം ആദരിച്ച വ്യക്തിയായിരുന്നു. നിയമനങ്ങൾ എല്ലാം ഇടതുപക്ഷ ഭരണകാലത്ത് കമ്മ്യൂണിസ്റ്റ്വൽക്കരണമാണെന്ന് ആക്ഷേപിക്കുന്നവർ ഇതിനെക്കുറിച്ച് എന്താണ് ഒന്നും പറയാത്തത്? ഡോ. യു. ആർ. അനന്തമൂർത്തി, എപ്പോഴാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി നിയമിതനായത്? 1994-ൽ ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യപുരസ്കാരമായ ജ്ഞാനപീഠം അവാർഡ് ജേതാവാണ് ഡോ. യു. ആർ. അനന്തമൂർത്തി. 1998-ൽ രാജ്യം അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചു. ഡോ. കെ. എൻ. പണിക്കർ, സംസ്കൃത സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്നു. എൽ.ഡി.എഫ്. ആണ് അദ്ദേഹത്തെ നിയമിച്ചത്. ഇന്ത്യയിലെ എണ്ണംപറഞ്ഞ ചരിത്രകാരന്മാരിൽ ഒരാളും ഹിന്ദുത്വവൽക്കരണത്തിനെതിരായി ഈ രാജ്യത്ത് ചരിത്രകാരന്മാരുടെ പട നയിച്ചവരിൽ പ്രമുഖനുമാണ് അദ്ദേഹം.

മുസ്ലീം ലീഗിന്റെ അംഗങ്ങൾക്കറിയില്ലെങ്കിൽ പറഞ്ഞുതരാം, മലബാർ കലാപം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാണെന്ന് രാജ്യത്ത് വാദിക്കുകയും അതിനുവേണ്ടി ഒന്നിലധികം പുസ്തകങ്ങൾ രചിക്കുകയും ചെയ്ത മഹാനായ എഴുത്തുകാരനാണ് അദ്ദേഹം. അങ്ങനെയുള്ള ഡോ. കെ. എൻ. പണിക്കരെയാണ് സംസ്കൃത സർവ്വകലാശാലയുടെ വി.സി.-യാക്കി എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നത്. രാജ്യം അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചു. ഡോ. കെ. എൻ. പണിക്കർക്ക് പത്മഭൂഷൺ നൽകിയത് എൽ.ഡി.എഫ്. സർക്കാരോ, കമ്മ്യൂണിസ്റ്റുകാരോ, സി.പി.ഐ.(എം)-കാരോ ആണോ? ഡോ. രാജൻ ഗുരുക്കൾ ഇന്ത്യയിലെ അറിയപ്പെടുന്ന സാമൂഹ്യ ശാസ്ത്രജ്ഞനാണ്. അദ്ദേഹം നിരവധി വിദേശ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറും ഒട്ടനവധി ചരിത്ര ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. ഇപ്പോൾ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാനാണ്. UGC-യുടെ നാഷണൽ ടീച്ചർ ഫെല്ലോഷിപ്പ്, ICHR (Indian Council of Historical Research)-ന്റെ ടീച്ചർ ഫെല്ലോഷിപ്പ് എന്നിവ കരസ്ഥമാക്കിയിട്ടുള്ള വ്യക്തിയാണ്. ഡോ. ഗംഗൻ പ്രതാപ്, ഇന്ത്യയിലെ പ്രശസ്തനായ സയന്റിസ്റ്റും പ്രഗത്ഭനായ മെക്കാനിക്കൽ

എഞ്ചിനീയറുമാണ്. രാജ്യത്തെ ഏറ്റവും വലിയ ശാസ്ത്രപുരസ്കാരമായ Shanti Swarup Bhatnagar Prize for Science and Technology-യുടെ ശാന്തി സ്വരൂപ് ഭട്നഗർ പ്രൈസ് കരസ്ഥമാക്കിയ വ്യക്തിയാണ് അദ്ദേഹം. CUSAT (Cochin University of Science and Technology)-ലെ വി.സി. ആയിരുന്നു അദ്ദേഹം. ഡോ. ജി. ബാലമോഹൻ തമ്പി, ബനാറസ് യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നു. യു.ജി.സി.-യുടെ Emeritus Fellowship നൽകി അദ്ദേഹത്തെ ആദരിച്ചു. കൂടാതെ യു.ജി.സി.-യുടെ ഇംഗ്ലീഷ് യൂറോപ്യൻ ലാംഗ്വേജസിന്റെ പാനൽ കൺവീനറായി അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഡോ. ബി. ഇക്ബാൽ അറിയപ്പെടുന്ന ന്യൂറോ സർജനും അക്കാഡമീഷ്യനുമാണ്. നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്, കൂടാതെ നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുമുണ്ട്. ആരോഗ്യ മേഖലയിലെ കോർപ്പറേറ്റുവൽക്കരണത്തിനെതിരായി നമ്മുടെ രാജ്യത്ത് എക്കാലത്തും നടന്ന പോരാട്ടങ്ങളുടെ മുൻപന്തിയിൽ ഡോ. ബി. ഇക്ബാൽ ഉണ്ടായിരുന്നു. ഡോ. കെ. കെ. എൻ. കുറുപ്പ് അറിയപ്പെടുന്ന ചരിത്രപണ്ഡിതനും നിരവധി പുസ്തകങ്ങളുടെ രചയിതാവും സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ

പ്രസിഡന്റും സാമൂഹ്യശാസ്ത്ര രംഗത്തെ ഏറ്റവും നല്ല ചരിത്ര രചനയ്ക്കുള്ള കെ. ദാമോദരൻ അവാർഡ് ജേതാവും മാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ പ്രൊഫസറുമാണ്. ഡോ. പി. കെ. മൈക്കിൾ തരകൻ, സീനിയർ അക്കാഡമിക്, ഹിസ്റ്റോറിയൻ, നിരവധി പുസ്തകങ്ങളുടെ കർത്താവുമാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ഓണററി അസോസിയേറ്റ് മെമ്പറും ചരിത്രരംഗത്തെ സംഭാവനകൾക്ക് കേരള യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ പി. ഗോപാല മേനോൻ പ്രൈസും അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. സാംസ്കാരിക ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കേരള കലാമണ്ഡലത്തിലെ ചാൻസലറായി ഗവർണറെ മാറ്റിക്കൊണ്ട് ഈ സർക്കാർ ഒരാളെ നിയമിച്ചല്ലോ, കമ്മ്യൂണിസ്റ്റുകാരനെയാണോ നിയമിച്ചത്?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... മാനദണ്ഡം ലംഘിക്കരുത്, ബഹുമാനപ്പെട്ട അംഗം ചെയറുമായി സഹകരിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീമതി മല്ലികാ സാരാഭായിയെയാണ് കലാമണ്ഡലം സർവ്വകലാശാലയുടെ ചാൻസലറായി നിയമിച്ചത്, ശ്രീമതി മല്ലികാ സാരാഭായി കമ്മ്യൂണിസ്റ്റുകാരിയാണോ, കമ്മ്യൂണിസ്റ്റുവൽക്കരണമാണോ നടത്തുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ..... വസ്തുതാപരമായ കാര്യമല്ലാത്തതുകൊണ്ടാണ് ഞാൻ ഈ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ശ്രീ. മൈക്കിൾ തരകനും ഞാനുംകൂടിയാണ് കേരള യൂണിവേഴ്സിറ്റി യൂണിയൻ പ്രസിഡന്റ്ഷിപ്പിൽ കണ്ടസ്റ്റ് ചെയ്യുന്നത്. അന്ന് അദ്ദേഹം യു.സി. കോളേജിൽനിന്നുള്ള കൗൺസിലറാണ്, എസ്.എഫ്.ഐ. സ്ഥാനാർത്ഥിയായിരുന്നു. ഞാനുമായി മത്സരിച്ച് 15 വോട്ടിന് തോറ്റുപോയ എസ്.എഫ്.ഐ.-യുടെ നേതാവാണ്. പിന്നെ എന്തിനാണ് വസ്തുതാപരമല്ലാത്ത ഈ കാര്യങ്ങൾ പറയുന്നത്.

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ് പ്ലീസ്.... കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങനെ പലർക്കും രാഷ്ട്രീയമുണ്ടായിട്ടുണ്ട്. മാങ്ങാട് ഖാദർ ആരായിരുന്നു? ഡി.സി.സി. പ്രസിഡന്റായിരുന്നു, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ. അതറിയില്ലേ? അന്ന് മൈക്കിൾ തരകൻ തോറ്റതുകൊണ്ട് ഇന്ത്യയ്ക്ക് പ്രഗത്ഭനായ ഒരു അക്കാഡമീഷ്യനെ ലഭിച്ചു. അങ്ങ് ജയിച്ചതുകൊണ്ട് കേരളത്തിൽ പ്രവർത്തിക്കാൻ ഒരാളെയും കിട്ടി. അന്ന് മൈക്കിൾ തരകൻ

അങ്ങയോട് തോറ്റതാണ് മൈക്കിൾ തരകന്റെ ഏറ്റവും വലിയ യോഗ്യത, അതുകൊണ്ട് നമ്മുടെ രാജ്യത്തിന് നല്ലൊരു അക്കാഡമീഷ്യനെ കിട്ടി.

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ് ചെയ്യണം, ഇനി പറ്റില്ല, ചെയറുമായി സഹകരിക്കണം. മൈക്ക് അടുത്ത ആൾക്ക് കൊടുക്കേണ്ടിവരും.

ഡോ. കെ. ടി. ജലീൽ: സർ, ലോക പ്രശസ്ത നർത്തകിയും പത്മഭൂഷൺ അവാർഡ് ജേതാവുമാണ് ശ്രീമതി മല്ലികാ സാരാഭായ്.

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ് ചെയ്യണം, അത് ശരിയല്ല, ചെയറുമായി സഹകരിക്കണം പ്ലീസ്.....

ഡോ. കെ. ടി. ജലീൽ: സർ, എനിക്ക് പ്രതിപക്ഷ നേതാവിനോട് വളരെ വിനയപുരസ്സരം ഒരു കാര്യം പറയാനുണ്ട്. ഇവിടെ നടന്നിട്ടുള്ള നിയമനങ്ങളെക്കുറിച്ചൊക്കെ നിങ്ങൾ പറഞ്ഞു.

മി. സ്പീക്കർ: ഒരു understanding-ൽ പോകുമ്പോൾ ചെയറുമായി സഹകരിക്കാതെ ഇരിക്കുന്നത് ശരിയല്ല, പ്ലീസ് കൺക്ലൂഡ്....പ്ലീസ്... പ്ലീസ്.

ഡോ. കെ. ടി. ജലീൽ: സർ, ഈ ഭാഗത്തുനിന്നും ഒരാളല്ലേയുള്ളൂ, ഒറ്റയാളല്ലേ സംസാരിക്കുന്നുള്ളൂ, ഒറ്റകാര്യമേ പറയുന്നുള്ളൂ, എം.ജി.

യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ 6 വർഷത്തിനിടയിൽ നടന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിൽ എന്താണ് നടന്നത്?(..മൈക്ക് ഓഫ്..)

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. യു.ഡി.എഫ്. നേതാക്കളെല്ലാം പ്രസംഗിച്ചത് ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. നല്ല രീതിയിൽ അവർ കാര്യങ്ങളൊക്കെ അവതരിപ്പിക്കുകയും ചെയ്തു. പ്രതിപക്ഷത്തിരിക്കുമ്പോൾ ഭരണപക്ഷത്തെ എങ്ങനെയെങ്കിലും കുറ്റം പറയുകയെന്നുള്ള രീതി മാറ്റിവയ്ക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഒരു വലിയ പ്രശ്നമാണ് നമ്മളിപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ആ പ്രശ്നത്തെ നേരിടാനുള്ള ആർജ്ജവം നമുക്കുണ്ടാവണം, ഗവർണർ ഗവൺമെന്റിനെ ഏതെങ്കിലും രീതിയിൽ നശിപ്പിക്കാനോ അല്ലെങ്കിൽ ചീത്തയാക്കാനോ ശ്രമിക്കുമ്പോൾ നിങ്ങൾ അതിനെ ഒരിക്കലും സപ്പോർട്ട് ചെയ്യരുത്. പക്ഷേ നിങ്ങൾ പുറകിൽ നിന്നുപറയും ഞങ്ങൾ ഗവർണറെ എതിർക്കുകയാണെന്ന്. എന്നാൽ ഞങ്ങളുടെ നാട്ടിലൊരു കഥയുണ്ട്,

പശുവിനെ കെട്ടിയ കുറ്റി കുലുക്കിവയ്ക്കും, കുറ്റി ഇളകി പശു ഓടിപ്പോകും, പശു പോയി പുല്ല് തിന്നും അത് പശുവിന്റെ കുഴപ്പം കൊണ്ടാണെന്ന് ചിന്തിക്കും. അതുപോലെ കുറ്റി കുലുക്കിവയ്ക്കുന്ന സ്വഭാവമാണ് നിങ്ങൾക്കുള്ളത്, അങ്ങനെയല്ല ചെയ്യേണ്ടത്. നല്ല കാര്യങ്ങൾക്ക് നിങ്ങൾ ഗവണ്മെന്റിനെ സപ്പോർട്ട് ചെയ്യണം എങ്കിൽ മാത്രമേ നല്ല രീതിയിൽ മുമ്പോട്ട് പോകാൻ സാധിക്കുകയുള്ളൂ.

ഡോ. കെ. ടി. ജലീൽ: സർ, എം.ജി. യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നിയമിതരായിട്ടുള്ള ആളുകളെ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: No.... No.... No... ഇതുശരിയല്ല. You please continue.... You please continue.....

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ വിഷയം നമുക്ക് പരിഹരിക്കാം. ചെയറിനോട് സഹകരിക്കണം, ചെയറിനോട് സഹകരിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. പൊതു വിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസരംഗത്ത് രാജ്യത്തിനാകെ മാതൃകയായ സംസ്ഥാനമാണ് കേരളം. രാജ്യത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ആദ്യ

സംസ്ഥാനമാണ് കേരളം. വികസിത രാജ്യങ്ങൾക്ക് തുല്യമായോ അതിലുപരിയോ ആയ ജീവിത സൂചികകൾ നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വിദ്യാഭ്യാസരംഗത്തെ എങ്ങനെയെങ്കിലും താറടിക്കാൻ അല്ലെങ്കിൽ കാവി പൂതപ്പിക്കാൻവേണ്ടി ഒരു ഗവർണറെ ഇങ്ങോട്ട് വിട്ടിരിക്കുകയാണെന്നുള്ള സത്യാവസ്ഥ നമ്മളെല്ലാവരും മനസ്സിലാക്കണം. കേരളപ്പിറവിക്കുശേഷം ഒട്ടനവധി ഗവർണർമാർ കേരളത്തിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് പി. സദാശിവം കേരള ഗവർണറായിട്ടുണ്ട്. അദ്ദേഹം എപ്പോഴും പ്രസംഗിക്കുമ്പോൾ പറയുന്നത് എന്റെ ഗവണ്മെന്റ് എന്നാണ്. എന്റെ ഗവണ്മെന്റ് എന്നുപറയുന്ന ഒരു ഗവർണർക്ക് എങ്ങനെ ഈ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും. അത് മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധിയെങ്കിലും യു.ഡി.എഫ്.-നുവേണം, ഇല്ലെങ്കിൽ അതിന്റെ ബുദ്ധിമുട്ട് ഞങ്ങൾക്കുമുണ്ടാകും, നാളെ നിങ്ങൾക്കുമുണ്ടാകും. ഞങ്ങളിരിക്കുന്നിടത്ത് നിങ്ങളുംവരും നിങ്ങളിരിക്കുന്നിടത്ത് ഞങ്ങളും വരും. അങ്ങോട്ടും ഇങ്ങോട്ടും മാറും. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കാവി പുതപ്പിക്കാനുള്ള ഈ രീതിയെ

എതിർക്കണമെന്നാണ്. കാരണം അതിന്റെ പ്രതിഫലനമാണിവിടെ കാണിക്കുന്നത്. ഗവർണറെ കൊണ്ടുവന്ന് ഈ രീതിയിലുള്ള കോമാളിത്തരം കാണിക്കുന്നതിന്റെ പിന്നിലുള്ള വികാരം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിച്ചാൽ മാത്രമേ കാര്യങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. ഞാൻ ഗൾഫ് രാജ്യങ്ങളും അല്ലാത്ത രാജ്യങ്ങളും സന്ദർശിച്ചിട്ടുള്ളയാളാണ്. 1980-ലാണ് ഞാൻ ഗൾഫിൽ പോകുന്നത്, ഇപ്പോൾ 42 വർഷമായി. കുവൈറ്റ്, അബുദാബി, അമേരിക്ക, ഇംഗ്ലണ്ട് ഇങ്ങനെ ഏതുരാജ്യമെടുത്താലും അവിടത്തെ പ്രത്യേകതയെന്നുപറഞ്ഞാൽ കേരളത്തിൽനിന്നും വരുന്നവർക്ക് അതിന്റേതായ ഒരു യോഗ്യതയുണ്ടെന്നതാണ്. അവർ എഞ്ചിനീയറോ, ഡോക്ടറോ, എം.ബി.എ.-ക്കാരനോ, ബി.ബി.എ.-ക്കാരനോ എന്ന രീതിയിൽ വിദ്യാഭ്യാസരംഗം കയ്യടക്കിയവരും ഉന്നതനിലവാരം പുലർത്തുന്നവരുമായിരിക്കും. അവർക്ക് പ്രത്യേകതയുണ്ട്. ഒരുപാട് ബുദ്ധി പറഞ്ഞുകൊടുത്ത് ആ ദേശങ്ങളൊക്കെ നന്നാക്കിയതിന്റെ പിന്നിൽ ശരിക്കും മലയാളികളാണ്. നമ്മുടെ പ്രശ്നം, നമ്മൾ ഒട്ട് നന്നാകുകയുമില്ല, എന്നാൽ ലോകത്തിലുള്ളവരെയെല്ലാം നന്നാക്കുന്ന ഒരു സ്വഭാവവുമാണുള്ളത്. അത് ചിലപ്പോൾ ഇവിടത്തെ പ്രശ്നം കൊണ്ടായിരിക്കും. കാരണം

പ്രതിപക്ഷമായാലും ഭരണപക്ഷമായാലും ആ രീതിയിലാണ് ഇടപെടുന്നത്. ഭരണപക്ഷത്തിരിക്കുമ്പോൾ ആ രീതിയിലും പ്രതിപക്ഷത്തിരിക്കുമ്പോൾ അതിന്റേതായ രീതിയിലും ഇടപെടും. നിലവിലെ സാഹചര്യത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ ഗവണ്മെന്റിന് സപ്പോർട്ട് കൊടുക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് വി.സി.-മാരെ നിയമിക്കേണ്ടതും പിരിച്ചുവിടേണ്ടതും ഗവർണറല്ല. ഗവർണർക്ക് അതിന്റേതായ പദവിയുണ്ട്. ആ പദവി അലങ്കരിച്ച് മുന്നോട്ടുപോകുകയെന്ന് മാത്രമേയുള്ളൂ. ഗവർണറെക്കുറിച്ച് ഭരണഘടനയിൽ വ്യക്തതയോടെ ചില കാര്യങ്ങൾ പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് ഓർക്കുന്നത് നന്നായിരിക്കും. ഗവർണറെ ഒരു നോമിനൽ ഹെഡ്ഡായിട്ടാണ് ഭരണഘടന വീക്ഷിക്കുന്നത്. അതിനപ്പുറത്തേയ്ക്ക് വലിയ അധികാരമൊന്നും ഗവർണർക്കില്ല. ഗവൺമെന്റിനെ സപ്പോർട്ട് ചെയ്ത് നല്ല രീതിയിൽ മുന്നോട്ട് പോകാനുള്ള സംവിധാനമൊരുക്കേണ്ട ആളാണ് ഗവർണർ. അതിനുപരിയായി അദ്ദേഹത്തിന്റെയുള്ളിൽ ചില ചിന്തകളുള്ളത് കൊണ്ടുമാത്രമാണ്, കുറ്റി കലുക്കിവയ്ക്കും പശു ഓടിപ്പോയി പുല്ല് തിന്നും എന്ന് ഞാൻ നേരത്തെ പറഞ്ഞതുപോലെ കുറ്റി കലുക്കിവയ്ക്കുന്ന ധാരാളം പേർ കേന്ദ്രത്തിലുണ്ട്,

അതിനൊത്ത് നമ്മൾ തുള്ളരുത്. നിങ്ങൾ അതുമനസ്സിലാക്കി പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഉന്നത വിദ്യാഭ്യാസമേഖല ഉന്നതമായി പ്രവർത്തിക്കുന്ന സ്ഥലവും ആളുകളെ ഉന്നതമായ രീതിയിൽ വാർത്തെടുത്ത്/മെനഞ്ഞെടുത്ത് പല സ്ഥലങ്ങളിലേയ്ക്കും അയച്ചിട്ടുള്ള സംസ്ഥാനവുമാണ് കേരളം. ആ നിലയ്ക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ നല്ല രീതിയിൽ പുഷ്ടിപ്പെടുത്തേണ്ട ചുമതല നമുക്കുണ്ട്. അതിനെ പൂർണ്ണമായി സപ്പോർട്ട് ചെയ്യണം. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാന്യനായ മുൻമന്ത്രി ഡോ. കെ. ടി. ജലീൽ അൽപം മുമ്പ് പറഞ്ഞത്, കേരള ഗവർണർ സർവ്വകലാശാലകളെ ആർ.എസ്.എസ്. വൽക്കരണത്തിനായി ഉപയോഗിക്കുന്നു അതുകൊണ്ട് അദ്ദേഹത്തെ നീക്കംചെയ്യാനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നാണ്. മൂന്ന് വർഷത്തിലധികം

കേരളത്തിൽ ഗവർണറായിരിക്കുന്ന ഈ വ്യക്തി കേരളത്തിലെ സർവ്വകലാശാലകളിൽ ആർ.എസ്.എസ്.വൽക്കരണം നടത്താൻ പരിശ്രമിക്കുന്നുവെന്ന് സർക്കാരിന് മനസ്സിലായത് കഴിഞ്ഞ മൂന്ന് മാസത്തിലാണോ? എന്താണിത് നേരത്തേ തോന്നാതിരുന്നത്? ഞങ്ങൾക്കിത് വളരെ നേരത്തേ തോന്നിയതാണ്. ഈ ഗവർണർ സംസ്ഥാനത്തിനും കേരളത്തിന്റെ മതനിരപേക്ഷ സംസ്കാരത്തിനും യോജിച്ചയാളല്ലെന്ന് ഞങ്ങൾക്ക് നേരത്തേ മനസ്സിലായതാണ്. അതുകൊണ്ടാണ് ഈ ഗവർണറെ നിയമസഭയ്ക്കകത്ത് അന്നത്തെ പ്രതിപക്ഷമായിരുന്ന ഞങ്ങളെല്ലാവരും ചേർന്ന് തടയാൻ ശ്രമിച്ചത്. ഞങ്ങൾ അദ്ദേഹത്തെ തടഞ്ഞപ്പോൾ ചുവന്ന പരവതാനി വിരിച്ച് രണ്ടുകൈയും നീട്ടി സ്വീകരിച്ച് നിയമസഭയിലേയ്ക്കാനയിച്ചത് ഭരണപക്ഷം തന്നെയാണ്. വാച്ച് ആൻഡ് വാർഡിനെ ഉപയോഗിച്ച് പ്രതിപക്ഷത്തെ തള്ളിമാറ്റി ഗവർണറെ നിയമസഭയിലേയ്ക്ക് ആനയിച്ച ഈ ആളുകൾക്ക് കഴിഞ്ഞ മൂന്ന് മാസത്തിലാണ് ഗവർണർ ആർ.എസ്.എസ്.വൽക്കരണം നടത്തുന്നുവെന്ന ബോധ്യമുണ്ടായത്. ബോധോദയം ഉണ്ടാകാൻ ഇത്ര വൈകിയതെന്താണ്? ഇതേ ഗവർണർ ഒരു സുവർണ്ണാവസരം സർക്കാരിന്

കൊടുത്തു. സർവ്വകലാശാലകളുടെ ചാൻസലർ സ്ഥാനം ഒഴിയാൻ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ, അയ്യോ അങ്ങ് സ്ഥാനം ഒഴിയരുതേയെന്ന് പറഞ്ഞുകൊണ്ട്, 'അയ്യോ അച്ഛാ പോകല്ലേ'യെന്ന് പറഞ്ഞ് മുഖ്യമന്ത്രിയും ഈ സർക്കാരും ഇതേ ഗവർണറുടെ കാലുപിടിച്ചില്ലേ? ഗവർണറുടെ കാലുപിടിക്കാൻ പോയപ്പോൾ അദ്ദേഹം ആർ.എസ്.എസ്.വൽക്കരണം നടത്തുന്നുവെന്ന തിരിച്ചറിവ് സർക്കാരിനുണ്ടായില്ലേ? അപ്പോൾ ഇവിടെ എന്താണ് പ്രശ്നം, ഇവിടെ കഴിഞ്ഞ രണ്ടുമൂന്ന് മാസമായി ഗവർണറും സർക്കാരും തമ്മിലുണ്ടായ ധാരണ തെറ്റിക്കഴിഞ്ഞപ്പോൾ ഗവർണർ കൊള്ളരുതാത്ത ആളായി, ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റാനുള്ള നിയമം കൊണ്ടുവരുന്നു. ഞാൻ ഒറ്റ ചോദ്യമേ ചോദിക്കുന്നുള്ളൂ, ഞങ്ങൾ ഈ ഗവർണറെ സംബന്ധിച്ച് അന്നുപറയുന്നതും ഇന്നുപറയുന്നതും ഒറ്റ നിലപാടാണ്. ആഴ്ചയിൽ മാറുന്ന നിലപാട് ഗവർണറുടെ കാര്യത്തിൽ ഞങ്ങൾക്കുണ്ടായിട്ടില്ല. ഞങ്ങൾ ഗവർണറെ നിയമസഭയ്ക്കകത്ത് തടഞ്ഞപ്പോഴുള്ള സമീപനവും ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുമ്പോൾ ഇതേ ഗവർണറുടെ കാര്യത്തിൽ കേരളത്തിലെ യു.ഡി.എഫ്.-നുള്ള സമീപനവും ഒന്നുതന്നെയാണ്. ആഴ്ചയിൽ ആഴ്ചയിൽ

അത് മാറില്ല. ഇന്ന് ഉന്നത വിദ്യാഭ്യാസരംഗത്തിന് വലിയതോതിൽ വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ, ഇന്ന് കേരളത്തിലെ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ അങ്ങനെ എന്തെങ്കിലുമാണോ ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്? സർക്കാരും ഗവർണറും തമ്മിലുള്ള രാഷ്ട്രീയപ്പോര് തീർക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് എന്തെങ്കിലും മാറ്റങ്ങൾ സംഭവിക്കുമോ? എല്ലാ ബഡ്ജറ്റിലും പ്രസംഗത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നും കേരളത്തിലെ എല്ലാവരും ആവർത്തിച്ചാവർത്തിച്ച് പറയുന്ന ഒരു കാര്യമുണ്ട്; ശ്രീ. തോമസ് കെ. തോമസ് സംസാരിച്ചപ്പോഴും പറഞ്ഞു, കേരളം ഉന്നത വിദ്യാഭ്യാസരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാണെന്ന്. നമ്മൾ പുട്ടിന് പീരയിടുന്നതുപോലെ എല്ലാ ദിവസവും ഇത് പറഞ്ഞുകൊണ്ടിരിക്കും. എന്നാൽ എന്താണ് സംഭവിക്കുന്നത്? ഉന്നത വിദ്യാഭ്യാസരംഗത്ത് രാജ്യത്തിന് മാതൃകയാണ് കേരളം എങ്കിൽ രാജ്യത്തുള്ള മുഴുവൻ വിദ്യാർത്ഥികളും കേരളത്തിലെ സർവ്വകലാശാലകളിലേയ്ക്കും

കോളേജുകളിലേയ്ക്കും ഒഴുകി എത്തണ്ടേ? എവിടുന്നെങ്കിലും ഒരു വിദ്യാർത്ഥി കേരളത്തിന് പുറത്തുനിന്ന് അല്ലെങ്കിൽ രാജ്യത്തിനകത്തുനിന്ന് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിലേയ്ക്ക്, കോളേജിലേയ്ക്ക് പഠിക്കാൻ താല്പര്യപ്പെട്ടുവരുന്നത് വളരെ അപൂർവ്വമല്ലേ, ആവർത്തിച്ചാവർത്തിച്ച് സർക്കാർ പറയുന്നൊരു കാര്യമുണ്ട്. കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുമെന്ന്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, പോയിന്റ് ഓഫ് ഓർഡർ.... ബഹുമാനപ്പെട്ട അംഗം ഈ പറഞ്ഞ പ്രസ്താവന പിൻവലിക്കാൻ തയ്യാറാകണം. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും ഇന്ത്യയ്ക്ക് പുറത്തുനിന്നും വന്ന് പഠിക്കുന്ന കുട്ടികളുണ്ടെന്ന കാര്യം അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. റോജി എം. ജോൺ: സർ, അങ്ങനെയുണ്ട്, അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ഇവിടെ നേരത്തേ സംസാരിച്ച ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ അക്കാര്യം പറയുകയുണ്ടായി. ആകെ 85 പേരാണ് കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽനിന്നും ഇവിടെ പഠിക്കാൻ വന്നിരിക്കുന്നത്. കണക്ക് നിങ്ങൾക്ക് പരിശോധിക്കാം. മറുവശത്ത് മറ്റൊരു

കണക്കുണ്ട്. ആ കണക്കും വേണമെങ്കിൽ ഞാൻ പറയാം. ഓരോ വർഷവും ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് കേരളത്തിൽനിന്നും ഇതര സംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേയ്ക്കും പൊയ്ക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഇമിഗ്രേഷൻ വകുപ്പിന്റെ കണക്കനുസരിച്ച് 2019-ൽ കേരളത്തിൽനിന്നും വിദേശപഠനത്തിനായി പോയത് 30948 വിദ്യാർത്ഥികളാണ്, അങ്ങേയ്ക്ക് ഈ കണക്കറിയാമോ?

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ, പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിലെ സർവ്വകലാശാലകളിൽ ഈ ഗവർണറും സർക്കാരും തമ്മിലുള്ള പോരിന്റെ പേരിൽ ...

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പോയിന്റ് ഓഫ് ഓർഡർ.... കേരളത്തിൽനിന്ന് വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികൾ 4 ശതമാനം മാത്രമേയുള്ളൂ, പഞ്ചാബിൽനിന്നും ആന്ധ്രാപ്രദേശിൽനിന്നും 12 ശതമാനം വിദ്യാർത്ഥികൾ പൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. 7,75,000 കുട്ടികൾ ഒരു വർഷം ഇന്ത്യ വിടുന്നുണ്ട്, അതിൽ നാല് ശതമാനം മാത്രമാണ് കേരളത്തിൽനിന്നും

പോകുന്നത്. മറ്റ് ആറ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിനേക്കാൾ കൂടുതൽ കുട്ടികൾ പുറത്തേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കേരളത്തിൽനിന്നും പോകുന്ന വിദ്യാർത്ഥികളുടെ കണക്ക് പരിശോധിക്കണം. ഗ്രോസ് എൻറോൾമെന്റ് റേഷ്യോയുടെ (GER) കണക്കെടുത്ത് പരിശോധിക്കണം. തമിഴ്നാടിന്റെ അത്രയുംപോലും എത്താൻ കേരളത്തിന് സാധിക്കുന്നില്ല. തമിഴ്നാടിന്റെ ജി.ഇ.ആർ. എന്നുപറയുന്നത് 51 ശതമാനമാണ്. കേരളത്തിന്റെ ജി.ഇ.ആർ. എന്നുപറയുന്നത് കേവലം 38 ശതമാനമാണ്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, സമയം അതിക്രമിക്കുന്നു. പ്ലീസ്...

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാന്യനായ കെ. ടി. ജലീൽ എടുത്തതിന്റെ പകുതി സമയമേ ഞാൻ എടുത്തിട്ടുള്ളൂ.

മി. സ്പീക്കർ: അദ്ദേഹത്തിന് എക്സ്-എഡ്യൂക്കേഷൻ മിനിസ്റ്റർ എന്ന പരിഗണന കൊടുത്തതാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അദ്ദേഹം പറഞ്ഞതിനുള്ള മറുപടിയായി കുറച്ച് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇത്തരം കാര്യങ്ങളിൽ കേരളത്തെ താരതമ്യം ചെയ്യേണ്ടത് മറ്റു സംസ്ഥാനങ്ങളുമായല്ല, കേരളത്തിന് ഒരു പാരമ്പര്യമുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തെ മറ്റു പല രാജ്യങ്ങളിലുമുള്ളതിന് സമാനമാണ്. അതനുസരിച്ച് താരതമ്യം ചെയ്യുമ്പോൾ ഉന്നത വിദ്യാഭ്യാസരംഗം ഓരോ ദിവസം കഴിയുംതോറും താഴോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്ന മാറ്റം കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതല്ല. ഇന്ന് കേരളത്തിലെ ഒരു സർവ്വകലാശാലയിൽ പരീക്ഷ എഴുതിയാൽ അതിന്റെ റിസൾട്ടിനും സർട്ടിഫിക്കറ്റിനുമായി കാത്തുനിൽക്കണം. ഒരു സർട്ടിഫിക്കറ്റ് ലഭിക്കാനായി കേരളത്തിലെ വിദ്യാർത്ഥികൾ ഇവിടെയുള്ള എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും വീടുകളിൽ ശിപാർശയ്ക്കായി പോകേണ്ട അവസ്ഥയിൽ കേരളം നിൽക്കുകയാണ്.

മി. സ്പീക്കർ: ആ വിഷയങ്ങളെല്ലാം സഭാതലത്തിൽ നേരത്തേ ചർച്ച ചെയ്യപ്പെട്ടതാണ്.

ശ്രീ. റോജി എം. ജോൺ: സർ, അതിനെയെല്ലാം മാറ്റിയെടുക്കേണ്ടതുണ്ട്. പ്രസ്തുത രംഗത്ത് സമൂലവും ക്രിയാത്മകവുമായ മാറ്റങ്ങൾ കൊണ്ടുവരാനല്ല സർക്കാർ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകിയ കാര്യമുണ്ട്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സംവരണം ഉറപ്പാക്കിയ രാജ്യമാണിത്. പക്ഷേ ഈ സർക്കാർ സർവ്വകലാശാലകളിൽ പാർട്ടി നേതാക്കളുടെ ഭാര്യമാർക്ക് സംവരണം ഏർപ്പെടുത്തിയവരാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ തെറ്റുപറയാൻ പറ്റുമോ? അത്തരത്തിൽ കേരളത്തിലെ സർവ്വകലാശാലകളെ പൂർണ്ണമായും രാഷ്ട്രീയവത്കരിച്ച് മുമ്പോട്ടുപോകുമ്പോൾ സർവ്വകലാശാലകളുടെ വിശ്വാസ്യത വീണ്ടെടുക്കാനായാണ് ഞങ്ങൾ ഒരു ഭേദഗതി മുന്നോട്ടുവച്ചിരിക്കുന്നത്. ഗവർണർ മാറി പകരം ആരാണ് വൈസ് ചാൻസലർ ആകേണ്ടതെന്നതിനെ സംബന്ധിച്ച് ഞങ്ങൾ വ്യക്തവും കൃത്യവുമായ ഒരു നിർദ്ദേശം, ഒരു ഭേദഗതി സർക്കാരിന്റെ മുമ്പിൽ വയ്ക്കുകയാണ്, അതംഗീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പി. പി. സുമോദ് ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. ഐ. ബി. സതീഷ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി സ്ഫടികതുല്യമായ വ്യക്തതയോടെയാണ് വസ്തുതകൾ അവതരിപ്പിച്ചത്. അപ്പോൾ പ്രതിപക്ഷം പറഞ്ഞത് സാമർത്ഥ്യത്തിന്റെ ദുരുപയോഗം എന്നാണ്. യഥാർത്ഥത്തിൽ പ്രതിപക്ഷം ചെന്നുപെട്ടിരിക്കുന്ന ഒരു അവസ്ഥയുടെ പ്രതിഫലനമായിരുന്നു ആ പ്രയോഗം. കേരളം ഇന്ന് ജനകീയ ജനാധിപത്യ മതനിരപേക്ഷ ബദൽ വിദ്യാഭ്യാസത്തിന്റെ മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പൊതുവായ ഒരു ഇന്ത്യൻ സാഹചര്യം എന്താണ്? 'ഒരു രാഷ്ട്രം, ഒരു നികുതി' നടപ്പാക്കി. 'ഒരു രാഷ്ട്രം, ഒരു യൂണിഫോം' എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ്. ഇപ്പോൾ ഹിന്ദി, ഹിന്ദു, ഹിന്ദുസ്ഥാൻ എന്ന ആശയം അവതരിപ്പിക്കുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ കടന്നുകയറാനുള്ള സമീപനം ആർ.എസ്.എസ്. നേതൃത്വത്തിൽ നടക്കുകയാണ്. പല സംസ്ഥാനങ്ങളിലും അതിന്റെ നിരവധി

ഉദാഹരണങ്ങളുണ്ട്, സമയക്കുറവുകാരണം ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇപ്പോൾ ഛത്തീസ്ഗഢ് ഗവർണ്ണർ Smt. Anusuiya Uikey, പാഞ്ചജന്യത്തിന്റെ എഡിറ്ററെയാണ് വൈസ് ചാൻസലറായി തീരുമാനിച്ചത്. അതുപോലെ ജെ.എൻ.യു.-ന്റെ വി.സി.-യായും യു.ജി.സി. ചെയർമാനായും ആരെയാണ് തീരുമാനിച്ചതെന്നും നമുക്കറിയാം. വിദ്യാഭ്യാസ മേഖലയെ കീഴ്പ്പെടുത്തുക, വിദ്യാഭ്യാസ മേഖലയിലൂടെ ബൗദ്ധികതലത്തിൽ ആർ.എസ്.എസ്.-ന്റെ ആശയങ്ങൾക്ക് പ്രാമുഖ്യമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ഇന്ത്യൻ ഗവണ്മെന്റ് മുമ്പോട്ടുപോകുമ്പോഴാണ് കേരളത്തിൽ വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമം നടക്കുന്നത്. കഴിഞ്ഞ ജൂൺ മാസത്തിൽ പുറത്തിറങ്ങിയ (NIRF) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് റിപ്പോർട്ട് പ്രകാരം കേരളത്തിലെ പല സ്ഥാപനങ്ങളും ആദ്യ നൂറിൽ ഇടം നേടിയിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിൽ 4 സർവ്വകലാശാലകൾ ആദ്യ നൂറിലുണ്ട്. അങ്ങനെ കേരളം വികസിത രാഷ്ട്രങ്ങൾക്കൊപ്പം വിദ്യാഭ്യാസ മേഖലയിൽ കുതിക്കാൻ 'ബ്രെയിൻ ഡ്രെയിൻ' ഒഴിവാക്കി 'ബ്രെയിൻ ഗെയിൻ' എന്ന ലക്ഷ്യത്തോടെയാണ്

മുമ്പോട്ടുപോകുന്നത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ എം.ജി. സർവ്വകലാശാല പ്രൊഫസർമാരായി നിയോഗിക്കപ്പെട്ടവർ, ബർഗൺ യൂണിവേഴ്സിറ്റി, നോർവെ - രണ്ട്, ഓക്സ്ഫർഡ് യൂണിവേഴ്സിറ്റി - ഒന്ന്, സൗത്ത് ഫ്ലോറിഡ യൂണിവേഴ്സിറ്റി - 1, ഗ്രിഫിത് യൂണിവേഴ്സിറ്റി, ആസ്ട്രേലിയ-1, ഉമയ്യ യൂണിവേഴ്സിറ്റി, സ്വീഡൻ-1 എന്നിങ്ങനെയാണ്. ഇങ്ങനെ ബൗദ്ധിക പ്രതിഭകളെ അദ്ധ്യാപകരായി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സമീപനം സർക്കാർ സ്വീകരിക്കുകയാണ്. ഇവിടെ ഗവർണറെ മാറ്റുന്നതിൽ ഞങ്ങൾക്ക് ഇപ്പോൾ തർക്കമില്ലെന്ന് യു.ഡി.എഫ്. പറയുകയാണ്. ഗവർണറെ മാറ്റാൻ ഓർഡിനൻസ് കൊണ്ടുവരുന്നുവെന്ന് പറഞ്ഞപ്പോൾ ആദ്യം വന്ന പ്രതികരണം കെ.പി.സി.സി. പ്രസിഡന്റിന്റേതാണ്. ഗവർണറെ സർവ്വകലാശാലാ ചാൻസലർ പദവിയിൽനിന്നും മാറ്റാനുള്ള നീക്കം അംഗീകരിക്കാനാവില്ല, യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയ നിയമനം നടത്താനുള്ള ശ്രമമാണ്, ബിൽ നിയമസഭയിൽ വരുമ്പോൾ ശക്തിയായി എതിർക്കും, യു.ഡി.എഫ്.-ന്റെ അഭിപ്രായമാണിത്, വിഷയം ചർച്ചചെയ്യാൻ യു.ഡി.എഫ്. യോഗം ഉടൻ വിളിക്കും എന്നെല്ലാം കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞു. അതിന് സമാനമായ നിലപാടാണ് ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും സ്വീകരിച്ചത്. എന്തായാലും വൈകിവന്ന വിവേകം ഒരിക്കലും വരാത്ത വിവേകത്തേക്കാൾ നല്ലതാണെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ ഗവർണർമാരെ ഉപയോഗിച്ച് രാഷ്ട്രീയ നീക്കങ്ങൾ നടത്തിയതിന്റെ എത്രയോ ഉദാഹരണങ്ങൾ പറയാൻ കഴിയും. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത് കോൺഗ്രസ് ഭരണ സമയത്താണ് ജ്യോതി വെങ്കിടാചലം കേരളാ ഗവർണറായിരുന്നത്. അന്ന് പ്രശസ്തനായ സാഹിത്യകാരനും രാഷ്ട്രീയ പ്രവർത്തകനുമായ കണിയാപുരം രാമചന്ദ്രൻ നടത്തിയ ഒരു പ്രയോഗമുണ്ട്, 'ജ്യോതി വെങ്കിടാചലമല്ല, ചതി വൻകിട ശല്യം' എന്നാണ് അദ്ദേഹത്തിന്റെ സരസമായ ഭാഷയിൽ പറഞ്ഞത്. ഇന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാരെ വിലയിരുത്തുമ്പോൾ അങ്ങനെയല്ലേ സംഭവിക്കുന്നത്? തമിഴ്നാട് ഗവൺമെന്റ് ചൂതുകളിക്കെതിരായി നിയമം കൊണ്ടുവന്നു. അവിടെ 31 പേർ ചൂതുകളി കാരണം ആത്മഹത്യ ചെയ്തു. ആ അപകടം ഒഴിവാക്കാനാണ് അവിടെ നിയമം കൊണ്ടുവന്നത്. അപ്പോൾ ബി.ജെ.പി.-ക്കാരനായ അവിടത്തെ പ്രസിഡന്റ് പറഞ്ഞത് മഹാഭാരതത്തിൽ ചൂതുകളിയുണ്ട്, അതിനാൽ ചൂതുകളി നിരോധിക്കാനുള്ള നിയമം ഹിന്ദുത്വത്തിന് എതിരായ

ആക്രമണമാണ്. കേരളത്തിലെ ഗവർണർ ചെയ്യുന്നതുപോലെ ആ നിയമത്തെ ഹോൾഡ് ചെയ്തു. സൈൻ ഓർ റിസൈൻ, ഇതിനിടയിൽ വരുത്താവുന്ന കാലവിളംബം സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 200 പറയുന്നുണ്ട്. ആ കാലവിളംബംവഴി കേരളത്തിലെ ഭരണവ്യവസ്ഥയെ സ്തംഭിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഇവിടെ യു.ഡി.എഫ്. ഗവർണർക്കെതിരായ നിലപാടെടുക്കുന്നു. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ ഗവർണർ നിയമിച്ചു. ആ നിയമനത്തിന്റെ ഗുണഭോക്താവ് യഥാർത്ഥത്തിൽ ആരാണ്? ഞാൻ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത് ഒരു ഉന്നതതല അന്വേഷണം നടത്തണമെന്നാണ്. മസ്കറ്റ് ഹോട്ടലിലെ പുൽത്തകിടിയിലാണ് കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സ്റ്റിയറിംഗ് കമ്മിറ്റി എല്ലാ വൈകുന്നേരവും ചേരുന്നതെന്ന ഉത്തരവാദിത്വത്തോടെയുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ക്യാമ്പസ് സേവ് കമ്മിറ്റി എന്ന പേരിൽ കോൺഗ്രസ് ഒരു സമിതിയുണ്ടാക്കി, ഒരു അദ്ധ്യാപകൻ പോലുമില്ലാത്ത ഒരു സംഘടന കെ.ടി.യു.(Kerala Technological University)-വിൽ കാര്യങ്ങൾ

നിയന്ത്രിക്കുകയാണ്. ഇവിടെ കോടതി പ്രശ്നം പരിഹരിക്കുന്ന ഘട്ടങ്ങളിൽ പത്രങ്ങളിൽ ആ സമിതിയുടെ വാർത്തവന്നു. വൈസ് ചാൻസലർ ഒപ്പിടാത്തതുകൊണ്ട് വിദ്യാർത്ഥികളുടെ ഭാവി തകർന്നു. ഇപ്പോൾ ഏറ്റവും ഒടുവിൽ ഇന്നലെ ഒരു വാർത്ത വന്നിരിക്കുന്നു, വൈസ് ചാൻസലർ ഒപ്പിടാതെ സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുന്നു. അഞ്ച് ലെവൽ പരിശോധനയ്ക്കുശേഷമാണ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത്. എന്നാൽ അവിടെ മൂന്ന് ഘട്ടപരിശോധന മാത്രം നടത്തി. അവസാനത്തെ രണ്ട് ഘട്ടങ്ങൾ ഒഴിവാക്കണമെന്ന് വൈസ് ചാൻസലർക്ക് നിർദ്ദേശം കൊടുത്തത് കെ.ടി.യു.-വിലെ കോൺഗ്രസ് സംഘടനയുടെ നേതാവാണെന്ന ആരോപണം ഞാൻ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിക്കുകയാണ്, ഇതിനെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

2PM]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കഴിഞ്ഞ ദിവസത്തേതിൽനിന്ന് വ്യത്യസ്തമായി പൊതുവേ ക്രിയാത്മകമായ ചർച്ചയാണ് ഈ ഘട്ടത്തിൽ നടന്നിട്ടുള്ളത്. അപൂർവ്വം ചില രാഷ്ട്രീയകാര്യങ്ങൾ കയറിവന്നെങ്കിലും അക്കാര്യങ്ങളിലേയ്ക്ക് അധികം കടക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്ന ഒരു ഭേദഗതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ഒന്നേമുക്കാൽ മണിക്കൂർ സഭയിൽ വാദിച്ചപ്പോൾ സമ്മതിക്കാതെ സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ വേഗം സമ്മതിച്ചുവെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്.

എന്റെ സാമർത്ഥ്യം കണ്ടെത്തുന്നതിൽ ഗവേഷണം നടത്തുന്ന എന്റെ സുഹൃത്ത് ശ്രീ. എ. പി. അനിൽകുമാർ അതൊരു സാമർത്ഥ്യമായി കണ്ടെത്തി. നല്ല കാര്യംതന്നെ. നിങ്ങളും ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ മാതൃക പിന്തുടരണമെന്നാണ് എന്റെ അഭിപ്രായം. നിയമസഭയിലെ ചർച്ചകൾ കുറച്ച് സാമർത്ഥ്യത്തിന്റെ വേദികളാക്കി മാറ്റിയാൽ സമൂഹത്തിന് നിയമസഭയെക്കുറിച്ചുള്ള അഭിപ്രായം ഉയരുകയേയുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തെ സംബന്ധിച്ച് ഒരു തലക്കെട്ട് വായിച്ചു. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് എന്ന ശ്രീനാരായണ ഗുരുവിന്റെ സന്ദേശം രാഷ്ട്രീയ പാർട്ടികൾക്കും ബാധകമാണെന്നാണ് ഇന്ന് മാധ്യമങ്ങളിൽ വന്നത്. ഈ വാദമുഖങ്ങളെല്ലാം ഞങ്ങളും നിങ്ങളും അണിനിരത്തുന്നത് കുറെക്കൂടി ശരിയിലേയ്ക്ക് എത്തുന്നതിനുവേണ്ടിയാണ്. ഞാൻ ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ പറഞ്ഞകാര്യം, 'ഞങ്ങൾ ബിൽ തയ്യാറാക്കുമ്പോൾ Co-terminus-ന്റെ വ്യാഖ്യാനം ഇതായിരുന്നു. ഇന്നലെ വന്ന വിധിയിൽ എന്തെങ്കിലും പുതിയ മാറ്റമുണ്ടെങ്കിൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ പരിശോധിക്കാം. ഞങ്ങൾ ബിൽ തയ്യാറാക്കുമ്പോൾ

Co-terminus-നെക്കുറിച്ച് ജഡ്ജ്മെന്റിൽ ഹൈക്കോടതി പറഞ്ഞത്, കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് വൈസ് ചാൻസലർ രാജിവച്ചുപോയാൽ അപ്പോൾത്തന്നെ പി.വി.സി.-യെ പിരിച്ചുവിടേണ്ട കാര്യമില്ല എന്നാണ്. ആ ഇന്റർപ്രെട്ടേഷനാണ് ഞങ്ങൾ ഫ്രെയിം ചെയ്യുമ്പോൾ എടുത്തത്. സുപ്രീംകോടതി ഇക്കാര്യത്തിൽ വിധി പ്രസ്താവിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അപ്പോൾ അതിനുള്ള മറുപടിയായി ഞാൻ പറഞ്ഞത്, 'നിയമത്തിനല്ല പ്രശ്നം, Co-terminus-ൽ അങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നും വൈസ് ചാൻസലർ പോകുമ്പോഴാണോ ഒഴിവാകുന്നത്, അതോ അല്ലയോ എന്നതിന്, ഞങ്ങളുടെ മുന്നിലുള്ള വിധി ചാൻസലറുടെ കാലാവധി പൂർത്തീകരിക്കുമ്പോൾ ഒപ്പം പി.വി.സി. പോകുന്നുയെന്നുള്ളതാണെന്നും അതിനകത്ത് മാറ്റം വന്നിട്ടുണ്ടെന്നും ഈ ഭാഗം ഇപ്പോൾ വ്യക്തമായിട്ടുണ്ടെന്ന് തോന്നുന്നുവെന്നും ആയതിനാൽ ഇത് സബ്ജക്ട് കമ്മിറ്റിയിൽ വീണ്ടും പരിശോധിക്കാമെന്നുമാണ്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത്, ഞാൻ ഇതൊന്നും പറഞ്ഞില്ലെന്നും വെറുതെ ഒന്നേമുക്കാൽ മണിക്കൂർ ഇവിടെനിന്ന് ഇതിനെതിരായി വാദിച്ചുവെന്നുമൊക്കെയാണ്.

അന്ന് അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ ചിലത് ഞാൻ ഉൾക്കൊണ്ടു. ഞാൻ പറഞ്ഞ പല കാര്യങ്ങൾക്ക് അദ്ദേഹം തിരിച്ച് വാദിച്ചിട്ടുമില്ല. പരസ്പരം കാര്യങ്ങൾ മനസ്സിലാക്കി പോകുന്നതുകൊണ്ട് വീണ്ടും അത് പറയേണ്ടതില്ല. ഞങ്ങളും നിങ്ങളും വി.സി.-മാരെ നിയമിച്ചകാര്യത്തെക്കുറിച്ചാണ് ശ്രീ. എ. പി. അനിൽകുമാർ ഇവിടെ പറഞ്ഞത്. ഞാൻ അതിനെക്കുറിച്ച് പരിശോധിച്ചു. 'അന്നത്തെ നിയമം എന്തായിരുന്നോ അത് ഞങ്ങൾ പാലിച്ചു. അന്നത്തെ നിയമമാണ് നിങ്ങളും പാലിച്ചത്, നിങ്ങൾ തെറ്റുകാരാണെന്നല്ല ഞാൻ പറഞ്ഞത്'. ഇതാണ് ഞാൻ അതുസംബന്ധിച്ച് പറഞ്ഞത്, അങ്ങേയ്ക്ക് അത് പരിശോധിച്ചാൽ മനസ്സിലാകും. കല്യാണി മതിവനൻ കേസിന്റെ വിധിയിൽ യു.ജി.സി. റെഗുലേഷൻ അനുസരിച്ചല്ല വൈസ് ചാൻസലറുടെ നിയമനമെന്നുപറഞ്ഞ് മദ്രാസ് ഹൈക്കോടതി ഒരു വൈസ് ചാൻസലറുടെ നിയമനം റദ്ദാക്കി. അതിന്റെ അപ്പീലിൽ സുപ്രീംകോടതി പറഞ്ഞത്, യു.ജി.സി. റെഗുലേഷൻ അനുസരിച്ചല്ല സംസ്ഥാന നിയമമനുസരിച്ചാണ് ചാൻസലറെ നിയമിക്കേണ്ടതെന്നാണ്. അത് ഞാനിവിടെ ഉദ്ധരിച്ചു. ആ വിധി നിലനിൽക്കുമ്പോഴാണ് ഞങ്ങളും നിങ്ങളും നിയമനം നടത്തിയത്. ഞാൻ ഈ ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ ഈ

വിധിവരുമെന്ന് മുൻകൂട്ടി അറിഞ്ഞ് അതനുസരിച്ച് ചെയ്യാൻ നമുക്കാർക്കും അത്തരം സിദ്ധിയില്ലല്ലോ; വിധി വന്നാൽ യഥാർത്ഥത്തിൽ എന്താണ് ചെയ്യേണ്ടത്; അതുകൊണ്ടാണ് ഇനിയുള്ള നിയമനങ്ങൾ പുതിയ നിയമമനുസരിച്ച് നടത്തണമെന്ന് ഗുജറാത്ത് കേസിൽ സുപ്രീംകോടതി പറഞ്ഞത്. എന്നാൽ വി.സി.-മാർ രാജിവയ്ക്കണമെന്ന് ഗവർണർ എടുത്ത നിലപാട് ശരിയായി എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. വി.സി.-മാർ രാജിവയ്ക്കണമെന്ന് ഗവർണർ പറഞ്ഞത് ശരിയാണെന്നാണ് അങ്ങ് അന്നും ഇന്നും പറയുന്നത്. അതിനോട് ഞാൻ യോജിക്കുന്നില്ല. കേരളത്തിലെ നിയമ സർവ്വകലാശാല ചാൻസലർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസാണ്. ഇപ്പോൾ പറഞ്ഞിരിക്കുന്ന അതേ പ്രൊസീഡ്യുവറിലാണ് അവിടെ നിയമനം നടത്തിയിട്ടുള്ളത്. ഗവർണർ പറയുന്നതിനെക്കാൾ സുപ്രീംകോടതി വിധി പെട്ടെന്ന് മനസ്സിലാകുന്ന ആളല്ലേ ഹൈക്കോടതി ചീഫ് ജസ്റ്റിസ്; എന്തുകൊണ്ടാണ് അദ്ദേഹം രാജിവയ്ക്കാൻ ആവശ്യപ്പെടാതിരുന്നത്; കാരണം സാധാരണഗതിയിൽ റെട്രോസ്പെക്ടീവല്ല പ്രോസ്പെക്ടീവാണ് നോക്കുന്നത്. ഇതിനുമുമ്പുള്ള വിധിയനുസരിച്ചാണെങ്കിൽ എല്ലാം റദ്ദാക്കുമെന്ന് പറയാൻ സാധിക്കുമോ;

ഇല്ല. Void ab initio സംബന്ധിച്ച് നേരത്തെ പറഞ്ഞു. ഇപ്പോൾ ഈ വിധി അനുസരിച്ച് നോക്കിയാൽ സർട്ടിഫിക്കറ്റുകളെല്ലാം റദ്ദാക്കപ്പെടേണ്ടി വരും. അതായത് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ എല്ലാ ആക്ഷൻസും റദ്ദാക്കപ്പെട്ടുമെന്ന് പറയുമ്പോൾ സർട്ടിഫിക്കറ്റുകളും റദ്ദാക്കപ്പെടും. അങ്ങനെയൊരു വി.സി. ഇല്ല, അങ്ങനെയൊരു ടേമുമില്ല എന്നുള്ളതാണ് അതിന്റെ വ്യാഖ്യാനം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഗവർണർ പറഞ്ഞതിനെയല്ല ഞങ്ങൾ പിന്തുണച്ചത്. സുപ്രീംകോടതി വിധി വന്നപ്പോൾ ഞങ്ങൾ കുറെനാളുകളായി പറഞ്ഞ കാര്യങ്ങൾ ശരിവയ്ക്കുകയാണുണ്ടായത്. സുപ്രീംകോടതി വിധിയിൽ ആ particular യൂണിവേഴ്സിറ്റിയുടെ കാര്യം മാത്രമല്ല പറഞ്ഞിരിക്കുന്നത്. ഒരു ജനറൽ ഓർഡറുണ്ട്. അതിലെ ഒരു പാരഗ്രാഫിൽ, 'All the appointments violating the UGC regulations are void ab initio' എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ഈ കേസിനുപോയ യൂണിവേഴ്സിസ്റ്റി മാത്രമല്ല, ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ യു.ജി.സി. റെഗുലേഷന് വിരുദ്ധമായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ all those appointments are void ab initio എന്നാണ് പറയുന്നത്. അതിനർത്ഥം at the time of appointment it was irregular and illegal

എന്നാണ്. സുപ്രീംകോടതി വിധിയനുസരിച്ച് void ab initio ആയ നിയമനങ്ങളിലൂടെ വന്ന മുഴുവൻ വൈസ് ചാൻസലർമാരും രാജി വയ്ക്കണമെന്ന് ഞങ്ങളാണ് പറഞ്ഞത്. ഇല്ലെങ്കിൽ ഭാവിയിൽ നിയമ പ്രശ്നങ്ങളുണ്ടാകും. അങ്ങ് സൂചിപ്പിച്ചതുപോലെ അവർ ആ കാലഘട്ടത്തിൽ നൽകിയ സർട്ടിഫിക്കറ്റുകളും ആ കാലഘട്ടത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നെടുത്ത് ചെലവഴിച്ച അവരുടെ സാമ്പത്തികമായ ക്രയവിക്രയങ്ങളും വാലിഡാണോ തുടങ്ങിയ ഒരുപാട് പ്രശ്നങ്ങൾവരും. ഇപ്പോൾ അവർ രാജിവച്ചല്ലോ; അതിൽ അക്കാദമിക്കായി ബ്രില്യന്റായിട്ടുള്ള നമുക്ക് ഒഴിവാക്കാൻ പറ്റാത്ത ആളുകളുണ്ടെങ്കിൽ അവർ പുതിയ പ്രൊസീഡ്യൂറിലൂടെ തിരിച്ചുവരട്ടെയെന്നാണ് ഞാൻ ഇന്നുരാവിലെയും പറഞ്ഞത്. എന്നും ഞങ്ങൾ ഈ നിലപാട് തന്നെയാണ് സ്വീകരിച്ചത്. അല്ലാതെ ഗവർണറുടെ പുറകെയല്ല ഞങ്ങൾ പോയത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞതിൽ യോജിക്കാൻ കഴിയാത്ത ചില ഭാഗങ്ങളുണ്ട്. അങ്ങയെ പോലൊരു വ്യക്തി ആദ്യം പറയേണ്ടത് രാജസ്ഥാനിലെ എല്ലാ വൈസ് ചാൻസലർമാരും രാജിവയ്ക്കണമെന്നാണ്. കാരണം എല്ലാവരും യു.ജി.സി. റെഗുലേഷൻ അനുസരിച്ചല്ല

നിയമിതരായത്. അവിടെ സംസ്ഥാന സർക്കാരാണ് സെർച്ച് കമ്മിറ്റി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. ഇവിടെ ചാൻസലറുടെ പ്രതിനിധി ചീഫ് സെക്രട്ടറി ആയതുകൊണ്ട് അത് സർക്കാരിന്റെ താൽപര്യമാണ് എന്ന ഇന്റർപ്രെട്ടേഷനിലാണ് ഇപ്പോൾ രാജിവയ്ക്കാനാവശ്യപ്പെടുന്നത്. എന്നാൽ രാജസ്ഥാനിൽ സംസ്ഥാന ഗവണ്മെന്റിന്റെ പ്രതിനിധിയുണ്ട്. ഗുജറാത്തിൽ സംസ്ഥാന ഗവണ്മെന്റാണ് നിയമിക്കുന്നത്. ആന്ധ്രയിലും തെലുങ്കാനയിലും സംസ്ഥാന ഗവണ്മെന്റാണ് സെർച്ച് കമ്മിറ്റിയെ വയ്ക്കുന്നത്. അവർക്കാണ് പാനൽ കൊടുക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ രാജസ്ഥാനിലെ വൈസ് ചാൻസലർമാർ രാജിവയ്ക്കണമെന്ന് പറയേണ്ട ആളല്ല; ഞാൻ കേരളത്തിലെ പ്രതിപക്ഷനേതാവല്ലേ; കേരളത്തിലെ വൈസ് ചാൻസലർമാർ രാജിവയ്ക്കണമെന്നല്ലേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. പിന്നീട് നിയമ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ രാജിവയ്ക്കുന്നതാണ് നല്ലത്. അതുകഴിഞ്ഞ് ഇപ്പോൾ കുഫോസിന്റെ കേസ് വീണ്ടും പരിഗണിച്ചപ്പോൾ ഹൈക്കോടതി സ്വീകരിച്ചത് സുപ്രീംകോടതിയുടെ നിലപാടാണ്. അതായത് ഏത് വൈസ് ചാൻസലറെ സംബന്ധിച്ച് ഇപ്പോൾ കേസ് പോയാലും

ഹൈക്കോടതിക്കാണെങ്കിലും സുപ്രീംകോടതിയുടെ വിധി പാലിക്കേണ്ടിവരും. അങ്ങ് ഇതിനുമുമ്പുള്ള സുപ്രീംകോടതിയുടെ വിധി സംബന്ധിച്ച് പറഞ്ഞു. പക്ഷെ അതല്ല, സുപ്രീംകോടതിയുടെ പഴയ വിധികൂടി ഈ കേസ് നടന്നപ്പോൾ സുപ്രീംകോടതിയിൽ ചർച്ച ചെയ്യപ്പെട്ടു. ഇപ്പോൾ നമ്മുടെ ലാ ഓഫ് ദി ലാൻഡ് എന്നുപറയുന്നത് final verdict of the Supreme Court ആണ്. So we have to obey that.

ശ്രീ. പി. രാജീവ്: സർ, ഞാൻ അങ്ങയെ കേരളത്തിനകത്ത് മാത്രം കാണുന്നില്ല. അങ്ങ് ദേശീയതലത്തിൽതന്നെ പ്രധാനപ്പെട്ട ഒരാളാണ്. ഇതേ മാനദണ്ഡമനുസരിച്ച് രാജസ്ഥാൻ, ഗുജറാത്ത്, ആന്ധ്ര, തെലുങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ വൈസ്ചാൻസലർമാർ രാജിവയ്ക്കേണ്ടതാണ്. ബാംഗ്ലൂർ നാഷണൽ ലാ യൂണിവേഴ്സിറ്റിയുടെ വിസിറ്ററായി നിയമിച്ചിരിക്കുന്നത് സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസാണെന്ന് അങ്ങേയ്ക്കറിയാമല്ലോ? അവിടത്തെ നിയമന രീതി എക്സിക്യൂട്ടീവ് കൗൺസിലിലൂടെയാണ്. അതനുസരിച്ച് ചാൻസലറെ നിയമിക്കാമെന്നാണ് പറയുന്നത്. അപ്പോൾ അതും രാജിവയ്ക്കേണ്ടതാണ്. യു.ജി.സി. വൈസ് ചാൻസലർമാരെ ഒരു ദിവസത്തേയ്ക്കുപോലും നിയമിക്കുകയാണെങ്കിൽ ഇതേ

ക്വാളിഫിക്കേഷൻ വേണമെന്ന് ഇവിടെ പറഞ്ഞല്ലോ; പട്ന നാഷണൽ ലാ യൂണിവേഴ്സിറ്റിയിൽ ആക്ടിംഗ് വൈസ് ചാൻസലർ റിട്ടയേർഡ് ജസ്റ്റിസാണ്. റിട്ടയേർഡ് ജസ്റ്റിസ് 10 വർഷം പ്രൊഫസറായ ആളാണോ? അതുകൊണ്ട് അങ്ങ് പറഞ്ഞതനുസരിച്ചാണെങ്കിൽ അപൂർവ്വം ചിലരൊഴികെ ഇന്ത്യയിലെ എല്ലാ സർവ്വകലാശാല വൈസ് ചാൻസലർമാരും രാജിവയ്ക്കേണ്ടതാണ്. അവരൊക്കെ രാജിവയ്ക്കുകയാണെങ്കിൽ ഇവരും രാജിവയ്ക്കേണ്ടിവരും. ഗവർണർ ചെയ്ത തെറ്റ് തിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു എന്ന് അങ്ങ് പറയുകയുണ്ടായി. പ്രതിപക്ഷനേതാവിന്റെയും എന്റെയും സുഹൃത്തും കോൺഗ്രസ് ജനറൽ സെക്രട്ടറിയുമായ ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞത് 'ജനാധിപത്യ ഭരണഘടനാമൂല്യങ്ങളെ ലംഘിച്ചുകൊണ്ട് രാജ്യത്തുടനീളം ഉന്നതവിദ്യാഭ്യാസ രംഗത്ത് കൈകടത്താനുള്ള കേന്ദ്രസർക്കാരിന്റെ ഏറ്റവും പുതിയ ശ്രമമാണ് രാജി ആവശ്യപ്പെടുന്നതിലൂടെ കേരള ഗവർണറുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത് എന്നാണ്. 11.30-ന് ഒൻപത് സർവ്വകലാശാല വൈസ് ചാൻസലർമാർ രാജി സമർപ്പിക്കണമെന്ന തിട്ടൂരം ജനാധിപത്യത്തിന്റെ എല്ലാ സീമകളും ലംഘിക്കുന്നതാണ് എന്നുമാണ് ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞത്. 'പിണറായി

സർക്കാരിന്റെ ചട്ടവിരുദ്ധ നിയമനങ്ങൾക്ക് കൂട്ടുനിന്ന ഗവർണർ ചെയ്ത തെറ്റ് ഇപ്പോൾ തിരുത്താൻ തയ്യാറായതിനെ സ്വാഗതം ചെയ്യുന്നതായി പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു' എന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ വന്നിട്ടുണ്ട്. എന്നാൽ നല്ല നിലപാടെടുത്തത് മുസ്ലീംലീഗാണ്. വൈസ് ചാൻസലർമാരുടെ രാജിയാവശ്യപ്പെട്ട് ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ നടപടി അതിരുകടന്നതാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരുടെകൂടി രാജി ആവശ്യപ്പെടുന്നതിന് മുന്നിൽ രാഷ്ട്രീയ ലക്ഷ്യമുണ്ടെന്നും അവർ പറഞ്ഞു. നിങ്ങൾ ഇതിനെ സ്വാഗതം ചെയ്തപ്പോൾ ആ നീക്കത്തിന് പുറകിലൊരു രാഷ്ട്രീയമുണ്ടെന്നും ആ രാഷ്ട്രീയം ഇന്ത്യയാകെ എതിർക്കേണ്ടതാണെന്നും മുസ്ലീംലീഗ് തിരിച്ചറിഞ്ഞു. ഇതാണ് ഗവർണർക്കെതിരെ പത്രങ്ങളിൽ വന്ന വാർത്തകൾ. ഇനിയുള്ളത് ബി.ജെ.പി.-യുടെ വാർത്തകളാണ്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. 'മുഖ്യമന്ത്രി പിണറായി വിജയനെതിരെ ആരോപണങ്ങളിൽ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാന് ആത്മാർത്ഥയുണ്ടെങ്കിൽ സർക്കാരിനെ പിരിച്ചുവിടാൻ ശിപാർശ ചെയ്യണം' എന്നും 'ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റാനുള്ള നീക്കം അംഗീകരിക്കില്ല'- എന്നുമാണ്

കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. പാർട്ടിയുടെ നിലപാട് ഇതായിരുന്നു. പക്ഷേ ഇപ്പോൾ നമ്മളെല്ലാവരും യോജിപ്പിലെത്തി. അത് സ്വാഗതാർഹമാണ്. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റി പുതിയൊരു വ്യക്തിത്വം വരണമെന്ന കാര്യത്തിൽ നമ്മളെല്ലാവരും യോജിപ്പിലെത്തി. അതിന് ഞാൻ പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും സ്വാഗതം ചെയ്യുകയാണ്. ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗത്തിലിടപെട്ട് ഞാൻ പറഞ്ഞത്, യഥാർത്ഥത്തിൽ ഞങ്ങൾ അതുസംബന്ധിച്ച് ഇന്നൊരു അടിയന്തരപ്രമേയം അല്ലെങ്കിൽ ശ്രദ്ധക്ഷണിക്കൽ പ്രതീക്ഷിച്ചാണിരുന്നത്. മന്ത്രി അതിന് തയ്യാറായിട്ടാണ് വന്നത്. കെ. ആർ. നാരായണനെപോലുള്ള വ്യക്തിത്വത്തിന്റെ പേരിലുള്ള സ്ഥാപനത്തിൽ മാത്രമല്ല, കേരളത്തിലുള്ള ഒരു സ്ഥാപനത്തിലും ഇവിടെ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ നടക്കാൻ പാടില്ലെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. പ്രസംഗത്തിനിടയിൽ സൂചിപ്പിച്ചതിനുപകരം പ്രത്യേകമായി ഉന്നയിച്ചെങ്കിൽ കുറേക്കൂടി പ്രാധാന്യം ലഭിക്കുമായിരുന്നു. ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ആ വിഷയത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് നാല് മണിക്കൂറോളം ചർച്ച നടത്തുകയും

ആ പ്രശ്നം അന്വേഷിക്കുന്നതിന് മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ആ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതായിരിക്കും.

യു.ജി.സി. റെഗുലേഷൻസ് അനുസരിച്ചുവേണം അദ്ധ്യാപകനിയമനം നടത്തേണ്ടത്. പെട്ടെന്നുള്ള വൈകാരികതയുടെ അടിസ്ഥാനത്തിൽ നിലപാടുകളിലേയ്ക്ക് പോയാൽ അപകടത്തിൽ ചാടും. പ്രൈവറ്റ് കോളേജ്, ഗവണ്മെന്റ് കോളേജ്, കോൺസ്റ്റിറ്റ്യുവന്റ് കോളേജ് എന്നിവിടങ്ങളിൽ ടീച്ചർമാരെ നിയമിക്കേണ്ടത് എങ്ങനെയാണെന്ന് യു.ജി.സി. റെഗുലേഷനിൽ പറയുന്നുണ്ട്. ഒരു കമ്മിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും സെലക്ഷൻ കമ്മിറ്റിയിൽ ആരൊക്കെയുണ്ടായിരിക്കണമെന്നും പറയുന്നുണ്ട്. എന്നാൽ ഇതൊന്നും പി.എസ്.സി.-യിൽ നിൽക്കില്ല. കോളേജിലെ നിയമനങ്ങളെല്ലാം നമ്മൾ പി.എസ്.സി.-ക്ക് വിട്ടതാണ്. യു.ജി.സി. റെഗുലേഷനാണ് നിലനിൽക്കുന്നതെന്നുപറഞ്ഞാൽ പി.എസ്.സി. വഴിയുള്ള എല്ലാ അദ്ധ്യാപക നിയമനങ്ങളും റദ്ദാക്കേണ്ടി വരും. ഇതാണ് റെഗുലേഷനിലെ വ്യവസ്ഥ. ഇതിൽ വേറൊരു അപകടത്തെക്കുറിച്ചുകൂടി പറഞ്ഞു. അദ്ധ്യാപക

നിയമനങ്ങളിൽ പി.എസ്.സി. വഴിയല്ലേ ഗവണ്മെന്റ് കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, .....

മി. സ്പീക്കർ: യൂണിവേഴ്സിറ്റികളെയല്ല കോളേജുകളെയാണ് ഉദ്ദേശിച്ചത്.

ശ്രീ. പി. രാജീവ് : സർ, നിങ്ങൾക്ക് ഇഷ്ടമുള്ളതിൽ യു.ജി.സി.-യും ഇഷ്ടമില്ലാത്തതിൽ അത് വേണ്ടയെന്നും പറയാൻ കഴിയില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന നിയമനങ്ങളിലുണ്ടായിട്ടുള്ള 2018-ലെയും 2010-ലെയും മാനദണ്ഡങ്ങൾ തമ്മിലുള്ള വ്യത്യാസം സംബന്ധിച്ചാണ് സൂചിപ്പിച്ചത്. അതുസംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുണ്ടായിരുന്നു. യൂണിവേഴ്സിറ്റി നിയമനങ്ങൾ മുഴുവനും പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ് : സർ, അങ്ങ് മനസ്സിലാക്കേണ്ടത്, യു.ജി.സി. എന്നാൽ യൂണിവേഴ്സിറ്റിക്ക് മാത്രമല്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ പേരിനകത്ത് യൂണിവേഴ്സിറ്റി ഉണ്ടെങ്കിലും ഞാൻ സ്പെസിഫിക്കായി പറയുന്നത്, യു.ജി.സി. റെഗുലേഷനിൽ 5 മുതലുള്ളതിൽ പറയുന്നത്, കോളേജുകളിലെ അദ്ധ്യാപക നിയമനം

എങ്ങനെയായിരിക്കണമെന്നുള്ളതാണ്. ഇതാണ് ബൈൻഡിംഗ് എന്നുപറഞ്ഞാൽ അപകടത്തിലേയ്ക്ക് ചാടുമെന്നാണ് പറഞ്ഞത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളെല്ലാം സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചുമെല്ലാം അംഗീകരിച്ചിട്ടുള്ളവയാണ്. കുറെ കാര്യങ്ങൾ കോടതി പരിശോധിച്ചതാണല്ലോ. നിങ്ങളുടെ പ്രശ്നം എന്താണെന്ന് വച്ചാൽ ആരെങ്കിലും കല്യാണം കഴിച്ചാൽ അതോടുകൂടി വിവാഹിതനാകുന്നതിന് മുമ്പുള്ള യോഗ്യതകളുൾപ്പെടെ റദ്ദാക്കപ്പെടുന്നു. നിങ്ങളിലാരും കഴിഞ്ഞ തവണ ഇങ്ങനെയുള്ള ആരോപണം ഉന്നയിച്ചില്ലല്ലോ. ബഹുമാനപ്പെട്ട സീനിയർ അംഗങ്ങൾ ഉൾപ്പെടെ പറഞ്ഞല്ലോ; കോൺഗ്രസ്സിന്റെ പബ്ലിക് പോളിസി അദ്ധ്യക്ഷനായ ജെ.എസ്. അടൂരിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ് വായിക്കാം. 'സത്യത്തിൽ കേരളത്തിൽ വിവാദങ്ങളും വെറുപ്പും പാരപണിയുന്നതും ബ്ലാക്ക്മെയിൽ ചെയ്യുന്നതുമൊക്കെ സർവ്വസാധാരണമാണ്. ആർക്കും ആർക്കെതിരെയും ആരോപണം ഉന്നയിക്കാം. മീഡിയയ്ക്ക് ഏറ്റെടുക്കാം. സത്യം ചെരുപ്പിടുന്നതിനുമുമ്പ് കള്ളം പെട്ടെന്ന് ഓടിക്കയറും. ഇത് പറയാൻ കാരണം, ഞാൻ പൂനെ യൂണിവേഴ്സിറ്റിയിൽ ഗവേഷണം ചെയ്യുന്ന സമയത്ത് പൂനെ

യൂണിവേഴ്സിറ്റിയിൽ കെമിസ്ട്രി എം.എസ്‌സി.-യിൽ ഗവേഷണം ചെയ്യാൻ വന്ന ബ്രില്ല്യന്റായ ഒരാളായിരുന്നു ശ്രീമതി ഉഷ. അവർ മികച്ച നിലയിൽ പി.എച്ച്.ഡി. പൂർത്തിയാക്കി. അവർക്ക് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ജോലി കിട്ടിയത് അവരുടെ ഭർത്താവിന്റെ കൃപകൊണ്ടാണെന്നാണ് പുതിയ പുകിൽ. അവരുടെ മേഖലയിൽ അന്താരാഷ്ട്ര പ്രശസ്തയായ ഒരു ഗവേഷകയുടെ 26 വർഷത്തെ ഗവേഷണം ഒന്നുമല്ലാതാക്കുന്നത് അവരുടെ ഭർത്താവ് ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ പ്രോ-വൈസ്ചാൻസലർ ആണെന്ന ഒറ്റക്കാര്യംകൊണ്ടാണ്. ഉഷ ഒന്നാന്തരം സയന്റിസ്റ്റാണ്. അവർ ചെയ്ത ഏക തെറ്റ് ഐന്തോവൻ, ബെൽജിയം എന്നീ സർവ്വകലാശാലകളിലെ ജോലി കളഞ്ഞ് കേരളത്തിൽ വന്നതാണ്. പ്രചരണം നടത്തുന്ന നിങ്ങളുടെ നേതാവാണ് ഇക്കാര്യങ്ങൾ പറയുന്നത്. അപ്പോൾ ഇതുവരെ രാഷ്ട്രീയനേതാക്കന്മാരെ കല്യാണം കഴിച്ചാൽ, കല്യാണം കഴിക്കുന്ന ആൾക്ക് റാങ്കോ അക്കാദമിക് ക്വാളിഫിക്കേഷനോ ഉണ്ടെങ്കിൽ അതെല്ലാം റദ്ദാക്കിയിരിക്കും. ഇപ്പോൾ അക്കാദമീഷ്യരെയും ഇതുപോലെ റദ്ദാക്കുകയാണ്. അവരൊന്നിച്ച് ഗവേഷണം നടത്തിയ പ്രബന്ധങ്ങളെക്കുറിച്ചുപോലും തെറ്റായ രീതിയിൽ നിങ്ങൾ ഇവിടെ പറഞ്ഞു.

സമയപരിമിതിമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ലോകത്തിൽ രണ്ട് വിഷയത്തിൽ നോബൽ സമ്മാനം ലഭിച്ച ഒരാളേയുള്ളൂ, മേരി ക്യൂറി. ആദ്യം ഫിസിക്സിലും പിന്നീട് കെമിസ്ട്രിയിലുമാണ് നോബൽ സമ്മാനം ലഭിച്ചത്. പിന്നീട് പിയറി ക്യൂറിക്ക് ഫിസിക്സിൽ നോബൽ സമ്മാനം ലഭിച്ചു. അവരുടെ മകളാണ് ഐറിൻ. ഐറിനും ഭർത്താവ് ഫെഡറിക്കിനും ഒരുമിച്ചാണ് നോബൽ സമ്മാനം കിട്ടിയത്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. ഇപ്പോൾ നിങ്ങളുടെ പ്രധാനപ്പെട്ട നേതാവിന്, ഇങ്ങനെ എഴുതാൻ നിർബന്ധിതമായ സാഹചര്യം നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ക്രിയാത്മകമായ വിമർശനങ്ങൾ ചെറുപ്പക്കാർ ഉന്നയിക്കുന്നതാണ് നല്ലത്. വസ്തുതകൾ പറയുന്നതുകൊണ്ട് ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവിനെ മാതൃകയാക്കാം.

ശ്രീ. ഷാഫി പറമ്പിൽ: സർ, അക്കാര്യത്തിലുൾപ്പെടെ ഞങ്ങൾ ഒരാളുടെ അത്തരത്തിലുള്ള ക്വാളിഫിക്കേഷൻ അല്ല ചോദ്യം ചെയ്തത്. 13 വർഷം ഗസ്റ്റ് ലക്ചററായി വർക്ക് ചെയ്തതിന്റെ പേരിൽ ഒരു വൈസ് ചാൻസലർക്ക് പി.എച്ച്.ഡി. ഗൈഡ്ഷിപ്പ് ഉൾപ്പെടെ കൊടുത്തതിലെ നടപടിക്രമങ്ങളിലെ പാളിച്ചകളെക്കുറിച്ചാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്.

അതല്ലാതെ ഒരു വ്യക്തിയെ കല്യാണം കഴിച്ചതിന്റെ പേരിൽ അപമാനിക്കാൻവേണ്ടിയല്ല. ശ്രീ. കെ. കെ. രാഗേഷിന്റെ ഭാര്യയായതുകൊണ്ടല്ല അത്തരം വിമർശനം ഉന്നയിക്കുന്നത്. ആ ആളിനെ തെരഞ്ഞെടുത്ത നടപടിക്രമങ്ങളിലെ വീഴ്ചകൾ കോടതി ശരി വച്ചതുകൊണ്ടാണല്ലോ അവർക്ക് ആ സ്ഥാനത്തുനിന്നും പോകേണ്ടി വരുന്നത്. ഒരാളുടെ ഭാര്യയായതുകൊണ്ട് ഞങ്ങൾ ആരെയും വിമർശിക്കുകയല്ല; ഒരാളുടെ ഭാര്യയായതുകൊണ്ട് മറ്റൊരാളെ മറികടന്നുവരുന്ന നടപടിക്രമത്തെയാണ് ഞങ്ങൾ വിമർശിക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഗസ്റ്റ് ലക്ചററായാലും അദ്ധ്യാപന പരിചയംതന്നെയാണ്. അത് ഉൾപ്പെടുത്താൻ പാടില്ലെന്ന് ഏത് നിയമത്തിലാണ് പറഞ്ഞിരിക്കുന്നത്. കാര്യങ്ങൾ മനസ്സിലാക്കി പറയണം. വ്യക്തികളെ ആക്ഷേപിക്കുന്നത് വളരെ തെറ്റായ കാര്യമാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ആക്ഷേപം എന്ന വാക്ക് ദയവായി ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിക്കരുത്. നടപടിക്രമങ്ങളിലെ പാളിച്ചകളെ

ഞങ്ങൾ വിമർശിക്കുകയാണ്, അതിനെ ആക്ഷേപമായി കാണരുത്. അങ്ങ് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്, ഗൈഡ്ഷിപ്പ് നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്? ഇവിടെ പറഞ്ഞതുപോലെ ഗസ്റ്റ് ലക്ചററായി വർക്ക് ചെയ്യുന്നതിനെ സംബന്ധിച്ച് നടപടിക്രമങ്ങളിൽ പറയുന്നില്ല. എന്നാൽ പ്രൊസീഡ്യുവറിൽ മാറ്റംവരുത്തി ഒരു വ്യക്തിക്കുവേണ്ടി ഇടപെടുന്നതിനെ സംബന്ധിച്ചാണ് ഞങ്ങൾ പറഞ്ഞത്. അല്ലാതെ വിവാഹിതരായതിന്റെ പേരിൽ യോഗ്യതയുള്ള ഒരാളെയും ആക്ഷേപിക്കുന്നില്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, രാഷ്ട്രീയത്തിലിറങ്ങുന്നവർ ഇതെല്ലാം കേൾക്കാൻ വിധിക്കപ്പെട്ടവരാണ്. യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പ്രൊഫസറെ നിയമിക്കാൻ എന്തൊക്കയാണ് വേണ്ടത്; ടീച്ചിംഗ് യോഗ്യത മാത്രമാണോയെന്ന് വായിച്ച് നോക്കൂ. എനിക്ക് ശ്രീ. ജെ. എസ്. അടൂരിനെ വ്യക്തിപരമായി അറിയില്ല. നിങ്ങൾക്ക് നല്ല അടുപ്പമുള്ള ആളാണല്ലോ; സർവ്വകലാശാലകളെ സംബന്ധിച്ചെല്ലാം അദ്ദേഹം എഴുതിയിട്ടുണ്ടല്ലോ; Teaching/Research experience വേണമെന്ന് പറയുന്നതിന് കാരണമെന്താണ്; അദ്ധ്യാപന പരിചയം മാത്രമല്ല, ലോകോത്തര ലാബുകളിൽ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഗവേഷണം

നടത്തി നൂറുക്കണക്കിന് പേറ്റന്റുള്ള ഒരാൾ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിലെ അദ്ധ്യാപകനായി വന്നാൽ ആ യൂണിവേഴ്സിറ്റിയുടെ നിലവാരം ഉയരുകതന്നെചെയ്യും. അല്ലാതെ ഏതെങ്കിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പത്ത് വർഷം പഠിപ്പിച്ച ഒരാളും ലോകോത്തര ഗവേഷണ കേന്ദ്രത്തിൽ രാത്രിയും പകലുമില്ലാതെ റിസർച്ച് ചെയ്ത് പ്രബന്ധങ്ങളും പേറ്റന്റുമുള്ള ഒരാളും വരുമ്പോൾ, ഇദ്ദേഹം പത്ത് വർഷം സ്വാശ്രയകോളേജിൽ പഠിപ്പിച്ചതല്ലേ അതാണ് മികച്ചതെന്ന് പറയുകയല്ല വേണ്ടത്. അതുകൊണ്ട് ഒരു തെറ്റ് സംഭവിച്ചാൽ അത് തെറ്റായിപ്പോയിയെന്ന് പറയണം. നിങ്ങൾക്ക് ഒരു ഓക്സിജൻ സിലിണ്ടർ ഉണ്ടല്ലോ; ആ ഓക്സിജൻ സിലിണ്ടർ രാവിലെ എട്ട് കോളം നൽകും. ആ എട്ട് കോളം എടുത്തിട്ടുകൊണ്ടിറങ്ങിയാൽ ഇതുപോലെ അപകടത്തിലേയ്ക്കുവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മലയാള മനോരമ പത്രത്തെ സംബന്ധിച്ചായിരിക്കും പറയുന്നത്.

ശ്രീ. പി. രാജീവ്: സർ, അങ്ങനെ ഞാൻ പറഞ്ഞില്ല. അങ്ങ് സ്വയം ഇങ്ങനെ പറയരുത്. ഇനി ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് തിരിച്ചുവരാം. ഇപ്പോൾ സൂചിപ്പിച്ചവയാണ് പ്രധാനമായും വന്ന പ്രശ്നങ്ങൾ. ചർച്ചയിൽ നല്ല

രീതിയിലുള്ള നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ഇപ്പോൾ ഇവിടെ വേറൊരു രീതി വരുന്നുണ്ട്. വിയോജനക്കുറിപ്പിലും കഴിഞ്ഞ തവണത്തെ ചർച്ചയിലും സൂചിപ്പിച്ചിരുന്നു. ഈ ബില്ലിന് കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് ചിലർ അന്തരീക്ഷത്തിൽ ചോദിക്കുന്നുണ്ട്. അക്കാര്യം നിങ്ങൾ ഇപ്പോൾ ഉന്നയിച്ചില്ലെങ്കിലും ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ നേരത്തെ ഉന്നയിച്ചിരുന്നു. ഇപ്പോൾ ആ വാദം മറ്റുചിലരും ഉന്നയിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്രത്തിന്റെ അനുമതി വാങ്ങാത്തതുകൊണ്ട് ഈ ബിൽ പ്രശ്നമായിരിക്കുന്നുവെന്ന് പറഞ്ഞു. അപ്പോൾ ഞാൻ ചട്ടം ഉദ്ധരിച്ചുകൊണ്ട് നമുക്കും അവർക്കും അധികാരമുള്ളതാണെന്ന് സഭയിൽ മറുപടി പറയുകയും ചെയ്തിരുന്നു. റൂൾസ് ഓഫ് ബിസിനസ്സിൽ ഇങ്ങനെയൊരു പ്രശ്നമുണ്ട്. 1972-ലെ കേന്ദ്ര ഗവണ്മെന്റിന്റെ സർക്കുലറിൽ കേന്ദ്ര ഗവണ്മെന്റിനെ കൺസൾട്ട് ചെയ്യണമെന്ന് പറയുന്ന ഭാഗം ശരിയാണ്. എന്നാൽ അതിനുശേഷം 2010-ൽ കേന്ദ്ര ഗവണ്മെന്റ് തന്നെ പറഞ്ഞിട്ടുണ്ട്, "Since there is no Constitutional requirement for seeking prior approval of the Central

Government before introduction of a bill in a State Legislature..."

ഇതാണ് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടെ ഒരു ബില്ലിന്റെ കാര്യത്തിലുമുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ കൺഫ്യൂഷൻ ഒഴിവാക്കുന്നതിന് ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റൂൾസ് ഓഫ് ബിസിനസ് അമെന്റ് ചെയ്താൽ മതി. എപ്പോഴും സർക്കുലർ ഗവണ്മെന്റിനല്ലേ ലഭിക്കുന്നത്, നമുക്ക് ലഭിക്കില്ലല്ലോ; റൂൾസ് ഓഫ് ബിസിനസ്സിൽ പറഞ്ഞിരിക്കുന്ന ഇക്കാര്യത്തെക്കുറിച്ച് ഞാനാണ് ഉന്നയിച്ചത്. 2010-ലെ സർക്കുലർ ലഭിച്ചിരുന്നെങ്കിൽ, റൂൾസ് ഓഫ് ബിസിനസ് ആ സർക്കുലർ അനുസരിച്ച് അമെന്റ് ചെയ്താൽ മതിയായിരുന്നു. അപ്പോൾ പ്രശ്നം അവസാനിക്കും.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. റൂൾസ് ഓഫ് ബിസിനസ്സിൽ പഴയ കാര്യത്തെക്കുറിച്ചാണുള്ളത്. 2010-ലെ സർക്കുലർ അനുസരിച്ച് നിയമസഭയ്ക്കുള്ള അധികാരമാണ്. ഭരണഘടനാപരമായി നമുക്കുള്ള അധികാരം തന്നെയാണ്. അതിൽ അവ്യക്തതയുണ്ടായിരുന്നു. അതിപ്പോൾ ഇതിലൂടെ വ്യക്തമായിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ഇതനുസരിച്ച് റൂൾസ് ഓഫ് ബിസിനസ്സിൽ മാറ്റംവരുത്തേണ്ടത് തന്നെയാണ്.

ഇപ്പോൾ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് അങ്ങ് സംസാരിച്ചപ്പോൾ പറഞ്ഞതും ശ്രീ. റോജി എം. ജോണിന്റെ ഭേദഗതിയും തമ്മിൽ വ്യത്യാസമുണ്ട്. അങ്ങ് ശ്രീ. റോജി എം. ജോണിന്റെ ഭേദഗതിയായിരിക്കും ഉദ്ദേശിച്ചത്. ചീഫ് ജസ്റ്റിസുകൂടി അംഗമാകുന്ന സമിതിയെന്നായിരിക്കും ഉദ്ദേശിച്ചിരുന്നത്. അങ്ങ് പറഞ്ഞത്, പ്രതിപക്ഷനേതാവും സ്പീക്കറും മുഖ്യമന്ത്രിയുമുള്ള ബോഡി എന്നാണ്.

മി. സ്പീക്കർ: അത് മനുഷ്യാവകാശ കമ്മീഷൻ തെരഞ്ഞെടുപ്പ് സംബന്ധിച്ചായിരിക്കും പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, അല്ല, ഇതിലും ആ മോഡലെന്നാണ് പറഞ്ഞത്. ഒരു ചാൻസലർ മതിയെന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ, ഒരു ചാൻസലറാണോ 14 ചാൻസലർമാരാണോ എന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ഓരോ നിയമത്തിലും ഭേദഗതി വരുത്തേണ്ടതുണ്ട്. നേരത്തെ ഓരോ നിയമത്തിലും ചാൻസലറെ വ്യവസ്ഥ ചെയ്തിരുന്നു. അതുകൊണ്ട് എല്ലാ യൂണിവേഴ്സിറ്റി നിയമത്തിലും ഒരേ വ്യവസ്ഥ സമാനമായ രൂപത്തിൽ വരുത്തേണ്ടതുണ്ട്. അത് ഒന്നുവേണമോ ഒന്നിലധികം വേണമോയെന്ന് അപ്പോൾ തീരുമാനിക്കാം. ഓരോ സർവ്വകലാശാലയ്ക്കും

ഓരോ ചാൻസലറെ നിയമിക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നില്ല. എത്രവേണമെന്നതും ഏതുരൂപത്തിൽ വേണമെന്നതും പരിശോധിക്കാം. ഹൈക്കോടതി ജഡ്ജിയെ നിയമിച്ചാൽ മതിയെന്ന് ഇപ്പോൾ പറഞ്ഞു. ജഡ്ജിമാർ ലോകത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും ആധികാരികവും അന്തിമവുമായ തീരുമാനമെടുക്കാൻ സാധിക്കുന്നവരാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ അവരുടെ മേഖലയിൽ അവർ വളരെയധികം ആദരിക്കപ്പെടുന്നവർ തന്നെയാണ്. അങ്ങ് ബില്ലിന്റെ അവതരണവേളയിൽ പറഞ്ഞത് അങ്ങനെയായിരുന്നില്ല. അതായത്, കൊച്ചി യൂണിവേഴ്സിറ്റി ചാൻസലറായി ഒരു സയന്റിസ്റ്റ് വരണമെന്ന് നിർബന്ധിക്കാത്തത് എന്തുകൊണ്ടാണ്; ഒരു കലാകാരനെയോ സാഹിത്യകാരനെയോ ഹ്യൂമാനിറ്റീസ് പഠിച്ച വ്യക്തിയെയോ അവിടെ നിയമിക്കാമെന്നത് ശരിയാണോ; കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലും കലാകാരനെയോ സാഹിത്യകാരനെയോ ഹ്യൂമാനിറ്റീസ് പഠിച്ചവരെയോ ആരെവേണമെങ്കിലും നിയമിക്കാം. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ വേണമെങ്കിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കാം. ഓരോ സർവ്വകലാശാലയ്ക്കും അനുരോധമായ രീതിയിൽ ഏത്

കാറ്റഗറിയിലുള്ള ആൾ വേണമെന്നാണ് നിഷ്കർഷിക്കേണ്ടത്; എന്നിങ്ങനെയുള്ള കാര്യങ്ങളാണ് അങ്ങ് ഉന്നയിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിങ്ങൾ കൊണ്ടുവന്ന ബില്ലിനെ സംബന്ധിച്ചാണ് ചർച്ചചെയ്യുന്നത്. ഇത് തട്ടിക്കൂട്ടി തയ്യാറാക്കിയ ബില്ലാണെന്നാണ് ഞങ്ങളുടെ ആരോപണം. അങ്ങനെയുള്ള ബില്ലായതുകൊണ്ട് എല്ലാ കാറ്റഗറിയിലുമുള്ളവരെയും എല്ലാ സർവ്വകലാശാലകളിലും വച്ചിരിക്കുന്നതിനെയാണ് വിമർശിച്ചത്. തുഞ്ചത്തെഴുത്തച്ഛൻ സർവ്വകലാശാലയിൽ സയന്റിസ്റ്റിനെ നിയമിക്കാമെന്നും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ സാഹിത്യകാരനെയും കലാകാരനെയും നിയമിക്കാമെന്നുമാണ് എഴുതിവച്ചിരിക്കുന്നത്. അതിനാലാണ് ഞാൻ അങ്ങനെ പറഞ്ഞത്. എല്ലാ സർവ്വകലാശാലയ്ക്കും ഓരോ ചാൻസലർ വീതമുണ്ടാകുമെന്നും ആ ചാൻസലർമാരെ ഓരോതരത്തിലാണ് നിയമിക്കുന്നതെന്നുമാണ് ഇത് വായിച്ചാൽ മനസ്സിലാകുന്നത്. ഈ ബില്ലിൽ അങ്ങ് പറഞ്ഞിരിക്കുന്ന കാര്യങ്ങളെയാണ് വിമർശിച്ചത്. ഞാൻ രാവിലെ പറഞ്ഞതിൽ തെറ്റുണ്ടായിരുന്നില്ല. അതായത്, മുഖ്യമന്ത്രിയും ചീഫ്ജസ്റ്റിസും പ്രതിപക്ഷനേതാവുമുൾപ്പെടെയുള്ള ഒരു ബോഡിയാണ് ചാൻസലറെ

നിയമിക്കുന്നതെന്നാണ് ഞാൻ പറഞ്ഞത്. അതുതന്നെയാണ് അമെന്റ്മെന്റിലുള്ളത്. ചെലവും ആവശ്യമില്ലാത്ത നടപടിക്രമങ്ങളുമൊക്കെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരാളെ നിയമിക്കുന്നത്. ഗവർണറെപോലെ കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റിൽ ഇരിക്കുന്ന ഒരാളെയാണ് 14 യൂണിവേഴ്സിറ്റികളിലും ചാൻസലറായി ഇതുവരെ നിയമിച്ചിരുന്നത്. അതുകൊണ്ടാണ് അതിന് സമാനമായ തലത്തിൽ മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും പ്രോട്ടോക്കോളിന് ഒരുപ്രശ്നവും വരാതെ മുൻ ചീഫ്ജസ്റ്റിസ് ആയിരുന്ന ഒരാളെയോ മുൻ സുപ്രീംകോടതി ജഡ്ജിയായിരുന്ന ഒരാളെയോ നിയമിക്കണമെന്ന് പറയാൻ കാരണം.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് ഇപ്പോൾ പറഞ്ഞതിനെ ഞാൻ അംഗീകരിക്കുന്നു. അന്ന് ഞങ്ങളും ഇതുതന്നെയാണ് മനസ്സിലാക്കിയത്. അക്കാര്യം ഞാൻ വ്യക്തമാക്കുകയും ചെയ്തു. ഓരോ സർവ്വകലാശാലയിലും വിദ്യാഭ്യാസ വിചക്ഷണർ എന്നുമാത്രം പറയുമ്പോൾ, വളരെ വിഖ്യാതനായ സാഹിത്യകാരൻ, അദ്ദേഹം ചിലപ്പോൾ കോളേജിലൊന്നും പോയി ബിരുദം നേടിയിട്ടുണ്ടാകില്ല. പക്ഷേ അദ്ദേഹം ലോകോത്തര സാഹിത്യകാരനായിരിക്കും. അദ്ദേഹത്തെ ഇതിലുൾപ്പെടുത്താൻ സാധിക്കില്ല,

അതാണ് പ്രശ്നം. ശ്രീമതി മല്ലികാസാരാഭായിയെപോലെ ഐ.ഐ.എം.-ൽ നിന്നുള്ള മാനേജ്മെന്റ് ബിരുദം, ഡോക്ടറേറ്റ്, കലയിലുള്ള മികവ് എന്നിവ നേടിയ അപൂർവ്വജന്മങ്ങളെ ഉണ്ടാകുകയുള്ളൂ. അതുപോലെ ഒരു ജഡ്ജിയെ യൂണിവേഴ്സിറ്റിയിൽ നിയമിക്കണമെങ്കിൽ വിദ്യാഭ്യാസ വിചക്ഷണൻ എന്നുമാത്രം പറയാൻ സാധിക്കില്ല. അക്കാര്യത്തിലാണ് വ്യക്തതവരുത്തിയതെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ യോഗ്യതയെക്കുറിച്ച് പറഞ്ഞു. കോടതി ഇടപെടലൊക്കെ വരുന്നതല്ലേ; ഇതിനകത്ത് പ്രത്യേകം വിഭാഗത്തിൽ പ്രാഗത്ഭ്യമുള്ളവരെന്ന് പറഞ്ഞാൽ ആ യോഗ്യതയില്ലാത്ത ആരെയും നിയമിക്കാൻ സാധിക്കില്ല. 35 വയസ് പൂർത്തിയായ ഒരു ഇന്ത്യൻ പൗരൻ എന്നതാണ് ഗവർണറുടെ യോഗ്യതയെ സംബന്ധിച്ച് ആർട്ടിക്കിൾ 157-ൽ പറയുന്നത്. പക്ഷെ അത് കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റായതുകൊണ്ടാണ് ഇതിലുൾപ്പെടുത്തുന്നത്. അങ്ങ് പറഞ്ഞതിൽ, ഒരാളാണെങ്കിൽ പിന്നെയും പ്രശ്നം വരാം. ബഹുമാന്യനായ അങ്ങും മറ്റുചിലരും ഉന്നയിച്ചിരുന്നത് order of precedence-ന് എതിരാണെന്നാണ്. അന്ന് ഞാൻ പറഞ്ഞിരുന്നത്, order of precedence എന്നുപറഞ്ഞാൽ സ്റ്റാറ്റ്യൂട്ടറി കോൺസ്റ്റിറ്റ്യൂഷന് ബാക്കിംഗ്

ഉള്ളതല്ല എന്നായിരുന്നു. "The order of precedence of the Republic of India is a list in which the functionaries, dignitaries and officials are listed for ceremonial purposes and has no legal standing and does not reflect the Indian presidential line of succession or the co-equal status of the separation of powers under The Constitution of India…." ഇതാണ് order of precedence-ൽ പറഞ്ഞിരിക്കുന്നത്. ഒരു ഗവൺമെന്റ് നടത്തുന്ന ceremonial ഫംഗ്ഷനിൽ ഈ ഓർഡറിലാണ് ഇരിക്കേണ്ടത്. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ സുപ്രീംകോടതി പറഞ്ഞത്, Chancellor is an Officer of the University എന്നാണ്. ആർട്ടിക്കിൾ 163(1) നമുക്കെല്ലാവർക്കും അറിയാം. അതിൽ പറയുന്നത്, ഗവർണർ പ്രവർത്തിക്കേണ്ടത് aid and assistance of the Council of Ministers പ്രകാരമാണ് എന്നാണ്. അത് ചാൻസലർക്ക് ബാധകമല്ല. ആർട്ടിക്കിൾ 361 അനുസരിച്ച് ഗവർണറുടെ ആക്ഷന് പ്രൊട്ടക്ഷനുണ്ട്; എന്നാൽ ചാൻസലറുടെ ആക്ഷനെ ചോദ്യം ചെയ്യാം. അദ്ദേഹം സർവ്വകലാശാലയിൽ ഗവർണറായിട്ടല്ല ചാൻസലറായിട്ടാണ് ഇരിക്കുന്നത്. അതുകൊണ്ട് precedence-ന്റെ വാദം നിൽക്കുന്നതല്ല. പ്ലാനിംഗ് ബോർഡിന്റെ വൈസ്

ചെയർമാൻ പുറത്തുനിന്നുള്ള ഒരാളാണ്. അതിൽ മന്ത്രിമാരാണ് അംഗങ്ങളായിട്ടുള്ളത്. 1957-ൽ ആദ്യമായി പ്ലാനിംഗ് ബോർഡ് രൂപീകരിച്ചപ്പോൾ അന്നത്തെ മന്ത്രിയായിരുന്നു വൈസ് ചെയർമാൻ. നമ്മുടെയെല്ലാം കാലഘട്ടത്തിൽ സാമ്പത്തിക മേഖലയിലെ വിദഗ്ദ്ധരാണ് വൈസ് ചെയർമാനായി വരുന്നത്. ധനകാര്യ/റവന്യൂ വകുപ്പുമന്ത്രിമാർ പ്ലാനിംഗ് ബോർഡിന്റെ അംഗങ്ങളാണ്. അവരെല്ലാം വൈസ് ചെയർമാന്റെ താഴെയാണ് വരുന്നത്. ചെയർമാൻ മുഖ്യമന്ത്രിയാണ്, പക്ഷെ വൈസ് ചെയർമാന് താഴെയാണ് അംഗങ്ങളുടെ സ്ഥാനം. അല്ലെങ്കിൽ അങ്ങനെയൊരു പോസ്റ്റ് വരില്ല. അങ്ങ് പറഞ്ഞ പരിഹാരമാർഗ്ഗം നടപ്പാക്കാൻ നോക്കിയിട്ട് ഒരുരക്ഷയും കാണുന്നില്ല. ഹൈക്കോടതി ജഡ്ജിയെ കൊണ്ടുവന്നാൽ പ്രോട്ടോക്കോൾ പ്രശ്നത്തിന് പരിഹാരമാകുമെന്നാണ് അങ്ങ് പറഞ്ഞത്. Order of precedence-ന്റെ position പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:

1) President

2) Vice- President

3) Prime Minister

4) Governors of States

5) Former Presidents

5A) Deputy Prime Minister

6) Chief Justice of India; Speaker of the Lok Sabha

7) Cabinet Ministers of the Union;.... എന്നിങ്ങനെ നീളുന്നു. ഇതിൽ അവസാനമായി വന്നതിൽ 26 അംഗങ്ങളുണ്ട്. ഒരു കാറ്റഗറിയിൽ ഒന്നിലധികം ആളുകളും ഉൾപ്പെടുന്നുണ്ട്. ഇതിലൊന്നും റിട്ടയേർഡ് ജഡ്ജിയില്ല. 26 സ്ഥാനങ്ങൾ പറഞ്ഞിട്ടുള്ളതിൽ ഒന്നിൽപോലും റിട്ടയേർഡ് ജഡ്ജിക്ക് സ്ഥാനം ലഭിച്ചിട്ടില്ല. അതിനാൽ എങ്ങനെയാണ് ആ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നത്? അങ്ങ് നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് പറഞ്ഞതെങ്കിലും സർവ്വകലാശാലകൾക്ക് ധൈഷണിക നേതൃത്വം നൽകുന്ന ആളുകളുണ്ട്. കലാമണ്ഡലം സർവ്വകലാശാലയിൽ ചാൻസലർ നിയമനത്തിന് ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജിക്കാണോ ശ്രീമതി മല്ലികാ സാരാഭായിക്കാണോ ലോകത്താകെ മികവ് ലഭിക്കുന്നത്. ഹൈക്കോടതി/ സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജിയെക്കാളും കലാമണ്ഡലത്തിൽ ശ്രീമതി മല്ലികാ സാരാഭായിക്കായിരിക്കും മികവ് ലഭിക്കുന്നത്. നമ്മൾ

ഉദ്ദേശിക്കുന്നത് അത്തരത്തിലുള്ള വിദഗ്ദ്ധരെയാണ്. അങ്ങ് പറഞ്ഞ രണ്ടാമത്തെ ഭാഗം പ്രസക്തമാണ്. സെലക്ഷന് ഒരു സംവിധാനമായിക്കൂടേ എന്ന ക്രിയാത്മകമായ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ആ നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇതിലെ മാതൃകകൾ പിന്തുടരാമെന്ന് അദ്ദേഹം പറഞ്ഞു. ലോക്ആയുക്ത, സെൻട്രൽ വിജിലൻസ് കമ്മീഷൻ തുടങ്ങിയവയിലെ മാതൃക നമുക്ക് പിന്തുടരാം. ചാൻസലറെ തെരഞ്ഞെടുക്കാൻ ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന സമിതി വേണമെന്നുള്ളതാണ് നിങ്ങളുടെ ഭേദഗതി. ഇവിടെ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഒന്ന്, സാധാരണഗതിയിൽ കൺസൾട്ടേഷനില്ലാതെ ചീഫ് ജസ്റ്റിസിനെ ചുമതലയേൽപ്പിക്കാൻ കഴിയില്ല. രണ്ട്, ആർട്ടിക്കിൾ 200-ന്റെ അവസാനം ഹൈക്കോടതിയുമായി ബന്ധപ്പെട്ടതാണെങ്കിൽ അവിടേയ്ക്ക് അയയ്ക്കേണ്ടതാണെന്ന് പറയുന്നുണ്ട്. ഹൈക്കോടതിയുടെ പവർ കുറയ്ക്കാനാണെന്ന് പറയുന്നുണ്ടെങ്കിലും ആ ഭാഗം മാത്രമാണ് ആർട്ടിക്കിൾ 200-ന്റെ അവസാനമുള്ളത്. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്. ഇത് പ്രായോഗികമായി പരിശോധിച്ചാൽ,

ബഹുമാന്യരായ ഹൈക്കോടതി ചീഫ് ജസ്റ്റിസും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചേർന്ന് ഒരു പേര് അംഗീകരിക്കുമ്പോൾ, ഞാൻ ഇതിനേക്കാൾ യോഗ്യനാണെന്ന് കരുതുന്ന ഏതൊരാൾക്കും, 'ഇതിനേക്കാൾ യോഗ്യതയുള്ളതിനാൽ എന്നെ ചാൻസലറാക്കേണ്ടതാണ് എന്നുപറഞ്ഞ് റിട്ട് ജ്യൂറിസ്ഡിക്ഷൻ അനുസരിച്ച് ഏത് കോടതിയിലും പോകാവുന്നതാണ്. ഈ കേസ് ഹൈക്കോടതിയിലെത്തിയാൽ അതിന്റെ സ്ഥിതി എന്തായിരിക്കും? Approved by the Chief Justice of High Court, അത് ചോദ്യം ചെയ്യാൻ കഴിയുമോ? ഇവിടെ സ്വാഭാവികമായും പ്രായോഗിക പ്രതിസന്ധി സൃഷ്ടിക്കും. മറ്റൊരു സാഹചര്യം നോക്കാം. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരു പേരിനോട് യോജിക്കുകയും ചീഫ് ജസ്റ്റിസ് വിയോജിക്കുകയും കോടതിയിൽ ആ കേസ് പോകുകയും ചെയ്താൽ വലിയ പ്രായോഗിക പ്രശ്നങ്ങളുണ്ടാകും. ഇന്ത്യയിൽ ലോക്പാലിൽ ഭൂരിപക്ഷം ഇതാണെങ്കിലും അവിടെ മാത്രമാണ് ഒരു വ്യത്യാസമുള്ളത്, പക്ഷേ ഭൂരിപക്ഷം വേറെയാണ്. ലോക്ആയുക്തയിൽ ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, സ്പീക്കർ എന്നിവരാണ് അംഗങ്ങൾ. സെൻട്രൽ വിജിലൻസ് കമ്മീഷനിൽ പ്രധാനമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി,

പ്രതിപക്ഷനേതാവ് എന്നിവരും സെൻട്രൽ ഇൻഫർമേഷൻ കമ്മീഷനിൽ പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, പ്രധാനമന്ത്രി ശിപാർശ ചെയ്യുന്ന ഒരു കേന്ദ്രമന്ത്രി എന്നിവരും മനുഷ്യാവകാശ കമ്മീഷനിൽ പ്രധാനമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരുമാണ് അംഗങ്ങൾ. കേരള ലോക്ആയുക്തയിലും ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, സ്പീക്കർ എന്നിവരാണ് അംഗങ്ങൾ. മനുഷ്യാവകാശ കമ്മീഷനിൽ കഴിഞ്ഞ ദിവസം യോഗം ചേർന്നു. അവിടെയും ഇതുപോലെതന്നെയാണ്. മറ്റ് കാര്യങ്ങൾക്ക് പ്രായോഗിക പരിമിതികളുണ്ട്. പിന്നീട് അത് നിയമപരമായും വേണമെങ്കിൽ ഒറ്റ കെയർഓഫിൽ വ്യാഖ്യാനിക്കാനിടയുണ്ട്. പ്രീസിഡൻസിനും മാറ്റമുണ്ടാകുന്നതല്ല. ഈ മാതൃക സ്വീകരിക്കാമെന്ന് അങ്ങും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും പറഞ്ഞു, അത് ഞങ്ങൾ സ്വീകരിക്കാം. ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, സ്പീക്കർ എന്നിവരെയാണ് അംഗങ്ങളായി നിർദ്ദേശിക്കുന്നത്. സ്പീക്കറെ നിഷ്പക്ഷമായാണ് കാണുന്നത്. അതുകൊണ്ട് ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, സ്പീക്കർ എന്നിവരടങ്ങുന്ന സമിതി ശിപാർശ ചെയ്യുന്ന ഒരു വ്യക്തിയെ ചാൻസലറായി നിയമിക്കാം.

ശരിയായ ജനാധിപത്യത്തിന്റെ ഉള്ളടക്കം അതിൽ പ്രതിഫലിക്കുന്നുണ്ട്. നമ്മൾ പ്രതിപക്ഷത്ത് ഇരിക്കേണ്ടവരാണോ ഭരണപക്ഷത്ത് ഇക്കേണ്ടവരാണോയെന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. നിങ്ങൾ ഭരണത്തിൽ വന്നാലും ഈ സംവിധാനം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിന് കഴിയുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾക്ക് മുൻകയ്യെടുത്തതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പ്രായോഗികമായ ഈ ബുദ്ധിമുട്ട് പ്രതിപക്ഷവും മനസ്സിലാക്കണം. നമുക്ക് ഒന്നിച്ച് ഈ ഉള്ളടക്കത്തോടുകൂടി ഇത് അംഗീകരിക്കാമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങളുടെ പ്രധാനപ്പെട്ട പ്രശ്നം ഗവർണറെ മാറ്റുന്നതല്ല. ചാൻസലറെ മാറ്റിവരുന്ന ബില്ലിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഗവർണറെ മാറ്റുന്ന ഘടകമല്ല ഞങ്ങളെ ബാധിക്കുന്നതെന്ന് ആദ്യമേ പറഞ്ഞു. ഇതിൽ ചാൻസലറെ നിയമിക്കാനുള്ള അവകാശം പൂർണ്ണമായും ഗവണ്മെന്റിലേയ്ക്ക് പോകുകയാണ്. ഇഷ്ടമുള്ള വ്യക്തിയെ ചാൻസലറാക്കുന്നതിനുള്ള അവകാശമാണുണ്ടാകുന്നത്. അതാണ് ഞങ്ങളുടെ ബദൽ നിർദ്ദേശത്തിന്റെ പ്രധാനപ്പെട്ട ഭാഗം. അങ്ങ് പറഞ്ഞതുപോലെ, ചാൻസലറെ തെരഞ്ഞെടുക്കാനുള്ള സമിതിയുടെ

ഘടനയിൽ ചീഫ് ജസ്റ്റിസിനുപകരം സ്പീക്കറെ ഉൾപ്പെടുത്താമെന്നുള്ള നിർദ്ദേശത്തെ ഒരു കണ്ടീഷന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ സ്വാഗതം ചെയ്യാം. ചാൻസലറായി നിയമിക്കപ്പെടുന്നയാൾ സുപ്രീംകോടതിയിൽനിന്നും വിരമിച്ച ജഡ്ജിയോ വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസോ ആയിരിക്കണമെന്നുള്ള നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. അത് സ്വീകാര്യമാണോ? .....(ബഹളം).....

Mr. Speaker: Let him complete.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് പറയാനുള്ളത് ഞാൻ പറയും. ഇവിടെ ചർച്ച നടക്കുകയല്ലേ; ചാൻസലർമാരെ നിയമിക്കാനുള്ള അവകാശം പൂർണ്ണമായും സർക്കാരിന് കൈവന്നാൽ സർക്കാർ അത് മാർക്സിസ്റ്റുവൽക്കരിക്കുമെന്ന് പ്രതിപക്ഷം ഭയപ്പെടുന്നു. സംഘിവത്കരണം പോലെ മാർക്സിസ്റ്റുവൽക്കരണത്തെയും പ്രതിപക്ഷവും ജനാധിപത്യ കേരളവും ഭയപ്പെടുന്നു. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ചാൻസലറെ നിയമിക്കുന്നതിനുള്ള സമിതിയിൽ ചീഫ് ജസ്റ്റിസിനെ ഉൾപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ സ്പീക്കറെ ഉൾപ്പെടുത്തുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സ്പീക്കറും

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമുൾപ്പെടുന്ന സമിതിയിൽ പ്രതിപക്ഷനേതാവ് എതിർത്താലും മുഖ്യമന്ത്രി മുന്നോട്ടുവയ്ക്കുന്ന പേര് സ്വാഭാവികമായും സ്പീക്കർക്ക് അംഗീകരിക്കേണ്ടിവരും. അത്തരത്തിലുള്ള തർക്കങ്ങൾ സാധാരണ ഒരു പ്രതിപക്ഷനേതാക്കളും ഉന്നയിക്കാറില്ല, ഒരു പ്രതിപക്ഷനേതാവും ഇത്തരം നിയമനങ്ങളിൽ തർക്കിക്കാറില്ല. സർക്കാരിന് ആഗ്രഹമുള്ള വ്യക്തികളെ ചാൻസലറായി നിയമിക്കാമെന്നുള്ള നില വരാൻ പാടില്ല. അതിനൊരു നിശ്ചിത മാനദണ്ഡം വേണം. സുപ്രീംകോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജിയെയോ വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസിനെയോ ചാൻസലറാക്കുന്നതിന് സർക്കാരിന് എന്ത് തടസ്സമാണുള്ളത്; ഇതിൽ എന്താണ് പ്രശ്നം? ഗവർണർ ചാൻസലറായിരുന്ന സ്ഥാനത്തേയ്ക്കല്ലേ നിയമിക്കുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് സാങ്കേതിക സർവ്വകലാശാലയിലെ വിധിയിൽ ഇടപെടുകയും രണ്ട് പാരഗ്രാഫ് താൽക്കാലികമായി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. സെർച്ച് കമ്മിറ്റിയിൽ ഉടൻതന്നെ ആളെക്കൊടുക്കാൻ ചാൻസലറോട് ആവശ്യപ്പെട്ടു. അത് യു.ജി.സി. ചട്ടങ്ങൾക്ക് എതിരാണ്, യു.ജി.സി.-യിൽ ഇല്ലാത്തൊരു

ഇന്റർപ്രട്ടേഷനാണ് നൽകിയത്. പുതിയ യു.ജി.സി. റെഗുലേഷനിൽ ചാൻസലറുടെ പ്രതിനിധി നിർബന്ധമല്ല. നമ്മൾ കഴിഞ്ഞ തവണ ചർച്ച ചെയ്തതാണത്. യു.ജി.സി.-യിൽ മൂന്നോ അഞ്ചോ അംഗമാകാം എന്നതാണ് വ്യവസ്ഥ. അതിൽ ഹൈക്കോടതി ചില നിരീക്ഷണങ്ങൾ നടത്തി. 'ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്ക് സർവ്വകലാശാലയുടെ കാര്യത്തിൽ ഒരു റോളുമില്ലെന്ന് എങ്ങനെ പറയാൻ കഴിയും, തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകൾക്കും സെനറ്റുകൾക്കും ഈ ഡെമോക്രാറ്റിക് പൊളിറ്റിക്സിൽ ഇടപെടാൻ കഴിയില്ലെന്ന് എങ്ങനെ പറയാൻ കഴിയും' എന്നൊരു ഒബ്സർവേഷൻ വാക്കാൽ നടത്തിയിട്ടുണ്ട്. അങ്ങ് ഇരുകൈകളും നീട്ടി സ്വാഗതം ചെയ്യുമെന്നാണ് യഥാർത്ഥത്തിൽ ഞാൻ കരുതിയത്. തർക്കിക്കാനായി ഏതുപോയിന്റും പറയാവുന്നതാണ്. ബഹുമാന്യരായ പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇവിടെ നിങ്ങൾ നടത്തുന്ന വാദങ്ങളിൽ ഒരു പ്ലസും ഇല്ല. കാരണം പ്രോട്ടോക്കോൾ ആണ് ആദ്യം പറഞ്ഞത്. അതിലെങ്ങും ഇവർ വരുന്നില്ല. ഒരു സർവ്വകലാശാലയുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ ധൈഷണിക കേന്ദ്രത്തിന് ദിശ നൽകാൻ കഴിയുന്ന അസാധാരണമായ

കഴിവ് വിരമിച്ച ജഡ്ജിമാർക്ക് ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. അവർക്ക് അവരുടേതായ പദവിയുണ്ട്. അത് മാറുമ്പോൾ അതിനനുസരിച്ചാണ് എടുക്കേണ്ടത്. ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ സംബന്ധിച്ച് അങ്ങുതന്നെ പറഞ്ഞതാണ്. ഒരു ജഡ്ജിയാണോ അവിടെ ചാൻസലറായി വരേണ്ടത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചാൻസലറുടെയും വൈസ് ചാൻസലറുടെയും റോൾ ഡിഫൈൻ ചെയ്തിട്ടുണ്ടല്ലോ. അതിൽ യൂണിവേഴ്സിറ്റിയുടെ ദൈനംദിന ഭരണകാര്യങ്ങളിൽ എന്ത് റോളാണ് ചാൻസലർക്കുള്ളത്; വി.സി. അല്ലേ മുഴുവൻ കാര്യങ്ങളും നടത്തുന്നത്? അത് ബോധപൂർവ്വം ഒഴിവാക്കുന്നതിന് നടത്തുന്ന വാദമല്ലേ ഇത്?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പരിണിതപ്രജ്ഞനായ ഒരു നിയമസഭാംഗമല്ലേ? ഇതെല്ലാം ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. വൈസ്-ചാൻസലർക്കാണ് ദൈനംദിന ഭരണകാര്യങ്ങളിൽ റോളുള്ളത്, ചാൻസലർ ദിശാബോധം നൽകേണ്ടതാണ് എന്നെല്ലാം ഇവിടെ പറഞ്ഞതാണ്. ഇപ്പോഴും അതുതന്നെയാണ് ഞാൻ പറയുന്നത്. മലയാളം സർവ്വകലാശാലയ്ക്ക് സാങ്കേതിക വിദഗ്ദ്ധരെ വയ്ക്കാൻ പ്രതിപക്ഷത്തിന്

സാധിക്കുമോ? തർക്കിക്കേണ്ട ഭാഗം കഴിഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ നമ്മൾ സ്റ്റേറ്റ്മാൻഷിപ്പാണ് കാണിക്കേണ്ടത്. ലോക്ആയുക്തയെ പ്രതിപക്ഷനേതാവും സ്പീക്കറും മുഖ്യമന്ത്രിയും ചേർന്നല്ലേ നിയമിക്കുന്നത്. ആളെ കിട്ടാഞ്ഞിട്ടാണോ ഞങ്ങളും നിങ്ങളും ചേർന്ന് ആളെ നിയമിച്ചത്. അങ്ങ് അല്ലെങ്കിൽ മുൻ പ്രതിപക്ഷനേതാവായിരിക്കും. ഞങ്ങളുടെ ആളാണോ അവിടെ വന്നത്? അദ്ദേഹം ആ ചുമതല വഹിച്ചിരുന്ന ആളാണ്. നമുക്ക് കിട്ടാവുന്നതിൽവച്ച് നല്ലൊരാൾ. ചില കാര്യങ്ങളിൽ ചിലപ്പോൾ വിയോജിപ്പുണ്ടായെന്ന് വരും. വിധിയോടാണ്, വ്യക്തിയോടല്ല. ആ വിധി ശരിയാണോ തെറ്റാണോയെന്ന കാര്യം വേറെയാണ്. പക്ഷേ, നിങ്ങളുമായി ആലോചിച്ച് യോജിപ്പോടുകൂടി ഒരു പേരിലേയ്ക്കെത്തി. ഞങ്ങൾ മാർക്സിസ്റ്റ്വൽക്കരണമാണോ നടത്തിയത്; കേരളത്തിൽ വേറെ ആളില്ലാഞ്ഞിട്ടാണോ; നല്ലൊരാൾ എന്ന നിലയിൽ അദ്ദേഹത്തെ നിയമിച്ചു. വിജിലൻസ് കമ്മീഷണറായി നിയമിക്കുന്നത് മോശപ്പെട്ടയാളെയല്ലല്ലോ; കഴിഞ്ഞ ദിവസം മനുഷ്യാവകാശ കമ്മീഷൻ ചർച്ചചെയ്തില്ലേ; അങ്ങ് അതിനെ പിന്തുണച്ചിട്ടുണ്ടാകുമല്ലോ; ഞങ്ങൾ ഏതെങ്കിലും സംഘിവൽക്കരണം നടത്തിയോ? അങ്ങനെയെന്തെങ്കിലും വന്നാൽ

ജനാധിപത്യത്തിൽ പ്രതിപക്ഷനേതാവിന്റെ ഡിസെന്റ് നോട്ട്, ഇപ്പോൾ ലോകസഭയിൽ ഒരു നിയമനത്തിൽ ഡിസെന്റ് നോട്ടാണ് വളരെ പ്രധാനമായിട്ടെടുത്തത്. പഴയതല്ല, അടുത്തകാലത്ത് വന്ന ഡിസെന്റ് നോട്ട്. ജനാധിപത്യത്തിന്റെ അന്തഃസത്തയെയാണ് നമ്മളെല്ലാം ഉയർത്തിപ്പിടിക്കേണ്ടത്. നല്ല വിദ്യാഭ്യാസ വിചക്ഷണനായതിനാൽ ഇന്നയാൾ ആ സ്ഥാനത്തേയ്ക്ക് യോഗ്യനാണെന്ന് നിങ്ങൾക്ക് പറയാം. ഞങ്ങൾ ജനങ്ങളെ അഭിമുഖീകരിക്കേണ്ടവരല്ലേ; ഞങ്ങളുടെ താൽപ്പര്യത്തിൽ ഒരു യോഗ്യതയുമില്ലാത്ത ഏതെങ്കിലുമൊരാളെ അടിച്ചേൽപ്പിച്ച് കൊണ്ടുവന്നാൽ അങ്ങയുടെ ഡിസെന്റ് നോട്ടായിരിക്കും നക്ഷത്രത്തിളക്കത്തോടുകൂടി നിൽക്കുക. ഞങ്ങൾക്ക് ജനങ്ങളെ അഭിമുഖീകരിക്കേണ്ടേ; നമ്മളെല്ലാം അഞ്ച് വർഷത്തേയ്ക്കല്ലേ ഇവിടെ വരുന്നത്. ജനങ്ങളല്ലേ വിധികർത്താക്കൾ. അതുകൊണ്ട് ഇതൊരു ചരിത്രഘട്ടമായി കാണാം. ഒരു ക്രിയാത്മക നിർദ്ദേശം നിങ്ങൾ വച്ചു. ആ നിർദ്ദേശത്തിന്റെ പ്രായോഗിക പരിമിതി ഞങ്ങൾ ചൂണ്ടിക്കാട്ടി. നമുക്കൊന്നിച്ച്, ഒരുപോലെ കിട്ടാവുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസ വിചക്ഷണർ, എത്രവേണമെന്നുള്ളത് ഇതിന്റെ ഭാഗമായി ആലോചിക്കാം.

ഓരോ നിയമത്തിലും വരുത്തുന്ന ഭേദഗതി മാത്രമാണ്. അതുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ്, യാഥാർത്ഥ്യബോധത്തോടെയും ഉത്തരവാദിത്വത്തോടെയും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നയാൾ എന്ന നിലയിൽ, ആ ചെറിയ ഭാഗം പൂർണ്ണമായി സമ്മതിക്കണം. ഇതിനെ ആ യോജിപ്പോടുകൂടി എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ തന്മയത്വത്തോടുകൂടിയാണ് അവതരിപ്പിക്കുന്നത്. എന്നാൽ അദ്ദേഹം സ്വീകരിക്കുന്നില്ല എന്നുപറയുന്ന ഭാഗമാണ് ഈ ബില്ലിന്റെ കാതൽ. അവിടെയാണ് ഞങ്ങൾ ഭയപ്പെടുന്ന മാർക്സിസ്റ്റ്വൽക്കരണം. പൂർണ്ണമായും സർവ്വകലാശാലകളുടെ സ്വാതന്ത്ര്യത്തെ, ഓട്ടോണമിയെ കൈവശപ്പെടുത്തിക്കൊണ്ട് സർക്കാർ അതിനകത്തേയ്ക്ക് നടത്തുന്ന കടന്നുകയറ്റമാണ്. അവിടെ വെറുതെ പ്രതിപക്ഷനേതാവിനെയും സ്പീക്കറിനെയും കൊണ്ടുപോയി ഇരുത്തുന്നുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ അതിനപ്പുറത്തേയ്ക്ക് യാതൊരു കാര്യവുമില്ല. മാത്രമല്ല, ഒരു ചാൻസലർ ഇരുന്ന സ്ഥലത്ത്, ആ ഭേദഗതി വരുന്ന സമയത്ത് ഒന്നിലധികം ചാൻസലർമാർ വരേണ്ട ഒരാവശ്യവുമില്ല. അതിനോട് ഞങ്ങൾക്ക് ഒരുതരത്തിലും

യോജിക്കാൻ കഴിയില്ല. അതുകൊണ്ടാണ് സുപ്രീംകോടതിയിലെ മുൻ ജഡ്ജിയെയോ സംസ്ഥാനത്തെ മുൻ ചീഫ് ജസ്റ്റിസിനെയോ വയ്ക്കണമെന്നുള്ള വാദത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, നമ്മുടെ മുമ്പിൽ മാതൃകകളുണ്ടായിരുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. ഒന്ന്, കോൺഗ്രസ് സ്വീകരിച്ച മാതൃകയുണ്ടായിരുന്നു. അത് ഗവർണറെ മാറ്റി മുഖ്യമന്ത്രിയെ വച്ചതാണ്. ആ മാതൃക ഞങ്ങൾ സ്വീകരിച്ചില്ല. ഏകപക്ഷീയമായി കൊണ്ടുവരണമെങ്കിൽ, ഞങ്ങൾക്ക് മുഖ്യമന്ത്രിയെ ചാൻസലറായി വയ്ക്കാമല്ലോ; രാജസ്ഥാനിലും മഹാരാഷ്ട്രയിലും നിങ്ങൾ സ്വീകരിച്ച സമീപനമതാണ്. ഞങ്ങൾ അത് എടുത്തില്ല. ഉന്നതവിദ്യാഭ്യാസം ഫോക്കസ് ചെയ്യുമ്പോൾ അതിൽ കുറവുകളൊക്കെയുണ്ടാകും, അതുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന ഏറ്റവും മികച്ച ആളുകളെയാണ് നമ്മൾ കൊണ്ടുവരേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു. അതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഞങ്ങളുടെ കൂട്ടായ അഭിപ്രായവും അതുതന്നെയാണ്. രാജസ്ഥാനിലും മഹാരാഷ്ട്രയിലും നിങ്ങൾ സ്വീകരിച്ച സമീപനം ഞങ്ങളും മുഖ്യമന്ത്രിയും എടുത്തതേയില്ല. ഉന്നത വിദ്യാഭ്യാസ വിചക്ഷണർ എന്നൊരു മാതൃക

ഞങ്ങൾ വച്ചു. കലാമണ്ഡലത്തിൽ, ഇന്ത്യയിൽ വയ്ക്കാൻ കഴിയുന്ന, ഇന്ത്യയിലല്ല ലോകത്ത് വയ്ക്കാൻ കഴിയുന്ന ഏറ്റവും മികച്ച ഒരാളെ ചാൻസലറായി നിയമിച്ചു. MBA, Ph.D, പത്മഭൂഷൺ, ആക്റ്റിവിസ്റ്റ്, നിലപാടുള്ളയാൾ, സെക്യുലറിസ്റ്റ് എന്നീ നിലകളിലുള്ള ഒരാളെ വച്ചു. അതേ മാതൃക, അങ്ങേയ്ക്കുകൂടി പങ്കാളിത്തമുള്ള സംവിധാനം വഴി വയ്ക്കാം. നിങ്ങൾ പറഞ്ഞ ക്രിയാത്മക സമീപനം സ്വീകരിച്ചല്ലോ; ഒരു തർക്കത്തിലേയ്ക്ക് പോകേണ്ട കാര്യമില്ല. ശ്രീമതി മല്ലികാ സാരാഭായിയെക്കാൾ കേരള കലാമണ്ഡലത്തിന്റെ ചാൻസലറായി വയ്ക്കാവുന്ന ഒരു റിട്ടയർഡ് ജഡ്ജിയുടെ പേര് പ്രതിപക്ഷനേതാവ് പറയൂ. ലാ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്. അവിടെയുള്ളത് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസാണ്. അതിൽ മാറ്റമില്ല. കാരണം അവിടെ അദ്ദേഹംതന്നെയാണ് വരേണ്ടത്. അതിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു. നാഷണൽ ലാ യൂണിവേഴ്സിറ്റി വിസിറ്റർ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ അദ്ദേഹം ഡെലിഗേറ്റ് ചെയ്യുന്ന സുപ്രീംകോടതി ജഡ്ജിയെയാണെന്ന് അറിയാമല്ലോ; ബാക്കി സർവ്വകലാശാലകളുടെ കാര്യത്തിൽ യോജിക്കണം. ഏറ്റവും ക്രിയാത്മകമായ നിർദ്ദേശമാണിത്. ഉന്നതവിദ്യാഭ്യാസ രംഗത്ത്

ജനാധിപത്യപരമായ ഒരു ഉള്ളടക്കം കൊണ്ടുവരാൻ ഇത് സഹായകരമായിരിക്കും. അതുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, National University of Advanced Legal Studies (NUALS)-ലെ ചാൻസലർ ചീഫ് ജസ്റ്റിസാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ NUALS-നെ ഒഴിവാക്കിക്കൊണ്ടുള്ള അമെന്റ്മെന്റാണ് പ്രതിപക്ഷം നൽകിയിട്ടുള്ളത്. NUALS ഒഴികെയുള്ള എല്ലാ സർവ്വകലാശാലകളിലും റിട്ടയർ ചെയ്ത സുപ്രീംകോടതി ജഡ്ജിയെയോ റിട്ടയർ ചെയ്ത കേരള ചീഫ് ജസ്റ്റിസിനെയോ വയ്ക്കണമെന്നുള്ള നിർദ്ദേശമാണ് ഞങ്ങൾ വച്ചിരിക്കുന്നത്. കാരണം ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റുമ്പോൾ ആ സ്ഥാനത്തേയ്ക്ക് അതുപോലെ വളരെ പ്രധാനപ്പെട്ട സ്ഥാനങ്ങളിലിരുന്ന ആളുകളാണ് വരേണ്ടത്. സർവ്വകലാശാലകളുടെ ഓട്ടോണമി സംരക്ഷിക്കപ്പെടണം. അതിൽ ഗവണ്മെന്റ് കൈകടത്തരുത്. ഇവിടെ ഗുരുതരമായ പ്രശ്നമെന്നാണ് പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചത്. ചാൻസലർ സ്ഥാനത്തേയ്ക്ക് ഗവണ്മെന്റിന് ഇഷ്ടമുള്ള ആളുകളെ നിയമിക്കാമെന്ന്

വരുന്നതോടുകൂടി ഓരോ സർവ്വകലാശാലകളിലും നടക്കുന്ന ക്രമക്കേടുകൾ, പിൻവാതിൽ നിയമനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയായിപ്പോകും. കേരളത്തിലെ സർവ്വകലാശാലകളുടെ പാരമ്പര്യവും പവിത്രതയും മുഴുവൻ കളങ്കപ്പെടുത്തുന്ന രീതിയിലാകും. പ്രതിപക്ഷത്തിന്റെ ഗൗരവതരമായ നിർദ്ദേശം ഗവണ്മെന്റ് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചും പൂർണ്ണമായ മാർക്സിസ്റ്റ്വൽക്കരണം നടത്തി കേരളത്തിലെ സർവ്വകലാശാലകളിലെ ഓട്ടോണമിയെ കൊല ചെയ്യാൻ വേണ്ടിയുള്ള ഈ തീരുമാനത്തിൽ പ്രതിഷേധിച്ചും ഞങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. പി. രാജീവ്: സർ, ഇത് വളരെ സങ്കുചിതമായ രാഷ്ട്രീയ നിലപാടായി കേരളചരിത്രം വിലയിരുത്തും. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനുള്ള ജനാധിപത്യ ഉള്ളടക്കത്തോടെയുള്ള, നിർദ്ദേശത്തോടുള്ള ഈ നിഷേധാത്മകമായ

സമീപനത്തിന് ചരിത്രം നിങ്ങൾക്ക് മാപ്പ് നൽകില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാത്തതിനാൽ ഭേദഗതി പ്രസ് ചെയ്യപ്പെട്ടില്ല)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

### രണ്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 25-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly- Member."

Dr. N. Jayaraj: Sir, I move the following Amendments

125. Section 25(1) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) for the word " field" , the word " fields" shall be substituted.

126. Section 25(1) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) for the word "of", after the word "field", the word "in" shall be substituted.

142. In section 25 (1A) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2 (a) after the word " hold" , the word " the" shall be inserted.

150. In section 25 (1C) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) the word "an" shall be deleted.

151. In section 25(1C) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) the word "position", after the word "honorary" shall be deleted.

167. In section 25(1E) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) for the word "the", before the word "duties" the word "his" shall be substituted.

168. In section 25(1F) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) after the word "by", the word "an" shall be inserted.

169. In section 25(1F) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) after the word "order" the words "in writing" shall be inserted.

181. In section 25(1G) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a), after the word "or ", the word "of" shall be inserted.

182. In section 25(1G) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a), for the word "good ", the word "valid" shall be substituted.

188. In section 27(11) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(b), for the word " the", after the word "performing ", the word "such" shall be substituted.

193. In section 27(11) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(b) for the word “the”, after the word “which”, the letter “a” shall be substituted.

Shri Thottathil Ravindran: Sir, I move the following Amendment.

170. In section 25(1F) (a) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a) after the word “declared” the words “by a competent court” shall be inserted.

Shri K. V. Sumesh: Sir, I move the following Amendment.

183. In the first proviso to section 25(1G) proposed to be substituted in the Kerala Agricultural University Act, 1971 by Clause 2(a), for the words “ the High ” , the words “ of a High” shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 125, 126, 142, 150, 151, 167, 168, 169, 181, 182, 188, 193 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

196. In section 7(1) proposed to be substituted in the Kerala University Act, 1974 by Clause 3(a) for the word " field" , the word " fields" shall be substituted.

197. In section 7(1) proposed to be substituted in the Kerala University Act, 1974 by Clause 3(a) for the word “ of” , after the word “ field” the word “ in” shall be substituted.

213. In section 7(1A) proposed to be substituted in the Kerala University Act, 1974 by Clause 3 (a) after the word “ hold” , the word “ the” shall be inserted.

219. In section 7(1C) proposed to be substituted in the Kerala University Act, 1974 by Clause 3(a) the word “ an” , shall be deleted.

220. In section 7(1C) proposed to be substituted in the Kerala University Act, 1974 by Clause 3(a) the word “ position” , after the word “ honorary” shall be deleted.

236. In section 7(1E) proposed to be substituted in the Kerala University Act, 1974 by Clause 3(a), for the word “ the” occurring before the word “ duties” , the word “ his” shall be substituted.

237. In section 7(1F) proposed to be substituted in the Kerala University Act, 1974 by Clause 3(a), after the word “ by” the word “ an” shall be inserted.

238. In section 7(1F) proposed to be substituted in the Kerala University Act, 1974 by Clause 3(a), after the word “ order” the words “ in writing” shall be inserted.

251. In section 7(1G) proposed to be substituted in the Kerala University Act, 1974 by Clause 3(a) after the word “ or” the word “ of” shall be inserted.

253. In section 7 (1G) proposed to be substituted in the Kerala University Act, 1974 by Clause 3(a) for the word " good" the word " valid" shall be substituted.

259. In section 10(18) proposed to be substituted in the Kerala University Act, 1974 by Clause 3(b) for the word " the" after the word " performing" the word " such" shall be substituted.

264. In section 10(18) proposed to be substituted in the Kerala University Act, 1974 by Clause 3(b) for the word " the" occuring after the word " which" the letter " a" shall be substituted.

Shri N. K. Akbar: Sir, I move the following amendment.

225. In section 7(1D) proposed to be substituted in the Kerala University Act, 1974 by Clause 3(a), for the words " submit resignation in writing" , the words and symbol " resign from the post, writing in his own hand" shall be substituted.

Shri K. Ansalan: Sir, I move the following amendment.

239. In section 7(1F)(a) proposed to be substituted in the Kerala University Act, 1974 by Clause 3(a), after the word " declared" , the words " by a competent court" shall be inserted.

Shri Antony John: Sir, I move the following amendment.

250. In section 7(1G), proposed to be substituted in the Kerala University Act, 1974 by Clause 3(a) for the words " or any" the words " or for any" shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendment.

265. Section 10(18) proposed to be substituted in the Kerala University Act, 1974 by Clause 3(b) shall be recast as follows:-

" (18) In the event of Vice-Chancellor is not able to exercise his powers and perform his duties owing to absence on leave or illness or for any other reasons the Chancellor shall, in consultation with Pro-Chancellor, make necessary alternate arrangement till the Vice-Chancellor resumes office."

മി. സ്പീക്കർ: 252-ാം നമ്പർ ഭേദഗതി 251-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 196, 197, 213, 219, 220, 236, 237, 238, 251, 253, 259, 264 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

267. In section 7(1) proposed to be substituted in the Calicut University Act, 1975 by Clause 4(a) for the word " field" the word " fields" shall be substituted.

268. In section 7(1) proposed to be substituted in the Calicut University Act, 1975 by Clause 4(a) for the word " of" occurring after the word " field" the word " in" shall be substituted.

278. In section 7(1A) proposed to be substituted in the Calicut University Act, 1975 by Clause 4(a) after the word " hold" the word " the" shall be inserted.

284. In section 7(1C) proposed to be substituted in the Calicut University Act, 1975 by Clause 4(a), the word " an" shall be deleted.

285. In section 7(1C) proposed to be substituted in the Calicut University Act, 1975 by Clause 4(a), the word " position" occurring after the word " honorary" shall be deleted.

297. In section 7(1E) proposed to be substituted in the Calicut University Act, 1975 by Clause 4(a) for the word " the" occurring before the word " duties" , the word " his" shall be substituted.

298. In section 7(1F) proposed to be substituted in the Calicut University Act, 1975 by Clause 4(a) after the word " by" the word " an" shall be inserted.

299. In section 7(1F) proposed to be substituted in the Calicut University Act, 1975 by Clause 4(a) after the word " order" the words " in writing" shall be inserted.

303. In section 7(1G) proposed to be substituted in the Calicut University Act, 1975 by Clause 4(a), after the word " or" the word " of" shall be inserted.

304. In section 7(1G) proposed to be substituted in the Calicut University Act, 1975 by Clause 4(a), for the word " good" the word " valid" shall be substituted.

305. In the first proviso to section 7(1G) proposed to be substituted in the Calicut University Act, 1975 by Clause 4(a), after the word " or" the word " of" shall be inserted.

311. In section 10(18) proposed to be substituted in the Calicut University Act, 1971, by Clause 4(b) for the word " the" , after the word " performing" , the word " such" shall be substituted.

312. In section 10(18) proposed to be substituted in the Calicut University Act, 1971, by Clause 4(b) for the word " the" , after the word " which" , the letter " a" shall be substituted.

Shri K. Babu (Nenmara): Sir, I move the following Amendment.

286. In section 7(1D) proposed to be substituted in the Calicut University Act, 1975 by Clause 4(a), for the words " submit resignation in writing" the words and symbol

“ resign from the post, writing in his own hand” shall be substituted.

Shri P. P. Chitharanjan: Sir, I move the following amendment.

296. In section 7(1E) proposed to be substituted in the Calicut University Act, 1975 by Clause 4(a) for the words “ him from” the words “ him of” shall be substituted.

Shri K. U. Jenish Kumar: Sir, I move the following amendment.

302. In section 7(1G) proposed to be substituted in the Calicut University Act, 1975 by Clause 4(a), for the words “ or any” the words “ or for any” shall be substituted.

Smt. K. K. Shailaja Teacher: Sir, I move the following amendment.

313. In section 10(18) proposed to be substituted in the Calicut University Act, 1975, by Clause 4(b) shall be recast as follows:-

“ (18) In the event of Vice-Chancellor is not able to exercise his powers and reform his duties owing to absence on leave or illness or for any other reasons the Chancellor shall, in consultation with Pro-Chancellor, make necessary alternate arrangement till the Vice-Chancellor resumes office.”

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 267, 268, 278, 284, 285, 297, 298, 299, 303, 304, 305, 311, 312 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

315. In section 7(1) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 5(a) for the word " field" , the word " fields" shall be substituted.

316. In section 7(1) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 5(a) for the word " of" , after the word " field" the word " in" shall be substituted.

325. In section 7(1A) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a), after the word " hold" , the word " the" shall be inserted.

331. In section 7 (1C) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a), the word " an" shall be deleted.

332. In section 7 (1C) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a), the word " position" occurring after the word " honorary" shall be deleted.

344. In section 7(1E) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) for the word

"the", before the word "duties", the word "his" shall be substituted.

345. In section 7(1F) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) after the word "by", the word "an" shall be inserted.

346. In section 7(1F) to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) after the word "order", the words "in writing" shall be inserted.

352. In section 7(1G) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) after the word "or", the word "of" shall be inserted.

353. In section 7(1G) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) for the word "good", the word "valid" shall be substituted.

354. In the first proviso to section 7(1G) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) after the word "or", the word "of" shall be inserted.

356. In section 10(24) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 5(b) for the word "the", after the word "performing", the word "such" shall be substituted.

361. In section 10(24) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(b) for the word "the", after the word "which", the letter "a" shall be substituted.

Shri O. R. Kelu: Sir, I move the following amendment.

347. In section 7(1F) (a) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) after the word " declared" , the words " by a competent court" shall be inserted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment.

355. In the first proviso to section 7(1G) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 5(a) for the words " the High" , the word " of a High" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 315, 316, 325, 331, 332, 344, 345, 346, 352, 353, 354, 356, 361 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

364. In section 8(1) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the word " field" the word " fields" shall be substituted.

365. In section 8(1) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the word " of" after the word " field" the word " in" shall be substituted.

373. In section 8(1A) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), after the word " hold" the word " the" shall be inserted.

375. In section 8 (IC) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), the word " an" shall be deleted.

376. In section 8 (IC) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), the word " position" occurring after the word " honorary" shall be deleted.

392. In section 8(1E) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the word " the" occurring before the word " duties" the word " his" shall be substituted.

393. In section 8(1F) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), after the word "by", the word "an" shall be inserted.

394. In section 8(1F) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), after the word "order", the words "in writing" shall be inserted.

398. In section 8(1G) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), after the word "or", the word "of" shall be inserted.

400. In section 8(1G) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the word "good", the word "valid" shall be substituted.

402. In section 24(6) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(b) for the word " the" occurring after the word " performing" the word" such" shall be substituted.

407. In section 24(6) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(b) for the word "the" occurring after the word "which" the letter "a" shall be substituted.

Shri T. I. Madhusoodanan: Sir, I move the following amendment.

385. In section 8(1D) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the words " submit resignation in writing" , the words and symbol " resign from the post, writing in his own hand" shall be substituted.

Shri P. Mammikutty: Sir, I move the following amendment.

391. In section 8(1E) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the words " him from" , the words " him of" shall be substituted.

Shri K. J. Maxy: Sir, I move the following amendment.

399. In section 8(1G) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(a), for the word " any" , the words " for any" shall be substituted.

Dr. K. T. Jaleel: Sir, I move the following amendment.

408. Section 24(6) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by Clause 6(b) shall be recast as follows:-

" (6) In the event of Vice-Chancellor is not able to exercise his powers and perform his duties owing to absence on leave or illness or for any other reasons the Chancellor shall, in consultation with Pro-Chancellor, make necessary alternate arrangement till the Vice-Chancellor resumes office."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 364, 365, 373, 375, 376, 392, 393, 394, 398, 400, 402, 407 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 408-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member.”

Dr. N. Jayaraj: Sir, I move the following amendments.

410. In section 7(1) proposed to be substituted in the Kannur University Act, 1996 by Clause 7(a) for the words " field" the words " fields" shall be substituted.

411. In section 7(1) proposed to be substituted in the Kannur University Act, 1996 by Clause 7(a), for the word " of" , the word " in" shall be substituted.

420. In section 7(1A) proposed to be substituted in the Kannur University Act, 1996 by Clause 7(a), after the word " hold" the word " the" shall be inserted.

426. In section 7(1C) proposed to be substituted in the Kannur University Act, 1996 by Clause 7(a) the word " an" , shall be deleted.

427. In section 7(1C) proposed to be substituted in the Kannur University Act, 1996 by Clause 7(a) the word " position" , after the word " honorary" shall be deleted.

439. In section 7(1E) proposed to be substituted in the Kannur University Act, 1996 by Clause 7(a), for the word " the" before the word " duties" , the word " his" shall be substituted.

440. In section 7(1F) proposed to be substituted in the Kannur University Act, 1996 by Clause 7(a), after the word " by" the word " an" shall be inserted.

441. In section 7(1F) proposed to be substituted in the Kannur University Act, 1996 by Clause 7(a), after the word

"order", the words "in writing" shall be inserted.

447. In section 7(1G) proposed to be substituted in the Kannur University Act, 1996 by Clause 7(a), after the word "or", the word "of" shall be inserted.

448. In section 7(1G) proposed to be substituted in the Kannur University Act, 1996 by Clause 7(a), for the word "good", the word "valid" shall be substituted.

449. In the first proviso to section 7(1G) proposed to be substituted in the Kannur University Act, 1996 by Clause 7(a), after the word "or", the words "of" shall be inserted.

451. In section 12(1) proposed to be substituted in the Kannur University Act, 1996 by Clause 7(b), for the word "the", after the word "performing", the word "such" shall be substituted.

456. In section 12(1) proposed to be substituted in the Kannur University Act, 1996 by Clause 7(b), for the word "the", after the word "which", the letter "a" shall be substituted.

Shri D. K. Murali: Sir, I move the following amendment.

428. In section 7(1D) proposed to be substituted in the Kannur University Act, 1996 by Clause 7(a) for the words "submit resignation in writing", the words and symbol

" resign from the post, writing in his own hand" shall be substituted.

Shri V. K. Prasanth: Sir, I move the following amendment.

450. In the first proviso to section 7(1G) proposed to be substituted in the Kannur University Act, 1996 by Clause 7(a), for the words " the High" , the word " of a High" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 410, 411, 420, 426, 427, 439, 440, 441, 447, 448, 449, 451, 456 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**എട്ടാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 9-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public

administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

458. In section 9(1) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the word " field" , the word " fields" shall be substituted.

459. In section 9(1) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the word " of" , after the word " field" , the word " in" shall be substituted.

468. In Section 9 (1A) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a) after the word " hold" the word " the" shall be inserted.

473. In section 9(1C) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), the word " an" shall be deleted.

474. In section 9(1C) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause

8(a), the word " position" occurring after the word " honorary" shall be deleted.

485. In section 9 (1E) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), the word " the " , before the word " duties" , the word " his" shall be substituted.

486. In section 9(1F) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), after the word " by " , the word " an" shall be inserted.

487. In section 9(1F) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), after the word " order" the words " in writing" shall be inserted.

492. In section 9(1G) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), after the word " or" , the words" of" shall be inserted.

493. In section 9(1G) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the word " good" the word " valid" shall be substituted.

494. In the first proviso to section 9(1G) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a) after the word " or" the word " of" shall be inserted.

496. In section 12(10) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(b), for the word " the" after the word " performing", the word " such" shall be substituted.

501. In section 12(10) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(b), for the word " the", occuring after the word " which", the letter " a" shall be substituted.

Smt. U. Prathibha: Sir, I move the following amendment.

479. In section 9(1D) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the words " submit resignation in writing", the words and symbol " resign from the post, writing in his own hand" shall be substituted.

Shri K. Premkumar: Sir, I move the following Amendment.

484. In section 9 (1E) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the words " him from ", the words " him of" shall be substituted.

Shri P. T. A. Rahim: Sir, I move the following amendment.

488. In section 9(1F)(a) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), after the word " declared", the words " by a competent court" shall be inserted.

Shri M. Rajagopalan: Sir, I move the following amendment.

491. In section 9(1G) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a), for the words " or any" , the words " or for any" shall be substitued.

Shri A. Raja: Sir, I move the following amendment.

495. In the first proviso to section 9(1G) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(a) for the words " the High" the words " of a High" shall be substituted.

Shri P. Nandakumar: Sir, I move the following amendment.

502. In section 12(10) proposed to be substituted in the Kerala Veterinary and Animal Sciences University Act, 2010 by Clause 8(b), shall be recast as follows:-

" (10) In the event of Vice-Chancellor is not able to exercise his powers and perform his duties owing to absence on leave or illness or for any other reasons the Chancellor shall, in consultation with Pro-Chancellor, make necessary alternate arrangement till the Vice-Chancellor resumes office."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 458, 459, 468, 473, 474, 485, 486, 487, 492, 493, 494, 496, 501 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 484-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒൻപതാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social

science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly-Member; and

(iii) The Leader of Opposition, Kerala Legislative Assembly-Member."

Dr. N. Jayaraj: Sir, I move the following amendments.

503. In section 7(1) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), for the word " field" the word " fields" shall be substituted.

504. In section 7(1) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), for the word " of" occurring after the word " field" the word " in" shall be substituted.

511. In section 7(1A) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), after the word " hold" , the word " the" shall be inserted.

517. In section 7(1C) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9 (a), the word “ an” occurring before the word “ honorary” shall be deleted.

518. In section 7(1C) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9 (a), the word “ position” occurring after the word “ honorary” shall be deleted.

529. In section 7(1E) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), for the word “ the” , occurring before the word “ duties” , the word “ his” shall be substituted.

530. In section 7(1F) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), after the word “ by” , the word “ an” shall be inserted.

531. In section 7(1F) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), after the word “ order” , the words “ in writing” shall be inserted.

534. In section 7(1G) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), after the word “ or” , the word “ of” shall be inserted.

535. In section 7(1G) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a),for the word “ good” , the word “ valid” shall be substituted.

536. In the first proviso of Section 7(1G) proposed to be substituted in the Kerala University of Health Science Act, 2010 by Clause 9(a), after the word “ or” , the word “ of ” shall be inserted.

538. Clause 9(b)(i) shall be recast as follows:-
“ (i) Clause (iii) of sub-section(6) shall be omitted and the remaining Clauses shall be renumbered;-”

539. In section 10(6A) proposed to be inserted in the Kerala University of Health Science Act, 2010 by Clause 9(b)(ii),for the word “ the” , after the word “ performing ” , the word “ such” shall be substituted.

544. In section 10 (6A) proposed to be inserted in the Kerala University of health Sciences Act, 2010 by clause 9(b)(ii) for the word “ the” , after the word “ which” , the letter “ a” shall be substituted.

Shri. H. Salam: Sir, I move the following amendment.

532. In section 7(1F) (a) proposed to be substituted in the Kerala University of Health Sciences Act, 2010 by Clause 9(a), after the word “ declared” , the words “ by a competent court” shall be inserted.

Shri G. Steephen: Sir, I move the following amendment.

537. In the first proviso to Section 7(1G) proposed to be substituted in the Kerala University of Health Science Act, 2010 by

Clause 9(a), for the words " the High" , the words " of a High" shall be inserted.

Shri M. Vijin : Sir, I move the following amendment.

545. Section 10(6A) proposed to be inserted in the Kerala University of health Sciences Act, 2010 by clause 9(b)(ii) shall be recast as follows:
" (6A) In the event of Vice-Chancellor is not able to exercise his powers and perform his duties owing to absence on leave or illness or for any other reasons the Chancellor shall, in consultation with Pro-Chancellor, make necessary alternate arrangement till the Vice-Chancellor resumes office" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 503, 504, 511, 517, 518, 529, 530, 531, 534, 535, 536, 538, 539, 544 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഒന്നാം വകുപ്പും പീഠികയും പേരും

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

**രണ്ടാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന

അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(i) മുഖ്യമന്ത്രി-ചെയർപേഴ്സൺ

(ii) സ്പീക്കർ, കേരള നിയമസഭ- അംഗം;

(iii)പ്രതിപക്ഷ നേതാവ്, കേരള നിയമസഭ-അംഗം."

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "സാങ്കേതികശാസ്ത്രം" എന്നതിന് ശേഷം "സാങ്കേതികശാസ്ത്ര നൂതന വിദ്യ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) ചുവടെപറയും പ്രകാരം മാറ്റുക

" (1) സർക്കാർ ലബ്ധപ്രതിഷ്ഠനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും മൃഗശാസ്ത്രവും മൃഗചികിത്സ ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവികവിഷയങ്ങൾ, സാഹിത്യം, കല,

സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ് "

209. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

" (1 എഫ്) സർക്കാരിന്, ഉത്തരവ് മുഖേന, ചാൻസലറെ,

(എ) ഒരു കോടതി, കടം വീട്ടാൻ കഴിവില്ലാത്തതായി പ്രഖ്യാപിക്കുകയോ;അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം കർത്തവ്യനിർവ്വഹണത്തിന് അശക്തരായിത്തീരുകയോ;അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു കോടതി തടവുശിക്ഷയ്ക്ക് വിധിക്കുകയോ;

ചെയ്യുന്ന പക്ഷം ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്"

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എ)-ൽ " അയാൾ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എ)-ൽ " അയാൾ" എന്നതിന് പകരം " അദ്ദേഹം" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 ബി) ചുവടെപറയും പ്രകാരം മാറ്റുക:
" (1 ബി) ചാൻസലർക്ക് ഒരു തവണ പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്."

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

188. ഖണ്ഡം 2 (എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1 ഡി) ചുവടെപറയും പ്രകാരം മാറ്റുക.
" (1 ഡി) ചാൻസലർക്ക്, സ്വന്തം കൈപ്പടയിലുള്ള കത്ത് മുഖേന രാജി സമർപ്പിക്കാവുന്നതാണ്."

193. ഖണ്ഡം 2(എ) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 1986- ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ വകുപ്പ് 8(1 എഫ്)(എ)-ൽ " ഒരു നിർദ്ധനനായി" എന്നതിന് പകരം "പാപ്പരായി" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 2 (എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1 ഇ)-ൽ "കർത്തവ്യങ്ങളിൽ നിന്നും അയാളെ" എന്നതിന് പകരം "ഉദ്യോഗത്തിൽ നിന്നും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 2 (എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "സർക്കാരിന്," എന്നതിന് ശേഷം "ലിഖിതമായ ഒരു" എന്ന് ചേർക്കുക.

208. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 ജി)-ൽ " പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ" എന്നതിന് പകരം "പെരുമാറ്റദൂഷ്യം സംബന്ധിച്ച

ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളാലോ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 ജി)-യുടെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ" എന്നതിന് പകരം "പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ചാൻസലറെ" എന്നത് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2(ബി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(16) താഴെപ്പറയും പ്രകാരം മാറ്റുക:-

" (16) അസുഖമോ അവധിയോ മറ്റുകാരണങ്ങളാലോ വൈസ് ചൻസലർക്ക് താൽക്കാലികമായി കർത്തവ്യ നിർവ്വഹണം അസാധ്യമാകുന്ന സാഹചര്യത്തിൽ അദ്ദേഹം കർത്തവ്യ നിർവ്വഹണം പുനരാരംഭിക്കുന്നതുവരെ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 204 മുതൽ 208 വരെയുള്ള ഭേദഗതികൾ സമാനമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ 204-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല. ഡോ. എൻ. ജയരാജും സമാന ഭേദഗതി നൽകിയിട്ടുണ്ട്. അതിനാൽ ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 138, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 188, 193 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 31-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെപ്പപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്,

സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്:-

(i) മുഖ്യമന്ത്രി-ചെയർപേഴ്സൺ

(ii) സ്പീക്കർ, കേരള നിയമസഭ- അംഗം;

(iii) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ-അംഗം."

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)-ൽ "അയാൾ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 3(എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 സി)-ൽ "കാര്യാലയം" എന്നതിന് ശേഷം "അതത് " എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 ഇ)-ൽ "അയാളെ " എന്നതിന് പകരം "അദ്ദേഹത്തെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 എഫ്)-ൽ "സർക്കാരിന്, " എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ലിഖിതമായ ഒരു" എന്ന് ചേർക്കുക.

267. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 എഫ്)(ഡി)-ൽ "അയാളുടെ" എന്നതിനു പകരം "അയാളെ" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

261. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 എഫ്)-ൽ "അയാൾ" എന്നതിന് പകരം "അദ്ദേഹം " എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 <u>എഫ്</u>)(എ.)-ൽ "ഒരു നിർദ്ധനനായി " എന്നതിന് പകരം "പാപ്പരായി " എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 <u>എഫ്</u>) താഴെപ്പറയും പ്രകാരം മാറ്റുക.

" (1 എഫ്) സർക്കാരിന്, ഉത്തരവ് മുഖേന, ചാൻസലറെ,

(എ) ഒരു കോടതി, കടം വീട്ടാൻ കഴിവില്ലാത്തതായി പ്രഖ്യാപിക്കുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമായോ മാനസികമായോ ആയ അവശതമൂലം കർത്തവ്യനിർവ്വഹണത്തിന് അശക്തനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു കോടതി തടവുശിക്ഷയ്ക്ക് വിധിക്കുകയോ; ചെയ്യുന്ന പക്ഷം ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഞാൻ ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി കൂട്ടിച്ചേർക്കുകയാണ്. അത് ഭേദഗതിയിലല്ല; എന്റെ വിശദീകരണമാണ്. ഹൈക്കോടതി ജഡ്ജിയെ സംബന്ധിച്ച് നേരത്തെ പറഞ്ഞതിൽ ഹൈക്കോടതി ജഡ്ജിയോ സുപ്രീംകോടതിയിൽനിന്ന് വിരമിച്ച ജഡ്ജിയോ മാത്രമേ പാടുള്ളൂവെന്നാണ് പ്രതിപക്ഷ നിലപാട്. അങ്ങനെയുള്ളവരെക്കൂടി നിയമിക്കാമെന്നതും ഈ വകുപ്പിലുണ്ട്. ഇതുസംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 26-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്:-

(i) മുഖ്യമന്ത്രി-ചെയർപേഴ്സൺ

(ii) സ്പീക്കർ, കേരള നിയമസഭ- അംഗം;

(iii) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ-അംഗം.”

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1) താഴെപ്പറയും പ്രകാരം മാറ്റുക:

“ (1) സർക്കാർ, ലബ്ധ പ്രതിഷ്ഠനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും മൃഗശാസ്ത്രവും മൃഗചികിത്സ ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവിക വിഷയങ്ങൾ, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്."

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 എ)-ൽ "അയാൾ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1<u>എ</u>)-ൽ "അയാൾ" എന്നതിന് പകരം “ അദ്ദേഹം” എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1<u>ഡി</u>) ചുവടെപറയും പ്രകാരം മാറ്റുക :
“ (1<u>ഡി</u>) ചാൻസലർക്ക് സ്വന്തം കൈപ്പടയിലുള്ള കത്ത് മുഖേന രാജി സമർപ്പിക്കാവുന്നതാണ്.”

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

316. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1<u>ഇ</u>)-ൽ “ കർത്തവ്യങ്ങളിൽ നിന്നും അയാളെ" എന്നതിന് പകരം "ഉദ്യോഗത്തിൽ നിന്നും” എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

318. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 എഫ്)-ൽ "സർക്കാരിന്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ലിഖിതമായ ഒരു" എന്ന് ചേർക്കുക.

325. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 എഫ്) (ഡി)-ൽ " അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

327. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 ജി)-ൽ" പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളാലോ" എന്നതിന് പകരം "പെരുമാറ്റദൂഷ്യവും സംബന്ധിച്ച ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളാലോ" എന്ന് ചേർക്കുക.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 ജി) യുടെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ" എന്നതിന് പകരം "പറയുവാനുള്ളത് പറയുവാൻ

ന്യായമായ ഒരവസരം നൽകാതെ ചാൻസലറെ" എന്നത് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 4(ബി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 29(10) ചുവടെപറയും പ്രകാരം മാറ്റുക:

"(10)അസുഖമോ അവധിയോ മറ്റുകാരണങ്ങളാലോ വൈസ് ചാൻസലർക്ക് താല്ക്കാലികമായി കർത്തവ്യ നിർവ്വഹണം അസാധ്യാമാകുന്ന സാഹചര്യത്തിൽ അദ്ദേഹം കർത്തവ്യ നിർവ്വഹണം പുനരാരംഭിക്കുന്നതുവരെ, ചാൻസലർ, പ്രോ.ചാൻസലറുമായി കൂടിയാലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(i) മുഖ്യമന്ത്രി - ചെയർപേഴ്സൺ;
(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;
(iii) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം

ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ " ശാസ്ത്രസാങ്കേതിക ശാസ്ത്രം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " ശാസ്ത്ര സാങ്കേതിക നൂതന വിദ്യ", എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

349. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10(1) താഴെപ്പറയുംപ്രകാരം മാറ്റുക:

" (1) സർക്കാർ, ലബ്ധപ്രതിഷ്ഠനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും മൃഗശാസ്ത്രവും മൃഗചികിത്സ ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവികവിഷയങ്ങൾ, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്."

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

352. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എ)-ൽ "അയാൾ" എന്നത് ഒഴിവാക്കുക.

378. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം

ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എഫ്)-ൽ "അയാൾ " എന്നതിന് പകരം "അദ്ദേഹം " എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

353. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എ)-ൽ "അയാൾ" എന്നതിന് പകരം "അദ്ദേഹം" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 ബി) ചുവടെപറയും പ്രകാരം മാറ്റുക.
" (1 ബി) ചാൻസലർക്ക് ഒരു തവണ പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

396. ഖണ്ഡം 5(ബി)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(7 എ) ചുവടെപറയും പ്രകാരം മാറ്റുക:

" (7 എ) അസുഖമോ അവധിയോ മറ്റുകാരണങ്ങളാലോ വൈസ് ചാൻസലർക്ക് താല്ക്കാലികമായി കർത്തവ്യ നിർവ്വഹണം അസാധ്യമാകുന്ന സാഹചര്യത്തിൽ അദ്ദേഹം കർത്തവ്യ നിർവ്വഹണം പുനഃരാരംഭിക്കുന്നതുവരെ, ചാൻസലർ, പ്രോ ചാൻസലറുമായി കൂടിയാലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്."

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 <u>സി</u>)-ൽ "കാര്യാലയം" എന്നതിന് ശേഷം "അതത്" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

367. ഖണ്ഡം 5(എ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 <u>സി</u>) ചുവടെപറയും പ്രകാരം മാറ്റുക.
"(1 സി) ചാൻസലറുടെ ഉദ്യോഗം പ്രതിഫലം പറ്റാത്ത ഒന്നായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അതിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്."

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (1 <u>ഇ</u>)-ൽ "കർത്തവ്യങ്ങളിൽ നിന്നും അയാളെ " എന്നതിന് പകരം "ഉദ്യോഗത്തിൽ നിന്നും " എന്ന് ചേർക്കുക.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (1 ഇ)-ൽ "അയാളെ " എന്നതിന് പകരം "അദ്ദേഹത്തെ " എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എഫ്)-ൽ "സർക്കാരിന്, " എന്നതിന് ശേഷം "ലിഖിതമായ ഒരു" എന്ന് ചേർക്കുക.

384. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എഫ്) -ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എഫ്) ചുവടെപറയും പ്രകാരം മാറ്റുക.

" (1 എഫ്) സർക്കാരിന്, ഉത്തരവ് മുഖേന, ചാൻസലറെ,

(എ) ഒരു കോടതി, കടം വീട്ടാൻ കഴിവില്ലാത്തതായി പ്രഖ്യാപിക്കുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമായോ മാനസികമായോ ആയ അവശതമൂലം കർത്തവ്യനിർവ്വഹണത്തിന് അശക്തനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു കോടതി തടവുശിക്ഷയ്ക്ക് വിധിക്കുകയോ; ചെയ്യുന്ന പക്ഷം ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 352, 378 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി അവതരിപ്പിച്ച 361, 396 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(i) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;

(iii) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

407. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ വകുപ്പ് 8(1) ചുവടെപറയും പ്രകാരം മാറ്റുക:
" സർക്കാർ, ലബ്ധപ്രതിഷ്ഠനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും മൃഗശാസ്ത്രവും മൃഗചികിത്സാ ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവികവിഷയങ്ങൾ, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്."

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എ)-ൽ " അയാൾ" എന്നതിന് പകരം "അദ്ദേഹം" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

419. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1 ബി) താഴെപ്പറയുംപ്രകാരം മാറ്റുക:
" (1 ബി) ചാൻസലർക്ക് ഒരു തവണ പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "സർക്കാരിന്," എന്നതിന് ശേഷം "ലിഖിതമായ ഒരു" എന്ന് ചേർക്കുക.

443. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

451. ഖണ്ഡം 6(ബി)(i) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 11(6)(iii)-ൽ " വിട്ടുകളയേണ്ടതാണ്" എന്നതിന് പകരം "വിട്ടുകളയേണ്ടതും ശേഷിക്കുന്നവ പുനരക്കം ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)(എ)-ൽ "ഒരു നിർദ്ധനനായി" എന്നതിന് പകരം "പാപ്പരായി" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(1 ജി)-ൽ "പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ" എന്നതിന് പകരം "പെരുമാറ്റദൂഷ്യം സംബന്ധിച്ച ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളാലോ" എന്ന് ചേർക്കുക.

<u>ശ്രീ. എച്ച്. സലാം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

449. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(1 ജി)യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ" എന്നതിന് പകരം "പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ചാൻസലറെ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 6(ബി) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(6 എ) താഴെപ്പറയും പ്രകാരം മാറ്റുക.

“ (6 എ) അസുഖമോ അവധിയോ മറ്റുകാരണങ്ങളാലോ വൈസ് ചാൻസലർക്ക് താല്ക്കാലികമായി കർത്തവ്യ നിർവ്വഹണം അസാധ്യമാകുന്ന സാഹചര്യത്തിൽ അദ്ദേഹം കർത്തവ്യ നിർവ്വഹണം പുനരാരംഭിക്കുന്നതുവരെ, ചാൻസലർ,

പ്രോ ചാൻസലറുമായി കൂടിയാലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺകുമാർ അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 436, 451 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(i) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;

(iii) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ " ശാസ്ത്ര, സാങ്കേതിക ശാസ്ത്രം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " ശാസ്ത്രസാങ്കേതിക നൂതനവിദ്യ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ താഴെപ്പറയും പ്രകാരം മാറ്റുക:-

"(1) സർക്കാർ, ലബ്ധപ്രതിഷ്ഠനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും മൃഗശാസ്ത്രവും മൃഗചികിത്സ ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവിക വിഷയങ്ങൾ, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും

മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്."

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എ)-ൽ " അയാൾ" എന്നത് ഒഴിവാക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 സി)-ൽ "കാര്യാലയം" എന്നതിനുശേഷം "അതത്" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

493. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 ഇ)-ൽ "കർത്തവ്യങ്ങളിൽ നിന്നും അയാളെ" എന്നതിനു പകരം "ഉദ്യോഗത്തിൽ നിന്നും" എന്ന് ചേർക്കുക.

497. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്) (എ)-ൽ "ഒരു നിർദ്ധനനായി" എന്നതിന് പകരം "പാപ്പരായി" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 ഇ)-ൽ "അയാളെ" എന്നതിനു പകരം "അദ്ദേഹത്തെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

495. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "സർക്കാരിന്" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ലിഖിതമായ ഒരു" എന്ന വാക്കുകൾ ചേർക്കുക.

502. ഖണ്ഡം 7 (എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 7(എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "അയാൾ" എന്നതിന് പകരം "അദ്ദേഹം" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

504. ഖണ്ഡം 7 (എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1 ജി)-ൽ "പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ" എന്നതിന് പകരം "പെരുമാറ്റദൂഷ്യം സംബന്ധിച്ച ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളാലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 493, 497 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ചരിത്രപരമായ ഒരു നിയമനിർമ്മാണത്തിൽ പ്രതിപക്ഷം മുന്നോട്ടുവച്ച നിർദ്ദേശത്തോട് ക്രിയാത്മകമായി ഭരണപക്ഷം പ്രതികരിച്ചിട്ടും രാഷ്ട്രീയ അന്ധതമൂലം അതിനെ എതിർത്തുകൊണ്ട് ഉത്തരവാദിത്വത്തിൽനിന്നും പിൻവാങ്ങിപ്പോകുന്ന നിർഭാഗ്യകരമായ കാഴ്ചയാണ് ഇന്ന് കേരള നിയമസഭ കണ്ടത്. കടമകളുടെ ഉത്തരവാദിത്വപൂർണ്ണമായ നിർവ്വഹണത്തിൽ

കേരളത്തിലെ പ്രതിപക്ഷം പരാജയപ്പെടുന്നുവെന്നുള്ളതാണ് ഈ സഭ വീണ്ടും കണ്ടിരിക്കുന്നത്. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ രണ്ട് ഭേദഗതികളാണ് അവതരിപ്പിക്കപ്പെട്ടത്. 18-ാം വകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷന്റെ നിയമസാധുത നിലനിൽക്കുന്നത് 4 വർഷമാണ്. ഈ ആക്ട് നിലവിൽ വന്നത് 01-01-2019-ലാണ്. കൃത്യം ഒരു വർഷത്തിനിപ്പുറം കോവിഡ് മഹാമാരിമൂലം ആരോഗ്യപ്രവർത്തകരുടെയും ആരോഗ്യകേന്ദ്രങ്ങളുടെയെല്ലാം ശ്രദ്ധയും പ്രവർത്തനങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കോവിഡ് ചികിത്സയിലും കേന്ദ്രീകൃതമായിരുന്നു. അന്ന് ആഗോളതലത്തിലും രാജ്യത്താകമാനവും സംസ്ഥാനത്ത് നിലനിന്നിരുന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ജനങ്ങളെ മരണത്തിലേയ്ക്ക് തള്ളിവിടാതെ സംരക്ഷിക്കുക എന്നതായിരുന്നു നമ്മുടെ ഉത്തരവാദിത്വം. 2020 മാർച്ച് മുതൽ 2022 മേയ് വരെ നമ്മുടെ ശ്രദ്ധയും പ്രവർത്തനങ്ങളും അങ്ങനെ കേന്ദ്രീകൃതമായിരുന്നതുകൊണ്ട് സ്വഭാവികമായും ഈ ആക്ടിൽ നിഷ്കർഷിച്ച പ്രകാരം പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. അപ്രകാരം തടസ്സപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന്

ഉറപ്പാക്കുന്നതിനുവേണ്ടി താൽക്കാലിക രജിസ്ട്രേഷന്റെ സാധുത നാലുവർഷമെന്നുള്ളത് നാലര വർഷമായി നീട്ടണമെന്നുള്ളതാണ് ഒന്നാമത്തെ ഭേദഗതി. അതുകൂടാതെ 51-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യമുണ്ടാകുന്നപക്ഷം സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി ആ വൈഷമ്യം നീക്കംചെയ്യുന്നത് ആവശ്യമെന്ന് കരുതുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്, വാസ്തവത്തിൽ 2020 ഡിസംബറിൽ ആ കാലാവധി അവസാനിച്ചിരുന്നു. അതിനുശേഷമുള്ള ഉത്തരവുകൾക്ക് റാറ്റിഫിക്കേഷൻ കിട്ടും. അത് സാധൂകരിക്കുന്നതിനുവേണ്ടി 2022 ഡിസംബർ വരെ ആ കാലാവധി നീട്ടണമെന്നതാണ് രണ്ടാമത്തെ ഭേദഗതി. കഴിഞ്ഞ സർക്കാർ വളരെ പ്രതീക്ഷയോടും കൃത്യമായ ലക്ഷ്യത്തോടുംകൂടി പാസ്സാക്കിയൊരു നിയമമാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്. ക്ലിനിക്കൽ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതുവഴി പൊതുജനാരോഗ്യവും ജനങ്ങൾക്ക് കിട്ടുന്ന സേവനവും ഉറപ്പുവരുത്തുന്നതിന്

ഈ നിയമം നടപ്പാക്കുന്നത് അനിവാര്യമാണ്. അത് നടപ്പാക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി യു. പ്രതിഭ]

ചെയർപേഴ്സൺ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാത്തതിനാൽ ചർച്ചയില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആറ് മാസവും" എന്നതിന് പകരം "മൂന്ന് മാസവും" എന്ന് ചേർക്കുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ, "ആറ് മാസവും" എന്നതിന് പകരം "എട്ട് മാസവും" എന്ന് ചേർക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ, "ആറ് മാസവും" എന്നതിന് പകരം "പത്ത് മാസവും" എന്ന് ചേർക്കുക.

ചെയർപേഴ്സൺ: 157 മുതൽ 161 വരെയുള്ള ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

( ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

( ഭേദഗതികൾ അവതരിച്ചില്ല.)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

" (1)-ാം ഉപഖണ്ഡത്തിൽ 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ആക്റ്റ്"-ലെ "രണ്ടാം" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

( ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

( ഭേദഗതികൾ അവതരിപ്പിച്ചില്ല.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 166-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(2)-ന്റെ ക്ലിപ്തനിബന്ധനയിൽ “ നാമനിർദ്ദേശം ചെയ്യപ്പെടുന്നത്” എന്നതിന് പകരം "നാമനിർദ്ദശം ചെയ്യപ്പെട്ടത്” എന്ന് ചേർക്കുക.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

( ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഒരുകാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിലുള്ള ബില്ലുകൾ പരിഗണിക്കുന്ന സമയത്ത് നിയമസഭാ സാമാജികരായി ജനങ്ങൾ തെരഞ്ഞെടുത്തയച്ചിരിക്കുന്നവർ സഭയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു ബില്ലിനോട് അഭിപ്രായ വ്യത്യാസമുള്ളവർ ആ ബില്ലുമായി ബന്ധപ്പെട്ട സമയങ്ങളിൽ വാക്കൗട്ട് നടത്താം. പക്ഷെ പാവപ്പെട്ട ആധാരമെഴുത്തുകാരെയും പ്രവാസികളെയും ക്ലിനിക്കൽ

എസ്റ്റാബ്ലിഷ്മെന്റിനെയും സംബന്ധിച്ച ബില്ലുകൾ പരിഗണിക്കുമ്പോൾ അവരുടെ അസാന്നിധ്യം സഭയോടുള്ള ഉത്തരവാദിത്തരാഹിത്യവും ജനങ്ങളോടുള്ള വെല്ലുവിളിയുമാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

ഈ ബില്ലിൽ മൂന്ന് ഭേദഗതികളാണുള്ളത്. അതിൽ ഒന്നാമത്തേത്, അംശദായം അടയ്ക്കുന്നതിന് ഒരു വർഷത്തെ കാലാവധി കിട്ടുമ്പോൾ അത് ഗവണ്മെന്റുമായി ബന്ധപ്പെട്ട് കൃത്യമായി അടയ്ക്കാനുള്ള സൗകര്യമൊരുക്കുകയാണ്. ഒരു വൺടൈം സെറ്റിൽമെന്റ് ഉണ്ടാക്കുകയെന്നതാണ് രണ്ടാമത്തെ കാര്യം. ഈ ക്ഷേമനിധിയുടെ ചെയർമാൻ മുമ്പ് സെക്രട്ടറിയായിരുന്നു, ഇപ്പോൾ വകുപ്പുമന്ത്രി വരികയാണെന്നതാണ് മൂന്നാമത്തെ ഭേദഗതി. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാത്തതിനാൽ ചർച്ചയില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

**രണ്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

( ഭേദഗതികൾ അവതരിച്ചില്ല.)

<u>മി. സ്പീക്കർ</u>: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

169. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(3)(എ)-ൽ "വാക്കുകൾക്ക്" എന്നതിന് പകരം "വാക്കുകൾക്കും ചിഹ്നത്തിനും" എന്ന് ചേർക്കുക.

184. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(3)(ബി)-ൽ "വാക്കുകൾ" എന്നതിന് പകരം "വാക്കുകളും ചിഹ്നവും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185. പ്രധാന ആക്റ്റിലെ വകുപ്പ് 9(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ

പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) ഗവൺമെന്റ് സെക്രട്ടറി നികുതി വകുപ്പ് അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്;

(ഡി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങൾ അവരിലൊരാൾ വനിത ആയിരിക്കുന്നതാണ്."

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 169, 184 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

( ഭേദഗതികൾ അവതരിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VII. അവകാശലംഘന പ്രശ്നങ്ങൾ

### (i) അനുമതി നിഷേധിച്ചവ

15-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ, സ്വർണ്ണക്കടത്ത് കേസ് അട്ടിമറിക്കപ്പെടുന്നത് സംബന്ധിച്ച് 28-06-2022-ൽ അവതരിപ്പിച്ച അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ തന്റെ പ്രസ്താവന വാസ്തവവിരുദ്ധമാണെന്ന് ആരോപിക്കുകയും ഇതുവഴി നിയമസഭയേയും സാമാജികരേയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചെന്നും ഇതിലൂടെ സഭാംഗമെന്ന നിലയിലുള്ള തന്റെയും

നിയമസഭയുടേയും സാമാജികരുടേയും പ്രത്യേക അവകാശങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നുവെന്നും കാണിച്ച് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണം ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിക്ക് Juristic Person എന്ന നിലയിലുള്ള വ്യക്തിത്വമുണ്ടെന്നും അങ്ങനെയുള്ള കമ്പനിയുടെ മെന്റർ ആയാണ് ജെയ്ക്ക് ബാലകുമാർ എന്ന വ്യക്തി ബന്ധപ്പെട്ടിട്ടുള്ളതെന്നും അല്ലാതെ മുഖ്യമന്ത്രിയുടെ മകളുടെ മെന്ററല്ല പ്രസ്തുത വ്യക്തിയെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാണ്. ബഹുമാനപ്പെട്ട അംഗം ഈ വ്യത്യാസം മറച്ചുപിടിച്ചുകൊണ്ട് നടത്തിയ പ്രസ്താവനയെയാണ് വാസ്തവവിരുദ്ധമെന്ന് പറഞ്ഞതായി മനസ്സിലാക്കുന്നു. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെയോ ബഹുമാനപ്പെട്ട അംഗത്തിന്റെയോ അവകാശങ്ങൾ ലംഘിച്ചതായി കാണാൻ സാധിക്കില്ല. നോട്ടീസിൽ പരാമർശിച്ച വിഷയവുമായി ബന്ധപ്പെട്ട് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് മറുപടിയിൽനിന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(ii)പരിഗണനയിലിരിക്കുന്നവ

**പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്ത അവകാശ ലംഘന പ്രശ്നം**

2021 ഡിസംബർ 26-ന് റിപ്പോർട്ടർ ചാനലിൽ തന്റെ മണ്ഡലത്തിലെ ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു പാനൽ ചർച്ചയിൽ പങ്കെടുക്കവെ ചർച്ചാ പാനലിലുണ്ടായിരുന്ന ശ്രീ. സാബു എം. ജേക്കബ് തനിക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയതിനാൽ ടിയാനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ശ്രീ. സാബു എം. ജേക്കബിന്റെ പ്രതികരണം ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ശ്രീ. സാബു എം. ജേക്കബിന്റെ ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിന്മേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമായതിനാൽ

ചെയർ ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 03-09-2022-ന് റഫർ ചെയ്തിട്ടുണ്ട്.

**പെരുമാറ്റച്ചട്ടലംഘന പ്രശ്നങ്ങൾ**

(i) <u>അനുമതി നിഷേധിച്ചവ</u>

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ അഖിലേന്ത്യാ പഠനപര്യടനത്തിന്റെ ഭാഗമായി ജമ്മുകാശ്മീർ സന്ദർശിച്ച വേളയിൽ സമിതി അംഗമായ ഡോ. കെ. ടി. ജലീൽ, എം.എൽ.എ. 12-08-2022-ന് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത കുറിപ്പിലൂടെ നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നുവെന്നതിനാൽ ബഹുമാനപ്പെട്ട അംഗത്തിനെതിരെ പെരുമാറ്റച്ചട്ട ലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഡോ. കെ. ടി. ജലീൽ, എം.എൽ.എ.-യുടെ പ്രതികരണം ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും

ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. ചട്ടം 27 പ്രകാരം പഠനപര്യടന വേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ കമ്മിറ്റിയെക്കുറിച്ച് യാതൊരു തരത്തിലുമുള്ള വിമർശനം ഉണ്ടാകാത്തതരത്തിൽ ഉചിതമായ അന്തസ്സും മാന്യതയും നിലനിർത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പഠനപര്യടന വിഷയവും നിരാക്ഷേപമായ ഒരു യാത്രാവിവരണ കുറിപ്പും തമ്മിൽ ബന്ധമില്ല; ആയതിനാൽ ഫേസ്ബുക്കിൽ സ്ഥിരമായി കുറിപ്പുകൾ എഴുതുന്നതിന്റെ ഭാഗമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. നോട്ടീസിൽ പരാമർശിച്ച വിഷയവുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും ഡോ. കെ. ടി. ജലീൽ, എം.എൽ.എ.-യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് മറുപടിയിൽനിന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെരുമാറ്റച്ചട്ടലംഘന നോട്ടീസിനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു.

## VIII. പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## IX. അവലോകനം

### ഏഴാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം

2022 ഡിസംബർ 05-ാം തീയതി ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 7 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി ഇന്നവസാനിക്കുകയാണ്. നിയമനിർമ്മാണത്തിനുമാത്രമായി 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ആകെ 8 ദിവസങ്ങൾ സഭ സമ്മേളിക്കുകയും 12 നിയമങ്ങൾ പാസ്സാക്കുകയും ചെയ്തതിനുശേഷം സമ്മേളനം സമാപിക്കുന്ന വേളയിൽ നിയമനിർമ്മാണത്തിനായി ഈ വർഷം ഒരു സമ്മേളനംകൂടി ചേരുന്ന കാര്യം പരിശോധിക്കണമെന്ന് ചെയർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്മേളനം

നിയമനിർമ്മാണത്തിനായി ചേർന്നത്. ആറര പതിറ്റാണ്ടുകൾ പിന്നിട്ട കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് തുടർച്ചയായി രണ്ട് സമ്മേളനങ്ങൾ നിയമനിർമ്മാണത്തിനുമാത്രമായി ചേരുന്നതും ഇത്രയധികം ബില്ലുകൾ വിശദമായി ചർച്ച നടത്തി പാസ്സാക്കുന്നതും. ഈ സമ്മേളനത്തിൽ സഭ 17 ബില്ലുകൾ പാസ്സാക്കുകയും 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ പാസ്സാക്കിയ പ്രധാന ബില്ലുകളിൽ 2022-ലെ സർവ്വകലാശാല (ഭേദഗതി) ബില്ലുകൾ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ, 2022-ലെ കേരള പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ, 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ എന്നിവ ഉൾപ്പെടുന്നു.

ഏഴാം സമ്മേളനത്തിന്റെ മറ്റൊരു ചരിത്രപരമായ നേട്ടം മൂന്ന് വനിതാ അംഗങ്ങൾ ചെയർമാന്മാരുടെ പാനലിൽ വന്നുവെന്നതാണ്. കേരള നിയമസഭ നിലവിൽ വന്നതിനുശേഷം ആകെ 512 അംഗങ്ങൾ

ചെയർമാന്മാരുടെ പാനലിൽ വന്നിട്ടുണ്ടെങ്കിലും 32 വനിതാ അംഗങ്ങൾക്ക് മാത്രമേ അതിനുള്ള അവസരം ലഭ്യമായിട്ടുള്ളൂ എന്നതാണ് ഇത്തരത്തിലൊരു തീരുമാനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്.

ഈ സമ്മേളന കാലയളവിൽ അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ട ഏക വെള്ളിയാഴ്ച സഭ നേരത്തെ പിരിഞ്ഞതിനാൽ അനൗദ്യോഗിക ബില്ലുകൾ ഒന്നുംതന്നെ ഈ സമ്മേളനകാലത്തും സഭയുടെ പരിഗണനയിൽ വരികയുണ്ടായില്ല. പതിനഞ്ചാം കേരള നിയമസഭ ആകെ 7 സമ്മേളനങ്ങൾ പൂർത്തീകരിച്ചെങ്കിലും അതിൽ 5 സമ്മേളനങ്ങളിലും യാതൊരുവിധ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങളും നിർവ്വഹിക്കാൻ കഴിഞ്ഞില്ലെന്നത് പോരായ്മയായി വിലയിരുത്തുകയാണ്. ഭാവിയിൽ ഇക്കാര്യത്തിൽ ഗുണപരമായ മാറ്റംവരുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

ഈ സമ്മേളനത്തിൽ 2022 ഡിസംബർ 5 മുതൽ 13 വരെയുള്ള 7 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 3161 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 10 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 24 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210

എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2917 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി, ആകെ 3127 ചോദ്യമാണ് അന്തിമമായി അനുവദിക്കപ്പെട്ടത്. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2761 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 156 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്. ചോദ്യോത്തര വേളകളിൽ 27 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 176 അവസരങ്ങളിലായി 202 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അടിയന്തര ചോദ്യത്തിനായി ഒരു നോട്ടീസ് ലഭിച്ചുവെങ്കിലും ചട്ടപ്രകാരമുള്ള കാരണങ്ങളാൽ ആയത് അനുവദിച്ചില്ല. വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 2 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലെയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ ആറ് വരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന

ചോദ്യങ്ങളിൽ 88 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക

സ്വീകരിക്കേണ്ടതാണ്. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്നവിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു. ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 7 നോട്ടീസുകൾ സഭ മുമ്പാകെ വരികയും അതിൽ വിഴിഞ്ഞം തുറമുഖനിർമ്മാണം തടസ്സപ്പെടാനുണ്ടായ സാഹചര്യം സംബന്ധിച്ച് ലഭിച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവയ്ക്കണമെന്ന പ്രമേയത്തിന്മേൽ സഭ രണ്ട് മണിക്കൂർ ചർച്ച നടത്തുകയുമുണ്ടായി. സമ്മേളനത്തിൽ ആകെ 12 ശ്രദ്ധക്ഷണിക്കലുകളും 88 സബ്മിഷനുകളും സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾ നടത്തിവന്നിരുന്ന അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കിയതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഡിസംബർ 7-ാം തീയതി സഭയിൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി. ഏഴാം സമ്മേളനകാലത്താകെ 387 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടേതായ 29 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമ്മേളനത്തിൽ 7 ദിവസങ്ങളിലായി ആകെ 44 മണിക്കൂർ 38 മിനിറ്റ് സഭ യോഗം ചേരുകയുണ്ടായി. അതിൽ 20 മണിക്കൂർ 31 മിനിറ്റ്

സമയം നിയമനിർമ്മാണത്തിനായി മാത്രമാണ് വിനിയോഗിച്ചത്. അതായത് ഒരു ബിൽ പാസ്സാക്കാൻ സഭ ശരാശരി 1 മണിക്കൂർ 15 മിനിറ്റ് വിനിയോഗിച്ചതായി കാണാവുന്നതാണ്. സഭ പരിഗണിച്ച 18 ബില്ലുകളിന്മേൽ ആകെ 4187 ഭേദഗതി നോട്ടീസുകളാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായത്. വകുപ്പുതിരിച്ചുള്ള പരിഗണനയിൽ ആകെ 24 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സഭാതലത്തിൽ അംഗീകരിച്ചുകൊണ്ട് ഓരോ ബില്ലിനേയും കൂടുതൽ സുദൃഢമാക്കാൻ ശ്രമിക്കുകയുണ്ടായി. "ആസാദി കാ അമൃത് മഹോത്സവ്"-ന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി "കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം", 2023 ജനുവരി 9 മുതൽ 15 വരെ ഏഴ് ദിവസങ്ങളിലായി നിയമസഭാ മന്ദിരത്തിൽവച്ച് സംഘടിപ്പിക്കുന്നു. നൂറോളം അന്താരാഷ്ട്ര - ദേശീയ പ്രസാധകർ സ്റ്റാളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുസ്തകോത്സവം നടക്കുന്ന ദിവസങ്ങളിൽ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നിയമസഭാ ഹാൾ, നിയമസഭാ മ്യൂസിയം, നേപ്പിയർ മ്യൂസിയം, മൃഗശാല, ആർട്ട് ഗ്യാലറി, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം എന്നിവ സൗജന്യമായി സന്ദർശിക്കാൻ അവസരമുണ്ട്. സാഹിത്യോത്സവത്തിന്റെ ഭാഗമായി വിവിധ സാഹിത്യ-

സാംസ്കാരിക-മാധ്യമ-രാഷ്ട്രീയ-സാമൂഹ്യ-സാങ്കേതിക വിഷയങ്ങളിൽ, പ്രമുഖരെ ഉൾക്കൊള്ളിച്ച് പാനൽ ചർച്ചകൾ, Vision Talks, പുസ്തക പ്രകാശനങ്ങൾ, പുസ്തക ചർച്ചകൾ, Meet the Author തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു. മേളയിൽ പങ്കെടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെ CSR ഫണ്ട്/സ്പോൺസർഷിപ്പ് വഴി പുസ്തക കൂപ്പൺ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. സാമാജികരുടെ പ്രത്യേക വികസന നിധിയിൽനിന്നും ലൈബ്രറികൾക്കായി പുസ്തകങ്ങൾ വാങ്ങുന്നതിനും പുസ്തകോത്സവത്തിൽ അവസരമൊരുക്കിയിട്ടുണ്ട്. സർക്കാരിന്റെ ലഹരിവിരുദ്ധ ക്യാമ്പയിനുമായി സഹകരിച്ച്, 'വായനയാണ് ലഹരി' എന്ന ആശയം പ്രചരിപ്പിക്കുന്ന വീഡിയോകൾ തയ്യാറാക്കി, പുസ്തകോത്സവത്തിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ ഹാൻഡിലുകൾ മുഖേന പങ്കുവച്ചുവരുന്നു. പുസ്തകോത്സവത്തിന്റെ ഭാഗമായി വായനാവസന്തം (പുസ്തക ആസ്വാദനം), പദ്യപാരായണം, ഒരു കഥ പറയാം, കാർട്ടൂൺ എന്നീ മത്സരങ്ങൾ ഓൺലൈനായി സംഘടിപ്പിക്കുന്നു. പുസ്തകോത്സവ ദിവസങ്ങളിൽ, ഹൈസ്കൂൾ-ഹയർ സെക്കൻഡറി, കോളേജ്, പൊതുവിഭാഗം എന്നീ വിഭാഗങ്ങളിലായി ക്വിസ്

മത്സരം സംഘടിപ്പിക്കുന്നു. പുസ്തകോത്സവത്തോടനുബന്ധിച്ച്, മലയാള സാഹിത്യത്തിൽ സമഗ്ര സംഭാവന നൽകിയ വ്യക്തിക്ക് "നിയമസഭാ ലൈബ്രറി അവാർഡ്" നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പുസ്തകോത്സവവും സാഹിത്യോത്സവവും ഏറ്റവും മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന പത്ര-ദൃശ്യ-റേഡിയോ-ഓൺലൈൻ മാധ്യമങ്ങൾക്കും ഏറ്റവും മികച്ച റിപ്പോർട്ടർ, മികച്ച ഫോട്ടോഗ്രാഫർ, മികച്ച ക്യാമറാമാൻ എന്നീ വ്യക്തിഗത അവാർഡുകളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പുസ്തകോത്സവത്തിന്റെ വിജയത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാരുടെയും സാമാജികരുടെയും അകമഴിഞ്ഞ സഹകരണമുണ്ടാകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. സഭയുടെ ഏഴാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ നിയമസഭാ

സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലേയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവത്സര ആശംസകൾ നേരുന്നു.

ഓർഡർ.......ഓർഡർ........ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം ദേശീയഗാനാലാപനത്തോടെ 2022 ഡിസംബർ മാസം 13-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.50-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*********

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No20380/Table-1/2022/Leg. Dated,Thiruvananthapuram, 4th January 2023

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Seventh Session of the Fifteenth Kerala Legislative Assembly with effect from December 13, 2022 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ 13-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor
A. M. Basheer,
Secretary,
Legislative Assembly

അനുബന്ധം I

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**(i)** നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

5 (*185) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ മൂലധനം വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോ?

സംസ്ഥാനത്ത് കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ മൂലധന വിനിയോഗത്തിലൂടെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.
2. സംസ്ഥാനത്തെ പാലക്കാട് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് വിപണനം നടത്തുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുമായി പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി 26 പ്രാഥമിക കാർഷിക

സർവ്വീസ് സഹകരണ ബാങ്കുകൾ അംഗങ്ങളായി കോട്ടയം ആസ്ഥാനമായി 27-08-2021-ൽ രജിസ്റ്റർ ചെയ്തുകൊണ്ട് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ-4505 (KAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന പ്രസ്തുത സംരംഭങ്ങൾക്ക് സർക്കാർ പലിശ സബ്സിഡി നൽകുന്നുണ്ടോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന പ്രസ്തുത സംരംഭങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായമായി ഓഹരി, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം അനുവദിക്കുന്നുണ്ട്. " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" യിൽ ഉൾപ്പെടുത്തി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് 500.00 ലക്ഷം രൂപ വകുപ്പിന്റെ 2022-23 ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി പ്രാഥമിക കാർഷിക, സഹകരണാധിഷ്ഠിത ഗ്രാമീണ മാർക്കറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സംസ്ഥാനത്താകെ 11 സഹകരണ സംഘങ്ങൾക്ക് 10.00 ലക്ഷം രൂപ വീതം ആകെ 110.00 ലക്ഷം രൂപ സബ്സിഡിയായി 2022-23 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ സംസ്ഥാനത്താകെ 11 ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ**

6 (*186) <u>ശ്രീ. എം.വിജിൻ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാഫീൻ ഗവേഷണത്തിൽ പങ്കാളിയാകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന ലക്ഷ്യം നിറവേറുന്നതിനായി സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഗ്രാഫീൻ ഇന്നൊവേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി, എറണാകുളം കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിലെ കേരള ടെക്നോളജി ഇന്നൊവേഷൻ സോണിലെ മേക്കർ വില്ലേജിൽ വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്ത് ഒരു ക്ലീൻ റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിലെ ഏറ്റവും മികച്ച ക്ലീൻ റൂം സൗകര്യങ്ങളിൽ ഒന്ന് ഇതിലൂടെ ലക്ഷ്യമിടുന്നു. സെന്ററിന്റെ ഭാഗമായി ഉൽപ്പന്ന വികസനപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഉൽപ്പന്നങ്ങളുടെ ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം സെന്ററിലൂടെ വിഭാവന ചെയ്യുന്നുണ്ട്. വ്യാവസായിക വളർച്ചയ്ക്ക് ഈ പ്രവർത്തനങ്ങൾ വളരെ

ഉപകാരപ്രദമാണ്. അതോടൊപ്പംതന്നെ നൂതന ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടക്കുന്നു. 2023 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ ഓഫ് എക്സലൻസ്, മേക്കർ വില്ലേജിൽ പൂർണ്ണതോതിൽ പ്രവർത്തനനിരതമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി എന്തൊക്കെ മാറ്റങ്ങളാണ് ഈ മേഖലയിൽ ഉണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഗ്രാഫീൻ അനുബന്ധ ഗവേഷണത്തോടൊപ്പംതന്നെ ചെറിയ വ്യവസായ സംരംഭകർക്കുള്ള സഹായങ്ങളും പ്രദാനം ചെയ്യാൻ പദ്ധതിയിടുന്നതുവഴി ഗ്രാഫീൻ അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. ആധുനിക ഗവേഷണ ഉപകരണങ്ങൾ മറ്റു ഗവേഷകർക്കും വ്യവസായങ്ങൾക്കും ഉപയോഗപ്രദമാവുകയും ചെയ്യും. കേരളത്തിൽ ഗ്രാഫീൻ അനുബന്ധ വ്യാവസായിക വളർച്ചയ്ക്ക് നാന്ദികുറിക്കാൻ ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ സഹായിക്കും.

(സി) ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ പ്രവർത്തനസജ്ജമാകുന്നതോടുകൂടി വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വ്യവസായങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ഏതെല്ലാം രീതിയിൽ ആയത് പ്രയോജനകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഗ്രാഫീൻ സെന്ററിൽ പ്രവർത്തനസജ്ജമാകുന്ന നൂതന ഉപകരണങ്ങൾ മറ്റു ഗവേഷണ വിദ്യാർത്ഥികൾക്കും ഉപയോഗയോഗ്യമാക്കുന്നത് ഈ മേഖലയിലെ ഗവേഷണത്തെ സഹായിക്കുമെന്ന് കരുതുന്നു. വ്യവസായങ്ങൾക്കും ഈ സൗകര്യങ്ങൾ ഉപകാരപ്രദമാകുന്നതാണ്. വ്യവസായ സംരംഭകർക്ക് ഗ്രാഫീൻ ഗവേഷകരുമായി സംവദിക്കാനുള്ള സാഹചര്യം ഈ സെന്ററിലൂടെ ലഭിക്കും. പുതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ചില പദ്ധതികളും (ഗ്രാന്റുകൾ, ഇൻക്യുബേഷൻ സൗകര്യം) ഈ സെന്ററിലൂടെ ലക്ഷ്യമിടുന്നുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

7 (*187) ശ്രീ. എ . പി . അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ വാങ്ങുന്ന അൻപത്തിരണ്ട് ലക്ഷത്തോളം ആളുകളുടെ പട്ടികയിൽ നിരവധി അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏതെങ്കിലും പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ ഇത് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2016-ലെ പെർഫോമൻസ് ആഡിറ്റ് ഓഫ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ സ്കീംസ്- ആറാം നമ്പർ റിപ്പോർട്ട് പ്രകാരം അനർഹർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 2019-ൽ നടത്തിയ പൈലറ്റ് സർവ്വേയിലും അനർഹർ ഉൾപ്പെട്ടിട്ടുള്ള കാര്യം കണ്ടെത്തിയിരുന്നു. കൂടാതെ, മോട്ടോർ വാഹന വകുപ്പ്, സ്പാർക്ക്, ട്രഷറി പെൻഷൻ എന്നിവയിലെ ഡാറ്റാ സാമൂഹ്യ സുരക്ഷാ പെൻഷൻ സോഫ്റ്റ്‌വെയറായ സേവനയിലെ ഡാറ്റായുമായി

പരിശോധിച്ചപ്പോൾ നിരവധി അനർഹരെ കണ്ടെത്തുകയും അത്തരക്കാരെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ഡാറ്റാബേസ് സേവനയുമായി ഇന്റഗ്രേറ്റ് ചെയ്തത് മുഖേന രണ്ടിൽ കൂടുതൽ പെൻഷനുകൾ അനർഹമായി കൈപ്പറ്റി വന്നിരുന്ന നിരവധി പേരെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നിർബന്ധമാക്കിയതിനെത്തുടർന്ന് 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവരിൽ രണ്ടിൽ കൂടുതൽ പെൻഷനുകൾ കൈപ്പറ്റിയിരുന്ന അനർഹരെയും മരണപ്പെട്ടവരെയും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടും പട്ടികയിൽ അനർഹർ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. മസ്റ്ററിംഗ് നടത്തിയത് മരണപ്പെട്ടവരെയും രണ്ടിലധികം പെൻഷൻ വാങ്ങുന്ന അനർഹരെയും കണ്ടെത്തി ഒഴിവാക്കുന്നതിനു വേണ്ടിയാണ്. എന്നാൽ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയും ഭൗതിക

സാഹചര്യങ്ങളും ഉള്ളവരും നിശ്ചിത പരിധിയിലധികം ഭൂമിയുള്ളവരും അനർഹമായി പെൻഷനുകൾ കൈപ്പറ്റി വരുന്നുവെന്ന് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതും ഇതിൽ പല കേസുകളിലും കഴമ്പുണ്ടെന്ന് പിന്നീട് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

(ഡി) സാമ്പത്തിക പ്രതിസന്ധി കാരണം ക്ഷേമ പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നുള്ളത് വസ്തുതയാണ്. എന്നിരുന്നാലും ക്ഷേമ പെൻഷൻ യഥാസമയം ലഭ്യമാക്കുക എന്നത് സർക്കാരിന്റെ നയമാണ്. 2022 നവംബർ മാസം വരെയുള്ള ക്ഷേമ പെൻഷൻ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്.

**നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന തടയാൻ നടപടി**

8 (*188 ) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം , കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട കമ്പനികൾ സിമന്റിനും കമ്പിക്കും കൃത്രിമ ക്ഷാമമുണ്ടാക്കി വിലയുയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗംവഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻഡുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. വിപണിയിൽ ആനുപാതിക വിലവർദ്ധന ഉണ്ടെങ്കിലും സംസ്ഥാനത്ത് വൻകിട കമ്പനികൾ സിമന്റിനും കമ്പിക്കും കൃത്രിമ ക്ഷാമമുണ്ടാക്കി വിലയുയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഇന്ധന വിലക്കയറ്റവും കാരണമാക്കി സിമന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ കേരളത്തിൽ മാത്രം സിമന്റിന് വില വർദ്ധിപ്പിച്ചത് പരിശോധിക്കുമോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സിമന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ കേരളത്തിൽ മാത്രം സിമന്റിന് വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിമന്റിനും കമ്പിക്കും ഉണ്ടായിരിക്കുന്ന വലിയ വിലവർദ്ധന നിർമ്മാണ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന സ്തംഭനാവസ്ഥ കണക്കിലെടുത്ത് പൊതുമരാമത്ത് കരാറുകളിൽ റേറ്റ് റിവിഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സിമന്റിനും കമ്പിക്കും ഉണ്ടായിരിക്കുന്ന വലിയ വിലവർദ്ധന നിർമ്മാണ മേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ, കോവിഡുമൂലവും ആഗോള മാന്ദ്യംമൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണമേഖല ഇപ്പോഴും അഭിമുഖികരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള

വിലവർദ്ധനയ്ക്കനുസൃതമായി ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനയുണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണം പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റുപോകാത്തതും കൊമേഴ്സ്യൽ സ്പേസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കേന്ദ്ര നയങ്ങൾമൂലമുണ്ടാകുന്ന വിലവർദ്ധനയിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കാൻ നടപടി**

9 (*189) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ രജിസ്ട്രേഷൻ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ ഭൂമി രജിസ്ട്രേഷനിൽ അഴിമതി

നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയതായി പറയപ്പെടുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധന സംബന്ധിച്ച റിപ്പോർട്ട് വകുപ്പിൽ ലഭ്യമായിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഭൂമി രജിസ്ട്രേഷൻ ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റാൻ നടപടിയെടുത്തിരുന്നോ; വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പ് നൽകിവരുന്ന താഴെപ്പറയുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ആധാര രജിസ്ട്രേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ്, ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിവാഹ രജിസ്ട്രേഷൻ, ലിസ്റ്റ് സർട്ടിഫിക്കറ്റ്, ചിട്ടി രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ, സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനായുള്ള ഗഹാനുകളും അവയുടെ

റീലീസും ഫയൽ ചെയ്യൽ, പോക്കുവരവ് അപേക്ഷകൾ വില്ലേജ് ഓഫീസിലേയ്ക്ക് അയയ്ക്കൽ.

2. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടിവരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

3. വകുപ്പ് നൽകിവരുന്ന സേവനങ്ങൾക്കായുള്ള ഫീസുകൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

4. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം

5. ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ഓൺലൈൻ ടോക്കൺ സൗകര്യം.

6. ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അവശ്യവിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ്സൈറ്റിലൂടെ കാണാനും ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന്റെ https://pearl.registration.kerala.gov.in എന്ന പോർട്ടലിലൂടെ പരിശോധിക്കുന്നതിനുമുള്ള സൗകര്യം.

7. ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയുന്ന എനിവെയർ രജിസ്ട്രേഷൻ സൗകര്യം.
8. വാങ്ങുന്നയാളിനോ വിൽക്കുന്നയാളിനോ ആധാരം സ്വയം തയാറാക്കുന്നതിനായി ആധാര മാതൃകകൾ സൈറ്റിൽ ലഭ്യമാക്കുകയും ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.
9. വാണിജ്യ ബാങ്കുകളിൽനിന്നും സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കായുള്ള വായ്പാ കരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം.

(സി) ഭൂമിയുടെ ന്യായവില കുറച്ചുകാണിച്ച് വസ്തു രജിസ്റ്റർ ചെയ്യുന്നതാണ് അഴിമതിക്ക് മുഖ്യകാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് നിരുത്സാഹപ്പെടുത്തുന്നതിന് ഭൂമിയുടെ ന്യായവില യുക്തിസഹമായ നിരക്കിൽ നിശ്ചയിച്ചിട്ടുണ്ടോ; ഇത്തരത്തിൽ നിശ്ചയിക്കുന്ന ന്യായവില പൊതുജനങ്ങൾക്ക് മനസ്സിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭൂമി കൈമാറ്റം സംബന്ധിച്ച് ആധാരങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിഫലസംഖ്യയോ/ന്യായവിലയോ ഇതിൽ ഏതാണോ കൂടിയ തുക അതിന്മേലാണ് നികുതി ചുമത്തിവരുന്നത്. ഭൂമിയുടെ ന്യായവിലയേക്കാളും കുറച്ചാണ് കൈമാറ്റവില/പ്രതിഫലം ആധാരങ്ങളിൽ രേഖപ്പെടുത്തിയാൽ പോലും കൂടിയ തുകയ്ക്ക് നികുതി ചുമത്തി വരുന്നതിനാൽ ന്യായവില കുറച്ച് കാണിച്ച് വസ്തു രജിസ്റ്റർ ചെയ്ത് അഴിമതി നടത്താൻ കഴിയുകയില്ല. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് നിയമംമൂലം അധികാരപ്പെടുത്തിയിട്ടുള്ളത് അതത് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ്. കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന ന്യായവില രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് വഴിയും സബ് രജിസ്ട്രാർ ഓഫീസുകൾ വഴിയും പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

10 (*190) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി

(ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വ്യവസായ മേഖലയ്ക്ക് ആവശ്യമായ മൂലധന പിന്തുണ നൽകുന്നതിന് രൂപീകരിച്ച കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കാർഷിക വ്യവസായ മേഖലയ്ക്കാവശ്യമായ മൂലധന പിന്തുണ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷകർക്ക് വിവിധതരം കാർഷിക വിളകളുടെ ഉൽപ്പാദനത്തിന് പ്രവർത്തന മൂലധനമായി ഹ്രസ്വകാല കാർഷിക വായ്പകൾ നബാർഡിൽനിന്നുള്ള പുനർവായ്പയ്ക്ക് വിധേയമായി കേരളാ ബാങ്ക് അനുവദിച്ചുവരുന്നു. ഈ ഇനത്തിൽ തൻവർഷം നവംബർ മാസം വരെ 3,237 കോടി രൂപ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിച്ചിട്ടുണ്ട്. കാർഷിക കാർഷികാനുബന്ധ മേഖലകളിൽ മൂലധന നിക്ഷേപ വായ്പയായി ദീർഘകാല കാർഷിക വായ്പകളും പ്രോജക്ട് അടിസ്ഥാനത്തിൽ അനുവദിച്ച് വരുന്നു. കർഷക ഉത്പാദന സംഘടനകളിലൂടെ മൂല്യവർദ്ധിത ഉത്പാദനം ലക്ഷ്യമിട്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷികാഭിവൃദ്ധി നേടുന്നതിനുമായി സമൂഹത്തിലെ ചെറുകിട നാമമാത്ര ഭൂരഹിത കർഷകരുടെ

കൂട്ടായ കാർഷികാഭിവൃദ്ധിക്ക് കരുത്ത് പകരുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾക്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അനുവദിച്ച് നൽകുന്ന വായ്പകൾക്ക് കേരള ബാങ്കിൽ നിന്നും പുനർവായ്പ അനുവദിക്കുന്നു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പരിധിയിൽ വരുന്ന ഉത്പാദന സേവന കച്ചവട മേഖലകളുടെ പ്രവർത്തനങ്ങൾക്കായി MSME വായ്പയായി സംഘങ്ങൾ അനുവദിച്ച് നൽകുന്ന തുകയ്ക്കും കേരള ബാങ്കിൽനിന്നും പുനർവായ്പ അനുവദിക്കുന്നു. പ്രസ്തുത സ്കീമിലൂടെ പരമാവധി 50 ലക്ഷം രൂപ വരെ സഹകരണ സംഘങ്ങൾക്ക് അംഗതലത്തിൽ അനുവദിച്ച് നൽകാവുന്നതാണ്. കാർഷിക ഉത്പന്നങ്ങളുടെ Post harvest പ്രവർത്തനങ്ങൾക്ക് കാർഷിക കാർഷികാനുബന്ധ ഉത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയകളായ cleaning, grading, waxing, packing, pulp and juices, pickles, squashes and sauces, flour milling, baking, noodles, honey, chips making, spices grinding മുതലായ പ്രവർത്തനങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന micro food processing സംരംഭങ്ങൾക്കും പ്രാഥമിക കാർഷിക വായ്പാ

സംഘങ്ങൾക്ക് കേരള ബാങ്കിൽനിന്നും പുനർവായ്പ അനുവദിച്ച് നൽകിവരുന്നു. കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി (AIF) യും കേരളാ ബാങ്കിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) നബാർഡ് പിന്തുണയോടെയുള്ള കാർഷിക അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് ഒരു ശതമാനം പലിശ നിരക്കിൽ വായ്പ നൽകാൻ പ്രസ്തുത ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി (AIF) കേരളാ ബാങ്കിലൂടെ നടപ്പിലാക്കിവരുന്നു. നബാർഡ് പിന്തുണയോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയെ നബാർഡിന്റെ PACS as MSC എന്ന പദ്ധതിയുമായി ലിങ്ക് ചെയ്ത് കേരള സംസ്ഥാന സഹകരണ ബാങ്കിലൂടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക

വായ്പാ സഹകരണ സംഘങ്ങൾക്ക് കാർഷിക അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് ഒരു ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ വിവിധ പദ്ധതികൾക്കായി 52 സംഘങ്ങൾക്ക് 68.49 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ബാങ്ക് രൂപീകരണ കാലത്തുണ്ടായിരുന്ന നഷ്ടവും നിഷ്ക്രിയ ആസ്തിയും കുറച്ച് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്കിന്റെ രൂപീകരണ സമയത്ത് 29-11-2019-ൽ ബാങ്കിന്റെ സഞ്ചിത നഷ്ടം 1,151.02 കോടി രൂപയായിരുന്നു. ഇത് 31-03-2022-ൽ 637.02 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണ സമയത്ത് നിഷ്ക്രിയാസ്തി 8,833.95 കോടി രൂപയായിരുന്നു. 31-03-2022-ൽ നിഷ്ക്രീയാസ്തി 5,466.53 കോടി രൂപയായി കുറച്ചുകൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്കിന്റെ compromise settlement പദ്ധതിയായ recovery management policy, ഊർജ്ജിത കുടിശ്ശിക നിർമ്മാർജ്ജന പദ്ധതിയായ Mission 100 days be the number

one campaign എന്നിവയിലൂടെയാണ് നിഷ്ക്രിയാസ്തി കുറയ്ക്കാൻ സാധിച്ചിട്ടുള്ളത്.

**വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച കേന്ദ്ര നിർദേശങ്ങൾ**

11 (*191) ശ്രീ. അബ്ദുൽ ഹമീദ് പി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

25 വർഷം കഴിഞ്ഞ കൽക്കരി, പ്രകൃതിവാതക നിലയങ്ങളുടെ Genco wise common pool ഉണ്ടാക്കുന്നതിനുള്ള ഒരു ആശയക്കുറിപ്പ് (concept note) കേന്ദ്ര ഊർജ്ജ മന്ത്രാലയം 15-11-2022-ൽ പുറപ്പെടുവിക്കുകയുണ്ടായി. 25 വർഷം തികയുന്ന നിലയങ്ങൾ സ്വയമേ ഈ pool-ൽ കൂട്ടിച്ചേർക്കപ്പെടും.

(ബി) ഉയർന്ന നിരക്ക് ഈടാക്കുന്ന കൽക്കരി, പ്രകൃതി വാതക നിലയങ്ങളിൽനിന്നും നിർബന്ധമായും വൈദ്യുതി വാങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

25 വർഷം തികയുന്ന നിലയങ്ങൾ pool-ലേയ്ക്ക് കൂട്ടിച്ചേർക്കുന്നതുമൂലം ടി നിലയങ്ങളുടെ താരിഫ് pool-ന്റെ tariff ലെയ്ക്ക് മാറും. 25 വർഷം കഴിഞ്ഞ നിലയങ്ങളുടെ താരിഫ് താരതമ്യേന കുറവാണ്. എന്നാൽ pool-ൽ കയറുന്നതോടെ ടി നിലയങ്ങളുടെ താരിഫ് കൂടാനാണ് സാധ്യത. ടി നിലയങ്ങളുമായി വൈദ്യുതി വാങ്ങൽ കരാറുകൾ (power purchase agreement) തുടരുന്ന വിതരണ കമ്പനികൾക്കോ/സംസ്ഥാനങ്ങൾക്കോ ടി pool-ലെ നിരക്കായിരിക്കും ബാധകം. ടി pool ൽ കൽക്കരിക്കൊപ്പം പ്രകൃതിവാതക നിലയങ്ങൾ ഉള്ളതിനാൽ നിരക്ക് ഉയരുന്നതായിരിക്കുമെന്നാണ് നിഗമനം. എന്നാൽ 25 വർഷം കഴിഞ്ഞ നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (power purchase agreement) വിടുതൽ ചെയ്ത് ടി pool-ൽ നിന്ന് വൈദ്യുതി വാങ്ങാതെയിരിക്കാനും സംസ്ഥാനങ്ങൾക്കോ/വിതരണക്കമ്പനികൾക്കോ സാധിക്കുമെന്നാണ് മനസ്സിലാവുന്നത്. എന്നാൽ വിടുതൽ ചെയ്യുന്നതിന് മുന്നോടിയായി ഇതിനുപകരം മറ്റു വൈദ്യുതി സ്രോതസ്സുകൾ വിതരണ കമ്പനിക്ക് കണ്ടെത്തേണ്ടതായിവരും.

(സി) എങ്കിൽ പ്രസ്തുത നിർദേശം നടപ്പാക്കുന്നതിനെ തുടർന്നുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയിൽനിന്നും ഉപഭോക്താക്കളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

പ്രസ്തുത ആശയക്കുറിപ്പിന്റെ (Concept note) കരട് മാത്രമാണ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനുമേൽ അഭിപ്രായങ്ങൾ എല്ലാവരോടും ആരാഞ്ഞിട്ടുണ്ട്. ഈ കരട് കുറിപ്പിന് അന്തിമരൂപം നൽകി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിന് ശേഷമേ, ഇതുമൂലം അധിക സാമ്പത്തികബാധ്യത ഉണ്ടാകുമോ ഇല്ലയോ എന്ന് കണക്കാക്കാനാവൂ. ഇങ്ങനെയുണ്ടാകുന്ന അധികബാധ്യതയെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളാണ്.

## പുരപ്പുറ സോളാർ പദ്ധതി

12 (*192) <u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി സോളാർ പദ്ധതി വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നിരവധി സോളാർ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോത്പാദനം വർദ്ധിപ്പിച്ച് ഉത്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ് തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും അതോടൊപ്പം കർഷകർക്ക് വരുമാനം

ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയായ പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജന മുഖേന 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു.

ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേന സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ മൂന്ന് ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതി, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൽട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്ന പദ്ധതി, റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ

പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ, ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി, ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി, "സോളാർ സിറ്റി" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം 'സ്മാർട്ട് സിറ്റി'യുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും 500 മെഗാവാട്ട് സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ എന്നിവ മുഖേനയും കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

നിലവിൽ പ്രസ്തുത പദ്ധതി വഴി 111.04 MW ശേഷിയുടെ 25817 സൗരനിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 100.33 MW-ന്റെ 23939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വഴി സൗരോർജ്ജത്തിൽ നിന്ന് 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 676 മെഗാവാട്ട് ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) പുരപ്പുറ സോളാർ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്.

ഒന്നാംഘട്ടം നോൺ സബ്സിഡി പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാം. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. ഈ പദ്ധതിയിൽ 18.68 MW-ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

രണ്ടാംഘട്ടം സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം വേണ്ടിയുള്ളതാണ്. ഇത് MNRE-യുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ 81.65 MW-ന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 5,800 പേർ ആകെ 22 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇതിൽ 3,871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 3.5 മെഗാവാട്ട് ശേഷിയുള്ള 872 സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചുകഴിഞ്ഞു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

13 (*193) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജോല്പാദന മേഖലയിൽ ജലവൈദ്യുത പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് പരിസ്ഥിതി സൗഹൃദവും അനുയോജ്യവുമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഊർജ്ജോത്പാദന മേഖലയിൽ ജലവൈദ്യുത പദ്ധതികൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. കേരളത്തിൽ ജലവൈദ്യുത പദ്ധതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ചെറുകിട ജല വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അനുയോജ്യവുമായ വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ വൈദ്യുത

ബോർഡ് നടപ്പിലാക്കിവരുന്നു. നിലവിൽ ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/ 83.5 Mu), ചിന്നാർ (24 MW/ 76.45 Mu), പെരുവണ്ണാമൂഴി (6MW/24.70 Mu), പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW/ 25.16 Mu), ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW / 10.26 Mu) പൂവാറംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW / 5.88 Mu) എന്നീ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ, മരിപ്പുഴ (6 MW/14.84), അപ്പർ ചെങ്കുളം (24 MW/53.22 Mu), പെരിങ്ങൽകുത്ത് സ്റ്റേജ് II (24 MW/53.85 Mu) എന്നീ 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 49.5 MW (124.88 Mu) സ്ഥാപിതശേഷിയുള്ള 8 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള അനുബന്ധപ്രവർത്തനങ്ങൾ നടന്നുവരുന്നു

സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനുവേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ സാധ്യതയും സംസ്ഥാനം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധ ചെറുകിട പദ്ധതികളുടെ നിർമ്മാണവും പുതിയ പദ്ധതികളുടെ സാധ്യതാ പഠനവും നടത്തിവരുന്നു. നിലവിൽ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ 3 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിരവധി ചെറുകിട പദ്ധതികളുടെ സാദ്ധ്യത -

പരിവേഷണ പഠനങ്ങളും നടന്നുവരുന്നു.കേരളത്തിൽ നടപ്പാക്കിവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു+.

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ പ്രവർത്തന പുരോഗതി വരുത്തുന്നതിലേയ്ക്കായി ചെറുകിട ജലവൈദ്യുതി നയം 2012-ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സർക്കാർ മുൻകയ്യെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ ചെറുകിട ജലവൈദ്യുതി നയം ഇ.എം.സി. തയ്യാറാക്കി സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതാണ്.

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായം ലഭിച്ചിരുന്നോ; ഈ സഹായം നിലവിൽ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഇത് പുനഃസ്ഥാപിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിരുന്നു. ഈ സഹായം നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർത്തിവച്ചിരിക്കുകയാണ്. ഇത് പുന:സ്ഥാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്ര ഊർജ്ജ മന്ത്രിയെ സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി നേരിട്ട് കാണുകയും ഈ വിഷയം നേരിൽ ധരിപ്പിക്കുകയും ചെയ്തിരുന്നു. അതിനോടൊപ്പം കേരളത്തിൽനിന്നും തെരഞ്ഞെടുത്ത എം.പി.-മാരും ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ചർച്ചകൾ നടന്നുവരുന്നു.

**ജി.എസ്.ടി. ചോർച്ച ഒഴിവാക്കാൻ നടപടി**

14 (*194) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ അധികാരം കവർന്നുകൊണ്ട് ജി.എസ്.ടി. നടപ്പിലാക്കുകയും എന്നാൽ അതിന്റെ തത്വത്തിന് വിരുദ്ധമായി സർചാർജ്, സെസ്സ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ വൻ തുക ഈടാക്കുകയും ചെയ്യുന്നതിനാൽ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. വിഹിതം അറുപത് ശതമാനമായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ജി.എസ്.ടി.-യിലെ വരുമാനം പങ്കിടലിലെ സംസ്ഥാന വിഹിതം 60% ആയി ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന വാറ്റ് നികുതിയും കേന്ദ്ര സർക്കാരിന്റെ എക്സൈസ്, സേവന നികുതികളും ഒട്ടേല്ലാ പരോക്ഷനികുതികളും സംയോജിപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ

രൂപീകരിച്ച ഏകീകൃത നികുതി നിയമമാണ് ജി.എസ്.ടി. വാറ്റ് നിയമത്തിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നത് ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇത് പ്രകാരം നഷ്ടപരിഹാരം ലഭ്യമാകുന്ന കാലാവധി 2022 ജൂൺ മാസത്തിൽ അവസാനിച്ചു.

എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ സെസ് 2026 മാർച്ച് 31 വരെ തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നൽകുന്നതിനായി കേന്ദ്ര സർക്കാർ എടുത്ത വായ്പകളുടെ തിരിച്ചടവിനുവേണ്ടിയാണ് സെസ്സ് ഈടാക്കുന്നത് തുടരുന്നത് എന്നാണ് ജി.എസ്.ടി. കൗൺസിലിൽ അറിയിച്ചിട്ടുള്ളത്.

കോവിഡ് പ്രതിസന്ധി മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടിനൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

(ബി) ധനകമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ സമാഹരിക്കുന്ന ആകെ നികുതി വരുമാനത്തിന്റെ നാൽപ്പത്തൊന്ന് ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതിൽ സെസ്സുകളും സർചാർജ്ജുകളുംകൂടി ഉൾപ്പെട്ട തുക കണക്കിലെടുക്കാൻ ആവശ്യപ്പെടുമോ?

സെസ്സുകളും സർചാർജ്ജും ചുമത്തുന്നതിൽനിന്നും പരമാവധി ഒഴിവാക്കണമെന്നും അഥവാ ചുമത്തപ്പെട്ടാൽ ഒരു നിശ്ചിത കാലാവധി കഴിഞ്ഞിട്ടും തുടരുന്ന സെസ്സുകളും സർചാർജ്ജുകളും അതായത് 3 വർഷത്തിലധികമായി ചുമത്തപ്പെടുന്ന സെസ്സുകളും സർചാർജ്ജുകളും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട വരുമാനത്തിൽ ഉൾപ്പെടുത്തണമെന്നും ആയതിന് ഭരണഘടനാ ഭേദഗതി ആവശ്യമാണെന്നും 15-ാം ധനകാര്യ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഒരു ഇടക്കാല നടപടി എന്ന

നിലയിൽ ഡിവിസിബിൾ പൂളിലെ നികുതി വിഹിതം ഉയർത്തുന്നത് പരിഗണിക്കണമെന്നും കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നു. അസാധാരണമാംവിധം ഉയർന്ന നിരക്കിലുള്ള സെസ്സുകളും സർചാർജ്ജുകളും ഘട്ടംഘട്ടമായി ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ജി.എസ്.ടി. ചോർച്ച ഒഴിവാക്കുന്നതിനും ജി.എസ്.ടി. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത വകുപ്പിൽ പുനഃസംഘടന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്നതരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും അതിനായി 02-08-202-ലെ സ.ഉ.(എം.എസ്.)

നം.55/2022/ടാക്സസ് പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

15 (*195) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ . മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് വർദ്ധിച്ചുവരുന്നതിനാൽ നികുതി വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി വെട്ടിപ്പ് കാരണമാണ് ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച രീതിയിൽ ഉയരാത്തതെന്ന് കണക്കാക്കിയിട്ടില്ല. ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതിദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.

ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം 16 ശതമാനത്തിനുമുകളിൽ ആകത്തക്കവിധത്തിലായിരുന്നു. വാറ്റ് സമ്പ്രദായത്തിൽ 14.5 ശതമാനമായിരുന്നു. എന്നാൽ പിന്നീട്

തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് 11 ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതിവെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റംവരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14% നികുതി വർദ്ധന ഇതുവരെ പ്രാപ്യമായിട്ടില്ല.

( ബി) നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പാക്കിവരുന്നുണ്ട്.

ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ജി.എസ്.ടി.-യിലേയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനായി ജി.എസ്.ടി.-ക്കുമുൻപുള്ള നിയമങ്ങളിന്മേലുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നികുതി തട്ടിപ്പിനായി വ്യാജ ബില്ലുകൾ തയ്യാറാക്കി നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, ആക്രി എന്നീ മേഖലകളിലാണ് നികുതി വെട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 4 കേസുകളിൽനിന്നുമായി ജി.എസ്.ടി. നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ജി.എസ്.ടി. നിയമം സെക്ഷൻ 122, 74 എന്നിവ പ്രകാരം നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ സെർച്ച് നടത്തി തുടർനടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ വിശദമാക്കാമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർദ്ധനത്തിലും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും 02-08-2022-ലെ സ. ഉ (എം.എസ്) നം. 55/2022/TAXES പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിച്ചുവരുന്നു.

**ഒരു വർഷം ഒരു ലക്ഷം സംരംഭം**

16 (*196) <u>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ</u>:
<u>ശ്രീ. പി. വി.അൻവർ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ സഹായങ്ങൾ സമയബന്ധിതമായി ലഭ്യമാകുംവിധം ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന ലക്ഷ്യത്തോടെ പ്രത്യേകമായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവർക്ക് ബോധവൽക്കരണം, ലൈസൻസ്, വായ്പ, ധനസഹായം തുടങ്ങിയ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം

വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലാണ് നടത്തിയത്. പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2022, ആഗസ്റ്റ്-സെപ്തംബർ

മാസങ്ങളിലായി ലൈസൻസ്/ലോൺ/സബ്സിഡി മേളകളും നടത്തിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വ്യവസായ നിക്ഷേപം വർദ്ധിക്കുന്നതോടൊപ്പം വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാകും; സംസ്ഥാനത്തിന്റെ വ്യാവസായിക സാമ്പത്തിക മേഖലയിൽ ഇതുവഴി എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയിൽ 2022 ഡിസംബർ 7 വരെയുള്ള കണക്ക് പ്രകാരം 1,01,002 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ ഇതിനോടകംതന്നെ ഒരുലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭൗതിക ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 6,268.23 കോടിയുടെ നിക്ഷേപവും 219850 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ-

ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിലുണ്ടായ ഈ അഭൂതപൂർവമായ വളർച്ച സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും സഹായിക്കും. സംസ്ഥാനത്ത് നിലവിൽ വൻതോതിൽ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് പുതുതായി ആരംഭിച്ച ചില യൂണിറ്റുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തദ്ദേശീയ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഉൽപ്പന്നങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ഈ യൂണിറ്റുകൾ സഹായിക്കും.

**കിഫ്ബി പദ്ധതികളിലൂടെ കാർഷിക മേഖലയുടെ പുനരുജ്ജീവനം**

17 (*197) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് കിഫ്ബി വഴി കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?**

കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിന് ഊന്നൽ നൽകുന്ന സമീപനമാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളത്. ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല കിഫ്ബി മുഖേന സ്ഥാപിക്കുന്നതിന് 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം വഴി അധികമായി 5 അഗ്രോ പാർക്കുകൾകൂടി പ്രഖ്യാപിച്ചു. ഇവ കർഷകരുടെയും കിഫ്ബിയുടെയും സംയുക്ത സംരംഭമായാണ് വിഭാവന ചെയ്തിട്ടുള്ളത്.

**(ബി) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;**

അഗ്രോ പാർക്കുകൾ തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നിക്ഷേപ നിധിയിൽനിന്നും 500 കോടി രൂപ നീക്കിവച്ചിട്ടുള്ളതുകൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 7 അഗ്രി ടെക് ഫെസിലിറ്റി സെന്ററുകൾക്ക് 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**(സി) കാർഷികമേഖലയിൽ യന്ത്രവൽക്കരണത്തിനും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും കിഫ്ബി വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?**

ഭരണ വകുപ്പിന്റെ ശിപാർശയും ഭരണാനുമതിയും മന്ത്രിസഭയുടെ അംഗീകാരത്തോടെ കിഫ്ബിയിൽ ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി) കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യം, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?**

അഗ്രോ പാർക്കുകൾ തുടക്കംകുറിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നിക്ഷേപ നിധിയിൽനിന്നും 500 കോടി രൂപ നീക്കിവച്ചിട്ടുള്ളതുകൂടാതെ

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 7 അഗ്രി ടെക് ഫെസിലിറ്റി സെന്ററുകൾക്ക് 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി**

18 (*198) ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും തുടർച്ചയായി അടഞ്ഞുകിടക്കുകയായിരുന്ന കശുവണ്ടി ഫാക്ടറികൾ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ഓണക്കാലത്താണ് പ്രവർത്തനം പുനരാരംഭിച്ചത്. കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കഴിഞ്ഞ സർക്കാർ 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി സംഭരിച്ചാണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കൂടാതെ സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന തോട്ടണ്ടി സർക്കാർ രൂപീകരിച്ച വില നിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് സഹകരണ ബാങ്കുകൾ സംഭരിച്ച് കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഫാമുകളിലും മറ്റ് പൊതുമേഖലാ പ്ലാന്റേഷനുകളിലും ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയും ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിച്ച്

തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ കാലം മുതൽ കോർപ്പറേഷനും കാപ്പെക്സും സ്വീകരിച്ചുവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് മുൻ സർക്കാരിന്റെ കാലത്ത് 511 ദിവസത്തെ തൊഴിൽ ദിനം നൽകിയിട്ടുണ്ട്. കുടിശ്ശികയായിരുന്ന ഗ്രാറ്റുവിറ്റി നൽകുന്നതിന് ഉൾപ്പെടെ ടി സർക്കാരിന്റെ കാലത്ത് ചുവടെ പറയും പ്രകാരം 325.75 കോടി രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്.

1. കോർപ്പറേഷന്റെ കടം ഒറ്റത്തവണ തീർപ്പാക്കലിനായി ബാങ്കുകൾക്ക് നൽകാൻ - 80 കോടി രൂപ.

2. ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും ഓണം ബോണസ് നൽകുന്നതിനും - 40 കോടി രൂപ

3. ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനത്തിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനും -65 കോടി രൂപ

4. ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി - 40 കോടി രൂപ

5. മോഡേണൈസേഷൻ -ഷെയർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കേരള കാഷ്യൂ ബോർഡ് - 15 കോടി രൂപ

6. വർക്കിംഗ് ക്യാപിറ്റൽ - 7.5 കോടി രൂപ

7. ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് - 64 കോടി രൂപ

8. മോഡേണൈസേഷൻ -13.5 കോടി രൂപ

9. ബ്രാൻഡ് ബിൽഡിംഗ് - 75 ലക്ഷം

കാപ്പെക്സിന്റെ ഫാക്ടറികളിൽ ആധുനികവത്ക്കരണവും ഭാഗികമായ യന്ത്രവത്ക്കരണവും എന്ന പദ്ധതിക്കായി 58.45 കോടി രൂപയും ദേശീയ വിപണയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും എന്ന കണക്കിനത്തിൽ 2.40 കോടി രൂപയും ചേർത്ത് ആകെ 60.85 കോടി രൂപ 2016-17 മുതൽ 2020-21 വരെ പദ്ധതി വിഹിതമായി മുൻ സർക്കാർ നൽകിയിരുന്നു. കാഷ്യൂ ബോർഡ് നിലവിൽ വരുന്നതിനുമുൻപ് 2018 വരെ തോട്ടണ്ടി വാങ്ങുന്നതിനും ബോണസ് നൽകുന്നതിനും പ്രസ്തുത തുകയിൽനിന്നും വിനിയോഗിച്ച് കാപ്പെക്സ് ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിച്ചു. കാഷ്യൂ ബോർഡിൽ കാപ്പെക്സിന്റെ മൂലധനമായി 5 കോടി രൂപ കഴിഞ്ഞ സർക്കാർ നൽകിയ

പദ്ധതി വിഹിതത്തിൽനിന്നും വിനിയോഗിച്ചു. കൂടാതെ കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡോഫീസും പത്ത് ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർകൊണ്ട് CCTV മുഖേന ബന്ധിപ്പിക്കുകയും കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലെറ്റുകൾ, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ. ഗ്രേഡിംഗ് ടേബിളുകൾ മുതലായവ ഫാക്ടറികളിൽ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്പുര, ഗോഡൗൺ യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2012 മുതൽ 2015 കാലയളവ് വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയും കഴിഞ്ഞ സർക്കാർ കാലത്ത് കാപ്പെക്സ് വിതരണം ചെയ്തിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും പത്രപരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ

നിറച്ച് വിൽപ്പന നടത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിച്ച് വിപണനം വർദ്ധിപ്പിക്കുകയുണ്ടായി. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിനും ഫ്രാഞ്ചൈസി സെയിൽസിനും കൂടുതൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. പോലീസ് കാന്റീൻ മുതലായ വിവിധ സർക്കാർ കാന്റീനുകൾ വഴിയും കാപ്പെക്സ് പരിപ്പുകൾ കഴിഞ്ഞ സർക്കാർ കാലയളവ് മുതൽ വിറ്റുവരുന്നു.

കശുവണ്ടി മേഖലയിൽ കശുമാവിന്റെ ആഭ്യന്തര ഉത്പ്പാദനം വർദ്ധിപ്പിച്ച് തോട്ടണ്ടി സംഭരണത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷി പ്രോൽസാഹനത്തിന് വിവിധ പദ്ധതികൾ കാപ്പെക്സ് നടപ്പിലാക്കിയിട്ടുണ്ട്. കശുമാവ് കൃഷി വികസന ഏജൻസി ഈ സംരംഭത്തിന് നേതൃത്വം നൽകുന്നു. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം ഉത്പ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പ്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു. 2016 കലണ്ടർ വർഷം 160 ദിവസവും 2017 - ൽ 158 ദിവസവും 2018 - ൽ 181 ദിവസവും 2019-ൽ 214 ദിവസവും 2020 - ൽ 160 ദിവസവും 2021 കലണ്ടർ വർഷം 140 തൊഴിൽ ദിനങ്ങളും

കാപ്പെക്സ് തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നും 1509 തൊഴിലാളികൾക്ക് കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ തൊഴിൽ നൽകിയിട്ടുണ്ട്. തൊഴിലാളികളുടേയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ESI, EPF, RWF വിഹിതം മുടക്കം കൂടാതെ അടയ്ക്കുന്നതിനാൽ എല്ലാ തൊഴിലാളികൾക്കും സ്റ്റാഫിനും ESI പരിരക്ഷയും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും നാടൻ തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി 2007 - ൽ സർക്കാർ രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസി വഴി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കർഷകർക്ക് സൗജന്യമായി നൽകിയിരുന്നു. മുൻസർക്കാരിന്റെ കാലത്ത് കശുമാവുകൃഷി വികസന ഏജൻസി വിവിധ പദ്ധതികളിലൂടെ 22,18,692 കശുമാവ് തൈകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനത്തിനായും സംസ്ഥാനത്തിന്

പുറത്തുനിന്നും വിദേശത്തുനിന്നും തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ന്യായമായ വിലയിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കഴിഞ്ഞ സർക്കാർ 2017 ഒക്ടോബർ 9-ന് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിച്ചു. കേരള കാഷ്യൂ ബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് 2018-19 വർഷത്തിൽ 6700 മെട്രിക് ടൺ തോട്ടണ്ടിയും 2019-20 വർഷത്തിൽ 13600 മെട്രിക് ടൺ തോട്ടണ്ടിയും 2020-21 വർഷത്തിൽ 10051 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേരള ബാങ്കിൽനിന്ന് പ്രതിവർഷം 100 കോടി രൂപ കാഷ്യൂ ബോർഡിന് ക്യാഷ് ക്രെഡിറ്റ് ലഭിക്കുന്നതിന് മുൻസർക്കാർ ഗ്യാരണ്ടി നൽകിയിരുന്നു. ഇത് കൂടാതെ പ്ലാൻ ഫണ്ടിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 9.50 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 53.50 കോടി രൂപയും പ്രവർത്തന മൂലധന വായ്പയായി കേരള കാഷ്യൂ ബോർഡിന് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്നുപ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 കശുവണ്ടി ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി ബാങ്കുകൾ അധിക വായ്പ നൽകുകയുണ്ടായി. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്ന് 06-02-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC യ്ക്ക് അനുവദിക്കുകയും ചെയ്തിരുന്നു.

സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന്

ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റേയും തുടർച്ചയായ ചർച്ചകളുടേയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ബാങ്കുകളുമായി ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തികരംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായം നിലവിൽ കനത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഈ ഇടപെടലുകൾ കാര്യക്ഷമമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ കശുവണ്ടി മേഖലയിൽ നടത്തിയ കാര്യക്ഷമമായ നടപടികളുടെ ഫലമായി അടഞ്ഞുകിടക്കുകയായിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു. ഇതുമൂലം തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ സാധിക്കുകയും ESI, PF, ബോണസ്, ഗ്രാറ്റുവിറ്റി തുടങ്ങിയ ക്ഷേമാനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൃത്യമായി ലഭിക്കുകയും ചെയ്തു. കൂടാതെ കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പദ്ധതിവഴി പ്രതിസന്ധിയിലായ വ്യവസായികളുടെ ബാങ്ക് കുടിശ്ശിക ഒഴിവാക്കാനും ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനുമായി. തോട്ടണ്ടി സംഭരണത്തിനായി മുൻസർക്കാർ കാഷ്യൂ ബോർഡ് രൂപീകരിച്ചതുവഴി കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ സാധിച്ചു. കശുമാവ് കൃഷി വികസന ഏജൻസി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത്യുൽപാദനശേഷിയുള്ള മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ

വിതരണം ചെയ്യുതുവഴി 10686 ഹെക്ടർ സ്ഥലത്തേയ്ക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കാനും തന്മൂലം കേരളത്തിലെ കശുമാവ് കൃഷിയുടെ വിസ്തൃതി 103205 ഹെക്ടറായി വർദ്ധിപ്പിക്കാനും സാധിച്ചു.

(സി) കശുവണ്ടി വ്യവസായം സംരക്ഷിച്ച് ബാങ്കുകളുടെ സഹായത്തോടെ പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി രംഗത്തെ ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംസ്ഥാനത്തിന് പുറമേനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ചെറുകിട സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കും നൽകുന്നതിനുവേണ്ടി 2017-ൽ സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചു. കശുവണ്ടി സംഭരണത്തിനായി കേരള കാഷ്യൂ ബോർഡിന് കേരള ബാങ്കിൽനിന്നും പ്രതിവർഷം 100 കോടി രൂപ ക്യാഷ് ക്രെഡിറ്റ് ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ വർഷാവർഷം സർക്കാർ

അനുവദിക്കുന്ന ലോൺ ധനസഹായവും കേരള ബാങ്കിൽനിന്നുള്ള ക്യാഷ് ക്രെഡിറ്റും ഉപയോഗിച്ച് കാഷ്യൂ ബോർഡ് തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾക്ക് നൽകി തൊഴിലാളികൾക്ക് തൊഴിൽദിനം ഉറപ്പുവരുത്തുന്നു. കൂടാതെ സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നതിനും കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ബാങ്കിലെ കട ബാധ്യത എൻ.പി.എ. ആയതിന്റെ പശ്ചാത്തലത്തിൽ പ്രവർത്തനം ബുദ്ധിമുട്ടിലായ സ്വകാര്യ ഫാക്ടറികൾക്ക് വൺ ടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്കുകളും വ്യവസായികളുമായി നിരന്തരം യോഗങ്ങളും ചർച്ചകളും നടത്തിയതിന്റെ ഫലമായി ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച് ഒരു സെറ്റിൽമെന്റ് ഫോർമുലയ്ക്ക് രൂപം നൽകിയിരുന്നു. ഇതുപ്രകാരം 31-03-2020 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾ പ്രസ്തുത പാക്കേജിന്റെ പരിധിയിൽ വരുന്നതാണെന്നും രണ്ട് കോടി രൂപവരെയുള്ള അക്കൗണ്ടുകൾക്ക് വൺ ടൈം സെറ്റിൽമെന്റ് തുകയുടെ 50 ശതമാനവും 2

കോടി രൂപയുടെമുകളിൽ 10 കോടി വരെയുള്ള എൻ.പി.എ അക്കൗണ്ടുകൾക്ക് വൺ ടൈം സെറ്റിൽമെന്റ് തുകയുടെ 60 ശതമാനവും അംഗീകരിച്ച് വൺ ടൈം സെറ്റിൽമെന്റ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വൺ ടൈം സെറ്റിൽമെന്റ് സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ ബാങ്കുമായി കരാറിലേർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള തീയതി 31-03-2022 എന്നത് 31-12-2022 വരെ ദീർഘിപ്പിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുവഴി വ്യവസായികൾക്ക് പ്രവർത്തനം പുനരാരംഭിക്കാനും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) ഇതിനായി സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിലെടുത്ത തീരുമാനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ചർച്ച നടത്തിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ

പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' രൂപീകരിക്കുകയും കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- 31-01-2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31-03-2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- 2 കോടി രൂപവരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപ വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

- OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്.
- OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Payment ആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

തുടർന്ന് മേൽ യോഗ തീരുമാനങ്ങൾക്ക് പ്രാബല്യം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തിക രംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ

ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കിഫ്ബി മുഖേനയുള്ള മൂലധന നിക്ഷേപം**

19 (*199) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ദേശീയ ശരാശരിയെക്കാൾ ഉയർന്ന തോതിൽ വളർച്ച നേടുന്നതിനും കിഫ്ബി മുഖേന വൻതോതിലുള്ള മൂലധന നിക്ഷേപം പ്രധാന പങ്കുവഹിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഏർപ്പെടുത്തേണ്ടിവന്ന ലോക്ഡൗൺ സാഹചര്യങ്ങൾ

പൊതുസമൂഹത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതിനൊപ്പം സർക്കാരിന്റെ നികുതി വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി. പ്രതികൂലമായ ഈ സാഹചര്യത്തിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിലും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാന സർക്കാർ അതീവജാഗ്രത പുലർത്തിയിരുന്നു. നികുതി ഇനത്തിൽ കാര്യമായ കുറവ് അനുഭവപ്പെട്ടപ്പോഴും കിഫ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള വിഹിതം കിഫ്ബിക്ക് കൃത്യമായി നൽകുന്നതിൽ സർക്കാർ ജാഗ്രത പുലർത്തി. കോവിഡിന്റെ ആദ്യഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധിവരെ തടസ്സമില്ലാതെ തുടരാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസ്സമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ജി.എസ്.ഡി.പി. (@സ്ഥിര വിലയിൽ) 12.01% ആണ്. ഇത് പ്രസ്തുത കാലയളവിലെ ജി.ഡി.പി.-യുടെ ദേശീയ ശരാശരിയായ 8.7%ത്തേക്കാൾ വളരെ മുന്നിലാണ് എന്നതും കോവിഡാനന്തരം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിൽ കേരളത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നതിന് തെളിവാണ്.

(ബി) ഇതുവരെയുള്ള കണക്കുപ്രകാരം എഴുപത്തിമൂവായിരത്തി തൊള്ളായിരത്തി നാൽപത്തിയൊന്ന് കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവയിൽ സുപ്രധാന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

നാളിതുവരെ വിവിധ വകുപ്പുകളിലായി 73,908.64 കോടി രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 53,908.64 കോടി രൂപയുടെ 986 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ കിഫ്ബി-ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 22,846.24 കോടി രൂപയുടെ7 പദ്ധതികളും

ഉൾപ്പെടുന്നു. വകുപ്പ് തിരിച്ചുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ൽ കാണാവുന്നതാണ്[+]. ഇങ്ങനെ സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ൽ കാണാവുന്നതാണ്.

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ സുപ്രധാനമായ പദ്ധതികൾ ചുവടെ പറയുന്നവയാണ്.

- മലയോര ഹൈവേ പദ്ധതി.
- തീരദേശ ഹൈവേ പദ്ധതി.
- തടയണകളുടെ നിർമ്മാണം.
- തീരദേശ സംരക്ഷണം, പുലിമുട്ട് സ്ഥാപിക്കൽ.
- തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്ന " നിലാവ്" പദ്ധതി.
- വെസ്റ്റ് കോസ്റ്റ് കനാൽ വികസന പദ്ധതി.
- കൊച്ചി - സംയോജിത ജലഗതാഗത പദ്ധതി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- കെ – ഫോൺ പദ്ധതി.
- ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി.
- ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി ടണൽ റോഡ് പദ്ധതി.
- വ്യവസായ പാർക്കുകൾ.
- ഗിഫ്റ്റ് സിറ്റി.
- കൊച്ചി-ബാംഗ്ലൂർ വ്യവസായി ഇടനാഴി.
- തീരദേശ സ്കൂളുകളുടെ നവീകരണം.
- കോളേജുകൾ, സർവ്വകലാശാലകൾ എന്നിവയുടെ നവീകരണം.
- 11300 സ്കൂളുകൾക്കായുള്ള ഹൈടെക് ലാബ് പദ്ധതി.

44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി.

(സി) അംഗീകരിക്കപ്പെട്ട പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണം സാധ്യമാകുന്നുവെന്നുറപ്പുവരുത്താൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ

പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു.

കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുന്ന രീതി നിലവിലുണ്ട്. പ്രവർത്തനരീതികളിൽ പോരായ്മകൾ

കണ്ടെത്തുന്നപക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തുനിന്നും നൽകിവരുന്നു.

(ഡി) കിഫ്ബിക്കെതിരെ വിവിധ കേന്ദ്ര ഏജൻസികളുടെ പങ്കാളിത്തത്തോടെ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങൾ വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

2016-ൽ ഐകകണ്ഠ്യേനയാണ് കേരള നിയമസഭ കിഫ്ബി ഭേദഗതി നിയമം പാസാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തന മികവാണ് കിഫ്ബി എന്ന സ്ഥാപനം കാഴ്ചവച്ചത്. വളരെ പ്രൊഫെഷണലായുള്ള പ്രവർത്തന രീതികളാണ് കിഫ്ബിയെ ഇതിന് സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽത്തന്നെ കിഫ്ബി ആഭ്യന്തര അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുൻപിൽ കണ്ടുതുടങ്ങി. ഇങ്ങനെ ഭാവി കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാംതന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കാനുള്ള

ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധ മാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകാൻ സർക്കാരിനും കിഫ്ബിക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര - അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്ത് മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടുപോകാൻ കഴിയൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാനും കിഫ്ബി മുഖേന കേരളത്തിന്റെ സുപ്രധാന അടിസ്ഥാന വികസന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കാനുമാണ് ഈ സർക്കാരിന്റെ തീരുമാനം.

## ഹരിതോർജ്ജ ഇടനാഴി പദ്ധതി

20 (*200) ശ്രീ. എ. രാജ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കാർബൺ ബഹിർഗമനം കുറയ്ക്കുകയെന്ന ലക്ഷ്യം നേടുന്നതിന് സംസ്ഥാനത്ത് ഹരിതോർജ്ജ ഇടനാഴി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാർബൺ ബഹിർഗമനം കുറയ്ക്കുകയെന്ന ലക്ഷ്യം നേടുന്നതിനു വേണ്ടി കേരളത്തിലെ ഹരിതോർജ്ജ സ്രോതസ്സുകളുടെ കലവറയായ പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽനിന്നും ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന/ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന (സർക്കാർ, സർക്കാരിതര, സ്വകാര്യ സ്ഥാപനങ്ങൾ വഴി) വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനുവേണ്ടി ഈ മേഖലയിൽ മൂന്ന് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ - അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ

കോറിഡോർ എന്നീ പദ്ധതികൾ ട്രാൻസ്ഗ്രിഡ് വഴി നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 1,242.30 കോടി രൂപയുടെ ഈ മൂന്ന് പദ്ധതികളിൽ അട്ടപ്പാടി, രാമക്കൽമേട് പദ്ധതികൾക്ക് അവയുടെ അംഗീകരിച്ച പദ്ധതി തുകയായ 420.32 കോടി രൂപയുടെ 33%, 138.71 കോടി രൂപ ഗ്രാന്റായി നല്കുന്നതിനുള്ള അംഗീകാരം MNRE ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്; അംഗീകാരം ലഭിച്ച പദ്ധതികളുടെ ആകെ മതിപ്പുചെലവും കേന്ദ്ര വിഹിതവും എത്ര വീതമെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള സൗര പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള 'സൗര' പദ്ധതി രണ്ട് ഘട്ടമായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം ഘട്ടം സൗര ഫേസ് - I നോൺ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡി പദ്ധതിയാണ്. ഇതിൽ നിലവിൽ 18.68 MW - ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. നിലവിൽ ഈ പദ്ധതിയിൽ 81.65 MW- ന്റെ 22125 സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു.

ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള സൗര പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 5,800 പേർ ആകെ 22 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇതിൽ 3,871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 3.5 മെഗാവാട്ട് ശേഷിയുള്ള 872 സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചുകഴിഞ്ഞു.

**കാർഷിക മേഖലയുടെ വികസനത്തിന്**

**സഹകരണ മേഖലയുടെ ഇടപെടൽ**

21(*201) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖല, കാർഷിക മേഖലയുടെ വളർച്ചയ്ക്ക് എത്രത്തോളം സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് സഹകരണ മേഖലയുടെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ മേഖല കാർഷിക മേഖലയുടെ വളർച്ചയ്ക്ക് സഹായകമാകുന്നവിധം കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തികവർഷം സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ

മേഖലയുടെ നൂതന പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ചുവടെ പരാമർശിക്കുന്ന 7 ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**സമഗ്ര കാർഷിക വികസന പദ്ധതി**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും അതോടൊപ്പം കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

**കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ**

കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്വാശ്രയസഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള സഹായം, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾക്ക് (സംഘം ഒന്നിന് 1,000 രൂപ) പ്രാഥമിക ചെലവുകൾക്കായി പലിശ സബ്സിഡി ഒഴികെയുള്ള സഹായം, നെൽകൃഷിക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം, സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പി.എ.സി.എസ്./എഫ്.എസ്.സി.ബി./ എഫ്.എസ്.സി.എസ്.- ന് ലഭ്യമാകുന്ന പ്രോത്സാഹന സഹായം, കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റ്, ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനായുള്ള

കോർപ്പസ് ഫണ്ടിലേയ്ക്കാവശ്യമായ സഹായം എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**കാർഷികഉൽപ്പാദനം,കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ**

ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽനിന്ന് നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണം, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. പ്രമുഖ മാർക്കറ്റിംഗ് സൊസൈറ്റികളുടെയും മാർക്കറ്റ് ഫെഡിന്റെയും ഏകോപനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.

**ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ**

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ

നിർദ്ദേശിക്കപ്പെടുന്നു. വിൽപ്പന നേരിട്ട് ഒരു വിലപേശലിലൂടെ നടക്കുന്നതിനാൽ ഗ്രാമീണ കമ്പോളങ്ങളുടെ സാമീപ്യം, ന്യായവില, പാഴ്ചെലവ് ഇല്ലാതാക്കൽ, ചൂഷണങ്ങളിൽനിന്നുള്ള സംരക്ഷണം എന്നിവ മെച്ചപ്പെടുത്താൻ കഴിയും. 'സുഭിക്ഷ കേരളം' പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം**

ഓരോ ജില്ലകളിലും ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലേയ്ക്കുമായാണ് തുക വകയിരുത്തിയിട്ടുള്ളത്.

**കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ**

വിളവെടുപ്പിന് ശേഷമുള്ള വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള സംഭരണവും സംസ്കരണവും വിപണനവും നിറവേറ്റുന്നതിനായി

വിപണന അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി - കർഷക സേവന കേന്ദ്രം (എഫ്.എസ്.സി.) ശക്തിപ്പെടുത്തൽ**

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ബ്ലോക്കുതലത്തിൽ ശക്തിപ്പെടുത്തുന്നതിനും പുതുതായി തുടങ്ങുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

**പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**

എൻ.എ.ഐ.എസ്./സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചുനൽകുന്നതിനുള്ള വിഹിതം, നെൽകർഷകർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽനിന്നും അനുവദിക്കുന്ന നെൽകൃഷി വായ്പയുടെ പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള ധനസഹായം ഉൾപ്പെടെയുള്ള പദ്ധതികൾക്കായി

സാമ്പത്തികസഹായം അനുവദിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

**സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി**

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് സംഘങ്ങളുടെ പൊതുഫണ്ടിൽനിന്നും പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു.

**സുഭിക്ഷ കേരളം പദ്ധതി**

ഭക്ഷ്യ-കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്ര പദ്ധതിയായ 'സുഭിക്ഷ കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. സഹകരണ സംഘങ്ങൾവഴി കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡുവഴി വായ്പാ ലഭ്യത

ഉറപ്പുവരുത്തുക, കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പാക്കുക, സംഘം അടിസ്ഥാനത്തിൽ കാർഷിക ഉൽപ്പന്ന ചന്തകൾ ആരംഭിക്കുക, സംയോജിത സംഭരണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഫാം ഇൻപുട്ട് വിതരണത്തിലെ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലുമെടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## PAPCOS:

പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി Palakkad Paddy Procurement Processing & Marketing Co-operative Society

(PAPCOS) രൂപീകരിച്ചു. ടി സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**KAPCOS :**

നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിപണനം നടത്തുന്നതിനായി പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി Kerala Paddy Procurement Processing & Marketing Co-operative Society (KAPCOS) എന്ന സംഘം രൂപീകരിച്ചു. കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. സംഘത്തിന്റെ പരിധിയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക മേഖയുടെ വളർച്ചയ്ക്കും സഹായത്തിനുമായി കേരള ബാങ്ക് വഴി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

സഹകരണ മേഖല ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശ നിരക്കിൽ നൽകിയിരുന്നത് 1% പലിശ കുറവ് ചെയ്ത് 6% പലിശ നിരക്കിൽ നൽകിവരുന്നു. ഇതിൽ 3% പലിശ ഇളവ് കൃത്യമായ തിരിച്ചടവിന് കർഷകന് ലഭിക്കും.

ഹ്രസ്വകാല കാർഷിക വായ്പയിൽ ഉൾപ്പെടുത്തി ടെറസ് ഫാമിംഗ്, പൗൾട്രി, ഡയറി, ഫിഷറീസ് എന്നീ മേഖലകളിൽ വായ്പകൾ നൽകിവരുന്നു.

FPO, MSME, Micro Food Processing സ്കീമുകളിൽ ഉൾപ്പെടുത്തിയും കാർഷിക അനുബന്ധ വായ്പകൾ അനുവദിച്ചുവരുന്നു. കോവിഡ് കാലയളവിൽ കാർഷികമേഖലയെ സജീവമായി നിലനിർത്തുന്നതിനായി നബാർഡ് സഹായത്തോടെ 1,720 കോടി രൂപ കാർഷിക, കാർഷിക അനുബന്ധ മേഖലകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കാർഷിക വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനായി പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

കാർഷിക വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നിലവിലില്ല. കാർഷിക വികസനത്തിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള വിവിധ പദ്ധതികൾ പ്രകാരം കേരള ബാങ്കിന് വായ്പ നൽകാൻ കഴിയുന്നതാണ്.

(സി) കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കിസാൻ ക്രെഡിറ്റ് കാർഡ് ഉൾപ്പെടെ നബാർഡ് സഹായത്തോടെ കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി എന്തെല്ലാം പുതിയ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾവഴി കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പയായി 6% പലിശ നിരക്കിൽ പ്രവർത്തന മൂലധന വായ്പകൾ അനുവദിച്ചുവരുന്നു. 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് കൃത്യമായ തിരിച്ചടവിന് 3% പലിശയിളവ് ലഭിക്കും. ഇത്തരം വായ്പകളിൽ കർഷകന് 3% പലിശ ബാദ്ധ്യത മാത്രമാണ് വരുന്നത്.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിനിമയം, വിപണനം എന്നിവ മെച്ചപ്പെടുത്തി സാധാരണ

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള വിവിധ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ PACS as MSC പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- Agriculture Infrastructure Fund പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപ വരെയുള്ള അർഹതപ്പെട്ട വായ്പകൾക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നതാണ്. ഇത്തരം വായ്പകളിൽ കർഷകന് 1% പലിശ ബാദ്ധ്യത മാത്രമേ ഉണ്ടാവുന്നുള്ളൂ.
- കൂടാതെ കേരളത്തിലെ പ്രാഥമിക കർഷക ഉൽപ്പാദക സംഘടനകൾക്ക് (FPO) നബാർഡിന്റെ പുനർവായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിച്ചുവരുന്നു.

(ഡി) കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നിവയിലൂടെ കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാൻ കേരള ബാങ്ക് വഴി വായ്പാപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്ക് വഴി വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. PACS as MSC എന്ന പേരിൽ കാർഷിക വിളകളുടെ സംഭരണം, സംസ്കരണം,

വിപണനം, വിനിമയം തുടങ്ങിയ പ്രവൃത്തികൾക്ക് നബാർഡിന്റെ സഹായത്തോടെ 4% പലിശ നിരക്കിൽ 3% സബ്സിഡി ലഭിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ചെറുകിട സംരംഭങ്ങൾക്ക് അനുവദിച്ചുവരുന്ന MSME, JLG, SHG, മുറ്റത്തെ മുല്ല, Micro Food Processing മുതലായ വായ്പകൾ വ്യക്തികൾക്കും കൂടാതെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സംരംഭകർക്ക് അനുവദിക്കുന്ന വായ്പകൾക്ക് പുനർ വായ്പയും കേരള ബാങ്ക് അനുവദിച്ചുവരുന്നു.

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് സ്ഥലം ഏറ്റെടുക്കൽ**

22(*202) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംയോജിത ഉല്പാദന ക്ലസ്റ്റർ രൂപീകരിക്കുകയെന്ന ഉദ്ദേശ്യത്തോടെ സ്ഥാപിക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി അറിയിക്കാമോ?

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനുകീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) -ന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി. ഈ കോറിഡോറുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര -1 വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നം -36 ലെ വിവിധ റീസർവ്വേ നമ്പരുകളിലായി 120.9403 ഹെക്ടർ (299 ഏക്കർ) ഏറ്റെടുക്കൽ.**

മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

**2. പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവ്വേ ബ്ലോക്ക് 31 -ലെ വിവിധ റീ സർവ്വേ നമ്പരുകളിലായി 264.8453 ഹെക്ടർ (654 ഏക്കർ) ഏറ്റെടുക്കൽ.**

197.0593 ഹെക്ടർ (487 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

**3. പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവ്വേ ബ്ലോക്ക് 31, പുതുശ്ശേരി ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് 31 എന്നിവയിലെ വിവിധ റീ സർവ്വേ നമ്പരുകളിലായി 186.5285 ഹെക്ടർ (461 ഏക്കർ) ഏറ്റെടുക്കൽ.**

142.6048 ഹെക്ടർ (352 ഏക്കർ) ഭൂമിയുടെ 247 അവാർഡുകൾ പാസ്സാക്കിയിട്ടുള്ളതും ആയതിൽ 123.5316 ഹെക്ടർ (305 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുള്ളതുമാണ്.

**4. പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവ്വേ ബ്ലോക്ക് 35, പുതുശ്ശേരി വെസ്റ്റ് വില്ലേജിലെ ബ്ലോക്ക് 30 എന്നിവയിലെ വിവിധ റീ സർവ്വേ നമ്പരുകളിലായി 135.3354 ഹെക്ടർ (334 ഏക്കർ) ഏറ്റെടുക്കൽ.**

2013-ലെ RFCTLARR നിയമത്തിലെ വകുപ്പ് 11(1) പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയം (BVR) നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**5. ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര -1 വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നം- 36 ലെ വിവിധ റീ സർവ്വേ നമ്പരുകളിലായി 4.7825 ഹെക്ടർ (12 ഏക്കർ) ഏറ്റെടുക്കൽ.**

പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകാൻ സെക്ഷൻ 8(2) പ്രകാരമുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 11(1) വിജ്ഞാപനം തയ്യാറാക്കിവരുന്നു.

**6. ദേശീയ പാത 544-ൽനിന്നുള്ള പ്രവേശന മാർഗ്ഗത്തിനായി പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവ്വേ ബ്ളോക്ക് 31, 34 എന്നിവയിലെ വിവിധ റീ സർവ്വേ നമ്പരുകളിലായി 4.52 ഹെക്ടർ (11 ഏക്കർ) ഏറ്റെടുക്കൽ.**

പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകാൻ സെക്ഷൻ 8(2) പ്രകാരമുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 11(1) വിജ്ഞാപനം തയ്യാറാക്കിവരുന്നു.

(ബി) പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചശേഷം ബാധ്യതയില്ലാത്ത ഭൂമി, പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ (SPV) കേരള ഇൻഡസ്ട്രിയൽ കോറിഡോർ

ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറുമ്പോൾ പ്രസ്തുത കമ്പനിയാണ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ഉൾപ്പെടെയുള്ള അനുമതികൾ ലഭിച്ചതിനുശേഷമേ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) പദ്ധതിയുടെ ഭാഗമായി ആലുവ ഗിഫ്റ്റ് സിറ്റിക്ക് വേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ?

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി വികസിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൊച്ചി അമ്പലമുകളിൽ 481.79 ഏക്കറിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ

നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2024 ഫെബ്രുവരിയിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. നിലവിൽ 35 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

**ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം**

23 (*203) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്കുമായി ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലില്ല, എന്നാൽ തൊഴിലില്ലായ്മ

പരിഹരിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്കുമായി സംരംഭകവർഷം പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സാമ്പത്തികവർഷം കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ഏകദേശം 4 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികർക്കും ഈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ശിൽപ്പശാല 2022 ജൂലൈ 12-ന് നിയമസഭാസമുച്ചയത്തിൽ വച്ച് നടത്തിയിട്ടുണ്ട്. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാസാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിൽ ഈ അവലോകന യോഗവുമായി ബന്ധപ്പെട്ടുള്ള ശില്പശാലയുടെയും നിക്ഷേപക സംഗമത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം 2022 ആഗസ്റ്റ് 2-ന് നടത്തുകയുണ്ടായി. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 125 സ്ഥലത്ത് മണ്ഡലതല അവലോകന

യോഗങ്ങൾ നടത്തി. ഈ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഏകോപനത്തിനും നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഉപദേശക സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനകം ദേശീയശ്രദ്ധ ആകർഷിച്ചിട്ടുള്ള ഈ പദ്ധതി ആരംഭിച്ച് 2022 ഡിസംബർ 9 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 1,02,702 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 6342.1 കോടി രൂപ നിക്ഷേപം വരുകയും സംസ്ഥാനമൊട്ടാകെ 2,23,099 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതും കൂടുതൽ പേർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതുമായ വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയിലെ ഇ.എസ്.ജി. (എൺവയോൺമെന്റൽ സോഷ്യൽ ഗവേണൻസ്) നിക്ഷേപത്തിന്റെ ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ പുതിയ വ്യവസായ നയത്തിന്റെ ഭാഗമാണ്. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസ വ്യവസ്ഥ

സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക സാമൂഹിക ഭരണഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക എന്നിവയും പുതിയ വ്യവസായ നയം ലക്ഷ്യംവയ്ക്കുന്നു.

സംസ്ഥാനത്ത് ചെറുകിട ഇടത്തരം വൻകിട വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ വിപുലീകരിച്ച് നടത്താനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ 60 കോടി രൂപ വരെ വായ്പയായി നൽകുന്നുണ്ട്. ഓരോ 6 മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ 0.5% വരെ ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക

പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5 :1 വരെ അധികം ഈടില്ലാതെയും വായ്പ- ഇക്വിറ്റി അനുപാതം 2:1 വരെ 1.5 :1 യ്ക്ക് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവയൊരുക്കി കിൻഫ്ര മുഖേന വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവനുവദിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായുള്ള ഔദ്യോഗിക അനുമതികൾ സുതാര്യമായും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (Ease of Doing Business) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായാന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ

ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി K-SWIFT (Kerala Single Window Interface for Fast & Transparent) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇപ്രകാരം വ്യവസായം തുടങ്ങാൻ തയ്യാറാകുന്നവർക്ക് ഒരാഴ്ചയ്ക്കകം ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

50 കോടി രൂപ വരെ മുതൽമുടക്കുള്ള, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡമനുസരിച്ച് ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത (എം.എസ്.എം.ഇ.) സംരംഭങ്ങൾക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 3 വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ടുള്ള നിയമം നിലവിലുണ്ട്. ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത (എം.എസ്.എം.ഇ.) ഇതര സംരംഭങ്ങൾക്ക് ലഭ്യമായ അപേക്ഷകൾ പ്രാഥമിക പരിശോധനകൾക്കുശേഷം തീർപ്പുകൽപ്പിക്കുന്നതിലേയ്ക്ക് വ്യവസായ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സമിതി നിലവിലുണ്ട്.

## സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം

24 (*204) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ രണ്ട് ലക്ഷം രൂപയെന്ന വായ്പാ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിക്ഷേപം തിരിച്ച് കിട്ടുമെന്ന ഉറപ്പ് നിക്ഷേപകർക്ക് നൽകാനും ലിക്വിഡേഷൻ സ്റ്റേജിൽ മാത്രമേ പ്രസ്തുത പണം തിരികെ നൽകൂ എന്ന നിബന്ധന ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

(എ & ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2,00,000/- രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്. 22-09-2018-ലെ ജി.ഒ(പി) നം. 116/2018/സഹ. ഉത്തരവ്

പ്രകാരം നിലവിൽ വന്ന കേരള നിക്ഷേപ ഗ്യാരന്റി സ്കീം 2018 പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സ്കീമിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു.

**(9)Utilization of the fund**

**(a)** Settlement of claims in respect of the deposits which are guaranteed. The amount guaranteed per depositor per Bank/Society shall not exceed rupees two lakhs.

ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി ജി. ഒ (ആർ.ടി.) നം.575/2018/സഹ. നമ്പർ പ്രകാരമുള്ള റെഗുലേഷൻസിലെ വ്യവസ്ഥ താഴെ ചേർക്കുന്നു.

(5) Settlement of claims (1) where an order for winding up or liquidation of a Deposit Guaranteed Co-operative Society is made, the Board shall subject to the provisions of this scheme be liable to pay to every depositor of that Society an amount equal to the amount due to him in respect of this deposit in that society at the time when such order is made subject to a maximum of rupees two lakhs. Provided

that the liability of the Board in respect of a guaranteed society shall be limited to deposit as on the date of the cancellation of the registration of the society.

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി 2,00,000/- രൂപയിൽനിന്ന് 5,00,000/- രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ 12-05-2022-ലെ സ.ഉ(സാധാ)നം. 329/2022/സഹ. ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27-06-2022-ന് ചേർന്ന ബോർഡ് യോഗം ഗ്യാരന്റി പരിധി 2 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തു നിലവിലെ സ്കീം ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

(സി) നിലവിൽ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം സർക്കാർ ഉത്തരവ് മുഖേനയാണോ നടപ്പിലാക്കുന്നതെന്നും സഹകരണ ബാങ്കുകളിലെ മുഴുവൻ നിക്ഷേപവും സമയപരിധിയില്ലാതെ തിരികെ നൽകാമെന്ന് ഉറപ്പ്

നൽകുന്നതിനായുള്ള നിയമനിർമ്മാണത്തിന് തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ?

നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സ്കീം അനുസരിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

25 (*205) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും വായ്പ ലഭ്യമാക്കാൻ കെ.എഫ്.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥകളിലും വായ്പ ലഭ്യമാക്കുന്നതിന് കേരള

ഫിനാൻഷ്യൽ കോർപ്പറേഷൻവഴി സംസ്ഥാന സർക്കാർ പലിശ സബ്സിഡിയോടുകൂടി രണ്ട് പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

(1) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം 2 കോടി രൂപ വരെയുള്ള വായ്പകൾ 5% പലിശ നിരക്കിൽ അനുവദിക്കുന്നു.

(2) കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് 10 കോടി രൂപ വരെയുള്ള വായ്പ 5% പലിശ നിരക്കിൽ അനുവദിക്കുന്നു.

(ബി) കെ.എഫ്.സി. വഴി നടപ്പിലാക്കുന്ന, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

ജൂലൈ 2020 ൽ ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി-I (സി.എം.ഇ.ഡി.പി.) പ്രകാരം 1849 സംരംഭങ്ങൾക്കായി 54.17 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നവംബർ 2021-ൽ ഈ പദ്ധതിയെ പുനരാവിഷ്കരിച്ച്, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി-II പ്രകാരം 428 യൂണിറ്റുകൾക്കായി 244.71 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

(സി) സാധാരണക്കാർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന പരമപ്രധാന ദൗത്യം നിർവ്വഹിക്കാൻ കെ.എഫ്.സി. വഴി പുതുസംരംഭങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കെ.എഫ്.സി. വഴി കൂടുതൽ പുതുസംരംഭങ്ങൾക്ക് വായ്പ നൽകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സംരംഭകവികസന പദ്ധതി, കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി, സ്റ്റാർട്ട് അപ്പ് കേരളാ പദ്ധതി തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വ്യവസായ സംരംഭങ്ങൾക്ക് വായ്പകളനുവദിച്ച് കെ.എഫ്.സി.-യുടെ വായ്പാ ആസ്തി നിലവിലെ 6,000 കോടി രൂപയിൽനിന്നും 10,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

(ഡി) കാർഷികോല്പാദന മേഖലയ്ക്കും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ-ചെറുകിട യന്ത്രങ്ങൾ നിർമ്മിക്കുന്ന വ്യവസായത്തിൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ കെ.എഫ്.സി. വഴി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എഫ്.സി. വഴി നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് കേരള പദ്ധതിയിൽ കാർഷികോല്പാദന മേഖലയ്ക്കും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ ചെറുകിട യന്ത്രങ്ങൾ നൂതന ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന സംരംഭങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം**

26 (*206) ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ .ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനും ആളോഹരി വരുമാന വർദ്ധനയ്ക്കും അടിസ്ഥാനമായി മുൻസർക്കാരും നിലവിലെ സർക്കാരും സ്വീകരിച്ച സാമ്പത്തികനയ നടപടികൾ എന്തൊക്കെയാണെന്നും വ്യവസായിക,

കാർഷിക, സേവന മേഖലകളിൽ ഏതെല്ലാം വിധത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കുപ്രകാരം 2021-22 ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ

ഇത് 15.05 ശതമാനമാവും. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽത്തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ-അന്തർദ്ദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020- ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേയ്ക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായി പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും

നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.

2020 മാർച്ചിലും 2021 ജൂണിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളുടേയും അനുബന്ധ പാക്കേജിന്റേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

2020-21,2021-22 സാമ്പത്തിക വർഷത്തിൽ മൂലധനച്ചെലവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് സംസ്ഥാന സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനോന്മുഖമായ കാഴ്ച്പ്പാടിന് തെളിവാണ്. 2018-ലെയും 2019-ലെയും അതിതീവ്ര മഴയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും 2020-21 വർഷത്തിലെ കോവിഡ് മഹാമാരിയുടെ വ്യാപനവും സൃഷ്ടിച്ച ആഘാതം പ്രസ്തുത വർഷത്തിലെ മൂലധന ചെലവിനത്തെ ഒരു പരിധിവരെ സ്വാധീനിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ മൂലധനച്ചെലവിനത്തിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വർഷം | മൂലധനച്ചെലവ് (തുക കോടിയിൽ) |
|---|---|
| 2016-17 | 11286.24 |
| 2017-18 | 10289.46 |
| 2018-19 | 9753.43 |
| 2019-20 | 9665.02 |
| 2020-21 | 15438.15 |
| 2021-22 | 17046.32 |

(ബി) സംസ്ഥാനത്തെ വളർച്ചയിലേയ്ക്ക് നയിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് അനുകൂല നയം സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം കേന്ദ്രം അനുവദിച്ചിട്ടുണ്ടോ; അനുവദനീയമായ വായ്പയെടുക്കുന്നതിന് കേന്ദ്രം അനുമതി നിഷേധിച്ചിട്ടുണ്ടോ; വികസന പദ്ധതികളോട് കേന്ദ്രം സ്വീകരിച്ച സമീപനം എന്താണെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത

പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5,455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3,990.46 കോടി

രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂക്കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു

മാറ്റവും വരുത്തിയിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. കിഫ്ബി, KSSPL എന്നിവയുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന

നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും

## കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്

27(*207) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിച്ച കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. കേരള സർക്കാരിനുവേണ്ടി കിൻഫ്ര സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബെഞ്ച്

29-01-2021- ഉത്തരവ് പ്രകാരം അംഗീകരിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ ഘന വ്യവസായ വകുപ്പിനുകീഴിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ കിൻഫ്ര മുഖേന ഏറ്റെടുക്കുകയും ചെയ്തു.

കേരള സർക്കാർ ഏറ്റെടുത്തതിനുശേഷം 01-01-2022 മുതൽ കമ്പനിയുടെ എല്ലാ പ്ലാന്റുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ രണ്ടുഘട്ടങ്ങളിലായി ആരംഭിക്കുകയും ഒക്ടോബർ അവസാനം പൂർത്തീകരിക്കുകയും 01-11-2022 മുതൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. കർശന ഗുണനിലവാരവും പൂർണ്ണ ഉല്പാദനത്തോതും കൈവരിക്കുന്നതിനുള്ള നിയന്ത്രിത പ്രവർത്തനങ്ങൾ 2022 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതോടെ പൂർണ്ണ തോതിലുള്ള വാണിജ്യ ഉല്പാദനത്തിലേയ്ക്കും വിപണനത്തിലേയ്ക്കും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) പ്രവേശിക്കുന്നതാണ്.

(ബി) പ്രതിവർഷം എത്ര മെട്രിക് ടൺ ഉല്പാദനശേഷി കൈവരിക്കാൻ പ്രസ്തുത സ്ഥാപനത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

പ്രവർത്തനശേഷി പൂർണ്ണമാകുമ്പോൾ പ്രതിവർഷം 1,00,000 ടൺ ന്യൂസ്പ്രിന്റ് ഉല്പാദനം കൈവരിക്കാൻ കെ.പി.പി.എൽ.-ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കെ.പി.പി.എൽ.-ന് പ്രതിവർഷം എത്ര കോടിയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലെ വിപണി വിലയുടെ അടിസ്ഥാനത്തിൽ, പ്രതിവർഷം 650 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

അതോടൊപ്പം വനാധിഷ്ഠിത വസ്തുക്കളും പാഴ്കടലാസ്സും ഉൾപ്പെടെയുള്ള വിവിധ അസംസ്കൃത വസ്തുക്കളുടെ സമാഹരണം, ട്രാൻസ്പോർട്ടേഷൻ,

ഫീഡിംഗ് മുതലായ മേഖലകളിലും ഇതര അനുബന്ധ മേഖലകളിലുമായി ഏകദേശം 650 പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം നിലവിൽ വന്നിട്ടുണ്ട്.

**കിഫ്ബി പദ്ധതിക്കുള്ള ധനസമാഹരണം**

28 (*208) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്കായി നിലവിൽ ധനം സമാഹരിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ?

കിഫ് ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായും റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണ ഏജൻസികളുടെ നിയമങ്ങൾക്കും വിധേയമായാണ് കിഫ്ബിയുടെ ധനസമാഹരണം. ഇതിൽ ധനവിപണിയിൽനിന്നും ലോണുകൾ, ബോണ്ടുകൾ തുടങ്ങി വിവിധ ധനകാര്യ ഉപാധികളിലൂടെ സമഹാരിക്കുന്ന തുകകളും കിഫ് ആക്ട് പ്രകാരം സർക്കാരിൽനിന്നും നിയമപരമായി ലഭിക്കുന്ന മോട്ടോർ വാഹന

നികുതിയുടെ നിശ്ചിത വിഹിതം, പെട്രോളിയം സെസ്സ്, മറ്റ് ഗ്രാന്റുകൾ എന്നിവയും ഉൾപ്പെടും. കൂടാതെ ഉടനടി ആവശ്യമില്ലാത്ത തുക ഹ്രസ്വകാല നിക്ഷേപങ്ങൾ നടത്തി ആയതിൽനിന്നും പലിശയിനത്തിൽ ലഭിക്കുന്ന തുകയും കിഫ്ബി അതിന്റെ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തിവരുന്നു. 2022 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം പൊതുവിപണിയിൽനിന്ന് കിഫ്ബി 19,220.48 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഇനത്തിൽ സർക്കാരിൽനിന്നും 14,919.61 കോടി രൂപ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്.

കിഫ്ബി അംഗീകരിച്ച പദ്ധതികളിൽ ചിലത് വരുമാനദായകമായവയാണ്. ഈ പദ്ധതികൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് അതിൽനിന്നുള്ള തിരിച്ചടവും കിഫ്ബിക്ക് ലഭിക്കും. നാളിതുവരെ ഇത്തരത്തിലുള്ള പദ്ധതികളിൽനിന്നും 762.16 കോടി രൂപ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ കടം എടുക്കുന്നതിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങൾ കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പത്തോ ഇരുപതോ വർഷങ്ങൾക്കപ്പുറം മാത്രം സാധ്യമാകുമായിരുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളെ ഇന്ന് നടപ്പിലാക്കി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്ന ഒരു മാന്ദ്യവിരുദ്ധ പാക്കേജ് കൂടിയായാണ് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചത്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ദുർബ്ബലമാകുമായിരുന്ന സമ്പദ്ഘടനയിലേയ്ക്ക് 8,987.31 കോടി രൂപയാണ് 2019-20, 2020-21 എന്നീ വർഷങ്ങളിലായി കിഫ്ബി പദ്ധതികളിലൂടെ നൽകാൻ കഴിഞ്ഞത്. ഇതെല്ലാംതന്നെ പൊതുജനമധ്യത്തിൽ സർക്കാരിന് വലിയ മതിപ്പുണ്ടാക്കിയവയായിരുന്നു. മികച്ച റോഡുകളും പാലങ്ങളും ആശുപത്രികളും ആധുനിക വിദ്യാലയങ്ങളും ജനങ്ങൾ നേരിട്ട് അനുഭവിച്ചറിഞ്ഞു. ആദ്യം ലക്ഷ്യംവച്ചിരുന്ന 50,000 കോടി രൂപയുടെ പദ്ധതികൾ ഇന്ന് 74,000 കോടി രൂപയോളം വരുന്ന ബൃഹത് പദ്ധതികളിൽ എത്തിയിരിക്കുന്നു. 22,193 കോടിയോളം രൂപ വിവിധ പദ്ധതികളിലേയ്ക്കായി ഇതിനോടകം നൽകിക്കഴിഞ്ഞിരിക്കുന്നു. കിഫ്ബി മാതൃക മറ്റ് സംസ്ഥാനങ്ങളും അവലംബിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി.

ഈ അവസരത്തിലാണ് സർക്കാരിന്റെയും കിഫ്ബിയുടെയും പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന വിധത്തിലുള്ള ചില നടപടികൾ കേന്ദ്ര ധനകാര്യ മന്ത്രാലയം സ്വീകരിച്ചത്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള നിയന്ത്രണങ്ങളാണ് സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നുഴഞ്ഞ് കയറിയും നിയമവ്യവസ്ഥകളെ വളച്ചൊടിച്ചും കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നത്. വിപണിയിൽനിന്നും പണം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളെ ഈ നിയന്ത്രണങ്ങൾ ബാധിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് എതിരായുള്ളതും അവയെ തുരങ്കം വയ്ക്കാൻ ലക്ഷ്യമാക്കിയുള്ളവയുമാണ്.

(സി) നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പലതരത്തിലുള്ള പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് കിഫ്ബിയുടെ പ്രവർത്തനങ്ങളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും കിഫ്ബി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത സമയ ഇടവേളകളിൽ പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തിവരുന്നു.

കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതുകൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ

കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുന്ന രീതി നിലവിലുണ്ട്. പ്രവർത്തനരീതികളിൽ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തുനിന്നും നൽകിവരുന്നുണ്ട്.

## നികുതി വരുമാനത്തിന്റെ സംസ്ഥാന വിഹിതം

29 (*209) ശ്രീ. പി.പി. സുമോദ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്തവിധം സെസ്സുകളും സർചാർജ്ജുകളുമായി കോടിക്കണക്കിന് രൂപ കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-2012 മുതൽ 2020-2021 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസ്സുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേയ്ക്ക് വർദ്ധിച്ചിട്ടുണ്ട്.

(ബി) വികസന, ക്ഷേമ കാര്യങ്ങളിൽ കേന്ദ്രത്തെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്ന സംസ്ഥാനത്തിന്, കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിലൂടെ ആകെ നികുതി വരുമാനത്തിന്റെ സംസ്ഥാന വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സെസ്സുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനകാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസ്സുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കുകൂടി ആനുപാതികമായി ലഭിക്കുന്ന

തരത്തിൽ നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര ധനക്കമ്മീഷൻ ശിപാർശപ്രകാരം നികുതി വരുമാനത്തിൽനിന്നും കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി ശതമാനം എത്രയെന്ന് അറിയിക്കാമോ; നികുതി വരുമാനം പങ്കുവയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള അനുപാതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2020-21 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര അറ്റ നികുതി വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതാണ്. 2015-16 മുതൽ 2019-2020 വരെയുള്ള കാലയളവിലേയ്ക്ക് 14-ാം ധനകാര്യ കമ്മീഷൻ 42 ശതമാനം നികുതിയാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാൻ ശിപാർശ ചെയ്തിരുന്നത്. 15-ാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു.

## സൗരോർജ്ജ വൈദ്യുതോല്പാദന പദ്ധതികൾ

30 (*210) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത ഊർജ്ജോല്പാദനത്തിന്റെ ഭാഗമായി സൗരോർജ്ജ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പരമ്പരാഗത ഊർജ്ജോല്പാദനത്തിന്റെ ഭാഗമായി സൗരോർജ്ജ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാനായുള്ള നിരവധി പദ്ധതികൾ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിച്ച് ഉൽപ്പാദനമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/

ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ് തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും അതോടൊപ്പം കർഷകർക്ക് വരുമാനം ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയായ പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജന മുഖേന 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് പരമ്പരേതര ഉർജ്ജോല്പാദനത്തിന്റെ ഭാഗമായി സൗരോർജ്ജ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതി.

2. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം.

3. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിതഊർജ്ജ വരുമാന പദ്ധതി'.

4. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്ന പദ്ധതി.

5. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി.

6. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി.

7. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

8. 'സോളാർ സിറ്റി' പദ്ധതിയുടെ ഭാഗമായി സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ള സൗരോർജ്ജ വൈദ്യുതോല്പാദന പദ്ധതികൾ

ഏതെല്ലാമാണ്; അതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി സംസ്ഥാനത്തൊട്ടാകെ നിലവിൽ 108.04 MW ശേഷിയുടെ സൗര നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിക്കുകയും ഇവയിൽ 97.33 MW ശേഷിയുടെ നിലയങ്ങൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 676 MW ആയി വർദ്ധിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന താഴെ പറയുന്ന വിവിധ പദ്ധതികളിലൂടെ 6.964 മെഗാവാട്ട് (6,964 കിലോവാട്ട്) ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

1. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്ക് – 1,494 കിലോവാട്ട്.
2. എറണാകുളം ജില്ലയിലെ 48 പോലീസ് സ്റ്റേഷനുകളിലെ സൗരോർജ്ജ വൈദ്യുതീകരണം - 257 കിലോവാട്ട്

3. ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി - 42 കിലോവാട്ട്

4. രാമക്കൽമേട് വിൻഡ് സോളാർ ഹൈബ്രിഡ് പ്ലാന്റ് - 500 കിലോവാട്ട്

5. സൗര തേജസ് (ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി) - 3,500 കിലോവാട്ട്

6. അനെർട്ട് റെസ്കോ പദ്ധതി - 850 കിലോവാട്ട്

7. പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരം 172 കിലോവാട്ട്

8. ഇലക്ട്രിക് വാഹന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സോളാർ സബ്സിഡി പദ്ധതി – 149 കിലോവാട്ട്

കൂടാതെ അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ ആകെ 198.5 കിലോവാട്ട് ശേഷി വരുന്ന ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

(സി) സംസ്ഥാനത്ത് എവിടെല്ലാമാണ് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി ആരംഭിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിലും പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജനയുടെ കീഴിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലും കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിലും ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബ്രഹ്മപുരം പദ്ധതി 2023 -ലും പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജനയുടെ കീഴിലുള്ള പദ്ധതികൾ, നെൻമാറ, ഏറ്റുമാനൂർ എന്നിവ 2024-ലും പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു.

അനെർട്ട് മുഖേന പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് നിർമ്മിക്കുകയും ആയതിൽനിന്ന് കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകിവരികയും ചെയ്യുന്നുണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേട് അക്ഷയ ഊർജ്ജ പാർക്കിൽ 1 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ഇ. ബി.എൽ. ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ

അവസാനഘട്ടത്തിലാണ്. 100 MW-ന്റെ കാസർഗോഡ് സോളാർ പാർക്കിനുള്ള സ്ഥലമെടുപ്പും ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

(ഡി) വിവിധ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി വ്യത്യസ്ത സോളാർ വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി നടപ്പാക്കുന്ന വിവിധ വൈദ്യുത പദ്ധതികളിൽ ഒന്നാണ് 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി.

വൈദ്യുത ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം മുഖേനയുള്ള വൈദ്യുത ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രൗണ്ട് മൗണ്ടഡ് സോളാർ, പുരപ്പുറ സോളാർ, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പികളിൽ സോളാർ, റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ/ഡാം ടോപ്പ് സോളാർ എന്നിവ സ്ഥാപിച്ചുവരുന്നു. അനെർട്ട് മുഖേന ഹരിത ഊർജ്ജ വരുമാന പദ്ധതി, പ്രധാനമന്ത്രി കുസും പദ്ധതി, ഇലക്ട്രിക് വാഹന സോളാർ ഫാസ്റ്റ്

ചാർജ്ജിംഗ് സ്റ്റേഷൻ പദ്ധതി, ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ സിറ്റി പദ്ധതി എന്നീ പദ്ധതികൾ സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിന് നടപടി

1 (2579) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവസാനമായി ക്ഷാമബത്ത അനുവദിച്ചത് എന്നാണെന്നും നിലവിൽ പെൻഷൻകാർക്ക് എത്ര ഗഡു ഡി.ആർ. കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ?

08-02-2021-ലെ സ.ഉ.(പി)നം.25/2021/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവസാനമായി ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിച്ചത്. 01-01-2021 മുതലുള്ള ഡി.ആർ. കണക്കാക്കിയിട്ടില്ല.

(ബി) ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ ലഭിക്കുന്ന ക്ഷാമബത്ത എത്ര ശതമാനമാണെന്നും കേന്ദ്ര ജീവനക്കാർക്ക് ലഭിക്കുന്നത് എത്ര ശതമാനമാണെന്നും അറിയിക്കാമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏഴ് ശതമാനം ക്ഷാമബത്ത/ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്. കേന്ദ്ര ജീവനക്കാർക്ക് മുപ്പത്തിയെട്ട് ശതമാനം ക്ഷാമബത്തയാണ് നിലവിൽ ലഭിക്കുന്നത്. കേന്ദ്ര സർക്കാർ ഡി.എ.-യും സംസ്ഥാന സർക്കാർ ഡി.എ.-യും വ്യത്യസ്ത ഫോർമുല ഉപയോഗിച്ചാണ് 2014 മുതൽ കണക്കാക്കുന്നത്.

(സി) വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ പെൻഷൻകാരുടെ ഡി.ആർ. കുടിശ്ശിക മുഴുവനായി അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ./ഡി.ആർ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കുടിശ്ശിക ആയിരിക്കുന്ന ഡി.എ.കൂടി ചേർത്താൽ 01-07-2022-ൽ ഒരു ജീവനക്കാരന് ആകെ എത്ര ശതമാനം ക്ഷാമബത്തയാണ് ലഭിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ?

01-01-2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല.

## ബാങ്കിംഗ് മേഖലയിൽ സാധാരണക്കാർക്ക് ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കൽ

2 (2580) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാത്കൃത ബാങ്കുകളിൽനിന്ന് സാധാരണ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏറ്റവും മികച്ചതും സഹായകരവുമാകുന്ന നിലയിൽ പരിഷ്കരിക്കുന്നതിന് ആർ.ബി.ഐ.-യോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എടുക്കുന്ന ലോണുകൾ ക്ലോസ് ചെയ്താൽ ക്ലോസിംഗ് സർട്ടിഫിക്കറ്റ് ഉടൻ നൽകുന്നതിനും ലളിതവ്യവസ്ഥയിൽ കൂടുതൽ ലോണുകൾ നൽകുന്നതിനും കോവിഡ് പോലുള്ള പ്രത്യേക

സാഹചര്യങ്ങളിൽ റിക്കവറി ആകുന്ന ലോണുകൾ പഴയ പലിശ നിരക്കിൽ പുതുക്കി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിനാവശ്യമായ നിർദ്ദേശം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിക്ക് നൽകുമോ എന്ന് വ്യക്തമാക്കാമോ?

(എ & ബി) ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാംതന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഏതൊരു സാധാരണക്കാരനും മികവുറ്റ ബാങ്കിംഗ് സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം വിലയിരുത്തുകയും കാലത്തിനനുസരിച്ച് മാറ്റംവരുത്തുകയും ചെയ്യുന്നുണ്ട്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹതപ്രകാരം അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകിവരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം അമിത ചാർജ്ജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതിവഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്.

**വരവ് -ചെലവ് തമ്മിലുള്ള അന്തരം കുറയ്ക്കാൻ പദ്ധതികൾ**

3 **(**2583**)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വരവുംചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധന വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത

നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചരക്ക് സേവന വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടിയിലൂടെ വരവുംചെലവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും 02-08-2022-ലെ സ.ഉ. (എം.എസ്.)നം.

55/2022/TAXES പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളത്.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വർദ്ധനയും വകുപ്പിന്റെ പുഃസംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നികുതി പിരിവിനെ ഫലപ്രദമായി പ്രോത്സാഹിപ്പിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:

<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

സംസ്ഥാനത്ത് നികുതി ഒടുക്കാത്തവർക്ക് ആംനെസ്റ്റി (ഒറ്റത്തവണ തീർപ്പാക്കൽ) പദ്ധതിപ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022 ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയുംപെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്.

2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനെസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്.

ആംനെസ്റ്റി (ഒറ്റത്തവണ തീർപ്പാക്കൽ) പദ്ധതി നികുതി പിരിവിനെ ഫലപ്രദമായി പ്രോത്സാഹിപ്പിച്ചുവരുന്നു. ധാരാളം വ്യാപാരികൾ ആംനെസ്റ്റി പദ്ധതി സ്വീകരിക്കുകയും ഇതുപ്രകാരം അവരുടെ നികുതി കുടിശ്ശിക തീർപ്പാക്കുകയും ചെയ്തുവരുന്നു.

പൊതു വില്പന നികുതി, മൂല്യവർദ്ധിത നികുതി, കേന്ദ്ര വില്പന നികുതി, സർചാർജ്ജ് നിയമം, ആഡംബര നികുതി, കാർഷികാദായ നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനെസ്റ്റി ഓപ്റ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70%, ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടയ്ക്കേണ്ടത്. ഈ

ആംനെസ്റ്റി പദ്ധതിപ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 31 വരെയും കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-വരെയും ആണ്.

രജിസ്ട്രേഷൻ വകുപ്പ്

ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 01-01-1986 മുതൽ 31-03-2017 വരെയുള്ള കാലയളവിൽ കെട്ടിക്കിടക്കുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 23-05-2018 -ലെ ജി.ഒ.(പി) നം. 74/2018/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോമ്പൗണ്ടിംഗ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും ആയതിന്റെ കാലാവധി 30-03-2022 -ലെ ജി.ഒ.(പി) നം. 28/2022/ടാക്സസ് നമ്പർ ഉത്തരവിനാൽ 31-03-2023 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ടി പദ്ധതി പ്രകാരം 31-10-2022 വരെ 54.96 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

1955-ലെ തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട്, സെക്ഷൻ 31 എ പ്രകാരം വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഓരോ

സൊസൈറ്റിക്കും (ക്ലബുകൾക്കും) മുടക്കംവന്ന ഒരോ വർഷത്തിനും 500/- രൂപ നിരക്കിൽ പിഴയൊടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യാവുന്നതിലേയ്ക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-09-2021-ലെ ജി.ഒ. (പി) നം.86/2021/ടാക്സസ് ഉത്തരവ് പ്രകാരം നീട്ടി നൽകിയിരുന്നത് 2022 മാർച്ച് 31 -ന് അവസാനിച്ചിട്ടുള്ളതാണ്. 2021 ഒക്ടോബർ മുതൽ 2022 മാർച്ച് 31 വരെ കാലയളവിൽ, വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6269 സംഘങ്ങൾ ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തുകയും അതുവഴി സർക്കാരിന് 87,50,600/- രൂപ നികുതിയേതര വരുമാനത്തിൽ ലഭ്യമായിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ കാലയളവ് എസ്.ആർ.ഒ. നം.1047/2022 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 31-10-2022-ലെ ജി.ഒ. (പി) നം.141/2022/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2023 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഈ രണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 55.83 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനാലും അധികവരുമാനം ലഭിക്കുന്നതിനാലും ഒറ്റത്തവണ

തീർപ്പാക്കൽ പദ്ധതികൾ നികുതി പിരിവിനെ പ്രോൽസാഹിപ്പിക്കുന്നതായി വിലയിരുത്താവുന്നതാണ്.

<u>മോട്ടോർ വാഹന വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നികുതി പിരിവിനെ ഫലപ്രദമായി പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതായത് വാഹനങ്ങളെക്കുറിച്ച് യാതൊരു വിവരം ഇല്ലാത്തതോ വാഹനം പൊടിഞ്ഞുപോയതോ നഷ്ടപ്പെട്ടുപോയതോ ആയ വിഭാഗങ്ങളിൽപ്പെട്ടവയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് ലഭിക്കുമ്പോൾ വാഹന ഉടമകൾ വകുപ്പിനെ സമീപിക്കുകയും കുടിശ്ശിക നികുതിയായി ചെറിയ ഒരു തുക അടച്ച് ഇതുവരെയുള്ള ബാധ്യതകളിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്നതാണ്. എന്നുമാത്രമല്ല, വാഹനം നിലവിലില്ലെങ്കിൽ അവസാന 4 വർഷത്തെ കുടിശ്ശികയുടെ 30% ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 40% നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും അടച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കുകയാണെങ്കിൽ വാഹനത്തിന്റെ ഭാവി നികുതി ബാധ്യതകളിൽനിന്നും ഒഴിവാക്കുവാനും സാധിക്കുമെന്നത് വാഹന ഉടമകളെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിന്

കാരണമാകുന്നുണ്ട്. മുൻകാലങ്ങളിലെ പ്രസ്തുത പദ്ധതി പ്രകാരം 36 കോടിയോളം രൂപ വകുപ്പിന് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം (G.O.P.No.11/2022/Trans dated 01-04-2022) 01-04-2022 മുതൽ നികുതി കുടിശ്ശിക പിരിച്ചുവരുന്നു. ആയതിന്റെ ആനുകൂല്യം 31-03-2023 വരെ ലഭ്യമാണ്.

**പ്രവാസികളുടെ ഏകോപന പുനർ സംയോജന പദ്ധതി**

4 (2584) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികളുടെ ഏകോപന പുനർ സംയോജന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രവാസികളുടെ ഏകോപന പുനർ സംയോജന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 19.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**എടരിക്കോട് തെന്നല പെരുമ്പുഴ തോട് വി.സി.ബി. നിർമ്മാണം**

5 (2586) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയ തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് തെന്നല പെരുമ്പുഴ തോട് വി.സി.ബി. (വെന്റഡ് ക്രോസ് ബാർ) നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും പ്രവൃത്തി, സോഫ്റ്റ്‌വെയറിലെ സാങ്കേതികത്വംമൂലം വൈകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ, വി.സി.ബി.-യുടെ സിവിൽ പാർട്ടിന്റേയും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയുടേയും സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ചെറുകിട ജലസേചന വിഭാഗം, തിരൂരങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയവും മെക്കാനിക്കൽ ഷട്ടർ ഉൾപ്പെടുന്ന മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് എസ്റ്റിമേറ്റുകളും ക്ലബ് ചെയ്ത് സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള സംവിധാനം പ്രൈസ്-3

സോഫ്റ്റ്‌വെയറിൽ അപ്‌ഡേറ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ബഡ്ജറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബഡ്ജറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനാണ്. ഭരണാനുമതി ലഭ്യമാകുന്ന പ്രവൃത്തികൾ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച കാലാവധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പരമാവധി കാലാവധി മൂന്നുവർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) ബഡ്ജറ്റ് വർക്കുകൾ അനിയന്ത്രിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ബഡ്ജറ്റ് വർക്കുകൾ അനിയന്ത്രിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളെ (composite type of works) ക്രോഡീകരിച്ച് നടപ്പിലാക്കുന്ന തരത്തിലുള്ള

സംവിധാനം നിലവിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് മികച്ച സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗംചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online real time monitoring system ഇതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ വകുപ്പ് ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽവഴി (budgetdata.kerala.gov.in) ഓരോ വർഷത്തേയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി Chief Controlling Officer-മാർ രേഖപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും യഥാസമയം ബന്ധപ്പെട്ടവർക്ക് സെക്രട്ടറിതലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുവാനും സാധ്യമാണ്.

**മഴവില്ല് പദ്ധതി**

6 (2587) <u>ശ്രീ.സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെൻഡേഴ്സിനായുള്ള മഴവില്ല് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 27.5 കോടി രൂപയിൽ നാളിതുവരെ എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ട്രാൻസ്ജെൻഡേഴ്സിനായുള്ള മഴവില്ല് പദ്ധതിക്കായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 500 ലക്ഷം രൂപയാണ്. ആയതിൽ 45,14,405/- (നാൽപത്തി അഞ്ച് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി അഞ്ച്) രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## അഗ്രി സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകുന്ന പദ്ധതി

7 (2588) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വ്യവസായങ്ങൾ, അഗ്രി സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയ്ക്ക് 5% പലിശ നിരക്കിൽ വായ്പ നൽകുന്നതിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ. എഫ്. സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

എങ്കിൽ നാളിതുവരെ എത്ര രൂപയുടെ വായ്പ പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

ഉണ്ട്. 23-06-2022-ലെ സർക്കാർ ഉത്തരവ് GO(Ms)107/2022/Fin. പ്രകാരം കാർഷിക വ്യവസായങ്ങൾ, അഗ്രിസ്റ്റാർട്ടപ്പുകൾ തുടങ്ങിയവയ്ക്ക് 5% പലിശ നിരക്കിൽ വായ്പ നൽകുന്നതിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എഫ്.സി. പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതിയിലൂടെ 3.85 കോടി രൂപ കെ.എഫ്.സി. നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പയുടെ സബ്സിഡി ഇനത്തിൽ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

സബ്സിഡിച്ചെലവുകൾ അടുത്ത സാമ്പത്തിക വർഷമേ സർക്കാരിൽ സമർപ്പിക്കുകയുള്ളൂ.

## വർക്ക് നിയർ ഹോം പദ്ധതി

8 (2589) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്ക് നിയർ ഹോം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക മാറ്റിവെച്ചിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 50 കോടി രൂപ വകയിരുത്തുമെന്നുള്ള 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ '4859-02-004-95-07' എന്ന ശീർഷകത്തിലും പ്ലാനിംഗ് & എക്കണോമിക്സ് (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) ഡിപ്പാർട്ട്മെന്റിന്റെ '3451-00-092-87' എന്ന ശീർഷകത്തിലും ടോക്കൺ വിഹിതങ്ങൾ വകയിരുത്തുകയുണ്ടായി. ഇതിൽ 16-07-2022-ലെ GO(Rt)No.22/2022/P&EA (DVPMT & INNOVATION) ഉത്തരവ് പ്രകാരം പ്ലാനിംഗ് & എക്കണോമിക്സ് (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) ഡിപ്പാർട്ട്മെന്റിന്റെ ശീർഷകത്തിന് കീഴിൽ 45 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും വർക്ക്

നിയർ ഹോം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ കെ-ഡിസ്ക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സംരംഭകത്വ വികസന പദ്ധതി**

9 (2590) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം നൽകിയ വായ്പയുടെ പലിശ ഇളവ് ഇനത്തിൽ സർക്കാർ ഈ സാമ്പത്തിക വർഷം ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

19-07-2022-ലെ സർക്കാർ ഉത്തരവ് GO(Rt)5171/2022/Fin. പ്രകാരം മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ നൽകിയ വായ്പയുടെ പലിശ ഇളവ് ഇനത്തിൽ സർക്കാർ ഈ സാമ്പത്തികവർഷം ആകെ 74,71,842/-രൂപ ചെലവഴിച്ചു.

**കോമ്പൗണ്ടിംഗ് പദ്ധതി**

10 (2591) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അണ്ടർവാല്യവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് പദ്ധതി നടപ്പ് സാമ്പത്തികവർഷത്തേയ്ക്ക് ദീർഘിപ്പിച്ചതിലൂടെ എത്ര കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിട്ടത്; ഈ ഇനത്തിൽ നാളിതുവരെ എത്ര കോടി രൂപ ഈ സാമ്പത്തികവർഷം പിരിച്ചെടുക്കാൻ സാധിച്ചു; വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ 2022-2023 ബഡ്ജറ്റ് സ്പീച്ചിലെ 458-ാം ഖണ്ഡികയിലെ സർക്കാരിന്റെ നയപ്രഖ്യാപനമനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക്, അണ്ടർവാല്യൂവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് പദ്ധതി ദീർഘിപ്പിച്ചതിലൂടെ 50 കോടി രൂപയാണ് വകുപ്പ് ലക്ഷ്യമിട്ടത്. നടപ്പുസാമ്പത്തിക വർഷം ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ കാലയളവിൽ കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ 9,70,37,398/- (ഒൻപത് കോടി എഴുപത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ)യുടെ വരുമാനം ലഭിച്ചതായികാണുന്നു.

**വടാനപ്പള്ളി ബീച്ച് സൗന്ദര്യവൽക്കരണം**

11 (2592) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II-ൽ ക്രമ നമ്പർ 882 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം തുകയായ രണ്ട് കോടി രൂപ വകയിരുത്തി ഉൾപ്പെടുത്തിയ വാടാനപ്പള്ളി ബീച്ച് സൗന്ദര്യവൽക്കരണ പദ്ധതിക്ക് ധനാനുമതിയോ ഭരണാനുമതിയോ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകിരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ & ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടില്ല. രൂപരേഖ തയ്യാറാക്കി ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**യുവ സംരംഭകർക്ക് വായ്പ നൽകാൻ നടപടി**

12 (2593) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വ്യവസായം ആരംഭിക്കുന്ന യുവ സംരംഭകർക്ക് പൊതുമേഖലാ ബാങ്കുകൾ വായ്പ നൽകുന്ന കാര്യത്തിൽ കാലതാമസമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുതായി വ്യവസായം ആരംഭിക്കുന്ന യുവസംരംഭകർക്ക് പൊതുമേഖലാ ബാങ്കുകൾ വായ്പ നൽകുന്ന കാര്യത്തിൽ കാലതാമസമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഇത്തരം പരാതികൾ വളരെ കുറവാണ്.

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വായ്പ തിരിച്ചടവിനെ സംബന്ധിച്ച് ബാങ്ക് അധികൃതരുടെ ആശങ്ക, സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന തങ്ങളുടെ പദ്ധതി അവതരിപ്പിക്കുന്നതിനുള്ള സംരംഭകന്റെ പരിചയക്കുറവ് എന്നിവയാണ് പലപ്പോഴും ഒരു സംരംഭകന് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടായി അനുഭവപ്പെടുന്നത്. ആയതിന് ജില്ലാതലത്തിൽ ജില്ലാതല റിവ്യൂ കമ്മിറ്റി

(DLRC) മീറ്റിംഗുകളിലും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (BLBC) മീറ്റിംഗുകളിലുംവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസായ വാണിജ്യ വകുപ്പുതലത്തിൽ നൽകിവരുന്നുണ്ട്. കൂടാതെ ബാങ്ക് ഉദ്യോഗസ്ഥരും സംരംഭകരുമായി വ്യവസായ വാണിജ്യ വകുപ്പുതല ഉദ്യോഗസ്ഥർ കൂടിക്കാഴ്ച നടത്തി പരിഹാര മാർഗ്ഗങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വായ്പകൾ എടുത്ത് സംരംഭം ആരംഭിക്കുന്ന സംരംഭകർക്ക് വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻമണി ഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, PMEGP, PMFME തുടങ്ങിയ പദ്ധതികൾ വഴി ഗ്രാന്റ്, പലിശയിളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. സംരംഭകർക്ക് ബാങ്ക് മുഖേന വായ്പയ്ക്ക് അപേക്ഷിക്കുന്നതിനും സമയബന്ധിതമായി വായ്പ ലഭിക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യുന്നതിനുംവേണ്ടി Kerala Entrepreneurs Loan Scheme (KELS) എന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ കുതിരമുനമ്പ്-മണക്കാവ് പാലം

13 (2594) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിലെ കുതിരമുനമ്പ്-മണക്കാവ് പാലം നിർമ്മാണത്തിനായി കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിലെ കുതിരമുനമ്പ് - മണക്കാവ് പാലം നിർമ്മാണം കിഫ്ബി ഫണ്ട് വിനിയോഗിച്ച് കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നിർവ്വഹിക്കുന്നതിനായി 10-07-2017-ലെ G.O (Rt) No. 942/2017/PWD നമ്പർ ഉത്തരവുപ്രകാരം 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തുടർനടപടികൾക്കായി ഈ പദ്ധതിയുടെ ഡി.പി.ആർ. നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

## കിഫ്ബി മുഖേന നടപ്പാക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

14 (2596) ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബി മുഖേന നടപ്പാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ചു. ടി പ്രവൃത്തിയുടെ സാമൂഹ്യാഘാതപഠന റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന് അംഗീകാരം ലഭിച്ച ശേഷം 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് Structural Evaluation

പൂർത്തികരിച്ച് Basic Evaluation Report തയ്യാറാക്കേണ്ടതുണ്ട്. ഇതിനുശേഷം വിശദവില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. ടി നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഏകദേശം ഒരുവർഷത്തിനകം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കാൻ കഴിയും.

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിച്ച ശേഷം SPV-യ്ക്ക് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

## വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

15 (2598) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളും ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരവും അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

## പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള റോഡ് നിർമ്മാണം - കൂടുതൽ തുക അനുവദിക്കാൻ നടപടി

16 (2599) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് ഇരുപത്തിമൂന്ന് ലക്ഷം രൂപ അനുവദിച്ച മഞ്ചേരി ഒലിപ്പുഴ റോഡ് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചെങ്കിലും പാണ്ടിക്കാട് മുതൽ ഒലിപ്പുഴവരെ റോഡ് പൂർണമായും നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടിയിട്ടുള്ള ഫണ്ട് കിഫ്ബിയിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി (കി.മീ.0/000) മുതൽ കിഴക്കേ പാണ്ടിക്കാട് (കി.മീ.16/200) വരെയുള്ള റോഡ് നവീകരിക്കുന്നതിനായി 14-03-2018-ലെ APR-1/255/ 2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി ധനാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകിയിട്ടുള്ളതാണ്. കിഫ്ബി ധനാനുമതി നൽകിയിട്ടും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് 02-02-2022-ലെ PWD015-119/APR-2/2022/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 50 കോടി രൂപ അനുവദിച്ചിരുന്നു. ടി തുകയിൽനിന്നും പ്രസ്തുത റോഡിന്റെ പാണ്ടിക്കാട് (കി.മീ. 13/300) മുതൽ കിഴക്കേ പാണ്ടിക്കാട് (കി.മീ. 16/200) വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കുന്നതിന് 23 ലക്ഷം രൂപ വകയിരുത്തിയതായും കക്കുളം വേങ്ങശ്ശേരി ക്ഷേത്രം മുതൽ കിഴക്കേ പാണ്ടിക്കാട് ജംഗ്ഷൻ വരെ റോഡ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ പി.എം.യു.-കെ.ആർ.എഫ്.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യപ്രകാരം 24.30 ലക്ഷം രൂപകൂടി വകയിരുത്തുകയും സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. എന്നാൽ കിഴക്കേ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള ഭാഗം കെ.ആർ.എഫ്.ബി.-

പി.എം.യു.-വിന്റെ അധീനതയിലുള്ളതല്ല എന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

## ഇരവിപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ

17 (2600) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

ഇരവിപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഏതെങ്കിലും ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പള്ളിമുക്ക് മത്സ്യമാർക്കറ്റ്, മൂന്നാംകുറ്റി മത്സ്യമാർക്കറ്റ് (ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രമ നം.12) എന്നിവയുടെ ധനാനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുതുക്കുന്നതിനായി, ബന്ധപ്പെട്ട എസ്.പി.വി. ആയ KSCADC കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിശോധനയിലാണ്. അതിന് എത്രയും വേഗം അംഗീകാരം നൽകുന്നതാണ്.

(സി) കിഫ്ബി മുഖേന മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് പുതിയ പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പുതിയ ശിപാർശകളൊന്നുംതന്നെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രോജക്റ്റ്

18 (2601) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച കയപ്പനച്ചി-കുന്നംചിര-എടച്ചേരി റോഡിന്റേയും മൂന്നാം കൈ-കരിങ്ങാട് റോഡിന്റേയും ഭരണാനുമതി എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

<u>കയപ്പനച്ചി-കുന്നംചിര-എടച്ചേരി റോഡ്</u>

നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച്, 10-07-2017-ലെ സ.ഉ. (സാധാ) നം. 942/2017/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവുപ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്ന "കയപ്പനച്ചി-ചുണ്ടയിൽ-പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തി "കയപ്പനച്ചി-കുന്നുംചിര-എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് 16-04-2022-ലെ സ.ഉ. (സാധാ) നം. 449/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് കിഫ്ബിയിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പുതുക്കിയ അലൈൻമെന്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ടെന്നും KRFB അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന്

സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

<u>മൂന്നാംകൈ-കരിങ്ങാട് റോഡ്</u>

10-07-2017-ലെ സ.ഉ (സാധാ) നം.942/2017/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് ഭരണാനുമതി നൽകിയിരുന്ന മൂന്നാംകൈ കരിങ്ങാട് കൈവേലി റോഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിച്ചതും കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം അവലോകനം നടത്തിയിട്ടുള്ളതുമാണ്. നിർദ്ദിഷ്ട റോഡ് ട്രാഫിക് volume കുറഞ്ഞതും കുറഞ്ഞ ROW ഉള്ളതുമായതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബി ഫണ്ട് അനുവദിക്കാനാവില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ധനാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

(ബി) പ്രസ്തുത പ്രവർത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതി നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ 'എ' പിരിവിലെ മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി

19 (2602) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധത്തിൽ+ കാണാവുന്നതാണ്.

## കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമകെയർ പദ്ധതി

20 (2603) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാകെയർ പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപരേഖയ്ക്കുള്ള സാങ്കേതിക അനുമതിയും പുതുക്കിയ ധനകാര്യ അനുമതിയും ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാകെയർ ഉൾപ്പെടെയുള്ള പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ എന്നിവ എസ്.പി.വി. ആയ വാപ്കോസ് കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ലെന്ന് കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗൃഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. അതിന് തൃപ്തികരമായ മറുപടി ലഭ്യമാകുന്നമുറയ്ക്ക് പുതുക്കിയ ധനാനുമതി ലഭ്യമാക്കാനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. കൂടാതെ പുതുക്കിയ ധനാനുമതി ലഭ്യമാക്കിയശേഷം സാങ്കേതികാനുമതി നേടി

പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി.-യാണ്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

21 (2604) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ നിലവിലെ പുരോഗതി അടക്കമുള്ള വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**കിഫ്ബി പദ്ധതികളിലെ എസ്.പി.വി.-കൾ**

22 (2605) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി. പോലെയുള്ള സർക്കാർ വകുപ്പുകളെ എസ്.പി.വി. ആയി നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ടിലെ ഖണ്ഡിക 2(Vii)(K)(KA) പ്രകാരം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നത് പബ്ലിക് ഏജൻസിയോ പൊതുമേഖലാ സ്ഥാപനമോ പൊതു-സ്വകാര്യ പാർട്ണർഷിപ്പിലുള്ള സ്ഥാപനമോ ആയിരിക്കണം. സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റേയോ മറ്റ് സംസ്ഥാന സർക്കാരുകളുടെയോ ഏതെങ്കിലും വകുപ്പ്, പൊതുമേഖലാ സംരംഭം, സർക്കാർ കമ്പനി, തദ്ദേശസ്വയംഭരണ സ്ഥാപനം തുടങ്ങിയവ SPV-യുടെ പരിധിയിൽ വരാവുന്നതാണ്. എന്നാൽ പദ്ധതികളുടെ നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഇതിൽ കിഫ്ബിക്ക് യാതൊരു തരത്തിലുള്ള പങ്കുമില്ല.

(ബി) വിദ്യാഭ്യാസ മേഖലയിൽ തെരഞ്ഞെടുത്തിട്ടുള്ള മിക്ക എസ്.പി.വി.-കളും സാങ്കേതിക സംവിധാനമില്ലാത്തതിനാൽ പദ്ധതി അംഗീകാരം വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി & സി) പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കില, കൈറ്റ്, വാപ്കോസ്, ഇൻകെൽ എന്നീ നാല് പദ്ധതി നിർവ്വഹണ ഏജൻസികളെയാണ് ബന്ധപ്പെട്ട ഭരണവകുപ്പ് നിയോഗിച്ചിട്ടുള്ളത്. ഇവയിൽ കില, കൈറ്റ്, വാപ്കോസ് എന്നിവയ്ക്ക് സ്വന്തമായി ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റികളും ഇൻകെലിന് പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുമുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നത് അതത് പദ്ധതി നിർവ്വഹണ ഏജൻസികളുടെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റികളാണ്. പദ്ധതികളുടെ ഗുണനിലവാരം, സമയക്രമം എന്നിവ ഉറപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം SPV-യ്ക്കും അതത് ഭരണ വകുപ്പുകൾക്കുമാണ്. എന്നാൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-യെ പങ്കെടുപ്പിച്ച് അവലോകനയോഗങ്ങൾ കിഫ്ബിയിൽ സംഘടിപ്പിക്കാറുണ്ട്. ടി യോഗങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എസ്.പി.വി.-ക്ക് നൽകാറുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികളുടെ സാങ്കേതിക സംവിധാനങ്ങളിലുള്ള അപര്യാപ്തത പദ്ധതികളുടെ

നടത്തിപ്പിനെയോ ഗുണനിലവാരത്തെയോ ബാധിക്കാതിരിക്കാൻ ആവശ്യമായ സാങ്കേതിക പിന്തുണ പദ്ധതി നിർവഹണ ഏജൻസികൾ ആവശ്യപ്പെടുന്നമുറയ്ക്ക് കിഫ്ബി നൽകിവരുന്നുണ്ട്. ഇതുകൂടാതെ, എഞ്ചിനീയർമാരുടെ സേവനം കുറവായ പദ്ധതികളിൽ, പി.എം.സി.-കളുടെ സേവനം ഉപയോഗിക്കാനും കിഫ്ബി നിർദേശിച്ചിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

23 (2606) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ നടന്നുവരുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത്; വകുപ്പുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ കിഫ്ബി അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ പുരോഗതി അടക്കമുള്ള വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കിഫ്ബിയിൽ ഫണ്ട് അനുവദിച്ച പ്രവൃത്തി നടപ്പിലാക്കുന്നതിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ സമാന സ്വഭാവമുള്ള മറ്റ് പ്രവൃത്തികൾക്ക് പ്രസ്തുത തുക വിനിയോഗിക്കുന്നതിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കിഫ്ബി ഫണ്ട് അനുവദിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ പ്രസ്തുത തുക മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ കഴിയില്ല.

## കിഫ്ബി പ്രവൃത്തികൾ

24 (2607) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

2016-നുശേഷം സംസ്ഥാനത്ത് കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പ്രവൃത്തി ആരംഭിക്കാത്തതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ്, സാങ്കേതികാനുമതി, ടെണ്ടർ എന്നിവ സമയാനുസൃതമായി പൂർത്തീകരിച്ച് പ്രവൃത്തി കരാർ നൽകി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളിൽ പ്രവൃത്തി ആരംഭിക്കാത്തവയുടെ വിശദാംശം അനുബന്ധം-2+ ആയി ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികളിൽ ഭൂരിഭാഗവും സ്ഥലമേറ്റെടുപ്പ്, സാങ്കേതികാനുമതി ലഭ്യമാക്കൽ, ടെണ്ടർ എന്നീ നടപടികളിൽ പുരോഗതിയിലാണ്.

## പരപ്പനങ്ങാടി ന്യൂക്കട്ട് പാലം നിർമ്മാണം

25 (2608) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ന്യൂക്കട്ട് പാലം നിർമ്മാണ ഫയലിന്മേൽ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഭരണാനുമതി ലഭ്യമാക്കിയിരുന്ന പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പിലുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലം നിർമ്മാണ പദ്ധതി**

26 (2609) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന പറക്കുന്നം പാലം പദ്ധതിക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) കാലതാമസം പരിഹരിച്ച് ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന പറക്കുന്നം പാലത്തിന് 19-07-2017-ലെ GO (Rt) No. 942/2017/PWD പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അവലോകനത്തിനായി സമർപ്പിക്കുന്നത് 07-02-2020-നാണ്. പദ്ധതി വിശദമായി അവലോകനം നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന സാങ്കേതിക അവലോകന റിപ്പോർട്ട് 09-12-2020-ന് KRFB-ക്ക് നൽകിയിരുന്നു. ഇതിനുള്ള മറുപടി KRFB കിഫ്ബിയിൽ സമർപ്പിച്ചത് 05-02-2022-നാണ്. എന്നാൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ അധിക വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് 07-02-2022-ന് തിരിച്ച് നൽകുകയും ചെയ്തിരുന്നു. 23-07-2022-ന് SPV സമർപ്പിച്ച മറുപടി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തി കിഫ്ബി നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അടുത്ത കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

27 (2610) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ & ബി) കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ, നിലവിൽ ഈ പ്രവൃത്തികളുടെ സ്ഥിതി എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

(സി) കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ച പഴന്തോട്ടം, പൂതൃക്ക ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1) GHSS പഴന്തോട്ടം സ്കൂൾ 16-06-2022-ലെ സ. ഉ.(സാധാ) നം. 3632/2022/GEDN പ്രകാരം പുതുതായി ഭരണാനുമതി ലഭിച്ച സ്കൂളാണ്. ടി സ്കൂളിന്റെ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി വരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2) Govt HSS പുതുക്ക സ്കൂളിന്റെ കരാർ ഏറ്റെടുത്ത കരാറുകാരനെ Closure Agreement വെച്ച് മാറ്റിയിട്ടുണ്ട്. സ്കൂൾ അധികാരികൾ ആവശ്യപെട്ടപ്രകാരം പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി പുതിയ സാങ്കേതികാനുമതി നൽകാനുള്ള നടപടി പദ്ധതി നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

28 (2611) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ + ഉൾപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വള്ളത്തോൾ നാരായണമേനോൻ സ്മാരക സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം

29 (2612) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി 40 കോടി രൂപ അനുവദിച്ച് നടപ്പിലാക്കുന്ന വള്ളത്തോൾ നാരായണമേനോൻ സാംസ്കാരികകേന്ദ്ര നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വള്ളത്തോൾ നാരായണമേനോൻ സാംസ്കാരികകേന്ദ്ര നിർമ്മാണത്തിന്റെ പദ്ധതി റിപ്പോർട്ട് പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോഗിച്ചിട്ടുള്ള KSFDC കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അതിന്മേൽ കിഫ്ബി പരിശോധന നടത്തി ഒരു സാങ്കേതികാവലോകന റിപ്പോർട്ട് 25-09-2020-ന് KSFDC-യ്ക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ പദ്ധതി നിർവ്വഹണ ഏജൻസിയായ KSFDC റിപ്പോർട്ടിന് മറുപടിയൊന്നുംതന്നെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. പദ്ധതിക്കായി തീരുമാനിച്ചിട്ടുള്ള സ്ഥലം

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം ഒന്നുമായിട്ടില്ല എന്നാണ് പദ്ധതി നിർവഹണ ഏജൻസിയായ KSFDC-ൽനിന്നും അറിയാൻ സാധിച്ചിട്ടുള്ളത്.

**കിഫ്ബി മുഖേന തൃശ്ശൂർ ജനറൽ ആശുപത്രി വികസനം**

30 (2613) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജനറൽ ആശുപത്രിയിൽ കിഫ്ബി വഴി ഏതെല്ലാം പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും അറിയിക്കാമോ?

(എ & ബി) തൃശ്ശൂർ ജനറൽ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-03-2022-ലെ സ.ഉ.(സാധാ)നം. 536/2022/ആ.കു.വ. പ്രകാരം ബന്ധപ്പെട്ട ഭരണവകുപ്പ് ആകെ 184.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ

ഏജൻസിയായി ഹൈറ്റ്സിനെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

**ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കൽ**

31 (2614) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് കെട്ടിടം പണിയുന്നതിനും ബസ് വാങ്ങുന്നതിനും അനുമതി നൽകുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് IHRD കോളേജുകൾക്ക് കെട്ടിടം പണിയുന്നതിനും ബസ് വാങ്ങുന്നതിനും വിനിയോഗിക്കുന്നത് അനുവദനീയമല്ല. എന്നാൽ, പ്രത്യേകാനുമതിയിലൂടെ ചില IHRD കോളേജുകളിൽ ആസ്തി വികസന

ഫണ്ടുപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വാഹനം വാങ്ങുന്നതിനും പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുവരെയായി പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തി ഏതൊക്കെ ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## ആസ്തി വികസന പദ്ധതി തുക വർദ്ധിപ്പിക്കൽ

32 (2615) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് പ്രവൃത്തികളുടെ ഷെഡ്യൂൾ ഓഫ് റേറ്റിലും ജി.എസ്.ടി.-യിലുമുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായി എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുമരാമത്ത് പ്രവൃത്തികളുടെ ഷെഡ്യൂൾ ഓഫ് റേറ്റിലും ജി.എസ്.ടി.-യിലും ഉണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായല്ല എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി തുക വർദ്ധിപ്പിക്കുന്നത്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി തുക കാലോചിതമായി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിത്തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഇല്ല.

## ആസ്തി വികസന പദ്ധതിയിലെ സേവിംഗ്സ് തുക സമർപ്പിക്കാൻ നടപടി

33 (2616) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ സേവിംഗ്സ് തുക സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ വകുപ്പുകൾ സമയബന്ധിതമായി ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ടോ; അറിയിക്കുമോ;

(ബി) സേവിംഗ്സ് തുകയുടെ വിശദാംശം അറിയുന്നതിനായി നിലവിൽ ധനകാര്യ വകുപ്പിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) സേവിംഗ്സ് തുകയുടെ വിശദാംശം സമയബന്ധിതമായി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കാൻ സാധിക്കാത്തത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന/സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ - സി) 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. സേവിംഗ്സ് തുകയുടെ വിശദാംശം അറിയുന്നതിനായി നിലവിൽ ധനകാര്യ വകുപ്പിൽ സംവിധാനങ്ങളില്ല.

31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന. പ്രകാരം, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസ്സിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇതുപ്രകാരം ജില്ലാ കളക്ടർമാർക്കുതന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായവയ്ക്ക് ധനകാര്യ വകുപ്പിൽനിന്നും പ്രത്യേക അനുമതി ആവശ്യമില്ലാത്തതുമാണ്. ഇതനുസരിച്ച് എം.എൽ.എ.-മാർ ടെണ്ടർ സേവിംഗ്സ് തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്. ഇതിനായി സേവിംഗ്സ് തുകയുടെ വിശദാംശം അറിയുന്നതിനായി എം.എൽ.എ.-മാർക്ക് ജില്ലാകളക്ടർമാരെ സമീപിക്കാവുന്നതാണ്.

(ഡി) വൈപ്പിൻ മണ്ഡലത്തിലെ നാളിതുവരെയുള്ള സേവിംഗ്സ് തുക എത്രയെന്ന് വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ നാളിതുവരെയുള്ള സേവിംഗ്സ് തുക സംബന്ധിച്ച വിവരം:

| വർഷം | തുക |
|---|---|
| 2017-18 | 20,72,960/- |
| 2018-19 | 30,19,234/- |
| 2019-20 | 5,76,642/- |
| 2020-21 | 13,70,910/- |

**ആകെ 70,39,746/-**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

34 (2617) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2017-18 - Rs. 53,92,209/-

2018-19 - Rs. 49,62,838/-

2019-20 - Rs. 12,54,977/-

2020-21 - Rs. 1,90,41,708/-

## വാടാനപ്പള്ളി പഞ്ചായത്തിലെ നടുവിൽക്കരയിൽ കളിക്കള നിർമാണം - പ്രത്യേകാനുമതി

35 (2618) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2020-21-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാടാനപ്പള്ളി പഞ്ചായത്തിലെ നടുവിൽക്കരയിൽ കളിക്കളം നിർമ്മിക്കുന്നതിന് പ്രത്യേകാനുമതിക്കായി സമർപ്പിച്ച ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള 6622055/2022 നമ്പരായുള്ള പ്രസ്തുത വിഷയത്തിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടുവിൽക്കര സ്റ്റേഡിയം നവീകരണത്തിന് തൃശ്ശൂർ ജില്ലാകളക്ടറുടെ 25-06-2022-ലെ ആർ.ഡി.6/8336/2020 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഭരണാനുമതിക്ക് സാധൂകരണം നൽകി 30-11-2022-ലെ സ.ഉ.(സാധാ)നം.8097/2022/ധന. പ്രകാരം

ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകി ഉത്തരവാകുകയും ആയതായ വിവരം 01-12-2022-ലെ എൻ.സി-സി3/44/2022 നമ്പർ കത്ത് മുഖേന ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**ആസ്തി വികസന പദ്ധതി പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കൽ**

36 (2620) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് മാസംവരെയുള്ള ബില്ലുകൾക്കാണ് നിലവിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര കോടി രൂപയുടെ ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും ഇതിന്റെ ജില്ല/നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) ബില്ലുകൾ പാസ്സാക്കി നൽകുന്നതിൽവരുന്ന കാലതാമസം കാരണം വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികളും നിർവ്വഹണ സ്ഥാപനങ്ങളും കരാറുകാരും നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ പാശ്ചാത്തലത്തിൽ ഇതിനാവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിന് നടപടി

37 (2621) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോമെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ഏജൻസികൾക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

02-09-2022-ലെ സ.ഉ. (പി) നം. 104/2022/ധന. പ്രകാരം ഇലക്ട്രോമെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ഏജൻസികൾക്ക് നൽകാവുന്നതാണ്.

(ബി) എം.എൽ.എ. ഫണ്ട് വഴിയുള്ള ഇത്തരം പ്രവൃത്തികൾ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ?

28-04-2021-ലെ സ.ഉ.(പി) 67/2021/ധന. ഉത്തരവ് പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കേണ്ടത് സുതാര്യമായ ബിഡ്ഡിംഗ് നടപടികളിലൂടെയാണ്. ആകയാൽ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സുതാര്യമായ ബിഡ്ഡിംഗ് നടപടികളിലൂടെയാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

(സി) ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾ നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റുമാർ ഏറ്റെടുത്ത് ചെയ്യുമ്പോൾ ഈ വർക്കുകൾ പി.എം.സി.-കൾക്കും നൽകാൻ അവസരം നൽകുമോ?

അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിച്ചിട്ടുള്ള പരിധിവരെയുള്ള പ്രവൃത്തികൾ പി.എം.സി.-കൾക്ക് നൽകാവുന്നതാണ്.

(ഡി) പി.എം.സി.-കളുടെ പ്രവൃത്തികൾ പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം നടപ്പാക്കുന്നതിനുണ്ടാകുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ തടസ്സങ്ങളൊന്നുമില്ല.

## എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. - കെട്ടിട നിർമ്മാണം - ആസ്തി വികസന ഫണ്ട് വിനിയോഗം

38 (2622) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതിക്കായി നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിനും നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്കിനും സൗജന്യമായി സ്ഥലം ലഭ്യമാണെന്നത് കണക്കിലെടുത്ത് പ്രസ്തുത

പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) എൽ.ബി.എസ്.-ന്റെ റീജിയണൽ കേന്ദ്രത്തിന് സ്ഥലവും കെട്ടിടസൗകര്യവും ലഭ്യമാക്കിയാൽ അനുമതി നൽകാമെന്ന് എൽ.ബി.എസ്. അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാണെന്നതും കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ ആസ്തി വികസന ഫണ്ടിൽനിന്നും ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകാമോ?

(എ - സി) ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് നൽകിയ 21-02-2022-ലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിനുകൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു

ഉത്തരവ് നൽകാൻ നിർവ്വാഹമില്ലെന്ന വിവരം 23-06-2022-ലെ 2077453/എൻ.സി-ബി3/68/2022-ധന. കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് നൽകിയ 12-10-2022-ലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്.

(ഡി) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ സംസ്ഥാനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഓട്ടോണമസ് സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ അനുമതി നിഷേധിക്കുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ നിയോജകമണ്ഡല ആസ്തി വികസന

ഫണ്ട് എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വിനിയോഗിക്കുന്നത് അനുവദനീയമല്ല.

## സ്പേസ് പദ്ധതി

39 (2623) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാലയാനുഭവം ഒരുക്കിക്കൊടുക്കുന്നതിനായി സമഗ്രശിക്ഷ കേരളയുടെ കീഴിൽ നടപ്പിലാക്കുന്ന സ്പേസ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിനായി എം.എൽ.എ.-എസ്.ഡി.എഫ്.-ൽ നിന്നോ എൽ.എ.സി. എ.ഡി.എസ്.-ൽ നിന്നോ വാഹനം ലഭ്യമാക്കാൻ സാധിക്കുമോ;

(ബി) എങ്കിൽ ഈ പദ്ധതിയിലേയ്ക്ക് വാഹനവും അനുബന്ധ ചെലവുകളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) എം.എൽ.എ.- മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.

161/2017/ധന. ഉത്തരവിലെ അനുബന്ധം 1 (അനുവദനീയമായ പ്രവൃത്തികൾ) ക്രമ നമ്പർ 34 പ്രകാരം, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങിനൽകൽ അനുവദനീയമാണ്. വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം എന്നിവ സ്കൂൾ പി.ടി.എ. വഹിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (vi)ൽ, സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പേസ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിനായി വാഹനം വാങ്ങുന്നതിന് എം.എൽ.എ.-എസ്.ഡി.എഫ്.-ൽനിന്നോ എൽ.എ.സി. എ.ഡി.എസ്.-ൽനിന്നോ തുക വിനിയോഗിക്കുന്നത് നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം അനുവദനീയമല്ല.

**പൊതുലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ**

40 (2624) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുലൈബ്രറികൾക്ക് പുസ്തകം വാങ്ങാൻ നിലവിൽ എം.എൽ.എ. പ്രത്യേക വികസന നിധിയിൽനിന്ന് തുക അനുവദിക്കുന്നതിന് മാനദണ്ഡമുണ്ടോ;

(ബി) ലൈബ്രറി കൗൺസിൽ നൽകിവരുന്ന നാമമാത്രമായ ഗ്രാന്റ് ഉപയോഗിച്ച് പുസ്തകം വാങ്ങിക്കുന്നതിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് നിരവധി കടമ്പകൾ ഉണ്ടെന്നത് കണക്കിലെടുത്ത് എം.എൽ.എ. പ്രത്യേക വികസനനിധികൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന തരത്തിൽ മാനദണ്ഡങ്ങൾ ഭേദഗതി വരുത്തുമോ;

(സി) പുസ്തകവായന സാർവ്വത്രികമാക്കാൻ നിയമസഭയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊതുലൈബ്രറികൾക്കുകൂടി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സർക്കാർ പ്രസിദ്ധീകരണ സ്ഥാപനങ്ങളിലെ പുസ്തകങ്ങളെങ്കിലും വാങ്ങുന്നതിന് അനുമതി നൽകുന്നത് പ്രത്യേകമായി പരിഗണിക്കാമോ?

(എ – സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം. 161/2017/ധന. അനുബന്ധം 1-ൽ (അനുവദനീയമായ പ്രവൃത്തികൾ) പൊതുലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നത് ഉൾപ്പെടുത്തിയിട്ടില്ല. പൊതുലൈബ്രറികൾക്ക് എം.എൽ.എ. പ്രത്യേക വികസന നിധി വിനിയോഗിച്ച് പുസ്തകം വാങ്ങുന്നതിനുള്ള ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**നബാർഡ് ഫണ്ട് വിനിയോഗം**

41 (2625) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ നബാർഡ് ഫണ്ടിൽനിന്നും ഏതൊക്കെ വകുപ്പുകൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം (2022 നവംബർ മാസം വരെ) വിവിധ വകുപ്പുകൾക്ക് കീഴിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി ലഭ്യമാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ

അഡ്വാൻസ് ക്രമീകരിച്ച തുക ഉൾപ്പെടെ നബാർഡ് ആകെ 16,593.688 ലക്ഷം രൂപ (RIDF Loan - 13,416.8915 lakh + Adv.Adj. 3,176.7965 lakh) അനുവദിച്ചിട്ടുണ്ട്. അതിൽനിന്നും ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 13,402.328 ലക്ഷം രൂപയുടെ റിലീസ് അനുമതി അതത് വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് ശേഷിക്കുന്ന തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

## മെഡിസെപ്പ്

42 (2626) <u>ശ്രീ. കെ. എം.സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ്പ് പദ്ധതിയിലുൾപ്പെട്ട ചില ആശുപത്രികൾ മെഡിസെപ്പ് ഇൻഷ്വറൻസിന് പുറമെ രോഗികളോട് ചികിത്സാ ചെലവുകൾ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉണ്ട്. അത്തരം സാഹചര്യങ്ങളിലോ പരാതി ലഭിക്കുന്നമുറയ്ക്കോ ഇൻഷ്വറൻസ് കമ്പനിയോട് പ്രസ്തുത ആശുപത്രിയിൽനിന്നും വിശദീകരണം ആവശ്യപ്പെടാനും ആവശ്യമെങ്കിൽ കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കാനും ഇപ്രകാരമുള്ള തെറ്റായ പ്രവണതകൾ ആവർത്തിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശമ്പള പരിഷ്കരണം-പഴയ ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകാനുള്ള അവകാശം**

43 (2627) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-03-2006-ന് നിലവിൽ വന്ന 2004-ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം.ജി.ഒ.(പി)145/2006/ഫിൻ. ഉത്തരവിലെ അനക്ഷ്വർ-2-ലെ പാരാ 7(2) പ്രകാരം 25-03-2006-ന് മുൻപ് നിലവിൽവന്ന പ്രൊമോഷൻ തസ്തികയിലേയ്ക്ക് 25-03-2006-നും ഓപ്ഷൻ നൽകാനുള്ള അവസാന തീയതിക്കുള്ളിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകാനുള്ള അവകാശം നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

25-03-2006-ലെ സ. ഉ. (പി) 145/2006/ധന നമ്പർ സർക്കാർ ഉത്തരവിലെ അനക്ഷ്വർ 2 ഖണ്ഡിക 7 (2) പ്രകാരം 01-07-2004-നും 25-03-2006-നമിടയിൽ റെഗുലർ/റേഷ്യോ/സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ ശമ്പള പരിഷ്കരണ ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25-03-2006-ന് മുൻപ് നിലവിൽവന്ന പ്രൊമോഷൻ തസ്തികയിലേയ്ക്ക് 25-03-2006-നും ഓപ്ഷൻ നൽകാനുള്ള അവസാന തീയതിക്കുള്ളിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3 ക്ലാസ് 4 ജീവനക്കാർക്ക് ഓപ്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സേവന-വേതന വിവരങ്ങളുടേയും ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രമേ മറുപടി നൽകാനാകൂ.

(ബി) കെ.എസ്.ആർ. ചട്ടം 23 (സി) പ്രകാരം മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർക്ക് ആഫീസ് നടപടിക്രമങ്ങളിലെ കാലതാമസംമൂലം പ്രൊമോഷൻ വൈകിയതിനാൽ അവർക്ക് ലഭിക്കേണ്ട സേവന-വേതന നീതി സർവ്വീസിൽ നിഷേധിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാർക്ക് അനുകൂലമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മെഡിസെപ്പ് -ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നതിൽ നടപടി**

44 (2628) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി നിലവിൽ വന്നതിനുശേഷം പുതുതായി എത്ര സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്; അവയുടെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പദ്ധതിയിലേയ്ക്ക് ഇൻഷ്വറൻസ് കമ്പനി പുതിയതായി എംപാനൽ ചെയ്ത ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. താമസംവിനാ ആയത് മെഡിസെപ് വെബ് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

(ബി) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ആശുപത്രികളിൽ നോട്ടിഫൈ ചെയ്തിട്ടുള്ള രോഗങ്ങൾക്കുപോലും

ചികിത്സാനുകൂല്യം നിഷേധിക്കുന്നതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ചില സ്വകാര്യ ആശുപത്രികളിൽ എംപാനൽ ചെയ്ത പല വകുപ്പുകളിലും ചികിത്സ നിഷേധിക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കുകയും ആയതിന്മേൽ നിയമപരമായി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ മെഡിസെപ്പ് തുക**

45 (2629) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയശേഷം സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും എത്ര രൂപയാണ് ഈ പദ്ധതിയിലേയ്ക്ക് ഈടാക്കിയതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയശേഷം ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും 73,72,14,500/- രൂപ പദ്ധതിയിലേയ്ക്ക് ഈടാക്കിയിട്ടുണ്ട്.

(ബി) ആശുപത്രികൾ മെഡിസെപ്പ് പദ്ധതിയിൽ ചേരുന്നില്ലെങ്കിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മെഡിസെപ്പ് പദ്ധതിപ്രകാരം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ആണ് മാനദണ്ഡങ്ങളനുസരിച്ച് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. പദ്ധതിയുടെ മാനദണ്ഡപ്രകാരം ഓരോ ക്ലസ്റ്ററിലും ഉണ്ടായിരിക്കേണ്ട ആശുപത്രികളുടെ വിവരങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിർദ്ദിഷ്ട എണ്ണം ആശുപത്രികൾ പദ്ധതിയിൽ എംപാനൽ ചെയ്യുന്നുണ്ടെന്ന വിവരം സർക്കാർ പരിശോധിക്കുന്നുണ്ട്. കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് സർക്കാർതലത്തിലും ഇടപെടലുകൾ നടത്തിവരുന്നു.

(സി) ഈ പദ്ധതിയിൽ സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻനമ്പർ ലഭിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് മെഡിസെപ്പ് തുക പിടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇത്തരം ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിൽ സൗകര്യമുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്പാർക്കിന്റെ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റംവരുത്തുന്നതിന് നടപടി ഉണ്ടാകുമോ;

(ഇ) ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(എഫ്) ഇതുസംബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിൽ നിലവിലുണ്ടോ; സർക്കാർ സ്ഥാപനങ്ങൾ സ്പാർക്കിലേയ്ക്ക് ഇതുസംബന്ധിച്ച് നടപടിക്കായി ബന്ധപ്പെട്ടിട്ടും നടപടി സ്വീകരിക്കാനുണ്ടായ കാലതാമസം അറിയിക്കാമോ; വിശദമാക്കാമോ?

(സി - എഫ്) ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻവഴി അടയ്ക്കാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മൊഡ്യൂൾ 18-10-2022-ലെ സ.ഉ.(പി)നം. 128/2022/ധന. പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ

രീതിയിൽ ഇ-ട്രഷറി വഴി ഡി.ഡി.ഒ. അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃവകുപ്പിലെ ഡി.ഡി.ഒ.-യെ യഥാസമയം അറിയിക്കേണ്ടതുമാണ്. മെഡിസെപ്പ് പ്രീമിയം അക്കൗണ്ടിംഗിന്മേൽ മാതൃവകുപ്പിൽ വ്യക്തതയും സുതാര്യതയും നിലനിർത്തുന്നതിന് വേണ്ടിയാണ് ഇവരുടെ പ്രീമിയം സ്പാർക്ക് വഴി കിഴിവ് ചെയ്യാത്തത്.

(ജി) മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവരെ അടിയന്തരമായി സ്പാർക്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മുനിസിപ്പൽ സെക്രട്ടറിമാർ ഒഴികെയുള്ള മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാർക്ക് സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് നേരിട്ട് ശമ്പളം നൽകാത്ത സാഹചര്യത്തിൽ അവരുടെ ശമ്പളം സ്പാർക്ക് വഴി നൽകാൻ കഴിയില്ല. എന്നാൽ 04-08-2020-ലെ സ.ഉ.(അച്ചടി) നം.103/2020/ധന. പ്രകാരം ഇത്തരത്തിലുള്ള ജീവനക്കാർക്ക് ജിസ്പാർക്ക് ബാധകമാക്കിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

46 (2630) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കുടിശ്ശികയായ നാല് ഗഡു ക്ഷാമബത്ത എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഭവന വായ്പ നിർത്തലാക്കി ബാങ്കുകൾവഴി എടുക്കുന്നതിന് നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ആയതിനുള്ള പലിശ സബ്സിഡി സർക്കാർ ബാങ്കുകൾക്ക് നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകൾക്കാണ് വായ്പാ സബ്സിഡി നൽകിയിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഭവന വായ്പ നിർത്തലാക്കി ബാങ്കുകൾ വഴി വായ്പ എടുക്കുന്നതിന് നിർദ്ദേശം നൽകിയതിനുശേഷം ബാങ്കുകളിൽനിന്നും വ്യക്തിഗത നിലയിൽ

വായ്പ തരപ്പെടുത്തിയ ജീവനക്കാരുടെ വായ്പയുമായി ബന്ധപെട്ട് പലിശ സബ്സിഡി സർക്കാർ ബാങ്കുകൾക്ക് നൽകിയിട്ടില്ല.

(സി) മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട പല ആശുപത്രികളിലും ചികിത്സയ്ക്ക് എത്തുന്ന ജീവനക്കാരോട് മുൻകൂർ പണം ആവശ്യപ്പെടുന്നതും പണം നൽകാത്തവർക്ക് ചികിത്സ നിഷേധിക്കുന്നതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്; അത്തരം സാഹചര്യങ്ങളിലോ പരാതി ലഭിക്കുന്ന മുറയ്ക്കോ ഇൻഷ്വറൻസ് കമ്പനിയോട് പ്രസ്തുത ആശുപത്രിയിൽനിന്നും വിശദീകരണം ആവശ്യപ്പെടാനും ആവശ്യമെങ്കിൽ കമ്പനിയും ആശുപത്രിയുമായുള്ള കരാറിൽ നിഷ്കർഷിച്ചിട്ടുള്ള നിയമ നടപടി സ്വീകരിക്കാനും ഇപ്രകാരമുള്ള തെറ്റായ പ്രവണതകൾ ആവർത്തിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലം വിവിധ വകുപ്പുകളിൽ തസ്തിക വെട്ടിക്കുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വിവിധ വകുപ്പുകളിൽ നിയമന നിരോധനം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ**

47 (2631) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ മൂന്നുമാസത്തിന് മുകളിൽ അവധി എടുക്കുമ്പോൾ പ്രൊമോഷൻ നൽകുന്നത് സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ;

ഉണ്ട്. 05-11-2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവിലെ ഉപഖണ്ഡിക 3 പ്രകാരം ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിനുമേൽ അവധി എടുത്താൽ പ്രൊമോഷൻ നൽകി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കിക്കൊണ്ടും അധിക ചുമതല നൽകി കൃത്യനിർവ്വഹണം

നടത്തേണ്ടതാണെന്ന് നിർദേശം നൽകിക്കൊണ്ടും ഉത്തരവായിട്ടുള്ളതാണ്. അതോടൊപ്പം 02-09-2022-ലെ സ.ഉ.(അ)നം.105/2022/ധന. ഉത്തരവിലെ ഉപഖണ്ഡിക 2 പ്രകാരം മേൽപരാമർശ ഉത്തരവിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ നിന്ന് Leave Preparatory to Retirement മൂലമുണ്ടാകുന്ന ഒഴിവുകളെ ഒഴിവാക്കിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1-ൽ+ ചേർക്കുന്നു.

(ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രൊമോഷൻ നിയമനം നിർത്തലാക്കിയശേഷം ധനകാര്യ വകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നൽകി നിയമനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രൊമോഷൻ നിയമനം നിർത്തലാക്കിയശേഷം ധനകാര്യ വകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നൽകി നിയമനം നടത്തിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ അനുവദനീയമായ കേഡർ സ്ട്രെങ്ത് എത്രയാണ്?

സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ നിലവിലുള്ള തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

സ്പെഷ്യൽ സെക്രട്ടറി - 1

അഡീഷണൽ സെക്രട്ടറി - 19

ജോയിന്റ് സെക്രട്ടറി - 22

ഡെപ്യൂട്ടി സെക്രട്ടറി - 17

അണ്ടർ സെക്രട്ടറി - 38

അക്കൗണ്ട്സ് ഓഫീസർ - 21

സെക്ഷൻ ഓഫീസർ - 95

(ഡി) മേൽപ്പറഞ്ഞ അനുവദനീയമായ തസ്തികൾക്കുപുറമെ ഓരോ തസ്തികയിലും സെക്രട്ടറിയേറ്റിന് പുറത്തുള്ള സ്ഥാപനങ്ങളിലും വകുപ്പുകളിലും

ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം ഇനംതിരിച്ച് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ തസ്തികകൾക്ക് പുറമേ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും ധനകാര്യ വകുപ്പിൽ നിന്നുമാത്രം നിയമനം നടത്തേണ്ടതായ തസ്തികകളിലും മറ്റ് അന്യത്ര സേവന തസ്തികകളിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അനുബന്ധം II-ൽ+ ചേർക്കുന്നു.

(ഇ) അനുവദനീയമായ തസ്തികകൾക്ക് പുറമെ മേൽപ്പറഞ്ഞ പ്രകാരം അന്യത്ര സേവനത്തിലും അല്ലാതെയും വകുപ്പിന് പുറത്ത് ജോലിചെയ്യുന്ന തസ്തികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യ വകുപ്പിനുപുറത്ത് അന്യത്ര സേവനത്തിലും അല്ലാതെയും വകുപ്പിലെ ഉദ്യോഗസ്ഥർ ജോലിചെയ്യുന്ന തസ്തികകളുടെ എണ്ണം നിജപ്പെടുത്തികൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിലെ മെഡിസെപ്പ് ആനുകൂല്യം

48 (2632) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) പാലക്കാട് ജില്ലയിൽ 2022 നവംബർ 20 വരെ മെഡിസെപ്പ് ആനുകൂല്യം ലഭിച്ചവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

06-12-2022 വരെ 6313 ഗുണഭോക്താക്കൾക്കാണ് പാലക്കാട് ജില്ലയിൽ മെഡിസെപ്പ് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ആകെ എത്ര തുകയാണ് ആനുകൂല്യമായി നൽകിയതെന്ന് വ്യക്തമാക്കാമോ?

ഈ ഇനത്തിൽ 06-12-2022 വരെ 17,72,59,553/- രൂപയാണ് ആനുകൂല്യമായി നൽകിയതെന്ന് കമ്പനി അറിയിച്ചിട്ടുള്ളത്.

(സി) ഏറ്റവും കൂടുതൽ ആളുകൾ ഈ ആനുകൂല്യത്തിനായി ചികിത്സ നേടിയത് പാലക്കാട് ജില്ലയിലെ ഏത് ആശുപത്രിയിലാണ് എന്ന കാര്യം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ വള്ളുവനാട് ആശുപത്രിയിലാണ് ഏറ്റവും കൂടുതൽ ആളുകൾ (991 കേസുകൾ) മെഡിസെപ്പ് ആനുകൂല്യത്തിനായി ചികിത്സ നേടിയത് എന്ന് കമ്പനി വ്യക്തമാക്കിയിട്ടുള്ളത്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

49 (2633) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ സംസ്ഥാനത്ത് എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ സംസ്ഥാനത്ത് 1,69,831 ജീവനക്കാരുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് എന്തെങ്കിലും നിയമ സാങ്കേതിക തടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള നടപടി

50 (2634) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രാബല്യത്തിൽവന്ന 01-04-2013-ന് മുൻപ് സർക്കാർ സർവ്വീസിന്റെ ഭാഗമായിരുന്ന ജീവനക്കാർക്ക് 01-04-2013-നോ അതിനുശേഷമോ മറ്റൊരു തസ്തികയിൽ ജോലി ലഭിക്കുന്നപക്ഷം അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെ ഭാഗമാകുന്നതിന് സാധിക്കുമോ; വിശദമാക്കാമോ?

31-03-2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ സേവനത്തിലിരിക്കെ 01-04-2013-നോ അതിനുശേഷമോ മറ്റൊരു തസ്തികയിൽ ജോലി ലഭിക്കുന്ന ജീവനക്കാർക്ക് അവർ 01-04-2013-ന് മുൻപുതന്നെ സർക്കാർ സർവ്വീസിന്റെ ഭാഗമായിരുന്നുവെന്നത് പരിഗണിച്ച് 07-05-2013-ലെ സ.ഉ.(അ)നം.209/2013/ധന., 14-07-2014-ലെ സ.ഉ.(അ)നം.279/ 2014/ധന. ഉത്തരവുകളിലെയും 04-07-2015-ലെ 65/2015/ധന. സർക്കുലറിലേയും വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ആർ. ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്.

(ബി) ഇത്തരത്തിൽ തസ്തിക മാറുന്ന ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് മൂന്ന് മാസത്തിനകം ഓപ്ഷൻ ഫോം നൽകണമെന്ന നിബന്ധനയുണ്ടോ; വിശദമാക്കുമോ?

ഇത്തരത്തിൽ തസ്തിക മാറുന്ന ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് 07-05-2013-ലെ സ.ഉ.(അ)നം.209/2013/ധന., 14-07-2014-ലെ സ.ഉ.(അ)നം.279/2014/ധന. എന്നീ ഉത്തരവുകൾ പ്രകാരം പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് മൂന്നുമാസത്തിനകം നിയമനാധികാരിക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്.

(സി) മേൽപ്രകാരം തസ്തിക മാറുന്ന ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് മൂന്നുമാസത്തിനകം ഓപ്ഷൻ ഫോം നൽകിയില്ലെന്ന കാരണത്താൽ അവർ നാളിതുവരെ തുടർന്നുവന്നിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

01-04-2013-ന് ശേഷം പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് ഓപ്ഷൻ ഫോം സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാത്ത

ജീവനക്കാർക്ക് 06-07-2020-ലെ സ.ഉ.(അ)നം.92/2020/ധന. പ്രകാരം 14-08-2020 വരെ സമയപരിധി നീട്ടിനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കുമ്പോൾ നാളിതുവരെയുള്ള അവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ എപ്രകാരം ക്രമീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്ന ജീവനക്കാർ എന്നുമുതലാണോ പുതിയ തസ്തികയിൽ നിയമിക്കപ്പെടുന്നത് ടി തീയതി മുതൽ NPS വിഹിതം അടയ്ക്കേണ്ടതാണ്. അന്നുമുതൽ അവർക്ക് ഗവൺമെന്റ് വിഹിതത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. 14-01-2015-ലെ സ.ഉ.(അ)25/2015/ധന. ഉത്തരവ് പ്രകാരം അരിയർ ആയി പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കാവുന്നതാണ്.

(ഇ) 01-04-2013-ന് മുൻപുതന്നെ സർക്കാർ സർവ്വീസിന്റെ ഭാഗമായിരുന്ന ജീവനക്കാർ 01-04-2013-നോ അതിനുശേഷമോ മറ്റൊരു തസ്തികയിൽ ജോലി ലഭിക്കുന്നപക്ഷം സേവനഭംഗം കൂടാതെ തസ്തിക മാറുന്ന ജീവനക്കാർക്ക് അവർ നാളിതുവരെ തുടർന്നുവന്നിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ

പദ്ധതി തുടങ്ങുന്നതിന് മൂന്നുമാസത്തിനകം ഓപ്ഷൻ ഫോം നൽകണമെന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

07-05-2013-ലെ സ.ഉ.(അ)നം.209/2013/ധന., 14-07-2014-ലെ സ.ഉ.(അ)നം.279/2014/ധന. എന്നീ ഉത്തരവുകൾ പ്രകാരം പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് മൂന്നുമാസത്തിനകം നിയമനാധികാരിക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ഓപ്ഷൻ ഫോം സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാത്ത ജീവനക്കാർക്ക് വീണ്ടും ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിനായി 06-07-2020-ലെ സ.ഉ.(അ) നം. 92/2020/ധന. ഉത്തരവ് പ്രകാരം 2020 ഓഗസ്റ്റ് 14 വരെ അവസരം നൽകിയിരുന്നു.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

51 (2635) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പെൻഷൻകാരുടെ വിഹിതം പകുതിയായി നിജപ്പെടുത്താൻ സർക്കാർ മുൻകയ്യെടുക്കുമോ?

ജീവനക്കാർക്കും പെൻഷൻകാർക്കും ഒരേ പ്രതിമാസ പ്രീമിയം തുകയായി 500/- രൂപ നിശ്ചയിച്ചുതന്നെയാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 01-07-2022-ൽ മെഡിസെപ്പ് പദ്ധതി ആരംഭിച്ചത്. എൻറോൾ ചെയ്ത പെൻഷൻകാരുടെയും ജീവനക്കാരുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിവർഷ പ്രീമിയം കണക്കാക്കി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതെന്ന് അവരുമായി ഒപ്പിട്ട MoU-ൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ 6 മാസത്തെ പ്രീമിയം തുക നൽകിക്കഴിഞ്ഞ സാഹചര്യത്തിലും ഏതെങ്കിലുമൊരു വിഭാഗത്തിന് പ്രീമിയം തുക പകുതിയായി പുനർനിശ്ചയിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല.

(ബി) കുടുബപെൻഷൻകാരുടെ വിഹിതം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമോ?

മേൽ പരാമർശിച്ച സാഹചര്യത്തിൽ കുടുബപെൻഷൻകാരുടെ വിഹിതം പൂർണ്ണമായി ഒഴിവാക്കാൻ നിർവ്വാഹമില്ല.

(സി) ലിസ്റ്റ് ചെയ്ത പല ആശുപത്രികളിലും ചില പ്രത്യേക വിഭാഗം ചികിത്സയ്ക്കുമാത്രമേ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് സ്വീകരിക്കുന്നുള്ളൂവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സ്വകാര്യ ആശുപത്രികളിൽ എംപാനൽ ചെയ്ത പല വകുപ്പുകളിലും ചികിത്സ നിഷേധിക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കുകയും ആയതിന്മേൽ നിയമപരമായി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

## **എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം**

52 (2636) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ പ്രഖ്യാപിച്ച

എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം സംബന്ധിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പഠന പൂർത്തീകരണത്തിനുശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരുന്നു. 16-05-2017-ലെ സ.ഉ. (അച്ചടി) നം.65/2017/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്.

(ബി) പ്രസ്തുത സ്കീമിൽ ധനസഹായം നൽകുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

രണ്ട് തരത്തിലുള്ള വായ്പാ അക്കൗണ്ടുകൾക്കാണ് വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സഹായം അനുവദിച്ചുവരുന്നത്. സ്റ്റാൻഡേർഡ് കാറ്റഗറി അക്കൗണ്ടുകളും NPA കാറ്റഗറി അക്കൗണ്ടുകളും. 2012 ഏപ്രിൽ 1-നും 2016 മാർച്ച് 31-നുമിടയിൽ തിരിച്ചടവ് തുടങ്ങിയതും 2016 മാർച്ച് 31-നകം NPA ആകാത്തതുമായ അക്കൗണ്ടുകളാണ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെടുന്നത്. തിരിച്ചടവ് തുടങ്ങിയ തീയതി

പരിഗണിക്കാതെ 2016 മാർച്ച് 31-നകം NPA ആയ എല്ലാ അക്കൗണ്ടുകളും NPA കാറ്റഗറിയിൽ ഉൾപ്പെടുന്നു.

പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെതന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കുമാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം.

(സി) പ്രസ്തുത സ്കീം പ്രകാരമുള്ള തുക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്കീം പ്രകാരം 2017 മുതൽ ആനുകൂല്യങ്ങൾക്ക് അർഹത ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ സാമ്പത്തിക വർഷം ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

(സി & ഡി) മേൽപിരിവിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതും ബാങ്കുതല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭിക്കുന്നതുമായ എല്ലാ അപേക്ഷകളിലും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. അർഹരായ ഇത്തരം അപേക്ഷകരുടെ കാര്യത്തിൽ ഓൺലൈൻ അപേക്ഷയിൽ തീരുമാനമാകുന്നതുവരെ റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത സ്കീം പ്രകാരം ധനസഹായത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(എഫ്) നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കാമോ;

(ജി) അപേക്ഷ നൽകിയ അർഹരായ എല്ലാവർക്കും പ്രസ്തുത സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഇ - ജി) പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31-01-2018 ആയിരുന്നു. ഈ തീയതി വരെ 78062

അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 21100 അപേക്ഷകളിലായി 209.11 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. 37471 അപേക്ഷകൾ ബാങ്കുതല പരിശോധനയിൽ നിരസിക്കപ്പെട്ടിട്ടുണ്ട്. ബാങ്കുതല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന യോഗ്യതയുള്ള അപേക്ഷകളിന്മേൽ സർക്കാർ വിഹിതം അനുവദിച്ചുവരുന്നു.

**പോക്സോ കോടതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

53 (2637) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിവേഗ പോക്സോ കോടതികൾ രൂപീകരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ ഇതിൽനിന്ന് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

അതിവേഗ പോക്സോ കോടതികൾ രൂപീകരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2019-2020 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 6652.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ ഇതിൽനിന്ന് 4789.34 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അറിയിക്കുന്നു.

## വയോമിത്രം പദ്ധതി

54 (2638) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയോമിത്രം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 27.5 കോടി രൂപയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വയോമിത്രം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 27.5 കോടി രൂപയിൽ നാളിതുവരെ 19,23,27,629/- (പത്തൊൻപത് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തേഴായിരത്തി അറുനൂറ്റി ഇരുപത്തിയൊൻപത്) രൂപ ചെലവഴിച്ചിട്ടുണ്ട്.

## നാളികേര വികസനത്തിനായി ബഡജറ്റ് അനുവദിച്ച തുക

55 (2640) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര വികസനത്തിനായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ നാളികേര വികസനപദ്ധതിക്കായി 7,390.00 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നാളികേര വികസന പദ്ധതി 2022-23

| ക്രമ നം. | ഘടകം | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കേരഗ്രാമം 1-ാം വർഷം | 2567.00 | 12.22123 |
| 2 | കേരഗ്രാമം 2-ാം വർഷം | 1680.00 | 643.6399 |
| 3 | കേരഗ്രാമം 3-ാം വർഷം | 90.00 | 39.48899 |
| 4 | കേരരക്ഷാവാരം | 433.00 | 298.807 |
| 5 | തെങ്ങിൻ തൈ വിതരണം | 820.3191 | 4.53486 |
| 6 | ആറളം ഫാമിൽ തെങ്ങിൻതൈ ഉത്പാദനം | 54.6809 | |
| 7 | വിത്ത് തേങ്ങ സംഭരണം തെങ്ങിൻതൈ ഉത്പാദനവും | 1730.00 | 474.09 |
| 8 | TE/POL ഇനത്തിൽ | 15.00 | |
| | | **7390.00** | **1472.78198** |

**ആഗോള ശാസ്ത്രോത്സവം**

56 (2641) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഗോള ശാസ്ത്രോത്സവത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ആഗോള ശാസ്ത്രോത്സവത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 4 കോടി രൂപ 3425-60-200-71(03) Schemes and Programmes of Kerala State Council for Science Technology and Environment (PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

**മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക്**

57 (2642) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി കിഫ്ബി മുഖേന നടപ്പുസാമ്പത്തിക വർഷത്തെ

ബഡ്ജറ്റിൽ എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോടി രൂപ നാളിതുവരെ ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

2022-23-ലെ ബജറ്റ് പ്രസംഗം ഖണ്ഡിക 34-ൽ തിരുവനന്തപുരത്ത് ഒരു മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബി വഴി 100 കോടി രൂപ നീക്കിവയ്ക്കുന്നു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ഭരണാനുമതി ഉത്തരവ് എന്നിവ കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

**ഡാമുകളിലെ മണൽ വാരുന്നതിന് യന്ത്രങ്ങൾ വാങ്ങൽ**

58 (2643) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡാമുകളിലെ മണൽ വാരുന്നതിന് യന്ത്രങ്ങൾ വാങ്ങാൻ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഡാമുകളിലെ മണൽ വാരുന്നതിന് യന്ത്രങ്ങൾ വാങ്ങാൻ 10 കോടി രൂപ 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. മേൽ

ആവശ്യത്തിനായി 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിച്ച് തുക അനുവദിക്കുന്നതിനുള്ള തുടർനടപടികൾ നടന്നുവരുന്നു.

**നോർക്കയുടെ പ്രത്യേക സെല്ലിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

59 (2644) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റഷ്യ-യുക്രൈൻ യുദ്ധത്തെത്തുടർന്ന് തിരികെയെത്തിയ മെഡിക്കൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ തുടർപഠനവും മറ്റുള്ള കാര്യങ്ങളും ഏകോപിപ്പിക്കുന്നതിനായുള്ള നോർക്കയുടെ പ്രത്യേക സെല്ലിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

റഷ്യ-യുക്രൈൻ യുദ്ധത്തെത്തുടർന്ന് തിരികെയെത്തിയ മെഡിക്കൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ തുടർപഠനവും മറ്റ് കാര്യങ്ങളും ഏകോപിപ്പിക്കുന്നതിനായി നോർക്കയുടെ കീഴിൽ രൂപീകരിക്കുന്ന സെല്ലിന്റെ പ്രവർത്തനത്തിന് 10 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു

## ന്യൂട്രാസ്യൂട്ടിക്കൽസ് സെന്റർ ഓഫ് എക്സലൻസ്

60 (2645) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂട്രാസ്യൂട്ടിക്കൽസ് സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സഹകരണത്തോടെ DPR തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ K-DISC ആരംഭിച്ചിട്ടുണ്ട്

## ജെൻഡർ പാർക്കുകൾക്കായി നീക്കിവെച്ച തുക

61 (2646) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജെൻഡർ പാർക്കുകൾക്കായി നീക്കിവച്ച തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജെൻഡർ പാർക്കുകൾക്കായി 2235-02-103-80 എന്ന ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെയായി 2.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## വിദേശ സ്കോളർഷിപ്പ് ഭക്ഷ്യസുരക്ഷാ പദ്ധതികൾ

62 (2648) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള വിദേശ സ്കോളർഷിപ്പ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള വിദേശ സ്കോളർഷിപ്പ് പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 230 ലക്ഷം രൂപയിൽ നാളിതുവരെ 53,91,406/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഗോത്രമേഖലയിലെ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിക്കായി നടപ്പുവർഷം എത്ര തുക ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഗോത്രമേഖലയിലെ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിവരുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 25 കോടി രൂപയിൽ നാളിതുവരെ 14,35,84,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണം

63 (2649) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണത്തിനായി 18.5 കോടി രൂപ കെ-റെയിൽ കോർപ്പറേഷൻ/പൊതുമരാമത്ത് വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ പള്ളി ഗേറ്റ് മേൽപാലം (22 കോടി), നിലമ്പൂർ യാഡ് ഗേറ്റ് മേൽപാലം (15 കോടി) എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത തുക നൽകാൻ സാധിക്കില്ല എന്ന് ധനവകുപ്പ് നിലപാടെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(സി) തൃശ്ശൂർ പള്ളി ഗേറ്റ് മേൽപാലം (22 കോടി), നിലമ്പൂർ യാഡ് ഗേറ്റ് മേൽപാലം (15 കോടി) എന്നിവയുടെ ടെണ്ടർ നടപടി മാർച്ചിൽ പൂർത്തിയായിട്ടും കരാർ തുക അനുവദിക്കാൻ സാധിക്കാത്ത സാഹചര്യം വിശദമാക്കാമോ?

തൃശ്ശൂർ പള്ളി ഗേറ്റ് മേൽപാലം (22 കോടി), നിലമ്പൂർ യാഡ് ഗേറ്റ് മേൽപാലം (15 കോടി) എന്നിവയുടെ സംസ്ഥാന വിഹിതം യഥാക്രമം 10.60 കോടി രൂപയും 7,68,41,933/- രൂപയുമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ഡി) റെയിൽവേ മേൽപ്പാലങ്ങൾക്കുപോലും നൽകാൻ തുകയില്ലാത്ത സാഹചര്യത്തിൽ സിൽവർ ലൈൻ പദ്ധതിക്കായി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന വിഹിതവും മറ്റ് ധനസമാഹരണ മാർഗ്ഗങ്ങളിലൂടെയുമാണ് തുക കണ്ടെത്താൻ ഉദ്ദേശിച്ചിരിക്കുന്നത്.

**മാധ്യമ അക്കാഡമി**

64 (2650) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാധ്യമ അക്കാഡമിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മാധ്യമ അക്കാഡമിക്കായി നടപ്പ് സാമ്പത്തികവർഷം പദ്ധതി/ പദ്ധതിയേതര ഇനത്തിൽ 8.24 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളതിൽ 2.02 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

65 (2652) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ

നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കായി 2022-23 ലെ ബഡ്ജറ്റിൽ, 2851-00-102-07(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 22-07-2022-ലെ G.O(Rt)No.747/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 22-11-2022-ലെ G.O (Rt) No.1232/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 മാസക്കാലയളവിലേയ്ക്ക് പലിശ സബ്സിഡിക്ക് അപേക്ഷിക്കുന്നതിനും അനുമതി നൽകി ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം ബാങ്ക് ലോണെടുത്ത് 6 മാസം/1 വർഷം പൂർത്തീകരിച്ചതും ഈ സാമ്പത്തിക വർഷം ആരംഭിച്ചതുമായ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കേരള ജീനോം ഡാറ്റാ സെന്റർ

66 (2653) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ജീനോം ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കെ-ഡിസ്കിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കാമോ?

കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട ജീനോമിക് ഡാറ്റ സൃഷ്ടിക്കുന്നതിനും ക്യൂറേറ്റ് ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായി കേരള ജീനോം ഡാറ്റാ സെന്റർ സ്ഥാപിക്കുന്ന ചെലവുകൾ വഹിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ജീനോം ഡാറ്റാസെന്റർ സ്ഥാപിക്കുന്നതിന്റെ പ്രാരംഭനടപടികൾ K-DISC ആരംഭിച്ചിട്ടുണ്ട്.

## സ്ത്രീകൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി

67 (2654) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരപ്രദേശങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര കോടിരൂപ വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 4250-00-201-91 (P) ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുകയ്ക്ക് 08-12-2022-ലെ സ.ഉ.(സാധാ)നം.1439/2022/തൊഴിൽ പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

## കോവിഡുമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം

68 (2655) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. കുടുംബത്തിൽപ്പെട്ട പ്രധാന വരുമാനക്കാർ കോവിഡുമൂലം മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കുടുംബങ്ങൾക്ക് എത്ര മാസത്തേയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**എൻഡോസൾഫാൻ പാക്കേജ്**

69 (2656) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സമഗ്ര എൻഡോസൾഫാൻ പാക്കേജിനായി നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ പതിനേഴ് കോടി രൂപയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സമഗ്ര എൻഡോസൾഫാൻ പാക്കേജിനായി നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 17 കോടി രൂപയിൽ നാളിതുവരെ 7.118 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ലൈഫ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

70 (2657) <u>ഡോ. മാത്യൂ കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്കായി 18 ശീർഷകങ്ങളിലായി ആകെ 1,846.82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ ആകെ 681.064 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി - മാറ്റിവയ്ക്കേണ്ടിവന്ന പദ്ധതികൾ**

71 (2658) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം ഏതെല്ലാം പദ്ധതികൾ മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

രേഖകൾ പരിശോധിച്ചതിൽനിന്നും സാമ്പത്തികപ്രതിസന്ധി കാരണം പദ്ധതികളൊന്നും മാറ്റിവയ്ക്കേണ്ടതായി വന്നിട്ടില്ല.

(ബി) ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസനചെലവുകളിൽ പരമാവധി വർദ്ധന വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖതന്ത്രമാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യച്ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തനസ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കലടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാപെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനുമുൾപ്പടെ പല ക്ഷേമപദ്ധതികളും മുടങ്ങിയിട്ടുണ്ടെന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ?

ശരിയല്ല. 2022 നവംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാപെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും ഇതിനോടകം അനുവദിച്ചുനൽകിയിട്ടുണ്ട്.

**ഇടമലക്കുടി സമഗ്ര വികസന പാക്കേജ്**

72 (2660) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടമലക്കുടി സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഇടമലക്കുടി സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം 2225-02-102-71 ശീർഷകത്തിൽ 5 കോടി രൂപയും 4225-02-102-96 ശീർഷകത്തിൽ 10 കോടി രൂപയും ഉൾപ്പെടെ 15 കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. 2225-02-102-71 ശീർഷകത്തിൽനിന്ന് ചെലവ് വന്നിട്ടില്ല. 4225-02-102-96 ശീർഷകത്തിൽനിന്ന് മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ**

73 (2661) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനർഗേഹം പദ്ധതിക്കും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങൾക്കും മാനവ വികസനത്തിനുമായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

കടൽത്തീരത്തുനിന്നും 50 മീറ്റർ പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പുനർഗേഹം എന്ന പദ്ധതിക്കായി 4405-00-103-89 (പി) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 16 കോടി രൂപ ബഡ്ജറ്റ് വിഹിതവും 31-8-2022-ലെ സ.ഉ. (സാധാ)നം. 6145/2022/ധന നമ്പർ

ഉത്തരവ് പ്രകാരം 25 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പെടെ ആകെ 41 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 40,61,47,361/- രൂപ പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ആവശ്യത്തിനനുസരിച്ച് തുക അനുവദിക്കുന്നതായിരിക്കും.

മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാനസൗകര്യവികസനത്തിനും മാനവശേഷിവികസനത്തിനുമായി 2405-00-103-80(പി) എന്ന ശീർഷകത്തിൽ 36 കോടി രൂപയും 4405-00-103-93(പി) എന്ന ശീർഷകത്തിൽ 20 കോടി രൂപയും നടപ്പ് സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരുന്നതിൽനിന്നും യഥാക്രമം 18,27,89,365/- രൂപയും 18,09,97,558/- രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## അരിവാൾ രോഗികളുടെ കുടുംബങ്ങൾക്ക് ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക

74 (2662) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരിവാൾ രോഗികളുടെ കുടുംബങ്ങൾക്ക് ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തികവർഷത്തെ

ബഡ്ജറ്റിൽ അനുവദിച്ചതുക എത്രയാണെന്നും നാളിതുവരെ ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

അരിവാൾ രോഗികൾക്ക് പ്രതിമാസ ധനസഹായം നല്കുന്നതിനും ഉചിതമായ ട്രേഡുകളിൽ വൈദഗ്ധ്യം നൽകിയശേഷം അത്തരം രോഗികളുടെ ഉപജീവനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ കുടുംബത്തിനും 2 ലക്ഷം രൂപ വീതം ഒറ്റത്തവണ സഹായം നൽകുന്നതിനുമായുള്ള പദ്ധതിക്ക് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 3,77,50,000/- രൂപയിൽ നാളിതുവരെ 1,71,45,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിമുക്തി പദ്ധതിക്ക് വകയിരുത്തിയ തുക**

75 (2663) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരി വിരുദ്ധ പ്രചരണ പരിപാടിയായ വിമുക്തിക്ക് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ലഹരിവിരുദ്ധ പ്രചരണ പരിപാടിയായ വിമുക്തിക്ക് നടപ്പ് സാമ്പത്തികവർഷം 8,18,00,000 രൂപ 2039-00-001-88 ശീർഷകത്തിൽ

വകയിരുത്തിയിട്ടുണ്ട്. കൂടാതെ 16-11-2022-ലെ സ.ഉ.(സാധാ) 7728/2022/ധന. പ്രകാരം 1 കോടി രൂപ അധിക ധനാനുമതിയിലൂടെയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 36,895,557/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷനുള്ള മസ്റ്ററിംഗ്**

76 (2666) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമ പെൻഷൻ മസ്റ്ററിംഗിന് അനുവദിച്ചിരുന്ന സമയത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാതിരുന്ന ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കാണ് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നത്. പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും മസ്റ്ററിംഗ്

പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിനുമുൻപുള്ള കാലയളവ്) സമയം അനുവദിച്ചിട്ടുണ്ട്.

**ഭർത്താവ് ഉപേക്ഷിച്ചവർക്ക് പെൻഷൻ പദ്ധതി**

77 (2668) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭിച്ചുവന്നിരുന്ന ഇന്ദിരാഗാന്ധി വിധവാ പെൻഷൻ നിഷേധിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂ. എന്നാൽ സർക്കാർ ഇതിനെ ഉദാരവൽക്കരിക്കുകയും ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ്

മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. മേൽപ്രകാരം വിധവയല്ലാത്ത അനർഹരെയാണ് വിധവാ പെൻഷൻ ലഭിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇത്തരം കുടുംബങ്ങൾക്ക് മറ്റേതെങ്കിലും പേരിൽ പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ അർഹതയുള്ള പക്ഷം അവർക്ക് മറ്റ് സാമൂഹ്യസുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

78 (2669) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി നിശ്ചയിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള സോഷ്യൽ

സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് സർക്കാർ യഥാസമയം തുക നൽകാത്തതും വായ്പകൾക്ക് ഗ്യാരണ്ടി നൽകാത്തതുമാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങാനിടയാക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഇതുവരെ പെൻഷൻ വിതരണം മുടങ്ങിയിട്ടില്ല.

(ബി) കെ.എസ്.എസ്.പി.എൽ.-ന്റെ വായ്പകൾക്ക് ഗ്യാരണ്ടി നിൽക്കാൻ കഴിയില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

ഇല്ല.

**വയനാട് ജില്ലയിലെ ക്ഷേമപെൻഷൻ**

79 (2670) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരുടെ ആകെ എണ്ണം 2022 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച് ലഭ്യമാക്കാമോ?

2022 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച് വയനാട് ജില്ലയിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന 120128 ഗുണഭോക്താക്കളും

വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ കൈപ്പറ്റുന്ന 21013 ഗുണഭോക്താക്കളുമാണുള്ളത്.

സാംസ്കാരികം കായിക യുവജനക്ഷേമം വകുപ്പുകൾ മുഖേന നൽകുന്ന പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഇതിൽ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരിൽ ഏതെല്ലാം തരത്തിലുള്ള പെൻഷനാണ് കൈപ്പറ്റുന്നത് എന്ന് തരംതിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പെൻഷൻ ഇനം. | എണ്ണം |
|---|---|---|
| 1 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 62210 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 9622 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 36143 |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 11401 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 752 |

വയനാട് ജില്ലയിൽ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ കൈപ്പറ്റുന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

സാംസ്കാരികം കായിക യുവജനക്ഷേമം വകുപ്പുകൾ മുഖേന നൽകുന്ന പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ക്ഷേമനിധി പെൻഷൻ

80 (2672) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ തൊഴിൽ ക്ഷേമനിധി അംശദായം അടച്ച എത്ര തൊഴിലാളികൾ നിലവിലുണ്ട്; ഇതിൽ എത്ര പേർക്ക് ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽവന്ന കാലയളവുമുതൽ നാളിതുവരെ രജിസ്റ്റേർഡ് തൊഴിലാളികളുടെ എണ്ണം 259269 ആണ്. ബോർഡിൽ നിലവിൽ 68721 അംഗങ്ങളാണുള്ളത്. സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡിലെ 63050 ഗുണഭോക്താക്കൾക്കാണ് 2022 നവംബർ മാസം പെൻഷൻ അനുവദിച്ചിട്ടുള്ളത്.

(ബി) സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ ലഭിക്കുന്നവരിൽ കശുവണ്ടി മേഖലയിൽ തൊഴിൽ ക്ഷേമനിധി അംശദായം അടച്ച തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ എത്ര പേർക്കാണ് നൽകുന്നത് എന്ന വിവരം ലഭ്യമാക്കാമോ?

06-02-2017-ന് മുൻപ് സാമൂഹ്യസുരക്ഷാ പെൻഷനും കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് പെൻഷനും ലഭിച്ചുവന്നിരുന്നവർക്ക് നിലവിൽ രണ്ട് പെൻഷനും ലഭിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന 38354 ഗുണഭോക്താക്കൾക്കാണ് കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നത്.

## മെഡിസെപ്പ് പദ്ധതി

81 (2675) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കുള്ള മെഡിസെപ്പ് പദ്ധതിയിൽ ചികിത്സാ സൗകര്യം ലഭ്യമാക്കിയിരുന്ന ഏതെങ്കിലും ആശുപത്രികൾ പദ്ധതിയിൽനിന്ന് പിൻവാങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മെഡിസെപ്പ് പദ്ധതിയിൽ ചികിത്സാസൗകര്യം ലഭ്യമാക്കിയിരുന്ന PMSA Co-operative Hospital, Malappuram പദ്ധതിയിൽനിന്ന് പിൻവാങ്ങിയതായി കമ്പനി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പരാജയപ്പെടുത്താൻ ഏതെങ്കിലും ഭാഗത്തുനിന്ന് ഇടപെടലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതി പരാജയപ്പെടുത്തുന്നതിനായി ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം നടത്തുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മെഡിസെപ്പ് പദ്ധതി**

82 (2676) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

23-06-2022-ലെ സ.ഉ.(പി)70/2022/ധന പ്രകാരം ആരംഭിച്ച മെഡിസെപ്പ് പദ്ധതിയിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ നിലവിൽ അപകടം/മറ്റ് അടിയന്തര സാഹചര്യം (പക്ഷാഘാതം, ഹൃദയാഘാതം) എന്നീ അവസരങ്ങളിൽ മെഡിസെപിൽ എംപാനൽ ചെയ്തിട്ടില്ലാത്ത ആശുപത്രികളിൽ അംഗീകൃത ചികിത്സ/ശസ്ത്രക്രിയയ്ക്ക് വിധേയരായാൽ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി ആശുപത്രിക്ക് നൽകുന്നതാണ്.

## ചരക്ക് സേവന നികുതി തട്ടിപ്പ്

83 (2677) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുസേവന നികുതിത്തട്ടിപ്പിന് വ്യാപാരികളെ പ്രേരിപ്പിക്കുകയും വ്യാജബില്ലുകൾ നിർമ്മിച്ചുനൽകി വൻതുക കമ്മീഷൻ വാങ്ങുകയും ചെയ്യുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപഭോക്താവിനുവേണ്ടി വിതരണക്കാരൻ മുൻകൂട്ടി അടയ്ക്കുന്ന ജി.എസ്.ടി. തുക വില്പന പൂർത്തിയാക്കിയശേഷം തിരിച്ചുവാങ്ങുന്ന (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) സംവിധാനത്തെ ദുരുപയോഗിച്ചാണ് കേരളത്തിലെ പ്രസ്തുത റാക്കറ്റ് വൻതോതിൽ തട്ടിപ്പ് നടത്തുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇക്കാര്യം ഗൗരവത്തോടെ കാണുന്നു. ഇത്തരത്തിലുള്ള വ്യാജ ഇൻപുട്ട് ക്രെഡിറ്റ് നിരാകരിച്ചുകൊണ്ട് അതിന്മേൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചരക്ക് സേവന നികുതിത്തട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതിവെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതിവെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതിവെട്ടിപ്പുകൾ തടയുന്നതിനും നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിണി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഡാറ്റാ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത മോഡൽ 2 ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. തൽഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കാനായി ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും. സംസ്ഥാന ചരക്കുസേവന നികുതി

വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതിവെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വലിയതോതിലുള്ള നികുതിവെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി. നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചരക്കുസേവന നികുതി നിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും ഒട്ടനവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. വാഹനപരിശോധന, കടപരിശോധന എന്നിവ കൂടാതെ പുതുതായി വകുപ്പിന്റെ അധികാരപരിധിയിലേയ്ക്കുവന്ന സേവനമേഖലയിലെ നികുതിവെട്ടിപ്പ് സംബന്ധിച്ച അന്വേഷണം

തുടങ്ങിയവയും ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനമേഖലയാണ്. ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയതിനെത്തുടർന്ന് പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ സർവെയ്ലൻസ് സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (ANPR) സ്ഥാപിച്ച് മതിയായരേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദപുരം, ഒഴലപ്പതി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ,

ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ പെർള, ആദ്ദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്.

വ്യാപാരികൾ തങ്ങളുടെ വില്പനയ്ക്ക് ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാനായി സെക്ഷൻ 67(12) പ്രകാരം ടെസ്റ്റ് പർച്ചേസുകൾ നടത്തുന്നുണ്ട്. റെയിൽവേ സ്റ്റേഷൻ, ടൂറിസ്റ്റ് ബസുകൾ, പാഴ്സൽ ഏജൻസികൾ എന്നിവയിലൂടെ നികുതി വെട്ടിച്ചുള്ള ചരക്കുകടത്ത് തടയുന്നതിലേയ്ക്കായി ഈ സ്ഥലങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. ബിനാമി രജിസ്ട്രേഷനുകൾ, സർക്കുലർ ട്രേഡിംഗ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ എന്നിവ കണ്ടെത്തുന്നതിനും അതുമൂലമുള്ള നികുതിവെട്ടിപ്പ് തടയുന്നതിനും ഇന്റലിജൻസ് വിഭാഗം രഹസ്യാത്മക അന്വേഷണം നടത്തി ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കുകയും തുടർനിയമനടപടികൾ സ്വീകരിച്ചുവരികയുമാണ്.

ഇവ കൂടാതെ നികുതിവെട്ടിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ജി.എസ്.ടി. ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന് 18 യൂണിറ്റ് ഓഫീസുകളാണ് 14 ജില്ലകളിലായുള്ളത്. നികുതിവെട്ടിപ്പുമായി ബന്ധപ്പെട്ട് എല്ലാ യൂണിറ്റ് ഓഫീസുകളിലും കേസന്വേഷണങ്ങൾ നടന്നുവരികയാണ്. 2022-23 സാമ്പത്തികവർഷം ഇതുവരെ (30-10-2022) നികുതിവെട്ടിപ്പുമായി നടത്തുന്ന അന്വേഷണങ്ങളുടെ ഭാഗമായി 689 സമൻസ്, 153 സെർച്ച് എന്നിവ ഐ. ബി. വിഭാഗം നടത്തിയിട്ടുണ്ട്. നികുതിയും പിഴയും പലിശയുമായി കഴിഞ്ഞ മാസം വരെ 7432 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ഈടാക്കിയിട്ടുണ്ട്. ജി.എസ്.ടി. നികുതിവെട്ടിപ്പുമായി ബന്ധപ്പെട്ട് നികുതിവെട്ടിപ്പ് ശൃംഖലകൾ നടത്തിയവർക്കെതിരെ നാല് കേസുകളിലായി 6 അറസ്റ്റുകൾ സെക്ഷൻ 69 പ്രകാരം നടത്തിയിട്ടുണ്ട്.

(ഡി) കെ.എം.എസ്.സി.എൽ. അടക്കമുള്ള സർക്കാർ സ്ഥാപനങ്ങൾ ജി.എസ്.ടി. ഈടാക്കാതെ സാമഗ്രികൾ വാങ്ങുന്ന സാഹചര്യം സർക്കാർ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ഇല്ല. വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എം.എസ്.സി.എൽ.-ന് നികുതി ബാധ്യതയുമായി ബന്ധപ്പെട്ട് 2017-18, 2021-22 വർഷങ്ങളിലേയ്ക്ക് സംസ്ഥാന ചരക്കുസേവന നികുതി നിയമം, വകുപ്പ് 73 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## ലക്കി ബിൽ ആപ്പ്

84 (2678) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ചതുപോലെ വർദ്ധിക്കാത്തതിന്റെ പ്രശ്നങ്ങൾ കണ്ടെത്താനും നികുതിച്ചോർച്ച തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാനും സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായില്ല. ജി.എസ്.ടി. തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും

പ്രകൃതിദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.

വാറ്റ് സമ്പ്രദായത്തിൽ റവന്യൂ ന്യൂട്രൽ റേറ്റ് 14.5% ആയിരുന്നു. എന്നാൽ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും ഇതുമൂലം റവന്യൂ ന്യൂട്രൽ നിരക്ക് വലിയ രീതിയിൽ കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതിവെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതിവെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനും നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്കൂട്ടിണി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഡാറ്റാ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത മോഡൽ 2 ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീ-ഫണ്ട് തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും.

സംസ്ഥാന ചരക്കുസേവന നികുതിവകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസ്സുകളിൽ ജി.എസ്.ടി. നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതിവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതിപിരിവ്

കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-ക്ക് മുമ്പുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനെസ്റ്റി പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നികുതിവരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ ലക്കി ബിൽ ആപ്പിന്റെ പ്രവർത്തനം ഗുണം ചെയ്തിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്. ഉപഭോക്താക്കളിൽ ബില്ലുകൾ ചോദിച്ചുവാങ്ങുന്ന പ്രവണത വർദ്ധിപ്പിക്കുന്നതുവഴി നികുതിവരുമാനത്തിൽ വർദ്ധനയുണ്ടാകും.

(സി) ലക്കി ബിൽ ആപ്പ് കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ലക്കി ബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കാനായി കൂടുതൽ ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതിനോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാകുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റംവരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ ലക്കി

ബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിന-പ്രതിവാര പ്രതിമാസ നറുക്കെടുപ്പുകൾ ജില്ലകളിൽവച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. ആപ്പിൾ അടക്കമുള്ള മൊബൈൽ ഫോൺ ഉപഭോക്താക്കളിലേയ്ക്ക് ലക്കി ബിൽ ആപ്പ് എത്തിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന ലക്കി ബിൽ വെബ് ആപ്ലിക്കേഷൻ ഉടൻ തയ്യാറാകും. ഇതോടെ ലക്കി ബിൽ മൊബൈൽ ആപ്പ് എല്ലാത്തരം ഫോൺ ഉപഭോക്താക്കളിലേയ്ക്കും എത്തിക്കാൻ സാധിക്കും. കൂടാതെ സാമൂഹിക മാധ്യമ പ്രവർത്തകർ, കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവ വഴി ആപ്പിന്റെ പ്രചാരണം നടത്തുന്നതിനായി റഫറൽ കോഡ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരിശീലനം

85 (2681) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിൽ പരിശീലനം, മാനവശേഷി വികസനം എന്നിവയ്ക്കായി എത്ര തുകയാണ് നടപ്പ് വർഷത്തെ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; ഈ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; കെ-ഡിസ്ക് മുഖേന നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച മേല്പറഞ്ഞ പദ്ധതിക്കായി നാളിതുവരെ ആകെ എത്ര തുക കെ-ഡിസ്കിന് കൈമാറിയിട്ടുണ്ട്; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിൽ പരിശീലനം, മാനവശേഷി വികസനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിക്കായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 49,00,00,000/- രൂപയിൽ നാളിതുവരെ 18,37,69,205/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ ഐക്കാട് പാലം നിർമ്മാണം**

86 (2682) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ പമ്പാനദിക്ക് കുറുകെ പുനർനിർമ്മിക്കുന്ന ഐക്കാട് പാലം നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നടക്കാത്തതിനാൽ ഭക്തർ ഉൾപ്പെടെ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇതിന്റെ നിർമ്മാണത്തിനായി ലഭിച്ച അധിക ടെണ്ടർ നിരക്ക് അംഗീകരിച്ച് നടപടികൾ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) 10-03-2020 -ലെ GO.(Rt) No.292/2020/PWD പ്രകാരം 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ചെങ്ങന്നൂർ മണ്ഡലത്തിലെ പമ്പാനദിക്ക് കുറുകെ പുനർനിർമ്മിക്കുന്ന ഐക്കാട് പാലം പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. ഫയൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഡയറ്റ് രാമവർമ്മപുരം പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സെമിനാർ ഹാൾ ആൻഡ് ഡിജിറ്റൽ ലൈബ്രറി**

87 (2683) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലുൾപ്പെടുന്ന രാമവർമ്മപുരം ഡയറ്റിലെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സെമിനാർ ഹാൾ ആൻഡ് ഡിജിറ്റൽ ലൈബ്രറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**കെട്ടിട നിർമ്മാണത്തൊഴിലാളി പെൻഷൻ**

88 (2684) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ബോർഡുവഴി ലഭിക്കേണ്ട പെൻഷൻ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തനതുഫണ്ടിൽനിന്നാണ് ബോർഡ് പെൻഷൻ നൽകിവരുന്നത്. കടുത്തസാമ്പത്തിക പ്രതിസന്ധിമൂലം 2022 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാതിരുന്നതിനാൽ, ബോർഡിന്റെ ശിപാർശ പ്രകാരം ടി കുടിശ്ശിക വിതരണം ചെയ്യുന്നതിലേയ്ക്ക് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽനിന്നും നിബന്ധനകൾക്ക് വിധേയമായി 100 കോടി രൂപ വായ്പയായി അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നല്കിയിട്ടുണ്ട്. 2022 മേയ് മാസത്തിലാണ് അവസാനമായി പെൻഷൻ നൽകിയിട്ടുള്ളതെന്നും

പെൻഷൻ വിതരണം കഴിഞ്ഞ ആറുമാസമായി തടസ്സപ്പെട്ടിരിക്കുകയാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) എത്ര പേരാണ് പ്രസ്തുത പെൻഷൻ പദ്ധതിയിൽനിന്ന് പെൻഷൻ സ്വീകരിക്കുന്നത്; പെൻഷൻ മുടങ്ങാനുള്ള സാഹചര്യം വിശദമാക്കാമോ?

നിലവിലെ കണക്കനുസരിച്ച് 404724 പേർ പെൻഷൻ സ്വീകരിക്കുന്നുണ്ട്. തനതുഫണ്ടിൽനിന്നാണ് ബോർഡ് പെൻഷൻ നൽകിവരുന്നത്. ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം ബിൽഡിംഗ് സെസ്സാണ്. എന്നാൽ കോവിഡ് സാഹചര്യങ്ങൾമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും സെസ്സ് ഇനത്തിലുള്ള വരുമാനക്കുറവുമാണ് പെൻഷൻ മുടങ്ങാനുള്ള സാഹചര്യമുണ്ടായതെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) പെൻഷൻ അടിയന്തരമായി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

സെസ്സ് അദാലത്തുകൾ സംഘടിപ്പിച്ച് സെസ്സ് പിരിവ് ഊർജ്ജിതമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി പെൻഷൻ മുടക്കംകൂടാതെ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

## റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കാൻ നടപടി

89 (2685) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിയുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കാൻ റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) റബ്ബറിന്റെ താങ്ങുവില ഉല്പന്നങ്ങൾക്ക് ആനുപാതികമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില തുടർന്നും ഉയർത്തുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല.

(സി) റബ്ബറിന്റെ വിലയിടിയാതെ പിടിച്ചുനിർത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തയച്ചിരുന്നു.

ഇന്ത്യയിലേയ്ക്ക് ചണ്ടി റബ്ബർ (Cup Lum rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി മന്ത്രിക്ക് കത്തയച്ചിരുന്നു. എല്ലാത്തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ

ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണപ്രവൃത്തികളിൽ റബ്ബർ വുഡ്ഡിന്റെയും റബ്ബർ അനുബന്ധ ഉല്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു.

**സംസ്ഥാനത്തിന് ലഭിക്കേണ്ട കുടിശ്ശിക തുക**

90 (2686) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ മാസത്തെ ജി.എസ്.ടി. നഷ്ടപരിഹാരവും യു.ജി.സി. ശമ്പളപരിഷ്കരണ കുടിശ്ശിക നൽകിയ തുകയും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് 15-ാം ധനകമ്മീഷന്റെ നിർദ്ദേശപ്രകാരം നൽകേണ്ട തുകയുമുൾപ്പെടെ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക കാലവിളംബം കൂടാതെ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി)ഊർജ്ജമേഖലയിൽ കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അർഹമായ അധികവായ്പയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടോ?

2021-22 സാമ്പത്തിക വർഷത്തിൽ ഊർജ്ജമേഖലയിൽ കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ജി.എസ്.ഡി.പി.-യുടെ 0.45% അധികവായ്പ നടപ്പുവർഷം (2022-23) എടുക്കുന്നതിന് തത്വത്തിൽ കേന്ദ്രധനമന്ത്രാലയത്തിന് കീഴിലുള്ള ധനവിനിയോഗവകുപ്പ് 19-09-2022-ലെ F.No.40(12)/PF-S/2021-22 കത്തുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമപ്രവർത്തനങ്ങൾ ഭംഗം വരാതെ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; അറുപത് ലക്ഷത്തോളം വരുന്ന ക്ഷേമപെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

26-09-2022-ലെ സ.ഉ.(സാധാ)നം.6557/2022/ധന. പ്രകാരം 2022 സെപ്തംബർ മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷനുകളും 07-10-2022-ലെ സ.ഉ.(സാധാ) നം. 6774/2022/ധന പ്രകാരം സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുപെൻഷനുകളും അനുവദിച്ചിരുന്നു. 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായത്താൽ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുപെൻഷനുകളും അനുവദിച്ചിട്ടുണ്ട്.

**ചെറുവട്ടൂർ അടിവാട്ട് പാലം പുതുക്കി പണിയുന്നതിന് ഭരണാനുമതി**

91 (2687) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂർ-അടിവാട്ട് പാലം പുതുക്കിപ്പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂർ-അടിവാട്ട് പാലം പുതുക്കിപ്പണിയണമെന്ന പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(സി) വളരെ വീതികുറഞ്ഞതും അപകടാവസ്ഥയിലുമുള്ളതുമായ പ്രസ്തുത പാലം അടിയന്തരമായി പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭരണ വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ദിവസവേതന/കരാർ/താൽക്കാലിക ജീവനക്കാർ**

92 (2688) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലായി/ വിവിധ വകുപ്പുകളിലായി 25-05-2016 മുതൽ താൽക്കാലികാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും എത്ര ജീവനക്കാർ

ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ സേവനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ നിലവിൽ തുടർച്ചയായോ അല്ലാതെയോ അഞ്ചുവർഷത്തിൽ കൂടുതലായി ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; ജില്ല തിരിച്ചും വകുപ്പ് തിരിച്ചും വിശദാംശം അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ തിരിച്ചെടുത്ത തുക തിരികെ നൽകാൻ നടപടി**

93 (2690) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവ. വി.എച്ച്.എസ്.എസ്. ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ടോയ്‌ലെറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച 20 ലക്ഷം രൂപ സർക്കാർ തിരിച്ചുപിടിച്ചത് സ്കൂളിന് തിരികെ ലഭിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററുടെ അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിന് അയച്ച കത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ ഏജൻസിക്ക് പണം നൽകാനാകാതെ സ്കൂൾ അധികൃതർ ബുദ്ധിമുട്ടുന്ന കാര്യം പരിഗണിച്ച് സർക്കാർ തിരിച്ചെടുത്ത തുക സ്കൂളിന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവ. വി.എച്ച്.എസ്.എസ്.-നെ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ടോയ്‌ലെറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച 20 ലക്ഷം രൂപ സർക്കാർ തിരിച്ചുപിടിച്ചത് സ്കൂളിന് തിരികെ ലഭ്യമാക്കുന്നതിനായി പ്രസ്തുത നിർമ്മാണപ്രവൃത്തി പൂർത്തിയായി തുക അനുവദിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ പകർപ്പ് ശേഖരിച്ച് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ പകർപ്പ് ധനവകുപ്പിൽ ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

## സാമ്പത്തിക വളർച്ചാ നിരക്ക്

94 (2691) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ ഉണ്ടായ ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കാനും ആളോഹരി വരുമാനത്തിൽ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത വളർച്ചാനിരക്ക് ഇതര സംസ്ഥാനങ്ങളേക്കാൾ ഉയർന്ന് നിൽക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്തപ്രതിസന്ധികൾക്കിടയിലും ധനപരമായ പലകാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധനടപടികളും പ്രഖ്യാപിച്ച ഉത്തേജകപാക്കേജുകളും ജനങ്ങളുടെ വാങ്ങൽശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട 2022 നവംബർ മാസത്തെ പുതുക്കിയ കണക്കുപ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിരവിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാനിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച

ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാനിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. ആഗോള ദേശീയ സമ്പദ്‌വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽത്തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. സ്റ്റാറ്റിറ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പുകളിൽനിന്നും ശേഖരിച്ച് 24-08-2022-ന് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ വളർച്ചാനിരക്ക് ഹിമാചൽപ്രദേശ്, മേഘാലയ, പഞ്ചാബ്, ഉത്തരാഖണ്ഡ്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളെക്കാൾ ഉയർന്നതാണ്. ബീഹാർ, ഗുജറാത്ത്, ആസാം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ വളർച്ചാനിരക്ക് എത്രയാണെന്ന് വ്യക്തമായി പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുമില്ല.

(ബി) ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന് നിൽക്കുമ്പോഴും കേന്ദ്ര സർക്കാരിന്റെ വിവേചനപൂർണ്ണമായ നടപടികൾ കാരണം

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്ത് മാർഗ്ഗം സ്വീകരിക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തികപ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകേണ്ട നികുതിവിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925

ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂക്കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച് നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്രസഹായം എന്നിവയെല്ലാം കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിലുൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പലതവണ

അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കിഫ്ബി, KSSPL എന്നിവ 2021-22 സാമ്പത്തികവർഷം എടുത്ത തുക നാലുതവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളംതെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട്

മറികടന്നും സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ്‌വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമപെൻഷനുകൾ, സൗജന്യ ഭക്ഷ്യകിറ്റ് വിതരണം, 2020-ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടിരൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ

കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേയ്ക്ക് നയിച്ചു.

2020-21, 2021-22 സാമ്പത്തിക വർഷത്തിൽ മൂലധന ചെലവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനയാണുണ്ടായിട്ടുള്ളത്. ഇത് സംസ്ഥാന സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനോന്മുഖമായ കാഴ്ചപ്പാടിന് തെളിവാണ്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനും ചലനാത്മകമാക്കുന്നതിനുംവേണ്ടി സർക്കാർ വിഭാവന ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്കുസേവന നികുതി വകുപ്പിനുകീഴിൽ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജന്റ്സ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ‘ ടാക്സ്

പേയേഴ്സ് പ്രൊഫൈൽ കാർഡ് എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പുവർഷം ലക്ഷ്യമിടുന്നു.
- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധന നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പുവർഷം ലക്ഷ്യമിടുന്നു.
- വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പുവർഷം 2,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവ സജ്ജീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിൽ സംരംഭക കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.
- അടുത്ത അഞ്ചുവർഷംകൊണ്ട് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ 2 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, മറ്റ് ഐ.ടി. കേന്ദ്രങ്ങൾ എന്നിവ വിപുലീകരിക്കുന്ന പദ്ധതിക്കായി കിഫ്ബി വഴി 100 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- വർക്ക് ഫ്രം ഹോം പോലെ വർക്ക് നിയർ ഹോം എന്ന ആശയം നടപ്പാക്കുന്നതിനായി ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ

കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും തുടങ്ങുന്നതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം കിഴങ്ങ് ഗവേഷണ കേന്ദ്രത്തിൽ മരച്ചീനിയിൽനിന്നും എഥനോളും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള പദ്ധതിക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിക്കും.
- കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിനുകീഴിൽ ആരംഭിക്കാൻ കിഫ്ബി വഴി 100 കോടി രൂപ അനുവദിക്കും.
- വിദേശ രാജ്യങ്ങളിലുൾപ്പെടെ വിവിധമേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ-വാണിജ്യ സംരംഭകരേയും സഹകരിപ്പിച്ച്

കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനായി സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനമുള്ള ഒരു മാർക്കറ്റിംഗ് കമ്പനി ആരംഭിക്കുന്നതാണ്.

- റബ്ബർമേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ റബ്ബറിന്റെ വിലയും ഉല്പാദനവും ഉപഭോഗവും ഒരേപോലെ വർദ്ധിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി റബ്ബറൈസ്ഡ് റോഡുകൾ കൂടുതലായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും. പൊതുമരാമത്ത് വകുപ്പും കിഫ്ബിയും ഏറ്റെടുക്കുന്ന റോഡ് നിർമ്മാണങ്ങളിൽ ടാറിനൊപ്പം റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന രീതി അവലംബിക്കും.
- വിളയധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത ബഹുവിളകൃഷി സമ്പ്രദായത്തിന് പ്രാധാന്യം നൽകുന്നതിനായി പദ്ധതികളാവിഷ്കരിക്കുകയും ഇതിലേയ്ക്കായി 29 കോടിരൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
- സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 20 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

- സ്റ്റാർട്ടപ്പുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 6.5 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.
- കാസർഗോഡ് KSIDC-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിനായി KSIDC -യ്ക്ക് 2.5 കോടി രൂപ അനുവദിക്കും.

സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധനച്ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാനസൗകര്യ മേഖലയെ ചലനാത്മകമാക്കും.

സംസ്ഥാനത്തിന്റെ പൊതുകടം, റവന്യൂക്കമ്മി എന്നിവ കുറയ്ക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ നിലവിലെ നികുതിയേതര നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ

തുടർന്നുവരികയാണ്. അതോടൊപ്പം വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ വരും വർഷങ്ങളിൽ നികുതിയേതര ഇനങ്ങളിൽനിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സഹകരണ മേഖലയിലെ ജീവനക്കാരെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

95 (2692) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

23-06-2022-ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച് 01-07-2022 മുതൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ

മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കളാണ്.

സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാരെ ഈ പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത ജീവനക്കാർക്ക് മെഡിസെപ്പ് മാതൃകയിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

സഹകരണ മേഖലയിലെ ജീവനക്കാർക്ക് ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് ഇതിനായി സഹകരണ നിയമം, ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് മുഴുവൻ ജീവനക്കാരെയും വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി സ്റ്റാറ്റ്യൂട്ടറി ആയി മെഡിസെപ്പ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ സഹകരണ സംഘം രജിസ്ട്രാറിന് നടപ്പിലാക്കാവുന്നതാണ് എന്ന നിർദ്ദേശം സർക്കാർ ഇതിനോടകം നൽകിയിട്ടുണ്ട്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രതിഭാതീരം പദ്ധതി**

96 (2693) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സംഘടനകൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് കായികമേഖലയിലെ പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ആലപ്പുഴ മണ്ഡലത്തിൽ പ്രഖ്യാപിച്ച പ്രതിഭാതീരം പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഫണ്ടനുവദിക്കലും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

## കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഭാഗമായി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന പ്രശ്നങ്ങൾ

97 (2694) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമ്പത്തികനയങ്ങളുടെ ഭാഗമായി ജി.എസ്.ടി. നടപ്പാക്കിയതും എല്ലാ ഉല്പന്നങ്ങളേയും ജി.എസ്.ടി. പരിധിയിലാക്കിയതും

കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പെട്ടെന്ന് ജി.എസ്.ടി. നടപ്പിലാക്കിയതുവഴി സംസ്ഥാനങ്ങളുടെ വരുമാനത്തിലുണ്ടാകുന്ന ഇടിവ് പരിഹരിക്കുന്നതിന് ജി.എസ്.ടി. നടപ്പിലാക്കിയ 2017 ജൂലൈ 1 മുതൽ 5 വർഷത്തേയ്ക്ക് നികുതിവരുമാനത്തിൽ 14 ശതമാനത്തിന്റെ വർദ്ധനയുണ്ടായിട്ടില്ലെങ്കിൽ ബാക്കിത്തുക കേന്ദ്രത്തിൽനിന്നും നഷ്ടപരിഹാരമായി നൽകിപ്പോന്നിരുന്നു. എന്നാൽ ഈ നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിച്ചു. ജി.എസ്.ടി. നടപ്പിലാക്കി 5 വർഷത്തിനുശേഷവും പ്രതീക്ഷിച്ച വരുമാനം സംസ്ഥാനത്തിനുണ്ടായിട്ടില്ല. ജി.എസ്.ടി. നടപ്പിലായതോടുകൂടി നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നഷ്ടപ്പെട്ടതുകാരണം സംസ്ഥാനത്തിന്റെ ആവശ്യത്തിനുസരിച്ചുള്ള വിഭവസമാഹരണം സാധ്യമാകാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം നികുതിവരുമാനത്തിലുണ്ടായിട്ടുള്ള ഇടിവും അധിക വിഭവസമാഹരണം നടത്താൻ സാധിക്കാത്ത സാഹചര്യവും സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

(ബി) ഇത് സംസ്ഥാനത്തുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധിയും അതുമൂലമുണ്ടാകുന്ന വിലക്കയറ്റവും എത്രത്തോളമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൂടുതൽ ഉല്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തിയത് വിപണിയിലെ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനുവേണ്ടി വിപണി ഇടപെടൽ നടത്താൻ കൂടുതൽ തുക ചെലവാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഇതും സർക്കാരിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(സി) പ്രസ്തുത കേന്ദ്രനയങ്ങളിൽ മാറ്റംവരുത്തുന്നതിന് സമ്മർദ്ദം ചെലുത്താനും വിലക്കയറ്റം തടയാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകാൻ ജി.എസ്.ടി. കൗൺസിലിൽ നിരന്തരമായി സംസ്ഥാനം ആവശ്യപ്പെടുന്നുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വിപണി ഇടപെടൽ നടത്തുന്നതിന് കാര്യമായ തുക ബഡ്ജറ്റിൽനിന്നും ചെലവഴിക്കുന്നുണ്ട്.

## ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത് നൽകുന്നതിന് പദ്ധതി

98 (2695) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട ഇടത്തരം സംരംഭമേഖലയിലെ സംരംഭങ്ങളുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത് നൽകുന്നതിനായി കെ.എഫ്.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ നടപ്പ് സാമ്പത്തികവർഷം ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; വിശദാംശം നൽകാമോ?

2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനായി കെ.എഫ്.സി. പുതിയ പദ്ധതി ആവിഷ്കരിച്ചു. ഈ പദ്ധതി ഓൺലൈനായി നടപ്പിലാക്കാനായി റിസർവ് ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ അംഗീകാരം താമസിക്കുന്നതിനാൽ പദ്ധതി ഭാഗികമായി നടപ്പിലാക്കി. അപ്രകാരം, ഇതുവരെ 8 സംരംഭങ്ങൾക്കായി 70.75 കോടി രൂപയുടെ ലിമിറ്റ് കെ.എഫ്.സി. അനുവദിച്ചിട്ടുണ്ട്. ഇതിൽ നടപ്പ് സാമ്പത്തികവർഷം 1.03 കോടി രൂപ

കെ.എഫ്.സി. വിതരണം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതിക്കായി കെ.എഫ്.സി.-ക്ക് 1,000 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.

**സമ്പദ്‌വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം**

99 (2696) ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധമേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പുണ്ടാകാത്ത തരത്തിലുള്ളതായിരുന്നു. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽപ്രതിസന്ധി ഗ്രസിച്ചിരുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പകർച്ചവ്യാധി സമയത്ത് ഉല്പാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതമല്ല. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള

വിലയിരുത്തൽ അനുസരിച്ച് കേരള സമ്പദ്‌വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധനയിൽ 2020-2021 ഒന്നാം പാദത്തിലെ മാത്രം പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയായിരുന്നു.

(ബി) കോവിഡ് വിവിധമേഖലകളെ തളർത്തിയ സാഹചര്യത്തിൽ സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് മേഖല തിരിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) കോവിഡ് പ്രതിസന്ധിയിൽനിന്നും ഏതൊക്കെ മേഖലകൾ കരകയറിയെന്നും ഏതൊക്കെ മേഖലകൾ നിലവിൽ പ്രതിസന്ധി നേരിടുന്നുവെന്നും വ്യക്തമാക്കാമോ; പ്രതിസന്ധി നേരിടുന്ന മേഖലകൾക്ക് പ്രത്യേക കൈത്താങ്ങ് നൽകുമോ; വിശദമാക്കാമോ?

(ബി & സി) സമ്പദ്ഘടനയിലെ വിവിധമേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26,361.726 കോടി രൂപയുടെ ഒന്നാം ഉത്തേജകപാക്കേജും 20,000 കോടി രൂപയുടെ രണ്ടാം ഉത്തേജകപാക്കേജും പ്രഖ്യാപിച്ചിരുന്നു. ടി പാക്കേജുകളുടെ ഫലമായി

സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തെ ആഭ്യന്തര ഉല്പന്ന വളർച്ച അതിന് ദൃഷ്ടാന്തമാണ്.

## നോമൻക്ലേച്ചർ മാറ്റുന്നതിന് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികൾ

100 (2697) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികൾ പുതുക്കിയ ഭരണാനുമതിക്കായി പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ ചുവടെയുള്ള 2 പ്രവൃത്തികൾ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ധനവകുപ്പിന്റെ പരിഗണനയിലുണ്ട്.

1. ഗുരുവായൂർ മണ്ഡലത്തിലെ മുത്തുവറ്റൂർ-പാലയൂർ റോഡിന് 60 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ശിപാർശ.
2. ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി റോഡ് പുതുക്കിപ്പണിയുന്നതിന് 160 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കും നോമൻക്ലേച്ചർ മാറ്റുന്നതിനുള്ള അനുമതി നൽകുന്നതിനുമുള്ള ശിപാർശ.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ നോമൻക്ലേച്ചർ മാറ്റുന്നതിന് എത്ര പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ; ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി റോഡ് പുതുക്കിപ്പണിയുന്ന പ്രവൃത്തിയാണ് നോമൻക്ലേച്ചർ മാറ്റുന്നതിന് സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത പ്രവൃത്തികളുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കുന്നതുമൂലം കാലതാമസം ഉണ്ടാകുന്നില്ല.

**പദ്ധതി നിർവ്വഹണത്തിൽ കാലതാമസം**

101 (2699) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നിശ്ചയിച്ച പല എസ്.പി.വി.-കൾക്കും നിർമ്മാണമേഖലയിലെ പരിചയക്കുറവുമൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനും നിർമ്മാണപ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തിയാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ബന്ധപ്പെട്ട ഭരണ വകുപ്പാണ് എസ്.പി.വി.-കളെ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണത്തിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത്. കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾക്ക് സർക്കാർ/എസ്.പി.വി.- യുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർദ്ദിഷ്ട കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും കൂടാതെ, ബഹുമാനപ്പെട്ട മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട എസ്.പി.വി.-കളുമായി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധഘട്ടങ്ങളിൽ എസ്.പി.വി.-കൾ എതെങ്കിലും തരത്തിലുള്ള

ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം അവർ ആവശ്യപ്പെടുന്നമുറയ്ക്ക് പരിഹാര നിർദ്ദേശങ്ങളും പി.എം.സി. സർവീസസും കിഫ്ബി നൽകിവരുന്നു.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കെട്ടിടനിർമ്മാണ പദ്ധതിയുടെ എസ്.പി.വി.ആരാണ്; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് കിഫ്ബിയിൽനിന്ന് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ വിശദമായ ഡി.പി.ആർ. ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ട കെട്ടിടനിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതിയും എസ്.പി.വി.-കളുടെ പേരും അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) ഇത് പരിഹരിക്കാൻ എസ്.പി.വി. -യുടെ ഭാഗത്തുനിന്നും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബിയിൽ പരിശോധനയിലിരിക്കുന്ന ഡി.പി.ആർ. അംഗീകാര യോഗ്യമാക്കുന്നതിനുള്ള സാങ്കേതിക നടപടികൾ സ്വീകരിച്ചുവരുന്നു.

## കോങ്ങാട് മണ്ഡലത്തിൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

102 (2700) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോങ്ങോട് നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അതിനായി വകയിരുത്തിയിരിക്കുന്ന തുകയും ടി പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) നിർമ്മാണം ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ നിർമ്മാണം ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ, പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ എന്നിവ അനുബന്ധം 2 ആയി ചേർക്കുന്നു+.

**നാഷണൽ സേവിംഗ്സ് പദ്ധതി**

103 (2701) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിംഗ്സിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ദേശീയ സമ്പാദ്യപദ്ധതി വകുപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും ബാങ്കിംഗ് പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന ട്രഷറി വകുപ്പും സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ ഒരു പദ്ധതി 28-09-2016 മുതൽ ആരംഭിച്ചിട്ടുണ്ട്. മുമ്പ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുണ്ടായിരുന്ന സഞ്ചയിക പദ്ധതിയുടെ അതേ മാനദണ്ഡം നിലനിർത്തിക്കൊണ്ടാണ് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പദ്ധതി നാഷണൽ സേവിംഗ്സ് വകുപ്പ് 2016 മുതൽ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ടി പദ്ധതിയിൽ അംഗമാകാൻ കഴിയുന്നതും അംഗമാകുന്ന ഓരോ വിദ്യാർത്ഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലെ ട്രഷറി സേവിംഗ്സ് ബാങ്ക് നിരക്കനുസരിച്ച് വാർഷിക പലിശ ലഭിക്കുന്നതുമാണ്. വിദ്യാർത്ഥികളിൽനിന്നും സമാഹരിക്കുന്ന തുകയുടെ 80% വരെ സ്ഥിരനിക്ഷേപമാക്കി മാറ്റാവുന്നതും ആയതിൻപ്രകാരം ലഭിക്കുന്ന പലിശയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പലിശ കിഴിച്ചുള്ള തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതിയുടെ മാനദണ്ഡം കൂടുതൽ ആകർഷകമാക്കി വിപുലീകരിക്കുന്നതിനുള്ള നടപടികൾ 29/10-2022-ലെ സ.ഉ.(അച്ചടി) നം.132/2022/ധന. പ്രകാരം സ്വീകരിച്ചിട്ടുണ്ട് .

(ബി) നാഷണൽ സേവിംഗ്സിന്റെ പ്രവർത്തനത്തിൽ കുടുംബശ്രീ പ്രവർത്തകർക്ക് സമ്പാദ്യശീലം വളർത്താനുതകുന്ന പുതിയ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**നാഷണൽ സേവിംഗ്സ് പദ്ധതി**

104 (2702) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് നാഷണൽ സേവിംഗ്സ് വകുപ്പുമുഖേന എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും അവരിൽ ബാങ്കിംഗ് പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്നപേരിൽ ഒരു നിക്ഷേപപദ്ധതി സംസ്ഥാന ട്രഷറി വകുപ്പുമായും സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായും സഹകരിച്ചുകൊണ്ട് നാഷണൽ സേവിംഗ്സ് വകുപ്പ് 2016 മുതൽ

ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് അംഗമാകാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കുന്നതിനുള്ള നടപടി 29-10-2022-ലെ സ.ഉ.(അച്ചടി) നം.132/2022/ധന. പ്രകാരം സ്വീകരിച്ചിട്ടുണ്ട് .

## ജി.എസ്.ടി. നികുതി തട്ടിപ്പ്

105 (2705) ശ്രീ. എം. വിൻസെന്റ്:
ശ്രീ സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥിത്തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ദുരുപയോഗം ചെയ്തുകൊണ്ട് സംസ്ഥാനത്ത് ജി.എസ്.ടി. തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പെരുമ്പാവൂരിൽ അടക്കം ആക്രി വ്യാപാരത്തിന്റെ മറവിൽ 125 കോടിരൂപയുടെ വ്യാജബില്ലുകൾ നിർമ്മിച്ച് 12 കോടിരൂപയുടെ തട്ടിപ്പ്

നടത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ഈ കേസിൽ ജി.എസ്.ടി. നിയമം 69 വകുപ്പ് പ്രകാരം രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കുറ്റക്കാർക്കെതിരെ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ മുഖേന നികുതിയും പിഴയും പലിശയും ഈടാക്കുന്നതിലേയ്ക്കായി പ്രവർത്തനങ്ങൾ കൈക്കൊണ്ടുവരുന്നു.

(സി) ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ചരക്കുസേവന നികുതി നിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും ഒട്ടനവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. വാഹനപരിശോധന, കടപരിശോധന എന്നിവകൂടാതെ പുതുതായി വകുപ്പിന്റെ അധികാരപരിധിയിലേയ്ക്കുവന്ന സേവനമേഖലയിലെ നികുതിവെട്ടിപ്പ് സംബന്ധിച്ച അന്വേഷണം തുടങ്ങിയവയും ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനമേഖലയാണ്.

ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയതിനെത്തുടർന്ന് പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ സർവെയ്ലൻസ് സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (ANPR) സ്ഥാപിച്ച് മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയംതന്നെ വകപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദപുരം, ഒഴലപ്പതി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ്

ഇവ സ്ഥാപിച്ചിട്ടുള്ളത്. വ്യാപാരികൾ തങ്ങളുടെ വില്പനയ്ക്ക് ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാനായി സെക്ഷൻ 67(12) പ്രകാരം ടെസ്റ്റ് പർച്ചേസുകൾ നടത്തുന്നുണ്ട്.

റെയിൽവേ സ്റ്റേഷൻ, ടൂറിസ്റ്റ് ബസുകൾ, പാഴ്സൽ ഏജൻസികൾ എന്നിവയിലൂടെ നികുതിവെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിലേയ്ക്കായി ഈ സ്ഥലങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. ബിനാമി രജിസ്ട്രേഷനുകൾ, സർക്കുലർ ട്രേഡിംഗ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ എന്നിവ കണ്ടെത്തുന്നതിനും അതുമൂലമുള്ള നികുതിവെട്ടിപ്പ് തടയുന്നതിനും ഇന്റലിജൻസ് വിഭാഗം രഹസ്യാത്മക അന്വേഷണം നടത്തി ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കുകയും തുടർ നിയമനടപടികൾ സ്വീകരിച്ചുവരികയുമാണ്.

ഇവ കൂടാതെ നികുതി വെട്ടിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**ആംനെസ്റ്റി പദ്ധതി**

106 (2706) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ചരക്കുസേവന നികുതിവകുപ്പിൽ ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനെസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനെസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്.

2022-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ നടപ്പിലാക്കിയ ആംനെസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. ആയത് 2022-ലെ കേരള ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി

പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത തീയതികളിൽ മാറ്റം വരുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇ-6594571/എം-ധന/2022, ഇ-6594394/എം-ധന/2022 ഫയലുകളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ആംനെസ്റ്റി പദ്ധതിയുടെ സമയപരിധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ ലഭിച്ച ഇ-6594571/എം-ധന/2022, ഇ-6594394/എം-ധന/2022 പ്രകാരമുള്ള അപേക്ഷകൾ സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി നികുതി (ബി) വകുപ്പിന്റെ ബി2/139/2022/റ്റി.ഡി. നമ്പർ ഫയലിൽ പരിശോധിച്ചിട്ടുണ്ട്. ആംനെസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം എന്നത് 2022-ലെ കേരള ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ നിലവിലെ സാഹചര്യത്തിൽ ആംനെസ്റ്റി പദ്ധതിയുടെ തീയതി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് 16-11-2022-ലെ കത്തുപ്രകാരം അപേക്ഷകന് മറുപടി

നൽകുകയും തുടർന്ന് ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി 06-12-2022-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട കൊടുവള്ളി എം.എൽ.എ. ഡോ. എം. കെ. മുനീറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## ലക്കി ബിൽ പദ്ധതി

107 (2707) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്കി ബിൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോടിരൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം എത്രപേർക്ക് നാളിതുവരെ സമ്മാനം നൽകിയിട്ടുണ്ടെന്നും ഓരോരുത്തർക്കും സമ്മാനം ലഭിച്ച നറുക്കെടുപ്പ് തീയതിയും തുക കൈമാറിയ തീയതിയും സഹിതം വ്യക്തമാക്കുമോ?

ലക്കി ബിൽ പദ്ധതിയിൽ സമ്മാനം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടിരൂപയാണ് വകയിരുത്തിയത്. ആഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് സെപ്റ്റംബർ മൂന്നാം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീയതി നടത്തുകയും ഒന്നാം സമ്മാനമായി 10 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 5 പേർക്ക് 2 ലക്ഷം രൂപ വീതവും മൂന്നാം സമ്മാനമായി 5 പേർക്ക് ഒരു ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്. ഈ തുക 21-11-22-ന് വിജയികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. സെപ്റ്റംബർ മാസത്തിലെയും ബംബർ സമ്മാനത്തിന്റെയും നറുക്കെടുപ്പ് 05-12-2022-ന് നടത്തി.

(ബി) ഭാഗ്യശാലികളായവർക്ക് സമ്മാനത്തുക കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഭാഗ്യശാലികളായവർക്ക് സമ്മാനത്തുക കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

**ലക്കി ബിൽ മൊബൈൽ ആപ്പ്**

108 (2708) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിപ്പ് തടയുന്നതിനായി ഉപഭോക്താക്കൾ ബില്ലുകൾ ചോദിച്ചുവാങ്ങുന്ന രീതി പ്രോത്സാഹിപ്പിക്കാൻ ജി.എസ്.ടി. വകുപ്പ് ഏർപ്പെടുത്തിയ ലക്കി ബിൽ മൊബൈൽ ആപ്പ് സമ്മാന പദ്ധതിയിൽ എത്ര

രൂപയുടെ സമ്മാനമാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

നികുതിവെട്ടിപ്പ് തടയുന്നതിനായി മൊത്തം 5 കോടിരൂപയാണ് 2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്. പ്രതിദിന നറുക്കെടുപ്പിലൂടെ കുടുംബശ്രീ നൽകുന്ന 1,000/- രൂപ വിലവരുന്ന ഗിഫ്റ്റ് പായ്ക്കറ്റുകൾ 25 പേർക്കും വനശ്രീ നൽകുന്ന 1,000/- രൂപ വിലവരുന്ന ഗിഫ്റ്റ് പായ്ക്കറ്റുകൾ 25 പേർക്കും ലഭിക്കും. പ്രതിവാര നറുക്കെടുപ്പിലൂടെ കെ.റ്റി.ഡി.സി.-യുടെ 3 പകൽ/2 രാത്രി വരുന്ന സൗജന്യ ഫാമിലി താമസസൗകര്യം 25 പേർക്കും ലഭിക്കും. പ്രതിമാസ നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായി ഒരാൾക്ക് 10 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 2 ലക്ഷം രൂപ വീതം 5 പേർക്കും മൂന്നാം സമ്മാനമായി 1 ലക്ഷം രൂപ വീതം 5 പേർക്കും ലഭിക്കും. ബംബർ സമ്മാന വിജയിക്ക് 25 ലക്ഷം രൂപയാണ് ലഭിക്കുന്നത്.

(ബി) ഒന്നാം സമ്മാനവും ബംബർ സമ്മാനവും ഉൾപ്പെടെയുള്ള സമ്മാനങ്ങളുടെ നറുക്കെടുപ്പ് നടത്തിയിട്ടുണ്ടോ; പ്രസ്തുത നറുക്കെടുപ്പിൽ

വിജയിച്ചവർക്ക് സമ്മാനം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഒന്നാം സമ്മാനവും ബംബർ സമ്മാനവും ഉൾപ്പെടെയുള്ള സമ്മാനങ്ങളുടെ നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് സെപ്റ്റംബർ 3-ാം തീയതി നടത്തുകയും അതിന്റെ സമ്മാനം നവംബർ 21-ന് വിജയികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സെപ്റ്റംബർ മാസത്തിലെയും ബംബർ സമ്മാനത്തിന്റെയും നറുക്കെടുപ്പ് 05-12-2022-ന് നടത്തിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ ചരക്കുസേവന നികുതി

109 (2709) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചരക്കുസേവന നികുതി വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തികതിരിച്ച് ലഭ്യമാക്കാമോ; ഇതിൽ താൽക്കാലിക ജീവനക്കാർ എത്ര പേർ ഉണ്ടെന്നും എത്ര കാലമായി ഇവർ ഓരോ തസ്തികയിലും ജോലി ചെയ്തുവരുന്നുവെന്നും വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ചരക്കുസേവന നികുതിവിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| **തസ്തിക** | **ജീവനക്കാരുടെ എണ്ണം** |
|---|---|
| ജോയിന്റ് കമ്മീഷണർ | 1 |
| ഡെപ്യൂട്ടി കമ്മീഷണർ | 3 |
| അസിസ്റ്റന്റ് കമ്മീഷണർ | 2 |
| സ്റ്റേറ്റ് ടാക്സ് ഓഫീസർ | 14 |
| അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ | 43 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഹെഡ് ക്ലാർക്ക് | 2 |
| സീനിയർ ക്ലാർക്ക് | 18 |
| ക്ലാർക്ക് | 17 |
| യു.ഡി.ടൈപ്പിസ്റ്റ് | 7 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 3 |
| ക്ലറിക്കൽ അറ്റൻഡർ | 5 |
| ഓഫീസ് അറ്റൻഡന്റ് | 16 |
| ഡ്രൈവർ | 4 |
| പി.ടി.എസ്. | 12 |
| **ആകെ** | **148** |

ഇതിൽ ഡ്രൈവർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതനായ ഒരു താൽക്കാലിക ജീവനക്കാരൻ കൂടി ഉൾപ്പെടുന്നു. ടിയാൻ 4 മാസമായി ഈ വകുപ്പിൽ ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത ജില്ലയിൽ 2021 ഏപ്രിൽ മുതൽ ചരക്കുസേവന നികുതിവിഭാഗം നടത്തിയ പരിശോധനയിൽ 2022 നവംബർ 30 വരെ നികുതി അടയ്ക്കാതെ സാധനങ്ങൾ കൊണ്ടുപോയ എത്ര കേസുകളിൽ നികുതി അടപ്പിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 2021 ഏപ്രിൽ മുതൽ ചരക്ക് സേവന നികുതി വിഭാഗം നടത്തിയ പരിശോധനയിൽ 2022 നവംബർ 30 വരെ നികുതി അടയ്ക്കാതെ സാധനങ്ങൾ കൊണ്ടുപോയ 2009 കേസുകളിൽ 525.85 ലക്ഷം രൂപ നികുതി അടപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

## പ്രളയ സെസ്സ്

110 (2710) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സായി കൂടുതൽ തുക അടച്ചവർക്ക് ആയത് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രളയ സെസ്സ് ഇനത്തിൽ കൂടുതൽ തുക അടച്ചവർക്ക് അത് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് 2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 452-ൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിനായി 02-08-2022-ലെ G.O.(P)No.102/2022/ടാക്സസ് (എസ്.ആർ.ഒ.നം.768/2022) വിജ്ഞാപന പ്രകാരം 2019-ലെ കേരള പ്രളയ സെസ്സ് ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) മേല്പറഞ്ഞ ഇനത്തിൽ എത്ര തുകയാണ് സർക്കാരിന് അധികമായി ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര തുക തിരികെ നൽകിയെന്നും വ്യക്തമാക്കുമോ?

പ്രളയ സെസ്സുമായി ബന്ധപ്പെട്ട നികുതി നിർണ്ണയനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ അധികമായി അടച്ച തുകയുടെ പൂർണ്ണമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. നിലവിൽ ഇതുവരെയും റീഫണ്ട് നൽകിയിട്ടില്ല.

**ട്രഷറികളുടെ നവീകരണം**

111 (2711) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികൾ മികച്ച സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികൾ മികച്ചസേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ട്രഷറികളിലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ കൂടുതൽ ക്വാളിറ്റിയോടെയും സുരക്ഷാകവറിലാക്കിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ട്രഷറി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഉയർന്ന ഗുണനിലവാരമുള്ള വാട്ടർമാർക്ക് പേപ്പറിൽ അതീവ സുരക്ഷാമാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയാണ് അർദ്ധ സർക്കാർ സ്ഥാപനമായ Kerala Books and Publications Society (KBPS) -യിൽ പ്രിന്റ് ചെയ്യുന്നത്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി പരിസ്ഥിതി സൗഹൃദമായിട്ടുള്ള

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുരക്ഷാ കവറുകൾ SIDCO മുഖേന വാങ്ങി ട്രഷറികൾക്ക് നൽകിയിട്ടുണ്ട്. അപ്രകാരം ട്രഷറികൾക്ക് ആവശ്യാനുസരണമുള്ള കവറുകൾ വാങ്ങിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിക്ഷേപകരോട് മാന്യമായി പെരുമാറുന്നതിനും അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്ഥിരനിക്ഷേപകരോട് മാന്യമായും സൗഹാർദ്ദപരമായും പെരുമാറണമെന്നും താമസംവിനാ ഇടപാടുകൾ നടത്തിക്കൊടുക്കേണ്ടതാണെന്നും ഇടപാടുകാരുടെ തിരക്കേറുന്ന സാഹചര്യത്തിൽ ട്രഷറിയിൽ മറ്റു സീറ്റുകളിലെ ജോലികൾക്ക് നിയോഗിച്ചിരിക്കുന്ന അക്കൗണ്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും ഇടപാടുകൾ വേഗത്തിലും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് അനുയോജ്യരായ അക്കൗണ്ടന്റുമാരെ പ്രസ്തുത ചുമതല ഏൽപ്പിക്കണമെന്നും ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പണം നിക്ഷേപിക്കാനെത്തുന്ന ഇടപാടുകാരെ അധികസമയം കാത്തിരിക്കാൻ ഇടവരുത്താതെ കുറഞ്ഞസമയത്തിനുള്ളിൽ ഇടപാട്

പൂർത്തീകരിച്ച് നൽകേണ്ടതാണെന്നും ഇതിനായി ട്രഷറി കൗണ്ടറുകൾ ക്രമീകരിക്കണമെന്നും സ്ഥിരനിക്ഷേപവുമായി ബന്ധപ്പെട്ട് ട്രഷറിയിൽ വരുന്ന അന്വേഷണങ്ങൾക്ക് മാന്യമായും വ്യക്തമായും ആധികാരികമായും മറുപടി നൽകാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണെന്നും സ്ഥിരനിക്ഷേപം നടത്താൻ നിക്ഷേപകൻ സമർപ്പിക്കുന്ന ബാങ്ക് ചെക്കുകൾ അന്നേദിവസംതന്നെ ബാങ്കിൽ കളക്ഷന് നൽകേണ്ടതും കാലതാമസം കൂടാതെതന്നെ സ്ഥിരനിക്ഷേപമാക്കി മാറ്റാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവിംഗ്സ് ബാങ്ക് ഫാറങ്ങൾ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ, പാസ് ബുക്കുകൾ എന്നിവ ആവശ്യാനുസരണം കരുതൽ ഉണ്ടായിരിക്കേണ്ടതും സ്ഥിരനിക്ഷേപത്തിന്റെ അപേക്ഷ, KYC ഫോം, 15 G/15H എന്നിവ പൂരിപ്പിക്കുന്നതിനും മറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട സെക്ഷനിൽനിന്നും ആവശ്യമായ സഹായം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**ട്രഷറി സേവിംഗ്സ് ബാങ്ക്**

112 (2712) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന യൂട്ടിലിറ്റി പേമെന്റ് സാധ്യമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന യൂട്ടിലിറ്റി പേമെന്റ് സാധ്യമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രഷറി സേവിംഗ്സ് ബാങ്ക് ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്ന അക്കൗണ്ട് ഉടമകൾക്ക് ട്രഷറി വകുപ്പിന്റെ "TSB Online (https://tsbonline.kerala.gov.in/)" പോർട്ടൽ വഴി KSEB, KSFE, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലേയ്ക്കുള്ള ബിൽ തുകകൾ ഒടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മസ്റ്ററിംഗ് - മുതിർന്ന പൗരർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

113 (2713) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മസ്റ്ററിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മുതിർന്ന പൗരർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രഷറി വകുപ്പ് വാതിൽപ്പടി സേവനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളുപയോഗിച്ച് മസ്റ്റർ ചെയ്യാവുന്നതാണ്.

- ട്രഷറിയിൽ നേരിട്ട് ഹാജരാകണം.
- ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുക.
- ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിക്കുക.
- വാട്ട്സ് ആപ്പ് വീഡിയോ കോൾ മുഖേന
- Postinfo App ഉപയോഗിക്കുക.

മേൽപ്പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത, ബാങ്ക് വഴിയോ ട്രഷറി വഴിയോ സർവീസ് പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്

ബോദ്ധ്യപ്പെടുന്ന പക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതത് ട്രഷറി ഓഫീസിലെ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ട് 24-09-2022-ൽ സ.ഉ.(കൈ)നം.165/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ക്രിസ്തുമസ് പുതുവത്സര ബംബർ

114 (2714) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്രിസ്തുമസ് പുതുവത്സര ബംബർ ലോട്ടറിയുടെ അച്ചടിയിൽ പിഴവ് സംഭവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റിൽ സംഭവിച്ച അച്ചടിപ്പിശക് തിരുത്തി വായിക്കുന്നതിനായി വിവിധ പത്രമാധ്യമങ്ങൾ മുഖേന പത്രക്കുറിപ്പ് നല്കിയിട്ടുണ്ട്.

## സംസ്ഥാന ലോട്ടറി ഘടന പരിഷ്കാരം

115 (2715) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി.മോഹനൻ:

ശ്രീ. മാത്യൂ ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആകർഷകവും ഗുണകരവുമായ കേരള സംസ്ഥാന ലോട്ടറിയുടെ ഘടന പരിഷ്കരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

എല്ലാ ബുധനാഴ്ചകളിലും നറുക്കെടുക്കുന്ന ഫിഫ്റ്റി-ഫിഫ്റ്റി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഒരുകോടി രൂപയായി ഉയർത്തി. 5,000 രൂപയുടെ സമ്മാനങ്ങളുടെ എണ്ണവും മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽ നല്കുന്നതിലും അധികമായി ഉയർത്തി. ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധന വരുത്തി സമ്മാനഘടനയിൽ ആകർഷകമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനങ്ങളുടെ എണ്ണം 56 ശതമാനത്തിൽനിന്നും 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. തിരുവോണം ബംബർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 25 കോടി രൂപയായി ഉയർത്തി വകുപ്പിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന ഒന്നാം സമ്മാനം നല്കി. മറ്റു സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധന വരുത്തി ജനകീയമാക്കാൻ സാധിച്ചു. മറ്റ് ബംബർ ഭാഗ്യക്കുറികളുടെ സമ്മാനത്തുകയിലും എണ്ണത്തിലും വർദ്ധന വരുത്തി ആകർഷകമാക്കിയിട്ടുണ്ട്.

(ബി) ഒന്നാം സമ്മാനം വിഭജിച്ച് കൂടുതൽ പേർക്ക് നൽകുന്ന തരത്തിൽ വർഷത്തിൽ രണ്ട് ലോട്ടറികളെങ്കിലും ഇറക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഭാഗ്യക്കുറിയുടെ പ്രധാന ആകർഷണം ഒന്നാം സമ്മാനമാണ്. ഒന്നാം സമ്മാനത്തിനുപുറമേ ഒട്ടനവധി സമ്മാനങ്ങളാണ് നിലവിൽ നല്കിവരുന്നത്. നിലവിൽ വില്പന നടത്തുന്ന ക്രിസ്തുമസ് - ന്യൂ ഇയർ ബംബർ ഭാഗ്യക്കുറിയുടെ രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം പത്തുപേർക്ക് നല്കുന്നുണ്ട്. കൂടാതെ പ്രതിവാര ഭാഗ്യക്കുറികളുടെ മൂന്നാം സമ്മാനം നിരവധി പേർക്ക് നല്കുന്നുണ്ട്. ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം നിരവധി പേർക്ക് നല്കുന്ന രീതിയിൽ സമ്മാനഘടന അവതരിപ്പിച്ച ടിക്കറ്റിന് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര സ്വീകാര്യത ലഭിക്കാത്തതിനാൽ പ്രസ്തുത സമ്മാനഘടന ഒഴിവാക്കുകയാണുണ്ടായത്.

(സി) ആനുപാതികമായി ലോട്ടറി ഏജന്റുമാർക്കും ലോട്ടറി കച്ചവടക്കാർക്കും ഇൻസെന്റീവ് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ഓണം ബംബർ ഭാഗ്യക്കുറി ടിക്കറ്റുകൾക്കാണ് ഇൻസെന്റീവ് അനുവദിച്ചുവരുന്നത്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷത്തെ ഓണം ബംബർ ടിക്കറ്റിനും അതേ നിരക്കിൽ ഇൻസെന്റീവ് അനുവദിച്ചിരുന്നു.

**കെ.എസ്.എഫ്.ഇ. ലോൺ തിരിച്ചടവിന് സാവകാശം**

116 (2716) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നിന്ന് വായ്പയെടുത്തവർക്ക് കോവിഡ് സാഹചര്യത്തിൽ തിരിച്ചടവിന് ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇളവനുവദിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ വായ്പാകുടിശ്ശിക തിരിച്ചടവിന് സർക്കാർ അനുമതിയോടെ 'ആശ്വാസ്-2020', 'ആശ്വാസ്-2021' എന്നീ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ പ്രകാരം കുടിശ്ശിക ആരംഭിച്ച തീയതിയെ അടിസ്ഥാനമാക്കി പരമാവധി 90% വരെ പലിശയിളവ് അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽനിന്നും എടുത്ത വായ്പകൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പദ്ധതി നിലവിലില്ല. അത്തരം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലില്ല.

(സി) വായ്പാതിരിച്ചടവ് കുടിശ്ശിക വരുത്തിയവർക്ക് റവന്യൂ റിക്കവറി ഒഴിവാക്കി തിരിച്ചടവിന് കൂടുതൽ സാവകാശം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ 36 തവണയിലധികം മുടക്കം വരുത്തിയതും അനുബന്ധ അക്കൗണ്ടുകളിലുമാണ് ആർ.ആർ. നടപടികൾ സ്വീകരിച്ചുവരുന്നത്. പരിഗണനാർഹമായ ഫയലുകളിൽ സാവകാശം അനുവദിച്ചുനൽകുന്നുണ്ട്.

**കെ.എസ്.എഫ്.ഇ. ചിട്ടി**

117 (2717) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.എഫ്.ഇ നടത്തുന്ന എല്ലാ ചിട്ടികൾക്കും നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 2021 ഫെബ്രുവരി 15 മുതൽ ആരംഭിച്ച ചിട്ടികളിൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ നിബന്ധനകൾക്ക് വിധേയമായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ചിട്ടി കിട്ടിയാൽ കുറഞ്ഞ ദിവസത്തിനുള്ളിൽ ചിട്ടിത്തുക നല്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ചിട്ടി കിട്ടിയാൽ കുറഞ്ഞ ദിവസത്തിനുള്ളിൽ ചിട്ടിത്തുക നൽകുന്ന രീതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതുപോലെ മതിയായ ജാമ്യം നൽകിയാൽ കുറഞ്ഞ ദിവസത്തിനുള്ളിൽ മുൻകൂർ പലിശ ഈടാക്കി ചിട്ടിത്തുക നൽകിവരുന്നുണ്ട്.

**കെ.എസ്.എഫ്.ഇ തിരുവല്ല ശാഖ**

118 (2718) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-2009 കാലയളവിൽ കെ.എസ്.എഫ്.ഇ. തിരുവല്ല ശാഖയിൽ അസിസ്റ്റന്റ് മാനേജരായിരുന്ന ജോൺസൺ മാത്യു **(2722)**

ജോലിചെയ്തിരുന്ന അതേ കാലയളവിൽ പ്രസ്തുത ശാഖയിലെ ഏജന്റായിരുന്ന രഘുകുമാർ എത്രരൂപ അപഹരിച്ചുവെന്നാണ് ആഡിറ്റ് റിപ്പോർട്ടുപ്രകാരം നിജപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2008-2009 കാലയളവിൽ കെ.എസ്.എഫ്.ഇ തിരുവല്ല ശാഖയിൽ അസിസ്റ്റന്റ് മാനേജരായിരുന്ന ശ്രീ. ജോൺസൺ മാത്യു **(2722)** ജോലിചെയ്തിരുന്ന അതേ കാലയളവിൽ പ്രസ്തുത ശാഖയിലെ ഏജന്റായിരുന്ന രഘുകുമാർ ആകെ Rs. 71,53,060/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയെന്നാണ് ആഡിറ്റ് റിപ്പോർട്ടുപ്രകാരം നിജപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥന് കഴിഞ്ഞ പത്തുവർഷമായി വാർഷിക ഇൻക്രിമെന്റ് നിഷേധിച്ചിരിക്കുന്നത് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ (കെ.എസ്.എസ്. ആന്റ് ആർ.) ഏതുവ്യവസ്ഥ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ?

KSR പ്രകാരമല്ല, കമ്പനിയുടെ അച്ചടക്കനടപടികളുടെ ഭാഗമായി ഗാർഹിക അന്വേഷണം നടത്തി കമ്പനിക്കുവന്ന സാമ്പത്തികനഷ്ടം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത സംഖ്യ അടയ്ക്കാതെ അതിനെതിരെ ശ്രീ. ജോൺസൻ മാത്യു ഹൈക്കോടതിയിൽ കേസ് നല്കുകയാണുണ്ടായത്.

ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാത്തത്.

**കെ.എസ്.എഫ്.ഇ.-യുടെ ഈവനിംഗ് ശാഖകൾ**

119 (2719) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്തിലും വിളപ്പിൽ പഞ്ചായത്തിലും കെ.എസ്.എഫ്.ഇ.-യുടെ ഈവനിംഗ് ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രവർത്തനമാരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉണ്ട്. 2022 ഡിസംബർ മാസത്തിൽ കാട്ടാക്കട പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ഈവനിംഗ് ശാഖയും വിളപ്പിൽ പഞ്ചായത്തിൽ പുളിയറക്കോണത്ത് കെ.എസ്.എഫ്.ഇ.-യുടെ മൈക്രോ ശാഖയും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.എഫ്.ഇ.-യിൽ കുടിശ്ശിക അദാലത്തുകൾ**

120 (2720) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് നിലവിൽ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

കെ.എസ്.എഫ്.ഇ നടത്തുന്ന എല്ലാ ചിട്ടികൾക്കും നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 2021 ഫെബ്രുവരി 15 മുതൽ ആരംഭിക്കുന്ന ചിട്ടികളിൽ വരിക്കാരായി ചേരുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ നിബന്ധനകൾക്ക് വിധേയമായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ. ചിട്ടിയിൽ ചേരുകയും ചിട്ടി പിടിക്കുകയും ചെയ്ത ചിറ്റാളർക്ക് മാരകമായ അസുഖം ബാധിക്കുകയോ മരണമടയുകയോ ചെയ്താൽ അത്തരത്തിലുള്ള ബാധ്യതകൾക്ക് കെ.എസ്.എഫ്.ഇ. ഇളവ് നൽകാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ ചിട്ടിയിൽ ചേരുകയും ചിട്ടി പിടിക്കുകയും ചെയ്ത ചിറ്റാളന്മാർക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിച്ചാൽ അത്തരത്തിലുള്ള ബാധ്യതകൾക്ക് 2021 ഫെബ്രുവരി 15 മുതൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അത്യാഹിത

പരിരക്ഷ പദ്ധതിയനുസരിച്ച് ചിട്ടി പിടിച്ചെടുത്തശേഷം വരിക്കാരന്/ വരിക്കാരിക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ ആ സമയത്ത്

(1) വ്യക്തിയുടെ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത,

(2) 40 വയസ്സിന് മുകളിലാണെങ്കിൽ 10 ലക്ഷംരൂപ വരെയുള്ള ഭാവി ബാധ്യത നിബന്ധനകൾക്ക് വിധേയമായി കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

(സി) ചിട്ടിപിടിക്കുകയും ചിറ്റാളൻ മരണമടയുകയോ മാരക രോഗം ബാധിച്ച് കിടപ്പിലാകുകയോ ആയ എത്ര കുടിശ്ശികക്കാർ കെ.എസ്.എഫ്.ഇ. -ൽ ഉണ്ടെന്ന് വിശദമാക്കാമോ?

ഇത്തരം കേസുകളുടെ കണക്കെടുപ്പ് പ്രത്യേകം നടത്തിയിട്ടില്ല.

(ഡി) ആയത് തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ?

ഇപ്പോൾ ആലോചനയിലില്ല.

**ഇൻഷ്വറൻസ് പദ്ധതികൾ**

121 (2721) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്കും അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/ കോർപ്പറേഷൻ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI)

ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും സമ്പാദ്യം ഉറപ്പുവരുത്തുന്നതിനുമായിട്ടുള്ള പദ്ധതി.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS)

1984 മുതൽ മരണാനന്തര ആനുകൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് സമ്പാദ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി.

<u>ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (GPAIS)</u>

2007-ൽ പൊതുമേഖലാ ഇൻഷ്വറൻസ് വഴി ആരംഭിക്കുകയും തുടർന്ന് 2010 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുത്ത് ടി ജീവനക്കാർക്കായി മികച്ച രീതിയിൽ നടപ്പാക്കിവരുന്നതുമായ അപകട ഇൻഷ്വറൻസ് പദ്ധതി.

ഇവ കൂടാതെ ജനറൽ ഇൻഷ്വറൻസ് മേഖലയിലും വിവിധ ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>'ഭവന' ഇൻഷ്വറൻസ് പദ്ധതി</u>

ലൈഫ് മിഷന്റെ ഭാഗമായി സർക്കാരിന്റെ വിവിധ പാർപ്പിട പദ്ധതികൾ പ്രകാരം നിർമ്മിച്ച 2.5 ലക്ഷം ഭവനങ്ങൾക്ക് തീപിടിത്തം, പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലമുള്ള നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി.

<u>'കോവിലൈഫ് പദ്ധതി'</u>

കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻകട വ്യാപാരികൾക്കും സ്ഥാപനത്തിലെ ഒരു ജീവനക്കാരനും 7.5 ലക്ഷംരൂപ (ഏഴര ലക്ഷം രൂപമാത്രം) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി.

'ഒരുമ' പദ്ധതി

ഒരു ഇൻഷ്വറൻസ് ദാതാവ് വഴി ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പോളിസി കവറേജ് വാങ്ങുന്നതിലൂടെ ഒരു വ്യക്തിഗത പോളിസി വാങ്ങുന്നതിനേക്കാൾ വളരെ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ നേടാൻ കുടുംബശ്രീ പോലുള്ള ജനവിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി.

കൂടാതെ ജനറൽ ഇൻഷ്വറൻസ് മേഖലയിൽ വാഹന ഇൻഷ്വറൻസ്, ഫയർ ഇൻഷ്വറൻസ്, മറൈൻ ഇൻഷ്വറൻസ് എന്നീ ഇൻഷ്വറൻസ് പദ്ധതികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിനെ ആധുനികവല്ക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ സേവനങ്ങൾ

ഇടപാടുകാർക്ക് ഓൺലൈനായി നൽകുന്നതിന് National Informatics Centre (NIC)-ന്റെ സഹായത്തോടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ രണ്ട് സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകിവരുന്നു. വകുപ്പിന്റെ വെബ്സൈറ്റ് ദ്വിഭാഷയിലാക്കി പുനർരൂപകല്പന ചെയ്യുന്നതിനുള്ള നടപടികളും വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അവസാനഘട്ടത്തിലാണ്.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി 11/02/2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.23/2021/ധന, പ്രകാരം വകുപ്പിൽ 32 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കായി നിലവിൽ നടപ്പാക്കിയിട്ടുള്ള അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്.)-യെ കൂടുതൽ ആകർഷകമാക്കുന്നതും ജീവനക്കാർക്കായി ഒരു 'ആന്വിറ്റി പദ്ധതിയും ' ഒരുമ' പദ്ധതിയുടെ

അടിസ്ഥാനത്തിൽ ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ അങ്കണവാടി പ്രവർത്തകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയും കൃഷി വകുപ്പുമായി സഹകരിച്ച് കാർഷിക കർമ്മസേന അംഗങ്ങൾക്കായി പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സ്റ്റാമ്പ് ഡ്യൂട്ടിയിലെ അധിക വരുമാനം

122 (2722) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂമിയുടെ ന്യായവിലയിൽ 10 ശതമാനം ഒറ്റത്തവണ വർദ്ധന നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (2021-2022) ഏപ്രിൽ മുതൽ നവംബർ വരെ കാലയളവിൽ 534966 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിൽ 1,832.48 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കുകയും ഈ

സാമ്പത്തിക വർഷത്തിൽ (2022-2023) ഏപ്രിൽ മുതൽ നവംബർ വരെ 644944 ആധാരങ്ങൾ രജിസ്റ്റർ ചെയ്യുകയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2442.24 കോടി രൂപ ലഭിക്കുകയും ചെയ്തു. ആയതിൽനിന്നും 609.76 കോടി രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഫെയർവാല്യൂ വർദ്ധനമൂലം എത്ര രൂപ അധികവരുമാനം ലഭിച്ചുവെന്ന് വകുപ്പുതലത്തിൽ കണക്കാക്കിയിട്ടില്ല.

**നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശകൾ**

123 (2727) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ പരിഷ്കരണ കമ്മീഷൻ നൽകിയ ശിപാർശകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; അതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട.) കെ. റ്റി. തോമസ് ചെയർമാനായ കേരള നിയമ പരിഷ്കരണ കമ്മീഷൻ താഴെപ്പറയുന്ന അഞ്ച് കരട് ബില്ലുകൾ കമ്മീഷന്റെ ശിപാർശകളായി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

1. ദി കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റെഗുലേഷൻ ആൻഡ് വെൽഫെയർ) ബിൽ, 2021

2. ദി കേരള റിപ്പീലിംഗ് ആൻഡ് സേവിംഗ് ബിൽ, 2021

3. ദി കേരള ചർച്ച് (പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ, 2021

4. ദി കേരള ലിറ്റററി, സയന്റിഫിക്ക്, എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ബിൽ, 2022

5. ദി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കണോമിക്കലി വീക്കർ സെക്ഷൻസ് ഇൻ ജനറൽ കാറ്റഗറി ബിൽ, 2022

മേൽപ്പറഞ്ഞ അഞ്ച് കരട് ബില്ലുകളും പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും അതിന്മേൽ പ്രസ്തുത വകുപ്പുകൾ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

**സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ**

124 (2728) <u>**ശ്രീ. ടി. ഐ. മധുസൂദനൻ**</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ തസ്തിക തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള 8 സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ വിശദമാക്കുന്ന പട്ടിക (തസ്തിക തിരിച്ച്) അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം പരിഗണനയിലുണ്ടോയെന്നും ഇവരുടെ ശമ്പള പരിഷ്കരണം അവസാനമായി നടത്തിയത് ഏതുവർഷമാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള 8 സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ശമ്പള പരിഷ്കരണം 2022-ൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സഹകരണ സ്പിന്നിംഗ് മില്ലുകളായ ക്വയിലോൺ സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ കോ-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ മില്ലുകളുടെ ശമ്പള പരിഷ്കരണം രജിസ്ട്രാറായ കൈത്തറി ഡയറക്ടറുടെ പരിഗണനയിലാണ്.

സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ അവസാനമായി ശമ്പളപരിഷ്കരണം നടത്തിയ വർഷം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-ആയി ചേർക്കുന്നു*.

## കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികളുടെ വിലക്കയറ്റം

125 (2729) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പാറ, മണൽ, സിമന്റ്, കമ്പി എന്നിവയ്ക്ക് അടിക്കടിയുണ്ടായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വില വർദ്ധനമൂലം സർക്കാരിന്റെയുൾപ്പെടെയുള്ള നിർമ്മാണപ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഈ വില വർദ്ധനമൂലം സർക്കാരിന്റെയുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത് തടയുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

കോവിഡുമൂലവും ആഗോളമാന്ദ്യംമൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനയ്ക്കനുസൃതമായി ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവുണ്ടായിട്ടുണ്ട്. പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും ഉത്പാദനം വർദ്ധിപ്പിച്ച് മിതമായ വിലയ്ക്ക് സിമന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര നയങ്ങളുടെ അനന്തരഫലമായി ഉണ്ടാകുന്ന വില വർദ്ധനയിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട്.

(സി) നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ, പാവപ്പെട്ടവർക്ക് നിർമ്മാണ സാമഗ്രികൾ കുറഞ്ഞ

വിലയിൽ വിതരണം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ' എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായ നയം നിർമ്മാണ മേഖലയുൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്.

**അങ്കമാലി അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി**

126 (2730) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ; ഏറ്റെടുത്ത ഭൂമിയുടെ വില എത്ര പേർക്കാണ് പൂർണ്ണമായും നൽകിയതെന്ന് വ്യക്തമാക്കാമോ; ഭൂവുടമകൾക്ക് വില നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

കൊച്ചി-ബംഗ്ലൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി വികസിപ്പിക്കുന്ന ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിലെ റീ- സർവ്വേ ബ്ലോക്ക് 19-ൽ വിവിധ സർവ്വേ നമ്പറുകളിലായി 144.9759 ഹെക്ടർ (358 ഏക്കർ) ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കാനാണ് 2013-ലെ RFCTLARR (റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീ-ഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് ആക്ട്) നിയമത്തിലെ വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 04-10-2021-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. നേരത്തെ പദ്ധതിക്കായി 220 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകൾ സമരസമിതി രൂപീകരിച്ച് പ്രക്ഷോഭം നടത്തുകയും തുടർന്ന് ജില്ലാ കളക്ടറും ജനപ്രതിനിധികളും

അർത്ഥനാധികാരിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലും താമസവീടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ടും 220 ഹെക്ടറിനുപകരം ആകെ 144.9759 ഹെക്ടർ സ്ഥലം മാത്രം ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും ഇതിൻപ്രകാരമുള്ള പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരി (കിൻഫ്ര) ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കലിന്റെ ആവശ്യത്തിലേയ്ക്കായി ഭൂമി സർവ്വേ; എടുപ്പുകളുടെയും വൃക്ഷങ്ങളുടെയും വില നിർണ്ണയം തുടങ്ങിയ ജോലികൾ പൂർത്തീകരിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് 09/03/2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിക്കുകയും ചെയ്തു. നിയമത്തിലെ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കാൻ സ്ഥലമെടുപ്പ് തഹസിൽദാർ ഓഫീസിലും എറണാകുളം ജില്ലാ കളക്ടറേറ്റിലും നടപടികൾ സ്വീകരിച്ചു. എന്നാൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ മാർക്കറ്റ് വില കൂടുതലാണെന്നും സ്ഥലമെടുപ്പിനായി അനുവദിച്ചിരുന്ന 540 കോടിരൂപ ഭൂമിയുടെ ഫെയർ വാല്യൂവിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നും

എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും പ്രോജക്ടിന് തദനുസരണമായി പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കിൻഫ്ര മനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ 2013-ലെ LARR നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 144.9759 ഹെക്ടർ (358 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് 840 കോടിരൂപയുടെ പുതുക്കിയ ഭരണാനുമതി 23-07-2022-ലെ ജി.ഒ. (ആർ.റ്റി) നം.753/2022/വ്യവ. പ്രകാരം സർക്കാർ നൽകി. വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കാലാവധി 04-10-2022 മുതൽ 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 17-10-2022-ലെ ജി.ഒ.(പി)നം.263/2022/റവന്യൂ പ്രകാരവും ഉത്തരവായി. കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതും സ്ഥലവില നിർണ്ണയിച്ച് കക്ഷികൾക്ക് ഭൂമിയുടെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) സർവ്വേ നടപടി ആരംഭിച്ച ഘട്ടത്തിൽ നടത്തിയ പ്രതിഷേധങ്ങളുടെ ഭാഗമായി എടുത്ത കേസുകൾ പിൻവലിക്കാമെന്ന്

നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടിരുന്നോ; എത്ര കേസുകളാണ് പിൻവലിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇവരുടെ കേസുകൾ പിൻവലിക്കുന്നതിന് ആവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം അയ്യമ്പുഴ വില്ലേജിൽപ്പെട്ട പത്തൊൻപതാം ബ്ലോക്കിൽപ്പെട്ട സ്ഥലത്ത് ഗിഫ്റ്റ് സിറ്റി എന്ന ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ ജനകീയ സമിതി രൂപീകരിച്ച് 2020, 2021 വർഷങ്ങളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ടി സംഭവങ്ങളുമായി ബന്ധപ്പെട്ട് 5 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ടി കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി IV-ൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസുകൾ വിചാരണാവസ്ഥയിലാണ്.

(സി) ഭൂമി വിട്ടുനൽകിയവർക്ക് വില നൽകാത്തതിനാൽ മക്കളുടെ വിദ്യാഭ്യാസം, വിവാഹം, പാർപ്പിട നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഇവർ നേരിടുന്ന പ്രയാസം കണക്കിലെടുത്ത്

എത്രയുംവേഗം പണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതും സ്ഥലവില നിർണ്ണയിച്ച് കക്ഷികൾക്ക് ഭൂമിയുടെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കുന്നത്തറ ടെക്സ്റ്റെയിൽസ് ഭൂമിയിൽ കൺസോർഷ്യം രൂപീകരിക്കാൻ നടപടി

127 (2731) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമിയും മറ്റ് വസ്തുക്കളും അന്യാധീനപ്പെട്ട് പോവുന്നത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

കുന്നത്തറ ടെക്സ്റ്റ്ംയിൽസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനാൽ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി

അനുമതിയോടെ, പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ പുനരുദ്ധാരണ പാക്കേജുമായി മുന്നോട്ടുപോകുന്നതിന് സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്.

(ബി) പ്രസ്തുത ഭൂമിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സഹകരണ സംഘങ്ങളെ സംയോജിപ്പിച്ച് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനും കുന്നത്തറ കമ്പനിയുടെ പഴയ കടബാധ്യത തീർക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ?

ഏറ്റെടുപ്പ് നടപടികൾക്ക് അനുമതി ലഭ്യമായതിനുശേഷം ഭാവി കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങൾ**

128 (2732) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 2016 മുതൽ താൽക്കാലിക, കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ

ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

ഹ്രസ്വകാലത്തേയ്ക്കുള്ള ഒഴിവുകളിലേയ്ക്കാണ് താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തുന്നത്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ 2016 മുതൽ ഇത്തരത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന വിവരം ലഭ്യമാക്കുമോ?

ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വിവിധ പദ്ധതികളിലേയ്ക്കായി/തസ്തികകളിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ പത്ര പരസ്യം/വെബ്സൈറ്റ്/നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തൽ മുഖേന താല്ക്കാലിക/കരാർ നിയമനങ്ങൾ നടത്തുന്നത്. ഇതിനായി ആവശ്യമെങ്കിൽ എഴുത്തു പരീക്ഷ/കൂടിക്കാഴ്ച എന്നിവയും പൊതുമേഖലാ സ്ഥാപനങ്ങൾ നടത്താറുണ്ട്.

**കേരള സോപ്പ്സ്, സി.ഐ.സി.എഫ്.എസ്.**
**എന്നീ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം**

129 (2733) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കെ.എസ്.ഐ.ഇ.-ക്ക് <u>കീഴിലുള്ള</u> കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്. എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഇ.-യുടെ കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടേയും കരാർ തൊഴിലാളികളുടേയും എണ്ണം ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | സ്ഥിരം ജീവന ക്കാരുടെ എണ്ണം | പുറംകരാർ തൊഴിലാളികളുടെ എണ്ണം |
|---|---|---|
| കേരള സോപ്പ് | 20 | 54 |
| കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (CICFS) | 17 | 47 |
| **ആകെ എണ്ണം** | **37** | **101** |

(ബി) ഈ രണ്ട് സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പേ റിവിഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരങ്ങൾ നൽകുമോ?

കെ.എസ്.ഐ.ഇ.-യുടെ കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നിലവിൽ നടപ്പിലാക്കിയിട്ടില്ല. കെ.എസ്.ഐ.ഇ.-യിൽ 5 വർഷം പൂർത്തിയാകുന്ന മുറയ്ക്കാണ് ശമ്പള പരിഷ്കരണം നടത്താറുള്ളത്. നിലവിൽ പ്രസ്തുത യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള പ്രൊപ്പോസൽ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്.

(സി) 29-11- 2022-ന് ചേർന്ന ബോർഡ് മീറ്റിംഗിൽ കേരള സോപ്പിന്റെ ജീവനക്കാർക്ക് മാത്രം പേ റിവിഷൻ അംഗീകരിച്ച് സർക്കാരിന് ശിപാർശ നൽകുകയും സി.ഐ.സി.എഫ്.എസ്. ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത ബോർഡ് മീറ്റിംഗ് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഇ.-യുടെ യൂണിറ്റുകളായ കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്.-ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

സംബന്ധിച്ച വിഷയം 29/11/2022-ന് ചേർന്ന കമ്പനിയുടെ 257-ാമത് ബോർഡ് യോഗം പരിഗണിക്കുകയും പെർഫോമൻസ് മികവിന്റെ അടിസ്ഥാനത്തിൽ കേരള സോപ്സിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യാൻ ബോർഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബോർഡ് യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി) സി.ഐ.സി.എഫ്.എസ്. ജീവനക്കാർക്ക് കുടിശ്ശിയുള്ള രണ്ട് പേ റിവിഷനുകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ കെ.എസ്.ഐ.ഇ. നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സി.ഐ.സി.എഫ്.എസ്. യൂണിറ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള പ്രൊപ്പോസൽ കമ്പനിയുടെ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ സമർപ്പിക്കാൻ 29/11/2022-ൽ ചേർന്ന 257-ാമത് ബോർഡ് യോഗം നിർദ്ദേശിച്ചിട്ടുണ്ട്. ബോർഡ് അംഗീകാരം ലഭിച്ചാലുടൻ ശമ്പള പരിഷ്കരണത്തിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

130 (2734) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പാദനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

മറുപടി അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലസൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മറുപടി അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായതിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ അധികമായി ലഭ്യമായിട്ടുള്ള ഭൂമിയിൽ മറ്റ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

131 (2735) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) വ്യവസായ വകുപ്പിന് കീഴിൽ ഗുരുവായൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം അറിയിക്കാമോ?

വ്യവസായ വകുപ്പിന് കീഴിൽ ഗുരുവായൂർ മണ്ഡലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

(സി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ എത്ര സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ 13533 സംരംഭങ്ങൾ ആരംഭിക്കുകയെന്നതാണ് ലക്ഷ്യം. പദ്ധതി ആവിഷ്കരിച്ച് 8 മാസത്തിനുള്ളിൽ 2022 ഡിസംബർ 8 വരെയുള്ള കണക്കുപ്രകാരം തൃശ്ശൂർ ജില്ലയിൽ 10034 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 520.19 കോടിരൂപ നിക്ഷേപം വരികയും ജില്ലയിലാകെ 21224 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

**കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് പുനരുദ്ധരണം**

132 (2736) ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കോർപ്പറേറ്റുകൾക്ക് വിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയെന്ന നയം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും സ്വകാര്യവത്ക്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രനയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനോടകം കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ - EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് എന്ന സ്ഥാപനം പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ; സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളിൽ ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ വെള്ളൂരിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) എന്ന പേരിൽ പുനർനാമകരണം ചെയ്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. കേന്ദ്ര സർക്കാരിൽനിന്ന് ഏറ്റെടുത്ത് റെക്കോഡ് വേഗതയിലാണ് കേരളത്തിന്റെ സ്വന്തം പേപ്പർ കമ്പനിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. 2022 ജനുവരി 1-ന് പുനരുദ്ധാരണ പ്രക്രിയ ആരംഭിച്ച് അഞ്ച് മാസംകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കി 2022 മേയ് 19-ന് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും 2022 നവംബർ 1-ന് വാണിജ്യാടിസ്ഥാനത്തിൽ ന്യൂസ്പ്രിന്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപ്പാദന ശേഷിയുള്ള സ്ഥാപനമാക്കി മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ

സാധിക്കുന്ന, 3,000 കോടിരൂപ വിറ്റുവരവുള്ള സ്ഥാപനമായി കെ.പി.പി.എൽ.-നെ വികസിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നാല് ഘട്ടങ്ങളായാണ് കെ.പി.പി.എൽ.-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായി അഞ്ച് മാസംകൊണ്ട് മൂന്ന് പ്ലാന്റുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി (പേപ്പർ മെഷീൻ, റീ-സൈക്കിൾഡ് പൾപ്പിംഗ് പ്ലാന്റ്, ബോയിലറും അനുബന്ധ മെഷിനറികളും). ഒന്നാംഘട്ടത്തിൽ 34.3 കോടിരൂപ ചെലവഴിച്ച് ഫാക്ടറി നവീകരിച്ചു. രണ്ടാംഘട്ടത്തിൽ 44.94 കോടി മുതൽമുടക്കി കെമിക്കൽ, മെക്കാനിക്കൽ പ്ലാന്റുകളുടെ പുനരുദ്ധാരണം സാധ്യമാക്കി. രണ്ടാംഘട്ടം പൂർത്തിയായതോടെ കമ്പനിയുടെ നിലവിലുള്ള ശേഷി മുഴുവൻ ഉപയോഗിക്കാവുന്ന സ്ഥിതിയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചതിനുശേഷം ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും പിന്തുണയോടെയാണ് മൂന്നുംനാലും ഘട്ടങ്ങൾക്കുള്ള തുക സമാഹരിക്കുക. 27 മാസംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന മൂന്നാംഘട്ടത്തിനായി 650 കോടിരൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഉയർന്ന ഗുണമേന്മയുള്ള പാക്കേജിംഗ് ബോർഡുകളാണ് ഈ ഘട്ടത്തിൽ ഉൽപ്പാദിപ്പിക്കാൻ

ലക്ഷ്യമിടുന്നത്. നാലാംഘട്ടം 17 മാസംകൊണ്ട് പൂർത്തിയാക്കി പാക്കേജിംഗ് ഗ്രേഡ് പേപ്പർ ഉൽപ്പാദനം തുടങ്ങാനുമാണ് ലക്ഷ്യമിടുന്നത്. 350 കോടി രൂപയാണ് ഈ ഘട്ടത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്. പ്രവർത്തനം നിലച്ച് സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനം കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് പ്രവർത്തനം പുനരാരംഭിച്ചത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകിയിട്ടുണ്ട്. അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടമായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിനുപുറമെ 650-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദനത്തിൽ തടസ്സങ്ങളില്ലാതെ മത്സരക്ഷമവും ലാഭകരവുമായ പൊതുമേഖലാ സ്ഥാപനമായി കെ.പി.പി.എൽ.-നെ മാറ്റി സംസ്ഥാനത്തിന്റെ വ്യാവസായിക-തൊഴിൽ മേഖലകളിൽ മാതൃകയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ചുവന്ന കേരള സർക്കാർ ബോർഡ്

133 (2737) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ വാഹനങ്ങൾക്ക് ചുവപ്പ് നിറത്തിലുള്ള കേരള സർക്കാർ ബോർഡ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ വാഹനങ്ങൾക്ക് ചുവപ്പ് നിറത്തിലുള്ള കേരള സർക്കാർ ബോർഡ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം കേരള സെറാമിക്സ് എം.ഡി.-ക്ക് ചുവപ്പ് നിറത്തിലുള്ള കേരള സർക്കാർ ബോർഡ് ഉപയോഗിക്കാൻ അനുമതിയുണ്ടോ?

അനുമതി ഇല്ല.

(സി) വാഹനങ്ങളിൽ വകുപ്പുകളുടെ പേര് രേഖപ്പെടുത്താതെ ഗവ. ഓഫ് കേരള എന്നുമാത്രം രേഖപ്പെടുത്തി നമ്പർ പ്ലേറ്റുകളിൽ ഘടിപ്പിക്കുന്നത് നിയമപരമായി അനുവദനീയമാണോ?

മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം വാഹനങ്ങളിൽ വകുപ്പുകളുടെ പേര് നീല ബോർഡിൽ വെളുത്ത അക്ഷരങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഗവ. ഓഫ് കേരള എന്നുമാത്രം രേഖപ്പെടുത്തി നമ്പർ പ്ലേറ്റുകളിൽ ഘടിപ്പിക്കുന്നത് നിയമപരമായി അനുവദനീയമല്ല.

## സ്പിന്നിംഗ് മിൽ ജീവനക്കാരുടെ വേതന വർദ്ധന

134 (2738) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ വേതന വർദ്ധന നടത്തിയിട്ട് എത്ര നാളായെന്ന് അറിയിക്കുമോ; അവസാനമായി വേതന വർദ്ധന നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ വേതന വർദ്ധന പല കാലങ്ങളിലായിട്ടാണ് നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്</u>

സീതാറാം ടെക്സ്റ്റൈയിൽസിൽ 2011-ലാണ് അവസാനമായി സേവന-വേതന വ്യവസ്ഥ കരാറും വേതന വർദ്ധനയും നടപ്പാക്കിയത്.

<u>ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്</u>

ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ സൂപ്പർവൈസറി കേഡറിൽ വരുന്ന തസ്തികകളിൽ 2009-ലാണ് ഏറ്റവും ഒടുവിലായി ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്. സ്റ്റാഫ് കാറ്റഗറിക്കും വർക്കർ കാറ്റഗറിക്കും ദീർഘകാല സേവന-വേതന കരാറിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നിശ്ചയിക്കുന്നത്. മില്ലിൽ ദീർഘകാല സേവന-വേതന കരാർ നിലവിലില്ല.

മാനേജീരിയൽ വിഭാഗത്തിലും സ്റ്റാഫ് കാറ്റഗറിയിലും സൂപ്പർവൈസറി കാറ്റഗറിയിലും വർക്കർ കാറ്റഗറിയിലുമായി ജോലി ചെയ്യുന്ന എല്ലാവർക്കും 01-03-2022 ൽ 10% ശമ്പള വർദ്ധന നൽകിയിട്ടുണ്ട്.

വർക്കർ കാറ്റഗറിയിൽ എല്ലാവരും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്.

<u>കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡ്</u>

കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽവരുന്ന മില്ലുകളിൽ വെവ്വേറെ ദീർഘകാല കരാർ (എൽ.ടി.എ.) പ്രകാരമാണ് ഓഫീസ് ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്.

കോർപ്പറേഷന്റെ കീഴിൽ വരുന്ന ഉദുമ ടെക്സ്റ്റെയിൽ മിൽസ്, എടരിക്കോട് ടെക്സ്റ്റെയിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ തൊഴിലാളികളുടെ പുതിയ സേവന-വേതന വ്യവസ്ഥ 2022 ജനുവരി മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി മില്ലുകളിലെ ഓഫീസ് ജീവനക്കാർക്ക് 2011-ൽ ആണ് അവസാനമായി സേവന-വേതന വ്യവസ്ഥ പുതുക്കി നൽകിയിട്ടുള്ളത്. മാനേജീരിയൽ, സൂപ്പർവൈസറി, ഹെഡ് ഓഫീസ് ജീവനക്കാർ എന്നിവരുടെ സേവന-വേതന വ്യവസ്ഥ പുതുക്കിയിട്ടുള്ളത് 2009-ൽ ആണ്.

കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റെയിൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം സ്പിന്നിംഗ് മിൽസ് എന്നിവിടങ്ങളിൽ സേവന-വേതന വ്യവസ്ഥ അവസാനമായി നടപ്പിലാക്കിയത് 2010-ൽ ആണ്.

(ബി) ഏതൊക്കെ സ്പിന്നിംഗ് മില്ലുകളിൽ ജീവനക്കാരുടെ വേതന വർദ്ധനയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാകാത്ത മില്ലുകളിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദവിവരം ലഭ്യമാക്കുമോ?

സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്

സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡിലെ സേവന-വേതന കരാർ പുതുക്കുന്നതിനുവേണ്ടി പല ഘട്ടങ്ങളിലായി ചർച്ച നടത്തി, ഏകദേശം 90% പൂർത്തിയായിക്കഴിഞ്ഞു. അടുത്തഘട്ടം ചർച്ചയോടുകൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതും തൊഴിലാളി യൂണിയനുകളും മാനേജ്മെന്റുമായി ഉടമ്പടി കരാറിലേയ്ക്ക് എത്തുന്നതുമാണ്.

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

മില്ലിലെ സേവന-വേതന കരാർ രൂപീകരിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്പനി പുനഃപ്രവർത്തനം ആരംഭിച്ചത് 2009-ൽ ആയതിനാലാണ് ദീർഘകാല കരാർ നടപ്പാക്കാൻ ഇതുവരെ സാധിക്കാതിരുന്നത്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡ്

കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽവരുന്ന ഉദുമ ടെക്സ്റ്റൈയിൽ മിൽസ്, എടരിക്കോട് ടെക്സ്റ്റൈയിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ

തൊഴിലാളികളുടെ പുതിയ സേവന-വേതന വ്യവസ്ഥ 2022 ജനുവരി മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലെ ഓഫീസ് ജീവനക്കാരുടെ പുതുക്കിയ സേവന-വേതന വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. ചർച്ചകൾ പുരോഗമിക്കുകയാണ്.

കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റൈയിൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം സ്പിന്നിംഗ് മിൽസ് എന്നിവിടങ്ങളിലെ സേവന-വേതന വ്യവസ്ഥ പുതുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വേതന വർദ്ധനയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് ജീവനക്കാർക്ക് പുതുക്കിയ വേതനം എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

സേവന-വേതന വർദ്ധനയുമായി ബന്ധപ്പെട്ട സീതാറാം ടെക്സ്റ്റൈയിൽസിന്റെ നടപടികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് പുതുക്കിയ വേതനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം സേവന-വേതന കരാർ നടപ്പാക്കാൻ സാധിക്കുന്നതാണ്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ചർച്ചകൾ പൂർത്തിയാക്കി എത്രയുംവേഗം പുതുക്കിയ വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതാണ്.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രതിവർഷ നഷ്ടം**

135 (2739) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രതിവർഷ നഷ്ടം ഇപ്പോൾ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പരിശോധിച്ചിട്ടുണ്ട്.

2021-22 - 4237.05 ലക്ഷം രൂപ (ഓഡിറ്റ് ചെയ്തിട്ടില്ല)

2020-21 - 4478.22 ലക്ഷം രൂപ

(ബി) 2016 മുതൽ നാളിതുവരെ ട്രാക്കോ കേബിൾ കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകാൻ കഴിയാത്തതും ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഇ.പി.എഫ്. ആക്ട് അനുസരിച്ച് പിരിച്ചെടുത്തതും കമ്പനി വിഹിതമായി അടയ്ക്കേണ്ടതുമായ പി.എഫ്. തുക അടയ്ക്കാതെ കുടിശ്ശികയായി മാറിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഒക്ടോബർ മാസം വരെയുള്ള ശമ്പളം തൊഴിലാളികൾക്ക് അതത് മാസംതന്നെ നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം മാനേജ്മെന്റ് കേഡറിലുള്ള ജീവനക്കാർക്ക് 2022 ഒക്ടോബർ മാസത്തെ ശമ്പളത്തിന്റെ പകുതിയും നവംബറിലെ ശമ്പളവും തൊഴിലാളികൾക്ക് നവംബർ മാസത്തെ ശമ്പളവും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

2022 മാർച്ച് മാസം മുതൽ ശമ്പളത്തിൽനിന്നും ഇ.പി.എഫ്. ആക്ട് അനുസരിച്ച് പിരിച്ചെടുത്തതും കമ്പനി വിഹിതമായി അടയ്ക്കേണ്ടതുമായ പി.എഫ്. തുക സാമ്പത്തിക പ്രതിസന്ധിമൂലം അടയ്ക്കാൻ കമ്പനിക്ക് സാധിച്ചിട്ടില്ല. എന്നാൽ 2022 ഒക്ടോബർ മാസം വരെ കമ്പനിയിൽനിന്നും

പിരിഞ്ഞുപോയ ജീവനക്കാരുടെ പി.എഫ്. തുക കമ്പനി അടച്ചുതീർത്തിട്ടുണ്ട്.

(സി) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും ലഭിച്ച ഓർഡറുകൾ 2016 മുതൽ നാളിതുവരെ എത്രയാണെന്ന് പ്രതിവർഷ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

2016 മുതൽ നാളിതുവരെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ലഭിച്ച ഓർഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 76.46 ലക്ഷം |
| 2017-18 | 87.13 ലക്ഷം |
| 2018-19 | 178.45 ലക്ഷം |
| 2019-20 | 151.61 ലക്ഷം |
| 2020-21 | 221.34 ലക്ഷം |
| 2021-22 | 106.93 ലക്ഷം |

**പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് കേരള മാതൃക**

136 (2740) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:

ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനം ഏറ്റെടുക്കുന്നതിനും നിലവിലുള്ളത് നിലനിർത്തുന്നതിനും ലാഭകരമാക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തന്ത്രപ്രധാന മേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾപോലും സ്വകാര്യവത്കരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രനയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി, മത്സരക്ഷമമാക്കി പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന വികസനനയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം സ്ഥാപനങ്ങൾക്ക് ലാഭകരമായി ഉൽപ്പാദനം നടത്താനുള്ള സാങ്കേതികവിദ്യയും ഉല്പന്നത്തിന്റെ വിപണന സാധ്യതയും കണ്ടെത്തി സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല

ബാധ്യതകൾ തീർപ്പാക്കി അവയെ പുനഃരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

2021-22 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 3,892.13 കോടിരൂപയുടെ മൊത്തം വിറ്റുവരവും 386.05 കോടിരൂപയുടെ പ്രവർത്തനലാഭവും കൈവരിച്ചിട്ടുണ്ട്. കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപനങ്ങൾ പ്രവർത്തനലാഭം നേടിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തേക്കാൾ വിറ്റുവരവിൽ 588.16 (17.80%) കോടിരൂപയുടെയും പ്രവർത്തനലാഭത്തിൽ 339.04 കോടിരൂപയുടെയും വർദ്ധനയാണുണ്ടായിട്ടുള്ളത്.

കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ സർവ്വകാല റെക്കോർഡ് വിറ്റുവരവും പ്രവർത്തനലാഭവും രേഖപ്പെടുത്തിയിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ

കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സർവ്വകാല റെക്കോർഡ് വിറ്റുവരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയും പ്രൊഫഷണലായി നടത്തുകയും ചെയ്യുന്നതിനായി കേരള മാതൃക സൃഷ്ടിക്കുന്നതിന് രൂപം നൽകിയിട്ടുള്ള കരട് വ്യവസായ നയത്തിൽ പൊതുമേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ വിപുലീകരിച്ച് മത്സരക്ഷമമാക്കുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കമ്പനി നിയമമനുസരിച്ച് പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിനായി ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ പുതിയ വ്യവസായനയത്തിന്റെ ഭാഗമാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ദീർഘകാല, ഇടക്കാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ നേടുന്നതിനും പ്രാമുഖ്യം നൽകുന്നു. എല്ലാ

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടേയും ഡയറക്ടർ ബോർഡിൽ വ്യവസായ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഓരോ സ്ഥാപനങ്ങളുടെയും പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് ഇ-കൊമേഴ്സ് പോർട്ടൽ വിപുലീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഏകീകരണം**

137 (2741)പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വിശദമാക്കുമോ?

അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള/വേതന വ്യവസ്ഥകൾക്ക് ഒരു പൊതുഘടന രൂപപ്പെടുത്തുന്നത് സംബന്ധിച്ചുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ ലഭിച്ചിരുന്നു. പെൻഷൻ പ്രായം ഏകീകരിക്കാൻ ഇതനുസരിച്ച് കൈക്കൊണ്ട തീരുമാനം നിർത്തിവെച്ചിട്ടുണ്ട്.

**സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ള**
**പൊതുമേഖലാ സ്ഥാപനങ്ങൾ**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

138 (2742) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് ഏറ്റെടുത്ത സ്ഥലത്ത് കർഷകർക്കും സ്വകാര്യ ഉൽപ്പാദകർക്കും പങ്കാളിത്തം നൽകിക്കൊണ്ട് കേരള റബ്ബർ കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**പെരുമ്പാവൂർ മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ നടപടി**

139 (2743) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പെരുമ്പാവൂർ മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുകയാണ്. അതിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 9 ഇന്റേണുകളെ നിയമിക്കുകയും അവിടെയെല്ലാം തിങ്കൾ, ബുധൻ ദിവസങ്ങളിൽ സംരംഭകർക്കായി ഹെൽപ് ഡെസ്ക് സേവനം നൽകുകയും ചെയ്തുവരുന്നു. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഒന്നിലധികം സംരംഭകത്വ ബോധവൽക്കരണ പരിപാടികളും ലോൺമേളയും സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ഗ്രാമസഭകളിലും വ്യവസായ വകുപ്പ് നൽകുന്ന സേവനങ്ങളെപ്പറ്റി അതത് ഇന്റേൺസ് ബോധവൽക്കരണം നൽകുകയുണ്ടായി. വിവിധ ഡിപ്പാർട്ട്മെന്റുകളുടേതായ ലൈസൻസ് സേവനം

സംരംഭകർക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിലേയ്ക്കായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. താലൂക്കുതലത്തിൽ ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇ.ഡി.പി.-കൾ, ഇ.ഡി. ക്ലബുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കെ-സ്വിഫ്റ്റ് കോമൺ ആപ്ലിക്കേഷൻ ഫോം മുഖാന്തരം വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാകുന്നു. എല്ലാ ബ്ലോക്കുകളിലും വ്യവസായ വികസന ഓഫീസർമാരുടെ സേവനം സംരംഭകർക്കായി നൽകിവരുന്നു. അവരുടെ നേതൃത്വത്തിൽ ബ്ലോക്കുതല സംരംഭകത്വ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾപ്രകാരം ബാങ്ക് ലോൺ ലഭ്യമാക്കിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് ഉദ്യം രജിസ്ട്രേഷൻ നൽകിവരുന്നു.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

815 വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചു.

(സി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ മണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും പ്രസ്തുത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

1057 സംരംഭങ്ങൾ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 728 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. നിലവിൽ 68.87% ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു.

**സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ**

140 (2744) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആരംഭിച്ച അഞ്ച് കോടിയിലധികം മുതൽ മുടക്കുള്ള വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ്; പട്ടിക ലഭ്യമാക്കുമോ?

പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൂറ് കോടിയിലധികം മുതൽമുടക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മെ. ക്രേസ് ബിസ്ക്കറ്റ്സ്, ബാലുശ്ശേരി, കോഴിക്കോട്.

2) മെ. ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പ്രൈവറ്റ് ലിമിറ്റഡ്.

3) മെ. എസ്.പി. ഹൈടെക്ക് വെൻചേഴ്സ്.

4) മെ. ജോയ്സ് ബീച്ച് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്.

5) മെ. യാൻസ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്.

6) കണ്ണൂർ അന്തർദേശീയ വിമാനത്താവളം.

7) ബി.പി.സി.എൽ. - പെട്രോകെമിക്കൽ പാർക്ക്, അമ്പലമുകൾ, കൊച്ചി.

8) റ്റി.സി.എസ്. ഇന്നൊവേഷൻ പാർക്ക്, ഇലക്ട്രോണിക്ക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.

9) TATA ELXSI SEZ - IT/ITES, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം.

(സി) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിദേശ നിക്ഷേപത്തോടെ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ്; ഏതൊക്കെ മേഖലയിലാണ് സംരംഭങ്ങൾ ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിദേശ നിക്ഷേപത്തോടെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല.

**കേരള ബ്രാൻഡ് ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കാൻ**

141 (2745) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ മേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി സംസ്ഥാനത്തെ നിക്ഷേപസൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾസെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ

ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനവും നിലവിലുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക്

റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021-ലെ ഓർഡിനൻസ് നമ്പർ 137 പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റ്, 1999 (2000-ലെ നിയമം 5) ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാകമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയ ബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ

താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. 2022, ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തി. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ ലഭ്യമാകുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും വാണിജ്യ മേഖലയ്ക്ക് പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിലുൾപ്പെടുന്നു.

കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് GeM പോർട്ടൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ മെച്ചപ്പെടുത്താനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 9.20% - 11.20%) 60 കോടിരൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. ഇത്തരം പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന്റെ മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രോജക്ടുകൾക്ക്, ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, ജൈവ സാങ്കേതികവിദ്യ, വിനോദസഞ്ചാരം, പാദരക്ഷ, സമുദ്ര മേഖല, കപ്പൽ നിർമ്മാണം, ആയുർവ്വേദ ഉൽപ്പന്നങ്ങളും സേവനങ്ങളും ഹരിത

വ്യവസായം തുടങ്ങിയ മേഖലകളിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കോർപ്പറേഷൻ നൽകിവരുന്നുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വികസനത്തിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു :

(i): ഖാദി മേഖലയിലെ തൊഴിലുപകരണങ്ങൾ നവീകരിക്കൽ പദ്ധതി.

(ii): ഈ മേഖലയിലെ യന്ത്രവത്കരണവും സൗരോർജ്ജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ ചുമതലപ്പെടുത്തി.

(ബി) ഇതിന്റെ ഭാഗമായി എത്ര തുകയുടെ നിക്ഷേപം ഏതൊക്കെ മേഖലയിൽനിന്നും നാളിതുവരെ ലഭ്യമായി; ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ?

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 09/12/2022 വരെ സംസ്ഥാനത്ത് 102702 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും അവയിലൂടെ 6342.11

കോടിരൂപയുടെ നിക്ഷേപമുണ്ടാകുകയും 223099 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ധനസഹായം ലഭ്യമാക്കിയ പദ്ധതികളിലൂടെ ഏകദേശം 1221.92 കോടിരൂപയുടെ നിക്ഷേപവും 4494 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കും.

(സി) കേരള ബ്രാൻഡ് നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കാനും അതുവഴി ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കാനുമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കേരള ബ്രാൻഡ് നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വെളിച്ചെണ്ണ ബ്രാൻഡ് ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി തുണിത്തരങ്ങളുപയോഗിച്ച് കേരള ബ്രാൻഡ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി സഹകരിച്ച് ഡിസൈനുകൾ ചെയ്തുവരുന്നു. കേരള ബ്രാൻഡ് ഉത്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഫ്ലിപ്പ് കാർട്ടുമായി സഹകരിച്ച് *"കേരള ഖാദി"*

എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

142(2746) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്ത്രപ്രധാനമായവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തന്ത്രപ്രധാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ലാഭത്തിൽ പ്രവർത്തിക്കുന്നവയെ സ്വകാര്യവൽക്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ലാഭകരമായി ഉൽപ്പാദനം നടത്താനുള്ള സാങ്കേതികവിദ്യയും

ഉല്പന്നത്തിന്റെ വിപണന സാധ്യതയും കണ്ടെത്തി സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കി ആ സ്ഥാപനത്തെ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന നയ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനമേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്രതല വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും സർക്കാർ മേൽനോട്ടത്തിൽ മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ആവിഷ്കരിച്ചിട്ടുണ്ട്.

മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെയുൾപ്പെടുത്തി

ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

(ബി) വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നവീകരിച്ച് കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് എന്ന പേരിൽ ന്യൂസ്പ്രിന്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉണ്ട്. പേപ്പർ ഉൽപ്പാദനത്തിൽ പ്രവർത്തന പരിചയമുള്ള HNL-ലെ 250 ജീവനക്കാരെ സുതാര്യമായ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ വനാധിഷ്ഠിത വസ്തുക്കൾ, പാഴ്കടലാസ് എന്നിങ്ങനെ കമ്പനിക്കാവശ്യമായ വിവിധ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് സമാഹരിച്ച് കമ്പനിയിൽ എത്തിക്കുന്നതുൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതുവഴി ഏതാണ്ട് 650-ഓളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്.

(സി) ആരോഗ്യരംഗത്ത് ശക്തമായ സാന്നിദ്ധ്യമുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (എച്ച്.എൽ.എൽ.) സംസ്ഥാനത്തിന് നൽകാനാകില്ലെന്ന തീരുമാനം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാർ പ്രതികരണം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (എച്ച്.എൽ.എൽ.) സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തിന് അവകാശമില്ലെന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സമീപനം നിയമപ്രകാരമല്ലെന്ന് ചൂണ്ടിക്കാട്ടി ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാനുതകുന്ന തരത്തിൽ എച്ച്.എൽ.എൽ. കമ്പനിയുടെ നടത്തിപ്പ് അവകാശം സംസ്ഥാന സർക്കാരിന് കൈമാറുന്നതിനോ അല്ലെങ്കിൽ ടി സ്ഥാപനത്തിന്റെ ലേല നടപടികളിൽ പങ്കെടുക്കുന്നതിനോ സംസ്ഥാനത്തെ

അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-11-2022-ന് കത്ത് അയച്ചിരുന്നു. എന്നാൽ അതിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

143 (2747) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച 2 ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് ടി എസ്റ്റേറ്റിലേയ്ക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനായി 2013-ലെ RFCTLARR ആക്റ്റ് പ്രകാരം 9.73 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് സ്ഥലത്തിന്റെ വാല്യുവേഷൻ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത സ്ഥലം ലഭിച്ചാലുടൻ എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് പുതിയ വ്യവസായ പാർക്കുകൾക്കായി ഭൂമി**

144 (2748) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്കിലെ കണ്ണൂർ വില്ലേജിലുൾപ്പെടുന്ന 22 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ വ്യവസായ എസ്റ്റേറ്റിനായി പുതിയതായി മടിക്കൈ, പുതുക്കൈ വില്ലേജുകളിലായി ആകെ 82.82 ഏക്കർ ഭൂമി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഏറ്റെടുത്തിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു. സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ക്ലസ്റ്റർ ഡെവലപ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ആഭ്യന്തര റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കാസർകോഡ് KSIDC-യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃകാ വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഭക്ഷ്യ, കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയും പാക്കിംഗും മറ്റു വ്യവസായങ്ങൾ,

സംരംഭങ്ങൾ തുടങ്ങുന്നതിനും അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിവരുന്നു.

**മഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

145 (2749) **ശ്രീ. യു. എ. ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ സംരംഭങ്ങളാണ് തുടങ്ങുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യസംസ്കരണം, ടെക്സ്റ്റൈയിൽസ് & ഗാർമെന്റ്സ്, ജനറൽ എഞ്ചിനീയറിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, മറ്റുസേവനമേഖലകൾ, കച്ചവടം എന്നീ മേഖലകളിലാണ് സംരംഭങ്ങൾ ആരംഭിക്കുന്നത്. മഞ്ചേരി

മണ്ഡലത്തിൽ ഇതുവരെ 646 സംരംഭങ്ങൾ ആരംഭിച്ചു. 37.90 കോടിയുടെ നിക്ഷേപവും 1579 തൊഴിലവസരങ്ങളുമുണ്ടായി.

(ബി) മഞ്ചേരി നഗരസഭയിൽ പ്രവർത്തിക്കുന്ന പയ്യനാട് സി.എഫ്.സി.-യിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേരി നഗരസഭയിൽ പ്രവർത്തിക്കുന്ന പയ്യനാട് കോമൺഫെസിലിറ്റി സർവ്വീസ് സെന്ററിലെ വിവിധ വിഭാഗങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർവ്വീസുകൾ ആധുനികീകരിക്കുന്ന നടപടികൾക്കായി 2.6 കോടിരൂപയുടെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവ തരംതിരിച്ച് പദ്ധതികളും പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

ഒരുലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ പുരോഗതി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | 2022-23-ൽ ലക്ഷ്യമിടുന്ന സംരംഭങ്ങൾ (എണ്ണം) | ഇതിനോടകം ആരംഭിച്ച സംരംഭങ്ങൾ (എണ്ണം) |
|---|---|---|---|
| 1 | മഞ്ചേരി മുനിസിപ്പാലിറ്റി | 438 | 274 |
| 2 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | 235 | 125 |
| 3 | പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | 249 | 119 |
| 4 | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് | 164 | 85 |
| 5 | എടപ്പറ്റ ഗ്രാമ പഞ്ചായത്ത് | 103 | 43 |

## ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്

146 (2750) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക

ചെലവഴിച്ചു; എന്തൊക്കെ സേവനങ്ങളാണ് ഇവിടെനിന്ന് ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ KIIFB-യുടെ ധന സഹായത്തോടെയും KINFRA-യുടെ മേൽനോട്ടത്തിലും ഒരു ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള പരിശോധനകളും നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അതിലൂടെ ലഭിക്കുന്ന സേവനങ്ങൾ ഏതൊക്കെയാണെന്നുള്ള കാര്യത്തിൽ തീരുമാനമാകുകയുള്ളൂ.

**സംരംഭക വർഷം പദ്ധതി**

147 (2751)<u>ശ്രീ എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചെന്ന് ഓരോ മേഖല തിരിച്ച് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 09/12/2022 വരെ സംസ്ഥാനമൊട്ടാകെ 223099 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

പദ്ധതിയിൽ മികച്ച നിക്ഷേപം നടത്തിയ മേഖലകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | മികച്ച മേഖലകൾ | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|
| 1 | വ്യാപാരപ്രവർത്തനങ്ങൾ | 32256 | 1861.60 | 59446 |
| 2 | അഗ്രോ &ഫുഡ്പ്രോസ്സസിംഗ് | 18380 | 1086.77 | 45758 |
| 3 | ഗാർമെന്റ്സ്& ടെക്സ്റ്റൈയിൽസ് | 11862 | 517.90 | 24400 |
| 4 | മറ്റ്സേവന പ്രവർത്തനങ്ങൾ | 8023 | 481.63 | 18087 |
| 5 | ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് | 4431 | 263.95 | 8233 |

(ബി) ടി പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര കോടിയുടെ നിക്ഷേപം കേരളത്തിലേയ്ക്ക് വന്നുവെന്ന് വിശദമാക്കാമോ ടി പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

09/12/2022 വരെയുള്ള കണക്കുപ്രകാരം ഇതുവരെ 102702 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 6342.11 കോടിരൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 223099 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

| ജില്ല | ഇതുവരെ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 9404 |
| കൊല്ലം | 9806 |
| പത്തനംതിട്ട | 4089 |
| ആലപ്പുഴ | 8024 |
| കോട്ടയം | 5847 |
| ഇടുക്കി | 3171 |
| എറണാകുളം | 10191 |
| തൃശ്ശൂർ | 10034 |
| പാലക്കാട് | 8296 |
| മലപ്പുറം | 10135 |
| കോഴിക്കോട് | 8863 |
| വയനാട് | 3086 |
| കണ്ണൂർ | 8112 |
| കാസർഗോഡ് | 3180 |
| ആകെ | 102238 |

**ടൂറിസത്തിനും സംരംഭകത്വത്തിനും ഊന്നൽ കൊടുക്കുന്ന പുതിയ സംരംഭങ്ങൾ**

148 (2752)<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇതുവഴി എത്ര തൊഴിൽ പുതുതായി സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്?

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ,

ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തി. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാണ്. 2022 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/ സബ്സിഡി മേളകൾ നടത്തി. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനോടകം എത്ര സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതുവഴി എത്ര രൂപയുടെ നിക്ഷേപവും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്?

പദ്ധതി ആരംഭിച്ച് 12-12-2022 വരെ സംസ്ഥാനത്ത് 103571 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 6,386.01 കോടിരൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 225011 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജനസാന്ദ്രതയേറിയ സംസ്ഥാനമായ കേരളത്തിൽ വൻകിട വ്യവസായ പ്രോജക്ടുകൾക്ക് പകരം ടൂറിസത്തിനും സംരംഭകത്വത്തിനും ഊന്നൽ കൊടുക്കുന്ന പുതിയ സംരംഭങ്ങൾ ഉണ്ടാകുന്നതിനാവശ്യമായ സാമ്പത്തികസഹായം ഉൾപ്പെടെയുള്ളവ ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി കേരളാ സംരംഭക വായ്പാ പദ്ധതി (KELS) എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 2022 ഏപ്രിൽ 1 മുതൽ ലഭ്യമാകുന്ന ബാങ്ക് വായ്പയിന്മേൽ 6% വരെ പലിശ സബ്സിഡി നൽകുന്ന പദ്ധതിയും വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിന് താഴെപ്പറയുന്ന ധനസഹായപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(1) സംരംഭക സഹായ പദ്ധതി

(2) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

(3) ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

(4) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ

Revival and rehabilitation scheme for defunct MSMEs and cashew processing units

The Kerala stressed MSMEs Revival & Rehabilitation Scheme

(5) ഒരു കുടുംബം ഒരു സംരംഭം പദ്ധതി

(6) മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

(7) നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം

സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള (സ്കെയിലിംഗ് അപ്) സഹായം.

**സംരംഭക വർഷം പദ്ധതി**

149(2753) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എട്ട് മാസംകൊണ്ട് സംസ്ഥാനത്ത് എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര കോടിരൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെത്തിയതെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്ഥാപനങ്ങൾ എത്ര രൂപയാണ് നിക്ഷേപിച്ചതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നതിന്റെയും ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര പേർക്ക് തൊഴിലവരങ്ങൾ നൽകിയെന്നതിന്റെയും വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 8 മാസംകൊണ്ട്, ഡിസംബർ 8 വരെയുള്ള കണക്കുപ്രകാരം 102236 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 6,319.80 കോടിരൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 222239 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പദ്ധതിയുടെ ഭൗതികലക്ഷ്യം (ഒരുലക്ഷം സംരംഭങ്ങൾ) ഇതിനോടകം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

പദ്ധതിയിൽ മികച്ച നിക്ഷേപം നടത്തിയ മേഖലകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മേഖലകൾ | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|
| 1 | വ്യാപാരപ്രവർത്തനങ്ങൾ | 32503 | 1874.34 | 59931 |
| 2 | അഗ്രോ & ഫുഡ്പ്രോസസ്സിംഗ് | 18456 | 1089.21 | 45928 |
| 3 | ഗാർമെന്റ്സ്& ടെക്സ്റ്റയിൽസ് | 11916 | 518.63 | 24453 |
| 4 | മറ്റ് സേവന പ്രവർത്തനങ്ങൾ | 8093 | 486.46 | 18224 |
| 5 | ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് | 4445 | 264.37 | 8258 |

09/12/2022 വരെയുള്ള വിവിധ സംരംഭ മേഖല തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരങ്ങൾ അടങ്ങുന്ന പട്ടിക യഥാക്രമം അനുബന്ധമായി - I*, അനുബന്ധം II എന്നിവയായി ചേർക്കുന്നു*.

## ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം

150 (2754) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ.- ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റി. താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് സംരംഭകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കിവരുന്നു. കൂടാതെ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺസിനെ നിയമിച്ചു.

3. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്കുള്ള ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്.

5. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ, സംസ്ഥാനതലങ്ങളിൽ ഏകജാലക

ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

6. സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

7. ജില്ലാ, സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

8. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽവന്നിട്ടുണ്ട്.

9. 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടിരൂപയുടെ ഒരു വിപുലമായ പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

10. കോവിഡ് രണ്ടാംതരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിക്കുകയും ടി പാക്കേജിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത

പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on Term Loan and Working Capital Loan), സംരംഭക സഹായ പദ്ധതി (ESS), ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി എന്നിവയിൽ ഇളവുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

11. 2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

12. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-

ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-ഉമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

13. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകുന്ന സേവനങ്ങൾക്ക് ഓൺലൈൻ പോർട്ടലുകൾ തയ്യാറാക്കുകയും എം.എസ്.എം.ഇ.-കളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംരംഭകരിൽ എത്തിക്കുന്നതിന് ഔദ്യോഗിക വെബ്സൈറ്റ് നവീകരിക്കുകയും ചെയ്തു.

(ബി) നിർജ്ജീവമായി കിടക്കുകയായിരുന്ന ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും അതുവഴി തൊഴിലാളികളുടെ ജോലി സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; ആയതിന്റെ ഫലമായി എത്ര ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറക്കാൻ സാധിച്ചുവെന്നും ഇതുമൂലം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

നിർജ്ജീവമായി കിടക്കുകയായിരുന്ന ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് .

1. Revival and rehabilitation scheme for defunct MSMEs and cashew processing units

കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണിത്.

2. The Kerala Stressed MSMEs Revival & Rehabilitation Scheme

തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷംരൂപ വരെ സാമ്പത്തിക സഹായവും മറ്റുകൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണിത്.

3) പുനഃപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പ സഹായമില്ലാതെ പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ

വിദഗ്ദ്ധ സമിതി ശിപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50% (പരമാവധി 1.5 ലക്ഷംരൂപ ) സാമ്പത്തിക സഹായമായി നൽകുന്നു.

4) നിലവിലുള്ള മെഷിനറികളുടെയും കെട്ടിടത്തിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള ചെലവിന്റെ 50% (പരമാവധി 1 ലക്ഷംരൂപ) തിരിച്ചുനൽകുന്നു.

5) കെ.എസ്.ഇ.ബി.എൽ., ജി.എസ്.റ്റി., എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽനിന്നുള്ള കുടിശ്ശിക തീർക്കുന്നതിന് 50% (പരമാവധി 40,000/-രൂപ വരെ) സഹായം നൽകുന്നു.

6) പുനരുദ്ധാരണ പദ്ധതി രേഖ (Revival project report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000/-രൂപവരെ) തിരികെ നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പദ്ധതികളിലൂടെ കേരളത്തിൽ 51 ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറക്കുന്നതിനും 777 പേർക്ക് തൊഴിൽ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് എത്ര ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അതിലൂടെ എത്ര പേർ തൊഴിലെടുക്കുന്നുവെന്നും വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ കണക്കുപ്രകാരം ആകെ 255059 എം.എസ്.എം.ഇ. യൂണിറ്റുകളാണ് നിലവിലുള്ളത്. മേൽ യൂണിറ്റുകളിൽ 972083 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ എം.എസ്.എം.ഇ. സ്കീം**

151 (2755) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ, ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം, പ്രോജക്ട് തയ്യാറാക്കേണ്ട രീതി, ഏതെല്ലാം പ്രോജക്ടുകൾക്കാണ് അനുമതി ലഭിക്കുക തുടങ്ങി പൂർണ്ണമായ വിശദാംശം നൽകുമോ?

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളായ, 2008-ലെ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ അതത് പഞ്ചായത്ത്/തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമെ വ്യവസായങ്ങൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കുകയുള്ളൂ. സ്ഥലം കണ്ടെത്തിയശേഷം കെട്ടിടം വയ്ക്കുന്നതിന് നിലവിലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും അവ പ്രകാരമുള്ള റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ട് അടുത്ത വീട്ടിലേയ്ക്കുള്ള ദൂരം, തൊട്ട് അടുത്ത ആളുടെ സ്ഥലത്തേയ്ക്കുള്ള ദൂരം എന്നിവ പാലിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആൻഡ് റെസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് എന്നീ മറ്റ് വകുപ്പുകളുടെ മാനദണ്ഡങ്ങൾ പാലിക്കുകയും വേണം. ആയതിനുശേഷം ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്,

എഫ്.എസ്.എസ്.ഐ., ലീഗൽ മെട്രോളജി, ഫയർ ആൻഡ് റെസ്ക്യൂ, ഫോറസ്റ്റ് എന്നീ വിവിധ വകുപ്പുകളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള കെ.സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റോ യൂണിറ്റിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പുകളുടെ ലൈസൻസുകളോടുകൂടി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.

ബാങ്ക് വായ്പ ലഭിക്കുന്നതിന് നേരിട്ട് ബാങ്കിൽ അപേക്ഷ സമർപ്പിക്കുന്നതിലുപരി കെൽസ് (KELS) എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ അതത് ബാങ്കുകളിലേയ്ക്ക് വ്യവസായ വകുപ്പ് ശിപാർശ ചെയ്ത് നൽകിവരുന്നുണ്ട്. കൂടാതെ മറ്റ് വായ്പാധിഷ്ഠിത പദ്ധതികൾപ്രകാരം വ്യവസായ വകുപ്പിന് അപേക്ഷ നൽകുന്ന മുറയ്ക്ക് അത്തരം അപേക്ഷകൾ ബാങ്കിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതികൾ വിഭാവന ചെയ്യുകയും പി.എം.ഇ.ജി.പി., പി.എം.എഫ്.എം,ഇ., മാർജിൻ മണി ഗ്രാന്റ്

പദ്ധതി, സംരംഭക സഹായ പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി സംരംഭകന് സബ്സിഡിയോടുകൂടിയുള്ള വായ്പ ലഭിക്കുന്ന സാഹചര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ സബ്സിഡി നൽകുന്ന പദ്ധതികളും സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സർക്കാർ അനുവദിക്കുന്ന സബ്സിഡി തുകകൾ മുൻകൂറായി ബാങ്കിലേയ്ക്ക് എത്തുന്നതുവഴി വായ്പയുടെ തിരിച്ചടവിൽ ബാങ്കിന് വിശ്വാസം ആർജ്ജിക്കുകയും ആയത് വായ്പ എളുപ്പം അനുവദിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നു. സബ്സിഡിയോടുകൂടിയുള്ള ബാങ്ക് വായ്പയ്ക്ക് വകുപ്പുവഴി നൽകുന്ന പ്രക്രിയകൾ പൂർണ്ണമായും ഓൺലൈനാക്കുകയും അതുവഴി സമയനഷ്ടം കൂടാതെ അപേക്ഷകൾ ബാങ്കിലേയ്ക്ക് എത്തുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പി.എം.ഇ.ജി.പി. പോലുള്ള പദ്ധതികൾക്ക് ഓൺലൈൻ പരിശീലനത്തിനുള്ള സംവിധാനം ഒരുക്കുന്നതുവഴി സംരംഭകന് പരിശീലനം സ്വായത്തമാക്കി അനായാസം വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യവും നിലവിലുണ്ട്.

പ്രോജക്ട് റിപ്പോർട്ടിൽ പ്രധാനമായും തുടങ്ങാൻപോകുന്ന വ്യവസായത്തെ കുറിച്ചുള്ള വിവരങ്ങൾ തുടങ്ങാൻപോകുന്ന ആളിനെ

കുറിച്ചുള്ള വിവരങ്ങൾ, തുടങ്ങാൻപോകുന്ന സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ, യൂണിറ്റ് തുടങ്ങുന്നതിന് എത്ര വൈദ്യുതി ആവശ്യമുണ്ട്, എത്ര തൊഴിലാളികൾ ആവശ്യമുണ്ട് എന്നുള്ള വിവരങ്ങൾ, തുടങ്ങാൻപോകുന്ന യൂണിറ്റിന് ആവശ്യമായ മെഷിനറികൾക്ക് എത്ര തുക സ്ഥിരം മൂലധനം ആവശ്യമായി വരും; പ്രവർത്തന മൂലധനം എത്ര ആവശ്യമായി വരും; ഇങ്ങനെയുള്ള മൊത്തം പദ്ധതി തുകയിൽ എത്ര തുക സ്വന്തമായി നമുക്ക് എടുക്കാൻ കഴിയും; എത്ര തുക ബാങ്ക് ലോണായി എടുക്കേണ്ടി വരും എന്നീ വിവരങ്ങൾ ആവശ്യമാണ്. ആയതിനുശേഷം ഒരു മാസത്തേയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെയും മറ്റ് ചെലവുകളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു മാസത്തേയ്ക്കുള്ള മൊത്തം ചെലവുകൾ എത്രയായെന്നും ഒരു മാസം മൊത്തം എത്ര കച്ചവടമുണ്ടാകുമെന്നും ഒരു മാസം മൊത്തം എത്ര ലാഭമുണ്ടെന്നും ഈ ലാഭം എത്രയാണെന്ന് കണക്കാക്കി, ഈ ലാഭത്തിന്റെ അടിസ്ഥാനത്തിൽ 5 വർഷത്തേയ്ക്കുള്ള നഷ്ട-ലാഭക്കണക്കുകളുമാണ് പ്രധാനമായിട്ടും പ്രോജക്ട് റിപ്പോർട്ടിലുൾപ്പെടുത്തേണ്ടത്.

ഉൽപ്പാദന-സേവന-കച്ചവട മേഖലകളിലുള്ള സംരംഭങ്ങൾക്ക് വിവിധ സഹായങ്ങൾ ലഭിക്കുന്നതാണ്. ബാങ്ക് വായ്പ ലഭിക്കുന്നതിന് സംരംഭത്തെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബാങ്കുകളെ സമീപിക്കാവുന്നതാണ്. സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥിര മൂലധന നിക്ഷേപം, പ്രവർത്തന മൂലധനം, മാനേജ്മെന്റ്, ആരംഭിക്കുന്ന സ്ഥലം, സാമ്പത്തിക സ്രോതസ്സ്, യൂണിറ്റിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദാംശങ്ങളാണ് പ്രോജക്ട് റിപ്പോർട്ടിൽ ചേർക്കുന്നത്. പ്രോജക്ട് റിപ്പോർട്ടിന്റെ technical feasibility, economical viability എന്നിവ പരിശോധിച്ചാണ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം ബാങ്കുകൾ നൽകുന്നത്. ആയതിന് സംരംഭകന് ആവശ്യമായ കൈത്താങ്ങ് സഹായം (Hand holding service) വ്യവസായ വകുപ്പ് നല്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് വിവിധ സംരംഭ സഹായ പദ്ധതികളിലൂടെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ 2022-23 വർഷം സംരംഭകവർഷം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.), സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.എഫ്.എം.ഇ., മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് പദ്ധതി തുടങ്ങിയ പദ്ധതികളും ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ

152 (2756) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ, കൈത്തറി, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ഇൻകം സപ്പോർട്ട് സ്കീം വഴി ഈ വർഷം എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇൻകം സപ്പോർട്ട് സ്കീം വഴി 2022-23 സാമ്പത്തിക വർഷം കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ താഴെപ്പറയും പ്രകാരം തുക (രൂപയിൽ) അനുവദിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ ബോർഡ് - 15,00,00,000/-

കയർ വികസന ഡയറക്ടറേറ്റ് - 16,56,61,778/-

കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് - 12,17,500/-

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് - 86,45,000/-

(ബി) കേന്ദ്ര സർക്കാർ നയങ്ങൾമൂലം പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയത് പരമ്പരാഗത കയർ ഉല്പന്ന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നയങ്ങൾമൂലം കൈത്തറി മേഖലയിൽ യാൺ ബാങ്ക് ഡിപ്പോയുടെ ഓപ്പറേറ്റിംഗ് സബ്സിഡി

പിൻവലിച്ചത് യാൺ ബാങ്കിന്റെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിട്ടുണ്ട്. കൈത്തറി അസംസ്കൃത വസ്തുക്കളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയിലുണ്ടായ വർദ്ധന കൈത്തറി മേഖലയെ സാരമായി ബാധിച്ചു. കൈത്തറി വസ്തുങ്ങൾക്ക് 5% ജി.എസ്.റ്റി. ഏർപ്പെടുത്തിയതിലൂടെ വസ്തുങ്ങൾക്കുണ്ടായ വിലക്കയറ്റം വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും ഗവൺമെന്റ് റെഗുലേഷനും ഉണ്ടായതോടുകൂടി തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുമൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടാകുകവഴി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം കൂടുതൽ പ്രതിസന്ധിയിലായിട്ടുണ്ട്. 2.5% ചുങ്കമാണ് നിലവിലുള്ളത്. തോട്ടണ്ടിയുടെ താങ്ങാനാവാത്ത വിലയോടൊപ്പം ഇറക്കുമതി ചുങ്കംകൂടി ആയപ്പോൾ പ്രതിസന്ധി വർദ്ധിച്ചു. ഇറക്കുമതി ചുങ്കം ഒഴിവാക്കി ഇറക്കുമതി ചെയ്യണമെങ്കിൽ കടുപ്പമേറിയതും അപ്രായോഗികമായതുമായ നിബന്ധനകളാണുള്ളത്. കയറ്റുമതിക്കുള്ള പ്രോത്സാഹനം നിലവിൽ വളരെ കുറവുമാണ്. കൂടാതെ കാലിത്തീറ്റയെന്ന വ്യാജേന ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും (കാഷ്യൂ വേസ്റ്റ്, ബ്രോക്കൺ കാഷ്യൂ എന്നീ പേരിൽ) കശുവണ്ടി

പരിപ്പ് ഇറക്കുമതി ചെയ്യുന്നതുമൂലം ആഭ്യന്തര വിപണിയിൽ കശുവണ്ടി പരിപ്പിന് വില കുറയുന്ന സാഹചര്യം സംജാതമാകുക വഴി സംസ്ഥാനത്തെ ഉൽപ്പാദനച്ചെലവിന് അനുസരിച്ചുള്ള വില കശുവണ്ടി പരിപ്പിന് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇതുപോലെ കയറ്റുമതി ചെയ്യുന്ന പരിപ്പിന് ഇൻസെന്റീവിന്റെ അപര്യാപ്തതമൂലം കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിലും നല്ല രീതിയിൽ കുറവ് വന്നിട്ടുണ്ട്.

## പെരുമ്പാവൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ പ്രവർത്തനങ്ങൾ

153 (2757) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള, ഈറ്റ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യ വർദ്ധന, വരുമാന വർദ്ധന, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2003-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ എന്തെല്ലാം സംഭാവനകളാണ് കഴിഞ്ഞ അഞ്ചുവർഷമായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നൽകിയിട്ടുള്ളത്;

(ബി) പെരുമ്പാവൂരിലെ ആദിവാസി മേഖലയിൽ മുള, ഈറ്റ എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി എന്തെല്ലാം വ്യവസായങ്ങൾക്ക് രൂപം കൊടുത്തുവെന്നും അവയ്ക്ക് എത്ര തുക കഴിഞ്ഞ അഞ്ചു വർഷക്കാലം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നാഷണൽ ബാംബൂ മിഷൻ നടപ്പാക്കിവരുന്ന ഏതെങ്കിലും പദ്ധതികളുടെ പ്രയോജനം പെരുമ്പാവൂർ മണ്ഡലത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

(എ-സി) സംസ്ഥാന പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്, മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി, ദേശീയ അന്തർദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, ബാംബൂ ഇന്നൊവേഷൻ സെന്ററിന്റെ രൂപീകരണം, മുളപ്രജനനം പ്രോത്സാഹിപ്പിക്കുക. എന്നീ പദ്ധതികൾ ബാംബൂ മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

എറണാകുളം പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽനിന്നും 2 യൂണിറ്റുകളിലെ കരകൗശല വിദഗ്ധർ കഴിഞ്ഞ 5 വർഷങ്ങളിലായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തുവരികയാണ്. ബാംബൂ ഫെസ്റ്റിൽ

പങ്കെടുക്കുന്നതിലൂടെ ഈ കരകൗശലക്കാർക്കും മറ്റ് സംരംഭകർക്കും മികച്ച വ്യാപാര അവസരങ്ങളും പുതിയ അറിവുകളും ഈ മേളയിൽനിന്ന് ലഭിക്കുന്നുണ്ട്.

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ബാംബൂ ഫെസ്റ്റിൽ മേൽപ്പറഞ്ഞ 2 യൂണിറ്റുകൾ പങ്കെടുക്കുന്നതിനായി ഓരോ വർഷവും ഏകദേശം 70,000/- രൂപ വീതം ശരാശരി ചെലവാക്കിയിട്ടുണ്ട്.

നാഷണൽ ബാംബൂ മിഷൻ 2018-19 ആന്വൽ ആക്ഷൻ പ്ലാൻ പദ്ധതിക്ക് കീഴിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന ബാംബൂ ഡിപ്പോ/ഗോഡൗൺ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വല്ലം പ്രദേശത്ത് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നാഷണൽ ബാംബൂ മിഷൻ 2018-19 ആന്വൽ ആക്ഷൻ പ്ലാൻ പദ്ധതിക്ക് കീഴിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.)- സ്റ്റേറ്റ് മിഷൻ മുഖേന പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കുവപ്പടി, ഒക്കൽ, വേങ്ങൂർ, വേങ്ങോല എന്നീ

പ്രദേശത്ത് ബാംബൂ ബൗൺട്രി പ്ലാന്റേഷൻ എന്ന വിഭാഗത്തിൽ 0.56 ഏക്കറിൽ മുളത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്**

154 (2758) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ ആവശ്യത്തിലേയ്ക്കായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത പാർക്ക് ആമ്പല്ലൂരിൽ സ്ഥാപിക്കേണ്ടതില്ലെന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനമെടുക്കാനുള്ള ഭരണ, സാങ്കേതിക കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് ആരംഭിക്കുന്ന കാര്യത്തിൽ പുനഃപരിശോധന നടത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ-ഡി) ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കുകയും തുടർന്ന് 18/12/2014-ലെ G.O(Rt)No.6338/2014/ID പ്രകാരം കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ വില്ലേജിലെ ബ്ലോക്ക് 22-ൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു. പിന്നീട് 04-11-2019-ൽ ബഹുമാനപ്പെട്ട മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്താൻ തീരുമാനിക്കുകയും PWD, Environment & Climate Change, Kerala State Pollution Control Board, Department of Mining & Geology, Revenue Department, KITCO എന്നീ വകുപ്പുകളിലെ/ഏജൻസികളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഇതിനായി കമ്മിറ്റി

രൂപീകരിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലം ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന് അനുയോജ്യമല്ലെന്ന് വിദഗ്ദ്ധ സമിതി പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്.

ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനുവേണ്ടി 11.87 ഏക്കർ സ്ഥലം ഇതുവരെ കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനുവേണ്ടി നിലവിൽ ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് തീരദേശ പരിപാലന നിയമത്തിന്റെയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും നിബന്ധനകൾക്ക് അനുസരിച്ച് ഏത് പദ്ധതിയാണ് നടപ്പിലാക്കാനാകുകയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**കൊണ്ടോട്ടി മണ്ഡലത്തിലെ സംരംഭകത്വ പദ്ധതികൾ**

155 (2759) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ നഗരസഭയിലും വിവിധ പഞ്ചായത്തുകളിലും വ്യവസായ-വാണിജ്യ വകുപ്പിന്റെ സംരംഭകത്വ പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയവർക്ക് എന്തെല്ലാം സഹായങ്ങൾ വ്യവസായ വകുപ്പിൽനിന്നും ലഭിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) സംരംഭക വർഷവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി മണ്ഡലത്തിൽ 544 വ്യവസായ യൂണിറ്റുകളാരംഭിച്ചു. ഇതിലൂടെ 84.49 കോടിരൂപയുടെ നിക്ഷേപവും 1216 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പി.എം.ഇ.ജി.പി., ഇ.എസ്.എസ്., പി.എം.എഫ്.എം.ഇ., മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾവഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നുവരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

(സി) അടിസ്ഥാനസൗകര്യ വികസനത്തിന് എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

സംരംഭ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ് അടിസ്ഥാനസൗകര്യ വികസനം. അതിൽ സ്ഥലലഭ്യത, റോഡ്, വൈദ്യുതി എന്നിവയാണ് പ്രധാനപ്പെട്ടവ. ഇവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സംവിധാനം. വ്യാവസായികമായി അനുയോജ്യമായ ചുരുങ്ങിയത് 10 ഏക്കർ സ്ഥലമുള്ള ഏതെങ്കിലും ഭൂവുടമ, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത വ്യവസായ എസ്റ്റേറ്റ് വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള (ആഭ്യന്തര റോഡ് നിർമ്മാണം, വൈദ്യുതി, വെള്ളം

എന്നിവയുള്ള സൗകര്യമുണ്ടാക്കൽ, പൊതുസേവന സൗകര്യമുണ്ടാക്കൽ) ചെലവുകൾക്ക് ഏക്കറിന് 30 ലക്ഷംരൂപ വച്ച് പരമാവധി 3 കോടിരൂപ വരെ സർക്കാർ സബ്സിഡിയായി അനുവദിച്ച് നൽകുന്നു. കൂടാതെ പ്രസ്തുത സ്ഥലം ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് പ്രകാരം പ്രത്യേക വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ച് നൽകുകയും ചെയ്യുന്നു.

എം.എസ്.ഇ.-സി.ഡി.പി., പി.എം.എഫ്.എം.ഇ. തുടങ്ങിയ പദ്ധതികൾ മുഖേന പൊതുസേവന കേന്ദ്രങ്ങൾ, പൊതുവിപണന സംവിധാനങ്ങൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കാനുള്ള സംവിധാനവുമുള്ളതാകുന്നു.

**തിരൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

156 (2760) <u>ശ്രീ. കുറുകരകക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സംരംഭക വർഷവുമായി ബന്ധപ്പെട്ട് തിരൂർ നിയോജകമണ്ഡലത്തിൽ 698 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 51.27 കോടിയുടെ നിക്ഷേപവും 1693 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി, സംരംഭക സഹായ പദ്ധതി, പി.എം.എഫ്.എം.ഇ., മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾവഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. കൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ മേൽനോട്ടത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നുവരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ

നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

(ബി) പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായ-വാണിജ്യ വകുപ്പ് നടത്തുന്ന സംരംഭ അവബോധന സെമിനാറുകളിൽ പ്രവാസികളെ പ്രത്യേകം പങ്കെടുപ്പിക്കാറുണ്ട്. മാനേജീരിയൽ, സാങ്കേതിക, പരിശീലനങ്ങൾ പ്രവാസികളെ ഉൾപ്പെടുത്തി നടത്തുകയും അതുവഴി സംരംഭം ആരംഭിക്കുന്നതിനാവശ്യമായ ശേഷി ഉണ്ടാകുകയും ചെയ്യുന്നുണ്ട്. വായ്പ ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വായ്പ ബന്ധിത സബ്സിഡി സ്കീം വഴി പ്രവാസികളെക്കൊണ്ട് അപേക്ഷിപ്പിക്കുകയാണ് ചെയ്യുന്നത്. അതുവഴി പ്രവാസി സംരംഭകൻ എടുക്കുന്ന സ്ഥിര ആസ്തി വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും സബ്സിഡി ലഭിക്കുന്ന സാഹചര്യമുണ്ട്. എന്റർപ്രണർ സപ്പോർട്ട് സ്കീം എന്ന പദ്ധതി മുഖേന അപേക്ഷിക്കുന്നവരിൽ പ്രവാസികൾക്ക്

പ്രത്യേകമായി 10% അധികം പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കുന്നു. നോർക്കയുടെ പദ്ധതിവഴി അപേക്ഷിക്കുന്ന പ്രവാസികൾക്കും വായ്പ ബന്ധിത സബ്സിഡിയും പലിശ സബ്സിഡിയും ആവശ്യമായ പരിശീലനവും ലഭിക്കാനുള്ള സാഹചര്യമുണ്ട്.

പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖ്യമന്ത്രിയുടെ പ്രത്യേക സാമ്പത്തിക സഹായ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു.

**കോട്ടയം ജില്ലയിലെ ചെറുകിട സംരംഭങ്ങൾ**

157 (2761) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ചെറുകിട സംരംഭങ്ങൾക്കാണ് അനുമതി നൽകിയതെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ 726 സംരംഭങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടൽ വഴി അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ താഴെപ്പറയുന്ന മേഖലകളിൽ 6918 സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 15659 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

| | |
|---|---|
| Textiles & Garments | 1013 |
| Glass & Ceramics | 8 |
| Mechanical/General engg | 183 |
| IT&ITES | 70 |
| IT Hard ware | 6 |
| Rubber Products | 37 |
| Chemical | 85 |
| Plastic | 17 |
| Paper Products | 47 |
| Wood Products | 96 |
| printing | 5 |

| | |
|---|---|
| Building material | 198 |
| Leather Products | 15 |
| Electrical and electronics | 282 |
| Pharmaceuticals | 78 |
| Ayurvedic | 6 |
| Service | 733 |
| Miscellaneous | 760 |
| Food & Agro based | 1640 |
| Cement products | 25 |
| Wax Candles | 1 |
| Trade Activity | 1474 |
| Hospital Equipments | 127 |
| Handloom | 12 |
| Total | 6918 |

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

158 (2762) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

‘ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ’ എന്ന പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി ഇന്റേൺ തസ്തികയിൽ 10 പേരെ 2022 ഏപ്രിൽ മാസം മുതൽ നിയമിക്കുകയും പുതിയതായി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി പഞ്ചായത്തുതലത്തിൽ ഹെൽപ് ഡെസ്കുകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാമുകൾ, ലോൺ, ലൈസൻസ്, സബ്സിഡി മേളകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 വർഷം മണ്ഡലത്തിൽ 1226 പുതിയ സംരംഭങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെ 52.07 കോടിരൂപ ആകെ നിക്ഷേപമുള്ള 719 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾവഴി മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2022-23 വർഷം 3680 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള

പ്രവർത്തനങ്ങളാണ് നടത്തുന്നത്. നിലവിൽ 719 സംരംഭങ്ങൾ ആരംഭിച്ചത് പ്രകാരം ഇതിനോടകം 1543 എണ്ണം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് .

## പെരുമ്പാവൂർ മണ്ഡലത്തിലെ വ്യവസായ വികസനം

159 (2763) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പെരുമ്പാവൂർ-വല്ലം ട്രാവൻകൂർ റയോൺസിൽ പുതുതായി നടപ്പിലാക്കാൻ പോകുന്ന വ്യവസായങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കാമോ; ഇവ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

(എ&ബി) പെരുമ്പാവൂർ മണ്ഡലത്തിൽ, ട്രാവൻകൂർ റയോൺസിന്റെ കൈവശമുള്ള 30 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാൻ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയ്ക്ക്

പദ്ധതിയുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് കിൻഫ്ര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഭൂമിയിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹാർദ്ദ വ്യവസായങ്ങൾക്കുള്ള പദ്ധതിയാണ് കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ളത്.

## നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം

160 (2764) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(ബി&സി) കോവിഡുമൂലവും ആഗോളമാന്ദ്യംമൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനയ്ക്കനുസൃതമായി ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനയുണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണവും പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റുപോകാത്തതും കൊമേഴ്സ്യൽ സ്പേസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗംവഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്.

പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും ഉത്പാദനം വർദ്ധിപ്പിച്ച് മിതമായ വിലയ്ക്ക് സിമന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര നയങ്ങളുടെ അനന്തരഫലമായി ഉണ്ടാവുന്ന വില വർദ്ധനയിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട്.

ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ' എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായ നയം നിർമ്മാണമേഖലയുൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്.

## സംരംഭക വർഷം പദ്ധതി

161 (2765) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലുള്ള സംരംഭക വർഷം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

30/3/2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ 30-03-2022-ലെ സ.ഉ. (സാധാ)നം.289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലാണ് നടത്തിയത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്നനിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന

സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപ്പുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറു വീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ഒരുലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 2022, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തി.

961 തദ്ദേശസ്ഥാപനങ്ങളിൽ നടത്തിയ വായ്പാ മേളകളുടെ ഭാഗമായി 6071 വായ്പാ അപേക്ഷകൾ ലഭിച്ചു. അതിൽ 9,572.59 ലക്ഷംരൂപയുടെ

വായ്പകളും 3015 ലൈസൻസുകളും അനുവദിച്ചു. വായ്പാ മേളകളിൽ 1586 സബ്സിഡി അപേക്ഷകൾ പരിഗണിച്ചു.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയിൽ 2022 ഡിസംബർ 7 വരെയുള്ള കണക്കുപ്രകാരം 101002 പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് പദ്ധതിയുടെ ഭൗതികലക്ഷ്യം ഇതിനോടകംതന്നെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്ത് 6,268.23 കോടിയുടെ നിക്ഷേപവും 219850 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ്ഡെസ്ക് നടപ്പിലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും

ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.

വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി നോർക്കയുമായി ചേർന്ന് ശില്പശാലകൾ നടത്തുന്നതാണ്.

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP)

എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 447 തദ്ദേശസ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ

എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും.

ഇപ്രകാരം വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവരുടെ സംയോജനത്തോടുകൂടി 2022-23 സാമ്പത്തിക വർഷം ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് വളരെ ചിട്ടയോടുകൂടി ചെയ്തുവരുന്നു.

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈ 12-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ചുനടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിൽ ഈ അവലോകന യോഗവുമായി ബന്ധപ്പെട്ടുള്ള ശില്പശാലയുടെയും നിക്ഷേപക സംഗമത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം 2022 ആഗസ്റ്റ് 2-ന്

അന്നത്തെ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമ, വ്യവസായ, കയർ വകുപ്പുമന്ത്രി നിർവ്വഹിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 47 ഇടത്ത് മണ്ഡലതല അവലോകനയോഗങ്ങൾ നടത്തി.

അടുത്ത ഘട്ടമെന്ന നിലയിൽ, 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ വിപണന (മാർക്കറ്റിംഗ്) ക്യാമ്പയിൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 59 വ്യാവസായിക താലൂക്കുകളിലും വിപണന വ്യാപാര മേളകൾ നടത്താനുദ്ദേശിക്കുന്നു. പുതുതായി സ്ഥാപിതമായ സംരംഭങ്ങൾക്ക് പ്രാദേശിക വിപണികളിൽ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും എക്സ്പോഷറും ദൃശ്യപരതയും വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ സുഗമമാക്കാനും പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സംരംഭങ്ങളെ ജനപ്രിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്നതിനും ക്യാമ്പയിൻ സഹായിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിൻ 2023, ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷി വികസനത്തിലൂടെയും സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെയും വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

(ബി) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് കൂടുതൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടതെന്ന് അറിയിക്കാമോ?

പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച മേഖലകളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| മികച്ച മേഖലകൾ | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴില-വസരങ്ങൾ |
|---|---|---|---|
| വ്യാപാര പ്രവർത്തനങ്ങൾ | 31467 | 1815.90 | 57960 |

| | | | |
|---|---|---|---|
| അഗ്രോ & ഫുഡ് പ്രോസസ്സിംഗ് | 17784 | 1032.70 | 44459 |
| ഗാർമെന്റ്സ് & ടെക്സ്റ്റെയിൽസ് | 11569 | 506.00 | 23859 |
| മറ്റ് സേവന പ്രവർത്തനങ്ങൾ | 7736 | 462.60 | 17675 |
| ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 4336 | 259.99 | 8063 |

(സി) ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിലെ സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരം എന്നിവയുടെ പ്രതീക്ഷിത ലക്ഷ്യം എന്തായിരുന്നെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ?

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രത്യേക ലക്ഷ്യം നല്കിയിരുന്നില്ലെങ്കിലും പ്രസ്തുത മേഖലയിൽ ഡിസംബർ 7 വരെയുള്ള കണക്കുപ്രകാരം 4336 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 259.99 കോടിരൂപയുടെ നിക്ഷേപവും 8063 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) സെമികണ്ടക്ടർ ചിപ്പുകൾക്ക് കോവിഡാനന്തരകാലത്ത് ലോകമെങ്ങുമുള്ള വർദ്ധിതാവശ്യം കണക്കിലെടുത്ത് അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരമാവധി സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

Semi conductor ചിപ്പിന്റെ മാനുഫാക്ചറിംഗ് എന്നത് വലിയ അളവിൽ ജലലഭ്യത ഉറപ്പുവരുത്തേണ്ടതും അതുപോലെതന്നെ വലിയ തോതിൽ ഭൂമി (1000-1500 ഏക്കർ) ആവശ്യമുള്ളതുമാണ്. കേരളത്തിന്റെ മാനവ വിഭവശേഷി ലഭ്യമായതും Core competence ഉള്ളതും പ്രധാനമായും ഇലക്ട്രോണിക്സ് മേഖലയിലെ ഡിസൈൻ, RND, critical components manufacturing, അതിന്റെ അസംബ്ലി എന്നിവയിലാണ്.

ഇതിനുവേണ്ടിയിട്ടുള്ള eco system വളർത്തിക്കൊണ്ടുവന്ന് പ്രോത്സാഹിപ്പിക്കുകയും അത്തരം യൂണിറ്റുകളെ കെൽട്രോണിനെ മുന്നിൽ നിർത്തിക്കൊണ്ട് ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

**കെൽട്രോൺ മുഖേന നടപ്പാക്കുന്ന എം.എൽ.എ. ആസ്തി വികസന-പ്രാദേശിക വികസന പദ്ധതികൾ**

162 (2766) <u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ മുഖേന വിവിധ വകുപ്പുകൾ നടപ്പാക്കുന്ന എം.എൽ.എ. ആസ്തി വികസന-പ്രാദേശിക വികസന പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് കെൽട്രോൺ വിമുഖത കാട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയെ തുടർന്ന് അന്തർദേശീയ തലത്തിൽ ഇലക്ട്രോണിക്സ് സാധന സാമഗ്രികളുടെ ലഭ്യതയിലുണ്ടായിട്ടുള്ള ദൗർലഭ്യംമൂലം അപൂർവ്വം ചില പദ്ധതികൾ പൂർത്തിയാക്കുന്നതിന് കെൽട്രോണിന്റേതല്ലാത്ത കാരണത്താൽ കാലതാമസം നേരിട്ടിട്ടുണ്ട്.

**ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം**

163 (2767) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം എന്ന നയത്തിലൂടെ പെരുമ്പാവൂർ മണ്ഡലത്തിൽ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന

സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് പെരുമ്പാവൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും കോട്ടം തട്ടാത്ത രീതിയിലും സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും കാർഷിക ഉത്പന്നങ്ങളുടെയും മനുഷ്യശേഷിയുടേയും മൂല്യവർദ്ധന വഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും സംസ്ഥാനത്ത് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയംകൊണ്ട് ലക്ഷ്യമിടുന്നത്.

പെരുമ്പാവൂർ മണ്ഡലത്തിൽ ട്രാവൻകൂർ റയോൺസിന്റെ കൈവശമുള്ള 30 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയുണ്ട്. റവന്യൂ വകുപ്പിൽനിന്നും പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്ന മുറയ്ക്ക്, ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഇലക്ട്രോണിക്സ് ഉൾപ്പെടെ പരിസ്ഥിതി സൗഹാർദ്ദമായ ഒരു പദ്ധതി കിൻഫ്ര വിഭാവന ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വികസിപ്പിക്കുന്ന പാർക്കിൽ സംരംഭകർക്ക്

വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങളുണ്ടാകും.

വ്യവസായ വകുപ്പിന് കീഴിൽ, പെരുമ്പാവൂർ മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 65.18 കോടിരൂപയുടെ നിക്ഷേപത്തിൽ ആകെ 718 യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 1535 പേർക്ക് തൊഴിൽ ലഭിച്ചു. ഇതിൽ ഉൽപ്പാദന മേഖലയിൽ 109 യൂണിറ്റുകളും സർവ്വീസ് മേഖലയിൽ 170 യൂണിറ്റുകളും ട്രേഡ് മേഖലയിൽ 439 യൂണിറ്റുകളുമുൾപ്പെടും.

**പ്ലാന്റേഷൻ ആക്ടിൽ ഉൾപ്പെട്ട ഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ**

164 (2768) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ആക്ടിൽ ഉൾപ്പെട്ട ഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭൂപരിഷ്കരണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

**കുറ്റ്യാടി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

165 (2769) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; ഇതുവഴി എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി, കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെട്ട കുറ്റ്യാടി, കുന്നുമ്മൽ, വേളം, പുറമേരി, തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1) ഇന്റേൺ-മാരെ നിയമിച്ചു.

2) വില്ല്യാപ്പള്ളി പഞ്ചായത്തിൽ 2 സംരംഭക ബോധവൽക്കരണ പരിപാടിയും മറ്റ് 7 പഞ്ചായത്തിൽ ഒരു സംരംഭക ബോധവൽക്കരണ പരിപാടി വീതവും നടത്തി.

3) ലോൺ, ലൈസൻസ്/സബ്സിഡി മേള നടത്തി.

4) ഹെൽപ് ഡസ്ക് ആരംഭിച്ചു.

5) ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ അവലോകനം 25/10/2022-ന് നടത്തി. അവലോകനത്തിലുണ്ടായ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നാളിതുവരെ 606 വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനും 86240 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷാവസാനത്തോടെ വ്യാവസായിക മേഖലയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി വഴി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

2022-23 സാമ്പത്തിക വർഷാവസാനത്തോടെ പദ്ധതിയുടെ ഭൗതികലക്ഷ്യം ആയ 1030-ലധികം സംരംഭങ്ങൾ (കുറ്റ്യാടി മണ്ഡലം) തുടങ്ങി കൂടുതൽ പേർക്ക് ജോലി നൽകാൻ ഉദ്ദേശിക്കുന്നു. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

**കയ്പമംഗലം മണ്ഡലത്തിലെ പുതിയ വ്യവസായങ്ങൾ**

166 (2770) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 നവംബർ 30 വരെയുള്ള കാലയളവിൽ കയ്പമംഗലം മണ്ഡലത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ?

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭക സഹായപദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി, PMEGP, Interest subvension to Nano Household units, PMFME എന്നീ പദ്ധതികളിലൂടെ ധനസഹായം നൽകുന്നുണ്ട്. ടി കാലയളവിൽ

മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതിയിൽ 38.49 ലക്ഷം രൂപയും സംരംഭകത്വ സഹായ പദ്ധതിയിൽ 100.02 ലക്ഷം രൂപയും Interest subvension to Nano Household units പദ്ധതിയിൽ 0.22 ലക്ഷം രൂപയും സബ്സിഡി നൽകിയിട്ടുണ്ട്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ONE FAMILY ONE ENTERPRISES പദ്ധതി, KELS എന്നീ പദ്ധതികളും സംരംഭക വർഷത്തിന്റെ ഭാഗമായി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ ക്ലാസുകളും പരിപാടികളും മണ്ഡലത്തിൽ 2016-2022 കാലയളവിൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2016-2021 കാലയളവിൽ എല്ലാ വർഷവും മതിലകം ബ്ലോക്ക് പഞ്ചായത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടിയും കൊടുങ്ങല്ലൂർ താലൂക്കതലത്തിൽ നിക്ഷേപക സംഗമവും സംഘടിപ്പിച്ചിരുന്നു. ഓൺലൈൻ സേവനങ്ങൾ നൽകുന്നതിന് താലൂക്ക് റിസോഴ്സ് പേഴ്സണെ നിയമിച്ചിട്ടുണ്ട്. 01/04/2022-നുശേഷം സംരംഭക വർഷത്തിന്റെ ഭാഗമായി കയ്പമംഗലം

മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും പൊതുബോധവൽക്കരണ പരിപാടിയും ലോൺമേളയും സംഘടിപ്പിച്ചിരുന്നു. സംരംഭക വർഷം പദ്ധതിയുടെ കയ്പമംഗലം മണ്ഡലത്തിലെ അവലോകനയോഗവും സംഘടിപ്പിച്ചിരുന്നു. മതിലകം ബ്ലോക്ക് പഞ്ചായത്തുതല സംരംഭകത്വ ബോധവൽക്കരണ സെമിനാർ 08/11/2022-ന് സംഘടിപ്പിച്ചിരുന്നു.

## മലപ്പുറം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

167 (2771) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്നും അവയുടെ ലാഭ-നഷ്ട കണക്കുകളും വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലs സ്ഥാപനങ്ങളുടെയും അവയുടെ ഉത്പന്നങ്ങളുടെയും ലാഭ-നഷ്ട കണക്കുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻസർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിൽ പുതിയ ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.

(സി) ആവശ്യമായ സ്ഥലസൗകര്യമില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങൾ/സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ സ്ഥല ലഭ്യത ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിലവിലെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥല ലഭ്യതയുണ്ട്.

(ഡി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇവ ഏറ്റെടുക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല.

## കുന്നത്തുനാട് മണ്ഡലത്തിലെ പുതിയ സംരംഭങ്ങൾ

168 (2772) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിപ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉൽപ്പാദന മേഖലയിൽ 136 യൂണിറ്റുകൾ, സർവ്വീസ് മേഖലയിൽ 254 യൂണിറ്റുകൾ, ട്രേഡ് മേഖലയിൽ 346 യൂണിറ്റുകൾ എന്നിങ്ങനെ കുന്നത്തുനാട് മണ്ഡലത്തിൽ ആകെ 736 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര നിക്ഷേപം ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 68.92 കോടിരൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. 1713 പേർക്ക് തൊഴിൽ ലഭിച്ചു.

## കോതമംഗലം മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി

169 (2773) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി എത്ര പദ്ധതികളാണ് ആരംഭിക്കുന്നതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ആകെ 1084 പദ്ധതികളാണ് ആരംഭിക്കാൻ ലക്ഷ്യമിടുന്നത്.

നെല്ലിക്കുഴി പഞ്ചായത്ത് - 186

പല്ലാരിമംഗലം - 67

പോത്താനിക്കാട് - 46

കവളങ്ങാട് - 134

കോട്ടപ്പടി - 81

പൈങ്ങാട്ടൂർ - 70

പിണ്ടിമന - 75

കീരംപാറ - 56

വാരപ്പെട്ടി - 84

കുട്ടമ്പുഴ - 110

കോതമംഗലം മുനിസിപ്പാലിറ്റി - 175

(ബി) ഇതിൽ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

791 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇനി എത്ര സംരംഭങ്ങൾ ആരംഭിക്കാനുണ്ടെന്നും അവ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഭൗതിക ലക്ഷ്യമനുസരിച്ച് 293 പദ്ധതികൾകൂടി ആരംഭിക്കാനുണ്ട്. അവ 2023 ഫെബ്രുവരി-മാർച്ച് മാസത്തോടെ പൂർത്തീകരിക്കും.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ പുതുതായി എത്ര പദ്ധതികൾകൂടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ പുതുതായി 293 പദ്ധതികൾകൂടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. അവ 2023 ഫെബ്രുവരി-മാർച്ച് മാസത്തോടെ പൂർത്തീകരിക്കും.

പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി ജനറൽ അവയർനെസ്സ് പ്രോഗ്രാമുകൾ നടത്തി, വിവിധ പദ്ധതികൾ (പി.എം.ഇ.ജി., പി.എം.എഫ്.എം., ഇ.ഇ.എസ്.എസ്., എം.എം.ജി. ആശ) സംബന്ധിച്ച് വിവിധ പ്രോഗ്രാമുകളിലൂടെ സംരംഭകർക്ക് ബോധവൽക്കരണം നടത്തി. ബാങ്ക് മാനേജർമാർക്കും വിവിധ സ്കീമുകളെപ്പറ്റി ബോധവൽക്കരണം നടത്തിയിട്ടുള്ളതും ലൈസൻസുകൾ എടുത്തുനൽകുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ്പേഴ്സണെ നിയമിച്ചിട്ടുള്ളതുമാണ്.

**വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

170 (2774) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കുവേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും ഇതിനായി ചെലവഴിച്ച തുകയും ചുവടെ കുറിക്കുന്നു:

പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി - 167.5/- ലക്ഷം രൂപ

സംരംഭക സഹായ പദ്ധതി - 264/- ലക്ഷം രൂപ

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി - 11.45/- ലക്ഷം രൂപ

കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി-0.43/- ലക്ഷം രൂപ

നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് - 0.26/- ലക്ഷം രൂപ.

സംരംഭക നൈപുണ്യ വികസന പദ്ധതിയിലൂടെ വാമനപുരം സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് സൊസൈറ്റിക്ക് 2/- ലക്ഷം രൂപ.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റേതായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കൂടി ഈ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

എസ്.ഇ.ജി.പി. (മാർജിൻ മണിഗ്രാന്റ്) - 1,21,500/- രൂപ

പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി-മാർജിൻ മണി ഗ്രാന്റ് - 7,95,504/- രൂപ.

**ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു ബ്രാൻഡഡ് ഉല്പന്നം**

171 (2775) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു ബ്രാൻഡഡ് ഉല്പന്നം എന്ന പദ്ധതിയുടെ ഭൗതികലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പന്നങ്ങളെ

സംബന്ധിക്കുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉത്പന്നങ്ങളുടെ സാധ്യത പരിശോധിച്ച് താത്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം (One local body one product-OLOP) എന്ന ആശയം നടപ്പിലാക്കുവാനും പ്രസ്തുത ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പ്രത്യേക ഭൗതിക ലക്ഷ്യം നിലവിൽ നിർണ്ണയിച്ചിട്ടില്ലെങ്കിലും സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായ ലക്ഷ്യം നൽകിക്കൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് മൂന്ന് മുതൽ നാല് ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഈ ബൃഹത്തായ ഒരുലക്ഷം സംരംഭങ്ങൾ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭൗതിക ലക്ഷ്യം 2022 ഡിസംബർ 7-ന് സർക്കാർ കൈവരിച്ചിട്ടുണ്ട്. 2022

ഡിസംബർ 9 വരെയുള്ള കണക്കുപ്രകാരം 102851 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 6,351.41 കോടി രൂപയുടെ നിക്ഷേപവും 223467 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) മാതൃകാപദ്ധതികൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുന്നത് വഴി കൂടുതൽ ആളുകൾ വ്യവസായ രംഗത്തേയ്ക്ക് കടന്നുവരുമെന്നതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംരംഭക വർഷം പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ ഡോക്യുമെന്റ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലകളിലെ മാതൃകാ പദ്ധതികളുടെ വിവര ശേഖരണം വ്യവസായ വികസന ഓഫീസർമാർ വഴി പുരോഗമിക്കുന്നു.

(ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>ചെങ്ങന്നൂർ ബ്ലോക്ക്</u>

2022-23 ജനകീയാസൂത്രണ പദ്ധതിപ്രകാരം എസ്.സി./ജനറൽ വിഭാഗങ്ങളിലായി ഉൽപ്പാദന മേഖലയിൽ 5 സ്വയംതൊഴിൽ സംരംഭങ്ങൾക്കായി 18.75 ലക്ഷംരൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ചെങ്ങന്നൂർ മുനിസിപ്പാലിറ്റി</u>

ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം വനിത-ജനറൽ/എസ്.സി. വിഭാഗങ്ങൾക്കായി സ്വയംതൊഴിൽ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആകെ 16.25 ലക്ഷംരൂപയുടെ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ പൂട്ടിക്കിടന്ന പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

172 (2776) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൂട്ടിക്കിടന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പൂട്ടിക്കിടന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് എന്ന കമ്പനി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി കെൽ ഇലക്ട്രിക്കൽ മെഷീൻസ് എന്ന പേരിൽ ആരംഭിച്ചു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 20 കോടിരൂപ സർക്കാർ അനുവദിക്കുകയുണ്ടായി. കൂടുതൽ ധനസഹായം നൽകി കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുന്നു.

(ബി) നിലവിൽ ജില്ലയിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഈ സ്ഥലം പ്രയോജനപ്പെടുത്തി എന്തെങ്കിലും പുതിയ പദ്ധതികൾ കൊണ്ടുവരുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി&സി) കാസർഗോഡ് ബീച്ച് റോഡിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി 2002-ൽ പ്രവർത്തനം നിർത്തലാക്കിയിരുന്നു. പ്രവർത്തനം നിർത്തലാക്കിയ സമയത്ത് 88 ജീവനക്കാർ ഈ സ്ഥാപനത്തിലുണ്ടായിരുന്നു. ജീവനക്കാർക്കെല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതിപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ കെ.എസ്.ഐ.ഡി.സി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കാസർഗോഡ് KSIDC-യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃകാ വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയും പാക്കിംഗും മറ്റുവ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ

പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുകയാണ്.

**അരൂർ മണ്ഡലത്തിൽ ഫുഡ് പാർക്കിന്റെ ഉദ്ഘാടനം**

173 (2777) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ഫുഡ് പാർക്കിന്റെ ഉദ്ഘാടനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ അരൂർ മണ്ഡലത്തിൽ നിർമ്മിച്ചിരിക്കുന്ന KSIDC Mega Food Park ഉദ്ഘാടനത്തിന് സജ്ജമാണ്. ടി വിവരം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ഉദ്ഘാടനത്തിന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ (ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയം) ഇതിന്മേൽ ഉടൻ ഒരു തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു, കേന്ദ്രസർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കുന്നതനുസരിച്ച് പാർക്കിന്റെ ഉദ്ഘാടനം നടത്തുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി**

174 (2778) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും എത്ര ഹെക്ടറാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ വ്യവസായ പാർക്കിൽ 2 ഏക്കർ സ്ഥലവും ഡിഫൻസ് പാർക്കിൽ 31 ഏക്കർ സ്ഥലവും ഇനി അലോട്ട് ചെയ്യാനുണ്ട്.

**കക്കാട് സ്പിന്നിംഗ് മിൽ ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

175 (2779) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിലുള്ള കക്കാട് സ്പിന്നിംഗ് മിൽ അനിശ്ചിതകാലമായി അടഞ്ഞുകിടക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതാണ്.

കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചുപൂട്ടിയ എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രിക്ക് 09-08-2021-ലും 28-06-2022-ലും കത്തയയ്ക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന എൻ.ടി.സി. മില്ലുകളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ഉപജീവനവും സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതിന് നീതി ആയോഗ് ചേർന്ന് തുടർനടപടി സ്വീകരിക്കുമെന്നാണ് കേന്ദ്ര മന്ത്രി മറുപടി നൽകിയത്.

**തിരുവല്ലയിലെയും ചിറ്റൂരിലെയും പഞ്ചസാര മില്ലുകൾ**

176(2780) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെയും ചിറ്റൂരിലെയും പഴയ പഞ്ചസാര മില്ലുകൾ പുനരുദ്ധരിച്ച് പൊതുമേഖലയിൽ നിലനിർ<u>ത്തു</u>മെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് ഏറ്റെടുക്കുകയും മേൽ രണ്ട് സ്ഥാപനങ്ങളേയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഇന്ത്യൻ നിർമ്മിത വിദേശമദ്യ നിർമ്മാണ യൂണിറ്റുകളായി മാറ്റുമെന്നും 27/03/2008-ലെ G.O.(MS)65/2008/TD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിൽ വിദേശമദ്യ ഉൽപ്പാദനം ആരംഭിക്കുകയും നിലവിൽ 24 ലക്ഷം കെയ്സ് മദ്യം വർഷംതോറും ഉൽപ്പാദിപ്പിച്ച് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് വിൽപ്പന നടത്തുകയും ചെയ്യുന്നു.

ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 16/06/2009-ൽ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിക്കുകയും 13/06/2022-ലെ സ.ഉ.(കൈ) നമ്പർ.38/2022/നികുതി പ്രകാരം ടി സ്ഥാപനത്തിൽ ഒരു 5 ലൈൻ ബ്ലെൻഡിംഗ് ആൻഡ് ബോട്ടിലിംഗ് യൂണിറ്റ് നിർമ്മിച്ച് വിദേശ മദ്യ ഉൽപ്പാദനത്തിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി നാളിതുവരെ ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഇതുവരെ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

**വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ**
**പരിശോധിക്കുന്നതിനായി സമിതി**

177 (2781) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി സർക്കാർ സമിതിയെ നിയോഗിച്ചിരുന്നോ; അറിയിക്കുമോ?

സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആശയം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംരംഭകരെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും സർക്കാർ, നുവാൽസ് വി.സി. ഡോ.സണ്ണിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിരുന്നു.

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതും സംരംഭകരെ ബാധിക്കുന്നതുമായ നിലവിലുള്ള വിവിധ നിയമങ്ങളിൽ സമിതി സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് അന്തിമ റിപ്പോർട്ടായി സർക്കാർ സ്വീകരിച്ചിട്ടില്ല.

(സി) റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും ശിപാർശകളിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും വിവിധ വകുപ്പുകളുടെ കീഴിൽവരുന്ന നിലവിലുള്ള നിയമങ്ങൾ സമിതി പരിശോധിച്ചിരുന്നു. തദ്ദേശസ്വയംഭരണം, തൊഴിൽ, റവന്യൂ, വ്യവസായം, തുടങ്ങി വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. ഇവ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരുമായും മന്ത്രിതല ചർച്ചകൾ നടത്തിയിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പുമന്ത്രിമാരുമായി വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തി. ഡോ. സണ്ണി കമ്മിറ്റി റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, മൈനിംഗ് & ജിയോളജി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിന്

(i) വ്യവസായ വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും

(ii) വ്യവസായ വകുപ്പിന്റേയും തൊഴിലും നൈപുണ്യവും വകുപ്പിന്റേയും

(iii) വ്യവസായ വകുപ്പിന്റേയും മൈനിംഗ് & ജിയോളജി വകുപ്പിന്റേയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് 3 പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പുകൾ അനുപേക്ഷണീയമെന്ന് കാണുന്ന ഭേദഗതികൾ ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് അന്തിമപ്പെടുത്തുന്നതാണ്.

## ഇ-മാർക്കറ്റ്

178 (2782) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മാർക്കറ്റ് രൂപം നൽകാൻ ഉൽപ്പാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിക്കുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഇ-മാർക്കറ്റ് യാഥാർത്ഥ്യമാക്കിക്കൊണ്ട് ഉൽപ്പാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിച്ചുകൊണ്ട്

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ keralaemarket.com എന്ന ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി കയർ മേഖലയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

keralaemarket.com എന്ന ഓൺ ലൈൻ പ്ലാറ്റ്ഫോം വഴി കയർ വികസന വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇ-മാർക്കറ്റിന് രൂപം നൽകി കയർ തൊഴിലാളികളുടെ വരുമാനവും അടിസ്ഥാനസൗകര്യങ്ങളും വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് keralaemarket.com സംവിധാനം കൂടാതെ, സ്വന്തം വെബ്സൈറ്റിലൂടെയും പെപ്പർഫ്രൈ, ആമസോൺ, മീഷോ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു. ഇതിലൂടെ കയർ

തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയും അടിസ്ഥാനസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

**കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

179 (2783) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നൂൽ മില്ലുകളാണ് നിലവിലുള്ളത്; ഇതിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവ എത്ര; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമായി ആകെ 16 നൂൽ മില്ലുകൾ നിലവിൽ പ്രവർത്തിക്കുന്നു.

പൊതുമേഖലയിലുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, സീതാറാം ടെക്സ്റ്റെയിൽസ് ലിമിറ്റഡ് എന്നീ സ്പിന്നിംഗ് മില്ലുകൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.റ്റി.സി) കീഴിലുള്ള 6 സ്പിന്നിംഗ്

മില്ലുകളിൽ ഉദ്യമ ടെക്സ്റ്റയിൽ മിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവയാണ്. എന്നാൽ പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റെയിൽസ്, എടരിക്കോട് ടെക്സ്റ്റെയിൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റെയിൽ ഫെഡറേഷൻ ലിമിറ്റഡിന് (ടെക്സ്ഫെഡ്) കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, ക്വയിലോൺ സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റെയിൽസ് ലിമിറ്റഡ് (മാൽകോടെക്സ്) എന്നീ സ്പിന്നിംഗ് മില്ലുകൾ എല്ലാം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവയാണ്.

(ബി) നൂൽ മില്ലുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തുന്നത്?

സംസ്ഥാനത്തെ നൂൽ മില്ലുകൾ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നുണ്ട്. പരുത്തി ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ അനിയന്ത്രിതമായ വില വർദ്ധനയും നൂലിന്റെ വില ആനുപാതികമായി ഉയരാത്ത സാഹചര്യവും മില്ലുകളുടെ പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങളാണ്.

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നൂലിന്റെ വിലയിൽ എൺപത് ശതമാനം വരെ വർദ്ധനയുണ്ടായതും നൂലിന്റെ ലഭ്യത കുറഞ്ഞതും കൈത്തറി വസ്ത്ര വ്യാപാര മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്തിന് ആവശ്യമായ നൂലിന്റെ എൺപത് ശതമാനവും ഇതര സംസ്ഥാനങ്ങളിൽനിന്നാണ് വരുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ?

പരിശോധിച്ചിട്ടില്ല. എന്നാൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് മുഴുവൻ നൂലും സംസ്ഥാനത്തിന് അകത്തുനിന്നാണ് ഉല്പാദിപ്പിക്കുന്നത്. കൂടാതെ സംസ്ഥാനത്ത്

പ്രവർത്തിക്കുന്ന കൈത്തറികൾക്ക് ആവശ്യമായ നൂലിന്റെ നല്ലൊരു ശതമാനവും സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ഇ) വസ്ത്രങ്ങളുടെ ചായക്കൂട്ട് അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിക്കുകയുണ്ടായോ?

വർദ്ധിച്ചിട്ടുണ്ട്.

(എഫ്) എങ്കിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ/അർദ്ധ സർക്കാർ/ അധ്യാപകർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-202-ലെ സി.ഡി.എൻ.2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചപ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ

വാങ്ങണമെന്നും 11-01-2022 ലെ സി.ഡി.എൻ.2/1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കാനും ഈ പദ്ധതി വിഭാവന ചെയ്യുന്നു.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ്

നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപ്പന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടുകൂടി സംഘടിപ്പിച്ചുവരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ഉപകരിക്കുന്ന ഉപദേശങ്ങൾ നൽകുന്നതിനായി കൈത്തറി ഉപദേശക സമിതിയും കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 5 അംഗ വിദഗ്ധസമിതിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

<u>കൈത്തറിമേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന മറ്റു പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.</u>

- പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

- പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി.
- നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി
- ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ
- കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ
- തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേയ്ക്ക് ആകർഷിക്കാനായുള്ള യുവവീവ് പദ്ധതി
- നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി
- കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.
- വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി

(ജി) സംസ്ഥാനത്തെ നൂൽ മില്ലുകളുടെ പ്രവർത്തനശേഷി വർദ്ധിപ്പിച്ച് നൂൽ ലഭ്യത ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയും അതുവഴി ഉൽപ്പാദനം ഉയർത്തുന്നതിനുമായി പൊതുസഹകരണ മേഖലയിലെ മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുസഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 10 വർഷത്തേയ്ക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**കോട്ടയം ടെക്സ്റ്റൈയിൽസിലെ തൊഴിലാളികൾ**

180(2784) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നറിയിക്കാമോ?

കോട്ടയം ടെക്സ്റ്റൈയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി നൽകിയിട്ടില്ല. ഗ്രാറ്റുവിറ്റി ഇനത്തിൽ 49 ലക്ഷംരൂപ

22 പേർക്കായി കുടിശ്ശികയുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തവണകളായി കൊടുത്തുതീർക്കാൻ കഴിയുന്നതാണ്.

(ബി) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ/അർദ്ധ സർക്കാർ/അധ്യാപകർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ.2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചപ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ സി.ഡി.എൻ.2/1/2022/ പൊഭവ സർക്കുലർപ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കാനും ഈ പദ്ധതി വിഭാവന ചെയ്യുന്നു.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപ്പന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടുകൂടി സംഘടിപ്പിച്ചുവരുന്നു. ഇതുവഴി വിപണന സാധ്യത

കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 5 അംഗ വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(സി) ഹാൻവീവിനും മറ്റുകൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യമുണ്ടോ; ആയത് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഹാൻവീവിന് നിലവിൽ റിബേറ്റ് കുടിശ്ശിക ഇല്ല. റിബേറ്റ് അനുവദിക്കുന്നതിനായി കൈത്തറി സംഘങ്ങളിൽനിന്ന് ലഭിക്കുന്ന അപേക്ഷകളിൽ അർഹതയുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നുണ്ട്. അപാകതയുള്ള അപേക്ഷകളുടെ അപാകത പരിഹരിച്ചതിനുശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം റിബേറ്റ് പദ്ധതിക്കായി അനുവദിച്ച 10 കോടിരൂപയിൽ 2022 ഡിസംബർ 5 വരെ 90,07,532/- രൂപ ഹാൻവീവിനും 1,60,56,655/-

രൂപ പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. ഹാൻടെക്സിന് 1,83,35,708 രൂപയുടെ റിബേറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോട്ടയം ടെക്സ്റ്റൈയിൽസിന്റെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

കോട്ടയം ടെക്സ്റ്റൈയിൽസ് ഉൾപ്പെടെയുള്ള പൊതു-സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുവായ കോട്ടൺ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പാവൂർ മണ്ഡലത്തിൽ കരകൗശല മേഖലയുടെ വികസനം**

181 (2785) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ കരകൗശല വ്യവസായമേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പെരുമ്പാവൂർ മണ്ഡലത്തിൽ കരകൗശല വ്യവസായമേഖലയുടെ വികസനത്തിനായി നിലവിൽ പദ്ധതികളൊന്നുംതന്നെയില്ല.

(ബി) സുരഭി (കേരള സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ്) കാഡ്കോ (കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്നീ സ്ഥാപനങ്ങളിലൂടെ ബാംബൂ മേഖലയായ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സുരഭി (കേരള സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ്) കാഡ്കോ (കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്നീ സ്ഥാപനങ്ങൾ പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) മണ്ഡലത്തിലെ മുടക്കുഴ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദി ഉല്പാദന കേന്ദ്രം വളരെ ശോചനീയമായ കെട്ടിടത്തിലും മെച്ചപ്പെട്ട ഉപകരണങ്ങളുടെ അഭാവത്തിലുമാണ് പ്രവർത്തിക്കുന്നതെന്നതിനാൽ ആയത് നവീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനുകീഴിൽ പ്രവർത്തിക്കുന്നതും മുടക്കുഴ പഞ്ചായത്തിൽ ഉൾപ്പെടുന്നതുമായ ചൂണ്ടക്കുഴി ഖാദി സ്പിന്നിംഗ് സെന്റർ കെട്ടിടത്തിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2,40,000/- രൂപയുടെ പ്രൊപ്പോസൽ 01-04-2022 മുടക്കുഴ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

**കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

182 (2786) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മണ്ണ്-ജല-സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നു. നടപ്പുവർഷം 53.59 ലക്ഷം ച.മീ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. കയർ

ബൈയർ ഷീറ്റുകളുപയോഗിച്ച് മെത്ത നിർമ്മിക്കുന്നതിനുള്ള കയർ മാട്രസ് സ്റ്റിച്ചിംഗ് & ഫിനിഷിംഗ് യൂണിറ്റ് കയർ പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ്.

കയർ മേഖലയുടെ യന്ത്രവൽക്കരണം ലക്ഷ്യമിട്ട് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി രാജ്യത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് പഠനം നടത്തിവരികയുമാണ്.

(ബി) കുറഞ്ഞ വിലയ്ക്ക് തമിഴ്നാട്ടിൽനിന്ന് ചകിരിയെത്തുന്നതും കയറുൽപ്പന്നങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നതും കയർ വ്യവസായ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ?

കുറഞ്ഞ വിലയ്ക്ക് തമിഴ്നാട്ടിൽനിന്ന് ചകിരിയെത്തുന്ന സാഹചര്യവും സ്റ്റോക്കിലുള്ള കയറുൽപ്പന്നങ്ങളുടെ വിൽപ്പന പൂർണ്ണമായും നടക്കാത്ത സാഹചര്യവും നിലവിലുണ്ട്.

ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 8000 മുതൽ 100000 വരെ തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കയർഫെഡ് ഇ-ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി സിസ്റ്റം വഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഇപ്രകാരം പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ കുറഞ്ഞ വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചകിരി കിലോഗ്രാമിന് 22 രൂപയുണ്ടായിരുന്നത് മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 16.50 രൂപയ്ക്ക് സംഘങ്ങൾക്ക് നൽകിവരുന്നു.

പി.വി.സി. ഉല്പന്നങ്ങൾ മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കയ്യടക്കുന്നതുമൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത

ഓർഡർ ക്ഷാമമുണ്ടാകാൻ കാരണമായിട്ടുള്ളത്. എന്നിരുന്നാലും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചുവരികയും ചെയ്യുന്നു. റെയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെ ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽനിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 8000 മുതൽ 100000 വരെ തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കയർഫെഡ് ഇ-ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി സിസ്റ്റംവഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ കുറഞ്ഞ വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) കയറ്റുമതി ലക്ഷ്യമിട്ടുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കയർ ഉൽപ്പാദനത്തിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കയർ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിക്ക് സർക്കാർ രൂപംകൊടുത്തിട്ടുണ്ട്. കയറ്റുമതി ലക്ഷ്യമിട്ടുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ,

കയർ ഉൽപാദനത്തിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ പ്രസ്തുത സമിതിയുടെ പരിഗണനാ വിഷയങ്ങളാണ്.

**കയർ മേഖലയിൽ കാലാനുസൃതമായ മാറ്റം**

183 (2787) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കയർ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് 26-08-2022-ലെ സ.ഉ.(സാധാ)നം. 930/22/വ്യവ. പ്രകാരം രാജ്യത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരെയുൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പഠനം പുരോഗമിച്ചുവരുന്നു.

(ബി) വിപണനം, യന്ത്രവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ കാലാനുസൃതമായ മാറ്റംവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ, മെഗാമാർട്ട് എന്നിവരുമായി വാണിജ്യ കരാറിലേർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചുവരുന്നുണ്ട്. റെയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കയറുല്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്താനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ്‌ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ വഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺ-ലൈനിലുമായി പങ്കെടുത്ത് പുതിയ ബയേഴ്സിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം തൊഴിലുറപ്പ് പദ്ധതിയിലൂടെ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുന്നതിനായുള്ള നടപടികൾ നടന്നുവരികയാണ്. 140 കയർ സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ അനുവദിച്ചിട്ടുണ്ട്. 26000 ഇ-റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രതിദിനം 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരിയുല്പാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയർ വികസന വകുപ്പിനുകീഴിലുള്ള നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. പീറ്റ്കോൾ ഡോട്ട്സ് -**

ചകിരിച്ചോറിനെ വായുസഞ്ചാരം കുറഞ്ഞ അന്തരീക്ഷത്തിൽ ശക്തമായി ചൂടാക്കി അതിലെ ജലാംശം പൂർണ്ണമായും ഇല്ലാതാക്കി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് പീറ്റ്കോൾ ഡോട്ട്സ്. ഇത് ചാർക്കോളിന് പകരമായും സുഗന്ധദ്രവ്യമായും ഉപയോഗിക്കാവുന്നതാണ്.

**2. മൊബൈൽ ടെൻഡർ ക്രഷിംഗ് മെഷീൻ-**

കരിക്കിൻ തൊണ്ട് ചതച്ചെടുക്കുന്നതിനായി വികസിപ്പിച്ചെടുത്തു. ഇതുപയോഗിച്ച് പോട്ടിംഗ് ഫില്ലർ ഉൽപ്പാദിപ്പിക്കാനുള്ള പരീക്ഷണങ്ങൾ നടന്നുവരുന്നു.

**3. കയർ ജിയോ-സെൽ -**

കയർ ജിയോ-ടെക്സ്റ്റയിൽസ് കൊണ്ട് നിർമിച്ച കയർ ജിയോ-സെൽ കുത്തായ ചരിവ് പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്നു.

**4. കയർ മൾച്ചിംഗ് മാറ്റുകൾ -**

കളകൾ ഒഴിവാക്കാനായി കാർഷിക മേഖലയിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന സിന്തറ്റിക് മൾച്ചുകൾക്ക് പകരം ഉപയോഗിക്കുന്നു.

**5. ട്രൈക്കോപിത്ത് -**

ചകിരിച്ചോറിനെ കുറഞ്ഞ സമയംകൊണ്ട് വളമാക്കി മാറ്റുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് ട്രൈക്കോപിത്ത്.

**6. അകൗസ്റ്റിക് പാനലുകൾ -**

ശബ്ദത്തിന്റെ പ്രതിധ്വനി കുറച്ച് ശബ്ദ മലിനീകരണത്തെ നിയന്ത്രിക്കാൻ സാധിക്കുന്നു.

**7. ബൈൻഡർലെസ് ബോർഡുകൾ -**

വുഡൻ ബോർഡുകൾക്ക് പകരമായി യാതൊരു കെമിക്കൽ ബൈൻഡറുകളും ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്നവയാണ് ബൈൻഡർലെസ് ബോർഡുകൾ.

**8. ഇ-കയർ ബാഗ്സ്-**

പ്ലാസ്റ്റിക് ഗ്രോ ബാഗുകൾക്ക് പകരമായി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ ഗ്രോബാഗുകളാണ് ഇവ .

(ഡി) കയർ മേഖലയിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക നൽകാത്തതോടെ തൊഴിലാളികളുടെ ശമ്പളം മുടങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ടായിട്ടില്ല. കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം വഴി ഈ വർഷം 16.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 16.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി മറികടക്കാൻ പദ്ധതി**

184 (2788) ശ്രീ സജി ചെറിയാൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും

കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ രണ്ടാം കയർ പുനഃസംഘടന പദ്ധതിപ്രകാരം പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡി.എഫ്. മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി കയർ അകൗസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, ബൈൻഡർലെസ് ബോർഡ്, കയർ ജിയോ-സെൽ തുടങ്ങിയ ഉല്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് 26-08-22-ലെ സ.ഉ.(സാധാ)നം.930/22/വ്യവ.

പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു+.

(സി) 2015-16 കാലയളവിനെ അപേക്ഷിച്ച് കയറുല്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം എത്രയെന്ന് അറിയിക്കാമോ; ചകിരിയുല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2015-16 കാലയളവിൽ 7880 ടണ്ണായിരുന്ന കയറുല്പാദനം 2021-22-ൽ 18662 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ കയർ മേഖലയ്ക്കാവശ്യമായ ചകിരി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 8000 മുതൽ 100000 വരെ തൊണ്ട് പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചതുവഴി ചകിരി ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കയർ മേഖലയുടെ പുനരുജ്ജീവനം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

185 (2789) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം കയർ മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് മാറ്റിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കയർ മേഖലയ്ക്ക് നടപ്പ് സാമ്പത്തികവർഷം 117 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. കയർ മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും മാറ്റിവച്ചിരിക്കുന്ന തുകയും ചുവടെ ചേർക്കുന്നു.

1. വിപണനം, പരസ്യപ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം - 1,000 ലക്ഷം
2. കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം) - 900 ലക്ഷം

3. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം - 800 ലക്ഷം.

4. കയർ ഭ്രൂവസ്ത്ര വികസന പരിപാടി - 100 ലക്ഷം

5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും - 3,200 ലക്ഷം

6. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും - 300 ലക്ഷം.

7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) - 400 ലക്ഷം + 300 ലക്ഷം ( റീ-അപ്രോപ്രിയേഷൻ)

8. ക്രയവില സ്ഥിരതാ പദ്ധതി- 3,800 ലക്ഷം

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസനവും തൊണ്ടുശേഖരണ പരിപാടിയും - 134 ലക്ഷം.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം - 15 ലക്ഷം.

11. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം - 1,000 ലക്ഷം

12. കയർ രണ്ടാം പുനഃസംഘടന - 1 ലക്ഷം.

(ബി) കയറുൽപ്പന്നങ്ങളുടെ വിലസ്ഥിരത ഫണ്ടിനായി എത്ര തുകയാണ് മാറ്റിവച്ചിരിക്കുന്നതെന്നും ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

കയറുല്പന്നങ്ങളുടെ വില സ്ഥിരതാ ഫണ്ടിനായി 2022-23 വർഷം ആകെ 38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 24,91,82,524/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിന് നടപടി**

186 (2790) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ കശുവണ്ടി വ്യവസായമേഖലയുടെ പുനരുജ്ജീവനത്തിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ മൂന്നുലക്ഷത്തിലധികം വരുന്ന കുടുംബങ്ങളുടെ പ്രധാന ഉപജീവനമേഖലയായ കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന കശുവണ്ടി വ്യവസായ വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ 40 ഫാക്ടറികളിലായി ഏകദേശം 16000 ത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-ൽ 101 ദിവസവും 2022-ൽ 55 തൊഴിൽദിനങ്ങളും കാഷ്യൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതുൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് 325.75 കോടി രൂപ സർക്കാർ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാറ്റുവിറ്റി കുടിശ്ശികയുൾപ്പെടെ 23 കോടി രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തികവർഷം 200 ലക്ഷം രൂപയും 2022-23 സാമ്പത്തികവർഷം 300 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്. ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോളവത്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷവും 2022-23 സാമ്പത്തികവർഷവും 50 ലക്ഷം രൂപ വീതം സർക്കാർ നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കാപ്പെക്സിന് 2016-17 മുതൽ 2020-21 വരെ പദ്ധതി വിഹിതത്തിൽ 60.85 കോടിരൂപ സർക്കാർ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 200 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ 2016 മുതൽ 2020 വരെയുള്ള വർഷങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 9.57 കോടി രൂപയും 2021-ൽ അനുവദിച്ചിട്ടുണ്ട്. കാപ്പെക്സ് 2021-ൽ 140 ദിവസവും 2022-ൽ 116 തൊഴിൽദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നുള്ള 1509 തൊഴിലാളികളെ 2016-2021 കാലയളവിൽ കാപ്പെക്സിൽ നിയമിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി അവലോകനവും പ്രവർത്തന നിരീക്ഷണവും റിയാബിന്റെ പരിധിയിലുൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള

വേതനം, ബോണസ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങളും ഇ.എസ്.ഐ., ഇ.പി.എഫ്., ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്. കാഷ്യൂ കോർപ്പറേഷനിലെ കാൻസർ ബാധിതരായ തൊഴിലാളികൾക്ക് കോർപ്പറേഷന്റെ ക്ഷേമപദ്ധതിയിൽനിന്നും 'കനിവ് 2022' സ്കീമിൽപ്പെടുത്തി 5,000 രൂപയുടെ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിലെ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020-2021 വർഷങ്ങളിലെ ഓണത്തിന് 2,000 രൂപയും 10 കിലോ അരിയുടെ വിലയായ 250 രൂപയും ചേർത്ത് 2250 രൂപയും 2020, 2021 വർഷങ്ങളിൽ എല്ലാ തൊഴിലാളികൾക്കും കോവിഡ് ധനസഹായമായി 1,000 രൂപ വീതവും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും നാടൻ തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി 2007-ൽ സർക്കാർ രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസിവഴി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കർഷകർക്ക് സൗജന്യമായി നൽകിവരുന്നു. ടി ഏജൻസിയുടെ പ്രവർത്തന

ഫലമായി 26,271 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നിലവിലുണ്ട്. 2020-21 മുതൽ 2022-23 ഒക്ടോബർ മാസം വരെ 13,08,940 കശുമാവ് തൈകൾ ഏജൻസി വിതരണം ചെയ്തിട്ടുണ്ട്. 2020-21 മുതൽ 2022-23 വരെ 987.87006 ലക്ഷം രൂപ ഏജൻസിക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി രംഗത്തെ ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംസ്ഥാനത്തിനുപുറമെനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ചെറുകിട സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കും നൽകുന്നതിനുവേണ്ടി 2017-ൽ സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചു. കേരള കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതുവരെയായി 48850 മെട്രിക് ടൺ തോട്ടണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ഇതുവരെ 7852 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. കൂടാതെ ടാൻസാനിയയിൽനിന്നും 2000 മെട്രിക് ടൺ തോട്ടണ്ടിയും മൊസാംബിക്കിൽനിന്നും 1000-2000 മെട്രിക്

ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി ബോർഡ് സ്വീകരിച്ചുവരുന്നു. ടാൻസാനിയൻ സർക്കാർവഴി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന്റെ ഭാഗമായി ടാൻസാനിയൻ ഗവൺമെന്റിന്റെ കീഴിലുള്ള Tanzanian Cashewnut Board മായി കാഷ്യൂ ബോർഡ് ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർതലത്തിലും ടാൻസാനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കാഷ്യൂ ബോർഡിന് 37.30 കോടി രൂപയും 2022-23 ൽ 40.85 കോടി രൂപയും വായ്പ ഇനത്തിൽ കാഷ്യൂ ബോർഡിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

തകർച്ചയിലായ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി മുൻസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ബാങ്കുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിയമാവലിക്കും

വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെയും തുടർച്ചയായ ചർച്ചകളുടെയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തികരംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള കാഷ്യൂ ബോർഡ് ആഗോള ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറവായതിനാൽ അതിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി തുടർനടപടി സ്വീകരിക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-09-2022-ന് ആഗോളതലത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡേഴ്സിനെ ഉൾപ്പെടുത്തി ഒരു Suppliers Meet നടത്തിയിട്ടുണ്ട്.

16-08-2022-ന് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൊല്ലത്തുവച്ച് കശുവണ്ടി വ്യവസായികളുടെ ഒരു യോഗം ചേരുകയും ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും വിലയിരുത്തുകയും ചെയ്തു. അന്നേദിവസം കശുവണ്ടി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തുകയും തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെ തുടർച്ചയായി, സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് കൊല്ലത്ത് സിറ്റിംഗ് നടത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ

തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇൻസെന്റീവ് സ്കീമിനായി 30 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനായി പ്രത്യേക പാക്കേജിന് രൂപംനൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

കശുവണ്ടി വികസന കോർപ്പറേഷനെയും കാപ്പെക്സിനെയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം സർക്കാർ ടി

സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. അതനുസരിച്ച് കശുവണ്ടി വികസന കോർപ്പറേഷനിൽ യന്ത്രവത്കരണം കൂടുതൽ വിപുലപ്പെടുത്തിയും പ്രോസസ്സിംഗ് ചാർജ്ജ് കുറച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കോർപ്പറേഷൻ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നിലവിൽ റിയാബിന്റെ പരിശോധനയിലാണ്. കൂടാതെ കാപ്പെക്സ് ലാഭത്തിലാക്കുന്നതിന് നിയന്ത്രിത യന്ത്രവത്കരണം, ചെറുകിട വിൽപ്പന ഉയർത്തൽ, കശുമാവ് കൃഷി വ്യാപനം എന്നിവ ഹ്രസ്വ, ഇടക്കാല, ദീർഘ പദ്ധതികളായി ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ കാപ്പെക്സ് തയ്യാറാക്കിവരുന്നു.

(സി) നഷ്ടത്തിലായ പ്രസ്തുത ഫാക്ടറി ഉടമകളുമായി ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കമ്പനികൾക്ക് ധനസഹായം നൽകാനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗ തീരുമാനങ്ങൾ വിശദമാക്കാമോ?

(സി & ഡി) കശുവണ്ടി ഉൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ കേരളത്തിലുടനീളം ലഭ്യമാക്കാൻ ലഭ്യമാകത്തക്കവിധത്തിൽ കാഷ്യൂ കോർപ്പറേഷൻ വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 12 ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടിപ്പരിപ്പും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ ഫ്രാഞ്ചൈസി മുതലായവ വഴി കേരളത്തിലുടനീളം വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വാൻ സെയിൽസ്, ട്രേഡ് ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ് ഫെഡ്, കൺസ്യൂമർഫെഡ്, HDCK, സപ്ലൈകോ മുതലായവ വഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു. സർക്കാർ പദ്ധതി വിഹിതമായി ബ്രാൻഡ് വികസനത്തിന് അനുവദിക്കുന്ന തുക വിനിയോഗിച്ച് കാപ്പെക്സിന്റെ ബ്രാൻഡ് ഉൽപ്പന്നമായ "കാപ്പെക്സ് കാഷ്യൂസ്" -ന്റെ മാർക്കറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ടി ബ്രാൻഡിന്റെ മാർക്കറ്റിംഗിനായി ഹോർഡിംഗുകൾ സ്ഥാപിക്കുന്ന നടപടികൾ

പുരോഗമിക്കുന്നു. തെരഞ്ഞെടുത്ത മീഡിയകൾ വഴി കാപ്പെക്സിന്റെ പരസ്യങ്ങൾ നൽകുന്നു. ചെറുകിട വിൽപ്പന സുഗമമാക്കുന്നതിന്റെ ഭാഗമായി ഒരു സെയിൽസ് ഡെലിവറി വാൻ വാങ്ങുന്ന നടപടികളും പുരോഗമിക്കുന്നു. കൂടാതെ ONDC പ്ലാറ്റ്ഫോം വഴി കാപ്പെക്സിന്റെ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഞ്ചംഗ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പരസ്യവും ന്യൂജനറേഷൻ പാക്കിംഗും മറ്റും അവതരിപ്പിച്ച് ഇന്ത്യൻ മാർക്കറ്റിലും അന്താരാഷ്ട്ര മാർക്കറ്റിലും ട്രേഡ്ഫെയറിലും ബിസിനസ്സ് വിപുലീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ എണ്ണം**

187 (2791) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കശുവണ്ടി ഫാക്ടറികളുണ്ടെന്നും ഇതിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര വീതമുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; നിലവിൽ ഇതിൽ എത്ര ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 868 കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിൽ സർക്കാർ മേഖലയിൽ 40 ഫാക്ടറികളും സ്വകാര്യ മേഖലയിൽ 828 ഫാക്ടറികളുമുണ്ട്. നിലവിൽ സർക്കാർ മേഖലയിലെ 40 ഫാക്ടറികളും സ്വകാര്യ മേഖലയിലെ 305 ഫാക്ടറികളും തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി) കശുവണ്ടി വ്യവസായം തകർന്നത് കാരണം സംസ്ഥാനത്ത് 2016 മേയ് മുതൽ നാളിതുവരെ എത്ര വ്യവസായികൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

കശുവണ്ടി വ്യവസായം തകർന്നതുകാരണം സംസ്ഥാനത്ത് വ്യവസായികൾ ആത്മഹത്യ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

188 (2792) <u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ, പൊതുമേഖലകളിലായി നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണെന്നത് വസ്തുതയല്ലേ; വിശദാംശം നൽകാമോ?

വസ്തുതയാണ്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും 40 ഫാക്ടറികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പരിധിയിലുള്ള സ്വകാര്യ മേഖലയിലെ 828 ഫാക്ടറികളിൽ 523 എണ്ണം അടഞ്ഞുകിടക്കുകയാണ്.

(ബി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി

മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20-ലെ പലിശ 9 ശതമാനം സബ്സിഡിയിനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുകയുണ്ടായി. ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC -ക്ക് അനുവദിക്കുകയും ചെയ്തു.

സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവരുൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി

30-12-2021-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

31-01-2019 വരെ NP അക്കൗണ്ടുകൾക്കുപകരം 31-03-2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

രണ്ട് കോടി രൂപവരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപവരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി ഒരുവർഷം വരെ സമയം അനുവദിക്കുന്നതാണ്.

OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Payment ആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ രണ്ട് മാസത്തെ സമയം അനുവദിക്കുന്നതാണ്.

കോവിഡ് മഹാമാരിമൂലം മാന്ദ്യതയിലായ സാമ്പത്തികരംഗം തകർച്ചയിൽനിന്നും ഇനിയും പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽനിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുകയും ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16-06-2022-ലെ സ.ഉ(സാധാ)നം. 562/2022/വ്യവ പ്രകാരം 31-03-2022 വരെ എന്നുള്ളത് 31-12-2022 വരെ എന്ന് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.

കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 95 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തനമൂലധനവും

ആധുനികീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് കൊല്ലത്ത് സിറ്റിംഗ് നടത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി

ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.+ കൂടാതെ 2021, 2022 വർഷങ്ങളിൽ കോവിഡ് പ്രത്യേക ധനസഹായമായി അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 1,000 രൂപ വീതം ക്ഷേമനിധി ബോർഡ് വഴി നൽകി.

ഇതിനുപുറമെ അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബസൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബസൈറ്റിൽ ലഭ്യമാണ്

(ഡി) കശുവണ്ടിത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസമായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

കശുവണ്ടിത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസമായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി**

189 (2793) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൂന്നുലക്ഷത്തിലധികം വരുന്ന കുടുംബങ്ങളുടെ പ്രധാന ഉപജീവനമേഖലയായ കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മൂന്നുലക്ഷത്തിലധികം വരുന്ന കുടുംബങ്ങളുടെ പ്രധാന ഉപജീവനമേഖലയായ കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന കശുവണ്ടി വ്യവസായ വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ 40 ഫാക്ടറികളിലായി ഏകദേശം 1600-ത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-ൽ 101 ദിവസവും 2022-ൽ 55 തൊഴിൽദിനങ്ങളും കാഷ്യൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതുൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് 325.75 കോടിരൂപ സർക്കാർ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാറ്റുവിറ്റി കുടിശ്ശികയുൾപ്പെടെ 23 കോടിരൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 200 ലക്ഷംരൂപയും 2022-23 സാമ്പത്തിക വർഷം 300 ലക്ഷംരൂപയും സർക്കാർ നൽകിയിട്ടുണ്ട്. ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോളവത്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷവും 2022-23 സാമ്പത്തിക വർഷവും 50 ലക്ഷംരൂപ വീതം സർക്കാർ നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കാപ്പെക്സിന് 2016-17 മുതൽ 2020-21 വരെ പദ്ധതി വിഹിതത്തിൽ 60.85 കോടിരൂപ സർക്കാർ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 200 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ 2016 മുതൽ 2020 വരെയുള്ള വർഷങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 9.57 കോടിരൂപയും 2021-ൽ അനുവദിച്ചിട്ടുണ്ട്. കാപ്പെക്സ് 2021-ൽ 140 ദിവസവും 2022-ൽ 116 തൊഴിൽദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നുള്ള 1509 തൊഴിലാളികളെ 2016-2021 കാലയളവിൽ കാപ്പെക്സിൽ നിയമിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനപുരോഗതി അവലോകനവും പ്രവർത്തന നിരീക്ഷണവും റിയാബിന്റെ പരിധിയിലുൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള

വേതനം, ബോണസ്സ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങളും ഇ.എസ്.ഐ, ഇ.പി.എഫ്, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്. കാഷ്യൂ കോർപ്പറേഷനിലെ കാൻസർ ബാധിതരായ തൊഴിലാളികൾക്ക് കോർപ്പറേഷന്റെ ക്ഷേമപദ്ധതിയിൽനിന്നും 'കനിവ് 2022' സ്കീമിൽപ്പെടുത്തി 5,000 രൂപയുടെ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിലെ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020-2021 വർഷങ്ങളിലെ ഓണത്തിന് 2,000 രൂപയും 10 കിലോ അരിയുടെ വിലയായ 250 രൂപയും ചേർത്ത് 2,250 രൂപയും 2020, 2021 വർഷങ്ങളിൽ എല്ലാ തൊഴിലാളികൾക്കും കോവിഡ് ധനസഹായമായി 1,000 രൂപ വീതവും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും നാടൻ തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി 2007 -ൽ സർക്കാർ രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസിവഴി അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കർഷകർക്ക് സൗജന്യമായി നൽകിവരുന്നു. ടി ഏജൻസിയുടെ പ്രവർത്തന

ഫലമായി 26,271 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നിലവിലുണ്ട്. 2020-21 മുതൽ 2022-23 ഒക്ടോബർ മാസം വരെ 1308940 കശുമാവ് തൈകൾ ഏജൻസി വിതരണം ചെയ്തിട്ടുണ്ട്. 2020-21 മുതൽ 2022-23 വരെ 987.87006 ലക്ഷം രൂപ ഏജൻസിക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി രംഗത്തെ ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംസ്ഥാനത്തിന് പുറമെനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ചെറുകിട സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കും നൽകുന്നതിനുവേണ്ടി 2017-ൽ സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചു. കേരള കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതുവരെയായി 48850 മെട്രിക് ടൺ തോട്ടണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഇതുവരെ 7852 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. കൂടാതെ ടാൻസാനിയയിൽനിന്നും 2000 മെട്രിക് ടൺ തോട്ടണ്ടിയും

മൊസാംബിക്കിൽനിന്നും 1000-2000 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി ബോർഡ് സ്വീകരിച്ചുവരുന്നു. ടാൻസാനിയൻ സർക്കാർ വഴി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന്റെ ഭാഗമായി ടാൻസാനിയൻ ഗവൺമെന്റിന്റെ കീഴിലുള്ള Tanzanian Cashewnut Board-മായി കാഷ്യൂ ബോർഡ് ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർതലത്തിലും ടാൻസാനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കാഷ്യൂ ബോർഡിന് 37.30 കോടിരൂപയും 2022-23-ൽ 40.85 കോടിരൂപയും വായ്പയിനത്തിൽ കാഷ്യൂ ബോർഡിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

തകർച്ചയിലായ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി മുൻസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ബാങ്കുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന

വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിയമാവലിക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെയും തുടർച്ചയായ ചർച്ചകളുടെയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിലെത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തികരംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള കാഷ്യൂ ബോർഡ് ആഗോള ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറവായതിനാൽ അതിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി തുടർനടപടി സ്വീകരിക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-09-2022-ന് ആഗോളതലത്തിൽ ഈ

മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡേഴ്സിനെ ഉൾപ്പെടുത്തി ഒരു Suppliers Meet നടത്തിയിട്ടുണ്ട്.

16-08-2022-ന് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൊല്ലത്തുവച്ച് കശുവണ്ടി വ്യവസായികളുടെ ഒരു യോഗം ചേരുകയും ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും വിലയിരുത്തുകയും ചെയ്തു. അന്നേദിവസം കശുവണ്ടി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തുകയും തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെ തുടർച്ചയായി, സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് കൊല്ലത്ത് സിറ്റിംഗ് നടത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ,

കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇൻസെന്റീവ് സ്കീമിനായി 30 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉല്പാദന ചെലവ് ഇരട്ടിയിലധികമാണെന്നതുകൂടി പരിഗണിച്ച് കശുവണ്ടി വ്യവസായ

മേഖലയിൽ ആധുനികവത്കരണത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കശുവണ്ടി വികസന കോർപ്പറേഷനെയും കാപ്പെക്സിനെയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം സർക്കാർ ടി സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. അതനുസരിച്ച് കശുവണ്ടി വികസന കോർപ്പറേഷനിൽ യന്ത്രവത്കരണം കൂടുതൽ വിപുലപ്പെടുത്തിയും പ്രോസസ്സിംഗ് ചാർജ്ജ് കുറച്ചും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും കശുവണ്ടിപ്പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കോർപ്പറേഷൻ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നിലവിൽ റിയാബിന്റെ പരിശോധനയിലാണ്. കൂടാതെ കാപ്പെക്സ് ലാഭത്തിലാക്കുന്നതിന് നിയന്ത്രിത യന്ത്രവത്കരണം, ചെറുകിട വിൽപ്പന ഉയർത്തൽ, കശുമാവ് കൃഷി വ്യാപനം എന്നിവ ഹ്രസ്വ, ഇടക്കാല, ദീർഘ പദ്ധതികളായി ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ കാപ്പെക്സ് തയ്യാറാക്കിവരുന്നു.

(സി) കശുവണ്ടി വ്യവസായ മേഖലയിൽ മാർക്കറ്റിംഗിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കാര്യത്തിലും പ്രൊഫഷണൽ ഏജൻസികളുടെ സഹായം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കശുവണ്ടി ഉൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ കേരളത്തിലുടനീളം ലഭ്യമാകത്തക്കവിധത്തിൽ കാഷ്യൂ കോർപ്പറേഷൻ വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 12 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടിപ്പരിപ്പും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുകയും ചെയ്യുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ ഫ്രാഞ്ചൈസി മുതലായവ വഴി കേരളത്തിലുടനീളം വിപണി സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വാൻ സെയിൽസ്, ട്രേഡ് ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ് ഫെഡ്, കൺസ്യൂമർഫെഡ്, HDCK, സപ്ലൈകോ മുതലായവ വഴിയും കശുവണ്ടിപ്പരിപ്പ് വിപണനം നടത്തുന്നു.

സർക്കാർ പദ്ധതി വിഹിതമായി ബ്രാൻഡ് വികസനത്തിന് അനുവദിക്കുന്ന തുക വിനിയോഗിച്ച് കാപ്പെക്സിന്റെ ബ്രാൻഡ് ഉൽപ്പന്നമായ "കാപ്പെക്സ് കാഷ്യൂസ്" -ന്റെ മാർക്കറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ടി ബ്രാൻഡിന്റെ മാർക്കറ്റിംഗിനായി ഹോർഡിംഗുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. തെരഞ്ഞെടുത്ത മീഡിയകൾവഴി കാപ്പെക്സിന്റെ പരസ്യങ്ങൾ നൽകുന്നു. ചെറുകിട വിൽപ്പന സുഗമമാക്കുന്നതിന്റെ ഭാഗമായി ഒരു സെയിൽസ് ഡെലിവറി വാൻ വാങ്ങുന്ന നടപടികളും പുരോഗമിക്കുന്നു. കൂടാതെ ONDC പ്ലാറ്റ്ഫോം വഴി കാപ്പെക്സിന്റെ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഞ്ചംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പരസ്യവും ന്യൂജനറേഷൻ പാക്കിംഗും മറ്റും അവതരിപ്പിച്ച് ഇന്ത്യൻ മാർക്കറ്റിലും അന്താരാഷ്ട്ര മാർക്കറ്റിലും ട്രേഡ്ഫെയറിലും ബിസിനസ് വിപുലീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ സംസ്കരിക്കുന്ന തോട്ടണ്ടിയുടെ 60 ശതമാനം ഇറക്കുമതി വഴിയാണെന്നത് പരിഗണിച്ച് ആഭ്യന്തരമായി തോട്ടണ്ടികൃഷി വ്യാപിപ്പിക്കുന്നതിന് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും വകുപ്പും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കശുവണ്ടി മേഖലയിൽ കശുമാവിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് തോട്ടണ്ടി സംഭരണത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കൃഷി പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയത് തുടർന്നും നടപ്പിലാക്കിവരുന്നു. കശുമാവ് കൃഷി വികസന ഏജൻസി ഈ സംരംഭത്തിന് നേതൃത്വം നൽകുന്നു.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെനിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും 50 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

കൂടാതെ കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടം പദ്ധതിപ്രകാരം അത്യുൽപ്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചിരുന്നു. അത്യുല്പാദനശേഷിയുള്ള മേൽത്തരം ഗ്രാഫ്റ്റുകൾ കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി വിവിധ പദ്ധതികളിലൂടെ നൽകിവരുന്നു. കെ.എസ്.എ.സി.സി.-യുടെ

പ്രവർത്തനഫലമായി 2009-10-മുതൽ 2021-22 വരെ 26271 ഹെക്ടർ സ്ഥലത്ത് കശുമാവ്കൃഷി നിലനിൽക്കുന്നുണ്ട്. 2020-21 മുതൽ 2022-23 ഒക്ടോബർ മാസം വരെ 1308940 കശുമാവ് തൈകൾ മോഡൽ കാഷ്യു ഫാം, മോഡൽ കാഷ്യു ഗാർഡൻ, മുറ്റത്തൊരു കശുമാവ് എന്നീ സ്കീം പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

## കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും മിനിമം വേതനവും

190 (2794) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ മേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ മേഖലയിലെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് 97 തൊഴിൽ ദിനങ്ങളും കാപ്പെക്സ് 179 തൊഴിൽദിനങ്ങളും നൽകിയിട്ടുണ്ട്.

(ബി) കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം എത്രയാണെന്ന് വിശദമാക്കാമോ?

കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം ചുവടെ ചേർക്കുന്നു.

## 1. പീസ് റേറ്റുകാരുടെ നിരക്ക്

1) ഷെല്ലിംഗ് (തല്ല്/കട്ടിംഗ്): പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന്-36.19 രൂപ

2) പീലിംഗ് (തൊലിയെടുപ്പ്) : പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കി എടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന്- 46.03 രൂപ

3) പീലിംഗ് (തല്ലുപൊടി) : തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് -31.63 രൂപ

## 2. ദിവസ ശമ്പളക്കാരുടെ കൂലി

| ക്രമ നം. | വിഭാഗം | അടിസ്ഥാന വേതനം |
|---|---|---|
| 1 | ഗ്രേഡർ | 285.00 |
| 2 | ടിൻ ഫില്ലർ | 291.75 |
| 3 | മൈക്കാട് (പൊടിയെടുപ്പ്, തൊലിപ്പാറ്റ്, കേടെടുപ്പ്, പരിപ്പ് ഇടഞ്ഞുവാരൽ) | 291.75 |
| 4 | സ്റ്റെൻസിലർ | 312.00 |
| 5 | മൈക്കാട് ജനറൽ | 312.00 |
| 6 | ചുമട്ടുതൊഴിലാളി (കയറ്റിറക്ക്) | 345.75 |
| 7 | ഫയർമാൻ | 345.75 |

| | | |
|---|---|---|
| 8 | സോക്കിംഗ് & സൈസിംഗ് വർക്കർ | 312.00 |
| 9 | ഓയിൽ എക്സ്ട്രാക്ടർ/ഓയിൽ എക്സ്പെല്ലർ | 379.50 |
| 10 | ആശാരി | 379.50 |
| 11 | കൊല്ലൻ | 379.50 |
| 12 | മെക്കാനിക്ക് | 379.50 |
| 13 | ലാപ് ചെക്കർ | 291.75 |

അടിസ്ഥാന ശമ്പളത്തിനുപുറമെ ഇവർക്ക് പ്രതിദിനം 67.44 രൂപ ക്ഷാമബത്തയിനത്തിലും ലഭിക്കുന്നുണ്ട്.

**കശുവണ്ടിത്തൊഴിലാളികളുടെ കൂലി**

191 (2795) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളികളുടെ കൂലി വർദ്ധന എന്നാണ് അവസാനമായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; കശുവണ്ടിത്തൊഴിലാളികളുടെ നിലവിലെ കൂലി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം എത്രയാണെന്ന് വിശദമാക്കാമോ?

(എ & ബി) 2015 മാർച്ച് 1 നാണ് കശുവണ്ടിത്തൊഴിലാളികളുടെ കൂലി വർദ്ധന അവസാനമായി നടപ്പിലാക്കിയത്. ആയതുപ്രകാരം നിലവിലെ കൂലി ചുവടെ പറയും പ്രകാരമാണ്.

**1. പീസ് റേറ്റുകാരുടെ നിരക്ക്**

1) ഷെല്ലിംഗ് (തല്ല്/കട്ടിംഗ്): പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന്-36.19 രൂപ

2) പീലിംഗ് (തൊലിയെടുപ്പ്) : പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കി എടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന്- 46.03 രൂപ

3) പീലിംഗ് (തല്ലുപൊടി) : തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് -31.63 രൂപ

**2. ദിവസ ശമ്പളക്കാരുടെ കൂലി**

| ക്രമ നം. | വിഭാഗം | അടിസ്ഥാന വേതനം (രൂപ) |
|---|---|---|
| 1 | ഗ്രേഡർ | 285.00 |
| 2 | ടിൻ ഫില്ലർ | 291.75 |
| 3 | മൈക്കാട് (പൊടിയെടുപ്പ്, തൊലിപ്പാറ്റ്, കേടെടുപ്പ്, പരിപ്പ് ഇടഞ്ഞുവാരൽ) | 291.75 |
| 4 | സ്റ്റെൻസിലർ | 312.00 |
| 5 | മൈക്കാട് ജനറൽ | 312.00 |

| | | |
|---|---|---|
| 6 | ചുമട്ടുതൊഴിലാളി (കയറ്റിറക്ക്) | 345.75 |
| 7 | ഫയർമാൻ | 345.75 |
| 8 | സോക്കിംഗ് & സൈസിംഗ് വർക്കർ | 312.00 |
| 9 | ഓയിൽ എക്സ്ട്രാക്ടർ /ഓയിൽ എക്സ്പെല്ലർ | 379.50 |
| 10 | ആശാരി | 379.50 |
| 11 | കൊല്ലൻ | 379.50 |
| 12 | മെക്കാനിക്ക് | 379.50 |
| 13 | ലാപ് ചെക്കർ | 291.75 |

അടിസ്ഥാന ശമ്പളത്തിന് പുറമെ ഇവർക്ക് പ്രതിദിനം 67.44 രൂപ ക്ഷാമബത്തയിനത്തിലും നൽകുന്നുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ

192 (2796) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പാരമ്പര്യേതര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/LSGD/മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും പുരോഗമിക്കുന്നു.

അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി.എൽ.- ന്റെ 1 MW, 3 MW ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ,

തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി Project Management Consultant അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. 40 സൈറ്റുകളിലായി നടപ്പിലാക്കിയ 1.3 MW-ന്റെ സൗരോർജ്ജ പദ്ധതി എന്നിവ അടുത്തിടെ പൂർത്തിയാക്കി. ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം 4 MW, 1.5 MW, 1 MW എന്നീ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ. Project Management Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 47 സൈറ്റുകളിലായി 1.7 MW-ന്റെ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു.

ഇതിനൊക്കെ പുറമെ 'Component C' പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ

സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ KWA-യുടെ ഉടമസ്ഥതയിലുള്ള 36 ഏക്കറോളം വരുന്ന ഭൂമിയിൽ 6 MW സ്ഥാപിതശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജനിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. PM-KUSUM പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റ് നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി തരിശുഭൂമിയിൽ സൗരോർജ്ജനിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ.-ന് നൽകാവുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 5.5 MW-ന് Power Purchase Agreement വച്ചുകഴിഞ്ഞു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനപ്പെട്ട സൗരോർജ്ജത്തിൽനിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് മുഖേന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി,

പ്രധാനമന്ത്രി-കുസും പദ്ധതി, ഹരിത ഊർജ്ജ വരുമാന പദ്ധതി, ഇലക്ട്രിക് വാഹന സോളാർ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി, മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ സിറ്റി പദ്ധതി എന്നീ പദ്ധതികളിലൂടെ സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലുൾപ്പെടുന്ന കാറ്റിൽനിന്നുള്ള വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും മൂലത്തറ

ഇറിഗേഷൻ കനാൽ, ലോവർ പെരിയാർ ടെയ്ൽ റെയ്സ്, കക്കാട് ടെയ്ൽ റെയ്സ് എന്നിവയിൽ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് 68 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ക്വാളിഫൈ ചെയ്യുന്ന സംരംഭകർ താരിഫ് അടിസ്ഥാനത്തിൽ രണ്ടാംഘട്ട ടെണ്ടർ നടപടികളിൽ പങ്കെടുക്കും. ചെറുകിട ജലവൈദ്യുത പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിനായി ചെറുകിട ജലവൈദ്യുതി നയം 2012 പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(ബി) പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാറ്റിന്റെ ദിശ വ്യക്തമാക്കുന്ന സമഗ്ര ഭൂപടം തയ്യാറാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

കാറ്റിന്റെ ദിശ വ്യക്തമാക്കുന്ന സമഗ്ര ഭൂപടം തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി അനെർട്ട് ആരംഭിച്ചിട്ടില്ല. എന്നാൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ

സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു.

(സി) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ട (ഫേസ് I) നോൺ സബ്സിഡി പ്രോഗ്രാം എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാണ്. ഈ പദ്ധതിയിൽ 22.89-ന്റെ 1922 നിലയങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68 MW-ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

രണ്ടാംഘട്ട (ഫേസ്-II) സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ 40 ശതമാനം സബ്സിഡി കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയം

നൽകിവരുന്നു. നിലവിൽ പ്രസ്തുത പദ്ധതിയിൽ 88.15 MW-ന്റെ 23895 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 81.65 MW-ന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

ആകെ രണ്ടുഘട്ടങ്ങളിലുമായി 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിലവിൽ 100.33 MW-ന്റെ 23939 നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 5800 പേർ ആകെ 22 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇതിൽ 3871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 872 പേർ ആകെ 3.5 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ

തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 മെഗാവാട്ട് ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

## ജലവൈദ്യുത ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

193 (2797) ശ്രീ. സജി ചെറിയാൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാർഷിക ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ജലവൈദ്യുത നിലയങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവിൽ വർദ്ധനയുണ്ടാക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ?

അധിക ജലം ലഭ്യമാകുന്ന ജലവൈദ്യുത നിലയങ്ങളിൽ ജല ലഭ്യതയുടെ തോതനുസരിച്ചുള്ള വിപുലീകരണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പര്യവേഷണങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നടന്നുവരുന്നു. നിലവിൽ ഇടുക്കി, ശബരിഗിരി എന്നീ ജലവൈദ്യുത നിലയങ്ങളിലാണ് പര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിലെ ജനറേറ്ററുകളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ ചുരുങ്ങിയ കാലയളവിൽ സമയബന്ധിതമായി ചെയ്തുതീർക്കുകയും സാങ്കേതിക പ്രശ്നങ്ങൾമൂലം ഉത്പാദനം നിർത്തിവച്ച യൂണിറ്റുകളുടെ തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കാലപ്പഴക്കംചെന്ന യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ യഥാസമയം ഏറ്റെടുത്തുകൊണ്ട് കൃത്യമായി നടപ്പിലാക്കി വരുന്നതും കൂടാതെ സാധ്യമായ ഉത്പാദന നിലയങ്ങളിലെ യൂണിറ്റുകളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുമൂലം ജലലഭ്യതയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ജനറേറ്റിംഗ് യൂണിറ്റുകളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളുടെ ഷെഡ്യൂൾ, നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി അവലോകനം നടത്തുന്നുണ്ട്.

(ബി) ഹൈഡ്രോ പവർ പർച്ചേസ് ഒബ്ലിഗേഷൻ നടപ്പിലാക്കുന്നതിലൂടെ ജലവൈദ്യുതി ഉല്പാദന മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച ഹൈഡ്രോ പവർ ഒബ്ലിഗേഷൻ നിബന്ധനകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കുന്നതിലൂടെ ജലവൈദ്യുത നിലയങ്ങളാൽ സമ്പുഷ്ടമായ സംസ്ഥാനത്ത് 8-3-2019-നുശേഷം പൂർത്തീകരിക്കുന്ന 25 MW-നുമുകളിൽ സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതിയിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് നിഷ്കർഷിച്ച തോതിന്മേൽ അധികമുള്ളവയ്ക്ക് നിശ്ചിത തുക ഈടാക്കി കേന്ദ്ര ഊർജ്ജവകുപ്പ് പുറപ്പെടുവിച്ച നിബന്ധനകൾ പാലിക്കാൻ കഴിയാത്ത സംസ്ഥാനങ്ങൾക്ക് വിറ്റഴിക്കാൻ സാധിക്കുന്നതിനാൽ അധിക

വിഭവസമാഹരണം വഴി കെ.എസ്.ഇ.ബി.എൽ.-ന്റെ വികസന പദ്ധതികൾക്ക് പ്രോൽസാഹനമുണ്ടാക്കുന്നു.

(സി) സംസ്ഥാനത്ത് കൂടുതൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും പ്രതിബന്ധങ്ങളായി നിൽക്കുന്ന വനം, പാരിസ്ഥിതിക അനുമതികൾ സമയബന്ധിതമായി നേടിയെടുക്കുന്നതിനും കേന്ദ്ര ധനസഹായം നേടുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാന വനം വകുപ്പുമായിട്ടുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി നിലവിലുണ്ട്. സമിതിയിൽ തീർപ്പാകാത്ത വിഷയങ്ങൾ രണ്ട് വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗം ചേർന്ന് വിഷയങ്ങൾ രമ്യമായി പരിഹാരം കണ്ടെത്തുന്നുണ്ട്.

കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ സംസ്ഥാനങ്ങളുടെ ഊർജ്ജ സെക്രട്ടറിമാരുടെ യോഗത്തിൽ സംസ്ഥാനത്ത് വന സംരക്ഷണ നിയമംമൂലം തടസ്സംനേരിടുന്ന പദ്ധതികളെ സംബന്ധിച്ചും ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കാൻ വനസംരക്ഷണ

നിയമത്തിൽ വേണ്ട ഇളവുകൾ സംബന്ധിച്ചും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അനുകൂല തുടർനടപടികൾ പ്രതീക്ഷിക്കുന്നു. കേന്ദ്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പാരമ്പര്യ ഊർജ്ജ മന്ത്രാലയം നൽകിവന്ന ധനസഹായം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് മന്ത്രാലയ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. അനുകൂല നടപടികൾ പ്രതീക്ഷിക്കുന്നു.

കേരളത്തിൽ വാർഷിക ജലലഭ്യത 3000 ടി.എം.സി ആയിരിക്കെ അതിന്റെ 10% മാത്രമാണ് ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനുമായി വിനിയോഗിക്കുന്നത്.

3000 മെഗാവാട്ട് വൈദ്യുതിയെങ്കിലും 2027-ഓടുകൂടി പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്നും ലഭ്യമാക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതുവഴി സംസ്ഥാനത്തിന്റെ വാർഷിക വൈദ്യുതി ആവശ്യകതയുടെ 40 ശതമാനമെങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് കണ്ടെത്താനാകും. 2070-ഓടെ സീറോ കാർബൺ എമിഷൻ പദവി കൈവരിക്കാനുള്ള നമ്മുടെ രാജ്യത്തിന്റെ ശ്രമത്തിന് ശക്തി പകരുന്ന രീതിയിലുള്ള പദ്ധതിയാണ് സംസ്ഥാന സർക്കാർ

ആവിഷ്കരിച്ചിരിക്കുന്നത്. കൽക്കരി ക്ഷാമം രൂക്ഷമായതോടെ വൈദ്യുതി ഉൽപാദനത്തിൽ ജലവൈദ്യുത പദ്ധതികൾക്ക് പിന്തുണ നൽകാൻ കേന്ദ്രസർക്കാർ നിർബന്ധിതമായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രളയപ്രതിരോധ ഡാമുകൾക്ക് ധനസഹായം നൽകാനുള്ള തീരുമാനം കേന്ദ്ര സർക്കാർ എടുത്തിട്ടുണ്ട്. അതുപോലെ ജലവൈദ്യുതി ഉൽപാദനം പുനരുപയോഗ ഊർജ്ജമാണെന്ന് പ്രഖ്യാപിച്ചതും ഹൈഡ്രോ പവർ ഒബ്ലിഗേഷൻ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതും ജലവൈദ്യുത ഉൽപാദനത്തിന് പ്രോത്സാഹജനകമാണ്.

കേന്ദ്ര സർക്കാർ അധിക ധനസഹായം നൽകുകയും സമയബന്ധിതമായി വനം, പാരിസ്ഥിതിക അനുമതികൾ വിവിധ മന്ത്രാലയങ്ങളിൽനിന്ന് ലഭ്യമാക്കുകയും ചെയ്താൽ നിരവധി ജലവൈദ്യുത പദ്ധതികൾ കേരളത്തിൽ സാധ്യമാക്കാനാകും. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ട പദ്ധതി, 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി, 210 മെഗാവാട്ട് ശേഷിയുള്ള പൂയംകുട്ടി, കാരപ്പാറ എന്നീ വലിയ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായി നടപ്പാക്കുന്നതിന് കേന്ദ്രത്തിന് അനുകൂല സമീപനമാണുള്ളത്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NHPC, THPDCIL തുടങ്ങിയവ ഈ സംരംഭങ്ങളിൽ പങ്കാളികളാകുമെന്ന് കരുതുന്നു. ഈ പദ്ധതികൾ പ്രളയ പ്രതിരോധ സംവിധാനങ്ങളോടെ നടപ്പാക്കാനാകും.

ഇതിനുപുറമേ, 209.5 മെഗാവാട്ട് ശേഷിയുള്ള 10 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 120.5 മെഗാവാട്ട് ശേഷിയുള്ള 13 ജലവൈദ്യുത പദ്ധതികൾ ഉടൻ ആരംഭിക്കാനാകും. 1646 മെഗാവാട്ട് ശേഷിയുള്ള 17 ജലവൈദ്യുത പദ്ധതികൾ പര്യവേഷണ ഘട്ടത്തിലാണ്.

കേന്ദ്ര വൈദ്യുതി, പുനരുപയോഗ ഊർജ്ജ മന്ത്രി ശ്രീ. ആർ. കെ. സിംഗുമായി കേരളത്തിലെ വൈദ്യുതി മേഖലയുടെ ഉന്നമനത്തിനായുള്ള വിവിധ വിഷയങ്ങളിൽ കേന്ദ്രമന്ത്രിയുടെ ഓഫീസിൽവച്ച് സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 7-11-2022-ൽ ചർച്ച നടത്തുകയുണ്ടായി. ജലവൈദ്യുത പദ്ധതികൾക്ക് നിർമ്മാണച്ചെലവ് കൂടുതലായതിനാലും അതുപോലെ തിരിച്ചടവ് കാലാവധി കൂടുതലായതിനാലും കേന്ദ്രസർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് മുഖേന ധനസഹായം നൽകിയാൽ മാത്രമേ ലാഭകരമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. 20 ശതമാനം മൂലധന

ചെലവെങ്കിലും ധനസഹായമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

25 മെഗാവാട്ടിൽ താഴെ ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 2017 വരെ കേന്ദ്രസർക്കാർ ധനസഹായം നൽകിയിരുന്നു. അതുപോലെ ഇത്തരം പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ധനസഹായം ലഭ്യമായിരുന്നു. 26.9 മെഗാവാട്ട് ശേഷിയുള്ള 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനം ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മേൽ ധനസഹായം പുനസ്ഥാപിക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

ജല വൈദ്യുത പദ്ധതികൾക്ക് വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതികൾ ലഭ്യമാക്കുന്നതിന് മുൻകയ്യെടുക്കുമെന്നും 1980-നുമുൻപ് KSEBL-ന്റെ യുടെ കൈവശമുള്ള ഭൂമികൾക്ക് നിലവിൽ റെയിൽവേ, നാഷണൽ ഹൈവേ എന്നീ വകുപ്പുകൾക്ക് നൽകിവരുന്ന പരിഗണന ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങൾ ഉണ്ടാകുമെന്ന് പ്രസ്തുത ചർച്ചയിൽ കേന്ദ്ര ഊർജ്ജമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

## വള്ളിക്കുന്ന് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

194 (2798) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആകെ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനുകീഴിൽ തിരൂരങ്ങാടി ഡിവിഷൻ പരിധിയിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി 395 കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനായി 58,81,070/- രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്ഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നമ്പർ | സെക്ഷൻ | കണക്ഷനുകളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | വള്ളിക്കുന്ന് | 118 | 11,82,768/- |
| 2 | തലപ്പാറ | 78 | 16,13,034/- |
| 3 | ചേളാരി | 199 | 30,85,268/- |
| | ആകെ | 395 | 58,81,070/- |

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**പാടിയോട്ടുചാൽ കെ. എസ്. ഇ. ബി. എൽ. സെക്ഷന് പുതിയ കെട്ടിടം നിർമ്മിക്കൽ**

195 (2799) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുചാൽ കെ.എസ്.ഇ.ബി.എൽ. സെക്ഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

01-08-2022-ൽ പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുചാൽ കെ.എസ്.ഇ.ബി.എൽ. സെക്ഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 28-10-2022-ന് ടെണ്ടർ

ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ തുക എത്രയാണെന്ന് അറിയിക്കുമോ?

പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ തുക 87 ലക്ഷംരൂപയാണ്.

**ഗുരുവായൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

196 (2800) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2022

ഡിസംബറിൽ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 970 എണ്ണം പ്രവർത്തനക്ഷമമാണ്.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം താഴെപ്പറയുന്ന 14 സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി നിലവിൽ പ്രവർത്തിച്ചുവരുന്നു.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം
2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം
3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി.), ചവറ, കൊല്ലം
5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ
6. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ
7. ഡി.ടി.പി.സി., ഇടുക്കി
8. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം

9. കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ

10. കാഞ്ഞിരപ്പുഴ ഡാം, പാലക്കാട്

11. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം

12. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്

13. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ

14. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്

(ബി) ഗുരുവായൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ താഴെ പറയുന്ന 6 സ്ഥലങ്ങളിലാണ് ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്.

1. സൗത്ത് ഔട്ടർ റിംഗ് റോഡ്

2. ചാവക്കാട് ബസ് സ്റ്റാൻഡിന് സമീപം

3. തമ്പുരാൻപടി

4. അണ്ടത്തോട്

5. പെട്രോൾ പമ്പിന് സമീപം

6. ചാവക്കാട് ബീച്ച്

ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രാജ്യത്ത് കോവിഡ് വ്യാപനംമൂലം കഴിഞ്ഞ 2 വർഷങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും പ്രതിഷ്ഠാപന അനുബന്ധജോലികൾ നിർവ്വഹിക്കുന്നതിനും കാലതാമസം നേരിട്ടിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം 17 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടത്. ഇതിൽ 14 എണ്ണം പൂർത്തിയായി. ബാക്കി 3 എണ്ണം സ്ഥലത്തിനുള്ള അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി തുടങ്ങുന്നതിൽ

കാലതാമസം നേരിട്ടു. ഇത് പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്നു.

(ഡി) ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ വേഗത്തിൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരി നിയന്ത്രിതമായതിനെത്തുടർന്ന് ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ ഓട്ടോ ടൂവീലറുകൾക്കുള്ള 1166 സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോളുകളിൽ സ്ഥാപിക്കാനുള്ള നവീന പദ്ധതിക്ക് രൂപംകൊടുത്തതുവഴി വാഹന ചാർജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്തൊട്ടാകെ വേഗത്തിൽ സ്ഥാപിക്കാൻ സാധിച്ചു.

ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ അനെർട്ട് ലക്ഷ്യമിടുന്നത്. കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ

സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, ഡി.റ്റി.പി.സി.-കൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടിന് പദ്ധതിയുണ്ട്. സ്ഥലം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയപാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം റിഫ്രെഷ്മെന്റ് ഫെസിലിറ്റി/കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ വേഗത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു.

## അടിമാലിയിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം

197 (2801) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലിയിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കാമോ?

(എ-സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകുകയും പ്രവൃത്തി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും വർക്ക് ഓർഡർ 03-08-2021-ൽ നൽകി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തി നടപ്പിലാക്കിത്തുടങ്ങിയപ്പോൾ മണ്ണിന്റെ ബലക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയർ (സിവിൽ കൺസ്ട്രക്ഷൻ സൗത്ത്), ഇതുസംബന്ധിച്ച്

ജിയോ ടെക്നിക്കൽ എക്സ്പെർട്ടിന്റെ അനാലിസിസ് (Geo Technical Experts Analysis) നടത്താൻ തീരുമാനിക്കുകയും ഇതുപ്രകാരം ഫൗണ്ടേഷൻ ഡിസൈനിൽ വ്യത്യാസം കണ്ടെത്തുകയും ചെയ്തു. ടി പ്രവൃത്തിക്ക് അധിക തുക വിനിയോഗിക്കേണ്ടിവരുമെന്നതിനാൽ സിവിൽ ഡിസൈൻ വിഭാഗവും വിതരണ വിഭാഗവുംകൂടി ഒരു സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**സബ് എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത**

198 (2802) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനുകീഴിൽ സബ്എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കുമോ?

1) Sub Engineer (Ele) തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നേരിട്ട് നിയമനം നടത്തുന്ന 30% PSC ക്വാട്ടയ്ക്ക് ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.

പൊതു യോഗ്യത

SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

സാങ്കേതിക യോഗ്യത

3 വർഷം Regular ആയോ Part time ആയോ പഠിച്ച് സമ്പാദിച്ച് AICTE അംഗീകരിച്ച ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമ, മേൽപ്പറഞ്ഞ വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. വികലാംഗർ ഈ തസ്തികയിൽ അപേക്ഷിക്കാൻ യോഗ്യരല്ല.

(2) Sub Engineer (Ele) തസ്തികയ്ക്ക് താഴെ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.ലിമിറ്റഡിലെ ജീവനക്കാരിൽനിന്നും KPSC മുഖേന നിയമനം നടത്തുന്ന 10% ഇൻസർവ്വീസ് ക്വാട്ടയ്ക്ക് (ബൈ ട്രാൻസ്ഫർ) ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.

പൊതു യോഗ്യത

SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

സാങ്കേതിക യോഗ്യത

3 വർഷ കാലയളവിൽ പഠനത്തോടുകൂടി പൂർത്തീകരിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ അല്ലെങ്കിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ

ഡിപ്ലോമ അല്ലെങ്കിൽ അംഗീകൃത ടെക്നിക്കൽ സ്കൂളിൽനിന്നും ലഭിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റും 5 വർഷത്തെ ബോർഡ് സർവ്വീസും.

(3) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർ, ഓവർസിയർ (ഇല.) എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരിൽനിന്നും സബ് എഞ്ചിനീയർ (ഇല) തസ്തികയിലേയ്ക്ക് യഥാക്രമം 40%, 20% ക്വാട്ടയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.

<u>പൊതു യോഗ്യത</u>

SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

<u>സാങ്കേതിക യോഗ്യത</u>

Electrician/Wireman/Electronics എന്നീ വിഷയങ്ങളിൽ Regular ആയോ Private ആയോ പഠനം പൂർത്തീകരിച്ച് NCVT അംഗീകരിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷനിലെ ഡിപ്ലോമ കൂടാതെ ഫീഡർ കാറ്റഗറിയിൽ (മീറ്റർ റീഡർ/ഓവർസിയർ) 5 വർഷത്തെ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ സർവ്വീസും.

(ബി) ഇലക്ട്രിക്കൽ ഡിപ്ലോമ പാസ്സായവർക്ക് മാത്രമാണോ സബ്എഞ്ചിനീയർ തസ്തിക; അറിയിക്കുമോ?

അല്ല. നേരിട്ടുള്ള നിയമനത്തിൽ (30%) ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവരെ പരിഗണിക്കുന്നതാണ്.

(സി) ബി-ടെക് യോഗ്യതയുള്ളവർ സബ് എഞ്ചീനിയർ തസ്തികയിൽ അപേക്ഷിക്കാൻ അർഹരാണോ; വ്യക്തമാക്കുമോ?

06-05-2021-ലെ ബോർഡ് ഉത്തരവുപ്രകാരം 30% ക്വാട്ടയിൽ ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ B.Tech ബിരുദമുള്ളവർ Sub Engineer (Ele) തസ്തികയിൽ അപേക്ഷിക്കാൻ അർഹരാണ്.

**ഇടുക്കി ജില്ലയിലെ കെ.എസ്.ഇ.ബി.എൽ. സബ്സെന്ററുകൾ**

199 (2803) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ കട്ടപ്പന ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ പൈനാവ് സെക്ഷനുകീഴിൽ തങ്കമണിയിലും അടിമാലി ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ രാജകുമാരി സെക്ഷനുകീഴിൽ പൂപ്പാറയിലും ചിത്തിരപുരം സെക്ഷനുകീഴിൽ മാങ്കുളത്തും സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി.എൽ. അടിമാലി സെക്ഷനുകീഴിൽ ഏതെങ്കിലും സബ്സെന്റർ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. അടിമാലി സെക്ഷനുകീഴിൽ സബ്സെന്റർ പ്രവർത്തിക്കുന്നില്ല.

(സി) കെ.എസ്.ഇ.ബി.എൽ. അടിമാലി സെക്ഷനുകീഴിൽ ഇരുമ്പുപാലത്ത് സബ്സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും അടിമാലി സെക്ഷനുകീഴിൽ ഇരുമ്പുപാലത്ത് സബ്സെന്റർ ഓഫീസ് അനുവദിക്കുന്നത് പ്രായോഗികമല്ല. ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്.

## അരുവിക്കര മണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകളിലെ വൈദ്യുതി കണക്ഷൻ

200 (2804) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന ആദിവാസി സെറ്റിൽമെന്റുകളിലെ എത്ര

വീടുകൾക്കാണ് പുതിയതായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് എന്നുള്ള വിവരം സെറ്റിൽമെന്റ് അടിസ്ഥാനത്തിൽ നൽകാമോ?

ഈ സർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ പുതുതായി 159 കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. സെറ്റിൽമെന്റ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു+

(ബി) പ്രസ്തുത മണ്ഡലത്തിൽ അപേക്ഷ സമർപ്പിച്ചതിൽ ഇനി എത്ര ആദിവാസി ഭവനങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ നൽകാനുള്ളതെന്ന വിവരം അറിയിക്കുമോ?

അപേക്ഷ സമർപ്പിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

## സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ നടപടി

201 (2805) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ എത്ര കോടിരൂപ ചെലവാകുമെന്ന് കെ.എസ്.ഇ.ബി.എൽ. കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

RDSS പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്മാർട്ട് മീറ്ററൊന്നിന് 6,000 രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റ്" ആയി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. ഇതുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിച്ച് പരിപാലിക്കാൻ 10 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നത് 8,175 കോടി രൂപയാണ്. യഥാർത്ഥ ചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(ബി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ ചെലവാകുന്ന തുക ഉപഭോക്താക്കളിൽനിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

RDSS പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ചെലവാകുന്ന തുക 93 മാസംകൊണ്ട് മാസംതോറും ഓരോ മീറ്ററിനും ഒരു നിശ്ചിത തുക വച്ച് (PMPM - per meter per month) ടെണ്ടർ വഴി കണ്ടെത്തുന്ന സേവനദാതാവിന് നൽകേണ്ടതാണ്. ഈ പദ്ധതിക്ക്

പ്രതിമാസം ചെലവാകുന്ന തുക ആവശ്യമെങ്കിൽ പരിപാലന ചെലവിനത്തിൽ കണക്കാക്കി റെഗുലേറ്ററി കമ്മീഷന് ARR&ERC ഫയൽ ചെയ്യാവുന്നതാണെന്ന് RDSS മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനായി ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത് എപ്രകാരമാണ്; വിശദാംശം നൽകാമോ?

ഇല്ല.

**വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ബസ് ബാറും കൺട്രോളും**

202 (2806) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ബാറും കൺട്രോളും സംബന്ധിച്ച് കേരളത്തിലെ എല്ലാ ഓഫീസുകളിലും കെ.എസ്.ഇ.ബി.എൽ. ഒരേ നിയമം തന്നെയാണോ നടപ്പിലാക്കുന്നത്; പ്രസ്തുത വിഷയത്തിൽ കൃത്യമായ നിയമാവലിയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകുന്നത് ദുരുപയോഗം ചെയ്യാൻ

സാധ്യതയുള്ളതിനാൽ ഈ അധികാരം ഒഴിവാക്കുമോ; വിശദാംശം നൽകുമോ?

വൈദ്യുതി കണക്ഷനെടുക്കുന്നതിന് ബസ് ഡക്ട് ബാധകമാണെന്ന് പ്രതിപാദിക്കുന്നത് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റെഗുലേഷൻ 11 (3) ആണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 11 (3) പ്രകാരം മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകൾക്ക് അവരുടെ കണക്ടഡ് ലോഡ് 100 KVA-യ്ക്ക് മുകളിൽ വന്നാൽ ബസ് ഡക്ട്/അനുയോജ്യമായ കേബിളുകൾ ഉപയോഗിച്ച് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (measures relating to electricity and safety) regulations 2010 പാലിച്ചുകൊണ്ട് സ്വന്തം ചെലവിൽ ആവശ്യമായ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറും അനുബന്ധ ഉപകരണങ്ങളുംവച്ച് ഇന്റേണൽ വയറിംഗുകൾ പൂർത്തീകരിച്ചാൽ വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. ഈ നിയമം കേരളത്തിൽ എല്ലായിടത്തും ഒരുപോലെയാണ് നടപ്പാക്കുന്നത്. ഈ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള വിവേചനാധികാരം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല.

CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS,

2010 റെഗുലേഷൻ 71 പ്രകാരം ഒരു പോസ്റ്റിൽനിന്നും നൽകാവുന്ന സർവ്വീസ് കണക്ഷനുകളുടെ പരമാവധി എണ്ണം നാലായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കെട്ടിടത്തിലേയ്ക്ക് ഒരു പോസ്റ്റിൽനിന്നും നാലിൽ കൂടുതൽ കണക്ഷനുകളെടുക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ആ കെട്ടിടത്തിന്റെ ആകെ കണക്റ്റഡ് ലോഡിനനുസൃതമായ ഒരു കേബിൾ മുഖേന, ടി കെട്ടിടത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ലോക്ക് ചെയ്ത് സീൽ ചെയ്യാൻ സാധിക്കുന്ന ബസ് ബാറുകളോടുകൂടിയ LT-MV പാനലിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുകയും ആയതിൽനിന്നും ഓരോ ഉപഭോക്താവിനും ആവശ്യമായ കണക്ഷനുകൾ നൽകുകയും ചെയ്യേണ്ടതാണ്.

(ബി) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ബസ് ബാറും കൺട്രോളും സ്ഥാപിക്കണോ വേണ്ടയോ എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിൽ വരുന്ന കാര്യമാണെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവോ, വകുപ്പുതല ഉത്തരവോ, ബന്ധപ്പെട്ട റൂൾസിന്റെ പകർപ്പോ ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ബസ് ബാറും കൺട്രോളും സ്ഥാപിക്കണോ വേണ്ടയോ എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിൽ വരുന്ന കാര്യമല്ല.

(സി) ബസ് ബാറും കൺട്രോളും സംബന്ധിച്ച്, കടമുറി കെട്ടിടങ്ങൾക്കും വാടക വീടുകൾക്കും ഒരേ നിയമമാണോ; വ്യക്തമാക്കുമോ?

അതെ. ഒരേ നിയമമാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (measures relating to electricity and safety) regulations 2010 പാലിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷനുകൾക്ക് വിധേയമായാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്.

**അരുവിക്കര മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾ**

203 (2807) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും സ്വന്തമായി കെട്ടിടമുള്ളതുമായ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ പേരുവിവരം ലഭ്യമാക്കുമോ?

വെള്ളനാട്, പൂവച്ചൽ, ഉഴമലയ്ക്കൽ, തൊളിക്കോട്, വിതുര എന്നീ സെക്ഷനോഫീസുകൾ വാടക കെട്ടിടത്തിലും ആര്യനാട് സെക്ഷനോഫീസ് കെ.എസ്.ഇ.ബി.എൽ. -ന്റെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു.

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. KSEBL- ലെ ചെലവ് ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്കനടപടികളെത്തുടർന്ന് പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-03-2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നേരത്തെ ഭരണാനുമതി ലഭിച്ച സെക്ഷൻ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**കെ.എസ്.ഇ.ബി.എൽ. പെൻഷൻകാരിൽനിന്നും പിരിവ്**

204 (2808) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസം മുതൽ പെൻഷൻ വിതരണം ചെയ്യുമ്പോൾ ഓരോ മാസവും 100 രൂപ കുറച്ചുള്ള തുക നൽകിയാൽ

മതിയെന്ന് കെ.എസ്.ഇ.ബി.എൽ. അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ടോ?

(ബി) ഇപ്രകാരം പെൻഷൻകാരിൽനിന്നും 100 രൂപവീതം പിടിക്കാൻ ഇടയാക്കുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(എ & ബി) കെ.എസ്.ഇ.ബ.എൽ. പെൻഷനേഴ്സ് അസോസിയേഷൻ എന്ന സംഘടനയുടെ അഭ്യർത്ഥന പ്രകാരം, "വെൽഫയർ സ്കീം റ്റു ഫാമിലി പെൻഷനേഴ്സ്", എന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, ടി സംഘടനയിൽ അംഗങ്ങളായിട്ടുള്ള കുടുംബ പെൻഷൻകാരുടെ സ്വമേധയായുള്ള സമ്മതപത്രത്തിന്റെ (Willingness in Writing) അടിസ്ഥാനത്തിൽ മാത്രം അത്തരക്കാരുടെ പ്രതിമാസ പെൻഷനിൽനിന്നും 2022 ഡിസംബർ മാസം മുതൽ 100/- രൂപ വീതം കിഴിവ് ചെയ്ത് ടി സംഘടനയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറാൻ, ബന്ധപ്പെട്ട പെൻഷൻ ഡിസ്ബേഴ്സിംഗ് ഓഫീസേഴ്സിന് (ARUs) നിർദ്ദേശം നൽകികൊണ്ട് 16-11-2022-ലെ ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1536/2022 (പി.എസ്-എസ്.റ്റി.6/2022/3366) പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു സംഗതികളിലും കെ.എസ്.ഇ.ബി.എൽ.-ന് നേരിട്ടോ അല്ലാതെയോ

യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്ന വസ്തുത ടി ഉത്തരവിൽ അർത്ഥശങ്കയ്ക്കിടയില്ലാത്ത രീതിയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇപ്രകാരം ഒരു ഉത്തരവ് പുറത്തിറക്കുന്നതിനോ ഒരു ഔദ്യോഗിക ഉത്തരവിലൂടെ പിരിവ് നടത്തുന്നതിനോ ബോർഡിലെ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ?

ഇക്കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ പെൻഷൻ വാങ്ങുന്നവർ ആരെങ്കിലും പരാതി നൽകുകയുണ്ടായോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവ് ചട്ടപ്രകാരമല്ലെങ്കിൽ ആയത് മരവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി& ഇ) ഉണ്ട്. കെ.എസ്.ഇ.ബി.എൽ.-ലെ പെൻഷൻ സംഘടനകൾ പരാതികൾ നൽകിയിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും റിപ്പോർട്ടിനുമായി കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കേടായ തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കൽ

205 (2809) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കേടായ തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനായി അനെർട്ട്, കെ.എസ്.ഇ.ബി.എൽ. മുഖേന പ്രൊപ്പോസൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പിലാത്തറ പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കേടായ തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനായി അനെർട്ട്, കെ.എസ്.ഇ.ബി.എൽ. മുഖേന പ്രൊപ്പോസലുകളൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ പിലാത്തറ പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കേടായ സോളാർ സ്ട്രീറ്റ്ലൈറ്റുകൾ മാറ്റിനൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കെ.എസ്.ടി.പി., കെ.എസ്.ഇ.ബി.എൽ. -നോട് അഭ്യർത്ഥിക്കുകയുണ്ടായി. വൈദ്യുതി പോസ്റ്റുകൾ തമ്മിൽ U.G. കേബിൾ വഴിയുള്ള ഇന്റർകണക്ഷനും മീറ്ററിംഗ് പോയിന്റ് മുതൽ സ്ട്രീറ്റ്ലൈറ്റ് വരെയുള്ള ലൈനുകളും കെ.എസ്.ടി.പി ചെയ്യുന്നപക്ഷം മീറ്റർ സ്ഥാപിച്ച്

വൈദ്യുതി കണക്ഷൻ നൽകുന്നതിന് തയ്യാറാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കേടായതും സൈറ്റ് ഫീസിബിലിറ്റി ഉള്ളതുമായ 147 എണ്ണം സോളാർ എൽ.ഇ.ഡി. തെരുവുവിളക്കുകളിൽ കേടായ ഭാഗങ്ങൾ മാറ്റി റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനായി അനെർട്ടിൽനിന്നും കെ.എസ്.ടി.പി.-ക്ക് പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 62,11,590/-രൂപയാണ്.

എല്ലാ തെരുവുവിളക്കുകളുടെയും നിലവിലുള്ള കേടായ ലെഡ് ആസിഡ് ബാറ്ററി മാറ്റി 1,100 Wh ശേഷിയുള്ള ലിഥിയം ഫെറോ ഫോസ്ഫേറ്റ് ബാറ്ററിയും പുതിയ ബാറ്ററി ബോക്സും സ്ഥാപിക്കുക, കേടായ 200 വാട്ടിന്റെ 39 എണ്ണം സോളാർ പാനലുകൾ മാറ്റുക, നിലവിലുള്ള വിളക്കുകൾ മാറ്റി 36 വാട്ടിന്റെ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുക, കേടായ 12 എണ്ണം ജി.ഐ. പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ക്ലീനിംഗ്, പെയിന്റിംഗ് എന്നിവ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുകയാണിത്. 5 വർഷത്തെ വാറണ്ടി ഉൾപ്പെടെയാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളത്.

ആദ്യഘട്ടത്തിൽ പിലാത്തറ-പാപ്പിനിശ്ശേരി റോഡിൽ സ്ഥാപിച്ചിട്ടുള്ള 172 സോളാർ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി ഫീസിബിലിറ്റി പഠനം നടത്തിയതിൽ അനുയോജ്യമെന്ന് കണ്ടെത്തിയ 147 തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കാനാണ് അനെർട്ടിൽനിന്നും പ്രൊപ്പോസൽ നൽകിയിട്ടുള്ളത്.

**ഇരിമ്പിളിയം കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ്**

206 (2810) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യവും പ്രദേശത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് ഇരിമ്പിളിയം കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഉപഭോക്താക്കളുടെ ബാഹുല്യം വളാഞ്ചേരി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതിനാൽ സെക്ഷൻ

ഓഫീസ് വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസോ, കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതിനിരക്ക് വർദ്ധനയ്ക്ക് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപഭോഗം**

207 (2811) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്രയെന്ന് അറിയിക്കുമോ?

2022 നവംബർ മാസത്തെ കണക്കുകൾപ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 74.42 ദശലക്ഷം യൂണിറ്റ് ആയിരുന്നു.

(ബി) ജലവൈദ്യുതിക്ക് പുറമെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള പ്രതിദിന വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കുമോ?

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽപ്പെട്ട സൗരപുരപ്പുറ സോളാർ പദ്ധതിവഴി നിലവിൽ പ്രതിദിനം 327860 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

2022 നവംബർ മാസത്തിൽ ഓരോ സ്രോതസ്സിൽനിന്നും ലഭിച്ച വൈദ്യുതിയുടെ പ്രതിദിന ശരാശരി കണക്കുകൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | സ്രോതസ്സ് | ദശലക്ഷം യൂണിറ്റ് |
|---|---|---|
| 1 | ജലവൈദ്യുത നിലയങ്ങൾ | 20.8221 |

| | | |
|---|---|---|
| 2 | സൗരോർജ്ജ നിലയങ്ങൾ | 1.1375 |
| 3 | കാറ്റാടിപ്പാടങ്ങൾ | 0.1399 |
| 4 | Co-generation നിലയങ്ങൾ | 0.1413 |

(സി) സംസ്ഥാനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇപ്പോൾ പ്രതിദിനം വാങ്ങുന്നത്; ഇതിൽ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽനിന്നുള്ള വിഹിതം എത്രയാണ്?

2022 നവംബർ മാസത്തെ കണക്കുകൾപ്രകാരം സംസ്ഥാനം വാങ്ങിയ പ്രതിദിന ശരാശരി വൈദ്യുതി ഏകദേശം 52.164 ദശലക്ഷം യൂണിറ്റാണ്. ഇതിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നുള്ള ശരാശരി വിഹിതം ഏകദേശം 28.04 ദശലക്ഷം യൂണിറ്റാണ്.

(ഡി) സ്വകാര്യ മേഖലയിൽനിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ; സംസ്ഥാനത്തിന് പുറത്തുനിന്നും ആഭ്യന്തരമായും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്, സെപ്റ്റംബർ മാസത്തെ പവർ പർച്ചേസ് സ്റ്റേറ്റ്മെന്റ് കണക്കുകൾപ്രകാരം സ്വകാര്യ മേഖലയിൽനിന്നും സംസ്ഥാനത്തിന് പുറത്തുനിന്ന് 676153185 യൂണിറ്റും ആഭ്യന്തരമായി 48176942 യൂണിറ്റും വൈദ്യുതി വാങ്ങിച്ചു. ആഭ്യന്തരമായുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

സൗരോർജ്ജം 13425700 യൂണിറ്റും കാറ്റിൽനിന്നുള്ള വൈദ്യുതി 14816932 യൂണിറ്റും ചെറുകിട ജലവൈദ്യുതി നിലയങ്ങളിൽനിന്നും 19934310 യൂണിറ്റ് വൈദ്യുതിയും വാങ്ങിക്കുകയുണ്ടായി. സംസ്ഥാനത്തിന് പുറത്തുനിന്നും സൗരോർജ്ജം 18268785 യൂണിറ്റും ദീർഘകാല കരാർപ്രകാരമുള്ള നിലയങ്ങളിൽനിന്നും 657884400 യൂണിറ്റ് വൈദ്യുതിയും വാങ്ങിച്ചു.

2022 നവംബർ മാസത്തെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങിയ പ്രതിദിന ശരാശരി വൈദ്യുതിയുടെ കണക്കുകൾ താഴെ പറയുന്നു.

ദീർഘകാല കരാറുകൾവഴി വാങ്ങിയത്-ഏകദേശം 22.62 ദശലക്ഷം യൂണിറ്റ്

പവർ എക്സ്ചേഞ്ച് വഴി വാങ്ങിയത് - ഏകദേശം 1.504 ദശലക്ഷം യൂണിറ്റ്

ആഭ്യന്തര ഉല്പാദകരിൽനിന്നും വാങ്ങിയത് – ഏകദേശം 1.6205 ദശലക്ഷം യൂണിറ്റ്.

**വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ**

208 (2812) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിപ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ സൗര ഒന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തി 2020-21 വർഷത്തിൽ 17.9 KWP സ്ഥാപിതശേഷിയുള്ള രണ്ട് സൗര നിലയങ്ങളും 2021-22 വർഷത്തിൽ 6.27 KWP സ്ഥാപിതശേഷിയുള്ള ഒരു സൗരനിലയവും സ്ഥാപിച്ചിട്ടുണ്ട്. സൗരസബ്സിഡി പദ്ധതിയിലുൾപ്പെടുത്തി 2021-22-ൽ 41.607 KW സ്ഥാപിതശേഷിയുള്ള 10 സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതി ദ്യുതി 1 ആണ്. ഇതിലുൾപ്പെടുത്തി 2020-21, 2021-22 വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരവും അവയ്ക്കായി ചെലവാക്കിയ തുകയും യഥാക്രമം അനുബന്ധം-1, അനുബന്ധം-2 എന്നിവയിൽ കൊടുത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഒന്നാംഘട്ട സൗര പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ മുതൽമുടക്കിലും രണ്ടാംഘട്ട സബ്സിഡി പദ്ധതി കേന്ദ്ര സബ്സിഡിയും (40%) ഉപഭോക്താവിന്റെ വിഹിതവും ഉപയോഗിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്.

വൈദ്യുതി വകുപ്പ് പ്രസരണ വിഭാഗം 2020-21, 2021-22 വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവൃത്തികളും അവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുകയും സംബന്ധിച്ച വിവരം ചുവടെ കൊടുത്തിരിക്കുന്നു.

വെഞ്ഞാറമൂട് 33 KV സബ്സ്റ്റേഷനിൽ ഒരു 5 MVA ട്രാൻസ്ഫോർമറിന്റെ ശേഷി 8 MVA ആക്കി ഉയർത്തി. ടി പ്രവൃത്തിക്കായി 85 ലക്ഷം രൂപ ചെലവഴിച്ചു.

പാലോട് 66 KV സബ്സ്റ്റേഷനിൽ ഒരു 5 MVA ട്രാൻസ്ഫോർമറിന്റെ ശേഷി 10 MVA ആക്കി ഉയർത്തി. 66 KV വിഴിഞ്ഞം സബ്സ്റ്റേഷന്റെ ശേഷി 220 kV ആക്കി ഉയർത്തിയ സാഹചര്യത്തിൽ അവിടെനിന്നും മാറ്റിയ 10 MVA ട്രാൻസ്ഫോർമർ ഉപയോഗിച്ചാണ് ടി പ്രവൃത്തി

നടപ്പിലാക്കിയത്. ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിന് 6 ലക്ഷം രൂപ ചെലവായി.

ചുള്ളിമാനൂർ 33KV സബ്സ്റ്റേഷനിൽ മൂന്ന് 11 KV ഓട്ടോ റീക്ലോഷേഴ്സ് മാറ്റി പുതിയ porcelain clad Vacuum Circuit Breakers (PCVCB) സ്ഥാപിച്ചു . ടി പ്രവൃത്തിക്കായി 9.3 ലക്ഷം രൂപ ചെലവഴിച്ചു

(സി) വരുംവർഷങ്ങളിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വരുംവർഷങ്ങളിൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ .

66 kV പാലോട് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനായ 66 KV ആറ്റിങ്ങൽ-പാലോട് ലൈനിന്റെയും ശേഷി 110KV ആക്കി ഉയർത്തൽ

വെഞ്ഞാറമൂട് 33KV സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ വിസ്തൃതികൂട്ടി പുതിയ 11 KV പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ .

മെച്ചപ്പെട്ട വൈദ്യുതി ലഭിക്കുന്നതിനായി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ 33 KV സബ്സ്റ്റേഷനും ലൈനുകളും ഉൾപ്പെടെയുള്ള പ്രവൃത്തികൾ.

2022-23 വർഷത്തിൽ വാമനപുരം മണ്ഡലത്തിൽ താഴെ പറയുന്ന 9 ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. ചുള്ളിമാനൂർ പെട്രോൾ പമ്പിന് സമീപം
2. പനവൂർ സബ് സെന്റർ ഓഫീസിനു സമീപം
3. നന്ദിയോട് മാർക്കറ്റിനുസമീപം
4. പാലോട് HSPH ജംഗ്ഷൻ, പഴയ ബസ്സ്റ്റാൻഡ്
5. ജവഹർ കോളനി
6. മാണിക്കൽ ശിവ ക്ഷേത്രത്തിന് സമീപം
7. ശാസ്താം കോവിലിന് സമീപം
8. കല്ലറ സ്റ്റേഷന് സമീപം
9. ആനാട്

ഈ പ്രവൃത്തിക്ക് 3.15 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ്

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്നത്. ദ്യുതി 2 പദ്ധതിയിൽ, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെയും RDSS പദ്ധതിയിൽ 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെയുമുള്ള പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വരുംവർഷങ്ങളിൽ വാമനപുരം മണ്ഡലത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3) ൽ കൊടുത്തിരിക്കുന്നു+. ഇ.എം.സി.- യുടെ നേതൃത്വത്തിൽ വാമനപുരം മണ്ഡലത്തിലെ തെരഞ്ഞെടുത്ത സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെയും സർക്കാർ സ്കൂളുകളുടെയും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനോടൊപ്പം എനർജി മാനേജ്മെന്റ് സെന്ററിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഊർജ്ജ ഓഡിറ്റ് നടത്തിയ തെരഞ്ഞെടുത്ത കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിച്ച് നൽകുകയുമാണ് മറ്റ് പദ്ധതികൾ.

## **കുറ്റ്യാടി മണ്ഡലത്തിൽ നിലാവ് പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

209 (2813) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ നിലാവ് പദ്ധതിപ്രകാരം എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിപ്രകാരം 2023 മാർച്ച് മാസത്തോടെ എത്ര തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ നിലാവ് പദ്ധതിപ്രകാരം 1362 LED തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2023 മാർച്ച് മാസത്തോടെ 638 LED തെരുവുവിളക്കുകൾകൂടി സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## 2020 മുതൽ 2023 വരെ ഒറ്റപ്പാലം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

210 (2814) <u>ശ്രീ. കെ. പ്രേംകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തികവർഷങ്ങളിൽ വൈദ്യുതി വകുപ്പ് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഷൊർണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ വരുന്ന അമ്പലപ്പാറ, ഒറ്റപ്പാലം, ലക്കിടി, ശ്രീകൃഷ്ണപുരം സെക്ഷൻ ഓഫീസുകളിൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(i)

| ക്രമ നമ്പർ | പ്രവൃത്തി | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| 1 | പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 11 എണ്ണം | 17 എണ്ണം | 28 എണ്ണം |
| 2 | പുതിയ 11 കെ.വി. ലൈനുകളുടെ നിർമ്മാണം | 7.29 കി.മീ | 9.02 കി.മീ | 12.85 കി.മീ |
| 3 | പുതിയ LT ലൈനുകളുടെ നിർമ്മാണം | 17.14 കി.മീ | 17.56 കി.മീ | 10.3 കി.മീ |
| 4 | സിംഗിൾ ഫേസ് ലൈനിനെ 3 ഫേസ് ആക്കിമാറ്റൽ | 4.21 കി.മീ | 5.13 കി.മീ | 7.89 കി.മീ |
| 5 | പഴയ വൈദ്യുതി കമ്പികൾ മാറ്റി പുതിയ കമ്പികളാക്കി മാറ്റൽ | 192.21 കി.മീ | 81.8 കി.മീ | 29.2 കി.മീ |

ഓരോ പ്രവൃത്തിക്കും വിനിയോഗിച്ചിട്ടുള്ള തുക

| ക്രമ | | 2020-21 | 021-22 | 2022-23 |
|---|---|---|---|---|

| നമ്പർ | പ്രവൃത്തി | രൂപ (ലക്ഷം) | രൂപ (ലക്ഷം) | രൂപ (ലക്ഷം) |
|---|---|---|---|---|
| 1 | ട്രാൻസ്ഫോർമർ | 48.51 | 74.97 | 123.48 |
| 2 | 11 കെ.വി. ലൈൻ | 47.07 | 58.24 | 82.972 |
| 3 | LT ലൈൻ | 56.13 | 57.5 | 33.73 |
| 4 | സിംഗിൾ ഫേസ് കൺവെർഷൻ | 10.10 | 12.31 | 18.94 |
| 5 | പഴയ വൈദ്യുതി കമ്പികൾ | 86.5 | 36.81 | 13.1 |
| | ആകെ | 248.31 | 239.83 | 272.262 |

(ii) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ ഒറ്റപ്പാലത്തു നിലവിലുള്ള 110/11 കെ.വി.10 എം.വി.എ. പവർട്രാൻസ്ഫോർമർ മാറ്റി 110/11 കെ.വി.12.5 എം.വി.എ. പവർ ട്രാൻസ്ഫോർമർ സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് സബ് സ്റ്റേഷന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതിക്ക് പവർ ട്രാൻസ്ഫോർമറിന്റെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജുമുൾപ്പെടെ 130 ലക്ഷംരൂപ വിനിയോഗിച്ചിട്ടുണ്ട്.

(iii) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന 6 ലൊക്കേഷനുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

1. ഡെഫ് ആൻഡ് ഡംപ് സ്കൂളിനുസമീപം

2. കൂട്ടുപാത

3. കടമ്പഴിപ്പുറം ബസ് സ്റ്റാൻഡ്

4. മന്നംപറ്റ റോഡ് ജംഗ്ഷൻ

5. മണല്യംപുറം

6. മായന്നൂർ ബ്രിഡ്ജിന് സമീപം

ഈ പ്രവൃത്തിക്ക് 2.10 ലക്ഷം രൂപ ചെലവുണ്ട്.

(iv) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തികവർഷങ്ങളിൽ സൗര ഒന്നാംഘട്ട പദ്ധതിയിൽ (Phase I) 10 സൗരനിലയങ്ങളും (87 Kwp) രണ്ടാംഘട്ട സൗര സബ്സിഡി പദ്ധതിയിൽ 98 സൗരനിലയങ്ങളും (316 Kwp) നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. 17 സൗരനിലയങ്ങളുടെ നിർമ്മാണം (Phase II) (55 Kwp) പുരോഗതിയിലാണ്.

പ്രസ്തുത ഒന്നാംഘട്ട സൗരപദ്ധതി (Phase I) കെ.എസ്.ഇ.ബി.എൽ. മുതൽമുടക്കിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന് ഏകദേശം 39,15,000/- രൂപ ചെലവായിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതി (Phase II) കേന്ദ്ര സാമ്പത്തിക

സഹായത്തോടെയുള്ള സബ്സിഡി പദ്ധതിയാണ്. ഇതിന് ഏകദേശം ആകെ 1,76,96,000/- രൂപ ചെലവായിട്ടുണ്ട് (Phase II).

**കുണ്ടറ മണ്ഡലത്തിലെ ദ്യുതി പദ്ധതി**

211 (2815) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ദ്യുതി പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ -13 എണ്ണം

2. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ - 7 എണ്ണം

3. കാലപ്പഴക്കം വന്ന ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിച്ചത് - 15 എണ്ണം

4. സിംഗിൾ ഫേസിൽനിന്നും ത്രീ ഫേസ് ആക്കിമാറ്റിയത് -23 കി.മീ

5. പുതിയ സിംഗിൾ ഫേസ് ലൈൻ നിർമ്മാണം (LT) -13 കി.മീ

6. പുതിയ 11 കെ വി ലൈൻ നിർമ്മാണം (HT) - 28 കി.മീ

7. പുതിയ LT ലൈൻ (ABC) - 12 കി.മീ

8. കേടായതും പഴയതുമായ LT ലൈനുകൾ മാറ്റിയത്- 1100 കി.മീ

9. കേടായതും പഴയതുമായ HT ലൈനുകൾ മാറ്റിയത്-22 കി.മീ

10. പുതിയ AB സ്വിച്ചുകൾ സ്ഥാപിക്കൽ - 123 എണ്ണം

11. പുതിയ HT ABC ലൈൻ - 1.5 കി.മീ

12. 11 കെ വി ഭൂഗർഭ ലൈൻ നിർമ്മാണം – 2.67 കി.മീ

(ബി) കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ വരുന്ന പെരുമ്പുഴ കുരീപ്പള്ളി തൈക്കാവ് ജംഗ്ഷൻ ട്രാൻസ്ഫോർമറിന്റെ 11 കെ.വി. ലൈൻ ദ്യുതി പദ്ധതിയിലുൾപ്പെടുത്തി മാറ്റുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്ക് പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും അനുമതി കിട്ടുന്നമുറയ്ക്ക് ടി ലൈൻ ചാർജ്ജ് ചെയ്യുകയും പഴയ ലൈൻ അഴിച്ചുമാറ്റുന്ന ജോലി പൂർത്തീകരിക്കുകയും ചെയ്യും.

(സി) പ്രസ്തുത അപേക്ഷ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചത് എന്നാണെന്നും ആയതിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

06-09-2021-ൽ അപേക്ഷ ലഭിച്ചു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട Utility shifting-ഉം മറ്റ് വർക്ക് ഡെപ്പോസിറ്റുകളും പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട മറ്റ് വർക്കുകളും കാരണമാണ് കാലതാമസമുണ്ടായത്.

(ഡി) ദ്യുതി പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ ഡിവിഷനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്നതിന്റെ സെക്ഷൻ ഓഫീസുകൾ തിരിച്ചുള്ള വിവരം നൽകാമോ?

ദ്യുതി പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷനായി 1,133.61 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 724.1 ലക്ഷം രൂപ താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം വിനിയോഗിച്ചിട്ടുണ്ട്.

| പ്രവൃത്തി | ഈസ്റ്റ് കല്ലട | എഴുകോൺ | കുണ്ടറ | നല്ലില | ഓയൂർ | പെരുമ്പുഴ | വെളിയം | ആകെ |
|---|---|---|---|---|---|---|---|---|
| പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ (എണ്ണം) | .. | 4 | 3 | 1 | 2 | 1 | 2 | 13 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ (എണ്ണം) | 1 | 1 | .. | 1 | .. | .. | .. | 3 |
| കാലപ്പഴക്കം വന്ന ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിച്ചത് (എണ്ണം) | 1 | 1 | 1 | .. | 1 | 3 | .. | 7 |
| സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസ് ആക്കി മാറ്റിയത് (കി.മീ.) | 2.450 | 1.235 | 3.20 | 1.0 | 2.85 | 5.30 | 1.36 | 17.395 |
| പുതിയ സിംഗിൾ ഫേസ് ലൈൻ നിർമ്മാണം (LT) (കി. മീ.) | 2.200 | 0.845 | 9.12 | 0.585 | 0.80 | 0.20 | .. | 13.75 |
| പുതിയ 11 കെ വി ലൈൻ നിർമ്മാണം (HT) (കി.മീ.) | 6.825 | 2.725 | 2.40 | 6.10 | 2.575 | 6.150 | 8.21 | 34.985 |
| പുതിയ LT ലൈൻ (ABC) (കി.മീ.) | .. | .. | .. | .. | .. | .. | .. | .. |
| കേടായതും പഴയതുമായ LT ലൈനുകൾ | 55.20 | 144.000 | 160.005 | 17.60 | 82.120 | 50.00 | 101.115 | 610.04 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മാറ്റിയത് (കി. മീ.) | | | | | | | | |
| കേടായതും പഴയതുമായ HT ലൈനുകൾ മാറ്റിയത് (കി. മീ.) | .. | 4.80 | .. | .. | .. | .. | .. | 4.80 |
| പുതിയ AB സ്വിച്ചുകൾ സ്ഥാപി ക്കൽ. (എണ്ണം) | .. | 4 | .. | 1 | 1 | 11 | 2 | 19 |
| പുതിയ HT ABC ലൈൻ (കി.മീ.) | .. | 0.60 | .. | .. | .. | .. | .. | 0.60 |
| 11 കെ വി ഭൂഗർഭ ലൈൻ നിർമ്മാണം (കി.മീ.) | 0.200 | .. | 0.07 | .. | 0.260 | .. | .. | 0.53 |
| ആകെ വിനിയോഗിച്ച തുക | 68.875 | 164.205 | 178.795 | 28.285 | 92.605 | 76.65 | 114.685 | 724.1 |

## മാർമല ജലവൈദ്യുത പദ്ധതി

212 (2816) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മാർമല ജലവൈദ്യുതി പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. പാലാ നിയോജകമണ്ഡലത്തിലെ മാർമല (2x3.5MW/23.02 MU) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR, KSEBL ഡിസംബർ 2014- ൽ അപ്രൂവ് ചെയ്തിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി തീക്കോയി, തലനാട് വില്ലേജുകളിൽപ്പെട്ട 5.9099 Ha പട്ടയ ഭൂമിയും 0.5236 Ha പട്ടയരഹിത ഭൂമിയും LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനത്തിനുള്ള വിജ്ഞാപനം 15-11-2021-ൽ പ്രസിദ്ധീകരിക്കുകയും പഠന റിപ്പോർട്ട് 31-12-2021-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് 18-04-2022-ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പട്ടയ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11 (1) വിജ്ഞാപനം 29-08-2022-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർസർവ്വേ നടപടികൾ

തഹസീൽദാർ (LA) പാലാ ആഫീസിന്റെ നേതൃത്വത്തിൽ ഇപ്പോൾ കൈക്കൊണ്ടുവരുന്നു.

## ദ്യുതി പദ്ധതി

213 (2817) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ.  കെ. ഡി .പ്രസേനൻ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതവും ഗുണമേന്മയേറിയതുമായ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കി വരുന്ന ദ്യുതി പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ദ്യുതി പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ,  കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 3,781 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ നിർമ്മാണം/ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ

മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി) പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. തുടർ വൈദ്യുതീകരണത്തിനായി മാറ്റിവച്ച 50 കോടി രൂപയും മാർച്ച് 2021-ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്.

നിലവിലുള്ള ദ്യുതി പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികീകരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ ദ്യുതി 2.0 പദ്ധതി നടപ്പിലാക്കുന്നതിനും ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രവൃത്തികൾ 2022-23 സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ നേട്ടം നിലനിർത്തുന്നതിനും നഗര, ഗ്രാമ വിവേചനമില്ലാതെ ഗുണനിലവാരമുള്ള വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ദ്യുതി പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ?

ഉണ്ട്. HT ഗ്രിഡിന്റെ ഏത് പോയിന്റിലും കുറഞ്ഞത് രണ്ട് പ്രായോഗിക സ്രോതസ്സുകളുള്ള റിംഗ് മെയിൻ യൂണിറ്റുകൾ ഉൾപ്പെടുന്ന HT ലൈനുകളുടെ നിർമ്മാണം ദ്യുതി 1.0 പ്രോജക്റ്റിൽ നടപ്പിലാക്കി.

വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത കൂട്ടുന്നതിനായി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ, അണ്ടർ ഗ്രൗണ്ട് കേബിളുകൾ, കവേർഡ്

കണ്ടക്ടറുകൾ എന്നിവ ഉപയോഗിച്ചുള്ള പുതിയ കണ്ടക്ടറുകളുടെ നിർമ്മാണം/പഴയ കണ്ടക്ടറുകളുടെ മാറ്റിസ്ഥാപിക്കൽ, തുടങ്ങിയവ പദ്ധതിയുടെ ഭാഗമാക്കി.

സിസ്റ്റം വിശ്വാസ്യത മെച്ചപ്പെടുത്തുന്നതിനും വേഗത്തിലുള്ള വൈദ്യുതി പുനഃസ്ഥാപനത്തിനും ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കുന്നതിനുമായി ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ദ്യുതി 1.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട് .

(സി) ദ്യുതി പദ്ധതിയുടെ പൂർത്തീകരണത്തോടെ വരുമാനത്തിൽ കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടം എത്രയാണെന്ന് അറിയിക്കുമോ?

ദ്യുതി പദ്ധതി നിർണായകമായ മുന്നേറ്റം നടത്തിയതിൽ ഏറ്റവും പ്രകടമായത് പ്രസരണ വിതരണ നഷ്ടം 2017-2018-ലെ 13.07%-ൽ നിന്ന് 2020-2021-ൽ 10.26% ആയി കുറച്ചതാണ്. ഇത് 700 MU-ലധികം ഊർജ്ജം ലാഭിച്ചതിനു തുല്യമാണ്.

2018-ലെ വെള്ളപ്പൊക്ക സമയത്ത് വേഗത്തിലുള്ള വൈദ്യുതി പുനഃസ്ഥാപനത്തിനായി നടപ്പിലാക്കിയ മിഷൻ റീകണക്റ്റും കോവിഡ്

പാൻഡെമിക് സമയത്ത് ഉപഭോക്താക്കൾക്ക് 24 മണിക്കൂറും വൈദ്യുതി ലഭ്യത ഉറപ്പാക്കിയ പ്രവർത്തനങ്ങളും ദ്യുതി-1, പദ്ധതി നടപ്പിലാക്കിയതിന്റെ പ്രകടമായ നേട്ടങ്ങളാണ്.

## കോഴിക്കോട് ജില്ലയിലെ ചെറുകിട വൈദ്യുത പദ്ധതികൾ

214 (2818) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെറുകിട വൈദ്യുതപദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | 2022 നവംബർ മാസം വരെയുള്ള പുരോഗതി |
|---|---|---|
| 1 | പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി 6 MW (24.70 Mu) | 93% സിവിൽ ജോലികളും 15.81% ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | ഒളിക്കൽ ചെറുകിട ജലവൈദ്യുതപദ്ധതി | സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട് |

| | | |
|---|---|---|
| | 5 MW (10.26 Mu) | |
| 3 | പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി3 MW (5.88 Mu) | സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട് |
| 4 | മരിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതി 6 MW (14.84 Mu) | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| 5 | ചെമ്പുകടവ് സ്റ്റേജ് III ചെറുകിട ജല വൈദ്യുത പദ്ധതി 7.5 MW(16.65 Mu) | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| 6 | ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതി സ്റ്റേജ് - I 6 MW (14.76 Mu) | ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| 7 | പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി 4 MW (10.34 Mu) | ഭരണാനുമതി ലഭിച്ചിട്ടുണ്ട് |

(ബി) ചെമ്പുകടവ് മൂന്നാംഘട്ട പദ്ധതിയുടെ വിശദാംശവും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ നിലവിലെ ചെമ്പുക്കടവ് 1, 2 പദ്ധതികളിൽനിന്ന് ഊർജ്ജോൽപ്പാദനത്തിനുശേഷം പുറത്തുവിടുന്ന ജലവും പദ്ധതിയുടെ catchment area -യിൽ നിന്നുള്ള ജലവും ഉപയോഗപ്പെടുത്തി 7.5 മെഗാവാട്ട് സ്ഥാപിതശേഷിയും 16.65 ദശലക്ഷം യൂണിറ്റ് വാർഷികോൽപാദനവും ലക്ഷ്യമിടുന്ന പദ്ധതിയാണ് ചെമ്പുക്കടവ് മൂന്നാംഘട്ടം. പദ്ധതിക്ക് സർക്കാരിന്റെയും ബോർഡിന്റെയും ഭരണാനുമതി

ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 81.75 കോടി രൂപയുടെള്ള ബോർഡിന്റെ പുതുക്കിയ ഭരണാനുമതി 23-12-2014 ൽ ലഭിച്ചിട്ടുണ്ട്.

ചെമ്പുക്കടവ് മൂന്നാംഘട്ട ജലവൈദ്യുത പദ്ധതിക്ക് 5.10 ഹെക്ടർ സ്വകാര്യ ഭൂമി ആവശ്യമുണ്ട്. ഈ ഭൂമി ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും റവന്യൂ ഡിപ്പാർട്ട്മെന്റ് സ്ഥലത്തിന്റെ ബി.വി.ആർ. നിശ്ചയിക്കുകയും ചെയ്തിരുന്നു. 15-07-2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗം ചേർന്നിരുന്നു. എന്നാൽ പ്രസ്തുത യോഗത്തിൽ കമ്മിറ്റി നിശ്ചയിച്ച വില സമ്മതമല്ലെന്ന് ഭൂവുടമകൾ അറിയിക്കുകയും വളരെ ഉയർന്നവില ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇനിമുതൽ എൽ.എ. നിയമപ്രകാരം മാത്രമായിരിക്കും ഭൂമി ഏറ്റെടുക്കുകയെന്ന് ജില്ലാകളക്ടർ അറിയിച്ചത് പ്രകാരം LARR 2013 പ്രകാരം ഭൂമി ഏറ്റെടുക്കാനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

**ചിറയിൻകീഴ് മണ്ഡലത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കുന്നത്**

215 (2819) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിലെ അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കടയ്ക്കാവൂർ, കഠിനംകുളം, മംഗലപുരം, കിഴുവിലം എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അഞ്ചുതെങ്ങ് | 210 എണ്ണം |
| ചിറയിൻകീഴ് | 1239 എണ്ണം |
| കടയ്ക്കാവൂർ | 817 എണ്ണം |
| കഠിനംകുളം | 783 എണ്ണം |
| മംഗലപുരം | 697 എണ്ണം |
| കിഴുവിലം - | 427 എണ്ണം |

**നിലാവ് പദ്ധതി -എൽ.ഇ.ഡി. ബൾബുകൾ**

216 (2820) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡ് സ്ഥാപിക്കുന്ന LED ബൾബുകൾ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഷയം EECL-മായും ബൾബുകൾ നിർമ്മിച്ച് നൽകുന്ന കമ്പനികളുമായും ചർച്ചചെയ്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നിലാവ് പദ്ധതിയിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ്. പദ്ധതിക്കാവശ്യമായ LED ബൾബുകളും അനുബന്ധ സാമഗ്രികളും നൽകുന്നതും കേടായവ വാറണ്ടി കാലയളവിൽ റിപ്പയർ ചെയ്ത് ലഭ്യമാക്കുന്നതും ഇ.ഇ.എസ്.എൽ. ആണ്. കോവിഡ് കാലഘട്ടത്തിൽ ഇലക്ട്രോണിക്സ് സാമഗ്രികളുടെ ക്ഷാമം

കാരണമുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് ഇ.ഇ.എസ്.എൽ. ബൾബുകളുടെ യഥാർത്ഥ നിർമ്മാതാക്കളായ Orient, Bajaj എന്നിവരുമായി ചേർന്ന് കേടായ LED ബൾബുകളുടെ വിവരം ലഭിക്കുന്ന മുറയ്ക്ക് പരിപാലനം ചെയ്തുവരുന്നു.

നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലാവ് പദ്ധതി നടപ്പാക്കുന്ന വിവിധ വകുപ്പ്/ഏജൻസികളെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി നടത്തിയിട്ടുള്ള മീറ്റിംഗുകളിൽ ചർച്ചചെയ്ത് തീരുമാനിച്ച പ്രകാരം താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:

നിലാവ് പദ്ധതി നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KSEB, EESL, KIIFB എന്നീ വകുപ്പ്/ഏജൻസികളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെയാണ്. നിലാവ് പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള LED തെരുവുവിളക്കുകൾക്ക് 7 വർഷം വാറണ്ടിയുണ്ട്. വാറണ്ടി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED വിളക്കുകളിൽ പ്രകൃതി ദുരന്തം കാരണമോ കൈകാര്യം

ചെയ്യുന്നതിലുള്ള അപാകം കാരണമോ അല്ലാതെ കേടാകുന്ന LED വിളക്കുകൾക്കുപകരം EESL സൗജന്യമായി പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേടുപാടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യും. കേടാകുന്ന LED വിളക്കുകൾ പെട്ടെന്ന് പുനഃസ്ഥാപിക്കുന്നതിനായി പകരം LED വിളക്കുകൾ നൽകുന്നതിനുവേണ്ടി അധിക വില നൽകാതെ 5% ബഫർ സ്റ്റോക്ക് EESL ലഭ്യമാക്കും. സ്ഥാപിച്ച LED തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് KSEBL സെക്ഷൻ ഓഫീസുകളിൽ അറിയിക്കുന്നതനുസരിച്ച് പകരം LED വിളക്കുകൾ നൽകും. ഇത് മാറ്റിസ്ഥാപിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ AMC കരാറുകാർ വഴി മെയിന്റനൻസ് നടപ്പിലാക്കും. ഇതുസംബന്ധിച്ച സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ട്.

കാലതാമസം വരുത്താതെ, കേടാകുന്ന LED വിളക്കുകൾക്കുപകരം പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേടുപാടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യാനുള്ള നടപടികൾക്കായി EESL-

മായും EESL-ന് സപ്ലൈ ചെയ്യുന്ന ബജാജ്, ഓറിയന്റ് എന്നീ കമ്പനികളുമായും KSEBL ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്.

(ബി) കോടായ ബൾബുകൾ പുനഃസ്ഥാപിച്ച് കിട്ടുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കാലതാമസം ഒഴിവാക്കാനായി ഇ.ഇ.എസ്.എൽ.-ന് പഞ്ചായത്ത് തിരിച്ചുള്ള കേടായ LED ബൾബുകളുടെ വിവരം അറിയിച്ച് പരിപാലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാലതാമസം വരുത്താതെ, കേടാകുന്ന LED വിളക്കുകൾക്കുപകരം പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേടുപാടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യാനുള്ള നടപടികൾക്കായി EESL -മായും EESL-നുവേണ്ടി LED വിളക്കുകൾ സപ്ലൈ ചെയ്യുന്ന ബജാജ്, ഓറിയന്റ് എന്നീ കമ്പനികളുമായും KSEBL ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്.

കേടാകുന്ന LED വിളക്കുകൾ പെട്ടെന്ന് പുനഃസ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ AMC കരാറുകൾ നൽകുന്നത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കടമക്കുടി ഗ്രാമപഞ്ചായത്ത് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കടമക്കുടി ഗ്രാമപഞ്ചായത്തിലെ കേടായ LED ബൾബുകളുടെ വിവരം ഇ.ഇ.എസ്.എൽ.-നെ അറിയിച്ച് പരിപാലനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി**

217 (2821) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത മിനി ജലവൈദ്യുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടക്കുന്ന സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിലെ ആദ്യത്തെ ബൾബ് ടൈപ്പ് ടർബൈൻ പദ്ധതിയായ ഭൂതത്താൻകെട്ട് കെട്ട് മിനി ജലവൈദ്യുത പദ്ധതി കാലതാമസം കൂടാതെ കമ്മീഷൻ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഇ)ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി KSEBL, M/s. Sree Saravana Engineering Bhavani Private Ltd., M/s. Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022 ൽ ഒപ്പിട്ടു.

പ്രസ്തുത പദ്ധതിയിൽനിന്ന് 8 മെഗാവാട്ടിന്റെ 3 യന്ത്രങ്ങൾ ഉപയോഗിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 99.7%, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 86.61% ഉം ആണ്.

പ്രസ്തുത പദ്ധതി 2023 ഒക്ടോബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉഡുപ്പി - കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ**

218 (2822) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ (ഉഡുപ്പി-കരിന്തളം) ലൈനിന്റെ നിർമ്മാണപ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് TBCB വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL എന്ന കമ്പനിയിൽനിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400 കെ.വി. ഉഡുപ്പി-

കാസർഗോഡ് ലൈനിന്റെ ജോലികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം | 115 കി.മീ. (കേരളം-47 കി.മീ., കർണ്ണാടകം-68 കി.മീ.) |
| ആകെ ട്രാൻസ്മിഷൻ ടവറുകളുടെ എണ്ണം | 283(കേരളം-101, കർണ്ണാടകം – 182) |
| ടവർ ഫൌണ്ടേഷൻ നിർമ്മാണം പൂർത്തിയായത് (കേരളം) | 85 Nos. |
| ടവർ നിർമ്മാണം പൂർത്തിയായത് (കേരളം) | 74 Nos. |
| ലൈൻനിർമ്മാണം പൂർത്തിയായത് (കേരളം) | 810 മീറ്റർ |
| സബ്സ്റ്റേഷൻ നിർമ്മാണം | 50 % പൂർത്തീകരിച്ചു. |

(ബി) ടവറുകളും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകളുടെ പരാതി പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് UKTL എന്ന കമ്പനിയാണ്. കമ്പനിയിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം വൃക്ഷവിള നഷ്ടപരിഹാരം കാസർഗോഡ് ജില്ലാ കളക്ടർ നിശ്ചയിച്ച പ്രകാരം അന്തിമവില തീരുമാനമായിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരവുമായി

ബന്ധപ്പെട്ട് സ്പെഷ്യൽ പാക്കേജിനുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ**

219 (2823) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രദേശങ്ങളുടെ പേര് വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

(എ - സി)

**വിതരണ വിഭാഗം**

മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ ദ്യുതി - 2 (2022-23) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രദേശങ്ങളുടെ പേര് വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രദേശം |
|---|---|---|
| 1 | വോർക്കാടി | 1. ദൈഗോളി-കണ്ടപ്പടവ്<br>2. അരിങ്കുള<br>3. പാലങ്കിരി |
| 2 | മീഞ്ച | 1. ബാളിയൂർ<br>2. മിയപ്പദവ് പെട്രോൾ പമ്പിന് സമീപം<br>3. അടകത്തഗുരി<br>4. മൊറത്തന അങ്കണവാടി<br>5. കജേകോടി |
| 3 | പൈവളിക പഞ്ചായത്ത് | 1. NR മുദ്ദനടക്ക<br>2. തലങ്കന<br>3. മുളിഗടെ<br>4. അടക്കത്തിമാർ<br>5. സിറന്തടുക്ക<br>6. കയ്യാർ ക്രഷർ |
| 4 | മഞ്ചേശ്വരം | 1. മല്ലഗുരി<br>2. ഉദ്യാവർ<br>3. കുച്ചിക്കാട്<br>4. കുച്ചിക്കാട് വയൽ<br>5. ഗെറുകട്ട-സ്നേഹാലയ റോഡ് |
| 5 | കുമ്പള | 1. കൗണ്ടാപ്പ് |

| | | |
|---|---|---|
| | | 2. പൂക്കട്ട<br>3. കഞ്ഞ്ജിക്കട്ട<br>4. പേരാൽ<br>5. മട്ടംകുഴി |
| 6 | പുത്തിഗെ | 1. അനന്തപുരം |
| 7 | എൻമകജെ | 1. സർപ്പഗള<br>2. സോമജെ |
| 8 | മംഗൽപാടി | 1. ബേക്കൂർ ബിസ്കറ്റ് ഫാക്ടറി<br>2. സുബാഷ് നഗർ |

2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ 2023 മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

**ഇലക്ട്രിസിറ്റി അണ്ടർ കേബിൾ വഴി നൽകുന്നതിന് നടപടി**

220 (2824) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലും ഇലക്ട്രിസിറ്റി ലൈനുകൾ അണ്ടർ കേബിൾ വഴി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ?

RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര പ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS/SCADA പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

ഊർജ്ജ കേരളം മിഷനിലുൾപ്പെട്ട ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി കോർപ്പറേഷൻ പ്രദേശങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ 99.71 കോടിരൂപ ചെലവഴിച്ച് 582 കി.മീ. എച്ച്.ടി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസരണ നഷ്ടം കുറയ്ക്കാനും വൈദ്യുതി സംബന്ധമായ അപകടങ്ങൾ കുറയ്ക്കുന്നതിനും ഈ പദ്ധതി വ്യപകമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും മറ്റ് സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി എച്ച്.ടി. വൈദ്യുതിലൈനുകൾ അണ്ടർഗ്രൗണ്ട് കേബിളുകളാക്കാനാണ്

കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. 2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ എച്ച്.ടി. ഭൂഗർഭകേബിളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണത്തിനുള്ള എൽ.ടി ലൈൻ നിർമാണത്തിൽ Aerial Bunched Cable(ABC)/മറ്റ് കവേർഡ് കണ്ടക്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള മാറ്റങ്ങളാണ് ഘട്ടംഘട്ടമായി KSEBL നടപ്പിലാക്കിവരുന്നത്. നിലവിലുള്ള bare എൽ.ടി. ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മപദ്ധതി KSEBL ആസൂത്രണം ചെയ്യുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു.

UG കേബിൾ ഉപയോഗിക്കുന്നതുവഴി പ്രസരണ നഷ്ടം കുറയാനിടയില്ല. വൈദ്യുതി അപകടങ്ങളുണ്ടാകാനുള്ള സാധ്യത പ്രായേണ കുറവാണ്. എന്നാൽ ഓവർ വോൾട്ടേജും അപകടങ്ങളോ തകരാറുകളോ ഉണ്ടായാൽ പരിഹരിക്കാനെടുക്കുന്ന സമയക്കൂടുതലും UG കേബിൾ ശൃംഖലയുടെ പോരായ്മയാണ്.

എന്നാൽ പ്രസരണ ലൈനുകളിൽ 33 കെ.വി.-യും അതിനുമുകളിൽ വോൾട്ടേജ് തലത്തിൽ OH ലൈൻ സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമാണ് UG Cable നടപ്പിൽ വരുത്തുന്നത്.

**വയനാട്-കാസർഗോഡ് പവർ ഹൈവേ പദ്ധതിയുടെ പുരോഗതി**

221 (2825) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-കാസർഗോഡ് 400 കെ.വി. പവർ ഹൈവേ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

'നോർത്ത് ഗ്രീൻ കോറിഡോർ' പദ്ധതിയുടെ ഭാഗമായ വയനാട്, പയ്യമ്പിള്ളി മുതൽ കാസർഗോഡ്, കരിന്തളം വരെയുള്ള 125 കി.മി 400 കെ.വി. ലൈനിന്റെ നിർമ്മാണം ചെന്നൈ ആസ്ഥാനമായ ലാർസൻ & ടൂബ്രോ ലിമിറ്റഡ് എന്ന കമ്പനിക്ക് കരാർ 19-04-2022-ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വയനാട് ജില്ലയിലും കാസർഗോഡ് ജില്ലയിലും ടവറുകളുടെ ഫൗണ്ടേഷൻ ജോലികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം അറിയിക്കാമോ?

വയനാട് മുതൽ കാസറഗോഡ് വരെയുള്ള ലൈനിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കേണ്ടതില്ല. എന്നാൽ നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുമായി ബന്ധപ്പെട്ട് പയ്യമ്പിള്ളിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നടപടികളുമായി മുന്നോട്ടുപോകുന്നു.

പ്രസരണ ലൈൻ കടന്നുപോകുന്ന സ്ഥലം ഏറ്റെടുക്കേണ്ടതില്ല. മറിച്ച് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുകയാണ് ചെയ്യുന്നത്. നിലവിൽ നഷ്ടപരിഹാരം നൽകുന്നത് ട്രാൻസ്മിഷൻലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ (MoP) മാനദണ്ഡങ്ങൾ അനുസരിച്ചാണ്. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും

പ്രസരണ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ ലൈൻ കടന്നുപോകുന്ന സ്ഥലം പ്രഖ്യാപിത നഗരപരിധിയിൽ ആണെങ്കിൽ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികം നഷ്ടപരിഹാരമായി നൽകുന്നതാണ്. ലൈൻ കടന്നുപോകുന്ന ഇടനാഴിയിലുള്ള വിളകൾക്കും മരങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നൽകുന്ന നഷ്ടപരിഹാരത്തുകയ്ക്ക് പുറമെയാണിത്.

(സി) കിഫ്ബിയിൽനിന്ന് പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് ക്ഫിബിയിൽനിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല.

## ഗാർഹിക കണക്ഷനുകളുടെ കണക്ടഡ് ലോഡ് സംബന്ധിച്ച മാനദണ്ഡങ്ങൾ

222(2826) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിംഗിൾ ഫേസ്, ത്രീഫേസ് ഗാർഹിക കണക്ഷനുകളുടെ കണക്ടഡ് ലോഡ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കാമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റഗുലേഷൻ (8) അനുസരിച്ച് 5 കിലോ വാട്ട് കണക്റ്റഡ് ലോഡ് വരെ സിംഗിൾ ഫേസ് കണക്ഷനും അതിനുമുകളിൽ 100 kVA വരെ ത്രീ ഫേസ് കണക്ഷനും എന്ന മാനദണ്ഡമാണ് നിലവിലുള്ളത് .

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചാപ്റ്റർ 2-ൽ സെക്ഷൻ 8-ൽ, ആകെ കണക്ടഡ് ലോഡ് 5000 Watts (5000 Watts ഉൾപ്പെടെ) വരെ സിംഗിൾ ഫേസ് കണക്ഷൻ (240 വോൾട്ട്) നൽകാമെന്നും ആയതിന് മുകളിലേയ്ക്ക് 100 കെ.വി.എ. വരെ (100 കെ.വി.എ ഉൾപ്പെടെ) ത്രീഫേസ് (415 വോൾട്ട്) സപ്ലൈ കൊടുക്കണമെന്നും പറയുന്നു.

(ബി) സിംഗിൾ ഫേസായി കണക്ഷൻ ലഭിച്ച വീട്ടുകൾ പുനർനിർമ്മിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ കണക്റ്റഡ് ലോഡ് യഥാസമയം അറിയിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന സംവിധാനത്തിന്റെ വിശദാംശം അറിയിക്കാമോ?

ഉപഭോക്താവിന് വൈദ്യുതി ലഭിച്ചതിനുശേഷം കെട്ടിടം പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുകയാണെങ്കിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ (64) അനുസരിച്ച്

റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലൈസൻസിയെ ഉപഭോക്താവ് അറിയിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ അറിയിക്കാത്ത പക്ഷം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സ്വന്തമായോ, ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലോ ഇൻസ്പെക്ഷൻ നടത്തിയാണ് കണ്ടെത്തുന്നത്. ഇങ്ങനെ നിയമാനുസൃതമല്ലാത്ത ലോഡ് കണ്ടെത്തിയാൽ സപ്ലൈ കോഡ് റെഗുലേഷൻ (153) പ്രകാരമുള്ള തുടർനടപടികളാണ് സ്വീകരിക്കുന്നത് .

(സി) കണക്ടഡ് ലോഡനുസരിച്ച് സിംഗിൾ ഫേസിൽനിന്ന് ത്രീ ഫേസിലേയ്ക്ക് കണക്ഷൻ മാറ്റുന്നതിനാവശ്യമായ സ്ലാബ് അറിയിക്കാമോ?

5 കിലോവാട്ടിനുമുകളിൽ കണക്റ്റഡ് ലോഡ് ആയാൽ സിംഗിൾ ഫേസ് കണക്ഷൻ ത്രീ ഫേസാക്കി മാറ്റേണ്ടതാണ് .

(ഡി) കണക്ടഡ് ലോഡ് യഥാസമയം അറിയിക്കാതിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കുന്ന നടപടി എന്തെന്ന് അറിയിക്കാമോ; പ്രസ്തുത വിവരം ഇലക്ട്രിസിറ്റി ബോർഡിൽ അറിയിക്കുന്നതിന് പൊതുജനത്തിന് അവസരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

അനുവദനീയമായ പരിധിയിലുള്ള അധിക ലോഡ് ആണെങ്കിൽ കെ.എസ്.ഇ.ബി.എൽ. സ്വമേധയാ ലോഡ് ക്രമപ്പെടുത്തുന്ന നടപടിയും അനുവദനീയമായ പരിധിക്കുപുറത്തുള്ള അധിക ലോഡ് ആണെങ്കിൽ ഉപഭോക്താവിന് ലോഡ് ക്രമപ്പെടുത്താനുള്ള നോട്ടീസ് നൽകി ക്രമപ്പെടുത്താത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള നടപടികളും ഉൾപ്പെടുന്നു.

അധിക ലോഡ് ബോർഡിനെ യഥാസമയം അറിയിക്കാതിരിക്കുന്ന വിവരം ഇലക്ട്രിസിറ്റി ബോർഡിൽ അറിയിക്കുന്നതിന് പൊതുജനത്തിന് വൈദ്യുതി ബോർഡിന്റെ അതത് സ്ഥലത്തുള്ള സെക്ഷൻ ഓഫീസിലോ കേന്ദ്രീകൃത കസ്റ്റമർ കെയർ നമ്പരായ 1912 ലേയ്ക്കോ 9496001912 എന്ന വാട്സാപ്പ് നമ്പരിലേയ്ക്കോ വിജിലൻസ് വിഭാഗത്തിന്റെ 04712444554 എന്ന നമ്പരിലേയ്ക്കോ അറിയിക്കാവുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി

223 (2827) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-ന്റെ വൈദ്യുതി പ്രതിസന്ധികളും പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴും വോൾട്ടേജ് ക്ഷാമവും വൈദ്യുതിതടസ്സവും അനുഭവിക്കുന്ന ജില്ലയാണ് കാസർഗോഡ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുണ്ടപടവ്, മുണ്ടനടക, മിയപടവ്, നൂജി, മൂഗ്ലി, രാജപുരം, ബളാന്തോട്, ഭീമനടി, നല്ലോംപുഴ എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതിതടസ്സവും അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ദ്യുതി പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസാക്കി മാറ്റുന്നതിനുള്ള പ്രവൃത്തിയും പഴയ കമ്പികൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയും വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിലുള്ള ഓവർ ഹെഡ് ലൈനിനുപകരം ABC, UG കേബിളുകൾ സ്ഥാപിച്ച് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ തയ്യാറാക്കി ടെണ്ടർ നടപടികളിലാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുന്നതിനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പ്രസരണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു

1) കുറ്റിക്കോലിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം.

2) 110 കെ.വി. സബ്സ്റ്റേഷൻ വിദ്യാനഗർ 220 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി.

3)മൈലാട്ടി സബ്സ്റ്റേഷനിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള 12 കി.മീ. 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി.

4) UKTL എന്ന കമ്പനിയുടെ ഉടമസ്ഥതയിൽ കരിന്തളത്ത് പുതിയ 400 കെ.വി. സബ്സ്റ്റേഷന്റെയും 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈനിന്റെയും നിർമ്മാണം.

5) ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തി മുണ്ടയാട് മുതൽ മൈലാട്ടി വരെയുള്ള 110 കെ.വി. ലൈൻ ശേഷി വർദ്ധിപ്പിച്ച് 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജാക്കി ഉയർത്തുന്ന പ്രവൃത്തി. കരിന്തളം 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും നിലവിലുള്ള 220 കെ.വി. കാഞ്ഞിരോട്, തളിപ്പറമ്പ, അമ്പലത്തറ, മയിലാട്ടി സബ്സ്റ്റേഷനുകളിലേയ്ക്കും നിർമ്മാണത്തിലിരിക്കുന്ന തലശ്ശേരി സബ്സ്റ്റേഷനുകളിലേയ്ക്കും നിർദ്ദിഷ്ട വിദ്യാനഗർ സബ്സ്റ്റേഷനുകളിലേയ്ക്കുമുള്ള 220 കെ.വി. ഫീഡറുകളുടെ നിർമ്മാണം.

6) ഇതുകൂടാതെ, മൈലാട്ടി, കാഞ്ഞങ്ങാട്, കാഞ്ഞങ്ങാട് ടൗൺ, തൃക്കരിപ്പൂർ, കുബനൂർ സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി രണ്ട് 100 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) കാസർഗോഡ് ജില്ലയിലെ 110 കെ.വി. ലൈനുകൾ 220 കെ.വി. ലൈനുകളായി മാറ്റാനുള്ള ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. മൈലാട്ടി സബ്സ്റ്റേഷനിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള 12 കി.മീ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ഖരമാലിന്യങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദനത്തിന് സംസ്കരണ പ്ലാന്റുകൾ

224 (2828) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി എത്ര സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

നഗരമാലിന്യ സംസ്കരണ പ്രശ്നത്തിനുള്ള പരിഹാരമെന്ന നിലയിൽ ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചതിൻപ്രകാരം കേരളത്തിലെ 10 ജില്ലകളിൽ അതിനുള്ള

പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം (കുരീപ്പുഴ-5MW), ഇടുക്കി (മൂന്നാർ), എറണാകുളം (ബ്രഹ്മപുരം - 9.76 MW), തൃശ്ശൂർ (ഒല്ലൂക്കര), പാലക്കാട് (5MW), മലപ്പുറം (തിരൂർ), കോഴിക്കോട് (6 MW), വയനാട്, കണ്ണൂർ (5 MW) എന്നീ ജില്ലകളിലാണ് മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നത്.

(ബി) പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള നോഡൽ ഏജൻസി ഏതാണെന്ന് വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് (KSIDC) നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) പ്രസ്തുത പ്ലാന്റുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ 6MW ശേഷിയുള്ള ഖരമാലിന്യ വൈദ്യുതി നിലയത്തിൽനിന്നും KSERC നിശ്ചയിച്ച നിരക്കായ യൂണിറ്റിന് 6.81 രൂപയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള

കരാറിൽ 01-10-2021-ൽ കെ.എസ്.ഇ.ബി.എൽ.-ഉം മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും ഏർപ്പെട്ടിട്ടുണ്ട്.

## കരിന്തളം - മാനന്തവാടി 400 കെ.വി. വൈദ്യുതി ലൈൻ

225 (2829) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം - മാനന്തവാടി 400 KV (കെ.വി.) വൈദ്യുതി ലൈൻ കടന്നുപോകുന്ന പ്രദേശത്തെ സ്ഥലമുടമകൾക്ക് നൽകുന്ന നഷ്ടപരിഹാര തുക എത്രയാണ്; ഇക്കാര്യത്തിൽ കർഷകരുടെയും സ്ഥലമുടമകളുടെയും ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഷ്ടപരിഹാരത്തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് ന്യായയുക്തമായ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ & ബി) നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുടെ ഭാഗമായി വയനാട്, പയ്യമ്പിള്ളി മുതൽ കാസർഗോഡ്, കരിന്തളം വരെയാണ് 400 കെ.വി. ലൈൻ നിർമ്മിക്കുന്നത്. പ്രസരണലൈൻ കടന്നുപോകുന്ന

സ്ഥലത്തിന് നിലവിൽ നഷ്ടപരിഹാരം നൽകുന്നത് ട്രാൻസ്മിഷൻ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ (MoP) മാനദണ്ഡങ്ങൾ അനുസരിച്ചാണ്. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും പ്രസരണ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ ലൈൻ കടന്നുപോകുന്ന സ്ഥലം പ്രഖ്യാപിത നഗരപരിധിയിൽ ആണെങ്കിൽ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികം നഷ്ടപരിഹാരമായി നൽകുന്നതാണ്. ലൈൻ കടന്നുപോകുന്ന ഇടനാഴിയിലുള്ള വിളകൾക്കും മരങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമെയാണിത്. കർഷകരുടെയും സ്ഥലമുടമകളുടെയും ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യങ്ങൾ പരിശോധിച്ച് സമഗ്രമായ ശിപാർശ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. സി.എം.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിൽ വൈദ്യുത ചാർജിംഗ് സ്റ്റേഷൻ**

226 (2830) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജിംഗ് സ്റ്റേഷന്റെ പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) അടിയന്തരമായി ചാർജിംഗ് സ്റ്റേഷൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ & ബി) മഞ്ചേരി മണ്ഡലത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രവർത്തനക്ഷമവുമാണ്.

1. IGBT ബസ് സ്റ്റാൻഡ്

2. ഹാജിയാർ പടി

3. ചൂരക്കാവ്

4. ആകപറമ്പ്

5. ഏപ്പിക്കാട്

6. നെല്ലിപ്പറമ്പ്

7. മഞ്ചേരി - പാണ്ടിക്കാട് റോഡ്

8. വൈദ്യുതി ഭവനം

## സ്മാർട്ട് മീറ്റർ

227 (2831) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രീപെയ്ഡ് മീറ്റർ സ്ഥാപിക്കുന്നതിന് ഒരു ഉപഭോക്താവിന് 9,000 രൂപ മുടക്കേണ്ടിവരുമെന്നത് വസ്തുതയാണോ; ഈ തുക ഉപഭോക്താവിൽനിന്നും ഈടാക്കാനാണോ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള നീക്കം വൈദ്യുതി ബോർഡിന് വൻബാധ്യത വരുത്തുമെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) RDSS പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്മാർട്ട് മീറ്ററൊന്നിന് 6,000 രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റ്" ആയി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം

പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. യഥാർത്ഥ ചെലവ് ടെണ്ടർവഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. RDSS പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ചെലവാകുന്ന തുക 93 മാസംകൊണ്ട് മാസംതോറും ഓരോ മീറ്ററിനും ഒരു നിശ്ചിത തുക വച്ച് (PMPM-per meter per month) ടെണ്ടർവഴി കണ്ടെത്തുന്ന സേവനദാതാവിന് നൽകേണ്ടതാണ്. ഈ പദ്ധതിക്ക് പ്രതിമാസം ചെലവാകുന്ന തുക ആവശ്യമെങ്കിൽ പരിപാലന ചെലവിനത്തിൽ കണക്കാക്കി റെഗുലേറ്ററി കമ്മീഷന് ARR&ERC ഫയൽ ചെയ്യാവുന്നതാണെന്ന് RDSS മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്.

## പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം

228 (2832) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകൂറായി പണമടച്ച് വൈദ്യുതി ഉപയോഗിക്കാൻ കഴിയുന്ന പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. രാജ്യത്തെ കൃഷി ആവശ്യത്തിന് ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം എല്ലാ സിസ്റ്റം മീറ്ററും എല്ലാ ഹൈ ടെൻഷൻ, സർക്കാർ, വാണിജ്യ വ്യവസായ ഉപഭോക്താക്കൾക്കും 2023 വർഷത്തോടുകൂടി സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എന്നുമുതൽ സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. 2023 ഡിസംബറിൽ ആദ്യഘട്ടം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

RDSS പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്മാർട്ട് മീറ്ററൊന്നിന് 6,000 രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റ്" ആയി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. ഇതുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിച്ച് പരിപാലിക്കാൻ 10 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നത് 8,175 കോടിരൂപയാണ്. യഥാർത്ഥ ചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

**വൈദ്യുതി ചാർജ്ജ് വർദ്ധന പുനഃപരിശോധിക്കാൻ നടപടി**

229 (2833) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡാനന്തര പ്രതിസന്ധിയും വിലക്കയറ്റവുമെല്ലാം സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നീക്കം പുനഃപരിശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിനിയമം, 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾപ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കണമെങ്കിലോ ബില്ലിംഗ് രീതികളിൽ മാറ്റം വരുത്തുന്നതിനോ, വൈദ്യുതിനിയമം 2003-ലെ 61-ാം വകുപ്പുപ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ-2021 പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ, വൈദ്യുതിനിയമം-2003, ദേശീയവൈദ്യുതി നയം-2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് വ്യക്തമായ പരിശോധന നടത്തി, പൊതുജനാഭിപ്രായംകൂടി കണക്കിലെടുത്താണ് റെഗുലേറ്ററി കമ്മീഷൻ, താരിഫിലോ ബില്ലിംഗ് രീതികളിലോ മാറ്റംവരുത്തുന്നത്. താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

## കേബിൾ ടി.വി സർവ്വീസുകളുടെ അധിക നിരക്ക് ഒഴിവാക്കുന്നതിന് നടപടി

230 (2834) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാറ്റലൈറ്റ് സംവിധാനങ്ങളിലൂടെ, മുൻകൂർ പണം വാങ്ങി അധിക ചെലവൊന്നുമില്ലാതെ പ്രവർത്തിക്കുന്ന വൻകിട ടെലിവിഷൻ സംപ്രേഷണ കമ്പനികളുമായി മത്സരിക്കേണ്ട ചെറുകിട പ്രാദേശിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹായകരമായ നിലപാട് വൈദ്യുതി വകുപ്പ് സ്വീകരിക്കുമോ; വിശദമാക്കുമോ?

ടെലിവിഷൻ സംപ്രേഷണം മാത്രമായി സേവനം നൽകുന്ന ചെറുകിട സംരംഭകർക്ക് കുറഞ്ഞ പോൾ വാടക നിരക്കാണ് കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നത്.

വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് താഴെപറയും പ്രകാരമാണ് നിലവിൽ വാടക ഈടാക്കുന്നത്.

| Purpose | CableTV Operators/Govt departments/LSGDs /CCTV cameras by Residents Association (with 3 % annual Increase) | All other applicants irrespective of the purpose like 2G/ 3G/4G services/ mobile communications etc (with 5% annual Increase) |
|---|---|---|

| Financial Year | Urban | Rural | Urban | Rural |
|---|---|---|---|---|
| 2022-23 | 309 | 149.35 | 531.92 | 265.96 |

ടെലിവിഷൻ സംപ്രേക്ഷണം മാത്രമായി കേബിൾ ടി.വി. ബിസിനസ് ചെയ്യുന്ന ചെറുകിടസംരംഭകർക്ക് നിലവിൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് കേബിൾ ടി.വി. ഓപ്പറേറ്റർമാർ സർവ്വീസിനായി ഉപയോഗിക്കുന്ന വൈദ്യുതി പോസ്റ്റുകളുടെ നിരക്ക് 2021 ഫെബ്രുവരിയിൽ സർക്കാർ ഇളവ് ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇളവിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്, 26-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം കേബിൾ ടി.വി ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടക പുതുക്കി നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവുപ്രകാരം പുതുക്കിയ നിരക്ക് 01-04-2021 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഈ ഉത്തരവിൽ മറ്റ് സമയ പരിധികൾ പ്രതിപാദിക്കുന്നില്ല

(സി) ഇന്റർനെറ്റ് സർവ്വീസിന് പ്രത്യേകം നിരക്ക് ഈടാക്കുന്നതിനും ഒരേ ഒപ്റ്റിക് ഫൈബർ കേബിളിലൂടെ കേബിൾ ടി.വി. സർവ്വീസും

ഇന്റർനെറ്റ് സർവ്വീസും നൽകുന്നവർക്ക് രണ്ട് സർവ്വീസുകൾക്കും പ്രത്യേകം നിരക്ക് വേണമെന്നും കെ.എസ്.ഇ.ബി.എൽ. ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്, 05-07-2021-ലെ ബോർഡ് ഉത്തരവുപ്രകാരം കേബിൾ ടി.വി. ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടകയുടെ നിരക്ക് താഴെ പറയും പ്രകാരമാണ്.

| Purpose | Cable TV Operators/ Govt departments/ LSGDs/ CCTV cameras by Residents Association (with 3 % annual Increase) | | All other applicants irrespective of the purpose like 2G/ 3G/4G services/ mobile communi cations etc ( with 5% annual Increase) | |
|---|---|---|---|---|
| Financial Year | Urban | Rural | Urban | Rural |
| 2022-23 | 309 | 149.35 | 531.92 | 265.96 |

(ഡി) എല്ലാ ഓപ്പറേറ്റർമാരും സർവ്വീസിനായി ഉപയോഗിക്കുന്ന ട്രങ്ക് ലൈനുകൾ, ഡിസ്ട്രിബ്യൂഷൻ കേബിളുകൾ എന്നിവയ്ക്ക് പ്രത്യേകം നിരക്ക് വേണമെന്ന് കെ.എസ്.ഇ.ബി.എൽ. ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ബോർഡിന്റെ 05-07-2021-ലെ ഉത്തരവുപ്രകാരം നിശ്ചയിച്ചിരിക്കുന്നത് ഒരു കേബിൾ ഒരു പോളിലൂടെ വലിക്കുന്നതിന് കേബിൾ ടി.വി. ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടകയാണ്. ട്രങ്ക്, ഡിസ്ട്രിബ്യൂഷൻ കേബിളുകൾ എന്ന നിലയിൽ പ്രത്യേക നിരക്ക് പ്രതിപാദിക്കുന്നില്ല.

(ഇ) സാധാരണക്കാരായ നിരവധി യുവതീയുവാക്കൾക്ക് പ്രാദേശിക വാർത്താചാനലുകളിൽ ഉൾപ്പെടെ തദ്ദേശീയമായി ജോലി ലഭിക്കുന്ന കേബിൾ ടി.വി. സർവ്വീസ് മേഖലയുടെ സംരക്ഷണം ഉറപ്പാക്കാൻ പ്രത്യേക നിരക്കുകളും വർദ്ധനയും പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

'എ' പിരിവിൽ വിശദമാക്കിയിരിക്കുന്ന പ്രകാരം ടെലിവിഷൻ സംപ്രേഷണം മാത്രമായി സേവനം നൽകുന്ന ചെറുകിട സംരംഭകർക്ക് കുറഞ്ഞ പോൾ വാടക നിരക്കാണ് കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നത്.

വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് സർക്കാരിന്റെയും ബോർഡിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്.

| Purpose | CableTV Operators/Govt departments/LSGDs/CCTV cameras by Residents Association (with 3 % annual Increase) | | All other applicants irrespective of the purpose like 2G/ 3G/4G services/ moblie communications etc (with 5% annual Increase) | |
|---|---|---|---|---|
| Financial Year | Urban | Rural | Urban | Rural |
| 2022-23 | 309 | 149.35 | 531.92 | 265.96 |

വൈദ്യുതി നിയമം 2003 സെക്ഷൻ 51 പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയുടെ (optimum utilization) നടത്തുന്നതിനായി മറ്റ് ബിസിനസ്സുകളിൽ ഏർപ്പെടാൻ ലൈസൻസിയെ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് കേബിൾ വലിക്കുന്നതിനുവേണ്ടി പോളുകൾ ലഭ്യമാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി ബോർഡിന് ലഭിക്കുന്ന വരുമാനം കമ്മീഷൻ അംഗീകരിച്ച് പൊതുജനങ്ങളിലേയ്ക്ക് വൈദ്യുതി താരിഫ് നിർണയത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്.

## കൊണ്ടോട്ടി നഗരത്തിലെ വൈദ്യുതിക്ഷാമം

231 (2835) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നഗരത്തിൽ വൈദ്യുതി ലഭിക്കുന്ന കിഴിശ്ശേരി സബ്സ്റ്റേഷനിൽനിന്നും വൈദ്യുതി ലഭിക്കാതിരിക്കുമ്പോൾ ബാക്ക് ഫീഡിംഗിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി നഗരത്തിൽ വൈദ്യുതി ലഭിക്കുന്ന കിഴിശ്ശേരി സബ്സ്റ്റേഷനിൽനിന്നും വൈദ്യുതി ലഭിക്കാതിരിക്കുമ്പോൾ ബാക്ക് ഫീഡിംഗിന് മറ്റ് സംവിധാനങ്ങൾ ഇപ്പോൾ നിലവിലില്ല.

(ബി) മുനിസിപ്പാലിറ്റിയിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന കൊട്ടുകര, ചെറാട്, കോടങ്ങാട്, പള്ളിയാളി എന്നിവിടങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

ചെറാട്, കൊട്ടുക്കര ഭാഗത്തെ വോൾട്ടേജ് കുറവ് സിംഗിൾ ഫേസ് ടു ത്രീ ഫേസ് കൺവേർഷൻ നടത്തി പരിഹരിച്ചിട്ടുണ്ട്.

കൊടങ്ങാട് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി-1 പദ്ധതിയിൽ (2021-2022) "KANNAMKANDY-1 No. 100 KVA

TRANSFORMER INSERTION" എന്ന പേരിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു

പള്ളിയാളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി-2 പദ്ധതിയിൽ (2022 -23) "VI WORK AT CHOLAKKAL" എന്ന പേരിൽ 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

## വടകര സിവിൽ സ്റ്റേഷനിലെ വൈദ്യുതി ചാർജ് കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ

232 (2836) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര സിവിൽ സ്റ്റേഷനിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) വടകര സിവിൽ സ്റ്റേഷനിൽ വൈദ്യുതി വിച്ഛേദിക്കുന്നത് പൊതുജനങ്ങൾക്കും ഓഫീസ് പ്രവർത്തനത്തിനും പ്രയാസം സൃഷ്ടിക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

(എ & ബി) വടകര മിനി സിവിൽ സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 24 ഓഫീസുകൾക്കായി നിലവിൽ ഒരു കണക്ഷൻ മാത്രമാണുള്ളത്. 10,306/- രൂപ മുൻമാസത്തിലെ കുടിശ്ശികയും നവംബർ മാസത്തെ ബിൽ തുക 29,962/- രൂപയുംകൂടി നിലവിൽ ആകെ കുടിശ്ശിക 40,268/- രൂപ ആണ്. ഓരോ ഓഫീസിനും പ്രത്യേകം പ്രത്യേകം കണക്ഷൻ നല്കുന്നതിനുവേണ്ടി നിലവിലുള്ള വയറിംഗ് ക്രമീകരിച്ച് അപേക്ഷ നൽകണമെന്ന് തഹസീൽദാറെ അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ ഓരോ ഓഫീസിനും പ്രത്യേകമായി കണക്ഷൻ എടുക്കുന്നതിലൂടെ സിവിൽ സ്റ്റേഷന്റെ വൈദ്യുതി ബന്ധം മൊത്തമായി വിച്ഛേദിക്കുന്നതും ബിൽ തുക അടയ്ക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കാൻ കഴിയും.

## കാർഷികമേഖലയിലേയ്ക്ക് സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കാൻ നടപടി

233 (2837) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജ്ജോല്പാദനത്തിൽ അനെർട്ട് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജോല്പാദനത്തിന്റെ ഭാഗമായി അനെർട്ട് മുഖേന വിവിധ സൗരോർജ്ജ പദ്ധതികളിലൂടെ ഇതുവരെ 27.871 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള പാലക്കാട് കുഴൽമന്ദത്തെ 2 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയവും ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ 1 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയവും ഉൾപ്പെടുന്നു. കൂടാതെ 17.2 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി സംവിധാനത്തോടുകൂടിയ ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് അനെർട്ട് സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയിലേയ്ക്ക് പ്രസ്തുത പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; കാർഷിക ഉപയോഗത്തിനുള്ള പമ്പുകൾ, ഗ്രിഡ്ബന്ധിത

സൗരോർജ്ജ നിലയങ്ങൾ എന്നിവ സ്ഥാപിക്കാൻ പദ്ധതി രൂപീകരിക്കുമോ?

കാർഷിക മേഖലയിലേയ്ക്ക് പ്രസ്തുത പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രധാനമന്ത്രി - കുസും' പദ്ധതിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ 3 ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 9348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനുള്ള ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. സംസ്ഥാനത്ത് നിലവിലുള്ള കാർഷിക പമ്പുകളിൽ 80 ശതമാനം പമ്പുകളും തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലാണെന്നതിനാൽ അനെർട്ട് ഈ ജില്ലകൾ കേന്ദ്രീകരിച്ചാണ് പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. 1 എച്ച്.പി. മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകളാണ് ഈ

പദ്ധതിയിൽ ഉൾപ്പെടുന്നത്. കർഷകർ നൽകേണ്ട ഗുണഭോക്തൃ വിഹിതം നൽകുന്നതിന് പല കർഷകർക്കും സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 35652 പമ്പുകളാണ് നബാർഡിന്റെ എ.ഐ.എഫ്. ഫണ്ടിംഗ് മുഖേന സൗരോർജ്ജവത്കരിക്കുന്നത്. മൂന്നാംഘട്ടമായി 55000 പമ്പുകൾ സൗരോർജ്ജവത്കരിക്കാനുള്ള കേന്ദ്ര അനുമതിക്കായി അനെർട്ട് അപേക്ഷിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സൗരോർജ്ജ പ്ലാന്റിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പമ്പിന്റെ ഉപയോഗം കഴിഞ്ഞ് ബാക്കിവരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് നൽകുന്നതിലൂടെ അധിക വൈദ്യുതിക്ക് ഒരു നിശ്ചിത നിരക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്. ഈ തുക നബാർഡിന്റെ വായ്പ തിരിച്ചടവിന് വിനിയോഗിക്കും. ഏകദേശം 7 മുതൽ 10 വർഷത്തെ ഈ തുക വിനിയോഗിച്ച് വായ്പ തിരിച്ചടവ്

പൂർത്തിയാക്കാവുന്നതാണ്. വായ്പ കാലാവധിക്കുശേഷം സൗരോർജ്ജ പ്ലാന്റ് കർഷകർക്ക് കൈമാറുന്നതും തുടർന്ന് ലഭിക്കുന്ന തുക കർഷകർക്ക് അധിക വരുമാനമായി തീരുന്നതുമാണ്.

തൃശ്ശൂർ, മലപ്പുറം, കുട്ടനാട് എന്നിവിടങ്ങളിലെ കോൾ പാടങ്ങളിൽ ഉപയോഗിച്ചുവരുന്ന 20 എച്ച്.പി. മുതൽ 100 എച്ച്.പി. വരെ ശേഷിയുള്ള വൈദ്യുതിപമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ 100 പമ്പുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കാർഷികമേഖലയിലെ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള വെയർഹൗസുകളിലേയ്ക്ക് സൗരോർജ്ജ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പച്ചക്കറി, പഴം മുതലായ കാർഷികമേഖലയിലെ ഉല്പന്നങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കാനായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീത സംഭരണികൾ പ്രോത്സാഹിപ്പിക്കുന്നതിന് അനെർട്ട് പദ്ധതിയിടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ കൃഷി വകുപ്പിനുകീഴിലുള്ള തിരുവനന്തപുരത്തെ കാർഷിക നഗര മൊത്തവ്യാപാര വിപണിയിൽ 8 മെട്രിക് ടൺ ശേഷിയുള്ള

2 അറകളുള്ള സൗരോർജ്ജ ശീതസംഭരണി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംഭരണിയുടെ മുകളിൽ 10 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി ഈ പദ്ധതിയുടെ വ്യാപനം സാദ്ധ്യമാക്കാനാണ് അനെർട്ട് ഉദ്ദേശിക്കുന്നത്.

## സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്കുള്ള ബില്ലിംഗ് രീതി

234 (2838) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. പി . ഉബൈദുള്ള</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്ക് കെ.എസ്.ഇ.ബി.എൽ. നിലവിൽ ഏർപ്പെടുത്തിയ ബില്ലിംഗ് രീതി എപ്രകാരമാണ്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്ക് നിലവിൽ 'നെറ്റ് മീറ്ററിംഗ്' സംവിധാനമാണ് സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്നത്. നെറ്റ് മീറ്ററിംഗ് സമ്പ്രദായത്തിൽ, സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുള്ള ഉപഭോക്താവിന്റെ (പ്രൊസ്യൂമർ) നെറ്റ്

മീറ്ററിൽ കാണിക്കുന്ന നെറ്റ് എനർജിക്ക് (ഇമ്പോർട്ട്-എക്സ്പോർട്ട് വ്യത്യാസം) മാത്രമാണ് റീട്ടെയിൽ താരിഫ് നിരക്കിൽ ബിൽ ചെയ്യുന്നത്. കൂടാതെ സോളാർ ഉല്പാദനം ഉപഭോഗത്തെക്കാൾ കൂടുതലായാൽ ഗ്രിഡിലേയ്ക്ക് നൽകുന്ന മിച്ച വൈദ്യുതി ബാങ്ക് ചെയ്ത് മറ്റ് സമയങ്ങളിൽ ഉപയോഗിക്കാവുന്നതും വർഷാവസാനം ക്രെഡിറ്റിലുള്ള വൈദ്യുതിക്ക് കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ തുക ഉപഭോക്താവിന് ലഭിക്കുന്നതുമാണ്. ഇങ്ങനെ ബാങ്ക് ചെയ്ത വൈദ്യുതി, പീക്ക് സമയങ്ങളിലുൾപ്പെടെ ഉപഭോക്താവിന്റെ ആവശ്യാനുസരണം തിരികെ നൽകുന്നത് കമ്പോളത്തിൽനിന്നും കൂടിയ വിലയ്ക്ക് (ശരാശരി 9 രൂപ) വാങ്ങേണ്ടിവരുന്ന വൈദ്യുതിയാണ്. നിലവിലെ കണക്കുകൾ പരിശോധിച്ചാൽ 'പ്രൊസ്യൂമേഴ്സ്' ഉത്പാദിപ്പിക്കുന്ന സൗരോർജ്ജത്തിന്റെ 40% മാത്രമാണ് പകൽ സമയം അവർ ഉപയോഗിക്കുന്നത്. ബാക്കി 60% പീക്ക് സമയത്ത് ബാങ്കിംഗ് വഴി ബോർഡ് തിരികെ നൽകേണ്ടിവരുന്നു. സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതിയുടെ ശരാശരി വില 3.14 രൂപയാണ്. സൗരോർജ്ജ ഉല്പാദകരായ ഉപഭോക്താക്കൾ 3.14 രൂപയ്ക്കുള്ള വൈദ്യുതി ഗ്രിഡ്ഡിലേയ്ക്ക് നൽകുകയും പകരം ശരാശരി 9 രൂപ വിലയ്ക്ക് കമ്പോളത്തിൽനിന്നും വാങ്ങുന്ന വൈദ്യുതിയാണ്

പീക്ക് സമയങ്ങളിൽ തിരികെയെടുക്കുന്നത്. അതുമൂലം ബോർഡിന് ചെലവ് ഗണ്യമായി കൂടുകയും പ്രൊസ്യൂമേഴ്സിൽനിന്നുള്ള വരുമാനം ഇല്ലാതാവുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെയുണ്ടാകുന്ന അധിക ചെലവ് ഫലത്തിൽ മറ്റ് ഉപഭോക്താക്കൾ വഹിക്കേണ്ടതായി വരുന്നു. നെറ്റ് മീറ്ററിംഗ് സമ്പ്രദായം ഉപഭോക്താക്കൾക്ക് വളരെ ഗുണകരമാണെങ്കിലും ബോർഡിനും തദ്വാര മറ്റ് ഉപഭോക്താക്കൾക്കും അധിക ചെലവുണ്ടാക്കുന്നതാണ്. ഇപ്പോൾ 1 kWp പാനലിന്റെ വില ഏകദേശം 40,000 രൂപയിലേയ്ക്ക് കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നെറ്റ് മീറ്ററിംഗ് സമ്പ്രദായം വഴിയുള്ള ആനുകൂല്യങ്ങൾ തുടരുന്നത് സോളാർ നിലയങ്ങൾ സ്ഥാപിച്ച ഉപഭോക്താക്കൾക്ക് അധിക നേട്ടമുണ്ടാക്കുന്നതാണ്. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് പൊതുവെ ഉയർന്ന വൈദ്യുതി ഉപഭോഗമുള്ളവരും സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടവരുമാണ്. അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന വരുമാനക്കുറവ് സൗരോർജ്ജ നിലയം സ്ഥാപിക്കാത്ത മറ്റ് സാധാരണക്കാരായ ഉപഭോക്താക്കളിലേയ്ക്ക് ഉയർന്ന താരിഫായി മാറ്റപ്പെടും. മാസം 280 യൂണിറ്റിന് താഴെ ഉപയോഗിക്കുന്ന ഒരു കോടിയിൽപരം ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ, കാർഷിക

ഉപഭോക്താക്കൾ, അനാഥാലയങ്ങൾ, തെരുവുവിളക്കുകൾ, മറ്റ് ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കൾ എന്നിവർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയുന്നത്, മറ്റ് ഉപഭോക്താക്കൾക്ക് താരതമ്യേന ഉയർന്ന താരിഫ് നിശ്ചയിച്ചാണ് (ക്രോസ്സ് സബ്സിഡി).

പകൽ സമയത്ത് വൈദ്യുതി ആവശ്യകത താരതമ്യേന കുറവാണ്. അതിനാൽ സൗരോർജ്ജ നിലയങ്ങളിൽനിന്ന് ഉത്പാദിപ്പിച്ച് ഗ്രിഡിലേയ്ക്ക് നൽകുന്ന വൈദ്യുതി സംഭരിച്ചുവയ്ക്കാൻ സാധിക്കാത്തതുകൊണ്ട് ബോർഡ് കരാറിൽ ഏർപ്പെട്ടിരിക്കുന്ന വൈദ്യുതി ഫിക്സഡ് ചാർജ് നൽകി സറണ്ടർ ചെയ്യേണ്ടിവരുന്നു. ഇതും കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്. കൂടാതെ അസ്ഥിര സ്വഭാവമുള്ള സൗരോർജ്ജ വൈദ്യുതി ഗ്രിഡിലുണ്ടാക്കുന്ന വ്യതിയാനം പരിഹരിക്കുന്നതിന് സ്ഥിര സ്വഭാവമുള്ള മറ്റ് ഊർജ്ജ സ്രോതസ്സ് കൂടുതൽ ആശ്രയിക്കേണ്ടിവരുകയും ആയത് അധിക ചെലവുണ്ടാക്കുന്നതുമാണ്.

(ബി) നിലവിലെ നെറ്റ് മീറ്ററിംഗ് സംവിധാനത്തിനുപകരം ഗ്രോസ് മീറ്ററിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നിർദ്ദേശം റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം 2020-ലും തുടർന്ന് 2021-ലെ ഭേദഗതി വഴിയും ഇലക്ട്രിസിറ്റി റൈറ്റ് ഓഫ് കൺസ്യൂമർ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ടി റൂളിലാണ് നെറ്റ് ബില്ലിംഗും ഗ്രോസ്സ് മീറ്ററിംഗ് സംവിധാനവും കൊണ്ടുവന്നത്. ഇതിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിലെ റെഗുലേറ്ററി കമ്മീഷനുകൾ ഇതിനകംതന്നെ നെറ്റ് ബില്ലിംഗ്/ഗ്രോസ് മീറ്ററിംഗ് റെഗുലേഷനുകൾ പുറത്തിറക്കി നടപ്പിലാക്കി. നെറ്റ് മീറ്ററിൽ രേഖപ്പെടുത്തുന്ന ഇമ്പോർട്ട് എനർജിയും എക്സ്പോർട്ട് എനർജിയും പ്രത്യേകം ബില്ല് ചെയ്യുന്നു. ഇമ്പോർട്ട് എനർജി കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ് നിരക്കിലും എക്സ്പോർട്ട് എനർജി, കമ്മീഷൻ അംഗീകരിക്കുന്ന ഫീഡ് ഇൻ താരിഫ് നിരക്കിലും ബില്ല് ചെയ്യുന്നു. ടി തുകകളുടെ വ്യത്യാസമാണ് ഉപഭോക്താവ് നൽകേണ്ടതായി വരുന്നത്. ഇതിൽ ഉപഭോക്താവിന്റെ മൊത്തം ഉപഭോഗവും സോളാർ പ്ലാന്റിലെ ഉത്പാദനവും വെവ്വേറെ മീറ്റർ ഉപയോഗിച്ച് രേഖപ്പെടുത്തുന്നു. ഉപഭോക്താവിന്റെ മൊത്തം ഉപഭോഗം കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ് നിരക്കിലും സോളാർ വൈദ്യുതിക്ക്, കമ്മീഷൻ അംഗീകരിക്കുന്ന ഫീഡ് ഇൻ താരിഫ് നിരക്കിലും ബില്ല് ചെയ്യുന്നു. ടി തുകകളുടെ

വ്യത്യാസമാണ് ഉപഭോക്താവ് നൽകേണ്ടതായി വരുന്നത്. എന്നാൽ നെറ്റ് മീറ്ററിംഗിൽ ഇമ്പോർട്ട് എനർജിയും എക്സ്പോർട്ട് എനർജിയും തമ്മിലുള്ള വ്യത്യാസത്തിന് മാത്രമാണ് കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ് നിരക്കിൽ ബില്ല് ചെയ്യുന്നത്. ഇലക്ട്രിസിറ്റി റൈറ്റ് ഓഫ് കൺസ്യൂമർ റൂൾസ് 2020, ഭേദഗതി നിർദ്ദേശപ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലവിലുള്ള റെഗുലേഷൻ പരിഷ്കരിക്കുന്നതിനുള്ള പെറ്റീഷൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചെങ്കിലും നെറ്റ് ബില്ലിംഗും ഗ്രോസ് മീറ്ററിംഗും നടപ്പാക്കുന്നത് കമ്മീഷൻ പരിഗണിച്ചിട്ടില്ല. വിതരണ കമ്പനിയുടെ നഷ്ടവും തന്മൂലം മറ്റ് ഉപഭോക്താക്കളുടെ മേലുണ്ടാകുന്ന അധിക താരിഫ് ബാധ്യതയും ഒരു പരിധിവരെ കുറയ്ക്കാൻ നെറ്റ് ബില്ലിംഗ്/ഗ്രോസ് മീറ്ററിംഗ് സമ്പ്രദായം സഹായിക്കും. ഊർജ്ജ മന്ത്രാലയത്തിലെ റൂൾ പ്രകാരം 500 കിലോവാട്ടിന് മുകളിൽ കണക്റ്റഡ് ലോഡുള്ള പ്രൊസ്യൂമറിന് നെറ്റ് ബില്ലിംഗ് സംവിധാനത്തിലേയ്ക്ക് മാറേണ്ടിവരും. ഗ്രോസ് മീറ്ററിംഗ് ഓപ്ഷണൽ മാത്രമാണ്. പ്രൊസ്യൂമർ ആവശ്യപ്പെടുന്നപക്ഷം മാത്രമാണ് ഗ്രോസ് മീറ്ററിംഗ് സംവിധാനം ബാധകമാവുന്നത്.

(സി) ഇക്കാര്യത്തിൽ ഉപഭോക്താക്കൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഗണിച്ച് പ്രസ്തുത നിർദേശം പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഗ്രോസ് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷനും നിലവിലില്ല.

## ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ നിലയങ്ങൾ

235 (2839) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹരിത ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ, അതത് വകുപ്പുകൾ/കാര്യാലയങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്ഥാപിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കാർബൺ ന്യൂട്രൽ പദ്ധതിപ്രകാരം 3 കോടിരൂപ വകയിരുത്തിയിട്ടുള്ളതിന് ഭരണാനുമതിക്ക് അക്കൗണ്ട് ഹെഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി DPR, എസ്റ്റിമേറ്റ് എന്നിവ ലഭ്യമായിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരപുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം സൗരനിലയങ്ങൾ സ്ഥാപിച്ചതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. നഗരപരിധിയിലെ നാനൂറോളം സ്ഥാപനങ്ങളിലായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആകെ 20 MW ശേഷി വരുന്ന സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

236 (2840) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗരോർജ്ജ ഉല്പാദനം വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. സൗരപദ്ധതി രണ്ട്

ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. രണ്ടുഘട്ടങ്ങളിലുമായി ആകെ (RTS) 100.33 MW ന്റെ 23939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

സൗര ഫേസ് I (നോൺസബ്സിഡി) പദ്ധതി:- എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന ഈ പദ്ധതിയിൽ നിലവിൽ 22.89 MW-ന്റെ 1922 സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68MW-ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

സൗര ഫേസ് II (സബ്സിഡി) പദ്ധതി:- ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം പങ്കെടുക്കാനാവുന്ന ഈ പദ്ധതിയിൽ 1 മുതൽ 3 KW ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് നൽകിവരുന്നത്. 10 KW-നുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-നുമുകളിൽ 500 KW

വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതിയിൽ 81.65 MW-ന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഈ പദ്ധതിയിൽ ഇതുവരെ 5,800 പേർ ആകെ 22 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ടിൽ അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇതിൽ 3871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 3.5 മെഗാവാട്ട് ശേഷിയുള്ള 872 സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്.

അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷം കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽനിന്ന് ലഭിക്കുന്ന സബ്സിഡി തുക പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്ക് നൽകുന്നു.

## പാരമ്പര്യേതര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

237 (2841) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ സ്വകാര്യ സംരംഭകർ, കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവർ വഴി 60109 പുരപ്പുറങ്ങളിലായി 365.36 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ

സ്ഥാപിച്ചിട്ടുണ്ട്. പാരമ്പര്യേതര വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/LSGD/മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു.

അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ 1 MW, 3 MW ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി Project Management Consultant അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. 40

സൈറ്റുകളിലായി നടപ്പിലാക്കിയ 1.3 MW-ന്റെ സൗരോർജ്ജ പദ്ധതികൾ എന്നിവ അടുത്തിടെ പൂർത്തിയാക്കി.

ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം 4 MW, 1.5 MW, 1 MW എന്നീ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ. Project Management Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 47 സൈറ്റുകളിലായി 1.7 MW-ന്റെ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു.

പാരമ്പര്യേതര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രധാനമന്ത്രി-കുസും' പദ്ധതിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചെറുകിട

കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ മൂന്ന് ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് ലക്ഷ്യമിടുന്നത്.

2. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പദ്ധതി.

3. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി'.

4. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൽട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകിവരുന്നു.

5. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി.

6. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി.

7. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

8. സൗരോർജ്ജ കോൾഡ് സ്റ്റോറേജ്, സോളാർ പുഷ് കാർട്ട് ഉൾപ്പെടെയുള്ള നൂതന സോളാർ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്.

9. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

10. കാറ്റിൽനിന്നുള്ള വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന

നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ബി) സോളാർ വൈദ്യുതോപയോഗത്തിലും ഉല്പാദനത്തിലും രാജ്യത്ത് സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ കണക്കുകൾ പ്രകാരം സോളാർ ഉത്പാദനത്തിൽ കേരളം 13-ാം സ്ഥാനത്താണ്.

(സി) സംസ്ഥാനത്തിന്റെ വൈദ്യുതാവശ്യകതയും വരുംകാല വികസന സാധ്യതയും പരിഗണിച്ച് വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്കവിധം വൻകിട, ചെറുകിട സോളാർ വൈദ്യുതോല്പാദന, വിതരണ ശൃംഖലയ്ക്ക് രൂപംനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പരിഗണിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു. 'Component C' പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ,

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ KWA-യുടെ ഉടമസ്ഥതയിലുള്ള 36 ഏക്കറോളം വരുന്ന ഭൂമിയിൽ 6 MW സ്ഥാപിതശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജനിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. PM-KUSUM പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 5.5 M-ന് Power Purchase Agreement വച്ചുകഴിഞ്ഞു.

സംസ്ഥാനത്തിന്റെ വൈദ്യുതാവശ്യകതയും വരുംകാല വികസന സാധ്യതയും പരിഗണിച്ച് ചെറുകിട സോളാർ വൈദ്യുതോല്പാദന

സംവിധാനങ്ങൾ വ്യാപകമാക്കുന്നതിനായി അനെർട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പി..എം. കുസും പദ്ധതി പ്രകാരം കാർഷിക മേഖലയിൽ സൗരോർജ്ജവൽക്കരണം വ്യാപകമാക്കി വരുന്നുണ്ട്. ഇലക്ട്രിക് വാഹന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി, ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ സിറ്റി പദ്ധതി, ഫ്ലോട്ടിംഗ് സോളാർ പദ്ധതി, പൊതുസ്ഥാപനങ്ങൾക്കുള്ള സൗരോർജ്ജ സംവിധാനം എന്നീ പദ്ധതികളിലൂടെ അനെർട്ട് ചെറുകിട സോളാർ വൈദ്യുതോല്പാദന സംവിധാനങ്ങൾ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

238 (2842) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്ര അധിക വൈദ്യുതി ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശം അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും 500 മെഗാവാട്ട് സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ എന്നിവ മുഖേനയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇത് രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്.

**1. സൗര ഫേസ് - I നോൺ സബ്സിഡി പദ്ധതി:** ഇത് എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ നിലവിൽ 22.89 മെഗാവാട്ടിന്റെ 1922 സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68 മെഗാവാട്ടിന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

**2. സൗര ഫേസ് - II (സബ്സിഡി സ്കീം)**

ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം പങ്കെടുക്കാനാവുന്ന ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക്

ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നൽകിവരുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 കിലോവാട്ടിനുമുകളിൽ 500 കിലോവാട്ട് വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. നിലവിൽ ഈ പദ്ധതിയിൽ 81.65 മെഗാവാട്ടിന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു. രണ്ട് പദ്ധതികളിലുമായി സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ആകെ 100.33 മെഗാവാട്ടിന്റെ 23939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ (RTS) നിലവിൽ സൗര ഫേസ്- I (നോൺ സബ്സിഡി)

പദ്ധതിയിൽ 8 സൗര നിലയങ്ങളും (152 Kwp) സൗര ഫേസ്-**II** **(**സബ്സിഡി) പദ്ധതിയിൽ 34 സൗരനിലയങ്ങളും (117 Kwp) കമ്മീഷൻ ചെയ്തു. രണ്ടാംഘട്ട പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിൽനിന്നും അനെർട്ടിന് ഇതുവരെ 16 പേരിൽനിന്ന് ആകെ 51 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ആകെ 6 കിലോവാട്ട് ശേഷിയുള്ള 2 പ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായുള്ള അപേക്ഷയിന്മേൽ എത്രപേരുടെ അപേക്ഷയിലാണ് പദ്ധതി ഇനിയും നടപ്പിലാക്കാനുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ കെ.എസ്.ഇ.ബി.എൽ.-ന് 48-ഉം അനെർട്ടിന് 14-ഉം അപേക്ഷകളിന്മേൽ പദ്ധതി നടപ്പാക്കാനുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പ്ലാന്റുകൾ**

239 (2843) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പ്ലാന്റുകളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിരിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും (സോളാർ പാർക്കുകൾ ഒഴികെ) പ്രതിദിനം പത്തൊൻപതിനായിരത്തോളം (19000) യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. കാസർഗോഡ് ജില്ലയിൽ സൗര പുരപ്പുറ സോളാർ പദ്ധതിയിലെ ഫേസ് - I (നോൺ സബ്സിഡി) പ്രോജക്ടിൽ 64 സൗരനിലയങ്ങൾ (988 KWP) കമ്മീഷൻ ചെയ്തു. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ (ഫേസ് - II) 440 സൗരനിലയങ്ങൾ (1732 KWP) സ്ഥാപിച്ചു. പ്രസ്തുത പ്ലാന്റുകളിൽനിന്നും (ഫേസ് I & II) പ്രതിദിന ഉത്പാദനം 10880 യൂണിറ്റാണ്. കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ IREDA സ്ഥാപിച്ച 50 MW സോളാർ പ്ലാന്റ്, പൈവളികയിൽ THDCIL സ്ഥാപിച്ച 50 MW സോളാർ പ്ലാന്റ്, മഞ്ചേശ്വരം സബ്സ്റ്റേഷനിൽ KSEBL സ്ഥാപിച്ച

0.5 MW സോളാർ പ്ലാന്റ്, വെസ്റ്റ് എളേരിയിൽ ഭാരത് ചാരിറ്റബിൾ ഹോസ്പിറ്റൽ സൊസൈറ്റി സ്ഥാപിച്ച 1 MW സോളാർ പ്ലാന്റ് എന്നിവയാണുള്ളത്. 2021-22 വർഷത്തെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലത്തറ, പൈവളിഗെ എന്നീ പ്ലാന്റുകളുൾപ്പെടുന്ന സോളാർ പാർക്കിൽനിന്നുള്ള പ്രതിദിന ശരാശരി ഉല്പാദനം ഏകദേശം 4.48 ലക്ഷം യൂണിറ്റ് ആയിരുന്നു. മറ്റ് പ്ലാന്റുകളിലെ ശരാശരി പ്രതിദിന ഉത്പാദനം ചുവടെ ചേർക്കുന്നു.

മഞ്ചേശ്വരം സബ്സ്റ്റേഷനിലെ 0.5 MW സോളാർ പ്ലാന്റ് - ഏകദേശം 2000 യൂണിറ്റ്.

വെസ്റ്റ് എളേരിയിലെ 1 MW സോളാർ പ്ലാന്റ് - ഏകദേശം 5000 യൂണിറ്റ്.

(ബി) ഇവ സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. പണം മുടക്കി റീസ് വഴി സ്ഥാപിച്ച രണ്ട് നിലയങ്ങൾക്ക് (മഞ്ചേശ്വരം-500 KWP, മൈലാട്ടി-30 KWP) മൂന്നുകോടി എൺപത്തിയഞ്ച് ലക്ഷംരൂപ ചെലവായിട്ടുണ്ട്.

സൗര ഫേസ് I പ്രോജക്ടിലെ നിലയങ്ങൾ സ്ഥാപിക്കാൻ ആകെ ഏകദേശം 4,14,96,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കെ.എസ്.ഇ. ബി.എൽ.-ന്റെ മുതൽമുടക്കിലാണ് നടപ്പാക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സൗര ഫേസ് II പ്രോജക്ടിലെ നിലയങ്ങൾ കേന്ദ്രഗവൺമെന്റിന്റെ 40% സബ്സിഡിയോടുകൂടിയാണ് നടപ്പാക്കുന്നത്.

അമ്പലത്തറ, പൈവളിക സോളാർ നിലയങ്ങൾക്കായി ഇതുവരെ ഏകദേശം 582.76 കോടി രൂപ ചെലവായിട്ടുണ്ട്. സോളാർ പാർക്കിന്റെ വികസനം (അടിസ്ഥാന സൗകര്യം ഒരുക്കൽ, കൺസൾട്ടൻസി, സർവ്വേ, കെട്ടിടം, internal power evacuation മുതലായവ), സോളാർ നിലയങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള മൊത്തം ചെലവാണിത്. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള പവർ ഇവാക്വേഷനായി (power evacuation) KSEBL-ന് ഏകദേശം 40.11 കോടിരൂപയും ഇതുവരെ ചെലവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ പുരോഗമിക്കുന്നതിനാൽ ടി തുകയിൽ ഇനിയും വ്യത്യാസം വരാം.

മഞ്ചേശ്വരം സബ്സ്റ്റേഷനിലെ 0.5 MW സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഏകദേശം 3.7 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

വെസ്റ്റ് എളേരിയിലെ 1 MW സോളാർ പ്ലാന്റ് സ്വകാര്യ ഉടമസ്ഥതയിൽ ആയതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ലഭ്യമല്ല.

## കാട്ടാക്കട മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ

240(2844) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി/സാമ്പത്തികാനുമതി ലഭ്യമായതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; കാലതാമസം ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതി പ്രകാരം 3

കോടിരൂപ വകയിരുത്തിയിട്ടുള്ളതിന് ഭരണാനുമതി നൽകി അക്കൗണ്ട് ഹെഡ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി സർക്കാരിൽ നൽകിയ DPR, estimate എന്നിവ ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ 06-12-2022-ൽ ചേർന്ന യോഗം പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, വർക്ക് ടെണ്ടർ ചെയ്ത് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷനിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ

241 (2845) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള 5 ഏക്കർ ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 1 മെഗാവാട്ട് സൗരോർജ്ജ നിലയം സ്ഥാപിക്കാനായി ഡിസംബർ 2017-ൽ അലക്ട്രോണ എനർജി

പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അഞ്ച് കോടി എൺപത്തിരണ്ട് ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്ലാന്റിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ വർക്ക് ഓർഡർ 31-03-2021-ൽ റദ്ദ് ചെയ്തു.

മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള ഭൂമിയിൽ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി 3.5 MW സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനായി M/s INKEL Ltd. ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) എൻ.എച്ച്.-66 നോട് ചേർന്നുകിടക്കുന്ന മേൽ 5 ഏക്കർ ഭൂമിയിൽ മറ്റേതെങ്കിലും പ്രോജക്ട് നടപ്പിലാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല. നിലവിൽ പി.എം. കുസും പദ്ധതിയുടെ ഫീഡർതല സൗരോർജ്ജവത്കരണത്തിൽ ഉൾപ്പെടുത്തി ഇവിടെ 3.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കാനുള്ള എഗ്രിമെന്റ് 29-11-2022-ൽ M/s INKEL LTD, Kochi എന്ന സ്ഥാപനവുമായി ഒപ്പുവച്ചു. നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം

242 (2846) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 4 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുണ്ട് (മുടപ്പല്ലൂർ, കിഴക്കഞ്ചേരി കുഴൽമന്ദം, കുനിശ്ശേരി).

(ബി) പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(ബി & സി) ഇല്ല. കെ.എസ്.ഇ.ബി.എൽ.-ലെ ചെലവ് ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെത്തുടർന്ന് പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-03-2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ

243 (2847) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾ, അതിന്റെ കീഴിൽ വരുന്ന സെക്ഷനാഫീസുകൾ എന്നിവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഇലക്ട്രിക് ഡിവിഷൻ ഓഫീസുകൾ, അതിന്റെ കീഴിൽ വരുന്ന സെക്ഷനാഫീസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇലക്ട്രിക്കൽ ഡിവിഷൻ** | **ഇലക്ട്രിക്കൽ സെക്ഷൻ** |
|---|---|
| കുണ്ടറ | എഴുകോൺ |
| | കുണ്ടറ |
| | ഈസ്റ്റ് കല്ലട |
| | പെരുമ്പുഴ |
| | നല്ലില |
| ചാത്തന്നൂർ | കണ്ണനല്ലൂർ |

(ബി) പ്രസ്തുത സെക്ഷനാഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം തരംതിരിച്ച് നൽകാമോ; മാനദണ്ഡങ്ങൾ പ്രകാരം

ഒരു സെക്ഷനാഫീസിൽ ഉൾപ്പെടുത്താവുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ?

കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന സെക്ഷനാഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സെക്ഷൻ ഓഫീസ്** | **ഉപഭോക്താക്കളുടെ ആകെ എണ്ണം** | **കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഉപഭോക്താക്കൾ** |
|---|---|---|
| (i) എഴുകോൺ | 17160 | 5040 |
| (ii) കുണ്ടറ | 23038 | 22788 |
| (iii)ഈസ്റ്റ്കല്ലട | 16781 | 3050 |
| (iv) പെരുമ്പുഴ | 20401 | 3149 |
| (v) നല്ലില | 12569 | 6280 |
| (vi) കണ്ണനല്ലൂർ | 20700 | 10200 |

ഒരു സെക്ഷനാഫീസിൽ ഉൾപ്പെടുത്താവുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം സംബന്ധിച്ച മാനദണ്ഡങ്ങളൊന്നുമില്ല.

## പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ

244(2848) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷന് അനുയോജ്യമായ 21 സെന്റ് സ്ഥലം ചെമ്മലമറ്റത്ത് കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻവേണ്ടി 5 ഹെക്ടർ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് എൽ.എ.ആർ.ആർ. ആക്ട് നടപടികളിൽനിന്ന് ഇളവ് നൽകണമെന്നും നേരിട്ട് സ്ഥലം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും കാണിച്ച് സർക്കാരിലേയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൻമേലുള്ള തീരുമാനം വരുന്നമുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

(ബി) മണ്ഡലത്തിലെ കണമല പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കണമല പ്രദേശത്തേയ്ക്ക് 20 കി.മീ. അധികം ദൂരമുള്ളതിനാൽ പ്രസ്തുത പ്രദേശത്തെ വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി കണമലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) പരിഗണനയിലുണ്ട്.

## പെരുമ്പാവൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

245 (2849) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന 5 സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു

1. പെരുമ്പാവൂർ SBT -ക്ക് സമീപം

2. വില്ലേജ് ഓഫീസിനുസമീപം പുല്ലുവഴി

3. പഞ്ചായത്ത് ജംഗ്ഷൻ

4. പ്രൈവറ്റ് ബസ് സ്റ്റാൻഡിനുസമീപം കരുപ്പാംപ്പടി

5. ഒക്കൽ സൊസൈറ്റിക്കുസമീപം

**കെ.എസ്.ഇ.ബി.എൽ.-ന്റെ ആസ്തിയും കടവും കുടിശ്ശിക വിവരവും**

246 (2850) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ആസ്തികളുടെ മൂല്യം എത്രയാണെന്നും എന്തെല്ലാം ആസ്തികളാണുള്ളതെന്നും ഇനംതിരിച്ച് വിവരം ലഭ്യമാക്കുമോ?

30-09-2022-ലെ താൽക്കാലിക കണക്ക് പ്രകാരം 36,763 കോടി രൂപയാണ് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ആസ്തികളുടെ ബുക്ക് വാല്യൂ. ഇതിൽ കറന്റ് ആസ്തിയുടെ മൂല്യം 31,576 കോടിരൂപയും നോൺ കറന്റ് ആസ്തിയുടെ മൂല്യം 5,187 കോടിരൂപയുമാണ്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ കടബാധ്യത എത്രയാണെന്നും ഏതെല്ലാം ഇനത്തിലാണ് ബാധ്യതകൾ നിലവിലുള്ളതെന്നും വ്യക്തമാക്കുമോ?

30-09-2022-ലെ താൽക്കാലിക കണക്കുപ്രകാരം ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത 8,460.10 കോടിരൂപയാണ്. ഇതിൽ ദീർഘകാല വായ്പയും ഹ്രസ്വകാല വായ്പയും വർക്കിംഗ് ക്യാപ്പിറ്റൽ ലോണും ഉൾപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണ്; ഇതിൽ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഗാർഹിക ഉപഭോക്താക്കളിൽനിന്ന് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; വിശദമാക്കുമോ?

30-09-2022-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 2,981.16 കോടിരൂപയാണ്.

സർക്കാർ സ്ഥാപനങ്ങളിൽനിന്നായി 126.85 കോടിരൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നായി (വാട്ടർ അതോറിറ്റി ഉൾപ്പെടെ) 1,319.78 കോടിരൂപയും പിരിഞ്ഞുകിട്ടാനുണ്ട്. പിരിഞ്ഞുകിട്ടാനുള്ള തുകയുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗാർഹിക ഉപഭോക്താക്കളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക 313.59 കോടിരൂപയാണ്.

(ഡി) വൻകിട കമ്പനികളിൽനിന്ന് കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണ്; കമ്പനികളുടെ പേര് സഹിതം വിവരം ലഭ്യമാക്കുമോ?

30-09-2022-ലെ കണക്കനുസരിച്ച് എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗങ്ങളിലെ സ്വകാര്യ കമ്പനികളിലും ക്യാപ്റ്റീവ് പവർ പ്ലാന്റ് [Captive Power Plant (CPP)] വിഭാഗങ്ങളിലുമായി 745.85 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഈ കുടിശ്ശികയിൽ 262.8 കോടിരൂപ വിവിധ കേസ്സുകളിൽ ഉൾപ്പെട്ട് തീർപ്പാക്കാനുള്ളതാണ്. ഇതിൽ 10 ലക്ഷം രൂപയ്ക്ക് മുകളിൽ കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ള 543 ഉപഭോക്താക്കളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്+.

## മാനന്തവാടി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

247 (2851) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ എവിടെയെല്ലാം ലഭ്യമാണ്; അറിയിക്കുമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

1. ബിഷപ്പ് ഹൗസ്, വെയർ ഹൗസിനുസമീപം
2. പത്താം മൈൽ
3. തലപ്പുഴ ടൗൺ
4. ക്രസന്റ് സ്കൂൾ, പനമരം
5. അഞ്ചാം മൈൽ
6. സെന്റ് തോമസ് പള്ളിക്കുസമീപം, മൈസൂർ റോഡ്
7. PHC യ്ക്ക് സമീപം, താഴെ കട്ടിക്കുളം
8. തൊണ്ടർനാട് വില്ലേജ് ആറുകണ്ടം വയലിന് സമീപം

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇത് സ്ഥാപിക്കുകയെന്ന് വ്യക്തമാക്കുമോ?

നടപടിക്രമങ്ങൾ പ്രാരംഭദിശയിലാണ്.

## ചിറയിൻകീഴ് മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

248 (2852) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ഏതെല്ലാം പ്രദേശങ്ങളിലാണ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ചിറയിൻകീഴ് മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്.

**പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

1. ശാർക്കര ക്ഷേത്രം ഗേറ്റിനുസമീപം
2. കിഴുവിലം പഞ്ചായത്ത് ഓഫീസിനുസമീപം

3. കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനുസമീപം

4. ആറാട്ടുമുക്ക് ജംഗ്ഷൻ

5. ചെമ്പകമംഗലം

**ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ**

1. അവനവഞ്ചേരി സെക്ഷൻ

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രാരംഭദിശയിലാണ്.

**അമ്പലപ്പുഴ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

249 (2853) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ ഏതൊക്കെ കേന്ദ്രങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രയെണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്; ഏതൊക്കെ; വിശദമാക്കുമോ;

(സി) ഓട്ടോറിക്ഷകൾക്കും ടൂവീലറുകൾക്കും മാത്രം ഉപയോഗിക്കുന്നതിനായി ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പോൾമൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) അമ്പലപ്പുഴ മണ്ഡലത്തിൽ ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുമാണ് സ്ഥാപിച്ചിരിക്കുന്നത്. ഇവയെല്ലാംതന്നെ പ്രവർത്തനക്ഷമമാണ്. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ "പുന്നപ്ര" യിലും ഓട്ടോറിക്ഷകൾക്കും ടൂവീലറുകൾക്കും ഉപയോഗിക്കുന്നതിനായി ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പോൾ മൗണ്ടഡ് സ്റ്റേഷനുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിലുമാണ് സ്ഥാപിച്ചിരിക്കുന്നത്.

1. പുറക്കാട് ജംഗ്ഷൻ, പള്ളിക്ക് സമീപം, അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ

2. വളഞ്ഞവഴി ജംഗ്ഷൻ, എൻമിർഹസ് ആർക്കേഡിനുസമീപം, അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ

3. കടപ്പാക്കട പെട്രോൾ പമ്പിന് എതിർവശം, പുന്നപ്ര ഇലക്ട്രിക്കൽ സെക്ഷൻ

4. ഇ.എം.എസ് സ്റ്റേഡിയത്തിന് സമീപം, ട്രാൻസ്ഫോമർ സ്റ്റേഷൻ, ആലപ്പുഴ സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ

5. വടക്ക് പതിയൻകുളങ്ങര ക്ഷേത്രം, യുവൻ ബ്യൂട്ടി പാർലറിന് സമീപം.

## സൗര പദ്ധതി

250 (2854) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവയിലൂടെ നടപ്പിലാക്കുന്ന സൗര പദ്ധതിയുടെ വിശദാംശം നൽകാമോ?

ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്,

സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. സൗരപദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്.

**സൗര ഫേസ് I (നോൺസബ്സിഡി) പദ്ധതി**:- എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന ഈ പദ്ധതിയിൽ നിലവിൽ 22.89 MW-ന്റെ 1922 സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68MW-ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

**സൗര ഫേസ് II (സബ്സിഡി) പദ്ധതി**:- ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം പങ്കെടുക്കാനാവുന്ന ഈ പദ്ധതിയിൽ 1 മുതൽ 3 KW ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം

സബ്സിഡിയുമാണ് നൽകിവരുന്നത്. 10 KW-നുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-നുമുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതിയിൽ 81.65 MW-ന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പദ്ധതിയിൽ ഇതുവരെ 5800 പേർ ആകെ 22 MW ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 3871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. 872 പേർ ആകെ 3.5 MW ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചു.

(ബി) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ഇ-കിരൺ' പോർട്ടലിലും അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' പോർട്ടലിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽപതിക്കാത്ത 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. സ്ഥലസൗകര്യമുള്ള LT 1A താരിഫ് കണക്ഷനുള്ള ആർക്കും ഈ പദ്ധതിക്ക് അപേക്ഷ നൽകാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നു.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ സബ്സിഡി ഏത് രീതിയിലാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ള സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകൾ, ഇൻവെർട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉപഭോക്താവിന്റെ വീട്ടിൽ ലഭ്യമായതിനുശേഷം സബ്സിഡി കഴിഞ്ഞുള്ള

തുക പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് ഉപഭോക്താവ് നൽകേണ്ടതാണ്. സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്ത് അനുബന്ധരേഖകൾ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ പോർട്ടലിൽ ലഭ്യമാക്കുന്ന മുറയ്ക്ക് സബ്സിഡി കെ.എസ്.ഇ.ബി.എൽ. മുഖേന പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്ക് നൽകുന്നു.

## തലസ്ഥാന നഗരിയെ സൗരോർജ്ജ നഗരമാക്കാൻ പദ്ധതി

251 (2855) ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ :
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ ഊർജ്ജ ഉല്പാദനത്തിനും പ്രചരണത്തിനും വികസന ഗവേഷണ പ്രവർത്തനങ്ങൾക്കും അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് അക്ഷയ ഊർജ്ജ ഉല്പാദനത്തിനും പ്രചരണത്തിനും വികസന ഗവേഷണ പ്രവർത്തനങ്ങൾക്കും അനെർട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പ്രധാനമന്ത്രി-കുസും പദ്ധതി:**

കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ 3 ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 9,348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനുള്ള ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. സംസ്ഥാനത്ത് നിലവിലുള്ള കാർഷിക പമ്പുകളിൽ 80 ശതമാനം പമ്പുകളും തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ അനെർട്ട് ഈ ജില്ലകൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 1 എച്ച്.പി. മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകളാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. കർഷകർ നൽകേണ്ട ഗുണഭോക്തൃ വിഹിതം നൽകുന്നതിന് പല കർഷകർക്കും സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം

ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 35,652 പമ്പുകളാണ് ഈ പദ്ധതി മുഖേന സൗരോർജ്ജവത്കരിക്കുന്നത്. മൂന്നാംഘട്ടമായി 55,000 പമ്പുകൾ സൗരോർജ്ജവത്കരിക്കാനുള്ള കേന്ദ്ര അനുമതിക്കായി അനെർട്ട് അപേക്ഷിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സൗരോർജ്ജ പ്ലാന്റിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പമ്പിന്റെ ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡിലേയ്ക്ക് നൽകുന്നതിലൂടെ അധിക വൈദ്യുതിക്ക് ഒരു നിശ്ചിത നിരക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്. ഈ തുക നബാർഡിന്റെ വായ്പ തിരിച്ചടവിന് വിനിയോഗിക്കും. ഏകദേശം 7 മുതൽ 10 വർഷത്തെ ഈ തുക വിനിയോഗിച്ച് വായ്പ തിരിച്ചടവ് പൂർത്തിയാക്കാവുന്നതാണ്. വായ്പ കാലാവധിക്കുശേഷം സൗരോർജ്ജ പ്ലാന്റ് കർഷകർക്ക് കൈമാറുന്നതും തുടർന്ന് ലഭിക്കുന്ന തുക കർഷകർക്ക് അധിക വരുമാനമായി തീരുന്നതുമാണ്. തൃശ്ശൂർ, മലപ്പുറം, കുട്ടനാട് എന്നിവിടങ്ങളിലെ കോൾ

പാടങ്ങളിൽ ഉപയോഗിച്ചുവരുന്ന 20 എച്ച്.പി. മുതൽ 100 എച്ച്.പി. വരെ ശേഷിയുള്ള വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ആദ്യ ഘട്ടത്തിൽ 100 പമ്പുകളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഹരിത ഊർജ്ജ വരുമാന പദ്ധതി:**

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക മേൽക്കൂര സൗരോർജ്ജ വൈദ്യുത പദ്ധതി അനെർട്ട് ആവിഷ്കരിച്ചിരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്ത് ആയിരത്തോളം വീടുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 500 വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയായിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ ലൈഫ് മിഷനാണ് തെരഞ്ഞെടുത്തത്. ഒരു പ്ലാന്റിന് 1,35,000/- രൂപ വീതം ആകെ 6.75 കോടി രൂപയാണ് പദ്ധതി അടങ്കൽ.

കേന്ദ്ര സബ്സിഡി വിഹിതം കഴിഞ്ഞ് 5 കോടി രൂപ അനെർട്ട് ഈ പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് നിർമ്മിച്ച് നൽകിയ 300 വീട്ടുകളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഒരു പ്ലാന്റിന് 1,90,500/- രൂപ വീതം ആകെ 5.715 കോടി രൂപയാണ് പദ്ധതി അടങ്കൽ. കേന്ദ്ര സബ്സിഡി വിഹിതം കഴിഞ്ഞ് 4.2 കോടി രൂപ പട്ടികജാതി വികസന വകുപ്പാണ് ചെലവഴിക്കുന്നത്. പാവപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ വൈദ്യുതി സ്വന്തമായി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നതിനുപുറമേ അധികമായി ഈ കുടുംബങ്ങൾക്ക് ഹരിത ഊർജ്ജ വരുമാനംകൂടി ഉറപ്പാക്കുന്നു.

**ഇ-മൊബിലിറ്റി:**

ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ എന്നിവർ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല

ലഭ്യതയുള്ള സംരംഭകർക്ക് 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതാണ്. സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആലപ്പുഴ, പത്തനതിട്ട ജില്ലകളിൽ ഓരോന്നും കോഴിക്കോട് ജില്ലയിൽ രണ്ടെണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്തു. കൂടാതെ പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഈ വർഷം അനെർട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതിൽ അഞ്ചെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം 14 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. 3 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

സർക്കാർ വകുപ്പുകളിൽ വാടകയ്ക്ക് ഉപയോഗിക്കുന്ന ഡീസൽ/പെട്രോൾ കാറുകൾ മാറ്റി ഇലക്ട്രിക് കാറുകൾ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള

പദ്ധതിപ്രകാരം സംസ്ഥാനത്ത് വിവിധ സർക്കാർ, പൊതുസ്ഥാപനങ്ങൾക്കായി വിവിധ മോഡലുകളിലുള്ള 193 ഇലക്ട്രിക് കാറുകൾ ഇതുവരെ നൽകിയിട്ടുണ്ട്.

**പൊതുസ്ഥാപനങ്ങൾക്ക് സൗരോർജ്ജ സംവിധാനം:**

ഹരിത ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം ഈ സാമ്പത്തികവർഷം 49 സ്ഥാപനങ്ങളിലായി ആകെ 356 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. 36 സ്ഥാപനങ്ങളിലായി 1923 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

**ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി:**

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ

സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. അനെർട്ട് മുഖേന ഇതുവരെ 3 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം ഈ പദ്ധതി പ്രകാരം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

**റെസ്കോ മോഡൽ പദ്ധതി:**

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി നിലവിലുണ്ട്. തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറിയിലും എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിലും 350 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ റെസ്കോ മാതൃകയിൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി.

**മൈക്രോ ഗ്രിഡ് പദ്ധതി:**

ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ആദിവാസി കോളനികളിലെ വീടുകളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിപ്രകാരം പലക്കാട് ജില്ലയിലെ അട്ടപ്പാടി താഴെത്തുടിക്കി ആദിവാസി കോളനിയിൽ 50 കിലോ വാട്ടിന്റെ ഹൈബ്രിഡ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

**സോളാർ സിറ്റി പദ്ധതി:**

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ

കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതിപ്രകാരം 400 ഓളം സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

**പുനരുപയോഗ ഊർജ്ജ നോളജ് ഹബ്ബ്:**

പാലക്കാട് കുഴൽമന്ദത്തുള്ള അനെർട്ടിന്റെ ഭൂമിയിൽ ഒരു 'സംയോജിത പുനരുപയോഗ ഊർജ്ജ നോളജ് ഹബ്' സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിന്യൂവബിൾ എനർജി മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്റർ, പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ പരിശോധനയ്ക്കും സർട്ടിഫിക്കേഷനുമുള്ള സൗകര്യങ്ങൾ, ഉൽപ്പന്ന വികസനത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ നോളജ് ഹബ്ബിൽ ഉൾപ്പെടും. പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ പരിശോധനയ്ക്കും സർട്ടിഫിക്കേഷൻ സൗകര്യങ്ങൾക്കുമായി അനെർട്ട് കേന്ദ്ര കാര്യാലയത്തിൽ കൂടുതൽ ലബോറട്ടറി സ്ഥലം സജ്ജീകരിക്കുന്നതും പരിഗണനയിലുണ്ട്.

**സൗരോർജ്ജ കോൾഡ് സ്റ്റോറേജ്:**

പച്ചക്കറി, പഴം, പൂവ് മുതലായ വിഭവങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതസംഭരണി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ കാർഷിക നഗര മൊത്ത വ്യാപാര വിപണിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 8 മെട്രിക് ടൺ ശേഷിയുള്ള 2 അറകളുള്ള സംഭരണിയുടെ പ്രവർത്തനം സംഭരണിയുടെ മുകളിൽ സ്ഥാപിക്കുന്ന 10 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം, അറയിൽ വിന്യസിച്ചിട്ടുള്ള തെർമൽ സ്റ്റോറേജ് എന്നിവയിലൂടെ 24 മണിക്കൂറും ഉറപ്പുവരുത്തുന്നു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ അനെർട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകളും മറ്റ് ജീവൻ രക്ഷാ മരുന്നുകളും സൂക്ഷിക്കാനായി 5 മെട്രിക് ടൺ ശേഷിയുള്ള സൗരോർജ്ജ ശീതസംഭരണി സ്ഥാപിച്ചിട്ടുണ്ട്. ഇത് മികച്ച രീതിയിൽ പ്രവർത്തനം നടന്നുവരുന്നു.

**സോളാർ പുഷ് കാർട്ടുകൾ:**

തൊഴിൽ സംരംഭങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വഴിയോര ഉന്തുവണ്ടി

കച്ചവടക്കാർക്കായി 500 മുതൽ 600 വാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തി ഫ്രീസറുകൾ ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി അനെർട്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 30 പുഷ്കാർട്ടുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പരിശീലന പരിപാടികൾ:**

പുനരുപയോഗ ഊർജ്ജമേഖലയെ സംബന്ധിച്ച് വിവിധ മേഖലയിലുള്ളവർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സോളാർ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ഇലക്ട്രീഷ്യൻമാർക്ക് ഉൾപ്പെടെ വിപുലമായ പരിശീലന പരിപാടികൾ നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി എല്ലാ ജില്ലയിലും അക്ഷയ ഊർജ്ജ പ്രോജക്ടുകൾ സംബന്ധിച്ച പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണ്.

**ബോധവൽക്കരണ, പ്രചരണ പരിപാടികൾ:**

പുനരുപയോഗ ഊർജ്ജ ഉപയോഗത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികളും

പ്രദർശനങ്ങളും സംഘടിപ്പിച്ചുവരുന്നു. പൊതുജനങ്ങൾക്കായുള്ള സേവനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര കാര്യാലയത്തിൽ പ്രത്യേക ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത സേവനദാതാക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ വാങ്ങുന്നതിനായി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസായ 'ബൈ മൈ സൺ' എന്ന ഇ-കോമേഴ്സ് വെബ് പോർട്ടൽ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മൂന്ന് വർഷംകൊണ്ട് 3000 മെഗാവാട്ട് ഊർജ്ജോല്പാദനശേഷി ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; അവയുടെ വിശദാംശം അറിയിക്കാമോ?

മൂന്ന് വർഷംകൊണ്ട് 3000 മെഗാവാട്ട് സൗരോർജ്ജ ഊർജ്ജോല്പാദന ശേഷിയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിൽ പ്രധാനമന്ത്രി-കുസും പദ്ധതി, ഇലക്ട്രിക് വാഹന സോളാർ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ പദ്ധതി, ഹരിത ഊർജ്ജ വരുമാന പദ്ധതി, ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ സിറ്റി പദ്ധതി, ഫ്ലോട്ടിംഗ് സോളാർ പദ്ധതി, പൊതുസ്ഥാപനങ്ങൾക്കുള്ള സൗരോർജ്ജ

സംവിധാനം എന്നീ പദ്ധതികളിലൂടെ അനെർട്ട് 1,000 മെഗാവാട്ട് സൗരോർജ്ജ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

(സി) പദ്ധതിയുടെ ഭാഗമായി തലസ്ഥാന നഗരിയെ സൗരോർജ്ജ നഗരമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെയുള്ള സൗരോർജ്ജ നിലയങ്ങൾ, നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ബസ് ഷെൽട്ടറുകൾ, നഗരത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾ മുതലായവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ

ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

തലസ്ഥാന നഗരിയെ സൗരോർജ്ജ നഗരമാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ തലസ്ഥാന നഗരിയിലെ പൊതുകെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിവരുന്നു. ഊർജ്ജ ഓഡിറ്റിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നിർദ്ദേശത്തിനൊപ്പം കെട്ടിടത്തിൽ സാധ്യമാകുന്ന സൗരോർജ്ജ പ്ലാന്റിന്റെ ശേഷിയും കണ്ടെത്തുന്നുണ്ട്. നിലവിൽ 25 കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ പുരപ്പുറ സോളാർ പദ്ധതി**

252 (2856) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് തുടർനടപടി സ്വീകരിക്കേണ്ടത്; എന്തുനടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; തുടർനടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) സർക്കാർ ഓഫീസുകളിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവരുടെ കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നോഡൽ ഓഫീസർ, സൗര പ്രോജക്ട്/KSEBL-ന്റെ അംഗീകൃത പ്രതിനിധികൾ എന്നിവരുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനും ഓഫീസ് മേധാവികൾക്കുള്ള നിർദ്ദേശം 06-08-2020-ലെ സ.ഉ.(സാധാ) നം.87/2020/ഊ.വ, 03-11-2020-ലെ സ.ഉ.(സാധാ) നം.118/2020/ഊ.വ എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതത് വകുപ്പുകൾ/ കാര്യാലയങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നത്.

പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ കെ.എസ്.ഇ.ബി.എൽ. സൗരപദ്ധതി പ്രകാരം സർക്കാർ ഓഫീസുകളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല.

(സി) പുരപ്പുറ സോളാർ പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിലെ എത്ര ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

പുരപ്പുറ സോളാർ പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 85 ഉം (മൊത്തം സ്ഥാപിതശേഷി 341.08 Kwp) അനെർട്ട് മുഖേന 5- ഉം ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, ആര്യൻകോട് ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ളറട സബ്സ്റ്റേഷനിൽനിന്ന് പുതുതായി രണ്ട് 11 കെ.വി. ഫീഡറുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. എൽ. ടി. വൈദ്യുതി ലൈനുകളിൽ വൈദ്യുതിതടസ്സം കുറയ്ക്കുന്നതിനായി സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 3.32 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ 129.59 കിലോമീറ്റർ പഴയ കമ്പി മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. പ്രകാരം 3 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും 'ദ്യുതി 2' പദ്ധതിപ്രകാരം 12 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഒറ്റശേഖരമംഗലത്ത് പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സഹകരണ വകുപ്പിലെ പുതിയ പദ്ധതികൾ

253 (2857) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കാതെ പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുദ്ധരിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി (കോപ്പ്കെയർ)

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

യുവജന സഹകരണ സംഘങ്ങൾ

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി

സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു പട്ടികജാതി/പട്ടികവർഗ്ഗ യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് 14 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിക്കുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കലാകാരന്മാരുടെ സഹകരണസംഘം

കോട്ടയം ആസ്ഥാനമാക്കി കലാകാരന്മാരുടെ സഹകരണസംഘം - Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ 15-02-2022-ൽ രജിസ്റ്റർ ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

സ്നേഹതീരം

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധനത്തൊഴിലാളികളെയും മത്സ്യവിപണന തൊഴിലാളികളെയും ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് " സ്നേഹതീരം വായ്പ പദ്ധതി."

സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

പുനർജ്ജനി പദ്ധതി

സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന

സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

## സഹകരണ സൗഹൃദം

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിലവസരങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

## സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

സംസ്ഥാനത്തെ സഹകരണ മേഖല കാർഷികമേഖലയുടെ വളർച്ചയ്ക്ക് സഹായകമാകുന്നവിധം കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണമേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.

## സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)

പ്രാഥമികസംഘങ്ങളുടെ പരിധിയിൽവരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പ്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും അതോടൊപ്പം കാർഷിക അനുബന്ധപ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

CAPE-ന്റെ ആഭിമുഖ്യത്തിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

അംഗ സമാശ്വാസ നിധി

കാൻസർ രോഗികൾ, വൃക്ക രോഗികൾ തുടങ്ങിയ മാരകരോഗം ബാധിച്ച സഹകാരികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഇതുവരെ 66 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

- സഹകരണ സാന്ത്വനം പദ്ധതി നടപ്പിലാക്കി.

- ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

- ആഡിറ്റ് വിഭാഗം നവീകരിക്കുന്നതിനായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സുഭിക്ഷ കേരളം പദ്ധതി**

254 (2858) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ പ്രവാസി ക്ഷേമ സഹകരണ സംഘം 20 സെന്റ് സ്ഥലത്ത് വാഴ കൃഷിയും കിഴക്കഞ്ചേരി സർവീസ് സഹകരണ ബാങ്ക് 5 ഏക്കർ സ്ഥലത്ത് വാഴ, മഞ്ഞൾ, ഇഞ്ചി, പച്ചക്കറി എന്നിവയും കൃഷി ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

സംഘങ്ങൾ നേരിട്ട് കൃഷി ചെയ്തിട്ടുള്ളതിനാൽ വായ്പകൾ നൽകിയിട്ടില്ല.

## നവകേരളീയം പദ്ധതി

255 (2859) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിശ്ശിക നിവാരണത്തിനായി നടപ്പിലാക്കിയ നവകേരളീയം പദ്ധതി പുനരാരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെ നടപ്പിലാക്കിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 2022 ഡിസംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

**കെയർ ഹോം പദ്ധതി**

256 (2860) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വിശദമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചുനൽകുന്നതിന് അനുമതി ലഭിച്ച 2093 വീടുകളിൽ 2022 നവംബർ 25 വരെ 2091 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ആയതിൽ 2089 വീടുകൾ അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 206 വീടുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്.

**ഉത്തേജന പലിശ ഇളവ് പദ്ധതി**

257 (2861) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയതുമൂലം വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ക്ലെയിം സംഖ്യ ഇനത്തിൽ സർക്കാരിൽനിന്ന് എത്ര തുക ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ഉത്തേജന പലിശ ഇളവ് പദ്ധതി ഇനത്തിൽ 01-07-2013 മുതൽ 31-03-2022 വരെയുള്ള കാലയളവിൽ ക്ലെയിം ഇനത്തിൽ 29.72 കോടി രൂപ നൽകാനുണ്ട്.

(ബി) പ്രസ്തുത തുക യഥാസമയം ലഭിക്കാത്തതുകൊണ്ട് സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം 2021-2022 വർഷം വരെ സംസ്ഥാനത്താകെ 37 കോടി രൂപ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

**കേരള ബാങ്ക്**

258 (2862) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണബാങ്കുകളെ ലയിപ്പിച്ചുകൊണ്ട് കേരള ബാങ്ക് എന്ന പേരിൽ പ്രവർത്തിക്കാൻ റിസർവ് ബാങ്കോ നബാർഡോ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കുമായി 13 ജില്ലാ ബാങ്കുകളുടെ ലയനം നടപ്പാക്കിയതിന് ആർ.ബി.ഐ.-യുടെ അന്തിമാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) സംസ്ഥാനത്തെ 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അനുമതി നൽകിയിട്ടുണ്ട്.

(സി) ബാങ്കുകളുടെ ലയനത്തിന് പ്രാഥമികാനുമതി നൽകുമ്പോൾ ആർ.ബി.ഐ. മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ്; അവ പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കാൻ ആർ.ബി.ഐ. സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിരുന്ന നിബന്ധനകൾ പാലിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലയനത്തിന് അനുമതി നൽകിയത്.

(ഡി) കേരള ബാങ്കിന്റെ പ്രവർത്തനം സഹകരണ പ്രസ്ഥാനത്തിന് പ്രത്യേക നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ സഹകരണ മേഖലയുടെ വളർച്ചയ്ക്ക് നിലവിലും വരുകാലങ്ങളിലും സമഗ്ര സംഭാവനകൾ നൽകാൻ കേരള സംസ്ഥാന സഹകരണ ബാങ്കിന് കഴിയും.

## കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികകളിലെ അനധികൃത നിയമനം

259 (2863) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ക്യാഷ്യർ നിയമനവുമായി ബന്ധപ്പെട്ട കേസിൽ മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിയമനങ്ങളും പ്രൊമോഷനുകളും പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കേരള ഹൈക്കോടതി വിധി പ്രഖ്യാപിക്കുകയുണ്ടായോ; വിവരം നൽകുമോ;

(ബി) എങ്കിൽ പ്രസ്തുത വിധിയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. കെ. സി. ജിഷാന്ത് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 14599/2019-ന്മേലുള്ള 28-05-2019-ലെ വിധിന്യായപ്രകാരം ഹർജിക്കാരന്റെ നിവേദനം പരിഗണിച്ച് അദ്ദേഹത്തെ നേരിൽ കേട്ടശേഷം തീർപ്പാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

(സി) 28-5-2019-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14-8-2019-ന് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിലും ഡി.വൈ.എസ്.പി., കോ-ഓപ്പറേറ്റീവ് വിജിലൻസ് നോർത്ത് സോണിന്റെ അന്വേഷണ റിപ്പോർട്ടിലും എത്ര അനധികൃത നിയമനങ്ങൾ നടന്നതായാണ് വ്യക്തമാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച ഹൈക്കോടതിയുടെ അന്തിമവിധിയിൽ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് തീരുമാനമെടുത്തതെന്ന് വിശദമാക്കുമോ?

(സി&ഡി) 28-05-2019-ലെ ബഹു. ഹൈക്കോടതിയുടെ 14599/2019-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിലെ നിർദ്ദേശപ്രകാരം സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽകേട്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇല്ലാത്ത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് ടി റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയതിന് ടി കാലയളവിലെ ഭരണ സമിതിയുടെ ഭാഗത്തുനിന്ന് ക്രമവിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയാൽ മാത്രമേ ബോദ്ധ്യമാവുകയുള്ളൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് സഹകരണസംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു. വിശദമായ അന്വേഷണത്തിനുശേഷം കൂടുതൽ അന്വേഷണത്തിന് സഹകരണ വിജിലൻസ് ശിപാർശ ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

ഹൈക്കോടതിയുടെ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

## താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

260 (2864) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരെ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ടോ; എങ്കിൽ അംഗങ്ങളായ ജീവനക്കാരുടെ എണ്ണം എത്രയെന്നറിയിക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പെൻഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ?

(എ & ബി) സംസ്ഥാനത്തെ താലൂക്ക് സർക്കിൾ സഹകരണ യൂണിയനുകളിലെ ജീവനക്കാരെ നിലവിൽ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഇതിനുവേണ്ടിയുള്ള നിയമഭേദഗതി സർക്കാർ പരിഗണനയിലാണ്.

## സഹകരണ നിയമത്തിന് വിരുദ്ധമായി മിൽമയ്ക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ഉത്തരവ്

261 (2865) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിന് വിരുദ്ധമായി മിൽമയ്ക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01-09-2022-ലെ സ.ഉ. (സാ.ധാ)116/2022/ ഡിഡി നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ സഹകരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ നിയമത്തിന് വിരുദ്ധവും സാമ്പത്തിക ദുർവിനിയോഗത്തിന് ഇടവരുന്നതുമായ പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(സി) കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ ക്ഷീരസഹകരണ മേഖലയിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ മേഖലയിലെ നിയമപരമല്ലാത്ത പ്രവണതകൾ തടയുന്നതിനുള്ള വ്യവസ്ഥകൾ പുതിയ സഹകരണ നിയമ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മിൽമയുടെയും മേഖലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും സാമ്പത്തിക ദുർവിനിയോഗം തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മിൽമയുടെയും മേഖലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും സാമ്പത്തിക ദുർവിനിയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ക്ഷീരവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവന ചട്ടങ്ങൾ**

262 (2866) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവനചട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവനചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്.

## സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവന ചട്ടങ്ങൾ രൂപീകരിക്കൽ

263 (2867) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവന ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണ സംഘം ജീവനക്കാർക്കായി പ്രത്യേക സേവനചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്.

(ബി) സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണ പരീക്ഷാബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ ഒരു പരീക്ഷ രീതി അവലംബിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിലെ നേരിട്ട് നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**നവകേരളീയം ഒറ്റത്തവണ വായ്പാ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി**

264 (2868) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് നവകേരളീയം ഒറ്റത്തവണ വായ്പാ കുടിശ്ശിക തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതെന്നുള്ള വിവരം ബാങ്ക് തിരിച്ച് നൽകുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ 1805 പേർക്ക് നവകേരളീയം ഒറ്റത്തവണ വായ്പാ കുടിശ്ശിക തീർപ്പാക്കൽ പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക്/ സംഘത്തിന്റെ പേര് | ഇളവ് അനുവദിച്ച എണ്ണം |
|---|---|---|
| 1. | വീരണകാവ് സർവ്വീസ് സഹകരണ ബാങ്ക് | 70 |
| 2. | കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്ക് | 15 |
| 3. | വീരണകാവ് വെൽഫെയർ സഹകരണ സംഘം | 8 |
| 4. | പൂവച്ചൽ പഞ്ചായത്ത് സോഷ്യൽ വെൽഫെയർ സഹകരണ സംഘം | 5 |
| 5. | പൂവച്ചൽ റൂറൽ ഹൗസിംഗ് സഹകരണ സംഘം | 24 |
| 6. | ഉറിയാകോട് ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം | 78 |
| 7. | കൊണ്ണിയൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം | 2 |
| 8. | കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സഹകരണ സംഘം | 5 |
| 9. | ചായം സർവ്വീസ് സഹകരണ ബാങ്ക് | 190 |
| 10. | വിതുര സർവ്വീസ് സഹകരണ ബാങ്ക് | 140 |
| 11. | പനയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 123 |
| 12. | ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 107 |
| 13. | ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് | 550 |
| 14. | വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക് | 105 |
| 15. | മുണ്ടേല സർവ്വീസ് സഹകരണ ബാങ്ക് | 101 |
| 16. | അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 22 |
| 17. | നെടുമങ്ങാട് താലൂക്ക് മലയോര കർഷക സി.എസ്. | 25 |

| | | |
|---|---|---|
| 18. | ജനസേവിനി റൂറൽ സി.എസ് | 17 |
| 19. | പുളിച്ചാമല വനിത സി.എസ് | 49 |
| 20. | വിതുര റൂറൽ.സി.എസ് | 16 |
| 21. | പുനലാൽ സോഷ്യൽ വെൽഫെയർ സി.എസ് | 27 |
| 22. | ഉഴമലയ്ക്കൽ ഹൗസിംഗ് സി.എസ് | 27 |
| 23. | വെള്ളനാട് എസ്.സി/ എസ്.റ്റി.സി.എസ് | 5 |
| 24. | വെള്ളനാട് ബ്ലോക്ക് വെൽഫെയർ സി.എസ് | 19 |
| 25. | അരുവിക്കര അഗ്രിക്കൾച്ചറൽ വെൽഫെയർ സി.എസ് | 6 |
| 26. | ഉഴമലയ്ക്കൽ പഞ്ചായത്ത് റൂറൽ വെൽഫെയർ സി.എസ് | 15 |
| 27. | അരുവിക്കര പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സി.എസ് | 35 |
| 28. | രാജീവ് ഗാന്ധി വെൽഫെയർ സി.എസ് | 19 |
| | ആകെ | **1805** |

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണം ബാങ്ക് തിരിച്ച് അറിയിക്കുമോ?

ഈ പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ ലഭിച്ച അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി**

265 (2869) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ I.A.&A.S. തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനും ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിവരുന്നു. ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

(I) സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കാൻ ലക്ഷ്യമിട്ട് സമഗ്ര സഹകരണ നിയമഭേദഗതി നടപ്പിൽ വരുത്തുന്നതാണ്.

(II) ഓഡിറ്റ് സംവിധാനം നവീകരിച്ച് ഗ്രൂപ്പ് ഓഡിറ്റ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

(III) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(IV) സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

(V) സംഘങ്ങളുടെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സഹകരണ പരീക്ഷാ ബോർഡിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(VI) സംഘം ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(VII) സംഘങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

**സഹകരണ വകുപ്പിൽ അസി. രജിസ്ട്രാർ/അസി.ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനം**

266 (2870) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സഹകരണ വകുപ്പിൽ 2022-ലെ അസി. രജിസ്ട്രാർ/അസി. ഡയറക്ടർ തസ്തികയിലേയ്ക്കുള്ള വകുപ്പുതല പ്രൊമോഷൻ (DPC) ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിൽ 2022 ലെ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള വകുപ്പുതല പ്രൊമോഷൻ (D.P.C.) ലിസ്റ്റിൽ 88 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നാളിതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികയിലേയ്ക്ക് നാളിതുവരെ 71 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) 2022 ജൂണിനുശേഷം പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

2022 ജൂണിനുശേഷം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 11 ഒഴിവുകളുണ്ട്.

(ഡി) 2022 ജനുവരിക്കുശേഷം ഏതൊക്കെ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ/സഹകരണ സംഘങ്ങളിൽ പ്രസ്തുത കേഡറിൽനിന്നുമുള്ള

ഡെപ്യൂട്ടേഷൻ/മറ്റ് നിയമനങ്ങൾ നിർത്തലാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2022 ജനുവരിക്കുശേഷം സഹകരണ സംഘങ്ങളിൽ പ്രസ്തുത കേഡറിൽനിന്നുള്ള ഡെപ്യൂട്ടേഷൻ/മറ്റ് നിയമനങ്ങൾ നിർത്തലാക്കിയത് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

- അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൻ, കണ്ണൂർ ജില്ല.
- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം ജില്ല.
- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്, കോട്ടയം ജില്ല.
- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, പറവൂർ സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ല.
- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, വില്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട് ജില്ല.

- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, പോസ്റ്റ് ടെലികോം & ബി.എസ്.എൻ.എൽ. എംപ്ലോയീസ് ഗ്രൂപ്പ്, കോട്ടയം ജില്ല.
- അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, മീനച്ചിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കോട്ടയം ജില്ല.
- അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, റെയിൽവേ മെൻസ് ഹൗസ് ബിൽഡിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എറണാകുളം ജില്ല.

(ഇ) 2022 ജൂണിനുശേഷം അസി. രജിസ്ട്രാർ/അസി. ഡയറക്ടർ തസ്തിക മുതൽ അഡീഷണൽ ഡയറക്ടർ തസ്തികവരെ എത്ര പേർ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിൽ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരാളും അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 6 പേരും ഉൾപ്പെടെ 7 പേർ 2022 ജൂണിനുശേഷം സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്.

## സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശികയുള്ള ആനുകൂല്യം വിതരണം ചെയ്യാൻ നടപടി

267 (2871) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സഹകരണ സംഘങ്ങൾ എത്രയെന്നും അതിൽ പ്രവർത്തിക്കുന്നവ, പ്രവർത്തനരഹിതമായവ, ലിക്വിഡേഷൻ നേരിടുന്നവ എന്നിങ്ങനെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധം 2 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കുമോ; ക്ഷേമ പെൻഷൻ, കോവിഡുകാല ആനുകൂല്യം എന്നിവ വിതരണം ചെയ്തതിനുള്ള ഇൻസെന്റീവ് കുടിശ്ശികയുണ്ടോ എങ്കിൽ ഏത് തീയതി മുതലുള്ള ആനുകൂല്യങ്ങളാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശികയുള്ളത്; കുടിശ്ശിക മുഴുവൻ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ,വ്യക്തമാക്കുമോ?

2021 നവംബർ മാസം മുതൽ ഇൻസെന്റീവ് കുടിശ്ശികയുണ്ട്. ക്ഷേമപെൻഷൻ വിതരണം ചെയ്തതിലുള്ള ഇൻസെന്റീവ് കുടിശ്ശിക ഉടൻ വിതരണം ചെയ്യാൻ നടപടികളാരംഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിലവിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ 73781 സ്ഥിരം ജീവനക്കാരും 12856 കമ്മീഷൻ വ്യവസ്ഥയിലെ ജീവനക്കാരും ഉൾപ്പെടെ ആകെ 86637 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

## സർക്കിൾ സഹകരണ യൂണിയൻ ആരംഭിക്കാൻ നടപടി

268 (2872) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കിൾ സഹകരണ യൂണിയൻ നിലവിലില്ലാത്ത താലൂക്കുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

24-09-2016-ലെ ഗസറ്റ് നമ്പർ 1653 പ്രകാരം ആകെ 64 സർക്കിൾ സഹകരണ യൂണിയനുകളാണ് നിലവിലുള്ളത്. സർക്കിൾ സഹകരണ യൂണിയൻ രൂപീകരിച്ചിട്ടില്ലാത്ത താലൂക്കുകൾ ചുവടെ ചേർക്കുന്നു.

1. വർക്കല
2. കാട്ടാക്കട
3. പുനലൂർ
4. കോന്നി
5. ഇടുക്കി
6. ചാലക്കുടി
7. കുന്നംകുളം
8. പട്ടാമ്പി
9. കൊണ്ടോട്ടി
10. താമരശ്ശേരി
11. ഇരിട്ടി
12. പയ്യന്നൂർ
13. വെള്ളരിക്കുണ്ട്

14. മഞ്ചേശ്വരം

(ബി) പ്രസ്തുത താലൂക്കുകളിൽ സർക്കിൾ സഹകരണ യൂണിയൻ ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്?

നിയമവശങ്ങൾ പരിശോധിച്ച് ടി സർക്കിൾ സഹകരണ യൂണിയനുകൾ രൂപീകരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

(സി) ചാലക്കുടി താലൂക്കിൽ പ്രസ്തുത യൂണിയൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ?

ചാലക്കുടി താലൂക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് നിലവിലുണ്ട്. എന്നാൽ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ് നിലവിലില്ല. ആയതിനാൽ നിയമവശങ്ങൾ പരിശോധിച്ച് ചാലക്കുടി സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സഹകരണ ബാങ്കിന് ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

269 (2873) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിനുവേണ്ടി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതികൾ വിശദമാക്കാമോ?

സംസ്ഥാന സഹകരണ ബാങ്കിനുവേണ്ടി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്കും 13 മുൻ ജില്ലാ സഹകരണ ബാങ്കുകളും ഉൾപ്പെടെ ആകെ 14 യൂണിറ്റുകളുടെ ഡാറ്റാ മൈഗ്രേഷൻ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടത്. ഇതിൽ 10 യൂണിറ്റുകളുടെ മൈഗ്രേഷൻ പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 4 യൂണിറ്റുകളായ ആലപ്പുഴ, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ, എന്നിവയുടെ മൈഗ്രേഷൻ 2022 ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരും സഹകരണ വകുപ്പും നബാർഡ്, ആർ.ബി.ഐ. എന്നിവയുമായി നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ അന്തിമതീർപ്പുണ്ടാകുകയും ചെയ്യുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## സഹകരണ ബാങ്കിൽനിന്നും വിദ്യാഭ്യാസ ലോൺ ലഭിക്കാൻ നടപടി

270 (2874) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ കിട്ടാത്തതുമൂലം നിരവധി വിദ്യാർത്ഥികൾ ഇഷ്ടപ്പെട്ട കോഴ്സുകൾ പഠിക്കാൻ കഴിയാതെ വിഷമതകൾ അനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കിൽനിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കാതെ വിഷമതകൾ അനുഭവിക്കുന്നതായി സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; അറിയിക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കുവഴി വിദ്യാഭ്യാസ വായ്പയായി പരമാവധി 20 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ASAP (Additional Skill Acquisition Programme)-മായി സഹകരിച്ചുകൊണ്ട് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കാനും വായ്പ അനുവദിക്കുന്നുണ്ട്.

## ചാലക്കുടി അർബൻ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപം തിരിച്ച് നല്കാൻ നടപടി

271 (2875) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087-ൽ പണം നിക്ഷേപിച്ചവർക്ക് കാലാവധി പൂർത്തിയായിട്ടും നിക്ഷേപം മടക്കി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര പേർക്ക് എത്ര തുക വീതം മടക്കി നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) സംഘത്തിലെ 1178 എഫ്.ഡി. രസീതുകളിലായി 5,80,26,396/- രൂപ കാലാവധി കഴിഞ്ഞിട്ടും മടക്കി നൽകാനുണ്ടെന്ന് സഹകരണ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിക്ഷേപം മടക്കി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

കുടിശ്ശികയായ വായ്പകൾ തിരിച്ചുപിടിക്കുന്നതിന് എ.ആർ.സി. കേസുകളിൽ വിചാരണ നടന്നുവരികയാണ്. സമയബന്ധിതമായി ടി കേസുകൾ തീർപ്പാക്കി വായ്പാ തുക ഈടാക്കി നിക്ഷേപകർക്ക് തുക മടക്കി നൽകുന്നതിന് നിർദ്ദേശം നൽകുന്നതാണ്. മുൻ ഭരണസമിതി അംഗങ്ങൾക്കെതിരെ ചാലക്കുടി സി.ജെ.എം. കോടതിയിൽ ക്രൈം നമ്പർ 666/6 ആയി കേസ് നിലവിലുള്ളതാണ്.

(ഡി) പ്രസ്തുത സംഘത്തിൽനിന്ന് 2016-നുശേഷം വായ്പ നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തുക, ലഭിച്ച സ്ഥാപനങ്ങൾ, പലിശ നിരക്ക്, നാളിതുവരെയുള്ള തിരിച്ചടവ് എന്നിവ വിശദമാക്കുമോ?

2016-നുശേഷം സ്ഥാപനങ്ങൾക്ക് വായ്പ നല്കിയിട്ടില്ല. 2016-നുശേഷം ഒരു വ്യക്തിക്ക് 25,000/- രൂപ 13.5 ശതമാനം പലിശ നിരക്കിൽ വായ്പ നല്കിയിട്ടുണ്ട്. ടി വായ്പയിൽ നാളിതുവരെ 4,778/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

## സഹകരണ മേഖലയുടെ ആധുനികീകരണം

272 (2876) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ആധുനികവത്കരിക്കുമെന്ന നിലവിലെ സർക്കാർ നയത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഏതൊക്കെ മേഖലകളിലാണ് ആധുനികീകരണം നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയും അവയുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയുമാണ്.

ICDMS (Integrated Co-operative Department Management System)

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS-ലൂടെയാണ്.

സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

Co-operative Audit Monitoring & Information System (CAMIS)

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ്‌വെയർ</u>

സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കേരള സഹകരണ സംഘം നിയമം സമഗ്ര പരിഷ്കരണം</u>

കേരള സഹകരണ സംഘം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>സഹകരണ ആഡിറ്റ്</u>

സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് വകുപ്പിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സഹകരണ വകുപ്പ് പ്രാഥമിക സഹകരണ സംഘങ്ങൾക്കായി ഏകീകൃത നിയമാവലി തയ്യാറാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സഹകരണ വകുപ്പ് പുറത്തിറക്കിയ " Model Bye-laws for Primary Agricultural Credit Societies (PACS)" -ൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**സ്നേഹതീരം പദ്ധതി**

273(2877) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കുംവേണ്ടി സ്നേഹതീരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

കേരളത്തിലെ തീരദേശത്തെ മത്സ്യബന്ധനത്തൊഴിലാളികൾക്കും മത്സ്യവിപണന തൊഴിലാളികൾക്കും മത്സ്യസംസ്കരണത്തൊഴിലാളികൾക്കും സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വളരെ ചെറിയ പലിശ മാത്രം ഈടാക്കി വായ്പ നൽകുന്ന പദ്ധതിയാണ് സ്നേഹതീരം

പദ്ധതി. തുക വിതരണം ചെയ്യുന്നതിന് MOU ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേഖലയിൽ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പുതിയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംഘങ്ങൾ മുഖേന മത്സ്യ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമായുള്ള പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കാമോ?

(ബി &സി) നിലവിൽ രൂപീകരിച്ചിട്ടില്ല.

## അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ

274 (2878) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശവും നൽകുമോ?

അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ വെള്ളനാട് ഗവൺമെന്റ് സി.എച്ച്.സി. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നു.
2. വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ വിതുര താലൂക്ക് ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്നു.
3. വീരണകാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ വീരണകാവ് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലഭ്യമായ അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

## നീതി സ്റ്റോറിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

275 (2879) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെ നീതിസ്റ്റോറിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ?

115 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരെ സഹകരണ ചട്ടപ്രകാരം ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം തസ്തികകളിലേയ്ക്കാണ് ഇവർക്ക് ഉദ്യോഗക്കയറ്റം നൽകാൻ കഴിയുന്നതെന്നും സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ?

പ്രസ്തുത ജീവനക്കാരെ സബ്-സ്റ്റാഫ് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വിഭാഗം ജീവനക്കാരെ സഹകരണ ചട്ടപ്രകാരം ബാങ്കിന് അംഗീകരിച്ച് നൽകുന്ന ഫീഡർ കാറ്റഗറി റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമാണ് ഉദ്യോഗക്കയറ്റം നൽകാൻ സാധിക്കുന്നത്. ഇത്

സംബന്ധിച്ച ഓരോ സംഘത്തിന്റെയും ഫീഡർ കാറ്റഗറികൾക്ക് അതത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അംഗീകാരം നൽകുന്നു.

(സി) ജെ.ഡി.സി. കോഴ്സ് പാസ്സായിട്ടുള്ള സെയിൽസ്മാൻമാരിൽനിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കിയിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സെയിൽസ്മാൻമാരിൽനിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കിയിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 13 |
| കൊല്ലം | 30 |
| പത്തനംതിട്ട | 13 |
| ആലപ്പുഴ | 04 |
| കോട്ടയം | 0 |
| ഇടുക്കി | 13 |
| എറണാകുളം | 26 |
| തൃശ്ശൂർ | 02 |
| പാലക്കാട് | 0 |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 02 |
| കണ്ണൂർ | 01 |

| | |
|---|---|
| കാസർഗോഡ് | 17 |

(ഡി) പ്രസ്തുത ജീവനക്കാർക്ക് നിലവിൽ സഹകരണ ബാങ്കുകളിൽ ഒഴിവുള്ള ക്ലർക്ക് തസ്തികകളിൽ പ്രൊമോഷൻ നൽകുന്ന നടപടി പരിഗണനയിലുണ്ടോ?

സെയിൽസ്മാൻമാരിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അതത് സംഘത്തിന്റെ അംഗീകരിച്ച ഫീഡർ കാറ്റഗറി സബ് റൂൾ, സ്റ്റാഫ് പാറ്റേൺ എന്നിവ പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 185(1) ന് വിധേയമായി ഉദ്യോഗക്കയറ്റം നൽകാവുന്നതാണ്.

(ഇ) ജെ.ഡി.സി. കോഴ്സ് പാസ്സായവരും ഇപ്പോഴും നീതി സ്റ്റോറുകളിൽ സെയിൽസ്മാൻ തസ്തികയിൽ തുടരുന്നതുമായ ജീവനക്കാരുടെ പേരുവിവരം ബാങ്കിന്റെ പേര്, ജില്ല എന്നീ ക്രമത്തിൽ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**സഹകരണ കോളേജുകളുടെ സംരക്ഷണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

276 (2880) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകളുണ്ട്; ഇത്തരം കോളേജുകൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

സഹകരണ മേഖലയിൽ സംസ്ഥാനത്താകെ സമാന്തര വിദ്യാഭ്യാസം നടത്തുന്ന 35 സഹകരണ കോളേജുകളുണ്ട്.

സർക്കാർ ഓഹരി മൂലധനം, മോഡേണൈസേഷൻ, ഉപകരണങ്ങൾ/ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്, സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സബ്സിഡി/ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നു.

(ബി) യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ സഹകരണ കോളേജുകളിൽ കുട്ടികളുടെ

എണ്ണം ക്രമാതീതമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ സഹകരണ കോളേജുകളിൽ ഡിഗ്രി കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാതീതമായി കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സഹകരണ കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും സർക്കാർ ഓഹരി മൂലധനം, മോഡേണൈസേഷൻ സ്കീം, ഉപകരണങ്ങൾ/ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്, സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സബ്സിഡി/ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നുണ്ട്.

**മുറ്റത്തെ മുല്ല പദ്ധതി**

277 (2881) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയ ബാങ്ക് ഏതാണെന്നും എന്തെല്ലാം പ്രയോജനങ്ങളാണ് ഇതുകൊണ്ടുണ്ടായതെന്നും വ്യക്തമാക്കുമോ?

ബ്ലേഡ് പലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽനിന്ന് സാധാരണ ജനസമൂഹത്തെ മോചിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല വായ്പ പദ്ധതി. ടി വായ്പ പദ്ധതിക്ക് പുനർവായ്പ നൽകുകയാണ് കേരള ബാങ്ക് ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിലാണ് മുറ്റത്തെമുല്ല പദ്ധതി ആദ്യമായി നടപ്പിലാക്കിയിട്ടുള്ളത്. കുടുംബശ്രീ മുഖേന വിതരണം ചെയ്യുന്ന ടി വായ്പകൾ സ്വന്തമായി വരുമാനം ഉണ്ടാക്കുന്നതിനും

ഇതിലൂടെ സ്ത്രീ ശാക്തീകരണം നടപ്പിലാക്കുന്നതിന് ഒരു പരിധിവരെ സാധ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ?

നിലവിൽ പ്രസ്തുത പദ്ധതിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നിലവിൽ ടി പദ്ധതി എല്ലാ സഹകരണ ബാങ്കുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ; വിശദമാക്കുമോ?

വായ്പകൾക്ക് ഇൻഷ്വറൻസ് ലക്ഷ്യമിട്ട് കേരള റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലിപ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള

വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും വായ്പ എടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലൂടെ അനുവദിച്ചുവരുന്നു.

(ഇ) പ്രസ്തുത വായ്പകൾക്ക് റിസ്ക് ഫണ്ട് പരിധി മൂന്ന് ലക്ഷം രൂപയിൽനിന്ന് വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

വായ്പകൾക്ക് ഇൻഷ്വറൻസ് ലക്ഷ്യമിട്ട് കേരള റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലിപ്രകാരം അന്നേദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും വായ്പ എടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി

ചികിത്സാ ധനസഹായമായി 1.25 ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലൂടെ അനുവദിച്ചുവരുന്നു.

**സഹകരണ ബാങ്ക് മുഖേനയുള്ള കാർഷിക വായ്പാ വിതരണം**

278 (2882) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾ മുഖേന നടപ്പുസാമ്പത്തികവർഷം എത്ര പേർക്ക് കാർഷിക വായ്പ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ കേരള ബാങ്ക് ശാഖകൾ മുഖാന്തരം നടപ്പ് സാമ്പത്തികവർഷത്തിൽ കിസാൻ മിത്ര വായ്പാ പദ്ധതി പ്രകാരം 1733 പേർക്കും കിസാൻ മിത്ര (3 ലക്ഷത്തിന് മുകളിൽ) പദ്ധതി പ്രകാരം 256 പേർക്കും കിസാൻ മിത്ര Vegetable Fruit Promotion Council Kerala (VFPCK) പദ്ധതി പ്രകാരം 124 പേർക്കും LT (Agri) പദ്ധതി പ്രകാരം 13 പേർക്കും PRS വായ്പാ പദ്ധതി പ്രകാരം 241 പേർക്കും കാർഷികാവശ്യങ്ങൾക്കായി വായ്പാ വിതരണം നടത്തിയിട്ടുണ്ട്. കേരള

ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുള്ള പ്രസ്തുത കാർഷിക വായ്പകളും മറ്റ് സഹകരണ സംഘങ്ങൾ മുഖേന 13502 പേർക്ക് വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പകളും ഉൾപ്പെടെ വയനാട് ജില്ലയിൽ ആകെ 15869 പേർക്ക് കാർഷിക വായ്പ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരം വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ?

കേരള ബാങ്ക് ശാഖകൾ മുഖേന വിതരണം ചെയ്ത ആകെ തുക 6,334.28 ലക്ഷം രൂപയും മറ്റ് സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുള്ളത് 180.56 കോടി രൂപയുമാണ്.

(സി) ഏറ്റവും കൂടുതൽ കാർഷിക വായ്പ വിതരണം ചെയ്ത സഹകരണ ബാങ്ക് ഏതാണെന്ന് വ്യക്തമാക്കുമോ?

തരിയോട് സർവ്വീസ് സഹകരണ ബാങ്ക്.

**വാമനപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

279 (2883) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്ന് സഹകരണ ബോർഡിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് 227 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ അർഹതപ്പെട്ട 171 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുകയും 5 അപേക്ഷകളിലെ ന്യൂനത പരിഹരിച്ചുതരുന്നതിനായി ബന്ധപ്പെട്ട സംഘം/ബാങ്കിന് കത്ത് അയച്ചിട്ടുള്ളതും ബാക്കിയുള്ള 51 അപേക്ഷകളിൽ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളവയുമാണ്. അപ്രകാരം 227 അപേക്ഷകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിക്കപ്പെട്ട തുകയും സഹകരണസംഘം തിരിച്ച് നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

## സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നവർക്കുള്ള ആശ്വാസ നടപടികൾ

280 (2884) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന ആളുകൾ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതര രോഗം ബാധിക്കപ്പെടുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽനിന്നും അനുവദിച്ചുവരുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിലേയ്ക്കായി ആകെ 309 ധനസഹായ അപേക്ഷകൾ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ അർഹതപ്പെട്ട 234 അപേക്ഷകളിലായി ആകെ 1,97,95,752/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; അർഹരായ എല്ലാവർക്കും പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ധനസഹായത്തിന് അർഹത ഇല്ലാത്ത വായ്പകൾക്കാണ് ആനുകൂല്യം അനുവദിച്ചുനൽകാത്തത്. റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹതയില്ലാത്ത വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- വായ്പക്കാരൻ മരണപ്പെടുന്ന തീയതിയിൽ വായ്പാമുതൽ തിരിച്ചടവിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക വന്നിട്ടുള്ള വായ്പകൾക്ക്.
- വായ്പക്കാരന് മാരകരോഗം പിടിപെട്ടതോ വായ്പക്കാരൻ മരണപ്പെട്ടതോ ആയ തീയതിയിൽ 70 വയസ്സ് അധികരിച്ച വായ്പക്കാർക്ക്.
- വായ്പയെടുക്കുന്നതിനുമുമ്പ് അസുഖം ബാധിച്ചതോ വായ്പ കാലാവധി കഴിഞ്ഞ് അസുഖം ബാധിച്ചിട്ടുള്ളതോ ആയ വായ്പക്കാർക്ക്.

- നിയമാവലി വ്യവസ്ഥ 4(ഡി)-യിൽ പ്രതിപാദിക്കാത്ത അസുഖങ്ങൾക്കുവേണ്ടി ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്ക്.
- വായ്പാക്കാലാവധി കഴിഞ്ഞ് 6 മാസത്തിനുശേഷം വായ്പക്കാരൻ മരണപ്പെടുന്ന വായ്പകൾക്ക്.
- മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലല്ലാത്തതായ വായ്പകൾക്കുവണ്ടിയുള്ള ധനസഹായ അപേക്ഷകൾക്ക്. അർഹരായ മുഴവൻ അപേക്ഷകർക്കും കാലതാമസം ഒഴിവാക്കി അപക്ഷകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കി റിസ്ക് ഫണ്ട് ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം**

281 (2885) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ വഴി റിസ്ക് ഫണ്ടിന് അപേക്ഷിച്ചവരുടെ വിശദാംശം നൽകാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്നും നാളിതുവരെ ആകെ 1430 റിസ്ക്ഫണ്ട് ധനസഹായ അപേക്ഷകൾ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ആനുകൂല്യം ഏത് വർഷം വരെ വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും നാളിതുവരെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ 2021 ജൂൺ വരെയുള്ള അർഹതപ്പെട്ട മുഴുവൻ അപേക്ഷകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതത് സംഘം/ ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്നമുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയും ചെയ്യുമ്പോഴും കൂടാതെ ഓരോ ജില്ലകളിൽനിന്നും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കി റിസ്ക്ഫണ്ട് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കടുത്തുരുത്തി മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

282 (2886) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ആർക്കൊക്കെ സഹായം ലഭ്യമാക്കിയെന്നും ഇനി സഹായം ലഭിക്കുവാനുള്ളത് എത്രപേർക്കെന്നും പ്രസ്തുത അപേക്ഷകളിൽ എന്ത് തീരുമാനം കൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ; ഇനി സഹായം ലഭിക്കുവാനുള്ളവരുടെ പേര് വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-11-2022 വരെ കടുത്തുരുത്തി മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് 150 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 8 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും 4 അപേക്ഷകൾ നിയമാവലി നിബന്ധനകൾക്ക് വിധേയമായി നിരസിച്ചിട്ടുള്ളതും 69 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘത്തിന് നിർദ്ദേശം

നൽകിയിട്ടുള്ളതുമാണ്. 69 അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ ബാക്കിനിൽപ്പുണ്ട്. (ബന്ധപ്പെട്ട അപേക്ഷകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു).+

(ബി) പ്രസ്തുത പദ്ധതിയിൽ കാലോചിതമായ മാറ്റംവരുത്താൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി കൂടുതൽ പേർക്ക് ആനുകൂല്യം ലഭ്യമാക്കുമോ?

കാലാകാലങ്ങളിൽ റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തി പരിഷ്കരിച്ചുവരുന്നുണ്ട്. ഏറ്റവും ഒടുവിലായി 11-10-2022-ൽ ആണ് റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അംഗീകരിച്ചത്. ആയതുപ്രകാരം കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും നിലവിൽ അനുവദിച്ചുവരുന്നുണ്ട്. മേൽപ്രകാരം 11-10-2022-ൽ റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തി മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിലൂടെ അർഹതപ്പെട്ട കൂടുതൽ വായ്പക്കാർക്ക് റിസ്ക് ഫണ്ട് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം**

283 (2887) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പൂഞ്ഞാർ മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-11-2022 വരെ പൂഞ്ഞാർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി 105

അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 16 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നുള്ള എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ബോർഡിന്റെ പരിഗണനയിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭ്യമായിട്ടുള്ള 105 അപേക്ഷകളിൽ 40 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 49 അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ ബാക്കി നിൽപ്പുണ്ട്. പ്രസ്തുത അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**റിസ്ക് ഫണ്ട് ആനുകൂല്യം**

284 (2888) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കുകയും കോവിഡ് കാലത്ത് വായ്പ തിരിച്ചടവ് ആറ് മാസത്തിലധികം മുടങ്ങുകയും തുടർന്ന്

മരണമടയുകയും ചെയ്തവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിലെ നിജസ്ഥിതി പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പയെടുത്തശേഷം മരണമടയുന്ന വായ്പാക്കാരന് ബോർഡിൽനിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട്

നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽനിന്നും 01-03-2020 മുതൽ 31-08-2020 വരെയുള്ള ആറ് മാസ മൊറട്ടോറിയം കാലയളവ് ബോർഡ് തീരുമാനപ്രകാരം ഇളവ് അനുവദിച്ച് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. അപ്രകാരം ലഭ്യമായിട്ടുള്ള 535 അപേക്ഷകളിന്മേൽ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൊറട്ടോറിയം ബാധകമാക്കി കുടിശ്ശിക നിബന്ധനയിൽ ഇളവനുവദിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട്**

285 (2889) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയെന്നും വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് 1610 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ റിസ്ക് ഫണ്ട് നിയമാവലിപ്രകാരം അർഹതയുള്ള 1300 അപേക്ഷകളിൽ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നറിയിക്കാമോ?

അർഹതയുള്ള 260 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്.

**അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി**

286 (2890) <u>ശ്രീ. പി. പി. സുമോദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പിന്നോക്ക ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി വകുപ്പ് നടപ്പിലാക്കുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

അട്ടപ്പാടി മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സഹകരണ വകുപ്പ് മുഖേന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സൗജന്യമായി ലഭ്യമാക്കുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി 2021 ഫെബ്രുവരിയിൽ അവസാനിച്ചിട്ടുള്ളതാണ്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്ന് കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകിയിട്ടുള്ളത്.

രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുപുറമേ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, 24 മണിക്കൂറും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കുക, ഗർഭിണികളായ എല്ലാവരെയും രജിസ്റ്റർ ചെയ്ത് അവർക്ക് ഗർഭകാല-പ്രസവ-പ്രസവാനന്തര വിദഗ്ധ പരിചരണം ഉറപ്പുവരുത്തുക, കുട്ടികൾക്കും ഗർഭിണികൾക്കും ആഹാരവും പോഷകങ്ങളും ലഭ്യമാക്കുക, കുട്ടികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുക, രോഗ പ്രതിരോധത്തിനായി വാക്സിനേഷൻ ക്യാമ്പുകൾ നടത്തുക, പകർച്ചവ്യാധികളെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജനിതക രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുക,

ലഹരിമരുന്നുകളുടെ ദുരുപയോഗത്തിനെതിരെ ബോധവത്ക്കരണ പരിപാടികൾ നടത്തുക, ലഹരിവിമോചന ചികിത്സ ലഭ്യമാക്കുക എന്നിങ്ങനെ ഗുണഭോക്താക്കളായ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന വിവിധ സേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട് .

കേവലം ചികിത്സാ പദ്ധതി എന്നതിനപ്പുറം അട്ടപ്പാടിയിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തെ നിർണ്ണയിക്കുന്ന വിവിധങ്ങളായ ഇടപെടലുകളാണ് പദ്ധതിയിലൂടെ നടത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭാഗമായി 6924 പേർക്ക് ഇ.എം.എസ്. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം നൽകിയിട്ടുണ്ട്. ഇതിൽ 3042 പേർക്ക് ഒ.പി. വിഭാഗത്തിലും 2022 പേർക്ക് ഐ.പി. വിഭാഗത്തിലും 1860 പേർക്ക് പരിശോധനാ വിഭാഗത്തിലുമാണ് സേവനം ലഭിച്ചിട്ടുള്ളത്.

കൂടാതെ 4 മെഡിക്കൽ ക്യാമ്പുകളും 8 ട്രെയിനിംഗ് പ്രോഗ്രാമുകളും 25 അവയർനെസ് പ്രോഗ്രാമുകളും ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കിടത്തിചികിത്സ ലഭിച്ച രോഗികളുടെ വിവരം താഴെ ചേർക്കുന്നു:

| **ക്രമ നമ്പർ** | **ഇനം** | **രോഗികളുടെ എണ്ണം** |
|---|---|---|
| 1 | പീഡിയാട്രിക് | 267 |
| 2 | ജനറൽ സർജറി | 154 |
| 3 | നെഫ്രോളജി | 58 |
| 4 | ഓർത്തോപീഡിക് | 132 |
| 5 | കാർഡിയോളജി | 183 |
| 6 | ജനറൽ മെഡിസിൻ | 186 |
| 7 | പൾമണോളജി | 101 |
| 8 | ന്യൂറോളജി | 179 |
| 9 | ഒഫ്ത്താൽമോളജി | 41 |
| 10 | ഗ്യാസ്ട്രോ എന്ററോളജി | 84 |
| 11 | ന്യൂറോസർജറി | 188 |
| 12 | ഗൈനക്കോളജി | 311 |
| 13 | ഇ.എൻ.റ്റി. | 15 |
| 14 | യൂറോളജി | 25 |
| 15 | പീഡി. സർജറി | 16 |
| 16 | ഡെർമറ്റോളജി | 4 |
| 17 | പ്ലാസ്റ്റിക് സർജറി | 22 |
| 18 | കാർഡിയോ തൊറാസിക് | 13 |

| | | |
|---|---|---|
| 19 | ഡെന്റൽ | 27 |
| 20 | സൈക്യാട്രി | 4 |
| 21 | ഓങ്കോളജി | 5 |
| 22 | കാഷ്വൽറ്റി | 3 |
| 23 | കോവിഡ് | 4 |
| **ആകെ** | | **2022** |

## സഹകരണ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം

287 (2891) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ 25-02-2017-ലെ ജി.ഒ. (പി) 03/2017/പി & എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള ട്രാൻസ്ഫർ മാനദണ്ഡങ്ങൾ നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് സഹകരണ വകുപ്പിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ?

(എ & ബി) മാനദണ്ഡപ്രകാരമുള്ള സ്ഥലംമാറ്റം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക

288 (2892) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വിശദമാക്കാമോ?

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 318 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. സ്ഥിരം തസ്തികയിലും കെ.എസ്.ആർ. തസ്തികകളിലുമായി 28 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പ്രസ്തുത ഒഴിവുകളിൽ 24 എണ്ണം ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര മോഡേൺ റൈസ് മിൽ**

289 (2893) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസിസ്സിംഗ് & മാർക്കറ്റിഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ പി-1449 (PAPCOS)-ന്റെ അധീനതയിലുള്ള മോഡേൺ റൈസ് മിൽ പദ്ധതിയുടെ റീ ടെണ്ടർ നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ് .

(ബി) പ്രസ്തുത റൈസ് മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതിനുശേഷം ഒരു വർഷത്തിനകം പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കോ-ഓപ് മാർട്ടുകൾ**

290 (2894) ശ്രീ.ജോയി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ വിപണി ഇടപെടൽശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഏകീകൃത ബ്രാൻഡിംഗ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് നൽകുന്നതിനും അന്തർദേശീയ വിപണി ലഭ്യമാക്കിക്കൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഏകീകൃത ബ്രാൻഡിംഗ് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

(എ & ബി) സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുന്നതിനായി സഹകരണ വകുപ്പ്, " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിന് കീഴിലാക്കി co-opkerala എന്ന ഒരു പൊതു ട്രേഡ്മാർക്കോടെയാണ് വിപണിയിലെത്തിക്കുന്നത്.

(സി) നിലവിൽ കോ-ഓപ് മാർട്ടുകൾ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ഉദ്ദേശ്യമുണ്ടോയെന്നും അറിയിക്കാമോ?

ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ ചുവടെ പറയുന്ന 14 സഹകരണ സംഘങ്ങൾ coopmart-കൾ ആരംഭിച്ചു.

| ക്രമ നം | ജില്ല | co-opmart നടത്തുന്ന സംഘങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 2 | കൊല്ലം | കരുനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1343 |
| 3 | പത്തനംതിട്ട | പറക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 4 | ആലപ്പുഴ | കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |

| | | |
|---|---|---|
| | | നമ്പർ 1558 |
| 5 | കോട്ടയം | കുമാരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3898 |
| 6 | ഇടുക്കി | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 281 |
| 7 | എറണാകുളം | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 8 | തൃശ്ശൂർ | കല്ലംകുന്നു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 9 | പാലക്കാട് | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് F 1221 |
| 10 | മലപ്പുറം | കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1523 |
| 11 | കോഴിക്കോട് | ചേവായൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 12 | വയനാട് | വയനാട് ജില്ലാ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ W 14 |
| 13 | കണ്ണൂർ | കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F 1262 |
| 14 | കാസർഗോഡ് | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.862 |

മേൽ കോ-ഓപ്മാർട്ടുകളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി 14 കോ-ഓപ്മാർട്ടുകൾ ആരംഭിക്കുന്നതിനായുള്ള സംഘങ്ങളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ പദ്ധതിയുടെ വിജയത്തിനായി കാര്യക്ഷമതയും സ്ഥല സൗകര്യവും താല്പ്പര്യമുള്ളതുമായ സഹകരണ സംഘങ്ങളിൽ കൂടുതൽ സഹകരണ ഉല്പന്ന വിപണന കൗണ്ടർ ആരംഭിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ഉപഭോക്തൃ ഉല്പന്നവില നിയന്ത്രണത്തിന് സഹകരണ പ്രസ്ഥാനം നടത്തുന്ന ഇടപെടൽ എന്തൊക്കെയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി വിപണികൾ നടത്താറുണ്ട്.

അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ഓഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞവിലയ്ക്ക് വിൽപ്പന

നടത്തുന്നുമുണ്ട്. സ്കൂൾ സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്താറുണ്ട്.

**കാട്ടാൽക്കൂട്ടം ക്ലബ്**

291 (2895) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്ത് കേന്ദ്രമായി കാട്ടാൽക്കൂട്ടം എന്ന പേരിൽ ക്ലബ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാട്ടാക്കട പഞ്ചായത്ത് ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കമ്പ്യൂട്ടർ രേഖകൾ പരിശോധിച്ചതിൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം കാട്ടാൽക്കൂട്ടം എന്ന പേരിൽ ക്ലബ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

**പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

292 (2896) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ച തീയതിയും ഉദ്ഘാടകൻ ആരായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

(എ-സി) പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും 15-07-2019-ൽ ബഹു. മുൻ എം.എൽ.എ ശ്രീ. പി. കെ. അബ്ദു റബ്ബ് നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ മണ്ണ് പരിശോധനയിൽ മണ്ണിന് ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് പൈലിംഗ് ചെയ്ത് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതിനാൽ പുതുക്കിയ 2018-ലെ

D.S.R. നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിക്കുകയും പുതിയ കോൺട്രാക്ടറുമായി കരാർ ഒപ്പിടുകയും ജോലി ആരംഭിക്കാനുള്ള വർക്ക് ഓർഡർ കിഫ്ബി നൽകുകയുമുണ്ടായി. പ്രസ്തുത കരാറുകാരനും പിന്മാറിയതിനെ തുടർന്ന് 09-12-2022 അവസാന തീയതിയായി നിശ്ചയിച്ച് കൺസ്ട്രക്ഷൻ കോർപ്പറേഷൻ റീ ടെണ്ടർ വിളിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയാൻ നടപടി**

293 (2897) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതികൾ ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അഴിമതി കുറയ്ക്കുന്നതിനും രജിസ്ട്രേഷൻ നടപടിക്രമം സുതാര്യമാക്കുന്നതിനും ഈ സർക്കാർ വന്നശേഷം വകുപ്പിൽ താഴെപ്പറയുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽനിന്നുള്ള

സേവനങ്ങൾ ഓൺലൈനായി നൽകുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൂർണ്ണമായും ഓൺലൈനിൽ നൽകുന്ന സൗകര്യം പരിക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചാല, കുന്നത്തുകാൽ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൽ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിൽ വരുത്തുകയുണ്ടായി. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും ആധാരപ്പകർപ്പുകൾ ഡിജിറ്റൈസ് ചെയ്തതിനുശേഷം മറ്റ് ഓഫീസുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതാണ്. വാണിജ്യ ബാങ്കുകളിൽനിന്നും സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പാകരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിൽ വരുത്തുകയുണ്ടായി. ആധാര രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽത്തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികളാരംഭിച്ചു. ആധാര മാതൃകകൾ ലളിതവൽക്കരിച്ച് കമ്പ്യൂട്ടർ മുഖാന്തരംതന്നെ ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സമീപകാലങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഉയരുന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും നടപ്പിലാക്കിയെന്ന് അവകാശപ്പെടുമ്പോഴും ഇത്തരത്തിലുള്ള അഴിമതി തടയാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്കരണ പരിപാടികളുടെ പ്രഖ്യാപിത ലക്ഷ്യംതന്നെ ജീവനക്കാരുടെ കാര്യക്ഷമതാവർദ്ധന, സേവനങ്ങളിലെ കാലതാമസം ഒഴിവാക്കുക, നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുക തുടങ്ങിയവയാണ്. സബ്‌രജിസ്ട്രാർ ഓഫീസുകളിലെ അമിത ജോലിഭാരവും സുതാര്യതയില്ലായ്മയുമാണ് അഴിമതിക്ക് ഒരു പരിധിവരെ സാഹചര്യമൊരുക്കിയിട്ടുള്ളത്. മുൻകാലങ്ങളിൽ ആധാരപ്പകർപ്പുകൾക്കും ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കും വലിയ കാലതാമസം നേരിട്ടിരുന്ന അവസ്ഥയിൽനിന്നും ഇന്റർനെറ്റ് അധിഷ്ഠിത സേവന പ്രദാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പോകാതെതന്നെ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കിയതിലൂടെ ഒരു

പരിധിവരെ അഴിമതി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ ആധാരപ്പകർപ്പുകൾ ഓഫീസിൽ പോകാതെതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നുവരുന്നു. ഈ പരിഷ്കാരവും ഇനി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത പരിഷ്കാരങ്ങളും സംസ്ഥാന വ്യാപകമായി പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിലെ അഴിമതി പരമാവധി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനഭിലഷണീയ പ്രവണതകൾ കുറയ്ക്കുന്നതിനായി വകുപ്പുതലത്തിൽ മിന്നൽ പരിശോധനകളും Internal Audit-ഉം കാര്യക്ഷമമായി നടത്തിവരുന്നുമുണ്ട്.

**തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം**

294 (2898) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയാൻ നടപടി

295 (2899) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ 6 വർഷത്തെ ഭൂമി രജിസ്ട്രേഷൻ എത്രയെന്നറിയിക്കാമോ; ഓരോ വർഷത്തെയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം |
|---|---|
| 2016-17 | 8,70,487 |
| 2017-18 | 8,98,599 |
| 2018-19 | 8,78,270 |
| 2019-20 | 8,31,331 |

| | |
|---|---|
| 2020-21 | 7,62,681 |
| 2021-22 | 9,26,487 |

(ബി) രജിസ്ട്രേഷൻ നടത്തിയ വകയിൽ കഴിഞ്ഞ 6 വർഷം സർക്കാരിന് ലഭിച്ച വരുമാനം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

| **സാമ്പത്തിക വർഷം** | **ആധാരങ്ങളുടെ എണ്ണം** | **മൊത്ത വരുമാനം (പ്രധാനമായും മുദ്രവില, രജിസ്ട്രേഷൻ ഫീസ്) (കോടി)** |
|---|---|---|
| 2016-17 | 8,70,487 | 2653.71 |
| 2017-18 | 8,98,599 | 3159.89 |
| 2018-19 | 8,78,270 | 3316.08 |
| 2019-20 | 8,31,331 | 3229.29 |
| 2020-21 | 7,62,681 | 3130.32 |
| 2021-22 | 9,26,487 | 4431.89 |

(സി) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആധാരത്തിലെ കക്ഷികളെ തിരിച്ചറിയുന്നതിനും ആൾമാറാട്ടം തടയുന്നതിനുമായി ആധാരത്തിൽ കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും

പതിക്കുന്നതിനും രജിസ്ട്രേഷൻ സമയത്ത് ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനും നിയമഭേദഗതി.

2. ആൾമാറാട്ടം നടത്തി ആധാരം രജിസ്റ്റർ ചെയ്തുപോയാൽ പ്രസ്തുത ആധാരം റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ അധികാരപ്പെടുത്തുന്നതിന് രജിസ്ട്രേഷൻ ആക്ടിൽ 83A വകുപ്പ് കൂട്ടിച്ചേർത്ത് നിയമ ഭേദഗതി.

3. വിലയാധാരങ്ങൾ, ധനനിശ്ചയധാരങ്ങൾ എന്നിവ ഏകപക്ഷീയമായി റദ്ദ് ചെയ്യുന്നതിന് തടയിടാൻ ഇരുകക്ഷികളും ഒപ്പിടാത്ത റദ്ദാധാരങ്ങൾ രജിസ്ട്രേഷനായി സ്വീകരിക്കരുതെന്ന് രജിസ്ട്രേഷൻ ചട്ടങ്ങളിൽ 2021-ൽ ഭേദഗതി.

4. ആധാരകക്ഷികളുടെ അനന്യത ആധാർ അധിഷ്ഠിത ബയോമെട്രിക്ക് വെരിഫിക്കേഷനിലൂടെ പരിശോധിക്കുന്നതിന് രജിസ്റ്ററിംഗ് ഓഫീസറെ അധികാരപ്പെടുത്തുന്നതിന് 2022-ൽ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങളിൽ ഭേദഗതി.

5. ആധാര രജിസ്ട്രേഷൻ സമയത്ത് ആ വസ്തുവിവരം റവന്യൂ വകുപ്പിലെ തണ്ടപ്പേർ അക്കൗണ്ടുമായി പരിശോധിക്കുന്നതിന് വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറിൽ നിലവിലുള്ള സംവിധാനം.

6. ഭൂമിയുടെ വിലയിൽ കൃത്രിമം കാണിച്ച് റവന്യൂ നഷ്ടം ഒഴിവാക്കാൻ ന്യായവില നടപ്പിൽ വരുത്തി.

7. കെട്ടിടങ്ങളുടെ വിലകുറച്ചുവയ്ക്കുന്നത് ഒഴിവാക്കുന്നതിന് ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില, കേന്ദ്രപൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരമുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിലവയ്ക്കണമെന്ന് മുദ്രപ്പത്രനിയമത്തിൽ ഭേദഗതി വരുത്തി.

(ഡി) ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ?

1. ആധാരം രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈനായി നടപ്പാക്കിയിട്ടില്ല. എന്നാൽ ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ

എടുക്കുന്നതിനുള്ള സംവിധാനം. ആയതുമൂലം ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കാൻ സാധിച്ചു.

2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

3. ഓരോ ആധാരത്തിന്റെയും വിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട രജിസ്ട്രേഷൻ ഫീസ് കമ്പ്യൂട്ടർ മുഖാന്തരം മനസ്സിലാക്കുന്നതിനും ആയത് ഇ-പേമെന്റ് സൗകര്യം ഉപയോഗിച്ച് സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള സൗകര്യം.

4. സഹകരണ ബാങ്കുകളിൽനിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

5. ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം പോക്കുവരവ് നടപടികൾക്കായി സ്കാൻ ചെയ്ത ആധാരം വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാകുന്നു.

6. രജിസ്ട്രേഷൻ പൂർത്തിയായ ആധാര വിവരങ്ങൾ വകുപ്പിന്റെ ഔദ്യോഗിക പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സൗകര്യം.

## ആധാരം എഴുത്തുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

296 (2900) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാർ വിവിധ ആവശ്യങ്ങളുന്നയിച്ച് ധർണ്ണയും മറ്റു സമരങ്ങളും നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധാരം എഴുത്തുകാർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കാൻ തയ്യാറാകുമോ?

ടെംപ്ലേറ്റ് മോഡൽ പരിഷ്കാരം ഉപേക്ഷിക്കുക, ആധാരകക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കാമെന്ന വ്യവസ്ഥ പിൻവലിക്കുക, ഫയലിംഗ് ഷീറ്റ് നിലനിർത്തുക, പരിചയസമ്പന്നരായ കൈപ്പട ലൈസൻസികൾക്ക് ആധാരം തയ്യാറാക്കൽ ലൈസൻസ് അനുവദിക്കുക, കോടതി വിധി

അനുസരിച്ച് ആധാരം തയ്യാറാക്കൽ പരീക്ഷ നടത്തുക, ആധാരമെഴുത്ത് ഫീസ് പട്ടിക പുതുക്കിനിശ്ചയിക്കുക, ക്ഷേമനിധി ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുക മുതലായവയാണ് ആധാരമെഴുത്തുകാർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(സി) ആധാരം എഴുത്തുകാരുടെ ക്ഷേമനിധി അംഗത്വം മുടങ്ങിക്കിടക്കുകയാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ പുനഃസ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ആറുമാസക്കാലത്തിലധികമായി അംശദായം അടയ്ക്കാൻ വീഴ്ച വരുത്തിയിട്ടുള്ളവരുടെ അംഗത്വം മുടങ്ങിയിട്ടുണ്ട്. ആയത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ആക്ടിൽ നിലവിൽ വ്യവസ്ഥയില്ല. അംഗത്വം മുടങ്ങിയവർക്ക് ആയത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് പരിശോധിച്ചുവരുന്നു.

(ഡി) ആധാരം എഴുത്ത് മേഖലയിൽ അഡ്വക്കേറ്റുമാർ കടന്നുവരാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആധാരം എഴുത്തുകാരുടെ ഉപജീവനത്തെ ബാധിക്കുന്ന ഇക്കാര്യത്തിൽ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ 1960, ചട്ടം 6(1) പ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും കോടതി മുമ്പാകെ പ്രാക്ടീസ് ചെയ്യുന്ന ഒരു അഡ്വക്കേറ്റോ പ്ലീഡറോ ആയിട്ടുള്ള ആളിന് നിലവിൽ ആധാരം എഴുതാവുന്നതും ആയതിന് ആധാരമെഴുത്ത് ലൈസൻസ് ആവശ്യമില്ലാത്തതുമാണ്. പ്രസ്തുത ചട്ടം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ടെംപ്ലേറ്റ് പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ? ഇതിന്റെ ഗുണങ്ങളും ദോഷങ്ങളും എന്താണെന്ന് വിശദമാക്കാമോ?

ടെംപ്ലേറ്റ് സംവിധാനത്തിലൂടെ ആധാരങ്ങൾ തയ്യാറാക്കുകയെന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടലിലുള്ള വെബ് ആപ്ലിക്കേഷന്റെ സഹായത്തോടെ ആധാരം തയാറാക്കുക എന്നതാണ്. ആധാര രജിസ്ട്രേഷൻ നടപടിക്രമങ്ങളും ആധാര ഭാഷയും സാധാരണക്കാർക്കുകൂടി

മനസ്സിലാകുന്ന വിധത്തിൽ ലളിതവും സുതാര്യവുമാക്കുന്നതിനുവേണ്ടിയാണ് ടെംപ്ലേറ്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ 16-07-2013-ലെ സ.ഉ.(സാധാ). നം.545/2013/നി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 19 തരം ആധാര മാതൃകകൾ ലളിതവത്കരിച്ചുകൊണ്ട് ഫോം രൂപത്തിൽ ലഭ്യമാക്കാനുദ്ദേശിക്കുന്നു. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉൾപ്പെടെ പി.ഡി.എഫ്. ആയി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതാണ്. അതിനുശേഷം അതിന്റെ ശരിപ്പകർപ്പ് ഉൾപ്പെടെ രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കുന്നു. നടപടിക്രമങ്ങളുടെ ഭാഗമായി ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ സേവ് ചെയ്തതിനുശേഷം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ആധാരത്തിന്റെ പുറത്തെഴുത്തുകൾ എഴുതുന്നതിനുപകരം വിരൽപ്പതിപ്പും ഫോട്ടോയും ഉൾപ്പെടെയുള്ള വിവരങ്ങൾ ആധാരത്തിൽ പ്രിന്റ് ചെയ്യുകയും രജിസ്ട്രേഷനുശേഷം പുറത്തെഴുത്തിന്റെ പ്രിന്റ് ചെയ്ത പകർപ്പ് ആധാരത്തിന്റെ ശരിപ്പകർപ്പിനൊപ്പം ചേർത്തുകൊണ്ട് ഫയൽ ചെയ്യുകയും ചെയ്യുന്നു. നടപടികൾ പൂർത്തിയാക്കി അസ്സൽ ആധാരം സ്കാൻ ചെയ്തശേഷം

തിരികെ നൽകുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ ആധാരം തിരികെ നൽകാൻ കഴിയുന്നതാണ്. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ തിരികെ നൽകാൻ കഴിയുന്നതും അതിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തിന്റെ സൂചിക മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നതുമാണ്. സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഡാറ്റാ സമന്വയത്തിനും കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ വിവരങ്ങളുടെ അനന്യത ഈ മൂന്ന് വകുപ്പുകളിലും സുസ്ഥിരമായി സൂക്ഷിക്കുന്നതിനും ഇപ്രകാരമൊരു സംവിധാനം സഹായകരമായിരിക്കും. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ ഡിജിറ്റൽ കോപ്പി ഡിജിലോക്കറിൽ ലഭ്യമാക്കാൻ കഴിയുന്നതും ഇതിലൂടെ ബാങ്കിംഗ് ഇടപാട് പോലെ വസ്തുവിന്റെ ടൈറ്റിൽ പരിശോധന ആവശ്യമായ സംഗതികളിൽ ഡിജിലോക്കർ മുഖേന പരിശോധന നടത്താൻ സാധിക്കുന്നതും കൂടാതെ വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കും ലഭ്യമാക്കിക്കൊണ്ട് വകുപ്പിന്റെ സേവനം സുതാര്യവും കാര്യക്ഷമവുമാക്കാനും കഴിയുന്നതാണ്.

(എഫ്) ആധാരം എഴുത്തുകാരുടെ ഇപ്പോഴത്തെ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

| | |
|---|---|
| 1 | ചികിത്സാ ധനസഹായം – **50,000/-** രൂപ വീതം (5 പ്രാവശ്യം) **(ആകെ 2,50,000/- രൂപ)** |
| 2 | മരണാനന്തരാനുകൂല്യം – **രണ്ടു ലക്ഷം** രൂപ |
| 3 | വിവാഹ ധനസഹായം – **10,000/-** രൂപ (2 തവണ) |
| 4 | പ്രസവാനുകൂല്യം – **10,000/-** രൂപ (2 തവണ) |
| 5 | പെൻഷൻ – പരമാവധി **2,000/-** രൂപ |
| 6 | വിരമിക്കൽ ആനുകൂല്യം – അംഗം ഒടുക്കിയിട്ടുള്ള വരിസംഖ്യയും ആനുപാതിക വിഹിതവും ചേർത്ത് വിരമിക്കൽ ആനുകൂല്യം നൽകുന്നു. |
| 7 | കുടുംബ പെൻഷൻ – പരമാവധി **1,000/-** രൂപ |
| 8 | പ്രത്യേക പെൻഷൻ (Special Pension) – പരമാവധി **1,000/-**രൂപ |
| 9 | വ്യക്തിഗത വായ്പ – പരമാവധി **5,000/-** രൂപ |
| 10 | ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ വായ്പ – പരമാവധി **3,00,000/-** രൂപ (മൂന്നു ലക്ഷം രൂപ) |
| 11 | വീട് വയ്ക്കുന്നതിനുള്ള വായ്പ – പരമാവധി **2,50,000/-** രൂപ (രണ്ടര ലക്ഷം രൂപ) |
| 12 | വീട് പുതുക്കിപ്പണിയുന്നതിനുള്ള വായ്പ – പരമാവധി **60,000/-** രൂപ |
| 13 | വസ്തു വാങ്ങുന്നതിനുള്ള വായ്പ – പരമാവധി **60,000/-** രൂപ |
| 14 | വീടോടു കൂടിയ വസ്തു വാങ്ങുന്നതിനുള്ള വായ്പ – പരമാവധി **2,50,000/-** രൂപ (രണ്ടര ലക്ഷം രൂപ) |

ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

**കോതമംഗലം രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം**

297 (2901) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും ഇതിൽ എന്തെല്ലാം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സിന്റെ പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കോതമംഗലം രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണത്തിലെ സാങ്കേതിക തടസ്സം ഒഴിവാക്കി നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടക്കുന്ന കോതമംഗലം സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിൽ

പൊതുജനങ്ങൾക്കായുള്ള വാഹന പാർക്കിംഗ് സൗകര്യം, റാമ്പ്, ശുചിമുറികൾ, വെയിറ്റിംഗ് റൂം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പെയിന്റിംഗ് ജോലികൾ, ഫ്ലോറിംഗ്, ചുറ്റുമതിൽ, ജനൽ, വാതിൽ, പ്ലമ്പിംഗ് ജോലികൾ, ശുചിമുറികളുടെ ജോലികൾ, മഴവെള്ള സംഭരണി, ക്യാബിൻ വർക്കുകൾ, റൂഫിന്റെ ട്രസ്സ് വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

298 (2902) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാകാത്തതിനാൽ ഫണ്ട് വകയിരുത്തിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

299 (2903) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വകാര്യ വ്യക്തിയുടെ കേസിന്റെ ഭാഗമായി നിർത്തിവെച്ച കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വസ്തുത എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് ഉടൻ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രീ. കെ. വി. വിജയകുമാരൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl/658/19 നമ്പരായി ഫയൽ ചെയ്ത കേസിൽ ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവാണ് കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം നിർത്തിവയ്ക്കാൻ കാരണം. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പ്രസ്തുത കേസിൽ വിശദമായ വസ്തുതാ വിവരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് തീർപ്പാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

## ചിട്ടി ആക്റ്റിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിരോധിക്കാൻ നടപടി

300 (2904) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ ചിട്ടി ആക്ട് പ്രകാരമുള്ള നിബന്ധനകൾ പാലിക്കുകയോ പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയോ ചെയ്യാതെ സംസ്ഥാനത്ത് നടന്നുവരുന്നതായി രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സഹകരണ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയും പല സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും ചിട്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്ത് ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം പേരിലാണ് സംസ്ഥാനത്ത് പ്രചാരത്തിൽ ഉള്ളതെന്ന വിവരം വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ഇത്തരം പദ്ധതികൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കുമോ?

സഹകരണ സ്ഥാപനങ്ങൾ പ്രതിമാസ സമ്പാദ്യ പദ്ധതി (എം.ഡി.എസ്.), ജി.ഡി.എസ്. (ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം) എന്നീ പേരുകളിലാണ് ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ നടത്തിവരുന്നത്. പല സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ ചിട്ടി നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

(സി) ചിട്ടി ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിലൂടെ ഇത്തരം ഒരു പദ്ധതിയിൽനിന്നും സർക്കാർ ഖജനാവിലേയ്ക്ക് ലഭിക്കേണ്ട തുക ഏതെല്ലാം ഇനത്തിൽ നഷ്ടം വരുന്നുവെന്ന് വ്യക്തമാക്കുമോ?

ഓരോ ചിട്ടിയിലും 18/12/2013-ലെ ജി.ഒ.(പി) നമ്പർ 209/2013/ടി.ഡി ഉത്തരവിലെ 'അപ്പെന്റിക്സ് II ടേബിൾ ഓഫ് ഫീസ് പ്രകാരമുള്ള ഫീസ് സർക്കാരിന് നഷ്ടം വരുന്നതായി കാണുന്നു.

(ഡി) ഇത്തരം പദ്ധതികൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് അധികാരമുണ്ട്; എത്ര സ്ഥാപനങ്ങൾക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ചിട്ടി നിയമവുമായി ബന്ധപ്പെട്ടുത്തി എം.ഡി.എസ്. നടത്തുന്ന സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ വകുപ്പിന് സാധിക്കുകയില്ല. ചിട്ടി നിയമപ്രകാരം രജിസ്റ്റർ ചെയ്യാതെ ചിട്ടികൾ നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾക്കെതിരെ ചിട്ടി നിയമ പ്രകാരം ക്രിമിനൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ മേൽനടപടി കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനമൊട്ടാകെ പത്തിലേറെ ചിട്ടി സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) ചിട്ടി ആക്റ്റിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ചിട്ടി ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ചിട്ടി നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ മേൽനടപടി കൈക്കൊണ്ടിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സംസ്ഥാനത്ത് ചിട്ടി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അതത് സബ് രജിസ്ട്രാർ ഓഫീസിനുകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചിട്ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ അതത് ഓഫീസിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിട്ടി ഇൻസ്പെക്ടർമാർക്ക് അതത് ജില്ലകളിൽ പ്രവർത്തിക്കുന്ന ചിട്ടി സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുള്ളതും അതുസംബന്ധിച്ച് റിപ്പോർട്ട് പ്രതിമാസ അവലോകന യോഗം സംഘടിപ്പിച്ച് വിലയിരുത്തുകയും ചെയ്തുവരുന്നു. വകുപ്പിന് ലഭിക്കുന്ന

പരാതികളിൽ കൃത്യമായ അന്വേഷണം നടത്തുകയും മേൽനടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**ജവഹർ ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ**

301 (2905) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർ ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ബി) നിലവിൽ അനുവദിക്കപ്പെട്ട ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി കൂടുതൽ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**തൃശ്ശൂർ ജില്ലയിലെ പെരുവനം - ആറാട്ടുപുഴ സാംസ്കാരികോത്സവം**

302 (2906) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരുവനം-ആറാട്ടുപുഴ പൂരത്തിന് സാംസ്കാരിക വകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സാംസ്കാരികോത്സവത്തിന് മുൻ വർഷങ്ങളിൽ അനുവദിച്ചതിൽ കൂടുതൽ തുക ധനസഹായമായി അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ച് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അപേക്ഷ ലഭിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിൽ പെരുവനം-ആറാട്ടുപുഴ പൂരത്തിന് സാംസ്കാരിക വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

**അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും**

303 (2907) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളെ മാനസികമായും ശാരീരികമായും സാമ്പത്തികമായും ചൂഷണംചെയ്യുന്ന പ്രാകൃത അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രാകൃത അന്ധവിശ്വാസങ്ങളും അതിനെത്തുടർന്നുണ്ടായ പ്രാകൃതമായ ആചാരങ്ങളുംമൂലം നരബലി, പീഡനം തുടങ്ങിയവ ഉണ്ടായിട്ടുള്ളതെന്നും എത്ര പേർക്ക് ഇത്തരത്തിൽ ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രാകൃത അന്ധവിശ്വാസങ്ങളും അതിനെത്തുടർന്നുണ്ടായ പ്രാകൃതമായ ആചാരങ്ങളുംമൂലം 3 പേർക്ക് ജീവഹാനി സംഭവിക്കുകയും 2 പേർ

വഞ്ചിതരാകുകയും 3 പേർക്ക് മറ്റുതരത്തിലുള്ള പീഡനങ്ങളും ഉണ്ടായിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ചടയമംഗലം, എറണാകുളം ജില്ലയിലെ കടവന്ത്ര, കാലടി, മലപ്പുറം ജില്ലയിലെ വളാഞ്ചേരി, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ കണ്ണൂർ സിറ്റി, കണ്ണവം എന്നിവിടങ്ങളിലാണ് സംഭവങ്ങൾ നടന്നത്.

**കാസർഗോഡ് ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങൾ**

304 (2908) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങളായ ഗോവിന്ദ പൈ സ്മാരകം, തുളു സാഹിത്യ അക്കാദമി, പാർത്ഥി സുബ്ബ യക്ഷഗാന കലാകേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ ഭരണസമിതിയെ നിശ്ചയിക്കുന്നത് സർക്കാരാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് 2022-23 വർഷം വകയിരുത്തിയിട്ടുള്ള ഗ്രാന്റും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം വകയിരുത്തിയ ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**ജവഹർ ബാലഭവനിലെ ജീവനക്കാർക്ക്**
**ശമ്പളം ലഭിക്കുന്നതിന് നടപടി**

305 (2909) <u>ശ്രീ. പി. എസ്. സുപാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജവഹർ ബാലഭവനിലെ ജീവനക്കാർക്ക് കഴിഞ്ഞ ആറ് മാസക്കാലമായി ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കൊല്ലം, തൃശ്ശൂർ ബാലഭവനുകൾക്ക് യഥാക്രമം ആറും രണ്ടും മാസത്തെ ശമ്പളക്കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജി.ഒ.(എം.എസ്.) 29/2019 സാം.ക.വ 20.7.2018 പ്രകാരം ശമ്പള പരിഷ്കരണം നടപ്പിലാക്കിയ 5 ബാലഭവനുകളിൽ (തിരുവനന്തപുരം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം) സർക്കാർ വിഹിതമായ 80% തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും 2017 മുതൽ 2019 ഡിസംബർ വരെയുള്ള കുടിശ്ശിക ശമ്പളവും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### തൃശ്ശൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേനയുള്ള പദ്ധതികൾ

306 (2910) <u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പ് മുഖേന തൃശ്ശൂർ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സാംസ്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന സൗജന്യ സാമൂഹ്യ

കലാപരിശീലന പദ്ധതിയായ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 9 കലാപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത 9 കലാപരിശീലന കേന്ദ്രങ്ങളിലായി നിലവിൽ 12 കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകിവരുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നിശ്ചിത എണ്ണം ക്ലാസ്സുകളെടുക്കുന്ന കലാകാരന്മാർക്ക് പ്രതിമാസം 10,000/- രൂപ സാംസ്കാരിക വകുപ്പിൽനിന്നും 7,500/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്നുണ്ട്.

തൃശ്ശൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി എന്നീ സാംസ്കാരിക സ്ഥാപനങ്ങളുടെ പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നടപ്പിലാക്കിവരുന്നത്. തൃശ്ശൂർ മണ്ഡലത്തിൽ മഹാകവി വള്ളത്തോളിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക മേഖലയിലെ പ്രവർത്തനത്തിനും പശ്ചാത്തല മേഖല വർദ്ധിപ്പിക്കുന്നതിനും നടപടി

307 (2911) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലയളവ് മുതൽ നാളിതുവരെ വർക്കല മണ്ഡലത്തിൽ സാംസ്കാരിക മേഖലയിലെ പ്രവർത്തനത്തിനും പശ്ചാത്തല മേഖല വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്നും ആയത് ഏതെല്ലാം സ്ഥാപനങ്ങൾക്കെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം മിനി ഓഡിയോ വിഷൻ തിയേറ്റർ

308 (2912) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിന് മിനി ഓഡിയോ വിഷൻ തിയേറ്റർ സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണത്തിന് ശങ്കർ ഹാബിറ്റേറ്റിന് കൈമാറുന്നതിനുള്ള നടപടി വിശദമാക്കുമോ ?

മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിന് മിനി ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും 50 ലക്ഷം രൂപ അക്കാദമിക്ക് അനുവദിച്ചും 29-11-2022-ലെ സ.ഉ(സാധാ)നം. 694/2022/സാം.കാ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴിയോ, 04-07-2019-ലെ സ.ഉ(പി)നം.77/2019/ധന. പ്രകാരം നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ വഴിയോ ചട്ടപ്രകാരം നിർവ്വഹിക്കാവുന്നതാണ്.

(ബി) പദ്ധതി പൂർത്തീകരണത്തിന് എസ്റ്റിമേറ്റ് പ്രകാരം ഇനിയും ഒരുകോടി പതിനഞ്ച് ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ബാക്കി തുക വകയിരുത്താൻ വകുപ്പിന് പ്രൊപ്പോസൽ നൽകേണ്ടതുണ്ടോ?

(സി) എങ്കിൽ വിശദമായ വിവരം ലഭ്യമാക്കുമോ?

(ബി&സി) അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**രാമു കാര്യാട്ട് സിനിമ തിയേറ്ററിന്റെ നിർമ്മാണം**

309 (2913) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുമതി ലഭിച്ച രാമു കാര്യാട്ട് സിനിമ തിയേറ്ററിന്റെ നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ പ്രവൃത്തിക്ക് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ വിഭാഗത്തിൽ 5 കോടി അടങ്കൽ തുക നിശ്ചയിച്ച് ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതി നൽകിയിട്ടില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ**

310 (2914) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങൾക്ക് വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളൊന്നും തന്നെയില്ല.

## മലബാർ കൾച്ചറൽ അക്കാഡമി കെട്ടിട നിർമ്മാണം

311 (2915) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാഡമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക

അനുവദിക്കുന്നത് സംബന്ധിച്ച് എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലബാർ കൾച്ചറൽ അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ആവശ്യമില്ലാത്ത മരാമത്ത് പണികളിൽ 300 ലക്ഷം രൂപ അടങ്കൽ അംഗീകരിച്ച് ടോക്കൺ പ്രൊവിഷനായി 100/- രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി അക്കാദമിക്ക് സ്വന്തമായി ഭൂമി കൈവശമുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ മലബാർ കൾച്ചറൽ അക്കാദമി സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**ലൈബ്രേറിയന്മാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി**

312 (2916) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയന്മാരുടെ ദിവസവേതനം എത്ര രൂപയാണെന്ന് വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയന്മാർക്ക് ലൈബ്രറികളുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പ്രതിമാസ അലവൻസാണ് അനുവദിക്കുന്നത്.

എ+ ഗ്രേഡ് ലൈബ്രറികൾ - 4,720/- രൂപ

എ, ബി, സി, ഗ്രേഡ് ലൈബ്രറികൾ - 4,120/- രൂപ

ഡി, ഇ, എഫ് ഗ്രേഡ് ലൈബ്രറികൾ - 3,820/- രൂപ

(ബി) പ്രസ്തുത വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തികവർഷം 1,000/- രൂപ വീതം പ്രതിമാസ അലവൻസിൽ വർദ്ധന വരുത്തിയിട്ടുണ്ട്. കൂടുതൽ വർദ്ധന വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**യുവജന സാംസ്കാരിക കൂട്ടായ്മകളുടെ രൂപീകരണം**

313 (2917) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ സാംസ്കാരിക മുന്നേറ്റം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾതോറും സാംസ്കാരിക വകുപ്പിന്റെ യുവജന സാംസ്കാരിക കൂട്ടായ്മകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അക്രമങ്ങൾ മാനവികം അല്ല എന്ന മുദ്രാവാക്യം ഉയർത്തി പുതിയ സാംസ്കാരിക മുന്നേറ്റത്തിനായി എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) സാംസ്കാരിക വകുപ്പ് ഇക്കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല.

(2578, 2581, 2582, 2585, 2595, 2597, 2619, 2639, 2647, 2651, 2659, 2664, 2665, 2667, 2671, 2673, 2674, 2679, 2680, 2689, 2698, 2703, 2704, 2723, 2724, 2725, 2726 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

*******

അനുബന്ധം II

അനുബന്ധം-1

(1) ശ്രീമതി കെ. കെ. രമ, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

വടകര നിയോജകമണ്ഡലത്തിൽ RKI പദ്ധതിയിലുൾപ്പെടുത്തി 47 പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ 44 പ്രവൃത്തികൾ ടെണ്ടർ നടപടികൾ കഴിഞ്ഞ് പുരോഗമിച്ചുവരുന്നു. ഇതിൽ 23 എണ്ണം പൂർത്തീകരിച്ചു. ടെണ്ടർ നടപ്പിലാക്കാൻ സാധിക്കാതിരുന്ന 3 പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 04-11-2020-ലെ 17/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വടകര നഗരസഭയുടെ പുതിയ ബസ് സ്റ്റാൻഡ് നവീകരണ പ്രവൃത്തികൾക്ക് 2.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നഗരസഭയുടെ പുതിയ ബസ് സ്റ്റാൻഡ് നാഷണൽ ഹൈവേയോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ബസ് സ്റ്റാൻഡിലേയ്ക്ക് ബസ്സുകൾ പ്രവേശിക്കുന്നതും പുറത്തേയ്ക്ക് പോകുന്നതും ഹൈവേയിലേയ്ക്കായതിനാൽ ഹൈവേ വികസനത്തിന്റെ അന്തിമരൂപം ലഭിച്ചാൽ മാത്രമേ ബസ് സ്റ്റാൻഡ് വികസനത്തിന്റെ രൂപരേഖ തയ്യാറാക്കാൻ കഴിയുമായിരുന്നുള്ളൂ. വടകര അടക്കാത്തെരു മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെ ഹൈവേ ഉയരപാതയാക്കി ഇപ്പോഴാണ് അന്തിമ രൂപരേഖയായിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ബസ് സ്റ്റാൻഡിന്

പൂർണ്ണതോതിലുള്ള വികസനത്തിന് അപര്യാപ്തമാണ്. ബസ് സ്റ്റാൻഡ് വികസനത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനായി GITPAC International എന്ന സ്ഥാപനത്തെ 14-10-2022-ലെ 05/AEII/2022-23/LSGD/VMP എന്ന കരാറുടമ്പടി പ്രകാരം ചുമതലപ്പെടുത്തുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രൂപരേഖ ലഭ്യമായാൽ മാത്രമേ മേൽ തുക ഉപയോഗിച്ച് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ കഴിയുക എന്ന് മനസ്സിലാക്കാൻ സാധിക്കൂ. രൂപരേഖ, സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച് ആശയക്കുഴപ്പമുള്ളതും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്.

ഇത്തരം പ്രവൃത്തികൾക്കാവശ്യമായ ആർക്കിടെക്ചറൽ ഡ്രോയിംഗ്, സോയിൽ ടെസ്റ്റിംഗ് പോലെയുള്ള പ്രാരംഭ ചെലവുകൾക്കാവശ്യമായ ഫണ്ട് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി നടപ്പാക്കാറാണുള്ളത്. നാരായണ നഗർ ബസ് സ്റ്റാൻഡിന്റെ മേൽപ്പറഞ്ഞ പ്രാരംഭ പ്രവൃത്തികളുടെ ചെലവുകൾ വടകര മുനിസിപ്പാലിറ്റി ഫണ്ട്

വകയിരുത്തുകയും പ്രാരംഭ നടപടികൾ തുടങ്ങുന്നതിനുവേണ്ടി ടെണ്ടർ നടപടി GITPAC International-മായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. മടപ്പള്ളി കോളേജിന് ഗസ്റ്റ് ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി ഈ സ്ഥലത്തുള്ള ക്വാർട്ടേഴ്സ് പൊളിക്കുന്നതിനുള്ള അനുമതിക്കായി മടപ്പള്ളി കോളേജ് അധികൃതർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട മടപ്പള്ളി കോളേജ് പി.ഡബ്ല്യു.ഡി.-യുടെ അധീനതയിൽ പ്രവൃത്തി നടത്തേണ്ടുന്ന സ്ഥാപനമായതിനാലും നിലവിലെ എൽ.എസ്.ജി.ഡി.-യിലെ പ്രവൃത്തി ബാഹുല്യം പരിഗണിച്ചും ഈ കെട്ടിട നിർമ്മാണം പി.ഡബ്ല്യു.ഡി.-ക്ക് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അഴിയൂർ sub canal റോഡ് പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പിൽനിന്നും NOC ലഭിക്കുന്നതിനായി ഫീസ് ട്രഷറിയിൽ അടച്ച് നടപടി സ്വീകരിച്ചുവരുന്നു.

പ്രാഥമിക പ്രവൃത്തികൾക്ക് പണച്ചെലവുള്ള പ്രവൃത്തികൾക്ക് പാർട്ട് ടി.എസ്. നൽകി പണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ആവശ്യമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## അനുബന്ധം - 2

### (2) ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.-യുടെ സബ്മിഷന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശം

നവോത്ഥാന നായകനായ ശ്രീചട്ടമ്പിസ്വാമികളുടെ സ്മരണാർത്ഥം തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് മച്ചേൽ കുളങ്ങരകോണത്തുള്ള അദ്ദേഹത്തിന്റെ മാതൃഭവനം (പൊന്നിയത്ത് തറവാട്) ചട്ടമ്പിസ്വാമി സ്മാരകമായി സംരക്ഷിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വേ നമ്പർ 288/1-2-ൽ ഉൾപ്പെട്ട 9.58 ആർ വിസ്തൃതിയുള്ള ഭൂമിയും അതിൽ നിലവിലുള്ള കെട്ടിടവും നിയമപ്രകാരം റവന്യൂ വകുപ്പ് മുഖേന ഏറ്റെടുക്കുന്നതിന് 03-02-2021-ലെ സ.ഉ.(സാധാ)നം. 57/2021/സാം.കാ.വ നമ്പർ പ്രകാരം സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 9.58 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിരുന്നു. എന്നാൽ പൊന്നുംവില നടപടികളുടെ ഭാഗമായി സ്ഥല പരിശോധന നടത്തിയ സാഹചര്യത്തിൽ അർത്ഥന പ്രകാരമുള്ള ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ ബാക്കിയുള്ള 4.04 ആർ വസ്തു

ഭ്രവ്വടമസ്ക്ക് ഉപയോഗ യോഗ്യമല്ലാതെ വരുമെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുടുംബാംഗങ്ങളുടെ ആവശ്യപ്രകാരവും 03-07-2022-ലെ സ.ഉ.(സാധാ)നം.2930/2022/റവ നമ്പർ ഉത്തരവ് പ്രകാരം 13.62 ആർ (ചട്ടമ്പിസ്വാമികളുടെ ഭവനം സ്ഥിതി ചെയ്യുന്ന മുഴുവൻ സ്ഥലം) ഏറ്റെടുക്കാൻ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.62 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

20-01-2021-ലെ ബി20/303092/2020 നമ്പർ കത്ത് പ്രകാരം ഭൂമിക്ക് ആർ ഒന്നിന് 2 ലക്ഷം രൂപ മതിപ്പുവില നിശ്ചയിച്ച് 9.58 ആർ-ന് 19,16,000/- (പത്തൊൻപത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) വില നിശ്ചയിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ കത്ത് നൽകിയിരുന്നു. ഭൂമിയുടെ വില 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിലെ 2205-00-102-08-50 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽനിന്ന് വഹിക്കാവുന്നതാണെന്ന് 16-03-2022-ലെ സ.ഉ.(സാധാ)നം.152/2022/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ

ഉത്തരവായിരുന്നു. 2022-23 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 20,00,000/- (20 ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. എന്നാൽ മൊത്തം ഭൂമിയുടെ ന്യായവില അനുസരിച്ച് കണക്കാക്കിയ തുകയായ 33,09,349/- രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റി നാൽപ്പത്തി ഒൻപത് രൂപ മാത്രം) പൊന്മുംവില ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 02-12-2022-ൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തിരുവനന്തപുരം കത്ത് നൽകിയിട്ടുണ്ട്. അധികമായി ആവശ്യമായി വരുന്ന 13,09,349/- രൂപ കൂടി അധിക ധനാനുമതി മുഖേന വകയിരുത്തി ഭൂമി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## അനുബന്ധം-3

ആശ്വാസകിരണം പദ്ധതിയിലെ ആനുകൂല്യ വിതരണം സംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ

പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം. സാമൂഹ്യനീതി വകുപ്പിന്റെ 11-10-2012-ലെ 60/2012 സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം പരിഷ്കരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കുപുറമെ 100 ശതമാനം അന്ധത, പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന

സാഹചര്യം സംജാതമാകുകയും ചെയ്തു. ആശ്വാസ കിരണം പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം 40 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 42.5 കോടിരൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെയും ധനസഹായം, ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി തുകയായ 32.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ് ബാങ്ക്, ആധാർ വിവരങ്ങൾ, ലഭ്യമാക്കിയ 34,965 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം വർഷന്തോറും വളരെ കൂടിവരുന്നതിനാൽ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന്

ഉറപ്പാക്കാൻ ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യത്തിനായുള്ള പുതിയ അപേക്ഷകൾ പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവർക്കുകൂടി ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

*****